# പാമ്പാടിയിലെ
# മുനിശ്രേഷ്ഠൻ

(Malayalam)
**Pampadiyile Muni Sreshtan**
(Life & Writings of St. Kuriakose Mar Gregorios)

Edited & Published by Joice Thottackad
on behalf of Sophia Books, Kottayam
for the glory of God and for the benefit of humankind.

First Edition: April 5, 2016

Typesetting & Printing: Sophia Print House, Kottayam

**Rs. 150/-**

# പാമ്പാടിയിലെ മുനിശ്രേഷ്ഠൻ

എഡിറ്റർ

**ജോയ്സ് തോട്ടയ്ക്കാട്**

**സോഫിയാ ബുക്സ്**
**കോട്ടയം**



## ജോയ്സ് തോട്ടയ്ക്കാട്

മാധ്യമ പ്രവർത്തകനും ഗവേഷകനും പ്രസാധകനും.

തോട്ടയ്ക്കാട് കണ്ണൻതുരുത്തിൽ കെ. യു. ജോണിന്റെയും പൊന്നമ്മയുടെയും പുത്രനായി 1970 ഒക്ടോബർ 27-നു ജനനം.

സോഫിയാ ബുക്സ്, ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ, പൗലോസ് മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻഫോ, മലങ്കര ഓർത്തഡോക്സ് ടി. വി. എന്നിവയുടെ സ്ഥാപകൻ.

മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി*, ആദ്യത്തെ ലക്ഷണമൊത്ത യാത്രാവിവരണമായ *ഊർശ്ലേം യാത്രാവിവരണം,* നാലാമത്തെ യാത്രാവിവരണമായ *കൊളംബ് യാത്രാവിവരണം* എന്നിവ ഉൾപ്പെടെ അറുപതിൽപരം ഗ്രന്ഥങ്ങളുടെ പ്രസാധകൻ.

പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പേഴ്സണൽ അസിസ്റ്റന്റ്, മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ സ്ഥാപക സെക്രട്ടറി, 'മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശ'ത്തിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ്, 'മലങ്കരസഭ' മാസികയുടെ പത്രാധിപ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

കൃതികൾ: ദാർശനികന്റെ വിചാരലോകം (എഡിറ്റർ), പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം), കുട്ടികളുടെ തിരുമേനി (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം), ആദിമസഭാ ജ്യോതിസ്സുകൾ (എഡിറ്റർ), സി. പി. ചാണ്ടി: മലങ്കരസഭയുടെ സ്വർഗീയ കിന്നരം (എഡിറ്റർ), കാതോലിക്കേറ്റിന്റെ നിധി (എഡിറ്റർ), കർമ്മശേഷിയുടെ കാതൽ (കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ ജീവചരിത്രം), പരുമല മാർ ഗ്രിഗോറിയോസ് (സഹ ഗ്രന്ഥകാരൻ), തിരുസന്നിധിയിൽ (എഡിറ്റർ), പാമ്പാടിയിലെ മുനിശ്രേഷ്ഠൻ (എഡിറ്റർ).

ഭാര്യ: ശോഭ   മകൾ: സോഫിയാ മേരി ജോയ്സ്

വിലാസം: 'സോഫിയാ', കണ്ടത്തിൽ ബിൽഡിംഗ്, തിരുനക്കര, കോട്ടയം-1

99471 20697, 90614 93822

joicethottackad@yahoo.com, mtvmosc@gmail.com

"... രണ്ടാമത് എനിക്ക് വലിയ ബഹുമാനമുള്ളത് പാമ്പാടി തിരുമേനിയോടാണ്. പ്രാർത്ഥനാശീലനായ ഒരു മനുഷ്യനായിരുന്നു. വലിയ പാണ്ഡിത്യമൊന്നുമില്ല. യഥാർത്ഥ താഴ്മയുടെ അങ്ങേയറ്റമുള്ള ഒരാളായിരുന്നു. എനിക്ക് വലിയ ബഹുമാനമാണ് അദ്ദേഹത്തെ. Real Spiritual Man of Prayer. ഇതുപോലെയുള്ള മെത്രാപ്പോലീത്തന്മാർ നമുക്കുണ്ടായെങ്കിലേ സഭ ശരിയായിട്ട് പോവുകയുള്ളു. ... ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണെന്ന് ജനങ്ങൾക്ക് തോന്നുന്നവിധത്തിലുള്ള ഒന്നായിരിക്കണം മെത്രാപ്പോലീത്തന്മാരുടെ ജീവിതം. അച്ചന്മാരും അതിനകത്ത് പങ്കുവെയ്ക്കുന്നവരാകണം. ഒരു അച്ചനെ കാണുമ്പോൾ ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ് എന്നൊരു ബോധം ജനങ്ങൾക്കുണ്ടാകണം. അതാണ് വളരെ പ്രധാനമായ കാര്യം. സ്നേഹവും വിശുദ്ധിയുമുള്ള മേൽപട്ടക്കാരും പട്ടക്കാരും ഉണ്ടാവുമ്പോഴാണ് സഭ പുരോഗമിക്കുന്നത്. അല്ലാതെ കെട്ടിടങ്ങൾ കൊണ്ടോ, പണം കൊണ്ടോ, ഘടന കൊണ്ടോ ഒന്നുമല്ല. Real thing is the Spiritual Quality."

**- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

(*പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര*, ജോയ്സ് തോട്ടയ്ക്കാട്, സോഫിയാ ബുക്സ്, കോട്ടയം, 1997, പേജ് 325-326)

# കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്

## (പ. പാമ്പാടി തിരുമേനി, 1885–1965)

പാമ്പാടി പേഴമറ്റത്ത് ചാക്കോച്ചൻ-ഇളച്ചി ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. ജനനം 5-4-1885. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാന്റെയും കോനാട്ട് മാത്തൻ മല്പാന്റെയും കീഴിൽ പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം.

5-2-1899 ൽ ശെമ്മാശുപട്ടം കടവിൽ പൗലോസ് മാർ അത്താനാസ്യോസ് നൽകി. 1906 ജൂലൈ 28-നു പാമ്പാടി വലിയപള്ളിയിൽ വച്ച് കശ്ശീശാപട്ടവും ജൂലൈ 29-ന് റമ്പാൻ സ്ഥാനവും മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിൽ (പിന്നീട് ഒന്നാം കാതോലിക്കാ) നിന്നു സ്വീകരിച്ചു.

16-2-1929 ന് പ. ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് ഗ്രീഗോറിയോസ് എന്ന പേരിൽ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. 1934 ജൂൺ 1-ന് സ്വർണ്ണ വെള്ളിയാഴ്ച മെത്രാപ്പോലീത്താ സ്ഥാനം നൽകി. കോട്ടയം മെത്രാസനത്തിന്റെ ചുമതല വഹിച്ചു (1929-1965).

കുന്നംകുളത്ത് പ്ലേഗ് പടർന്നു പിടിച്ചപ്പോൾ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ നിർദ്ദേശപ്രകാരം അവിടെയെത്തി കുന്നംകുളം നസ്രാണികളെ ആശ്വസിപ്പിക്കുകയും അവർക്കു വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ആ ബാധ നീങ്ങിപ്പോയി. ഈ സംഭവത്തിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും കുന്നംകുളം നസ്രാണികൾ അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളിൽ സമൂഹമായി പോയി സംബന്ധിക്കുന്നു.

1965 ഏപ്രിൽ 5-ന് പാമ്പാടി ദയറായിൽ ദിവംഗതനായി. ഏപ്രിൽ 6-നു പള്ളിയോട് ചേർന്ന് വടക്കുഭാഗത്ത് അദ്ദേഹത്തെ കബറടക്കി.

മാതൃകാപരമായ ദയറാ ജീവിതത്തിന്റെ ഉടമ, അതിമനോഹരമായ സുറിയാനി കൈയക്ഷരം, മികച്ച പ്രാർത്ഥനാജീവിതം, മാതൃകാപരമായ ലാളിത്യം എന്നിവയുടെ പേരിൽ പ്രശസ്തനായ അദ്ദേഹത്തെ ഒരു പരിശുദ്ധനായി സഭ അനൗദ്യോഗികമായി പരിഗണിക്കുന്നു. പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിലും പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിലും അദ്ദേഹത്തിന്റെ പേരിൽ മദ്ബഹാകൾ സ്ഥാപിച്ചിട്ടുണ്ട്.

## അവതാരിക

# വിശുദ്ധനായ താപസ തേജസ്സ്

## ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

'നിങ്ങളോടൊപ്പം ജീവിക്കാനും മരിക്കാനുമായിട്ടാണ് നാം വന്നിരിക്കുന്നത്. ആരും നിർബന്ധിച്ചിട്ടല്ല വന്നത്. നിങ്ങൾ മുട്ടിപ്പായി ദൈവത്തോട് അപേക്ഷിക്കുകയും മൂന്നു ദിവസത്തെ ഉപവാസത്തിലും നോമ്പിലും കഴിയുകയും വേണം. ദൈവം ഈ മഹാവ്യാധിയെ നിങ്ങളിൽ നിന്ന് നീക്കം ചെയ്യും.'

പാമ്പാടി പൊത്തൻപുറം ദയറായിലെ താപസവര്യനായ 'പാമ്പാടി തിരുമേനി' എന്നറിയപ്പെട്ട കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി (1885-1965) 1935-ൽ കുന്നംകുളത്തു പടർന്നുപിടിച്ച പ്ലേഗ് രോഗബാധിതരായവരെ ശുശ്രൂഷിക്കുവാൻ എത്തിയ അവസരത്തിൽ പഴയ പള്ളിയിൽ നടത്തിയ പ്രഭാഷണത്തിലെ വരികളാണിവ.

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പള്ളികൾക്ക് അയച്ച കല്പന വഴിയാണ് പ്ലേഗ്രോഗബാധ സംബന്ധിച്ച് ജനം അറിയുന്നത്. കുന്നംകുളം നിവാസികൾക്കായി മൂന്നു ദിവസം ഉപവസിച്ച് പ്രാർത്ഥിക്കണമെന്നതായിരുന്നു പ. ബാവായുടെ നിർദ്ദേശം. രോഗബാധ വർദ്ധിക്കുന്നത് അറിഞ്ഞ ഉടനെ പ്ലേഗ്രോഗബാധിതരെ സന്ദർശിക്കുവാനായി പാമ്പാടി തിരുമേനി കുന്നംകുളത്തിന് തിരിച്ചു. തൃശൂർ റെയിൽവേസ്റ്റേഷനിൽ എത്തിയ തിരുമേനിയെ എം. എ. ചാക്കോ, ചുങ്കത്ത് ഇയ്യാ, പാറമേൽ ചുമ്മാർ എന്നിവർ സ്വീകരിച്ചതായി ഗോമതി പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1935 കുംഭം 1-ന് കുന്നംകുളം പഴയപള്ളിയിൽ നിന്നും മീനടം തറയത്തു വർഗീസിന് അയച്ച കത്തിൽ പാമ്പാടി തിരുമേനി എഴുതി:

'ഞങ്ങൾ അവിടെനിന്നും പുറപ്പെട്ട് കോട്ടയം പഴയസിമ്മനാരി, എറണാകുളം, തൃശൂർ എന്നീ സ്ഥലങ്ങൾ വഴിയായി ഇന്നലെ രണ്ടു മണിയോടുകൂടി ഇവിടെ എത്തി. ദൈവകൃപയാൽ അവിടെ കേട്ടിരുന്നതുപോലെയുള്ള ബഹളങ്ങൾ ഇവിടങ്ങളിൽ കേൾപ്പാനില്ലെന്നുള്ളത് വളരെ ആശ്വാസമായി തോന്നുന്നു. ദീനം തീരെ ഇല്ലെന്നു പറയാൻ പാടില്ലാത്ത വിധം രണ്ടോ, നാലോ സുഖക്കേടുകാർ ചിലയിടങ്ങളിൽ ഉള്ളതായി തോന്നുന്നു.'

'സ്വർഗ്ഗം, നരകം, മരണം, ന്യായവിധി' എന്നിവയെക്കുറിച്ച് നിരന്തരം

പ്രബോധിപ്പിക്കുന്ന പാമ്പാടി തിരുമേനിക്ക് മരണത്തെ ഭയമില്ലായിരുന്നു; പ്ലേഗ്രോഗബാധയേയും. ദൈവത്തോടുള്ള നിരന്തരമായ പ്രാർത്ഥനയും ഉപവാസവും മൂലം ഏതു മഹാവ്യാധിയേയും അകറ്റുവാൻ കഴിയുമെന്ന ദൃഢനിശ്ചയവും വിശ്വാസവുമാണ് പാമ്പാടി തിരുമേനിയെ കുന്നംകുളത്ത് എത്തിച്ചത്. വളരെ ഉൽപ്പതിഷ്ണുത്വം പുലർത്തിയ കർമ്മധീരനായ യോഗിവര്യനായിരുന്നു പാമ്പാടി തിരുമേനി. മനനത്തിലും ധ്യാനത്തിലും ഏകാന്തതയിലും ജാഗ്രത പുലർത്തിയെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ ധീരമായ നിലപാട് എടുക്കുന്നതിൽ വൈദഗ്ദ്ധ്യം പുലർത്തിയിരുന്നു.

'പരുമല തിരുമേനി കഴിഞ്ഞാൽ ഇത്രയും പരിശുദ്ധൻ മലങ്കരയിൽ ഇല്ല' എന്നാണ് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പാമ്പാടി തിരുമേനിയെക്കുറിച്ച് വിശേഷിപ്പിച്ചിരിക്കുന്നത്. പരിശുദ്ധ പരുമല തിരുമേനിയുടെ വടിയും മുടിയും സ്ലീബായും ഗ്രീഗോറിയോസ് എന്ന സ്ഥാനനാമവും നൽകിയാണ് പാമ്പാടി തിരുമേനിയെ വാഴിച്ചതെന്ന വാമൊഴി പാരമ്പര്യം പ്രശസ്തമാണ്.

പ്രാർത്ഥനാശീലനായ പാമ്പാടി തിരുമേനി ക്രിസ്തുസാന്നിധ്യത്തിന്റെ പ്രതീകമായിരുന്നുവെന്നാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ നിരീക്ഷണം. മലങ്കരസഭയിൽ അത്യുജ്ജ്വലമായി പ്രകാശിച്ചുകൊണ്ടിരുന്ന മാണിക്യമായിരുന്നു പാമ്പാടി തിരുമേനി എന്ന് കെ. എം. ചെറിയാനും (മനോരമ) ധന്യനും സൗമ്യനും ഉദാരമതിയുമായിരുന്നു പാമ്പാടി തിരുമേനി എന്ന് ചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ടും പറയുന്നു. വ്രതവിശുദ്ധിയിൽ ജീവിതത്തെ പ്രോജ്ജ്വലിപ്പിച്ച താപസശ്രേഷ്ഠനായി ആധുനികസമൂഹം തിരിച്ചറിഞ്ഞ മഹാഗുരുവാണ് പാമ്പാടി തിരുമേനി.

മഹത്തായ വിശേഷണങ്ങൾ പാമ്പാടി തിരുമേനിക്ക് നൽകുമ്പോൾ അദ്ദേഹം പറയുന്നു: 'ബഹുമതിക്കും പ്രശംസയ്ക്കും ഒന്നിനും നാം അർഹനല്ല. വ്യക്തിപരമായി മെത്രാപ്പോലീത്താ സ്ഥാനത്തിന് ഞാൻ യോഗ്യനല്ല. പാമ്പാടി പേഴമറ്റത്തു പിറന്ന ഒരു പാവപ്പെട്ടവനാണ്. ഒരു കുപ്പായം വാങ്ങിക്കുവാൻ പോലും നിവൃത്തിയില്ലാത്ത ഒരു പാവപ്പെട്ടവൻ. ... ബലഹീനനും മഹാപാപിയുമായ നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.'

1929 ഫെബ്രുവരി 16-ന് മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട ശേഷം പാമ്പാടി പൊത്തൻപുറം ദയറായിൽ എത്തിയപ്പോൾ നടത്തിയ പ്രസംഗത്തിലാണ് 'മെത്രാപ്പോലീത്താ സ്ഥാനത്തിന് ഞാൻ യോഗ്യനല്ല' എന്ന് പ്രസ്താവിച്ചത്. ഇത് വെറും പാഴ്വാക്കല്ല. പതിനാലാം വയസ്സിൽ കോറൂയോ സ്ഥാനത്തും ഇരുപത്തൊന്നാം വയസ്സിൽ കശീശ്ശായും റമ്പാ

നുമായ അദ്ദേഹത്തെ 1911 സെപ്റ്റംബർ 7-ന് 26-ാം വയസ്സിൽ മെത്രാൻ സ്ഥാനത്തേക്ക് കോട്ടയം എം.ഡി. യിൽ ചേർന്ന മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിരുന്നു. എന്നാൽ അധികാരവും സ്ഥാനമാനങ്ങളും തിരസ്ക്കരിച്ച് പാമ്പാടി പൊത്തൻപുറം കുന്നിൽ 12 ഏക്കർ സ്ഥലം കണ്ടെത്തി കുടിൽ കെട്ടി ഏകാന്ത ധ്യാനത്തിനും മൗനത്തിനുമായി ജീവിതം വേർതിരിച്ചു. പ. വട്ടശ്ശേരിൽ തിരുമേനി ഈ കുടിലിന് 1090 മേടം 13-ന് 'താബോർ ദയറാ' എന്ന് നാമകരണം ചെയ്തു.

വ്യക്തിപരമായി മെത്രാപ്പോലീത്താ സ്ഥാനത്തിന് ഞാൻ യോഗ്യനല്ല എന്ന നിലപാടിലാണ് സ്വയം അധികാരസ്ഥാനത്തുനിന്നും പിന്മാറിയത്. 26-ാം വയസ്സിൽ ലഭ്യമായ മെത്രാൻസ്ഥാനം തിരസ്ക്കരിച്ച് 14 വർഷം വ്രതശോഭയിൽ കരുത്താർജ്ജിച്ചു. 1925 ഏപ്രിൽ 30-ന് നിരണത്തുവച്ച് വീണ്ടും മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും 1929 ഫെബ്രുവരി 16-ന് 44-ാം വയസ്സിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അവരോധിക്കപ്പെടുകയും ചെയ്തു. 35 വർഷം (1929-1965) കോട്ടയം മെത്രാസനത്തിന്റെ മെത്രാപ്പോലീത്തായായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു.

'ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തെരഞ്ഞെടുത്തു' (1 കൊരി. 1:27) എന്ന പൗലോസ് ശ്ലീഹായുടെ സാക്ഷ്യമാണ് അധികാരത്തെ പൂർണ്ണമനസ്സോടെ തിരസ്ക്കരിച്ച പാമ്പാടി തിരുമേനിയിലും പ്രകാശം പരത്തുന്നത്.

പരിശുദ്ധ ജീവിതമുള്ള പാമ്പാടി തിരുമേനിയെപ്പോലുള്ള മെത്രാപ്പോലീത്തന്മാർ നമുക്കുണ്ടായെങ്കിലേ സഭ ശരിയായിട്ടു പോവുകയുള്ളു എന്നാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ കാഴ്ചപ്പാട്. ത്യാഗവും സഹനവും സ്നേഹവും പകർന്ന് ക്രിസ്തുസാന്നിധ്യവും വിശുദ്ധിയുടെ അടയാളവുമായി പാമ്പാടി തിരുമേനി പൊതുസമൂഹത്തിൽ വെളിച്ചം പകർന്നു. വിശുദ്ധി പകർന്ന താപസ തേജസ്സായി ജാതിമത ഭേദമെന്യേ ജനഹൃദയങ്ങളിൽ സ്പന്ദിക്കുന്നു.

സഭയുടെ വിശ്വാസം, പാരമ്പര്യം, അനുഷ്ഠാനം, ചരിത്രം എന്നിവയിൽ അതീവ തീക്ഷ്ണത പുലർത്തിയ പാമ്പാടി തിരുമേനി സഭയിലെ കേസുകളെക്കുറിച്ച് 1941 (1117) തുലാം 5-ന് നടത്തിയ പ്രസ്താവന അതിവിശിഷ്ടമാണ്:

'സഭാകേസ് കേവലം ഒരു വ്യവഹാരമല്ല. മലങ്കരസഭയുടെ ഉൽക്കർഷത്തിന് അത്യന്താപേക്ഷിതമായ സ്വാതന്ത്ര്യത്തിനും കാതോലിക്കാ സിംഹാസനത്തിന്റെ സ്ഥിരപ്രതിഷ്ഠയ്ക്കും വേണ്ടിയുള്ള ഒരു ധർമ്മസമരമത്രേ. ... പ. ബാവായ്ക്ക് പിന്തുണ നൽകേണ്ടത് അനുഗ്രഹിക്കപ്പെട്ട മക്കളായ നിങ്ങൾ ഏവരുടേയും കർത്തവ്യകർമ്മമാകുന്നു.'

മലങ്കരസഭയുടെ ഉൽക്കർഷത്തിനുള്ള ധർമ്മസമരമായി സഭാവ്യവഹാരങ്ങളെ പാമ്പാടി തിരുമേനി കണ്ടിരുന്നു. 1952 ഫെബ്രുവരി 20-ന് എഴുതിയ കല്പനയിൽ ഇന്ത്യയിലെ ഏക ദേശീയ സഭ എന്ന നിലയിൽ സഭയ്ക്ക് വലിയ പദവി ഉണ്ടെന്ന് വ്യാഖ്യാനിക്കുന്നു. പാമ്പാടി തിരുമേനി എഴുതുന്നു:

'ജന്മസിദ്ധമായി വി. മാർത്തോമ്മാ ശ്ലീഹായുടെ സഭയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതിനായി അനേക സഭകൾ അനേക തരത്തിൽ ക്രൂരമായി പെരുമാറി എന്നത് വി. സഭയുടെ 20 നൂറ്റാണ്ടിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യയിലെ ഏക ദേശീയ സഭ എന്ന നിലയിൽ സഭയ്ക്ക് വലിയ പദവി ഉണ്ട്. പരിപൂർണ്ണമായ വികസന സാദ്ധ്യതയുള്ള ഇന്ത്യയിലെ ഏക ദേശീയ സഭ എന്നനിലയിൽ ഇന്ത്യയിൽ സുവിശേഷഘോഷണം ശക്തമായി നടത്തേണ്ട ചുമതല നമുക്കുണ്ട്.'

പ്രകൃതിയോടും ദൈവത്തോടും ഏകാന്തമായി സംവേദിച്ച പാമ്പാടി തിരുമേനിക്ക് സഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും സുവിശേഷീകരണ പ്രവർത്തനങ്ങളെക്കുറിച്ചും തനതായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു.

സഭയുടെ അഭിമാനം പുലർത്തേണ്ടത് പ്രധാനമായും വൈദികരാണ്. അവർ ന്യായരഹിതമായി പ്രവർത്തിച്ചാൽ സഭ അധഃപതിക്കും. അതിനാൽ കഴിവതും മാതൃകാപരമായി ജീവിക്കണം എന്നാണ് പാമ്പാടി തിരുമേനി നൽകുന്ന നിർദ്ദേശം. വലിയനോമ്പ് കാലത്ത് വൈദികർക്കായി ധ്യാനയോഗങ്ങൾ നടത്തിയിരുന്നു. സഭയിലും ഇടവകയുടെ ഉള്ളിലുമുള്ള വിവിധതരം വഴക്കുകൾ പാമ്പാടി തിരുമേനിയെ സങ്കടപ്പെടുത്തിയിട്ടുണ്ട് – 'കലശലായി ക്ലേശിപ്പിച്ചിട്ടുണ്ട്.'

പാമ്പാടി തിരുമേനി പറയുന്നു: 'സഭ വിട്ടുപോകുവാനല്ല, ഏതുതരത്തിലും സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനാണ് നാം ശ്രമിക്കേണ്ടത്. ഇരുഭാഗത്തുനിന്നും അല്പസ്വല്പം വിട്ടുവീഴ്ചകൾ ചെയ്ത് ഏതു തരത്തിലെങ്കിലും തമ്മിൽ യോജിക്കണമെന്നാണ് നമ്മുടെ അഭിപ്രായം.'

ഉത്തമ ഭരണകർത്താവായി സഭയുടെ വിശ്വാസസത്യത്തിനായി ധീരമായി നിലയുറപ്പിക്കുകയും എന്നാൽ അവശ്യഘട്ടങ്ങളിൽ സാന്ത്വന സ്പർശം പകരുന്ന ആർദ്രഭാവം പാമ്പാടി തിരുമേനിയിൽ നിറഞ്ഞും നിന്നിരുന്നു. ഭരണകാര്യങ്ങളിൽ കർക്കശഭാവം പ്രകടമാകുന്നുണ്ട്. 1940/1115 മിഥുനം 8-ന് എഴുതിയ കല്പനയിൽ 'മാസാന്ത്യ റിപ്പോർട്ട് മാസം തോറും അഞ്ചിനകം അയച്ചുകൊടുക്കണം' എന്ന് വ്യക്തമാക്കുന്നു. ഇടവകതല പ്രവർത്തനങ്ങളുടെ സംക്ഷിപ്തമാണ് മാസാന്ത്യറിപ്പോർട്ടിൽ

ഉൾക്കൊള്ളിക്കുന്നത്. നമ്മുടെ ഇടവകകളിൽ കാലോചിതമായ പുരോഗമന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് മുഴുവൻ സമയവും ജോലി ചെയ്യുന്ന ഭദ്രാസന സെക്രട്ടറിമാർ ഉണ്ടായിരിക്കണമെന്ന സഭാ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം പാമ്പാടി തിരുമേനി 1950-ൽ നടപ്പിലാക്കി.

ഇടവക കേന്ദ്രീകരിച്ച് 'ദശാംശപ്പിരിവ്' യാഥാർത്ഥ്യമാക്കിയിരുന്നു. 1951 നവംബർ 21-ന് എഴുതിയ കല്പനയിൽ 'ഇടവകയിൽ നിന്നും ഭണ്ഡാരം, വഞ്ചിക, തളിക, പള്ളിക്കുള്ള വിവാഹ വീതം, പാട്ടം, പള്ളിപുരയിടാദായം എന്നിവയുടെ മാത്രം ദശാംശം തന്നാൽ മതി' എന്നും നിർദ്ദേശിക്കുന്നു. ഇടവകയിലെ ദശാംശപ്പിരിവിന് കോട്ടയം മെത്രാസനത്തിൽ 65 വർഷത്തെ പാരമ്പര്യം വെളിപ്പെടുന്നു.

1952 ഫെബ്രുവരി 20-നുള്ള കല്പനയിൽ ഒരു ഇടവകയുടെ സജീവ ലക്ഷണം എന്താണെന്ന് വ്യക്തമാക്കുന്നു:

'ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നമ്മുടെ സകല ഇടവകകളിലും നടപ്പിൽ വരുത്തണം. ഒരു ഇടവകയുടെ സജീവമായ ലക്ഷണം അനാഥരെ ക്രിസ്തീയവിധത്തിൽ സഹായിക്കുക എന്നുള്ളതാണ്. അനാഥരേയും രോഗികളേയും ശുശ്രൂഷിക്കേണ്ടത് ഇടവകയുടെ ചുമതലയായി ഏറ്റെടുക്കണം.'

1952 ഫെബ്രുവരി 20-ലെ കല്പനയിൽ 1951-ലെ വരവ് ചെലവ് കണക്ക് ഭദ്രാസനത്തിൽ അയച്ചുകൊടുക്കണമെന്ന് പറയുന്നുണ്ട്. 1954 മുതൽ എല്ലാ പള്ളികളിലും ബഡ്ജറ്റ് മുൻകൂട്ടി തയ്യാറാക്കി ഭരണം നടത്തുന്ന സംവിധാനം നിലവിൽ വന്നതായി കല്പനകളിൽ നിന്നു വ്യക്തമാകുന്നു.

ആരാധനാ ജീവിതത്തോടൊപ്പം സാമൂഹിക പ്രതിബദ്ധത പുലർത്തുന്ന സജീവ ഇടവകകളായി തീരണം എന്ന കാഴ്ചപ്പാടായിരുന്നു പാമ്പാടി തിരുമേനിയുടേത്. പെരുന്നാളുകളുടെ തലേരാത്രിയിലെ പ്രോഗ്രാം എട്ടു മണിക്ക് മുമ്പായി തീരത്തക്കവണ്ണം മുൻകൂട്ടി നിശ്ചയിക്കണമെന്നും പെരുന്നാൾ ദിവസം ജനങ്ങൾ പള്ളിആരാധനയിൽ സംബന്ധിക്കുകയും വി. കുർബാന കൂട്ടമായി അനുഭവിക്കുകയും ചെയ്യണമെന്നും പറയുന്നു. പെരുന്നാളിന് രാത്രി മുഴുവൻ ബഹളവും ഭക്തിവിരുദ്ധമായ പ്രോഗ്രാമും ഉണ്ടാക്കരുതെന്ന് ശക്തമായ ഭാഷയിൽ ഉദ്ബോധിപ്പിക്കുന്നു. ദൈവത്തോടും സമൂഹത്തോടും പ്രകൃതിയോടും മനുഷ്യർ പുലർത്തേണ്ട ഉത്തരവാദിത്വം കഠിനഭാഷയിൽ പാമ്പാടി തിരുമേനി അവതരിപ്പിച്ചിട്ടുണ്ട്.

മലയാള മനോരമ വജ്രജൂബിലിക്ക് 1950-ൽ എഴുതിയ ആശംസയിൽ മാധ്യമ കാഴ്ചപ്പാട് സംക്ഷേപിക്കുന്നുണ്ട്. 'പത്രധർമ്മവും അന്തസ്സും

നിഷ്പക്ഷതയും പരിപാലിക്കുന്നതിൽ മനോരമ എന്നാളും അതീവശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.'

ഡയറി എഴുത്തിനോട് പാമ്പാടി തിരുമേനി പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിരുന്നു. കൃത്യമായി ഡയറി എഴുതുന്നതിൽ കണിശക്കാരനായിരുന്നു പാമ്പാടി തിരുമേനി എന്ന് പി. സി. യോഹന്നാൻ റമ്പാൻ വെളിപ്പെടുത്തുന്നു:

'ശാരീരികമായി ക്ഷീണിച്ചപ്പോൾ മറ്റുള്ളവരെകൊണ്ട് ഡയറി എഴുതിക്കുമായിരുന്നു. സുറിയാനി കൈപ്പട മനോഹരമാണ്. അച്ചടിയാണെന്നേ തോന്നൂ. തൂവൽ, മഷിയിൽ മുക്കി എഴുതുകയാണ് പതിവ്.'

ഡയറിക്കുറിപ്പിൽ 1912 മിഥുനം 30-ന് എഴുതി: 'സ്വന്തം കൈപ്പടയിൽ എഴുതിയ നമസ്കാരപുസ്തകം ബയന്റു ചെയ്തു കിട്ടി. വളരെ പ്രയത്നിച്ചുണ്ടാക്കിയ ഈ പുസ്തകം കണ്ടിട്ടും കണ്ടിട്ടും കൊതി അടങ്ങുന്നില്ല.'

പാമ്പാടി തിരുമേനി ജീവിതസായാഹ്നത്തിൽ എഴുതി - 1964 ഡിസംബർ 20: 'എല്ലാം എന്റെ ശക്തി, എന്റെ ബുദ്ധി എന്ന് നാം ഒരിക്കലും ഒന്നിലും അഹങ്കരിക്കരുത്. ആ മനോഭാവം ഉണ്ടാകുമ്പോഴാണ് ഭിന്നിപ്പും വഴക്കും ശത്രുതയും ഉടലെടുക്കുന്നത്.' ഇതേ ആശയം പാമ്പാടി തിരുമേനി 1958 ഏപ്രിൽ ലക്കം 'മലങ്കരസഭ'യിൽ എഴുതി: 'പ്രിയരേ ഇന്നു പലരും തന്നിഷ്ടക്കാരാണ്. തന്നിഷ്ടംകൊണ്ട് പല പള്ളികളിലും വഴക്കുകൾ ഉണ്ടാകുന്നു.'

മനുഷ്യസ്വഭാവത്തിൽ സഹജമാകുന്ന സ്വാർത്ഥത, അഹങ്കാരം, അനീതി, ഗർവ്വ്, തന്നിഷ്ടം തുടങ്ങിയ ജഡത്തിന്റെ പ്രവൃത്തികളെ പാമ്പാടി തിരുമേനിക്ക് വെറുപ്പായിരുന്നു. 1930 കുംഭം 21-ന് എഴുതിയ കല്പനയിൽ 'നമ്മുടെ കർത്താവിനോടുള്ള കളങ്കമില്ലാത്ത സ്നേഹം നമ്മിൽ ഉളവാകുമ്പോൾ നോമ്പും പ്രാർത്ഥനയും ദാനധർമ്മവും നമുക്ക് നിഷ്പ്രയാസമായി തീരുമെന്ന്' നിർദ്ദേശിക്കുന്നു. പൗരസ്ത്യവും ഭാരതീയവുമായ താപസജീവിതം പകർന്ന പാമ്പാടി തിരുമേനിയുടെ ജീവിതം ലാളിത്യവും വിശുദ്ധിയും നിറയുന്ന പ്രാർത്ഥനാജീവിതമായിരുന്നു.

1964 ഡിസംബർ 20-ന് എഴുതിയ വരികൾ പാമ്പാടി തിരുമേനിയുടെ ജീവിതസന്ദേശമായി സംഗ്രഹിക്കാം:

'ദൈവമക്കളായി, സർവ്വതും ദൈവത്തിൽ സമർപ്പിച്ച് പരസ്പര സ്നേഹത്തിലും സൗഹാർദ്ദതയിലും നാം ഒന്നായിരിപ്പീൻ.'

ദൈവകരുണയിൽ ആശ്രയിച്ച് ആത്മീയ ഉത്ഘർഷത്തിന് ഒത്തൊരുമിച്ച് ധ്യാനത്തിലും മൗനത്തിലും പ്രാർത്ഥനയിലും ജീവിക്കണം എന്നത്

പാമ്പാടി തിരുമേനിയുടെ പ്രധാന പ്രബോധനമായിരുന്നു. എന്നാൽ പാമ്പാടി തിരുമേനി നടപ്പാക്കിയ സാമൂഹിക പ്രതിബദ്ധതയുടെയും ഭരണ സംവിധാനത്തിന്റെയും നേർക്കാഴ്ചകൾ ചരിത്രത്തിൽ തമസ്ക്കരിക്കപ്പെട്ടിട്ടുണ്ട്. സഭയിലും പൊതു സമൂഹത്തിലും പാമ്പാടി തിരുമേനി പകരുന്നത് വിശുദ്ധിയുടെ താപസ ചൈതന്യമാണ്. ലാളിത്യവും പ്രാർത്ഥനയും നിരന്തരം നിലനിർത്തിയപ്പോഴും ഉയർത്തിപ്പിടിച്ച സാമൂഹിക ദർശനം വേദനിക്കുന്ന മനുഷ്യസമൂഹത്തോടുള്ള ആർദ്ര ഭാവമായിരുന്നു. ഇത് വിശാലമായ മനുഷ്യ-ദൈവ ദർശനത്തിന്റെ അടയാളമാണ്.

പാമ്പാടി തിരുമേനിയെക്കുറിച്ച് എഴുതിയ പ്രമുഖ കൃതികൾ ഫാ. പി. പി. ഗീവർഗീസ് (1965), കെ. വി. മാമ്മൻ (1966), പ്രൊഫ. കെ. എം. കുറിയാക്കോസ് (1991), ഡോ. എം. കുര്യൻ തോമസ് (2015) എന്നിവരുടേതാണ്. പ്രശസ്ത മാധ്യമ പ്രവർത്തകനും ഗവേഷകനുമായ ജോയ്സ് തോട്ടയ്ക്കാട് സമാഹരിച്ച് പ്രസിദ്ധീകരിക്കുന്ന 'പാമ്പാടിയിലെ മുനിശ്രേഷ്ഠൻ' പാമ്പാടി തിരുമേനിയെക്കുറിച്ച് സമഗ്രമായ അറിവ് പകരുന്ന യഥാർത്ഥ ആധികാരിക ഗ്രന്ഥമാണ്.

പാമ്പാടിയിലെ മുനിശ്രേഷ്ഠൻ എന്ന മുന്നൂറോളം പേജുകളുള്ള ഈ ഗ്രന്ഥം പ്രധാനമായും എട്ടു ദളങ്ങളിലായി വിജ്ഞാനവിഭവങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു. പാമ്പാടി തിരുമേനിയുടെ പ്രസിദ്ധമായ സൂക്തങ്ങൾ, പ്രസംഗങ്ങൾ, കല്പനകൾ, ഡയറിക്കുറിപ്പുകൾ എന്നിവയാണ് ആദ്യഭാഗത്ത്. പാമ്പാടി തിരുമേനിയെ അടുത്തറിഞ്ഞവരുടെ സാക്ഷ്യങ്ങളും പാമ്പാടി തിരുമേനിയുടെ ജീവിതവും ദർശനവും അവതരിപ്പിക്കുന്ന പ്രമുഖരുടെ രചനകളുമാണ് പിന്നീടുള്ളത്. അവസാനഭാഗത്ത് പാമ്പാടി തിരുമേനിയെക്കുറിച്ച് പഠനം നടത്തുന്ന ഭാവി ഗവേഷകർക്ക് മാർഗ്ഗം പകരുവാൻ പര്യാപ്തമായ വിശദമായ ഗ്രന്ഥ/ലേഖന സൂചിക അത്യാകർഷകവും പ്രയോജനപ്രദവുമാണ്. പാമ്പാടി തിരുമേനിയുടെ ജീവിതവും ദർശനവും തേടി 1990 മുതൽ നടത്തിയ നിസ്തന്ത്രമായ ഗവേഷണവും സമാഹരണവും ക്രോഡീകരണവും വഴി പാമ്പാടി തിരുമേനിയുടെ വിശുദ്ധ ജീവിതത്തെ ചരിത്രത്തിൽ ഉറപ്പിക്കുകയാണ് ജോയ്സ് തോട്ടയ്ക്കാട്. അത്യപൂർവ്വവും അമൂല്യവുമായ രേഖകളുടെ അടിത്തറയിൽ പാമ്പാടി തിരുമേനിയുടെ ജീവിതത്തിന്റെ സമഗ്രഭാവം തിരിച്ചറിയുവാൻ വഴിയും വെളിച്ചവും പകരുന്ന സമഗ്രപഠന സമാഹാരമാണിത്. സമൂഹത്തിലെ പ്രശസ്തരും പ്രമുഖരുമായവരുടെ രചനകൾ ഇതിൽ മിഴിതുറക്കുന്നു. വിശുദ്ധി നിറഞ്ഞ താപസ തേജസ്വിയായ പാമ്പാടി തിരുമേനിയുടെ ജീവിതത്തിന്റെ സമഗ്രവായനയ്ക്ക് 'പാമ്പാടിയിലെ മുനിശ്രേഷ്ഠൻ' ഹൃദയപൂർവ്വം സമർപ്പിക്കുന്നു.

ബോധി, പന്തളം
16 ഫെബ്രുവരി 16

# വാങ്മുഖം

ഭാരതീയ ഋഷിപാരമ്പര്യത്തിന്റെയും ക്രിസ്തീയ സന്യാസ പാരമ്പ ര്യത്തിന്റെയും സമഞ്ജസ സമ്മേളനമാണ് പരിശുദ്ധ പാമ്പാടി തിരുമേ നിയുടെ ജീവിതം. ഭാരതമണ്ണിൽ വിശുദ്ധിയുടെ പരിമളം പരത്തിയ ആ മുനിശ്രേഷ്ഠന്റെ ഇടയലേഖനങ്ങൾ, സ്വകാര്യ കത്തുകൾ, കല്പനകൾ, പ്രസംഗങ്ങൾ, സൂക്തങ്ങൾ എന്നിവയുടെ സമാഹാരമാണ് ഈ ഗ്രന്ഥം.

പ. പാമ്പാടി തിരുമേനിയുടെ രചനകൾ 1990-ൽ ഞാൻ സമാഹരിച്ചു എങ്കിലും പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ പരിശ്രമങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് മലങ്കരസഭാപിതാക്കന്മാരുടെ രചനകൾ സമാഹരിക്കുക എന്ന ലക്ഷ്യവു മായി ഞാൻ ഇറങ്ങിത്തിരിച്ചത്.

ശ്രീ. കെ. വി. മാമ്മൻ രചിച്ച പ. പാമ്പാടി തിരുമേനിയുടെ ജീവചരി ത്രത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് 1999-ൽ പ്രസിദ്ധീകരിച്ചപ്പോൾ, ഞാൻ സമാഹരിച്ച പ. പാമ്പാടി തിരുമേനിയുടെ രചനകളിൽ കുറെയെണ്ണം അതിൽ പ്രസിദ്ധീകരിക്കുവാൻ നൽകി. പിന്നീടുള്ള ആ ഗ്രന്ഥത്തിന്റെ പതിപ്പുകളിലും അവ പൂർണ്ണമായും ഭാഗികമായും കൊടുത്തിട്ടുണ്ട്. മാർ കുറിയാക്കോസ് ദയറാ 2009-ൽ പ്രസിദ്ധീകരിച്ച *'പ. പാമ്പാടി തിരുമേനി: ആധികാരിക പുസ്തകം'* എന്ന ഗ്രന്ഥത്തിൽ പ്രസംഗങ്ങളും സൂക്ത ങ്ങളും ചേർത്തിട്ടുണ്ട്. ഡോ. എം. കുര്യൻ തോമസ് എഡിറ്റ് ചെയ്ത *'പ. പാമ്പാടി തിരുമേനി:* വിശുദ്ധിയുടെ വിരിക്കൂട്ടം' എന്ന ഗ്രന്ഥത്തിലും പ്രസംഗങ്ങളും സൂക്തങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ പ. പാമ്പാടി തിരുമേനിയുടെ രചനകൾ ഒരു ഗ്രന്ഥമായി സമാഹരിച്ച് പ്രസിദ്ധീകരി ക്കുകയാണ്.

പ. പാമ്പാടി തിരുമേനിയെക്കുറിച്ച് രചിക്കപ്പെട്ട പ്രഥമ ഗ്രന്ഥമായ 'താബോറിലെ യതിവര്യൻ' എന്ന കാവ്യവും പ്രിയ ശിഷ്യനായ പി. സി. യോഹന്നാൻ റമ്പാൻ അദ്ദേഹത്തെക്കുറിച്ച് എഴുതിയിട്ടുള്ള ലേഖനങ്ങളും ഈ കൃതിയിൽ സമാഹരിച്ചിരിക്കുന്നു.

ബാല്യത്തിൽ തിരുമേനിയെ കാണുന്നതിനും വാത്സല്യം അനുഭവി ക്കുന്നതിനും ഇടയായിട്ടുള്ള പ്രമുഖ ദൈവശാസ്ത്രജ്ഞനും ദാർശനി കനും കവിയും ചിത്രകാരനുമായ ഫാ. ഡോ. കെ. എം. ജോർജ് തിരു മേനിയെക്കുറിച്ച് എഴുതിയ ആറു ലേഖനങ്ങളും ഈ ഗ്രന്ഥത്തിൽ ഉൾപ്പെ ടുത്തിയിരിക്കുന്നു. ലളിതമനോഹരമായ ആ ജീവിതത്തെ വ്യാഖ്യാനി ക്കുന്ന പ്രമുഖ പണ്ഡിതരുടെ ലേഖനങ്ങൾ പുതിയ തലമുറയ്ക്ക് വിജ്ഞാനം പകരുന്നവയാണ്.

തിരുമേനിയുടെ 1935-ലെ കുന്നംകുളം യാത്രയെക്കുറിച്ച് ഞങ്ങൾ നടത്തിയ ഗവേഷണഫലമായി ലഭ്യമായ രേഖകളും, ഭാവി ഗവേഷകർക്ക് മാർഗ്ഗദർശകമാകുന്ന പാമ്പാടി തിരുമേനിയെക്കുറിച്ചുള്ള ബിബ്ലിയോ ഗ്രഫിയും വിശദമായ ജീവിത കാലാനുക്രമണികയും ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്.

ഈ ഗ്രന്ഥം തയ്യാറാക്കുന്നതിനിടയിൽ ശ്രദ്ധയിൽപ്പെട്ട ചില വസ്തു തകൾ കൂടി പങ്കുവയ്ക്കുന്നു. പാമ്പാടി തിരുമേനിയെ ആദ്യമായി 'പരി ശുദ്ധനെന്ന്' വിശേഷിപ്പിച്ചത് പണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനും പ്രമുഖ അൽമായ നേതാവുമായ ഒ. എം. ചെറിയാനാണ് (മലയാള മനോ രമ, മെയ് 8, 1935). തിരുമേനി പ്ലേഗ് ബാധയിൽ നിന്ന് കുന്നംകുളം ജന തയെ രക്ഷിച്ചശേഷം കോട്ടയത്തെത്തി (1935 മാർച്ച് 2) രണ്ടു മാസങ്ങൾ ക്കുശേഷമാണ് ഒ. എം. ചെറിയാൻ 'കാതോലിക്കേറ്റ് നിധി' സംഭരണ യത്നത്തെക്കുറിച്ച് മനോരമയിൽ എഴുതിയ സർക്കുലറിൽ ഇങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നത്. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായി പുറത്തിറങ്ങിയ 'കാതോലിക്കേറ്റ് നിധി' സംഭരണ റിപ്പോർട്ടിലും ഈ സർക്കുലർ അതേപടി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തിരുമേനിയുടെ കന്തീലാ ശുശ്രൂഷയുടെയും കാലം ചെയ്തതിന്റെയും വാർത്തകളിലും 'പരിശുദ്ധൻ' എന്നാണ് 'മനോരമ' അദ്ദേഹത്തെ വിശേ ഷിപ്പിച്ചിരിക്കുന്നത്. തിരുമേനിയുടെ 'പാദസ്പർശം കുന്നംകുളത്തു ഉണ്ടാ യതോടുകൂടി പ്ലേഗ് രോഗാതുരന്മാരായ പലർക്കും സുഖവും ആശ്വാസവും മറ്റും ഉണ്ടായി' എന്നും 1935 ഫെബ്രുവരി 18-നു മനോരമ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചരിത്രം എഴുതി സൂക്ഷിക്കുന്നതിൽ മലങ്കര നസ്രാണികൾ കാട്ടുന്ന അലംഭാവം മൂലം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടാതെ പോയ അനേകം സംഭവങ്ങളും പ. പാമ്പാടി തിരുമേനിയുമായി ബന്ധപ്പെട്ടുണ്ട്. ഒരു ഉദാ ഹരണം മാത്രം ചൂണ്ടിക്കാണിക്കട്ടെ. പുതുപ്പള്ളി നാരകത്തോട് പ്രദേ ശത്ത് വസൂരി രോഗം പടർന്നു പിടിച്ചപ്പോൾ പ. പാമ്പാടി തിരുമേനി, നിലയ്ക്കൽ ഓർത്തഡോക്സ് പള്ളി വികാരി മാടയ്ക്കൽ എം. കെ. ജോസഫ് കോറെപ്പിസ്കോപ്പായ്ക്കൊപ്പം വീടുവീടാന്തരം കയറി പ്രാർ ത്ഥിക്കുകയും രോഗാണുക്കൾ നശിച്ചുപോകുവാൻ എല്ലാ വീട്ടിലും ഓരോ കതിനാവെടി വയ്പ്പിക്കുകയും ചെയ്തു. ഈ സംഭവം 1940-കളിൽ സംഭ വിച്ചതാണെന്നു തോന്നുന്നു. പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കാനെത്തിയ തിരുമേനിയുടെ മനസ്സു വിഷമിപ്പിച്ച് തങ്ങൾക്കും ഭാവിതലമുറകൾക്കുമായി ശാപം ഏറ്റുവാങ്ങിയ അനേകം സംഭവങ്ങളും ചരിത്രം രേഖപ്പെടുത്താത്തവയായി ഉണ്ട്.

ഈ ഗ്രന്ഥം തയ്യാറാക്കുന്നതിൽ പ. പാമ്പാടി തിരുമേനിയുടെ ജന്മ ശതാബ്ദി സ്മരണികയും കെ. വി. മാമ്മൻ, പ്രൊഫ. കെ. എം. കുറിയാക്കോസ് എന്നിവരെഴുതിയ ജീവചരിത്രങ്ങളും, പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായുടെയും പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും ഡയറികളും കല്പനബുക്കുകളും സഹായകമായിട്ടുണ്ട്. എന്റെ പ്രിയ സുഹൃത്തുക്കളായ കെ. വി. മാമ്മനോടും പ്രൊഫ. കെ. എം. കുറിയാക്കോസിനോടുമുള്ള ആദരവും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

ജീവിച്ചിരിക്കെ പരിശുദ്ധനെന്നു മാധ്യമങ്ങൾ വിശേഷിപ്പിച്ച വ്യക്തിയെ കാലംചെയ്ത് അമ്പതു വർഷത്തിനു ശേഷവും പരിശുദ്ധനായി പ്രഖ്യാപിക്കുവാൻ സഭാനേതൃത്വം മടിക്കുന്നത് ആ ജീവിതത്തെ ശരിയായി പഠിക്കാത്തതുകൊണ്ടും മനസ്സിലാക്കാത്തതുകൊണ്ടുമാണ് എന്നാണ് ഞങ്ങൾ കരുതുന്നത്. പഠന ഗവേഷണങ്ങൾക്ക് പ്രയോജനപ്പെടുവാനാണ് ഈ ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്.

ഈ ഗവേഷണ തപസ്യയിൽ ഒപ്പമുണ്ടായിരുന്ന ആത്മസ്നേഹിതരായ ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ, പ്രൊഫ. വിപിൻ കെ. വർഗീസ്, ഡീക്കൻ ഇയ്യോബ് (ബഥനി ആശ്രമം), ഗ്രന്ഥം ആദിയോടന്തം വിശദമായി പഠിച്ച് പ്രൗഢമായ അവതാരിക എഴുതി നൽകിയ ആത്മസ്നേഹിതൻ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പാമ്പാടി തിരുമേനിയെക്കുറിച്ച് വിവിധ കാലങ്ങളിൽ താൻ എഴുതിയ ലേഖനങ്ങളെല്ലാം പ്രസിദ്ധീകരിക്കാൻ അനുവദിച്ച ഗുരുശ്രേഷ്ഠൻ ഫാ. ഡോ. കെ. എം. ജോർജ്, പാമ്പാടി തിരുമേനി കുന്നംകുളത്തുനിന്നും അയച്ച കത്ത് ചൂണ്ടിക്കാണിച്ചുതന്ന ജോർജ് ഫിലിപ്പ് റ്റി. (മീനടം), കുന്നംകുളം യാത്രയെക്കുറിച്ചുള്ള ഗവേഷണത്തിന് പ്രേരണ നൽകിയ ഫാ. വി. എം. ഏബ്രഹാം വാഴയ്ക്കൽ, എന്റെ എല്ലാ നല്ല സംരംഭങ്ങൾക്കും എന്നും പ്രോത്സാഹനം നൽകുന്ന പ്രിയ സ്നേഹിതരായ ജോർജ് ഏബ്രഹാം (അബുദബി), തമ്പി കല്ലുപുരയ്ക്കൽ, റെജി മാത്യു മീനടം എന്നിവരോടുള്ള നന്ദി ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ഈ ഗ്രന്ഥപ്രസിദ്ധീകരണത്തിനിടയിൽ അനുഭവിച്ച അനുഗ്രഹങ്ങൾക്ക് ദൈവതിരുമുമ്പാകെ ശിരസ്സു നമിക്കുന്നു. ഈ ഗ്രന്ഥപ്രസിദ്ധീകരണം ദൈവതിരുനാമ മഹത്വത്തിനും സർവ്വ സൃഷ്ടികളുടെയും നന്മയിലേക്കുള്ള നിറവിനും ഉതകിയാൽ ഞങ്ങൾ ധന്യരായി.

**ജോയ്സ് തോട്ടയ്ക്കാട്**

പ. പാമ്പാടി തിരുമേനിയുടെ
മെത്രാഭിഷേകത്തിന്റെ ഓർമ്മ
ഫെബ്രുവരി 16, 2016



പതിനാറു വയസുകാരനായ എന്റെ
സ്നേഹപൂർവ്വമായ ശാസനകളെയും ബലപ്രയോഗങ്ങളെയും
പാടെ അവഗണിച്ച്, മരുന്നു കഴിക്കുവാൻ കൂട്ടാക്കാതെ
മരണത്തെ സ്വയം സ്വീകരിച്ചു കടന്നുപോയ
എന്റെ വല്യമ്മച്ചി റാഹേൽ ഉലഹന്നന്റെ
(അമ്പ്രയിൽ, പാമ്പാടി; കണ്ണൻതുരുത്തിൽ, തോട്ടയ്ക്കാട്)
സ്മരണയ്ക്കു മുമ്പിൽ ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

## ഉപോദ്ഘാതം

# ഭാരതപൈതൃകത്തിലടിയുറച്ച ക്രൈസ്തവ ഗുരുശ്രേഷ്ഠൻ

### ഫാ. ഡോ. ജേക്കബ് കുര്യൻ

നാലു പതിറ്റാണ്ടോളം വൈദികസെമിനാരി അദ്ധ്യാപകനായിരുന്ന എനിക്ക്, ബാല്യകാലസ്മരണകളിൽ നിറംപിടിച്ചു നിൽക്കുന്നത് വർഷം തോറും രണ്ടുമൂന്നു പ്രാവശ്യം പ. പാമ്പാടി തിരുമേനിയുടെ അടുത്തേക്ക് നടത്തുന്ന പദയാത്രകളാണ്. അതിന് ഞാൻ എന്റെ അമ്മയോട് ഏറ്റവും കടപ്പെട്ടിരിക്കുന്നു. എനിക്ക് 14 വയസ്സുള്ളപ്പോഴാണ് പാമ്പാടി തിരുമേനി കാലംചെയ്തത്. പൊത്തമ്പുറത്തുനിന്ന് നാലുനാലര മൈലകലെ ആയിരുന്നു എന്റെ വീട്. അരിയാഹാരത്തേക്കാൾ കപ്പയും, ചക്കയും കൊണ്ടുപജീവിക്കുന്ന ഒരു കർഷകകുടുംബത്തിലെ കുട്ടിയെന്ന നിലയ്ക്ക് വല്ലപ്പോഴും പലഹാരം കഴിക്കുന്നതിന്റെ സന്തോഷവും, ചിലപ്പോഴൊക്കെ അമ്മ കരയുന്നതു കണ്ടിട്ടുള്ളതിന്റെ സങ്കടവും, ഒരുപോലെ ഓർമ്മയിൽ തങ്ങുന്നു. അമ്മയെന്തിനാണ് കരയുന്നതെന്നൊന്നും ചോദിക്കുവാനുള്ള ബുദ്ധിയോ ധൈര്യമോ എനിക്കില്ലായിരുന്നു. അമ്മമാർ കരയുമ്പോഴാണ് മക്കൾ വളരുന്നതെന്നു മാത്രം ഞാൻ കരുതി. പക്ഷേ, അധികം കരഞ്ഞിട്ടുള്ളതിന്റെ അടുത്ത ദിവസങ്ങളിലൊന്നിൽ ഒരു കാര്യം സംഭവിക്കുമായിരുന്നു. അമ്മ ഒത്തിരി വെളുപ്പിന് എഴുന്നേറ്റ് വീട്ടിലെ ജോലി മുഴുവൻ തീർത്ത്, എന്നെ കുളിപ്പിച്ചൊരുക്കി, പൊത്തമ്പുറത്തിന് നടന്നുപോകും. അമ്മയ്ക്ക് രണ്ട് ഉദ്ദേശ്യങ്ങളുണ്ടായിരുന്നു ആ യാത്രയിൽ. ഒന്ന്, പൊത്തമ്പുറം പള്ളിയിൽ കുറെ സമയം കണ്ണീരോടെ പ്രാർത്ഥിച്ചിരിക്കുക. രണ്ട്, പാമ്പാടി തിരുമേനിയെക്കൊണ്ട് ഞങ്ങളുടെ തലയിൽ കൈവെച്ച് പ്രാർത്ഥിപ്പിക്കുക.

പൊത്തമ്പുറത്ത്, എന്റെ കുഞ്ഞുമനസ്സിനെ ആകർഷിച്ചിരുന്ന ഒരു കാഴ്ച, ഒത്തിരി പ്രാവുകൾ പള്ളിക്കു സമീപം കാണപ്പെടുന്നതായിരുന്നു. പള്ളിയകത്ത് ഇരിക്കുമ്പോൾ അവയുടെ കുറുകലിന്റെ ശബ്ദവും, എന്റെ അമ്മയുടെ തേങ്ങലിന്റെ ശബ്ദവും, മനസ്സിൽ ഒരു പ്രത്യേകഭാവം ചമയ്ക്കുമായിരുന്നു. പക്ഷേ, പൊത്തമ്പുറം പദയാത്രയ്ക്ക് എന്റെ കൊച്ചു മനസ്സിൽ മൂന്നു വ്യക്തമായ ലക്ഷ്യങ്ങൾ എന്നുമുണ്ടായിരുന്നു. രണ്ടെണ്ണം പ്രധാനങ്ങളും ഒരെണ്ണം അതിപ്രധാനവും ആയിരുന്നു. പ്രധാനങ്ങളായ രണ്ടിൽ ഒന്ന്, പള്ളിക്കകത്ത് വടക്കുകിഴക്കായി അടച്ചിട്ടിരിക്കുന്ന മുറി തുറന്നു കാണുക എന്നതായിരുന്നു. പാമ്പാടി തിരുമേനി തനിക്കായി

പണിതിട്ടിരിക്കുന്ന കബർമുറിയായിരുന്നു അത്. അത് തുറന്നു കാണാൻ ദയറായിലെ ആളുകളാരെങ്കിലും സഹായിക്കണം. അവരതു തുറന്നു കാണിക്കുമ്പോൾ, ആ ഇരുണ്ട മുറിയിൽ, തന്റെ കബർമൂടിയുടെ മുകളിൽ ഒരു കട്ടിലിട്ട് അവിടെ പ്രാർത്ഥിച്ചു ധ്യാനിക്കാറുള്ള പാമ്പാടി തിരുമേനിയോട് ഭയവും ഭക്തിയും ഏറുമായിരുന്നു. രണ്ടാമത്തെ ലക്ഷ്യം, പാമ്പാടി തിരുമേനിയുടെ അടുത്തു ചെല്ലുമ്പോൾ തിരുമേനി വിശേഷം തിരക്കി തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നതിന്റെ ഒരു സുഖം അനുഭവിക്കുകയെന്നതായിരുന്നു. മൂന്നാമത്തേതും, അതിപ്രധാനവുമായ ലക്ഷ്യം, തിരുമേനി ഒരിക്കലും മുടക്കാതെ തരുമായിരുന്ന പലഹാരങ്ങൾ ആയിരുന്നു. ബിസ്ക്കറ്റും, പഴവും, നെയ്യപ്പവും, വട്ടയപ്പവും, അവലു വിളയിച്ചതും ഒക്കെ ആ പലഹാരങ്ങളിൽപെടും. ഓർത്തുനോക്കുമ്പോൾ, ഒരിക്കൽപോലും തിരുമേനി അവിടെ ഉണ്ടാകാതെ ഇരുന്നിട്ടില്ല എന്നതും, തിരുമേനി എന്തെങ്കിലും തരാതെ വിട്ടിട്ടില്ല എന്നതും അത്ഭുതം ഉളവാക്കുന്നു. തിരിച്ചുപോരുമ്പോൾ, മനസ്സുനിറഞ്ഞ ശാന്തി, കൈമുതലുള്ള നടത്തയ്ക്കായി കാലുകൾക്ക് ബലമേറുമായിരുന്നു.

ഇന്ന്, പാമ്പാടി തിരുമേനിയുടെ ദേഹവിയോഗത്തിന്റെ സുവർണ്ണ ജൂബിലിവേളയിൽ, ആ പരിശുദ്ധപിതാവിനെ വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നത്, “ഭാരപൈതൃകത്തിലടിയുറച്ച ക്രൈസ്തവ ഗുരുശ്രേഷ്ഠൻ” എന്നാണ്. ലോകസംസ്കാരങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ നമുക്കൊരു കാര്യം മനസ്സിലാകും. പുരാതന സംസ്കാരങ്ങളിൽ പലതും തകർന്നടിഞ്ഞപ്പോൾ, തകരാതെ നിൽക്കുകയാണ് ഭാരതസംസ്കാരം എന്ന്. എന്തെല്ലാം മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും, ഏതെല്ലാം വെല്ലുവിളികൾ നേരിട്ടാലും, ഭാരതപൈതൃകം ഗരിമയോടെ നിലനിൽക്കുന്നു. എന്തുകൊണ്ടാണ് പുരാതന സംസ്കാരങ്ങളിൽ പലതും തകർന്നു പോയത്? ആർണോൾഡ് റ്റോയൻബി (1889-1975) എന്ന ബ്രിട്ടീഷ് ചരിത്രകാരൻ 23 സംസ്കാരങ്ങളുടെ ഉത്ഭവവും, വളർച്ചയും, പതനവും, പഠിച്ചിട്ടെഴുതി, അവ തകർന്നത് *സാന്മാർഗ്ഗികാധഃപതനത്താലും, മതസ്പർദ്ധയാലും* ആണെന്ന്. ഈ രണ്ട് വെല്ലുവിളികളും ഇന്ന് ഭാരതസംസ്കാരത്തെയും ബാധിക്കുന്നുണ്ടെങ്കിലും, അവയെ നേരിട്ടിട്ടുള്ളതും നേരിടുവാനുള്ളതുമായ ശക്തിമന്ത്രം എന്തെന്ന് രാഷ്ട്രപതി പ്രണബ് മുഖർജി 2015 ഒക്ടോബർ 18-നു രാഷ്ട്രത്തോട് ഓർമ്മിപ്പിക്കുകയുണ്ടായി. അയ്യായിരത്തിൽപരം വർഷത്തെ ഭാരതസംസ്കാര മുഖമുദ്ര “സഹിഷ്ണുത” (Tolerance) ആണെന്നായിരുന്നു ആ ഓർമ്മപ്പെടുത്തൽ. ആർജ്ജനത്തിനും ആർത്തിക്കും പകരം വർജ്ജനവും സംയമനവും പാലിച്ചു വളരുന്ന ഒരു ജീവിതശൈലിയും, വ്യത്യസ്തതകളുടെ സൗന്ദര്യം ധാർമ്മികപരിധികൾക്കുള്ളിൽ ആസ്വദിക്കുന്ന മനോഭാവവും, ഇന്നും ഭാരതത്തിന്

കൈമോശം വന്നിട്ടില്ല. ഈ സംസ്കാരത്തനിമയോടിണങ്ങിയ ഒരു ക്രൈസ്തവസമൂഹം ഒന്നാം നൂറ്റാണ്ടു മുതൽ ഈ മണ്ണിലുണ്ട് എന്ന താണ് നമ്മെ അഭിമാനപുളകിതരാക്കുന്നത്. ഭാരതത്തിലെ സുറിയാനി ക്രിസ്ത്യാനി സഭാപൈതൃകം ചരിത്രപരമായി സൂക്ഷിക്കുന്ന നാലു വസ്തുതകൾ ലോകക്രൈസ്തവ സമൂഹത്തിൽ അതിനെ ശ്രദ്ധേയമാക്കുന്നു:

1. ഭാരതത്തിലെ ക്രിസ്തീയതയ്ക്ക്, ക്രിസ്തീയതയോളം തന്നെ പഴക്കമുണ്ട്. ഒന്നാം നൂറ്റാണ്ടു മുതലുള്ള അപ്പോസ്തോലിക പൈതൃകം കാത്തുപരിപാലിക്കുന്ന വളരെ കുറച്ചു സഭകളേ ലോകത്തുള്ളു. അവയിലൊന്നാണ് നമ്മുടേത്. രാഷ്ട്രശില്പിയും ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു തന്റെ ആത്മകഥയിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്: "Christianity came to India as early as the first century after Christ, long before Europe turned to it, and established a firm foothold in South India" (p. 273).

"ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ, അതായത് യൂറോപ്പ് അതിലേക്ക് തിരിയുന്നതിനു മുമ്പുതന്നെ ക്രിസ്തീയത ഇന്ത്യയിലെത്തി, ദക്ഷിണേന്ത്യയിൽ ഒരു നല്ല അടിസ്ഥാനം ഉറപ്പിച്ചു."

2. ഭാരതത്തിലെ ക്രിസ്തീയത, ഇവിടുണ്ടായിരുന്ന ഇതര സമൂഹങ്ങളാലും, ഭരണാധികാരികളാലും, പീഡിപ്പിക്കപ്പെടുന്നതിനു പകരം പ്രോത്സാഹിപ്പിക്കപ്പെടുകയാണുണ്ടായത്. ഇരവികോർത്തൻ ചെപ്പേട്, ക്നായിത്തൊമ്മൻ ചെപ്പേട്, തരീസാപള്ളി ചെപ്പേടുകൾ മുതലായവ അക്കാര്യത്തിലുള്ള ചരിത്രസാക്ഷ്യങ്ങളാണ്.

3. ഭാരതത്തിലെ ക്രിസ്തീയതയ്ക്ക് നേരിടേണ്ടിവന്ന നിയന്ത്രണങ്ങളും, പീഡനങ്ങളും, അധിനിവേശ ശക്തികളായി മാറിയ വിദേശ ക്രിസ്തീയ സമൂഹങ്ങളിൽ നിന്നായിരുന്നു. ആദ്യം പോർത്തുഗീസുകാരും, പിന്നീട് ഇംഗ്ലീഷ് മിഷണറിമാരിൽ ചിലരും, ഏറ്റവും ഒടുവിൽ അന്ത്യോഖ്യൻ സുറിയാനി സഭാധികാരികളിൽ ചിലരും, ഭാരതത്തിലെ തദ്ദേശീയ ക്രൈസ്തവ സമൂഹങ്ങളെ ഉപദ്രവിച്ചു.

4. ഭാരതത്തിലെ ക്രിസ്തീയതയുടെ സാക്ഷ്യശൈലിയിൽ മതസ്പർദ്ധ വർദ്ധിപ്പിക്കുന്ന ഒന്നും ഇല്ലായിരുന്നു. ഇക്കാര്യം ഭാരതത്തിന്റെ രാഷ്ട്രപതിയും ദാർശനികനുമായിരുന്ന ഡോ. രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ "പൗരസ്ത്യമതങ്ങളും പാശ്ചാത്യചിന്തയും" (Eastern Religions and Western Thought) എന്ന ഗ്രന്ഥത്തിൽ, ഭാരതത്തിലെ സുറിയാനി ക്രിസ്ത്യാനികളെ പരാമർശിച്ചിപ്രകാരം പറയുന്നു: "The Syrian Christians, who have the longest Christian tradition in India, are opposed to proselytism"

(p. 345). ഇന്ത്യയിലെ ഏറ്റവും പുരാതനമായ ക്രൈസ്തവ പാരമ്പര്യത്തിലെ സുറിയാനി ക്രിസ്ത്യാനികൾ, മതംമാറ്റപരിപാടിക്കെതിരാണ്.

ഈ നാലു വസ്തുതകളും സമന്വയിച്ച ഒരു സാംസ്കാരികപൈതൃകത്തെ പരിപോഷിപ്പിച്ച അനേക ഗുരുവരന്മാർ നമുക്കുണ്ടായിട്ടുണ്ട്. ആ ഗുരുവരന്മാരെക്കുറിച്ച്, മഹാകവി വള്ളത്തോൾ അദ്ദേഹത്തിന്റെ "പുരാണങ്ങൾ" എന്ന കാവ്യത്തിൽ ഇപ്രകാരം രേഖപ്പെടുത്തി:

"ഭാരതവർഷത്തിലെ പൂർവ്വതമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാർത്തുകണ്ടറിഞ്ഞവർ
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ
പരിത്യാഗൈക ദ്രവീണന്മാർ
അവർതൻ വാസങ്ങളോ, പൊട്ടപുല്ലുകൾകൊണ്ടും
ശുഷ്ക്കപത്രൗഘം കൊണ്ടും, കെട്ടിമേഞ്ഞവയായി
പാഴ്ക്കുടിലുകളത്രെ, എങ്കിലുമവയിൽനിന്നങ്ങുകിട്ടിയ
മണിത്തങ്കങ്ങൾ മഹാർഘങ്ങൾ മറ്റെങ്ങുമലഭ്യങ്ങൾ
ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു
പൊങ്കിരീടത്തെ ജഡാജൂഡമായ് മാറ്റീടുന്നു
സ്വർഗ്ഗവും തൃണപ്രായം നിങ്ങൾക്കീഭൂമിയിൽ
മൃഗ്യമായൊന്നേയുള്ളൂ സ്വാതന്ത്ര്യം സാക്ഷാൽ മോക്ഷം."

19-ാം നൂറ്റാണ്ടിൽ നമ്മുടെ സഭയ്ക്ക് ഇപ്രകാരം ഒരു ഋഷീന്ദ്രൻ ഉണ്ടായി; പരുമല തിരുമേനി. ഇരുപതാം നൂറ്റാണ്ടിൽ, നമ്മുടെ സഭയ്ക്ക് ഇപ്രകാരം ഒരു ഋഷീന്ദ്രൻ ഉണ്ടായി; പാമ്പാടി തിരുമേനി.

കോട്ടയം ജില്ലയിൽ പാമ്പാടിയിലെ പൊന്തൻകാടുപിടിച്ച പൊത്തൻപുറത്ത് ഒരു പർണ്ണശാലകെട്ടിയ മഹാമുനി; തന്റെ അടുക്കൽ വന്നവർക്ക് വാരിക്കൊടുത്ത് മതിവരാഞ്ഞ മഹാദാതാവ്; പൂക്കളെയും, പൂമ്പാറ്റകളെയും, പ്രാവുകളെയും, പൈതങ്ങളെയും, പശുക്കളെയും, പട്ടികളെയും, പൂച്ചകളെയും, കാക്കകളെയും, കാടുകളെയും സ്നേഹിച്ച മഹർഷി; അജഗണങ്ങൾക്ക് എന്നും അരികിലുണ്ടായിരുന്ന അജപാലകൻ; ശരീരത്തോടെയിരുന്നപ്പോൾ ഓടിയെത്തി കൈമുത്തി ആശ്വസിച്ചതിന്റെ നൂറുമടങ്ങ് ആളുകൾ, കബറിടം മുത്തി സായൂജ്യമടയുന്ന ദിവ്യസാന്നിദ്ധ്യം; ഇങ്ങനെ പറയാൻ തുടങ്ങിയാൽ, ആ വിശുദ്ധിയുടെ വിശ്വരൂപത്തിന് വിശേഷണങ്ങൾ അനവധി.

1885 ഏപ്രിൽ 5-ന്, പാമ്പാടി പേഴമറ്റത്ത് ചാക്കോ, ഇളച്ചി ദമ്പതികൾക്കുണ്ടായ പത്തു മക്കളിൽ അഞ്ചാമനായി ജനിച്ച കുറിയാച്ചൻ എന്ന കുറിയാക്കോസ്, ദാരിദ്ര്യം അറിഞ്ഞ ഒരു കർഷക കുടുംബത്തിലെ അംഗമായിരുന്നു. ഗ്രാമാന്തരീക്ഷത്തിലെ ഒരു കൊച്ചു പള്ളിക്കൂടവും, അവി

ടത്തെ ആശാനും, പലരുടെയും മനസ്സിലുള്ളതുപോലെ, പാമ്പാടി തിരുമേനി ബാലനായിരുന്നപ്പോൾ, ഒരു പള്ളിവാതുക്കൽ സ്കൂളും അവിടത്തെ മഠത്തിലാശാൻ എന്ന സി. ജി. രാമൻപിള്ളയും എന്നും മനംനിറഞ്ഞു നിന്നു. മദ്ബഹാശുശ്രൂഷയ്ക്ക് കൂടുന്ന ഒരു പാവം ബാലനിൽ, ദൈവ വിളിക്ക് യോഗ്യത തെളിയിച്ച യാദൃശ്ചികതയുടെ ഒരു കൊച്ചു കഥയുണ്ട്. പാമ്പാടിപള്ളിയുടെ മുറ്റത്ത് ആളുകൾ നടന്നുവരുന്നിടത്ത് ചാണകം കൈകൊണ്ട് വാരി തെങ്ങിൻചുവട്ടിലിട്ട ബാലനെ പള്ളിമേടയിൽ നിന്ന് ഒരു തിരുമേനി ശ്രദ്ധിച്ചു. കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് ആയിരുന്നു ആ തിരുമേനി. പാമ്പാടി തിരുമേനിയെന്ന കൊച്ചുകുറിയാക്കോസ് ആയിരുന്നു ആ 'വ്യത്യസ്തനാം' ബാലൻ. പതിനാലാം വയസ്സിൽ ശെമ്മാശ്ശനായപ്പോൾ, കുപ്പായം തയ്പിക്കുവാൻ ഉള്ള പണത്തിനുപോലും മാതാപിതാക്കൾ പണിപ്പെട്ടു. വൈദികപഠനത്തിനായി, കോട്ടയം പഴയസെമിനാരിയിൽ "ഉണ്ടുതാമസ"ത്തിന് ഫീസുകൊടുക്കുവാൻ വകയില്ലാത്തതിനാൽ താഴത്തങ്ങാടിയിൽ ഒരു ബന്ധുവീട്ടിൽ താമസിച്ചുകൊണ്ട് അവിടെനിന്ന് നടന്നുപോയി പഠിച്ചു. അന്ന് വട്ടശ്ശേരിൽ മല്പാനച്ചൻ, അതായത് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി, ആയിരുന്നു പ്രധാന ഗുരു. കൂടെ, ചക്കരക്കടവിൽ യൗസേഫു മല്പാനും പഠിപ്പിക്കാനുണ്ടായിരുന്നു. കാലും മേലും വേദനിച്ചു പഠിക്കാൻ പോയതുകൊണ്ടാകാം, കുറിയാക്കോസ് ശെമ്മാശൻ പഠിക്കേണ്ടതു പഠിക്കേണ്ടതുപോലെ ഭംഗിയായി പഠിച്ചു. ശെമ്മാശന്റെ സുറിയാനി കൈപ്പട അതിമനോഹരമായിരുന്നു. സെമിനാരിപഠനം കഴിഞ്ഞ് തിരിച്ച് വീട്ടിലെത്തിയ ശെമ്മാശൻ രണ്ടു കാര്യം തീരുമാനിച്ചുറച്ചിരുന്നു. ഒന്ന്, ഇനിമുതൽ തന്റെ താമസം പാമ്പാടി പള്ളിയിൽ ആയിരിക്കും, കാരണം പള്ളിയിൽ താമസിച്ച് യാമപ്രാർത്ഥനകളും നോമ്പും ഉപവാസവും ധ്യാനവും നടത്തുന്നത് ഒരു സ്വർഗ്ഗീയാനുഭൂതിയാണ്. രണ്ട്, ഒരു സന്യാസിപട്ടക്കാരനായി വേണം ശിഷ്ഠായുസ്സ് കഴിച്ചു കൂട്ടുവാൻ.

ദൈവത്തിലും അവിടുത്തെ അമിതബലത്തിലും ആത്മാവിന്റെ നങ്കൂരം ഉറപ്പിച്ചവന്, ഉപവാസവും പ്രാർത്ഥനയും പ്രാണവായു പോലെയാണ്. കുറിയാക്കോസ് ശെമ്മാശന് അത് വിശുദ്ധിയുടെ സോപാനത്തിലെ പടവുകൾ താണ്ടിയ രാപകലുകളായിരുന്നു. അപ്പോഴാണ്, ഒരിക്കൽ വല്ലാത്ത വറുതിമൂലം കുടിവെള്ളംപോലും വറ്റുന്ന അവസ്ഥ വന്നത്. ശെമ്മാശൻ ജനങ്ങളോട് പറഞ്ഞു, നമുക്ക് മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിക്കാം. മൂന്നാം ദിവസം ഒമ്പതാംമണി നമസ്കാരത്തോടെ ഉപവാസപ്രാർത്ഥന പൂർത്തിയാക്കി. എല്ലാവർക്കും, പള്ളിക്കുതാഴെ ചെത്തിമറ്റം വയലിൽ കഞ്ഞിയുണ്ടെന്ന് ശെമ്മാശൻ പറഞ്ഞതനുസരിച്ച് എല്ലാവരും അവിടെ

പ്പോയി, "കഞ്ഞിക്കുഴി"യിൽ നിന്ന് (ചെറിയ കുഴികളിൽ വാഴയില വച്ച്, കഞ്ഞി ഒഴിച്ച് വച്ചിരിക്കുന്നത്) പ്ലാവിലക്കരണ്ടികൊണ്ട് കഞ്ഞികുടിച്ച് തീരാറായപ്പോൾ അതാ ആകാശം ഇരുണ്ടു മഹാമാരി പെയ്തു. എന്തിനേറെ, കഞ്ഞി തയാറാക്കാൻ കൊണ്ടുവന്നിരുന്ന പാത്രങ്ങൾ, വയലിൽ പൊങ്ങിയ വെള്ളത്തിൽ പൊങ്ങി നീങ്ങി! ഭക്തനായ ശെമ്മാശനെക്കുറിച്ചുള്ള നാട്ടുകാരുടെ ധാരണ അവരുടെ ഉൾബോധ്യമായി. തങ്ങൾക്കു മുന്നിൽ നടക്കുവാൻ ഒരു ദൈവപുരുഷനുണ്ടെന്ന് അവർ ചിന്തിക്കുവാൻ തുടങ്ങി. സുവിശേഷത്തിൽ നാം വായിക്കുന്നു: "അവർ യരുശലേമിലേക്ക് യാത്ര ചെയ്കയായിരുന്നു; യേശു അവർക്കു മുമ്പായി നടന്നു; അവർ വിസ്മയിച്ചു; അനുഗമിക്കുന്നവരോ ഭയപ്പെട്ടു" (മർക്കോസ് 10:32).

പ. പരുമല തിരുമേനിയുടെ അന്ത്യനാളുകളിൽ അദ്ദേഹത്തെ പരിചരിക്കുവാനുള്ള നിയോഗം കുറിയാക്കോസ് ശെമ്മാശനാണുണ്ടായത്. ഗുരുവായ വട്ടശ്ശേരിൽ മല്പാനച്ചനാണ് ആ ദൈവികപദ്ധതിയുടെ നിർദ്ദേശകനായത്. ഏലിയാവിന്റെ പുതപ്പ് വാങ്ങുവാനുള്ള ഏലിശായുടെ നിയോഗമായി അതു പരിണമിച്ചു. 1902 നവംബർ 2-ന് 55-ാം വയസ്സിൽ കാലം ചെയ്ത പരുമല തിരുമേനിക്ക് ദിവ്യദൃഷ്ടിയിൽ തന്റെ വിശുദ്ധ പിൻഗാമിയെ കാണാൻ കഴിഞ്ഞിരിക്കണം.

പാമ്പാടിയിൽ തിരിച്ചെത്തിയ കുറിയാക്കോസ് ശെമ്മാശനെ എത്രയും വേഗം ഒരു വൈദികനാക്കുവാനും, റമ്പാനാക്കുവാനും ഉള്ള ആലോചനകൾ കേന്ദ്രസ്ഥാനങ്ങളിൽ നടന്നു. പക്ഷെ, അത് നടപ്പിലായത് മൂന്നാലു വർഷം കഴിഞ്ഞാണ്. അതിനു മുഖ്യകാർമ്മികനായത്, പിന്നീട് മലങ്കരയുടെ ഒന്നാം കാതോലിക്കാ ആയ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് തിരുമേനിയാണ്. സാത്വികതയുടെ പര്യായമായിരുന്ന മുറിമറ്റത്തിൽ തിരുമേനിയെക്കുറിച്ച് ഭയഭക്തി ബഹുമാനങ്ങളോടെ നാട്ടുകാർ പറഞ്ഞിരുന്നത്, "മുറിമറ്റത്തിന് മുകളിലേക്ക് ഒരു ചരടുണ്ട്" എന്നാണ്. തിരുമേനി പാമ്പാടി പള്ളിയിൽ എത്തി, 1906 ജൂലൈ 28-ന്, 21 വയസ്സുള്ള കുറിയാക്കോസ് ശെമ്മാശ്ശനെ വൈദികനായി പട്ടംകെട്ടി. പിറ്റെ ദിവസം തന്നെ നവവൈദികനെ, റമ്പാനാക്കി, ഒരു അപൂർവ്വചരിത്രം ചമച്ചു. അങ്ങനെ, പരുമലയിലെ പനിമലർസുഗന്ധം, പാമ്പാടിയിലെ പള്ളിപ്പരിസരത്തും പരക്കുന്നതുപോലെ പലർക്കും തോന്നാൻ തുടങ്ങി.

കുറിയാക്കോസ് റമ്പാൻ, തന്റെ വൈദികശുശ്രൂഷയുടെ അത്യുജ്ജ്വല ഘട്ടത്തിലേക്കു കടന്നു. അത്, വൈവിധ്യമാർന്ന അജപാലന ശുശ്രൂഷയുടെയും, പുണ്യപരിശീലനത്തിന്റെയും കാലഘട്ടമായിരുന്നു. പാമ്പാടി പള്ളിയുടെ പുതുക്കിപ്പണിയും റമ്പാച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അതിനിടയിൽ പലപ്പോഴും, കോട്ടയത്ത് പഴയസെമിനാരിയിൽ എത്തു

വാനുള്ള നിർദ്ദേശങ്ങളും ലഭിച്ചുകൊണ്ടിരുന്നു. സഭാന്തരീക്ഷം, 1908 മുതൽ കൂടുതൽ സങ്കീർണ്ണമായിത്തുടങ്ങി. അന്ത്യോഖ്യാ പാത്രിയർക്കീസുമായി നിരന്തര കത്തിടപാടുകൾ ആവശ്യമായി വന്നു. സുറിയാനിയിൽ അക്ഷരവടിവിലും, ആശയവിനിമയത്തിലും പ്രവീണനായ കുറിയാക്കോസ് റമ്പാൻ കത്തിടപാടുകളുടെ കാര്യസ്ഥനായി ഭവിച്ചു. വട്ടശ്ശേരിൽ റമ്പാനും മറ്റും യരുശലേമിൽ പോയി മെത്രാൻസ്ഥാനം പ്രാപിക്കുവാനുള്ള എഴുത്തുകുത്തുകൾ തുടങ്ങി യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ പലതും പാമ്പാടിറമ്പാച്ചൻ ചെയ്തു. ഇതിനിടയ്ക്ക്, പാമ്പാടിയിലും ചുറ്റുപാടുമുള്ള പ്രദേശങ്ങളുടെ പല ആത്മീയ ആവശ്യങ്ങൾക്കും റമ്പാച്ചന്റെ സാന്നിദ്ധ്യം അനിവാര്യമായി വന്നു. പലപ്പോഴും "കാൽ"വണ്ടിയിലും, ചിലപ്പോൾ കാളവണ്ടിയിലും ആയിരുന്നു ഈ യാത്രകൾ.

വട്ടശ്ശേരിൽ തിരുമേനിയും മറ്റും സ്ഥാനം ഏറ്റ് 1908-ൽ തന്നെ തിരിച്ചെത്തി. 1909-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ കാലം ചെയ്തു. താമസിയാതെ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ എത്തി, പഴയസെമിനാരിയിൽ താമസവും തുടങ്ങി. ഒരു ദിവസം സെമിനാരി ചാപ്പലിൽ പാമ്പാടി കുറിയാക്കോസ് റമ്പാൻ വി. കുർബ്ബാന അനുഷ്ഠിക്കുമ്പോൾ പാത്രിയർക്കീസ് അതിൽ സംബന്ധിച്ചു. സുറിയാനിയിൽ അനായാസം ഭക്തിനിർഭരമായി അനുഷ്ഠിക്കപ്പെട്ട കുർബ്ബാനയിൽ അദ്ദേഹത്തിന് സന്തോഷം ഉണ്ടായി. പക്ഷേ, ഒരു കാര്യം എന്തുകൊണ്ട് വിട്ടുപോയിയെന്ന് പാത്രിയർക്കീസ് തിരക്കി. മേൽസ്ഥാനികൾ സംബന്ധിക്കുമ്പോൾ വി. കുർബ്ബാനയിൽ, കർത്തൃപ്രാർത്ഥന അവർ ആരംഭിക്കുവാൻ കാർമ്മികൻ ഇടം നൽകും. അത് അന്നു നടന്നില്ല. കാര്യം തിരിച്ചറിഞ്ഞ കുറിയാക്കോസ് റമ്പാൻ, കുറ്റബോധത്തോടെ, നിഷ്ക്കളങ്കമായി ഏതാണ്ട് ഇങ്ങനെ പറഞ്ഞു: "സത്യത്തിൽ ഞാനപ്പോൾ ആകാശത്തിലുള്ള ബാവായുടെ അടുക്കലാണെന്ന് വിചാരിച്ച്, അത് അങ്ങു ചൊല്ലിപ്പോയി. ബാവാ ഉണ്ടെന്നുള്ള കാര്യം ഓർത്തില്ല" (നമ്മുടെ വൈദികർ ഈ നിഷ്ക്കളങ്ക മറുപടിയെ മുതലെടുക്കാതിരിക്കട്ടെ).

1911-ൽ അബ്ദുള്ളാ പാത്രിയർക്കീസ്, വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുന്ന കല്പന ഇറക്കി. സഭയിൽ രണ്ടു കക്ഷികൾ രൂപപ്പെട്ട്, തുറന്ന കലഹത്തിന്റെ അന്തരീക്ഷം ഉണ്ടായി. പാമ്പാടിപ്പള്ളിയിലും അതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടായി. റമ്പാച്ചൻ പാമ്പാടിപ്പള്ളിയിൽ കയറരുതെന്നുള്ള കോടതി നിരോധനത്തോളം കാര്യങ്ങൾ എത്തി. ഹൃദയവേദനയോടെ റമ്പാച്ചൻ പറഞ്ഞു: "പട്ടിക്ക് പള്ളിമുറ്റത്തുകൂടി നടക്കാം. നരിച്ചീറിനു പള്ളിയകത്തു പറക്കാം. പക്ഷെ എനിക്കു മാത്രം...." തളർന്നുപോയാലും, തകർന്നു പോകുവാൻ തമ്പുരാൻ ഇടയാക്കാത്ത സാഹചര്യങ്ങൾ നമുക്കുണ്ടാകാറുണ്ടല്ലോ. റമ്പാച്ചനും തളർന്നുവെങ്കിലും തകരുവാൻ ദൈവം ഇടയാക്കിയില്ല.

സഭാപ്രശ്നത്തിൽ വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം നിലകൊണ്ട കുറിയാക്കോസ് റമ്പാൻ തന്റെ സഭാസ്നേഹം തീവ്രവാദത്തിൽ തെളിയിക്കാൻ ആഗ്രഹിച്ചില്ല. അദ്ദേഹം സൗമ്യനായിരുന്നു. തീവ്രമായ കക്ഷിവികാരം ഇളക്കിവിടുന്ന പലരുടെയും സ്വകാര്യഅജണ്ട തനിക്ക് വേണ്ടായെന്ന് അദ്ദേഹം തീരുമാനിച്ചു. 1911-ൽ കൂടിയ മലങ്കര അസോസ്യേഷൻ, വാകത്താനത്തു കാരുചിറ ഗീവർഗീസ് റമ്പാനോടും (പിന്നീട് രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് ഒന്നാമൻ), കുറിച്ചി കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനോടും (പിന്നീട് മൂന്നാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ) ഒപ്പം, പാമ്പാടി പേഴമറ്റത്ത് കുറിയാക്കോസ് റമ്പാനേയും മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. പക്ഷേ, അദ്ദേഹം സ്ഥാനം സ്വീകരിക്കാൻ മുന്നോട്ടു വന്നില്ല. കലുഷിതമായ സഭാന്തരീക്ഷത്തിൽ നാട്ടിലുള്ള ചിലർ തന്നോട് ദുർമുഖം കാണിക്കുന്നതു കണ്ടപ്പോൾ റമ്പാച്ചന് ഏറെ വേദനയായി. സ്വസ്ഥമായി, സ്വന്തമായി ഒരു പർണ്ണശാല കെട്ടുവാൻ എവിടെ സ്ഥലം? ആരു സഹായിക്കും? അദ്ദേഹത്തിന്റെ വേദന ആദ്യം വായിച്ചെടുത്തതും പരിഹരിച്ചതും ഗുരുവായ മഠത്തിലാശാൻ ആയിരുന്നു. ആ ഗുരുശിഷ്യബന്ധം ഉദാത്തമായ ഒരു ഗുരുശിഷ്യബന്ധമായിരുന്നു. സാമാന്യം വലിയ ഒരു ഭൂവുടമ കൂടിയായ ഗുരു, പൊത്തൻപുറം കുന്നിൽ തനിക്കുണ്ടായിരുന്ന 12 ഏക്കർ സ്ഥലം, പ്രിയ ശിഷ്യന് എഴുതിക്കൊടുത്തു. റമ്പാച്ചനുവേണ്ടി ഭക്തജനങ്ങൾ ഒരു ആശ്രമം ഒരുക്കി.

ഓലമറച്ച്, ഓലമേഞ്ഞ്, ചാണകം മെഴുകിയ ആശ്രമത്തെ, ആദ്യത്തെ ക്രൈസ്തവ സന്യാസിയായ തീബ്സിലെ പൗലൂസിന്റെ ഗുഹയോടും, ക്രൈസ്തവാശ്രമ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ അന്തോനിയോസിന്റെ വാസസ്ഥലത്തോടും, ആദ്യ സന്യാസസമൂഹാദ്ധ്യക്ഷനായ പക്കോമിയോസിന്റെ ആശ്രമത്തോടും താരതമ്യപ്പെടുത്തുവാൻ കഴിഞ്ഞുകാണും. താമസിയാതെ ഒരു ദയറാക്കെട്ടിടം തന്നെ അവിടെ പണി ആരംഭിച്ചു. സഹായങ്ങൾ പല വഴികളിലായി വന്നെത്തി. മാർ കുറിയാക്കോസ് സഹദായുടെ നാമത്തിൽ കെട്ടിടം സമർപ്പിച്ചു. ആ കെട്ടിടമാണ് ദയറാപള്ളിയുടെ തെക്കുവശത്ത് നാമിന്നുകാണുന്ന പൈതൃകമന്ദിരം. അവിടെ താമസിച്ചുകൊണ്ട് ഒരു താത്ക്കാലിക ദേവാലയവും, പിന്നീട് സ്ഥിരമായ ഒരു ദേവാലയവും നിർമ്മിച്ചു (ആ ദേവാലയസ്ഥാനത്ത് സമീപകാലത്ത് പുത്തൻ ദേവാലയം നിർമ്മിക്കപ്പെട്ടതാണ് ഇന്നു കാണുന്നത്). യാമപ്രാർത്ഥനകളും, വി. കുർബ്ബാനാനുഷ്ഠാനവും നടക്കുവാൻ തുടങ്ങിയതോടെ പൊത്തൻപുറം ഒരു പുണ്യതീർത്ഥമായി മാറി. ആ കുന്നിന് വട്ടശ്ശേരിൽ തിരുമേനി "താബോർ" എന്ന് നാമകരണം ചെയ്തത് അർത്ഥവത്തായി. സ്വർഗ്ഗവും, ഭൂമിയും, മാലാഖമാരും, വാങ്ങിപ്പോയവരും, ജനസഞ്ചയ

ങ്ങളും, അവിടെ സമ്മേളിച്ച താബോറായി അവിടം. ആത്മീയ സമാധാനം തേടിയെത്തുന്നവർക്ക് മനഃശാന്തി, ആതുരർക്ക് അഭയകേന്ദ്രം, വിശപ്പ് ശമിക്കേണ്ടവർക്ക് വയറുനിറച്ചാഹാരം, പക്ഷിമൃഗാദികൾക്ക് നിർഭയമായ ഒരു ആവാസകേന്ദ്രം, നാനാജാതിമതസ്ഥർക്ക് ഒരു മതസൗഹൃദവേദി, സഭാശുശ്രൂഷകർക്ക് സമ്പൂർണ്ണ പരിശീലനകേന്ദ്രം, ഇങ്ങനെയെല്ലാമായ പൊത്തൻപുറം സാവധാനത്തിൽ ഒരു പുത്തൻപുരമായി മാറി.

സഭാപൈതൃകത്തിലൂടെ ലഭിച്ച ആരാധനാനുഷ്ഠാനങ്ങൾ ചിട്ടയോടും ക്രമമായും നടത്തപ്പെടുന്ന ഒരു ദേവാലയം; ആരെപ്പോൾ കടന്നുവന്നാലും അവരെ ആത്മശരീരമനസ്സുകളിൽ പരിചരിക്കുന്ന ഒരിടം. ഇതു രണ്ടുമായിരുന്നു ചുരുക്കത്തിൽ പാമ്പാടിയിലെ കുറിയാക്കോസ് റമ്പാച്ചന്റെ സ്വപ്നസാക്ഷാൽക്കാരം. അതിനു രണ്ടിനും ഇന്നും മങ്ങലേൽക്കാതെ ഇരിക്കുന്നുവെന്നതാണ്, പൊത്തമ്പുറം ദയറായുടെ ചൈതന്യം. മിതഭാഷിയും, ജ്ഞാനിയും, സൗമ്യനും, എളിമയുടെ നിറകുടവും ആയ റമ്പാച്ചന് എല്ലാവരും സ്വന്തമായിരുന്നു. അതുകൊണ്ടുതന്നെ റമ്പാച്ചൻ എല്ലാവർക്കും സ്വന്തമായിതീർന്നു. തനിക്ക് ലഭിക്കുന്നതെല്ലാം ആർക്കെങ്കിലും കൊടുത്തുകൊണ്ടിരിക്കണം എന്ന ഒറ്റ നിർബന്ധമേ റമ്പാച്ചന് ഉണ്ടായിരുന്നുള്ളു. അടുത്തു പരിചരിച്ചവരിൽ ചിലർക്ക് ഈ നിർബന്ധത്തോട് അമർഷം തോന്നിയ നിമിഷങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, അവർക്കും ആ നിർബന്ധത്തിന്റെ മുമ്പിൽ തല നമിക്കേണ്ടിവന്നു. കാരണം അവർ കണ്ടറിഞ്ഞു, മരുഭൂമിയിൽ പറന്നിറങ്ങിയ മന്നയും കാടപ്പക്ഷിയും, ഏലിയാവിനെ തീറ്റിയ കാക്കയും, സറെപ്തയിലെ വിധവയെ കരുതിയ ദൈവപുരുഷനും ഒക്കെ തങ്ങളുടെ സമീപത്തുതന്നെ ഉണ്ടെന്ന്.

23 വർഷം റമ്പാനായി കഴിഞ്ഞുകൂടിയ കുറിയാക്കോസ് റമ്പാച്ചനെ ഒരു ദിവസം അല്പം കാർക്കശ്യഭാവത്തോടെ ഗുരുവും മലങ്കര മെത്രാപ്പോലീത്തായുമായ വട്ടശ്ശേരിൽ തിരുമേനി വിളിച്ചുവരുത്തി ആജ്ഞാപിച്ചു; മെത്രാൻസ്ഥാനം സ്വീകരിക്കണമെന്ന്. തിരുവായ്ക്ക് എതിർവാ ഇല്ലാത്ത രീതിയിൽ അതനുസരിക്കേണ്ടി വന്നു. 1929 ഫെബ്രുവരി 16-ന് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായാൽ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് എന്ന നാമത്തോടെ മേല്പട്ടസ്ഥാനം സ്വീകരിച്ചു.

"ഗ്രീഗോറിയോസ്" എന്ന പേര് ശ്രദ്ധേയമാണ്. പേരിന്റെ അർത്ഥം "ഉണർന്നിരിക്കുന്നവൻ" അഥവാ "ജാഗ്രതയുള്ളവൻ" എന്നാണ്. പേരിനെ അന്വർത്ഥമാക്കി, കോട്ടയം മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി 36 വർഷം ജാഗ്രതയോടെ അജപാലനം നിർവ്വഹിച്ചു. പാമ്പാടി മാർ കുറിയാക്കോസ് ദയറാ തന്നെയായിരുന്നു ആസ്ഥാനം.

അങ്ങനെ "പാമ്പാടി റമ്പാച്ചൻ", "പാമ്പാടി തിരുമേനി" ആയി. ഒരു കാര്യം എല്ലാവരും തിരിച്ചറിഞ്ഞു. കുറിയാക്കോസ് റമ്പാച്ചനിലെ ശോഭയുള്ള പട്ടക്കാരൻ, കുറിയാക്കോസ് മാർ ഗ്രീഗോറിയോസിലും അതിശോഭയോടെ ജീവിച്ചു. അധികാരവും, ഭരണവും, പണവും, "പ്രോഗ്രാമും" ആരെയെല്ലാം എങ്ങനെയെല്ലാം മാറ്റിമറിക്കുന്നുവെന്നതിന് കൂടുതൽ വിശദീകരണങ്ങൾ ആവശ്യമില്ലല്ലോ. രാമായണത്തിൽ ഒരു മുനിയുടെ കഥയുണ്ട്. സീത രാമനോട് പറഞ്ഞ കഥയാണ്. ഒരു മാമുനിയുണ്ടായിരുന്നു. ഭക്തികൊണ്ടും സിദ്ധികൊണ്ടും ശോഭിച്ച അദ്ദേഹത്തോട് ദേവേന്ദ്രനുപോലും അസൂയയായി. ഒടുവിൽ ദേവേന്ദ്രൻ ഒരു പട്ടാളക്കാരന്റെ രൂപത്തിൽ വന്ന് തന്റെ ഒരാവശ്യം മുനിയോടറിയിച്ചു. തനിക്ക് അടുത്തൊരിടത്ത് ഒന്നു പോയിവരുന്നതുവരെ തന്റെ വിശേഷപ്പെട്ട വാൾ, മുനി ഒന്നു സൂക്ഷിക്കണം എന്ന്. ഭക്തന്റെ ആവശ്യം മുനി സമ്മതിച്ചു. വാൾ സൂക്ഷിക്കുന്നതിന്റെ ഭാഗമായി അത് തുടച്ച് വൃത്തിയാക്കുവാനും മുനി ശ്രദ്ധിച്ചു. പട്ടാളക്കാരൻ വന്നു ചോദിക്കുമ്പോൾ വാൾ തിരിച്ച് കൊടുക്കുവാനുള്ള ശ്രദ്ധകൊണ്ട്, മുനി തന്റെ വ്രതാനുഷ്ഠാനങ്ങളേക്കാൾ, വാളിന്റെ സുരക്ഷയ്ക്ക് ഊന്നൽ നൽകി. സാവധാനം, മാമുനി തന്റെ തപസിന്റെ തേജസ് നഷ്ടപ്പെട്ട വെറും "വാൾമുനി"യായി. ഇതുപോലെ യഥാർത്ഥ ലക്ഷ്യത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ ഉതകുന്നതു പലതും പ്രലോഭിപ്പിച്ച നിമിഷങ്ങളിൽ, പതറാതെ പാമ്പാടി തിരുമേനി ഉണർന്നിരുന്നു. ഇരുത്തംവന്ന ഭക്തിജീവിതത്തിന് ഇളക്കം തട്ടാതെ അലിവുനിറഞ്ഞ അജപാലനത്തിന് ആലസ്യമേൽക്കാതെ, പാമ്പാടി തിരുമേനി തന്റെ തീർത്ഥാടനം തുടർന്നു.

ആ തീർത്ഥാടനത്തിന് കുന്നംകുളംകാരെ കൊന്നുതിന്ന പ്ലേഗിനെതിരെ പോരാടിവിജയിക്കുന്ന തപശ്ശക്തി ഉണ്ടായിരുന്നുവെന്ന് തെളിഞ്ഞു. ആ തീർത്ഥാടനത്തിൽ പങ്കുചേരാൻ പ്രപഞ്ചത്തെ മുഴുവൻ മാടിവിളിക്കുന്ന മാസ്മരികത ഉണ്ടായിരുന്നു. പള്ളിയിലെ നമസ്കാരങ്ങൾക്കു ശേഷം പുറത്തുവരുന്ന തിരുമേനിയെ തങ്ങളുടേതായ ഭാഷയിൽ സ്നേഹമറിയിച്ച് തോളിലും കൈത്തണ്ടയിലും വന്നിരിക്കുന്ന പ്രാവുകൾ; പള്ളിമുറ്റത്തെ മാവിലെ മാങ്ങാപ്പഴം കൊത്തിത്തിന്ന് വയർ നിറഞ്ഞാലും തിരുമേനിയുടെ കൈയിൽനിന്ന് വീഴുന്നതെന്തെങ്കിലും തിന്നുവാൻ കാത്തിരിക്കുന്ന കാക്കക്കുടുംബങ്ങൾ; "നിന്റെ മക്കളെന്തിയേടീ?" എന്നു തിരുമേനി ചോദിക്കുമ്പോൾ, മക്കളെ കൂട്ടിക്കൊണ്ടുവരുന്ന അമ്മപ്പട്ടി; പൂക്കളും, പൂമ്പാറ്റകളും, പൂച്ചക്കുട്ടികളും അക്ഷരാർത്ഥത്തിൽ ആനന്ദമനുഭവിക്കുന്ന ഒരു ദിവ്യസാന്നിധ്യത്തെ, പിന്നീട് നാം പുനരവതരിച്ച് കണ്ടത് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയിലാണ്.

"പാമ്പാടി തിരുമേനി" എന്ന വിശുദ്ധപുരുഷൻ അനേകർക്ക് ഗുരുവായെങ്കിലും, ഉള്ളിന്റെ ഉള്ളിൽ എന്നും ഒരു വിനീതശിഷ്യന്റെ ഭാവം നിറ

ഞ്ഞുനിന്നു. മതത്തിനപ്പുറം, മനസ്സുകളെ ഇണക്കിയതു പലതും ആ ഭാവം സൃഷ്ടിച്ചെടുത്തു. 21 നൂറ്റാണ്ടുകളായി ഭാരതത്തിൽ നിലനിൽക്കുന്ന മലങ്കരസഭയുടെ സുവിശേഷദൗത്യം എന്തെന്ന് ചോദിക്കുന്നവരോട് നമുക്കു ഉത്തരം നൽകുവാൻ മതംമാറിയവരുടെ സംഖ്യ അനവധി ഇല്ല. പക്ഷേ, പരുമല തിരുമേനിയിലും, പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയിലും, ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയിലും, ഉത്തരേന്ത്യൻ ഗ്രാമങ്ങളുടെ "ബഡാ ബാബാ" ആയിത്തീർന്ന സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയിലും, മതംമാറ്റത്തിനപ്പുറത്തെ ഒരു മനംമാറ്റത്തിന്റെ സന്ദേശം ജ്വലിച്ചുനിൽക്കുന്നു. അതാണ് പാമ്പാടി തിരുമേനിയുടെ ആത്മസുഗന്ധം. മതത്തിന്റെ അതിർവരമ്പുകൾക്കപ്പുറത്ത് മനുഷ്യരെ തമ്മിൽ തമ്മിലും, മനുഷ്യരെ ദൈവത്തോടും ബന്ധിപ്പിക്കുന്ന ഒരു ഭാരതക്രൈസ്തവപൈതൃകം, അതാണ് മലങ്കരസഭയുടെ ചരിത്ര വൈശിഷ്ട്യം എന്ന് എടുത്തുപറയുവാൻ കഴിയുന്ന ഒരു ദൃഷ്ടാന്തം, പാമ്പാടി തിരുമേനിയിൽ കാണുന്നതിനെ, മതത്തിന്റെ പേരിൽ "IS" ഭീകരത സൃഷ്ടിക്കുന്നവരുടെയും, ഹിന്ദുത്വമറവിൽ "ഘർവാപസി" ഉദ്ഘോഷിക്കുന്നവരുടെയും, കാലത്ത് പറയാതിരിക്കാൻ വയ്യ. പാമ്പാടി തിരുമേനിക്ക്, ഇരിക്കുവാൻ ഒരിടം നൽകിയ ഹിന്ദുഗുരുവായിരുന്നു മഠത്തിലാശാൻ. മഠത്തിലാശാൻ തിരുമേനിയെ കാണാൻ വല്ലപ്പോഴും വരുമായിരുന്നു. ഗുരു വരുന്നുവെന്നറിയുമ്പോൾ മുതൽ തിരുമേനിയിലെ ശിഷ്യൻ കസേരയിലിരിക്കില്ലായിരുന്നു. മുറ്റത്ത് നടന്ന്, ഗുരുവിനെ സ്വീകരിച്ചിരുത്തും, പരിചരിക്കും. വീട്ടിലേക്ക് കാഴ്ചകൾ കൊടുത്തയയ്ക്കും. അതുകൊണ്ട്, ആ ഗുരുവിന്റെ കുടുംബം തിരുമേനിയോട് പുലർത്തുന്ന ഭക്തിബന്ധം ഇന്നും ഐതിഹാസികമാണ്. മഠത്തിലാശാന്റെ പൗത്രൻ വി. രവീന്ദ്രനാഥ് 1984-കളിൽ എഴുതിയ ചില വാചകങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ.

> "ഞങ്ങളുടെ അപ്പൂപ്പൻ (മഠത്തിലാശാൻ) പത്തു ലക്ഷം രൂപാ സമ്പാദിച്ചു ഞങ്ങൾക്കുവേണ്ടി ബാങ്കിൽ നിക്ഷേപിച്ചിട്ടു കടന്നുപോകുന്നതിനേക്കാൾ വലിയ സമ്പാദ്യം തന്നിട്ടാണ് പോയത്. പുണ്യപുരുഷനായ പാമ്പാടി തിരുമേനിയുമായി ഞങ്ങളെയെല്ലാം അദ്ദേഹം ബന്ധിച്ചു. അതായിരുന്നു അദ്ദേഹം ഞങ്ങൾക്ക് കൈമാറിയ ഏറ്റവും വിലയേറിയ കുടുംബസ്വത്ത്."

പാമ്പാടി തിരുമേനിയുടെ തപസിന്റെ തേജസ്സും അലിവിന്റെ ആഴവും, ജീവിച്ചിരുന്നപ്പോൾ തന്നെ അദ്ദേഹത്തെ "പരിശുദ്ധൻ" ആയി മനുഷ്യഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചു. ആ കരം സ്പർശിച്ചവർക്ക് സൗഖ്യവും സമാധാനവും; ആ മനം പ്രാർത്ഥിച്ചതിനൊക്കെ സാഫല്യം. ആ നാവു

ച്ചരിച്ചതൊക്കെ മനസ്സുടക്കുന്ന മൂർച്ചയായി ഭവിച്ചു. അതിലൊന്നാണ്, "മക്കളെ, മരണമുണ്ടെന്ന് മറക്കരുതേ" എന്നത്. ആ ശരീരത്തോടു ചേർന്നിരുന്ന വാച്ച് നിന്നുപോയ സമയം 2.35. ആ ശരീരം നിശ്ചലമായത്, തന്റെ എൺപതാമത്തെ ജന്മദിനമായ ഏപ്രിൽ 5-ന് വെളുപ്പിന് 2.35-ന്.

പാമ്പാടി തിരുമേനി ചരമസുവർണ്ണജൂബിലി വർഷത്തിൽ, ജനഹൃദയങ്ങളിൽ, സഹനത്തിനും സാന്ത്വനത്തിനും ഉള്ള സജീവ സാന്നിധ്യമായി പുനഃപ്രതിഷ്ഠ നേടുകയാണ്. അതിനോടനുബന്ധിച്ച്, ആ തുടർ സാന്നിധ്യത്തിന്റെ എളിയശബ്ദമായി ഈ വാക്കുകളെ സമർപ്പിക്കുന്നു. സ്വന്തം അനുഭവത്തിൽ നിന്ന് ഒരു സാക്ഷ്യം രണ്ട് വാചകങ്ങളിൽ കുറിച്ചുകൊണ്ട് അവസാനിപ്പിക്കട്ടെ:

"കനൽക്കൂനയിൽ നിന്നുകൊണ്ട് കിനാവു കാണുക ലോകപ്രകാരം സാധ്യമല്ല. പക്ഷേ, അതിനും കെല്പുതരുന്ന *സജീവ സാന്ത്വനസാന്നിധ്യമാണ് പാമ്പാടി തിരുമേനി.*"

# ഉള്ളടക്കം


അവതാരിക - ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ 7
വാങ്മുഖം 14

**ഉപോദ്ഘാതം**
ഭാരതപൈതൃകത്തിലടിയുറച്ച ക്രൈസ്തവ ഗുരുശ്രേഷ്ഠൻ
- ഫാ. ഡോ. ജേക്കബ് കുര്യൻ 18

**ദളം ഒന്ന്: ആർദ്രസ്നേഹത്തിന്റെ മൃത്യുഞ്ജയ മന്ത്രം**
**ഫാ. ഡോ. കെ. എം. ജോർജ്**

1. ആരാണ് സഭാപിതാക്കന്മാർ? 35
2. ഇന്നത്തെ അപ്പവും നിത്യജീവനും 43
3. ഒരു നല്ല ഇടയൻ 46
4. ആർദ്രവും സൗമ്യവുമായ ഒരു സാന്നിദ്ധ്യം 50
5. പ. പാമ്പാടി തിരുമേനിയുടെ യുഗാന്ത്യ ദർശനം 53
6. പ. പാമ്പാടി തിരുമേനിയുടെ പരിസ്ഥിതി ദർശനം 63
7. മനുഷ്യസ്നേഹത്തിന്റെ മരുപ്പച്ച 68

**ദളം രണ്ട്: ഗുരുവരുളുകൾ**

1. സൂക്തങ്ങൾ 71
2. പ്രസംഗങ്ങൾ 75
3. കല്പനകൾ, കത്തുകൾ 81
4. ഡയറിക്കുറിപ്പുകൾ 125

**ദളം മൂന്ന്: ഗുരുസ്മരണകൾ**

1. ഒരു തിരിഞ്ഞുനോട്ടം - പി. സി. യോഹന്നാൻ റമ്പാൻ 139
2. പൊത്തമ്പുറത്തേയ്ക്ക് - ഉലഹന്നൻ വർഗീസ് വടകര 164
3. വിശക്കുന്ന ക്രിസ്തുവിനെ തേടി - വർഗീസ് കക്കാട് 168
4. ഈ ചെറിയവരിൽ ആർക്കെങ്കിലും - പി. സി. ഐപ്പ് പല്ലാട്ട് 170
5. മരണത്തെപ്പറ്റി മാത്രം ചിന്തിക്കുന്ന മഹാചാര്യൻ
   - ഫാ. പി. പി. ഗീവറുഗീസ് 174
6. പാമ്പാടി മാർ ഗ്രിഗോറിയോസും പ. വട്ടശ്ശേരിൽ തിരുമേനിയും
   - ഫാ. ജേക്കബ് മണലിൽ 176
7. സാത്വികനായ തിരുമേനി - ഫാ. പി. എം. ഫിലിപ്പോസ് 180

## ദളം നാല്: ജീവിതവും ദർശനവും


1. മദ്ധ്യസ്ഥതയാൽ രോഗശാന്തി
   – ഗീവർഗീസ് മാർ ഈവാനിയോസ് 184
2. വിശുദ്ധിയുടെ നറുമലർ
   – പ്രൊഫ. നൈനാൻ ഏബ്രഹാം 190
4. ആത്മവിശുദ്ധിയുടെ ആർജ്ജവം
   – ഡോ. സിറിയക് തോമസ് 192
6. തപോധനനായ പുണ്യപുരുഷൻ
   – ഫാ. ടി. ജെ. ജോഷ്വാ 195
7. പാമ്പാടി തിരുമേനിയും പൗരസ്ത്യ ആദ്ധ്യാത്മികതയും
   – ഫാ. ഡോ. ബി. വർഗീസ് 198
8. പരുമല നിന്നും കുണ്ടറ വഴി പാമ്പാടിക്ക്
   – ഫാ. കുറിയാക്കോസ് മാണി കന്നുകുഴിയിൽ 201
9. ലളിതം ആ ജീവിതവും വചനവും
   – ഫാ. ജോസഫ് കുറിയാക്കോസ് പാമ്പാടികണ്ടത്തിൽ 205
10. പ. പാമ്പാടി തിരുമേനി: ചില വാകത്താനം സ്മരണകൾ
   – വിന്നി കെ. കോശി 208
11. അവരുടെയും എന്റെയും വിശപ്പ് ഒന്നു തന്നെ
   – സാബു വടകര 211
12. മൈലാപ്പൂരിലേക്ക് ഒരു തീർത്ഥയാത്ര
   – പി. എ. ജോൺ പേഴമറ്റം 213
13. വിദ്യകൊണ്ടു ശക്തമായ പാമ്പാടി
   – ഡോ. എം. കുര്യൻ തോമസ് 217


## ദളം അഞ്ച്: മുനിശ്രേഷ്ഠന്റെ 1935-ലെ കുന്നംകുളം യാത്ര


1. പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ പൊതു കല്പനയും
   പാമ്പാടി തിരുമേനിക്ക് അയച്ച കത്തും 226
2. മനോരമ വാർത്തകൾ 227
3. ഗോമതി വാർത്ത 231
4. കുന്നംകുളങ്ങര പ്ലേഗ് മഹാമാരി 232
5. കുന്നംകുളത്തു നിന്നും
   പ. പാമ്പാടി തിരുമേനി എഴുതിയ കത്ത് 232
6. കുന്നംകുളങ്ങര പ്ലേഗ് മഹാമാരിയും
   പാമ്പാടിയിലെ മുനിശ്രേഷ്ഠനും
   – വി. കെ. ശ്രീരാമൻ 233
7. 1935-ലെ കുന്നംകുളം യാത്ര: കാലാനുക്രമണിക 236

**ദളം ആറ്: താബോർഗിരിയിലെ യതിവര്യൻ**
**– വിദ്വാൻ വി. റ്റി. ഐപ്പ്** 238

**ദളം ഏഴ്: ജീവിതം കാലാനുക്രമണിക**


1. പ. പാമ്പാടി തിരുമേനി: കാലാനുക്രമണിക
   പ്രൊഫ. വിപിൻ കെ. വർഗീസ് 258
2. മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കന്തീല ശുശ്രൂഷ 270
3. പ. പാമ്പാടി തിരുമേനി കാലം ചെയ്ത വാർത്ത:
   മനോരമ റിപ്പോർട്ട് 273
3. കാൽ ലക്ഷം പേർ പങ്കെടുത്ത കബറടക്ക ശുശ്രൂഷ 276
4. മലയാള മനോരമ മുഖപ്രസംഗം 280
5. മുപ്പതടിയന്തിരം 281
6. പാമ്പാടി തിരുമേനി നടത്തിയ പട്ടംകൊട ശുശ്രൂഷകൾ 282
7. പാമ്പാടി തിരുമേനി: ബിബ്ലിയോഗ്രഫി 299

**ദളം എട്ട്: താബോർ ദയറ: വിശുദ്ധിയുടെ ഒരു നൂറ്റാണ്ട്**

1. അമ്പതു വർഷം പിന്നിട്ട പാമ്പാടി ദയറ
   – ഫാ. പി. സി. യോഹന്നാൻ 310
2. പാമ്പാടി ദയറ നൂറാം വർഷത്തിലേയ്ക്ക്
   – ഫാ. സി.എ. വർഗീസ് 312


**അനുബന്ധം**

1. പ. വട്ടശ്ശേരിൽ തിരുമേനി അയച്ച കത്തുകൾ 315
2. ഗീവറുഗീസ് രണ്ടാമൻ ബാവാ അയച്ച കത്തുകൾ 316
3. താബോറിലെ താപസൻ (കവിത)
   – പുത്തൻകാവ് മാത്തൻ തരകൻ 319
4. പാമ്പാടിയിലെ പനിനീർപൂവ് (കവിത)
   – സഭാകവി സി. പി. ചാണ്ടി 323
5. അന്നദാന മഹോത്സവം
   – ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ 325



“പരുമലയിൽ കാലം ചെയ്ത മാർ ഗ്രീഗോറിയോസിനുശേഷം ഇത്ര പരിശുദ്ധനായ ഒരാൾ ആ ദേശത്തുണ്ടായിട്ടില്ല. ... എനിക്കറിയാവുന്നതെല്ലാം അദ്ദേഹത്തിനും അറിയാം.”

**– പ. ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ**



# ദളം ഒന്ന്

# ആർദ്രസ്നേഹത്തിന്റെ മൃത്യുഞ്ജയ മന്ത്രം

ഫാ. ഡോ. കെ. എം. ജോർജ്

# 1

# ആരാണ് സഭാപിതാക്കന്മാർ?

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലും പാശ്ചാത്യ (റോമൻ കത്തോലിക്കാ) പാരമ്പര്യത്തിലും സഭാപിതാക്കന്മാർക്ക് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. സഭയുടെ വിശ്വാസം, വേദശാസ്ത്രം എന്നിവയിലാണു പിതാക്കന്മാർക്ക് ആധികാരികമായ സ്ഥാനം നാം കൊടുക്കുന്നത്. എ.ഡി. 325-ലെ നിഖ്യാ സുന്നഹദോസിനു ശേഷം, 'പിതാക്കന്മാരുടെ വിശ്വാസം' എന്ന പ്രയോഗം സഭയിൽ വേരുറച്ചു. അറിയോസിന്റെ വേദവിപരീതത്തിനെതിരെ, സഭയുടെ സത്യവിശ്വാസമാണു നിഖ്യായിൽ കൂടിയ പിതാക്കന്മാർ പ്രഖ്യാപിച്ചത്. അപ്പോൾ 'പിതാക്കന്മാരുടെ വിശ്വാസം' എന്ന പ്രയോഗത്തിൽ കാണുന്ന 'പിതാക്കന്മാരെ' പൊതുവായ അർത്ഥത്തിൽ സത്യവിശ്വാസ സംരക്ഷകന്മാർ എന്നു നിർവ്വചിക്കാം. അങ്ങനെയെങ്കിൽ, സത്യവിശ്വാസം സംരക്ഷിച്ച നമ്മുടെ പൂർവ്വികന്മാർ എല്ലാവരും സഭാപിതാക്കന്മാരാണോ, അതോ ആ ബഹുമതി ഏതാനും ചിലർക്കു മാത്രമായി സഭ മാറ്റിവച്ചിരിക്കുകയാണോ?

'ആരാണ് സഭാപിതാക്കന്മാർ' എന്ന ചോദ്യത്തിനു വളരെ വ്യക്തമായ ഒരുത്തരം നൽകാൻ പൗരസ്ത്യ പാരമ്പര്യം മടിക്കുന്നു. എന്നാൽ റോമൻ കത്തോലിക്കാ സഭ അതിനു ചില വ്യക്തമായ മാനദണ്ഡങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതു പിന്നാലെ കാണാം. "സഭാപിതാക്കന്മാർ", "പിതാക്കന്മാരുടെ വിശ്വാസം" എന്ന രണ്ട് പുരാതന പ്രയോഗങ്ങളുടെ പശ്ചാത്തലം സൂചിപ്പിക്കേണ്ടതുണ്ട്.

### യഹൂദപശ്ചാത്തലം

യഹൂദന്മാരുടെ വേദപുസ്തകത്തിൽ (ക്രിസ്തീയ വേദത്തിലെ പഴയനിയമം) *പിതാക്കന്മാർ* എന്ന പ്രയോഗം സാർവ്വത്രികമായിട്ടുണ്ട്. ഒരാളുടെ സ്വന്തം പിതാവു മുതൽ മുകളിലേക്ക് കുടുംബത്തിലും വംശത്തിലുംപെട്ട പൂർവ്വികരെയാണ് ഇവിടെ പിതാക്കന്മാർ എന്നു സൂചിപ്പിക്കുന്നത്. സ്വാഭാവികമായും ഇവർ രക്തബന്ധമുള്ള പൂർവ്വികരാണ്. ഗോത്രസംസ്കാരത്തിൽ ഈ പൂർവ്വികർ എത്ര തലമുറയ്ക്ക് മുമ്പുള്ളവരാണെങ്കിലും പിതാക്കന്മാരാണ്. ബൈബിളിൽ നൽകിയിരിക്കുന്ന വംശാവലികളിൽ ഇത് വ്യക്തമാണ് (പുതിയനിയമത്തിൽ മത്തായി 1:17, ലൂക്കോസ് 3:23-38 എന്നിവയും പഴയനിയമത്തിൽ നിരവധി പട്ടികകളുമുണ്ട്). ഇങ്ങനെ പൊതുവായി യഹൂദന്മാർ അവരുടെ പിതാക്കന്മാരെ ഓർക്കുന്നുണ്ടെങ്കിലും, അവരിൽ ചില വ്യക്തികളെ സവിശേഷമായി

സ്മരിക്കുന്നു. അവർ എബ്രായക്കാരുടെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. ഉദാഹരണമായി അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ. അവരിൽത്തന്നെ പ്രത്യേകിച്ചും അബ്രഹാം. അബ്രഹാം വംശസ്ഥാപകനാണ്. ഇസഹാക്ക് ദിവ്യവാഗ്ദാനത്തിന്റെ നിവൃത്തിയാണ്. ഇസ്രായേൽ ജനതയുടെ പേരിന്റെയും തനിമയുടെയും കാരണക്കാരനാണ് യാക്കോബ്. സ്വർഗ്ഗരാജ്യത്തിൽ നമ്മെയെല്ലാം 'അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ പാർപ്പിക്കണമേ' എന്നാണല്ലോ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥന. എത്ര വിശ്വവിശാലമായ മടിയായിരിക്കും അവരുടേത്! ഇസ്രായേൽ ജനതയുടെ ഗോത്രസ്മൃതിയുടെ ബാക്കിപത്രമാണ് ഈ പ്രാർത്ഥനയും. അതനുസരിച്ച് എത്ര തലമുറകളുടെ അന്തരമുണ്ടായാലും നാമെല്ലാം ഏക ശരീരമായി നമ്മുടെ ഗോത്രപിതാക്കന്മാരുടെ മടിയിലേക്ക് മടങ്ങുന്നു. ചിതറിപ്പോയ തലമുറകൾ അവരുടെ ഉറവയിലേക്ക് തിരിച്ചെത്തി കൂട്ടിച്ചേർക്കപ്പെടുന്നു. പൈതൃകം എന്നത് ഐക്യത്തിന്റേയും തനിമയുടെയും സ്വത്വബോധത്തിന്റെയും പ്രതീകമാവുന്നു. അതിനാണ് പാരമ്പര്യം (Tradition) എന്ന് പൊതുവെ പറയുന്നത്. യഹൂദന്മാർ പലപ്പോഴും ഈ പൈതൃകത്തെപ്പറ്റി അതിരുകടന്ന അഭിമാനം കാണിച്ച് അത് അഹങ്കാര പ്രകടനത്തിനും മറ്റുള്ളവരെ പുച്ഛിക്കുന്നതിനും ഉപാധിയാക്കിയിട്ടുണ്ട്. അവർക്കിടയിൽത്തന്നെ, 'പാപികളെയും ചുങ്കക്കാരെയും" എളിയവരെയും നിന്ദിക്കുവാനും ഇത് ഉപയോഗിച്ചു. പൈതൃകത്തിന്റെ അഥവാ പാരമ്പര്യത്തിന്റെ ഇത്തരം ഹീനമായ ഉപയോഗത്തിനെതിരെ യേശുക്രിസ്തു വിപ്ലവകരമായ പ്രതിഷേധമുയർത്തി. താൻ സൗഖ്യമാക്കിയ കൂനിയും അഗതിയുമായ സ്ത്രീയെ 'അബ്രഹാമിന്റെ മകൾ' എന്നും താൻ മാനസാന്തരപ്പെടുത്തിയ ചുങ്കക്കാരനായ സക്കായിയെ 'അബ്രഹാമിന്റെ മകൻ' എന്നും പരസ്യമായി വിശേഷിപ്പിച്ചു. ഒരു യഹൂദ വ്യക്തിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ബഹുമതിയാണ് കർത്താവ് അവർക്ക് നൽകിയത്. പൈതൃക പാരമ്പര്യത്തെപ്പറ്റിയുള്ള യഹൂദപ്രമാണിമാരുടെ സങ്കല്പത്തിന് കടക വിരുദ്ധമായിരുന്നു ഇത്.

ദാവീദ് ആണ് ഇസ്രായേൽ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ല്. ദാവീദിന്റെ പട്ടണവും സിംഹാസനവും നിർണ്ണായകമായിരുന്നു. മിശിഹാ വരുന്നത് ദാവീദിന്റെ പുത്രനായി വിശുദ്ധ നഗരത്തിൽ അവന്റെ സിംഹാസനത്തിന് അവകാശിയായിട്ടായിരിക്കും എന്ന് അവർ പഠിപ്പിച്ചു. അപ്പോഴാണ് ഒന്നുമല്ലാത്ത നസ്രേത്തിൽ നിന്ന് വെറും തച്ചന്റെ മകൻ "ദാവീദു പുത്രനാ"ണെന്ന് യറുശലേം നഗരത്തിൽ ഓശാന സ്തുതികളോടെ ജനം ആർത്തുവിളിച്ചത്. ഇവിടെയും, അധികാരസ്ഥാനങ്ങളിലിരുന്ന യഹൂദമതാദ്ധ്യക്ഷന്മാരുടെ പാരമ്പര്യ-പൈതൃക സങ്കല്പങ്ങൾ തകർന്നടിഞ്ഞു.

## ക്രിസ്തീയ സഭയിൽ

ക്രിസ്തീയസഭയിൽ 'പൈതൃകം' എന്ന വാക്കിന് ഒരു വശത്ത് യഹൂദ ധാരണയോട് വളരെ കടപ്പാടുണ്ട്. മറുവശത്ത് യേശുക്രിസ്തു അതിന് തീർത്തും പുതിയൊരു അർത്ഥം നൽകി. ഗോത്രം, വംശാവലി, രക്ത ബന്ധം എന്നിവയൊന്നും ക്രിസ്തീയ പൈതൃകസങ്കൽപ്പത്തിൽ ഇല്ല. കാരണം ക്രിസ്തുവിന്റെ സുവിശേഷം ജാതീയവും വംശീയവും ഭാഷാ പരവുമായ എല്ലാ വേലിക്കെട്ടുകൾക്കും ഉപരിയായി സകല മനുഷ്യവർഗ്ഗ ത്തെയും ഒന്നായിക്കാണാനും എല്ലാവരെയും ദൈവമക്കളായി കരുതാ നുമാണ് പഠിപ്പിക്കുന്നത്. "നമ്മുടെ പിതാക്കന്മാർ" എന്ന പ്രയോഗം ക്രിസ്തീയ സഭയിലുമുണ്ട്. പക്ഷേ സങ്കുചിത വംശീയാർത്ഥത്തിലല്ല. ലോകരക്ഷകനായ യേശുക്രിസ്തുവിൽ വിശ്വസിക്കയും തങ്ങളുടെ ജീവിതം മൂലം ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം വഹിക്കയും ദൈവരാജ്യത്തിന്റെ നീതിയും സമാധാനവും സമൂഹത്തിൽ കൈവരു ത്തുവാൻ പ്രയത്നിക്കയും ചെയ്ത എല്ലാവരും പൊതുവായ അർത്ഥ ത്തിൽ സഭാപിതാക്കന്മാരാണ്.

"പിതാക്കന്മാർ" എന്നതിലെ പുല്ലിംഗസൂചന ക്രിസ്തീയ സുവിശേഷ വെളിച്ചത്തിൽ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. വാസ്തവത്തിൽ 'പിതാ ക്കന്മാരുടെ പാരമ്പര്യം' ആദ്ധ്യാത്മികമായി രൂപപ്പെടുത്തുന്നതിലും പിൻ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിലും നിർണ്ണായകപങ്കു വഹിക്കു ന്നത് അമ്മമാരാണ്. "പിതൃ" എന്ന വിശേഷണത്തിൽ സ്ത്രീകളും അമ്മ മാരും നിശ്ശബ്ദരും അദൃശ്യരുമാണ്. പുരുഷാധിപത്യമുള്ള എല്ലാ സമൂ ഹങ്ങളിലും ഭാഷാപ്രയോഗവും പിതൃകേന്ദ്രീകൃതമായിട്ടാണല്ലോ രൂപ പ്പെട്ടത്. പഴയ ഭാഷയൊക്കെ തിരുത്താൻ ചിലപ്പോൾ പ്രയാസമാണെ ങ്കിലും, പ്രായോഗികമായി അത് ഭേദപ്പെടുത്താനാവും. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ വിശ്വാസപാരമ്പര്യം എന്ന പൈതൃകത്തെ കരുപ്പി ടിപ്പിക്കയും അതിനെ പകർന്നുകൊടുക്കയും ചെയ്ത എല്ലാവരെയും, സ്ത്രീപുരുഷഭേദമോ, വൈദിക-അൽമായ വ്യത്യാസമോ, കൂടാതെ ഉൾക്കൊള്ളുന്ന വേദവ്യാഖ്യാനവും ജീവിതശൈലിയുമാണ് സഭ പിൻതുട രേണ്ടത്.

ഇത്രയും ആമുഖമായി പറഞ്ഞുകൊണ്ട്, ഇപ്പോൾ അക്കാദമിക് വൃത്ത ങ്ങളിലും ദൈവശാസ്ത്ര പഠനപദ്ധതികളിലും നിലവിലുള്ള 'പൈതൃക' സിദ്ധാന്തത്തെ സൂചിപ്പിക്കട്ടെ.

ഇംഗ്ലീഷിൽ Patristics അല്ലെങ്കിൽ Patrology എന്നു പറയുന്നത് പുരാ തന ക്രിസ്തീയ ഗുരുക്കന്മാരുടെയും വേദശാസ്ത്രജ്ഞരുടെയും രചന കളും അവയെക്കുറിച്ചുള്ള പഠനങ്ങളുമാണ്. ചുരുക്കം ചില പണ്ഡിത

ന്മാർ ഈ വാക്കുകൾ തമ്മിൽ വ്യതിരിക്തത കല്പിക്കുന്നുണ്ട്. എന്നാൽ ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ അവയെ ഒന്നായിട്ടാണ് കാണുന്നത്.

## ഗുരു, പിതാവ്

വിശുദ്ധ പൗലോസ് അപ്പോസ്തലൻ കൊരിന്ത്യർക്ക് എഴുതുമ്പോൾ, സ്വയം അവരുടെ 'പിതാവ്' എന്ന് വിശേഷിപ്പിക്കുന്നു. "നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും, പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്" (1 കൊരി. 4:15). കൊരിന്ത്യരെ ആത്മീയമായി വീണ്ടും ജനിപ്പിച്ചത് വിശുദ്ധ പൗലോസാണ്. അതുകൊണ്ട് അദ്ദേഹം അവരുടെ യഥാർത്ഥ പിതാവും, യഥാർത്ഥ ഗുരുവുമാണ്. അതിപുരാതന കാലം മുതൽ, ഭാരതീയ സംസ്ക്കാരമുൾപ്പെടെയുള്ള പല സംസ്ക്കാരങ്ങളിലും ഗുരുവിനു പിതാവിന്റെ സ്ഥാനമാണു നല്കുന്നത്. കാരണം മാനസികവും ആത്മീയവുമായ തലങ്ങളിൽ വ്യക്തിത്വത്തിന്റെ ഉത്ഭവവികാസങ്ങൾക്ക് കാരണഭൂതൻ ഗുരുവാണ്. ക്രിസ്തീയസഭയുടെ ആദിമ നൂറ്റാണ്ടുകളിൽ എപ്പിസ്ക്കോപ്പാ (ബിഷപ്പ്) മാരെയാണു പിതാവ് എന്നു വിളിച്ചുവന്നത്. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി, എപ്പിസ്ക്കോപ്പായാണു ഔദ്യോഗികമായി ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്ന ഗുരു എന്നാണ് സങ്കല്പം. എപ്പിസ്ക്കോപ്പാ ക്രിസ്തുവിന്റെ പ്രതീകവും സാന്നിദ്ധ്യവുമെന്ന നിലയിൽ ജനങ്ങളുടെ മദ്ധ്യത്തിൽ നിലകൊള്ളുന്നതുകൊണ്ട്, ക്രിസ്തുവിനെപ്പോലെ, ജനങ്ങളെ വിശ്വാസത്തെക്കുറിച്ച് പഠിപ്പിക്കുവാനുള്ള പ്രധാന ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നു. അദ്ദേഹത്തോട് ചേർന്നുനിൽക്കുന്ന വൈദികരും ശെമ്മാശ്ശന്മാരും മറ്റുള്ളവരും ആ ബന്ധത്തിലാണ് സഭയിൽ പഠിപ്പിക്കുന്നത്. രണ്ടാമതായി, ജനങ്ങൾക്കു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം നൽകി, അവരെ പുതിയ ജീവിതത്തിലേക്കു നയിക്കാനുള്ള ഔപചാരിക ചുമതലയും എപ്പിസ്ക്കോപ്പാമാർക്കാണ്. വൈദികർ നിയോഗപ്രകാരം സ്നാനം നൽകുന്നുണ്ടെങ്കിലും, യഥാർത്ഥ കാർമ്മികൻ ബിഷപ്പാണ് എന്നാണ് ധാരണ. ആദ്യ നൂറ്റാണ്ടുകളിൽ, ഉയിർപ്പു പെരുന്നാളിനു മുമ്പുള്ള ആഴ്ചകളിൽ എപ്പിസ്ക്കോപ്പാ തന്നെ വിശ്വാസത്തെക്കുറിച്ച് സ്നാനാർത്ഥികളെ പഠിപ്പിക്കുകയും, ഉയിർപ്പിന്റെ തലേന്നാൾ അദ്ദേഹം തന്നെ അവരെ സ്നാനം കഴിപ്പിക്കുകയും ചെയ്തുപോന്നു. ഈ രണ്ട് ചുമതലകളും കണക്കിലെടുത്തുകൊണ്ടാണ് എപ്പിസ്ക്കോപ്പായെ 'പിതാവ്' എന്നു വിളിക്കുന്നത് (കേരളത്തിലെ കത്തോലിക്കാസഭയിൽ അങ്ങനെയാണ് ബിഷപ്പിനെ വിളിക്കുന്നത്. ഓർത്തഡോക്സ് സഭയിൽ ബ്രാഹ്മണ പൗരോഹിത്യത്തിന്റെ മറപിടിച്ചും, ഫ്യൂഡൽ വ്യവസ്ഥിതിയുടെ അവശിഷ്ടമായും 'തിരുമേനി'

എന്നു വിളിക്കുന്നു). പാത്രിയർക്കീസ്, പാപ്പാ, ബാവാ, ആബൂനാ എന്നീ വാക്കുകൾക്കെല്ലാം പിതാവ് എന്നാണല്ലോ പ്രാഥമികാർത്ഥം.

നാലാം നൂറ്റാണ്ടോടു കൂടി 'പിതാവ്' എന്ന പദം കുറെക്കൂടി വിശാലമായ അർത്ഥത്തിൽ ഉപയോഗിച്ചു തുടങ്ങുന്നതായി കാണാം. വേദവിപരീതങ്ങൾ സഭയെ ഉലയ്ക്കുന്ന കാലഘട്ടമാണിത്. ക്രിസ്തീയ വിശ്വാസത്തിനു സൈദ്ധാന്തികവും ബുദ്ധിപരവുമായ രൂപവും ഘടനയും ഉണ്ടാകുന്നതു നാലാം നൂറ്റാണ്ടോടു കൂടിയാണ്. അലക്സന്ത്രിയായിലെ അത്താനാസ്യോസ്, കപ്പദോക്യൻ പിതാക്കന്മാരായ ബസ്സേലിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രീഗോറിയോസ് തുടങ്ങിയവരാണ് ഈ കാലയളവിൽ ശ്രദ്ധേയരായത്. അറിയോസ്, അപ്പോല്ലിനാരിസ്, എവുനോമിയോസ് തുടങ്ങിയവരുടെ തെറ്റായ ഉപദേശങ്ങളെ നേരിട്ട്, സത്യവിശ്വാസം എന്താണെന്ന് വ്യക്തമാക്കിയവരാണിവർ. ഇവരുടെ പുസ്തകങ്ങളിൽത്തന്നെ "പിതാക്കന്മാരുടെ വിശ്വാസം" എന്ന പ്രയോഗം കാണാം. പക്ഷേ, അതു നിഖ്യാ വിശ്വാസപ്രമാണത്തെ ഉദ്ദേശിച്ചാണു പറയുന്നത്. ഇവരെല്ലാംതന്നെ മേല്പട്ടക്കാരായിരുന്നു. പിൽക്കാലത്ത് ഇവരെ സഭാപിതാക്കന്മാരായി കരുതുകയും ചെയ്തു. എന്നാൽ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേം ഒരു ശെമ്മാശ്ശൻ മാത്രമായിരുന്നു. എങ്കിലും പൗരസ്ത്യ സഭയുടെ വലിയ പിതാക്കന്മാരിൽ ഒരാളാണ് അദ്ദേഹം.

അപ്പോൾ, സഭാപിതാക്കന്മാർ അവശ്യമായും മേല്പട്ടസ്ഥാനമുള്ളവർ ആയിരിക്കണം എന്നു നിർബന്ധമില്ലെന്നു കാണാം. സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ, സത്യവിശ്വാസം ശരിയായി പഠിപ്പിച്ചു സഭയെ നയിച്ചിട്ടുള്ള ഗുരുക്കന്മാരും ഈ പേരിന് അർഹരാണ്. മൂന്നാം നൂറ്റാണ്ടിൽ അലക്സന്ത്രിയായിൽ ജീവിച്ചിരുന്ന ഓറിഗാനോസ് മഹാനായ ഒരു വേദശാസ്ത്ര ഗുരുവും, പില്ക്കാലത്തുണ്ടായ പല സഭാപിതാക്കന്മാരുടെ ബഹുമാന പാത്രമായിരുന്നെങ്കിലും, സഭ അദ്ദേഹത്തിനു പിതാവെന്നോ ഗുരുവെന്നോ ഉള്ള സ്ഥാനം നൽകുന്നില്ല. കാരണം, അതിപ്രതിഭാശാലിയായ അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ ചിലത് സത്യവിശ്വാസത്തിനു യോജിക്കാത്തതായിരുന്നു. സഭാപിതാക്കന്മാർ എന്ന് ഇന്നു വിളിക്കപ്പെടുന്നവർ മിക്കവാറും എല്ലാവരുംതന്നെ വേദശാസ്ത്രപരമായും വിശ്വാസസംബന്ധമായും വളരെ എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുള്ളവരാണ്.

റോമൻ കത്തോലിക്കാസഭയിൽ, സഭാപിതാവെന്നു വിളിക്കപ്പെടുന്ന ഒരാൾക്കു നാലു ഗുണങ്ങളുണ്ടായിരിക്കണമെന്നു നിഷ്ക്കർഷിച്ചിരിക്കുന്നു: (1) സത്യവിശ്വാസം (2) വിശുദ്ധ ജീവിതം (3) സഭയുടെ അംഗീകാരം – പാപ്പായോ സുന്നഹദോസോ പിതാവായി പ്രഖ്യാപിച്ചിരി

ക്കണം. (4) പൗരാണികത. എന്നാൽ പൗരസ്ത്യസഭയിൽ വ്യക്തമായ മാനദണ്ഡങ്ങൾ ഉപയോഗിക്കുന്നില്ല. ഉദാഹരണമായി, സഭാപിതാക്കന്മാർ വിശ്വാസ സംരക്ഷകരാണെന്നു നാം കരുതുന്നുവെങ്കിലും, അവരുടെ വിശുദ്ധിയുടെ നിലവാരം അളക്കുവാൻ നാം തുനിയുന്നില്ല. ദൈവത്തിനു മാത്രമേ ഒരുവന്റെ വിശുദ്ധിയെ അളക്കുവാൻ കഴിയൂ. അതുകൊണ്ടാണ് പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്ന രീതി പൊതുവെ പൗരസ്ത്യ പാരമ്പര്യത്തിലില്ലാത്തത്. കാലക്രമേണയും, ജനങ്ങളുടെ പൊതുസമ്മതം കൊണ്ടുമാണ് ഒരാൾ വിശുദ്ധനായി അറിയപ്പെടുന്നത്. അല്ലാതെ, ഔദ്യോഗിക പ്രഖ്യാപനം മൂലമല്ല. പ. പരുമല തിരുമേനിയെയും യൽദോ ബാവായെയും പിന്നീട് വട്ടശ്ശേരിൽ തിരുമേനിയേയും വിശുദ്ധന്മാരായി പ്രഖ്യാപിച്ചതു നമ്മുടെ പാരമ്പര്യത്തിലെ പുതിയ സംഗതിയാണ്. അതുപോലെ തന്നെ, സഭാപിതാക്കന്മാരെല്ലാവരും പുരാതന കാലത്തു ജീവിച്ചവരാകണം എന്നു പൗരസ്ത്യസഭ നിർബന്ധിക്കുന്നില്ല. നമ്മുടെ കാലത്തും സഭാപിതാക്കന്മാരുണ്ടാകാം. ഉദാഹരണമായി നമ്മുടെ സഭയിൽ നവീകരണപ്രസ്ഥാനം പ്രശ്നങ്ങൾ സൃഷ്ടിച്ചപ്പോൾ, വിശ്വാസസ്ഥിരതയോടുകൂടി, സഭയെ നയിച്ച പ. പരുമല തിരുമേനി സഭാപിതാവെന്ന സ്ഥാനം അർഹിക്കുന്നു. ചുരുക്കത്തിൽ, സഭാപിതാക്കന്മാരുടെ പട്ടികയോ കാലഘട്ടമോ കൃത്യമായി പരിമിതപ്പെടുത്തുവാൻ പൗരസ്ത്യ പാരമ്പര്യം തയ്യാറാകുന്നില്ല.

പക്ഷേ, നമ്മുടെ വി. കുർബ്ബാനയിലെ 'തുബ്ദേനി'ൽ നാം ഓർക്കുന്ന പിതാക്കന്മാരുടെ പട്ടിക 8-ാം നൂറ്റാണ്ടുകൊണ്ട് അവസാനിക്കുന്നു. എ.ഡി. 700-ൽ നിര്യാതനായ നിനുവേയിലെ മാർ ഇസഹാക്കും 708-ൽ നിര്യാതനായ ഉറഹായിലെ മാർ യാക്കോബുമാണ് അവസാനമായി തുബ്ദേനിൽ സ്ഥാനം പിടിച്ചത്. ഗ്രീക്കു സഭയിലും സഭാപിതാക്കന്മാരുടെ പട്ടിക 8-ാം നൂറ്റാണ്ടിൽ ദമസ്ക്കോസിലെ യോഹന്നാൻ എന്ന വലിയ പണ്ഡിതനായ പിതാവിനോടുകൂടി അവസാനിക്കുന്നു. ലത്തീൻ സഭയിൽ പിതാക്കന്മാരുടെ കാലം 7-ാം നൂറ്റാണ്ടിൽ 'സെവീലി'ലെ ഇസിഡോർ എന്ന പിതാവിനോടുകൂടി അവസാനിക്കുന്നു. മുകളിൽപ്പറഞ്ഞ മൂന്നു പാരമ്പര്യങ്ങളിലും 8-ാം നൂറ്റാണ്ടിനു ശേഷവും അതിപ്രശസ്തരായ പിതാക്കന്മാർ ഉണ്ടായിട്ടുണ്ട്. പക്ഷേ, 8-ാം നൂറ്റാണ്ടോടു കൂടി 'പിതാക്കന്മാരുടെ പാരമ്പര്യം' എന്നു പിന്നീടു വന്നവർ വിളിച്ച സുദൃഢവും ഏകീകൃതവുമായ ഒരു പാരമ്പര്യം ഉടലെടുത്തു കഴിഞ്ഞിരുന്നു. സഭയുടെ വിശ്വാസാചാരങ്ങൾ, വേദശാസ്ത്ര വ്യാഖ്യാനങ്ങൾ എന്നിവയ്ക്കെല്ലാം വ്യക്തമായ രൂപഭാവങ്ങൾ നൽകിക്കഴിഞ്ഞിരുന്നു ഈ പാരമ്പര്യം. തന്മൂലം അതിനു വിശുദ്ധ ഗ്രന്ഥത്തോടൊപ്പം ആധികാരികമായ ഒരു സ്ഥാനം പിന്നീടു വന്നവർ നൽകുകയും, സഭയുടെ പിൽക്കാല ചിന്തയിൽ സുപ്രധാനമായ ഒരാധാരമായി അതിനെ കരുതുകയും ചെയ്തു.

ലത്തീൻ പാരമ്പര്യത്തിൽ സഭാപിതാക്കന്മാരെ കൂടാതെ 'സഭാഗുരുക്കന്മാർ' എന്നു വിളിക്കപ്പെടുന്ന ഒരു കൂട്ടം ആളുകളുണ്ട്. സഭാഗുരു (Doctor of the church) എന്ന സ്ഥാനം പാപ്പാ ഔദ്യോഗികമായി പ്രഖ്യാപിച്ചു നൽകുന്നതാണ്. പിതാക്കന്മാർക്കു ആവശ്യമായ ഗുണങ്ങൾ കൃത്യമായി നിർവ്വചിച്ചതുപോലെ ഒരാളെ സഭാഗുരുവായി അംഗീകരിക്കാൻ മൂന്നു പ്രത്യേക ഗുണങ്ങൾ ആവശ്യമുണ്ട്: (1) വിശുദ്ധി-പ്രഖ്യാപിത പരിശുദ്ധന്മാർക്കു മാത്രമേ സഭാഗുരുവായിത്തീരാൻ സാധിക്കൂ. (2) ദൈവിക വിഷയങ്ങളെക്കുറിച്ചുള്ള ആഴമേറിയ അറിവ്. (3) പാപ്പായോ സുന്നഹദോസോ സഭാഗുരുവായി അംഗീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനം. പൗരസ്ത്യസഭയുടെ പിതാവായ മാർ അപ്രേമിനെ 1920-ലാണ് ലത്തീൻ സഭ സഭാഗുരുവായി അംഗീകരിച്ചത്. കന്യകമറിയാമിന്റെ അമലോൽഭവ സിദ്ധാന്തത്തെ പിന്താങ്ങുന്നതിനു മാർ അപ്രേമിന്റെ ചില ഗാനങ്ങൾ സഹായിക്കും എന്ന ധാരണയിലാണ് അദ്ദേഹത്തെ സഭാഗുരുവായി റോമാസഭ പ്രഖ്യാപിച്ചത് എന്നു പറയപ്പെടുന്നു. 'കളങ്കമില്ലാത്ത', 'നിർമ്മലമായ' തുടങ്ങിയ വിശേഷണങ്ങൾ മാർ അപ്രേം തന്റെ കവിതകളിൽ വിശുദ്ധ കന്യകയ്ക്കു നൽകുന്നുണ്ടെങ്കിലും റോമ്മാസഭ പഠിപ്പിക്കുന്നതുപോലെയുള്ള അമലോൽഭവ സിദ്ധാന്തം അദ്ദേഹമോ, അദ്ദേഹത്തെ ബഹുമാനിക്കുന്ന സുറിയാനി പാരമ്പര്യമോ പഠിപ്പിക്കുന്നില്ല. ലത്തീൻ പാരമ്പര്യത്തിൽ ഏകദേശം 20 ഗുരുക്കന്മാരെ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും അവരിൽ ആംബ്രോസ്, ആഗസ്തിനോസ്, ജറോം, ഗ്രീഗോറിയോസ് പാപ്പാ (7-ാം നൂറ്റാണ്ട്) എന്നിവർക്കു അഗ്രിമസ്ഥാനം നൽകുന്നു. അതുപോലെ പൗരസ്ത്യ പാരമ്പര്യത്തിൽ കൈസര്യയിലെ മാർ ബസേലിയോസ്, നാസിയാൻസിലെ മാർ ഗ്രിഗോറിയോസ്, സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്, അലക്സന്ത്രിയായിലെ മാർ അത്താനാസ്യോസ് എന്നിവർക്കു സുപ്രധാനമായ സ്ഥാനം നൽകിവരുന്നു. ലത്തീൻ സഭയിൽ അടുത്തകാലത്ത് രണ്ടു സ്ത്രീകൾക്കു 'സഭാഗുരു' എന്ന സ്ഥാനം നൽകിയിരിക്കുന്നു - ആവിലായിലെ തെരേസയ്ക്കും സിയന്നയിലെ കാതറിനും. ഇവർ രണ്ടും റോമാസഭയുടെ പ്രഖ്യാപിത വിശുദ്ധകളായ രണ്ടു കന്യാസ്ത്രീകളായിരുന്നു.

പാശ്ചാത്യ സർവ്വകലാശാലകളിൽ സഭാപിതാക്കന്മാരുടെ കാലഘട്ടത്തെയും സംഭാവനകളെയും കുറിച്ചു ചരിത്രപരമായും വേദശാസ്ത്രപരമായും പഠിക്കുന്ന ശാസ്ത്രത്തിനാണു patrology അല്ലെങ്കിൽ Patristics എന്നു പറയുന്നത്. പക്ഷേ, ഇതു സത്യവിശ്വാസം പാലിച്ച പിതാക്കന്മാരെക്കുറിച്ചുള്ള പഠനമല്ല, പ്രത്യുത ഏതെങ്കിലുംവിധത്തിൽ സഭയോടു ബന്ധപ്പെട്ടു പ്രവർത്തിച്ച എല്ലാ ക്രിസ്തീയ എഴുത്തുകാരേയും പരാമർശിക്കുന്ന പഠനമാണ്. ഇതിൽ സഭാപിതാക്കന്മാരും വേദവിപരീതികളും

ഉൾപ്പെടും. ഇതു ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ പഠനമാണ്. സത്യ വിശ്വാസമാണോ വേദവിപരീതമാണോ ഈ എഴുത്തുകാർ പഠിപ്പിച്ചത് എന്ന് ഇവിടെ അന്വേഷിക്കുന്നില്ല. പല പുരാതന ഭാഷകളിലുമായി ഇവരുടെ കണക്കില്ലാത്ത കൈയെഴുത്തുപ്രതികൾ ഇനിയും വെളിച്ചം കാണാനുണ്ട്. ഇവ പ്രസാധനം ചെയ്യുന്നതിനും ചരിത്രപരമായി പഠിക്കുന്നതിനും പാശ്ചാത്യ സർവ്വകലാശാലകൾ മുൻകൈയെടുക്കുന്നുണ്ട്.

അവിഭാജ്യസഭയിലെ പിതാക്കന്മാരുടെ വേദശാസ്ത്ര സംഭാവനകളെപ്പറ്റിയുള്ള പഠനങ്ങൾ എക്യുമെനിക്കൽ പ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായിട്ടുണ്ട്. സഭയെ ഭിന്നിപ്പിച്ച പിൽക്കാല പ്രശ്നങ്ങൾക്കു പലതിനും ഏകകണ്ഠമായ ഒരുത്തരം ലഭിക്കുന്നതിന് ആദിമ സഭാപിതാക്കന്മാരെക്കുറിച്ചുള്ള അറിവ് വളരെയേറെ സഹായിക്കും. സഭയുടെ അഖണ്ഡ പാരമ്പര്യത്തിന്റെ സാക്ഷികളാണ് ആദിമപിതാക്കന്മാർ. തന്മൂലമാണ് ഇന്നും എല്ലാ പുരാതന സഭകളും ഈ പിതാക്കന്മാരുടെ അഭിപ്രായത്തിനു സമുന്നതമായ പ്രാധാന്യം നൽകുന്നത്. അതേസമയം തന്നെ, നമ്മുടെ യാഥാസ്ഥിതിക ചിന്തയ്ക്കും ദുരഭിമാനത്തിനും ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യക്കുറവിനും ഒരു മറയായി "പിതാക്കന്മാരുടെ പാരമ്പര്യത്തെയും വിശ്വാസത്തെയും" ഉപയോഗിക്കാൻ നാം ശ്രമിക്കുന്നുവെങ്കിൽ, അതു വളരെയേറെ ദയനീയമാണ്. പല പൗരസ്ത്യ സഭകളിലും ഇതു കുറെയൊക്കെ സംഭവിച്ചിട്ടുണ്ട്. ആന്തരിക ചൈതന്യവും കർമ്മശേഷിയും ഇല്ലാതെ, ക്രിസ്തുവിന്റെ ചൂടും വെളിച്ചവും ഉൾക്കൊണ്ടു കത്തിജ്വലിക്കാൻ കഴിയാതെ, ഭൂതകാലത്തിലേക്കു തിരിഞ്ഞിരുന്നു "ഞങ്ങൾ പിതാക്കന്മാരുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നു" എന്നു പറയുന്ന ക്രിസ്തീയ സമൂഹങ്ങൾ യഥാർത്ഥത്തിൽ സഭാപിതാക്കന്മാരെ അപമാനിക്കയാണു ചെയ്യുന്നത്. കാരണം ക്രിസ്തുവിന്റെ ജീവിതവും ക്രിസ്തീയ സുവിശേഷവും മനുഷ്യ യാഥാർത്ഥ്യത്തെ നിരന്തരം വെല്ലുവിളിക്കുകയും, അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നുവെന്നും, സഭയെ എന്നും പുതിയ ജീവിതത്തിന്റെ അനുഭവത്തിലേക്കു നയിച്ച് അനുനിമിഷം നവീകരിക്കുന്നു എന്നും മനസ്സിലാക്കിയവരാണു പിതാക്കന്മാർ. അതുകൊണ്ടു ക്രിസ്തീയ വിശ്വാസത്തെ ക്രിയാത്മകമായി മനസ്സിലാക്കുവാനും പ്രയോഗത്തിൽ വരുത്തുവാനും അവർ ശ്രമിച്ചു. ക്രിസ്തീയ വിശ്വാസം അത്ഭുതകരവും സർഗ്ഗപ്രവണവുമായ ഒരു മഹാശക്തിയായി അവരിൽ നിറഞ്ഞു നിന്നിരുന്നു. ചേതനയറ്റ ഒരു പാരമ്പര്യത്തെ അന്ധമായി അനുകരിച്ചവരല്ലായിരുന്നു സഭാപിതാക്കന്മാർ; ശക്തവും ക്രിയാത്മകവുമായ ഒരു പാരമ്പര്യത്തിന്റെ സ്രഷ്ടാക്കളായിരുന്നു അവർ.

(2012)

# 2

# ഇന്നത്തെ അപ്പവും നിത്യജീവനും

## അപ്പം ഇന്നു തരേണമേ

പരിശുദ്ധനായ പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനിയോടു ബന്ധപ്പെട്ട രണ്ടു കാര്യങ്ങളാണ് ഈ ലേഖകന്റെ ബാല്യകാല സ്മരണകളിൽ മായാതെ കിടക്കുന്നത്. സണ്ടേസ്കൂൾ കുട്ടികളായിരുന്ന ഞങ്ങൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ വർഷവും പൊത്തമ്പുറംകുന്ന് കയറി തിരുമേനിയെ കണ്ട് കാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹം പ്രാപിക്കുക പതിവായിരുന്നു. ഒരിക്കൽ കൊച്ചുകുട്ടികളായ ഞങ്ങളെ ഓരോരുത്തരെയായി അരികെ വിളിച്ച് 'ആകാശത്തിലുള്ള ബാവാ' എന്ന പ്രാർത്ഥന തിരുമേനി ചൊല്ലിച്ചതോർക്കുന്നു. ചൊല്ലിവന്നപ്പോൾ ചിലർ, 'ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം എന്നും തരണമേ' എന്ന് ചൊല്ലി. മറ്റു ചിലർ 'ആവശ്യമുള്ള അപ്പം ഇന്നും എന്നും തരേണമേ' എന്നു ചൊല്ലി. അപ്പോഴെല്ലാം നേർത്ത ശാസനയിലൂടെ തിരുമേനി ഞങ്ങളെ തിരുത്തി; 'ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരേണമേ' എന്ന് പ്രാർത്ഥിക്കണമെന്ന് പഠിപ്പിച്ചു.

## സ്വന്തം കബറിടത്തിലെ വിശ്രമം

തിരുമേനിയെ സംസ്കരിക്കുന്നതിനുള്ള കബർമുറി താൻ കാലം ചെയ്യുന്നതിനു വളരെ മുമ്പുതന്നെ തീർത്തിട്ടിരുന്നു. ഒരു വേനൽക്കാലത്ത് തിരുമേനിയെ കാണാൻ ചെന്ന ഞങ്ങൾ കണ്ടത് സ്വന്തം കബർമുറിയിൽ കട്ടിലിട്ട് അതിലിരുന്ന് പ്രാർത്ഥിക്കുന്ന തിരുമേനിയെയാണ്. കൊച്ചുകുട്ടികളായ ഞങ്ങൾക്ക് വളരെ അത്ഭുതം തോന്നിച്ച ഒന്നായിരുന്നു ഇത്. സാധാരണഗതിയിൽ ശവക്കോട്ടകളേയും കല്ലറകളേയും ഭയത്തോടെ കാണുകയും അവയെക്കുറിച്ചുള്ള കെട്ടുകഥകൾ ഉൾക്കിടിലത്തോടെ കേൾക്കുകയും ചെയ്തിരുന്ന ഞങ്ങളുടെ ബാലമനസ്സുകൾക്ക് തിരുമേനിയുടെ പ്രവർത്തി വിചിത്രമായിത്തോന്നി. സ്വന്തം കബറിനു മുകളിൽ സന്തോഷപൂർവ്വം വിശ്രമിക്കുന്ന വിചിത്ര മനുഷ്യൻ! അതിന്റെയർത്ഥം അന്നൊരിക്കലും കുട്ടികളായ ഞങ്ങൾക്ക് മനസ്സിലായിരുന്നില്ല.

പിൽക്കാലത്ത് തിരുമേനിയെക്കുറിച്ചും ആ സന്യാസിശ്രേഷ്ഠൻ പ്രതിനിധാനം ചെയ്തിരുന്ന ആത്മീയ പാരമ്പര്യത്തെക്കുറിച്ചും കൂടുതലായി ചിന്തിച്ചപ്പോഴൊക്കെ, നിസ്സാരമെന്നു തോന്നിയ ഞങ്ങളുടെ ബാല്യകാലാനുഭവങ്ങൾക്ക് കൂടുതൽ അർത്ഥവും ആഴവും കൈവരുന്നതായി തോന്നിയിട്ടുണ്ട്.

ക്രിസ്തീയസഭയുടെ ആരംഭകാലങ്ങളിൽ ഉണ്ടായിരുന്ന ചില സുപ്രധാന ആത്മീയ മനോഭാവങ്ങളാണ് തിരുമേനിയുടെ പ്രവർത്തിയിൽ പ്രതിഫലിച്ചത്. എങ്ങനെയാണ് സഭ ചരിത്രത്തെയും കാലത്തെയും സമയത്തെയും വീക്ഷിച്ചത് എന്ന ചോദ്യത്തിനുത്തരം ഇവിടെ കാണാം. ഋജുരേഖയിൽ നീണ്ടുനീണ്ടു കിടക്കുന്ന ഒന്നായിട്ടാണ് കാലത്തെ മിക്ക ആളുകളും മനസ്സിലാക്കുന്നത്. ഇംഗ്ലീഷിൽ linear view എന്നു വിളിക്കുന്ന ഈ ചരിത്രവീക്ഷണത്തെ ആദിമസഭ പൂർണ്ണമായും സ്വീകരിച്ചിരുന്നില്ല. 'ഇന്നത്തേക്കുള്ള അപ്പം' മാത്രം ആവശ്യപ്പെട്ടിരുന്ന സഭയ്ക്ക് നമ്മുടെ ജീവന്റെ ക്ഷണികതയെക്കുറിച്ച് പൂർണ്ണ ബോധ്യമുണ്ടായിരുന്നു. ദൈവത്തിലുള്ള ലളിതവും സമ്പൂർണ്ണവുമായ ആശ്രയംമൂലം ഈ ക്ഷണികതാബോധം ഒരിക്കലും വ്യർത്ഥതാബോധമായി മാറിയില്ല. 'നാളെ'യെക്കുറിച്ചുള്ള ആശങ്ക അബോധമനസ്സിൽനിന്നുപോലും തുടച്ചുകളഞ്ഞ് ആകാശത്തിലെ പക്ഷികളേയും വയലിലെ പൂക്കളേയും നോക്കി പഠിക്കാൻ കർത്താവ് ഉപദേശിച്ചു. അതുകൊണ്ട് നാളെയെക്കുറിച്ചുള്ള ആകുലചിന്തകൾ നല്ല ക്രിസ്ത്യാനികളെ ഭാരപ്പെടുത്തിയില്ല. ഇന്നു ഞാൻ ദൈവത്തിന്റെ കരങ്ങളിലാണ് എന്ന സമ്പൂർണ്ണബോധം മൂലം നാളെത്തേയ്ക്ക് കരുതിവെയ്ക്കാതെ പരിശുദ്ധനായ ഗ്രീഗോറിയോസ് തിരുമേനി ഭക്ഷണസാധനങ്ങൾ ആവശ്യക്കാർക്ക് വാരിക്കൊടുത്തു. നിൽക്കാത്ത പ്രവാഹമെന്ന് കരുതപ്പെടുന്നതും മനുഷ്യബോധത്തിന്മേൽ ചെങ്കോൽ നടത്തുന്നതുമായ 'കാല'ത്തെ നിഷേധിച്ച സുശക്തമായ പുരാതന ക്രിസ്തീയ പാരമ്പര്യത്തിന്റെ വക്താവായിരുന്നു തിരുമേനി. കാലം കാലന്റെ സഹചരനാണല്ലോ. കാലത്തെ നിഷേധിക്കുക വഴി മരണത്തെയാണ് ക്രിസ്ത്യാനി നിഷേധിച്ചത്.

## വർത്തമാനത്തെ പ്രകാശമാനമാക്കുന്ന ഭാവി

ഭൂതകാലം, വർത്തമാനകാലം, ഭാവികാലം ഇങ്ങനെ കാലത്തെ മൂന്നായി തിരിച്ചുകാണുന്ന മനുഷ്യരെല്ലാം ഒരു വിധത്തിൽ കാലപാശത്താൽ ബന്ധിതരാണ്. ഭൂതകാലത്തിന്റെ നഷ്ടബോധവും കുറ്റബോധവും, അനിശ്ചിതമായ ഭാവി നൽകുന്ന ആശങ്കയും മരണഭയവും വർത്തമാനകാലത്തെ ദുസ്സഹവും ദുരിതപൂർണ്ണവുമാക്കുന്നു.

പിന്നെ, എങ്ങനെയാണ് ക്രിസ്തീയ സഭ ഭാവിയെക്കാണുന്നത്? ഏതർത്ഥത്തിലാണ് നാം പ്രത്യാശയെക്കുറിച്ച് സംസാരിക്കുന്നത്? കബർമുറിയിൽ കട്ടിലിട്ട് അതിലിരുന്ന് പ്രാർത്ഥിക്കുന്ന തിരുമേനിയുടെ അനുഭവം ഇതിനുത്തരം നൽകുന്നുണ്ട്. മരണത്തോടുള്ള വികലമായ ആസക്തി (Necromanica) യല്ല നാമിവിടെ കാണുന്നത്. മനുഷ്യായുസ്സിന്റെയും ചരിത്രത്തിന്റെയും പരമമായ ലക്ഷ്യത്തെക്കുറിച്ചുള്ള പ്രകാശപൂർണ്ണമായ

ബോധമാണ് ഇവിടെ പ്രതിഫലിക്കുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലൂടെ നമുക്ക് ലഭിക്കുന്ന പ്രത്യാശയും പ്രകാശവും നമ്മുടെ യഥാർത്ഥ ഭാവിയെക്കുറിച്ച് നമുക്ക് ഉറപ്പു നൽകുന്നു. അത് അനിശ്ചിതമോ മരണത്തെ കൊണ്ടുവരുന്നതോ ആയ ഭാവിയല്ല, പ്രത്യുത സുനിശ്ചിതവും മരണത്തെ മറികടക്കുന്നതുമായ ആത്യന്തിക ഭാവിയാണ്. ഈ ഭാവിയിൽ കണ്ണുനട്ടിരിക്കുന്നവർ ആകുലചിന്തയിൽനിന്നും വ്യർത്ഥതാബോധത്തിൽനിന്നും മരണഭയത്തിൽനിന്നും വിമുക്തരായിരിക്കും. ഈ ഭാവി നമ്മുടെ വർത്തമാനകാലത്തെ പ്രകാശമാനവും സന്തോഷപൂർണ്ണവുമാക്കുന്നു. ക്രിസ്തുവിലുള്ള യഥാർത്ഥ ഭാവിയെക്കുറിച്ചുള്ള അന്തർദർശനം മൂലം തന്റെ ജീവനെ ഭാസുരമാക്കിയ യഥാർത്ഥ ക്രിസ്ത്യാനിയായിരുന്നു പ. പാമ്പാടി തിരുമേനി.

### സന്യാസത്തിന്റെ പുനരാഗമനം

"ഇന്നത്തെ അപ്പ"ത്തിനുവേണ്ടി മാത്രം ആവശ്യപ്പെടുകയും തന്റെ അന്തിമ ലക്ഷ്യത്തിലേയ്ക്ക് നിമിഷംപ്രതി ഉറ്റുനോക്കുകയും ചെയ്ത തിരുമേനി കാലത്തെയും ചരിത്രത്തെയും അതിന്റെ സാധാരണ അർത്ഥത്തിൽ നിരാകരിച്ചു. അവയ്ക്ക് തികച്ചും പുതിയൊരർത്ഥം കൊടുത്തുകൊണ്ട്, ക്രിസ്തീയമായ കാഴ്ചപ്പാടിൽ അവയെ സ്വീകരിച്ചു. കർത്താവ് ശിഷ്യന്മാരോട് പറഞ്ഞതുപോലെ, ലോകത്തിലായിരിക്കുമ്പോൾ തന്നെ ലോകത്തിന്റേതല്ലാതെ ജീവിക്കുന്നതെങ്ങനെയെന്ന് തിരുമേനി നമ്മെ പഠിപ്പിച്ചു. ആദിമസഭയുടെ കാലത്തോടും ചരിത്രത്തോടുമുള്ള പ്രത്യേക വീക്ഷണം കുറെശ്ശെ നഷ്ടപ്പെട്ടു തുടങ്ങിയപ്പോൾ, അതേറ്റുവാങ്ങിയത് സഭയിലുണ്ടായ സന്യാസപ്രസ്ഥാനമാണ്. കാലത്തിന്റെ പ്രവാഹത്തെ നിഷേധിച്ച് നിത്യമായ ദൈവരാജ്യത്തിന്റെ അനുഭവം ഇവിടെ വച്ചു തന്നെ അനുഭവിച്ചു തുടങ്ങുവാൻ ഈ പ്രസ്ഥാനം സന്യാസികളെ പരിശീലിപ്പിച്ചു. സഭയ്ക്കും മനുഷ്യസമൂഹത്തിനും അതുമൂലമുണ്ടായ നന്മകൾ നിരവധിയാണ്. ഈ പുരാതന സന്യാസപാരമ്പര്യത്തിന്റെ ആധുനിക കാലത്തെ അപൂർവ്വ കണ്ണികളിലൊന്നായിരുന്നു പ. പാമ്പാടി തിരുമേനി.

*(പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985)

# 3

# ഒരു നല്ല ഇടയൻ

കോട്ടയം ഇടവകയുടെ കാലം ചെയ്ത അഭിവന്ദ്യ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (പാമ്പാടിത്തിരുമേനി) പലതു കൊണ്ടും നമ്മുടെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന ഒരു മഹാസാത്വിക നായിരുന്നു. നൂറ്റാണ്ടുകളായി ക്രൈസ്തവ സഭയിൽ നിലനിന്നു പോന്നതും ഇപ്പോൾ കാണെക്കാണെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതുമായ ചില സമുന്നത പാരമ്പര്യങ്ങളുടെ മഹൽ സാക്ഷിയായിരുന്നു അദ്ദേഹം.

ഒന്നാമതായി പുരാതന ക്രൈസ്തവ താപസന്മാരെപ്പോലെ ധ്യാനാത്മകമായ നിഷ്ക്രിയത ജീവിതത്തിലുടനീളം അദ്ദേഹം പുലർത്തിയിരുന്നു. ആധുനിക ലോകത്തിന് ഒട്ടും മനസ്സിലാക്കാൻ സാധിക്കാത്ത ഒരു ജീവിതശൈലിയാണിത്. 'സമയം പണമാണ്' എന്ന സൂക്തം പാശ്ചാത്യ വ്യാവസായിക സംസ്ക്കാരമാണ് നമ്മെ പഠിപ്പിച്ചത്. മനുഷ്യ പുരോഗതിയുടെ ഒരു പ്രത്യേക കാലഘട്ടത്തിൽ ഇതാവശ്യമായിരിക്കാം. ഇത്തരം സംസ്ക്കാരത്തിൽ വളരുന്ന പലർക്കും, ഒന്നും ചെയ്യാതെ പ്രാർത്ഥിച്ചും ധ്യാനിച്ചും 'സമയം വെറുതെ കളയുന്ന' മനുഷ്യരോട് പൊതുവെ വലിയ ബഹുമാനമില്ല. പുരാതനകാലത്തു തന്നെ പല ആളുകളും സന്യാസിമാരെക്കുറിച്ച് ഈ ആക്ഷേപം ഉന്നയിച്ചിരുന്നു. ധ്യാനത്തിന്റെ പേരിൽ ഉണ്ടും ഉറങ്ങിയും വെറും അലസതയ്ക്ക് സന്യാസത്തിന്റെ കാവി നിറം കൊടുക്കുന്ന സന്യാസിമാരും ഉണ്ടായിരുന്നു എന്നത് വിസ്മരിച്ചു കൂടാ.

നിശ്ശബ്ദവും നിസ്തന്ദ്രവുമായ പ്രാർത്ഥന ലോകത്തെ രൂപാന്തരപ്പെടുത്തുന്നു എന്ന പൂർണ്ണബോധ്യം പാമ്പാടിത്തിരുമേനിക്കുണ്ടായിരുന്നു. ബാഹ്യമായ പ്രവർത്തനങ്ങൾ കൊണ്ട് ജീവിതത്തെ ചടുലവും തിരക്കേറിയതുമാക്കിത്തീർക്കാൻ അദ്ദേഹം ശ്രമിച്ചില്ല. പ്രവർത്തനം പ്രാർത്ഥനയേക്കാൾ താണതാണെന്നുള്ള വിചാരം കൊണ്ടല്ല അങ്ങനെ ചെയ്തത്. നല്ല പ്രവർത്തനം നടത്തുന്നവരെ അദ്ദേഹം അഭിനന്ദിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അവരുടെ പ്രവൃത്തികളിൽ സന്തോഷിക്കുകയും ചെയ്തു. എന്നാൽ തനിക്ക് ലഭിച്ചിരിക്കുന്ന ദൈവവിളി ലോകത്തിനു വേണ്ടി ജാഗ്രതയോടെ പ്രാർത്ഥിപ്പാനുള്ളതാണെന്ന് തിരുമേനി മനസ്സിലാക്കി.

സന്യാസപ്രസ്ഥാനത്തിൽ, 'ലോകത്തോടുള്ള വിരക്തി' എന്ന് പലരും നിഷേധാത്മകമായി വ്യാഖ്യാനിക്കുന്ന മനോഭാവത്തിന്റെ ക്രിസ്തീയമായ ഉള്ളടക്കം ഇതാണ്–ലോകത്തെ മുഴുവൻ സ്നേഹപൂർവ്വം ഹൃദയത്തിൽ

വഹിച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വം ദൈവസന്നിധിയിൽ നിൽക്കുക. ഇതിനുവേണ്ടി ലോകത്തിൽ നിന്ന് അൽപ്പം വിട്ടുനിൽക്കേണ്ടി വരുന്നു. സാധാരണക്കാർ നോക്കുമ്പോൾ ഈ വിരക്തിയിൽ ഒരു വൈരുദ്ധ്യമുണ്ട്. ലോകം മുഴുവൻ ഓടിനടന്ന് പ്രവർത്തന സമുദ്രത്തിൽ മുഴുകാത്തവർക്ക് എങ്ങിനെയാണ് ലോകത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ കഴിയുക? ആഴമായ എല്ലാ സത്യങ്ങളെയും പോലെ ഇതും വൈരുദ്ധ്യത്തിന്റെ ആവരണമണിഞ്ഞിരിക്കുന്നു. ദാർശനികൻ "കാണുന്നവനാ"ണ്, പക്ഷേ കാണാനുള്ള പുറത്തെ കണ്ണുകൾ അടയ്ക്കുന്നവനാണ് യഥാർത്ഥ ദാർശനികൻ. സന്യാസി ലോകത്തെ രൂപാന്തരപ്പെടുത്തുന്ന ക്രിയയനുഷ്ഠിക്കാൻ വിളിക്കപ്പെട്ടവനാണ്. പക്ഷേ യഥാർത്ഥ സന്യാസിയിൽ "നിഷ്ക്രിയത"യാണ് നാം കാണുക. ഇതു ബോധ്യപ്പെടാത്തതു കൊണ്ടായിരിക്കാം പല സന്യാസിമാരും സാധാരണ സാമൂഹ്യപ്രവർത്തകരിൽ നിന്ന് വ്യത്യസ്തരായി കാണപ്പെടാത്തത്. ക്രിസ്തീയ സഭയെന്നുവച്ചാൽത്തന്നെ സമ്പൂർണ്ണമായും സാമൂഹ്യപ്രവർത്തനത്തിനുള്ള ഒരുപകരണം മാത്രമാണെന്ന് തെറ്റിദ്ധരിക്കയും അങ്ങനെ പഠിപ്പിക്കയും ചെയ്യുന്ന ധാരാളം ക്രിസ്തീയ നേതാക്കളെ ഇപ്പോൾ നമുക്കു കാണുവാൻ കഴിയും. ഈ പശ്ചാത്തലത്തിൽ സന്യാസത്തിന്റെ പ്രമുഖമായ ഒരർത്ഥം നമ്മെ പഠിപ്പിച്ച വ്യക്തിയാണ് പാമ്പാടിത്തിരുമേനി.

രണ്ടാമതായി, അതിഥി സൽക്കാരത്തിന്റെ ക്രിസ്തീയ മൂല്യം അസാധാരണമായ ശക്തിയോടെ നമുക്ക് കാണിച്ചുതന്നു മാർ ഗ്രിഗോറിയോസ് തിരുമേനി. പുതിയനിയമത്തിൽ ക്രിസ്തീയ നന്മകളുടെ പട്ടികയിൽ അതിഥികളെ സ്വീകരിക്കുന്നതിന് പ്രധാന സ്ഥാനമുണ്ട് (റോമ. 12:13; എബ്രാ. 13:2; 1 തിമോ. 3:2; 1 പത്രോ. 4:9). കർത്താവ് പലരുടെയും സൽക്കാരം സന്തോഷപൂർവ്വം സ്വീകരിക്കുന്നതായി നാം കാണുന്നു. സന്യാസ സമൂഹങ്ങൾ ആദിമുതലേ അവരുടെ ആശ്രമങ്ങളിൽ സന്ദർശകരെ സ്വീകരിച്ച് ഉപചരിച്ചിരുന്നു. ഇന്നത്തെ ലോകത്തിൽ ഇതിന്റെ യഥാർത്ഥമൂല്യം നഷ്ടപ്പെട്ടിരിക്കുകയാണ്. പല ആളുകളും തങ്ങളുടെ സാമൂഹ്യ നിലവാരത്തിൽപ്പെട്ടവരെ സൽക്കരിക്കുന്നത് മാത്രമാണ് അതിഥി സൽക്കാരം എന്നു തെറ്റിദ്ധരിക്കുന്നു. സാമ്പത്തികമായി ഉന്നത നിലവാരത്തിലുള്ള പലരും ഇന്ന് അതിഥി സൽക്കാരമെന്ന പേരിൽ കാട്ടിക്കൂട്ടുന്നതു പലതും ലജ്ജാവഹവും യാതൊരു മാനുഷിക മൂല്യവും ഇല്ലാത്തതുമാണ്. ക്രിസ്തുവിലുള്ള സഹോദരഭാവത്തിൽ നിന്നുദിക്കുന്ന ഹൃദയത്തിന്റെ ആഴമായ ഔദാര്യവും സ്നേഹവുമാണ് ആതിഥ്യത്തെ ക്രിസ്തീയ സുകൃതമാക്കുന്നത്. സ്വന്തകാര്യലാഭത്തിനുവേണ്ടി സൽക്കരിക്കുന്നവരുണ്ട്. നിവൃത്തിയില്ലാത്തതുകൊണ്ട് ആതിഥ്യമര്യാദ ആചരിക്കുന്നവരുണ്ട്. മാന്യതയ്ക്കുവേണ്ടി ചെയ്യുന്നവരുമുണ്ട്. എന്നാൽ ശുദ്ധമായ

സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും ബഹിർസ്ഫുരണമായി അതിഥികൾക്ക് സ്വാഗതമരുളുന്നവരുമുണ്ട്.

പൂർണ്ണമായി സ്വയം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി നൽകുവാനുള്ള അദമ്യമായ ആഗ്രഹമാണ് ക്രിസ്തീയമായ ആതിഥ്യത്തിൽ പ്രതിഫലിക്കുന്നത്. തനിക്കുവേണ്ടി ഒന്നും കരുതിവയ്ക്കാതെ, വരുന്നവരുടെ വലിപ്പചെറുപ്പം നോക്കാതെ, സ്നേഹം കനിയുന്ന മനസ്സോടെയാണ് പാമ്പാടിത്തിരുമേനി സന്ദർശകരെ സ്വീകരിച്ചത്. ആതിഥ്യത്തെ വി. കുർബാനയുടെ അന്തഃസത്ത ഉൾക്കൊള്ളുന്ന സ്വയം കാഴ്ചയർപ്പണമാക്കി തിരുമേനി രൂപാന്തരപ്പെടുത്തി. അതുമൂലം തിരുമേനിയുടെ അടുത്തുവന്ന യാചകരും, തീർത്ഥാടകരും, സമ്പന്നരായ സന്ദർശകരും കൊച്ചുകുട്ടികളും ഒരുപോലെ 'ദൈവരാജ്യത്തിലെ വിരുന്നിന്റെ' മുൻരുചി നേടി തിരിച്ചുപോയി. ഇവിടെ ആതിഥ്യത്തിന്റെ ക്രിസ്തീയമായ അർത്ഥം പൂർണ്ണമായി വെളിപ്പെടുന്നു.

മൂന്നാമതായി, സഭയിലെ മെത്രാപ്പോലീത്തായായിരുന്ന തിരുമേനി ഒരു ഭരണകർത്താവെന്നതിലുപരിയായി ഇടയനും ആത്മീയ പിതാവുമായിരുന്നു. ശരിയായ പൗരസ്ത്യ പാരമ്പര്യത്തിൽ എന്നും ഇങ്ങനെയായിരുന്നു. റോമൻസഭയിലും ബൈസന്റയിൻ (ഗ്രീക്ക്) രാജകീയ സഭാപാരമ്പര്യത്തിലും മെത്രാപ്പോലീത്താ ഭരണകർത്താവാണെന്ന ആശയം കൂടെക്കൂടെ ഉയർന്നുവന്നിട്ടുണ്ട്. മേൽപ്പട്ടക്കാരൻ ഗോത്രത്തലവനാണ് എന്ന ചിന്ത ചില കിഴക്കൻസഭകളിലും കാണാം. പക്ഷേ എപ്പിസ്കോപ്പായുടെ യഥാർത്ഥ സ്ഥാനത്തിന് നൽകിയ വികലമായ വ്യാഖ്യാനങ്ങളാണ് ഇവ. ഇത്തരം വൈകല്യത്തിനെതിരെ നിലകൊണ്ട്, ശരിയായ പാരമ്പര്യം ഉയർത്തിപ്പിടിച്ച അനേകം മേൽപ്പട്ടക്കാർ ഉണ്ടായിട്ടുണ്ട്. അവരിലൊരാളായിരുന്നു പാമ്പാടിത്തിരുമേനി.

ഏതാണ്ട് അഞ്ചാം നൂറ്റാണ്ടിൽതന്നെ സന്യാസിമാരിൽനിന്ന് എപ്പിസ്കോപ്പാമാരെ തിരഞ്ഞെടുക്കുന്ന രീതി വ്യാപകമായിത്തുടങ്ങി. വിവാഹിതരായ ചുരുക്കം ചില മേൽപ്പട്ടക്കാർ പിന്നീടുണ്ടാകുന്നുണ്ടെങ്കിലും സന്യാസപ്രസ്ഥാനം അതിശക്തമായതോടെ മെത്രാന്മാർ സന്യാസിമാരായിരിക്കണം എന്ന ചിന്തയ്ക്കാണ് പ്രാബല്യം സിദ്ധിച്ചത്. നല്ല ആത്മീയ ഗുരുവും പിതാവുമായിരിക്കാൻ പല ശ്രേഷ്ഠ സന്യാസിമാർക്കും കഴിഞ്ഞിട്ടുണ്ട്. ആത്മീയമോ ലൗകികമോ ആയ പ്രശ്നങ്ങളുമായി ഏറ്റുമുട്ടുന്നവർ ഉപദേശത്തിനും ആശ്വാസത്തിനുമായി ഇത്തരം ഗുരുക്കന്മാരുടെ അടുത്തേക്കാണു പോയത്. ഈ ഗുരുക്കന്മാർ അവരുടെ വിദ്യാഭ്യാസ നിലവാരം കൊണ്ടോ വാക്ചാതുരികൊണ്ടോ അല്ല ജനങ്ങളെ അകർഷിച്ചത്. നിരന്തരമായ തപസ്സിലൂടെയും പ്രാർത്ഥനയിലൂടെയും അവർക്ക് ലഭിച്ച വിവേകശക്തിയും ദൈവസാന്നിധ്യവും അവരുടെ അടുത്തു

വന്നവർക്ക് പ്രകാശവും ശക്തിയും നൽകി. ഇങ്ങനെയുള്ളവരെ എപ്പിസ്കോപ്പാമാരായി ഉയർത്തുവാൻ ജനങ്ങൾ എപ്പോഴും അതിയായ ഉത്സാഹം കാണിച്ചിരുന്നു. നല്ല ഇടയനായ കർത്താവിനെ അനുകരിച്ച്, ആടുകളെ ഭരിക്കുന്നതിലുപരി, അവയെ സ്നേഹപൂർവ്വം കരുതുകയും വഴി നടത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ഇത്തരമൊരു ഇടയശ്രേഷ്ഠനായിരുന്നു പരിശുദ്ധനായ പാമ്പാടിത്തിരുമേനി.

തിരുമേനി തെളിയിച്ച ആത്മാവിന്റെ ദീപം നമ്മെ എന്നും വഴിനടത്തട്ടെ.

*(എഡിറ്റോറിയൽ, ഓർത്തഡോക്സ് യൂത്ത് മാസിക, ഏപ്രിൽ 1985)*



**പ. പാമ്പാടി തിരുമേനി, പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, മാർ ഈവാനിയോസ് (ബഥനി), മാർ തെയോഫിലോസ് (ബഥനി)**

# 4

# ആർദ്രവും സൗമ്യവുമായ ഒരു സാന്നിധ്യം

പൗരസ്ത്യ ക്രിസ്തീയ സന്യാസത്തിന്റെയും ഭാരതീയമായ ഋഷി പാരമ്പര്യത്തിന്റെയും മനോജ്ഞമായ സമ്മേളനമാണ് പരിശുദ്ധനായ പാമ്പാടി തിരുമേനിയിൽ നാം കാണുന്നത്. ഇന്ന് അദ്ദേഹത്തിന്റെ പേരിൽ പ്രശസ്തമായ പാമ്പാടിക്കടുത്ത് പൊത്തൻപുറം മലയിൽ 1914-ൽ കുടിൽ കെട്ടി കാനനവാസം തുടങ്ങിയ കുറിയാക്കോസ് റമ്പാൻ എന്ന സന്യാസി വൈദികൻ ലാളിത്യവും ജീവിതവിശുദ്ധിയും മനുഷ്യസ്നേഹവും മുൻ നിർത്തിയാണ് തപസ്സാരംഭിച്ചത്.

പാമ്പാടി തിരുമേനിയുടെ ആദ്ധ്യാത്മികത നിശ്ശബ്ദവും പ്രകടനപരത ഒട്ടും തീണ്ടാത്തതുമായിരുന്നു. ഉന്നത വിദ്യാഭ്യാസമോ വാഗ്വിലാസമോ ഇല്ലാത്ത ആ താപസൻ തന്റെ സമകാലീനനായിരുന്ന അരുണാചല ത്തിലെ രമണ മഹർഷിയെപ്പോലെ സ്വച്ഛവും ആർദ്രവുമായ സാന്നിധ്യം കൊണ്ടു ലോകത്തിനു പ്രകാശം നൽകി. ഇത്തരം ആദ്ധ്യാത്മിക ജീവി തശൈലി ഇന്നു മിക്കവാറും നമുക്ക് അന്യമായിക്കഴിഞ്ഞു. ദശലക്ഷ ങ്ങളുടെ മാധ്യമപരസ്യങ്ങളിലും ശബ്ദമലിനീകരണമുണ്ടാക്കുന്ന പ്രഭാ ഷണ കസർത്തുകളിലും അത്ഭുതരോഗശാന്തിമേളകളിലുമാണ് ക്രിസ്തീയ ആദ്ധ്യാത്മികത എന്നു വിശ്വസിക്കുന്നവർ, പാമ്പാടി തിരു മേനിയെപ്പോലെയുള്ളവരിൽനിന്നു പ്രസരിച്ച സൗമ്യദീപ്തിയുടെ ഉറവിടം ഏതാണെന്നു കൂടി അന്വേഷിക്കേണ്ടതാണ്.

പാമ്പാടി തിരുമേനിയുടെ ആദ്ധ്യാത്മിക സാധനകൾ ഓർത്തഡോക്സ് സഭാപാരമ്പര്യത്തിലെ ഉപവാസവും നോമ്പും പ്രാർത്ഥനയുമായിരുന്നു. അവയിലൂടെ ലഭിച്ച ആത്മീയസിദ്ധികളെ സ്വാർത്ഥലാഭത്തിനുവേണ്ടി പരസ്യപ്പെടുത്താനോ ജനക്കൂട്ടത്തെ ആകർഷിക്കാനോ അദ്ദേഹം ഉപ യോഗിച്ചില്ല. സ്വന്തം സുഖങ്ങൾ പരിത്യജിച്ച് മറ്റുള്ളവർക്കുവേണ്ടി നിര ന്തരം കണ്ണുനീരോടെ പ്രാർത്ഥിച്ചിരുന്ന തിരുമേനിയിൽ ആർദ്രമായ മനു ഷ്യസ്നേഹവും അനുകമ്പയുമാണ് എന്നും നിറഞ്ഞുനിന്നത്.

സഭയുടെ നിർബന്ധപ്രകാരം അദ്ദേഹം മെത്രാൻസ്ഥാനം സ്വീകരി ച്ചെങ്കിലും ഒരു സന്യാസിയുടെ നിസ്സംഗതയും അതിലളിതമായ ജീവിത ശൈലിയും അദ്ദേഹം പൂർണ്ണമായും നിലനിർത്തി. തന്റെ നാഥനായ യേശുക്രിസ്തുവിന്റെ ഉപദേശം അക്ഷരംപ്രതി അനുസരിച്ച മെത്രാപ്പോ ലീത്താ, അന്നന്നേയ്ക്കുള്ള ആഹാരത്തിനുവേണ്ടി പ്രാർത്ഥിച്ചു.

നാളെയെക്കുറിച്ച് ഒട്ടും ഭാരപ്പെടാതെ, അത്താഴത്തിനു കഷ്ടിച്ചു വച്ചിരുന്ന അരിപോലും എടുത്ത് അഗതികൾക്കു കൊടുത്ത സംഭവങ്ങളുണ്ടായിട്ടുണ്ട്.

'അതിഥി ദേവോ ഭവഃ' എന്ന ഭാരതീയ തത്വം തന്റെ ആദ്ധ്യാത്മികതയുടെ ആണിക്കല്ലായി പാമ്പാടി തിരുമേനി സ്വീകരിച്ചു. ആഡംബരപൂർണ്ണമായ വിരുന്നുകളിലൂടെയല്ല അദ്ദേഹം അതിഥിസൽക്കാരം ആചരിച്ചത്. അഗതികളോടും നിരാശ്രയരോടും ദുഃഖിതരോടുമുള്ള ആർദ്രമായ ഏകീഭാവത്തിലൂടെയാണ് അദ്ദേഹം അതു സാക്ഷാത്ക്കരിച്ചത്. ആകാശത്തിലെ പക്ഷികളും അലഞ്ഞുനടക്കുന്ന നായ്ക്കളും അവരുടെ സ്രഷ്ടാവിന്റെ കരുതലും വാത്സല്യവും തിരുമേനിയിലൂടെ അനുഭവിച്ച സംഭവങ്ങൾ ഇന്നു പ്രസിദ്ധമാണ്. അരമനയിൽനിന്നു റബർഷീറ്റ് മോഷ്ടിച്ച യുവാവിനെ ആളുകൾ തൊണ്ടിയോടെ പിടിച്ചു തിരുമേനിയുടെ മുമ്പിൽ കൊണ്ടുവന്നപ്പോൾ ആ പിതാവ് മോഷ്ടാവിന്റെ ജീവിതകഥയൊക്കെ തിരക്കി അനുകമ്പയോടെ പറഞ്ഞു: "കുഞ്ഞേ, മോഷണം പാപമാണ്. ഇനി മോഷ്ടിക്കരുത്. നിന്റെ തലയിലിരിക്കുന്ന റബർ നീ എടുത്തുകൊള്ളൂ. അതു വിറ്റ് ആ പണം കളയാതെ എന്തെങ്കിലും തൊഴിൽ ചെയ്തു ജീവിക്കണം. ദൈവം നിന്നെ കാക്കട്ടെ." വിക്ടർ യൂഗോവിന്റെ 'പാവങ്ങളി'ലെ മെത്രാൻ, പാമ്പാടി തിരുമേനിയിലൂടെ നമ്മുടെ ഇടയിൽ ജീവിച്ചു. പാവങ്ങളായ മനുഷ്യരും ആകാശപ്പറവകളും മൃഗങ്ങളും മരങ്ങളും മോഷ്ടാക്കളും എല്ലാം അദ്ദേഹത്തിന് അതിഥികളായിരുന്നു.

മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ ഇന്നത്തെ ലോകത്തെ ദുരിതപൂർണ്ണമാക്കുമ്പോൾ മതങ്ങളുടെ അന്തഃസത്തയറിഞ്ഞ് മനുഷ്യസ്നേഹത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും സാന്ത്വനസ്പർശം നൽകുന്നവരും നമ്മുടെ ലോകത്തിലുണ്ട്. പാമ്പാടി തിരുമേനിയുടെ ഗുരുവായിരുന്ന മഠത്തിലാശാനും ശിഷ്യനും തമ്മിലുള്ള ബന്ധം ഹൃദയസ്പർശിയാണ്. ക്രൈസ്തവനായ ശിഷ്യന്റെ ആത്മീയതയുടെ ആഴമറിഞ്ഞ ഹൈന്ദവനായ ഗുരു, തന്റെ ശിഷ്യനു പർണശാല കെട്ടി ധ്യാനിക്കാൻ കൊടുത്ത സ്ഥലമാണ് പൊത്തൻപുറം കുന്ന്. ഗുരുവിന്റെ കുടുംബവും ശിഷ്യനായ മെത്രാനും തമ്മിലുള്ള ഹൃദയബന്ധം മഠത്തിലാശാന്റെ പൗത്രനും കേരള യൂണിവേഴ്സിറ്റി പൊളിറ്റിക്കൽ സയൻസ് വകുപ്പ് അദ്ധ്യക്ഷനുമായിരുന്ന ഡോ. രാമകൃഷ്ണപിള്ള തന്റെ ഒരു ലേഖനത്തിൽ ആർദ്രമായ ഭാഷയിൽ അനുസ്മരിക്കുന്നുണ്ട്. യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ ഉപദേശിച്ച കാര്യങ്ങൾ അക്ഷരംപ്രതി ക്രിസ്തുശിഷ്യനായ തിരുമേനി നിറവേറ്റിയ പല സന്ദർഭങ്ങൾക്കും താൻ ദൃക്സാക്ഷിയായിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. തിരുമേനിയുടെ ജന്മ

ശതാബ്ദി സ്മരണികയിൽ ഡോ. രാമകൃഷ്ണപിള്ള എഴുതി: "ആർഷ ഭാരത സംസ്കാരവും ക്രിസ്തീയ സംസ്കാരവും മഹനീയമായ രീതിയിൽ സമന്വയിപ്പിച്ചിരുന്ന ഒരു മഹാത്മാവായിരുന്നു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി. ഋഷിതുല്യമായ ജീവിതം, യേശു ക്രിസ്തുവിന്റെ ഉപദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കണമെന്ന ഉൽക്കടമായ, തീവ്രമായ അഭിവാഞ്ഛയോടുകൂടി നയിച്ച ജീവിതം."

സ്ഥാപനങ്ങളും സമ്പത്തും ലൗകികശക്തിയും അഹങ്കാരത്തോടെ കാണിച്ചു മത്സരിക്കുന്ന മതങ്ങൾ മനുഷ്യവർഗ്ഗത്തിനും ഈശ്വര സൃഷ്ടിക്കു മുഴുവനും ശാപമായിത്തീരുമ്പോൾ ദൈവസ്നേഹത്തിന്റെയും കരുണയുടെയും തെളിനീരൊഴുക്കുന്ന പാമ്പാടി തിരുമേനിയെപ്പോലുള്ള നിഗൂഢമായ ഉറവകൾ നമ്മുടെ ലോകത്തിനു പ്രത്യാശയുടെ കുളിർമ നൽകുന്നു.

(മലയാള മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, ഏപ്രിൽ 7, 2006)



**പാമ്പാടി തിരുമേനി കുടുംബാംഗങ്ങളോടൊപ്പം**

# 5

# പരിശുദ്ധ പാമ്പാടി തിരുമേനിയുടെ യുഗാന്ത്യദർശനം

“വാത്സല്യ മക്കളെ, നാം എപ്പോഴും ഓർക്കേണ്ടതായ നാലു കാര്യങ്ങളുണ്ട്. മരണം, ന്യായവിധി, മോക്ഷം, നരകം.”

പ്രസിദ്ധമായ പുതുപ്പള്ളി നിലയ്ക്കൽ കൺവൻഷനിൽ, കോട്ടയം ഭദ്രാസനാധ്യക്ഷനായിരുന്ന പാമ്പാടി തിരുമേനി എല്ലാ വർഷവും നടത്തുന്ന അധ്യക്ഷപ്രസംഗത്തിന്റെ സാരാംശമാണിത്. മിക്കവാറും വിഷയം ഒന്നുതന്നെ. പറയുന്ന രീതിയും ഒന്നുതന്നെ. പ്രസംഗമാകട്ടെ, വളരെ ചുരുങ്ങിയതും.

തിരുമേനി സ്വന്തമായി കണ്ടുപിടിച്ചു പറയുന്നതല്ല ഈ നാലു കാര്യങ്ങളും. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ രൂഢമൂലമായ ആധ്യാത്മികതയുടെ ഭാഗമായി സന്യാസഗുരുക്കന്മാർ ശിഷ്യന്മാരെ നൂറ്റാണ്ടുകളായി പഠിപ്പിച്ചിരുന്നതാണ്. എന്നാൽ, പാമ്പാടി തിരുമേനിയെ സംബന്ധിച്ച് അവ അക്ഷരാർത്ഥത്തിൽതന്നെ, ഓർമയിലും ജീവിതശൈലിയിലും പ്രതിഫലിച്ചിരുന്നു. സന്യാസികൾക്കു മാത്രമല്ല, സാധാരണ ലോകജീവിതം നയിക്കുന്ന ക്രിസ്ത്യാനികൾക്കും ആവശ്യമായ ചിന്തയായിട്ടാണു തിരുമേനി അതിനെ അവതരിപ്പിച്ചുകൊണ്ടിരുന്നത്.

ജീവിതത്തെ മുഴുവൻ മരണത്തിനും അതിനുശേഷമുള്ള നിത്യജീവനുമുള്ള ഒരുക്കമായിട്ടു കാണുന്ന ശക്തമായ ആധ്യാത്മികത മൂന്നാം നൂറ്റാണ്ടു മുതലെങ്കിലും സഭയിൽ കാണുന്നുണ്ട്. അതിന്റെ പശ്ചാത്തലം അപ്പോസ്തോലിക പ്രബോധനമായിരുന്നു. അതിൽ എടുത്തുപറയാവുന്ന ചിലതുണ്ട്.

1. യേശുക്രിസ്തു ഉടൻ രണ്ടാമതു വരുമെന്നുള്ള പ്രതീക്ഷയിൽ, ഇഹലോകജീവിതത്തെ ക്രമീകരിക്കാനുള്ള ഉദ്ബോധനം. “കർത്താവിന്റെ നാൾ അടുത്തിരിക്കുന്നതു”കൊണ്ട് (2 തെസ്സ. 2:1) “നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടണം....” (1 തെസ്സ. 5:23). അതുകൊണ്ടു നമ്മുടെ അന്ത്യത്തെക്കുറിച്ചുള്ള നിരന്തര മനനം അനുപേക്ഷണീയമാണ്.

2. ഉടൻ കർത്താവു വീണ്ടും വരുമെന്നുള്ള പ്രതീക്ഷയ്ക്കു ക്രമേണ മങ്ങലേറ്റു. എന്നാൽ, അതുകൊണ്ടു വ്യക്തിപരമായ നിലയിൽ ഓരോരു

ത്തരുടെയും ഒരുക്കത്തിന്റെ ആവശ്യം ഒട്ടും കുറയുന്നില്ല. കാരണം ഓരോരുത്തരുടെയും മരണം അനിശ്ചിതമാണ്. ഒരാളുടെ മരണം അയാളെ സംബന്ധിച്ചു ലോകം അവസാനിക്കുന്നതിനു തുല്യമാണ്. "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ" (2 കോരി. 5:1) എന്താണു പിന്നെ സംഭവിക്കുക എന്നുള്ളതിനെക്കുറിച്ച് അപ്പോസ്തോലന്മാർക്ക് ഉറപ്പും ധൈര്യവും പ്രത്യാശയുമുണ്ടായിരുന്നു. "അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ കർത്താവിനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു" എന്നു പൗലോസ് ശ്ലീഹാ പറയുന്നു (2 കോരി. 5:9). "ശരീരം വിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നെ"ങ്കിലും, ദൈവഹിതം ഈ ലോകത്തിൽ നിറവേറ്റുവാൻ തക്കവിധം, മറ്റുള്ളവർക്കുവേണ്ടി ഇവിടെ ജീവിക്കുന്നു. "എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു" (ഫിലി. 1:20-23).

3. നാം ലോകത്തിൽ പരദേശികളാണ്. ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ല. നമ്മുടെ പൗരത്വം സ്വർഗത്തിലാകുന്നു (2 കോരി. 5:6, എബ്രാ. 13:14). അതുകൊണ്ട് എത്രനാൾ ഇവിടെ ജീവിച്ചിരുന്ന് എന്തൊക്കെ നേടിയാലും, നാം ഇവിടെ വഴിയാത്രക്കാരെപ്പോലെയും പരദേശികളെപ്പോലെയും ഒന്നിനെയും സ്വന്തമെന്ന് എണ്ണുന്നില്ല. "കർത്താവിന്റെ വാഗ്ദാനപ്രകാരം നാം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു" (2 പത്രോ. 3:13).

## കേവലവും അപേക്ഷികവും

മുകളിൽ സൂചിപ്പിച്ച അപ്പോസ്തോലിക പ്രബോധനത്തെ അക്ഷരാർത്ഥത്തിൽ സാക്ഷാൽക്കരിക്കാനുള്ള ക്രമീകൃത ജീവിതശൈലിയാണു പുരാതന സന്യാസപ്രസ്ഥാനം ആവിഷ്കരിച്ചത്. അതുകൊണ്ടു ലോകജീവിതത്തിലെ എല്ലാത്തരം ഉദ്ദേശ്യങ്ങളെയും ലക്ഷ്യങ്ങളെയും, അന്ത്യന്യായവിധിയുടെയും നിത്യജീവന്റെയും കേവല വെളിച്ചത്തിൽ കാണുക, അതിനനുസരിച്ചു ലോകത്തെയും അതിന്റെ സകല വ്യാപാരങ്ങളെയും ആപേക്ഷികമായി വിവേചിച്ചറിയുക എന്നതായിരുന്നു ഈ ജീവിതശൈലിയുടെ പ്രത്യേകത. ഇങ്ങനെയുള്ള പൗരസ്ത്യ സന്യാസജീവിതത്തിന്റെ അവസാനത്തെ ചുരുക്കം ചില കണ്ണികളിലൊന്നായിരുന്നു പാമ്പാടി തിരുമേനി.

ഉദാഹരണമായി, നമ്മുടെ വീട്ടിൽനിന്നു വിലയുള്ള വസ്തുക്കൾ മോഷ്ടിച്ച ഒരു കള്ളനെ നാട്ടുകാർ പിടിച്ചു നമ്മുടെ മുന്നിൽ ഹാജരാക്കിയാൽ, അവനെ ശാരീരികമായി ഉപദ്രവിക്കുന്നതിനോ, പോലീസിൽ ഏൽപിക്കുന്നതിനോ നാം തടസ്സം പറഞ്ഞെന്നു വരില്ല. കാരണം നമ്മുടെ

നീതിബോധമനുസരിച്ചു മോഷണം പാപമാണ്. മോഷ്ടിക്കുന്നവൻ സാമൂഹ്യദ്രോഹിയാണ്. അവൻ ശിക്ഷിക്കപ്പെടണം. ശിക്ഷിച്ചില്ലെങ്കിൽ അവൻ ഇനിയും മോഷ്ടിക്കും. കുറേക്കൂടി ഹീനമായ തെറ്റുകൾ ചെയ്യും. മറ്റുള്ളവരുടെ മുതൽ അങ്ങനെ കട്ടെടുത്ത് ആരും ജീവിക്കാൻ പാടില്ല... ഇങ്ങനെയൊക്കെയായിരിക്കും ലോകപ്രകാരമുള്ള നമ്മുടെ ന്യായചിന്ത.

എന്നാൽ, അങ്ങനെ ജനങ്ങൾ പിടിച്ചുകൊണ്ടുവന്ന കള്ളനോടു തിരുമേനി ദയാവായ്പു കാട്ടുന്നു. അവന്റെ ദാരിദ്ര്യവും ആവശ്യവും തിരിച്ചറിയുന്നു. അവനോടു ക്ഷമിച്ച് അവനെ സഹായിച്ചു യാത്രയാക്കുന്നു. ഇതുമൂലം ഇനി ഒരിക്കലും മോഷ്ടിക്കാനാവാത്തവിധം കള്ളന്റെ ഹൃദയത്തെ തിരുമേനി സ്പർശിക്കുന്നു. അവൻ മോഷ്ടിക്കാനിടയായ സാമൂഹ്യ - സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും മനഃശാസ്ത്രപശ്ചാത്തലത്തെക്കുറിച്ചും ഒരു വീണ്ടുവിചാരം നടത്താൻ മറ്റുള്ളവരെ ഈ സംഭവം സഹായിക്കുകയും ചെയ്യുന്നു.

ലോകത്തിലുള്ള തന്റെ വസ്തുവകകൾക്കു കേവലമായ മൂല്യം (absolute value) ഉണ്ടെന്നും, അവ നഷ്ടപ്പെട്ടാൽ തന്റെ അസ്തിത്വം ഇല്ലാതാകുമെന്നും, അതുകൊണ്ട് ഏതു മാർഗത്തിലും അവയെ സംരക്ഷിക്കണമെന്നും വിചാരിക്കുന്ന ഒരാൾക്ക് ഇങ്ങനെ ചെയ്യാൻ സാധ്യമല്ല. നിത്യജീവന്റെ വെളിച്ചത്തിൽ ഇവിടെയുള്ള സംഗതികളെ ആപേക്ഷികമായി കാണാനും വിലയിരുത്താനും, വേണ്ടിവന്നാൽ ഉപേക്ഷിച്ചുകളയാനും സാധിക്കുന്നവർക്കു മാത്രമേ ഇങ്ങനെ അസാധാരണമായി പ്രവർത്തിക്കാൻ കഴിയൂ. അതുകൊണ്ടു നിത്യജീവനോടു ബന്ധപ്പെട്ട മരണം, ന്യായവിധി, മോക്ഷം, നരകം എന്നിവയെക്കുറിച്ചുള്ള തിരുമേനിയുടെ നിരന്തരമായ ഓർമയും ധ്യാനവും തന്റെ അനുദിന ജീവിതശൈലിയെ അസാധാരണമാക്കി രൂപാന്തരപ്പെടുത്തുന്നു.

## ദൈവരാജ്യത്തിന്റെ നീതി

ദൈവരാജ്യത്തിന്റെ നീതിയും നിയമപരമായ മനുഷ്യനീതിയും തമ്മിൽ വലിയ അന്തരമുണ്ട്. രണ്ടിന്റെയും യുക്തികൾ തമ്മിൽ ഒരിക്കലും ചേരുകയില്ല. അതുകൊണ്ടാണല്ലോ, വൈകിട്ട് അഞ്ചു മണിക്കു വന്ന് ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവനും, രാവിലെ ആറു മണി മുതൽ വൈകിട്ട് ആറു മണിവരെ ജോലിചെയ്തവനും ഒരേ കൂലി ലഭിക്കുന്നത്. അതേ യുക്തികൊണ്ടാണ് ഒരു കവിളത്ത് അടിക്കുന്നവനു മറ്റേ കവിളും കാണിച്ചുകൊടുക്കണമെന്നു കർത്താവ് പറഞ്ഞത്.

ഇതു ബുദ്ധികൊണ്ടു തിരിച്ചറിഞ്ഞാലും ഹൃദയംകൊണ്ടും ജീവിതംകൊണ്ടും തിരിച്ചറിയാൻ എളുപ്പമല്ല. മനുഷ്യസ്നേഹമുള്ള എല്ലാ നല്ല

പ്രസ്ഥാനങ്ങളും സാമൂഹ്യനീതിയെക്കുറിച്ചു ഗൗരവമായി ചിന്തിക്കുന്ന പ്രത്യയശാസ്ത്രങ്ങളും നീതി നടപ്പാക്കുന്ന സർക്കാരുകളുമൊക്കെ മഹത്തായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ, ഒരിക്കലും യേശുക്രിസ്തു പറയുന്ന ദൈവരാജ്യത്തിന്റെ നീതി അവർക്കു മനസ്സിലാക്കാനോ നടപ്പാക്കാനോ കഴിയുകയില്ല. കാരണം, നമ്മുടെ സാധാരണ നീതിന്യായ വ്യവസ്ഥയെയും ക്രമസമാധാനത്തെയും അട്ടിമറിക്കുന്ന നീതിയാണത്. എന്നാൽ, മനഷ്യസമൂഹത്തിലും വ്യക്തികളുടെ ജീവിതങ്ങളിലും ദൈവരാജ്യത്തിന്റെ നീതി ഇത്തരം അട്ടിമറികൾ നടത്തുന്നുണ്ട് എന്നതാണു വാസ്തവം. പാമ്പാടി തിരുമേനിയുടെ നീതിബോധം അത്തരം അനുഭവങ്ങളിലേക്കാണു വിരൽ ചൂണ്ടുന്നത്.

## യുഗാന്ത്യദർശനം

യുഗാന്ത്യദർശനം (Eschatology) എന്നൊക്കെയുള്ള കഠിനപദങ്ങളുപയോഗിച്ചു വേദപണ്ഡിതന്മാർ വ്യവഹരിക്കുന്ന വിഷയങ്ങളാണു മരണം തുടങ്ങിയ നാലു കാര്യങ്ങൾ. ഇവിടെ വർത്തമാനകാലത്തിൽ നിന്നുകൊണ്ട്, നാം അവിടെ ഭാവിയിലേക്കു നോക്കി ലോകാവസാനത്തെക്കുറിച്ചും മരണാനന്തരജീവിതത്തെക്കുറിച്ചും മറ്റും ചിന്തിക്കുന്നതായിട്ടാണ് ഇതിന്റെ വിവക്ഷ. പക്ഷേ, പാമ്പാടി തിരുമേനിയെപ്പോലെ വിശുദ്ധരായ വ്യക്തികൾ തിരിച്ചാണു കാണുന്നത്. അതായത് അവിടെ നിന്നുകൊണ്ട് ഇങ്ങോട്ടുനോക്കുക. ചരിത്രം അവസാനിക്കുകയും സകലവും അതിന്റെ ആത്യന്തികമായ പരിസമാപ്തിയിൽ വിലയംപ്രാപിക്കുകയും ചെയ്യുന്ന അനുഭവത്തെ ആത്മീയമായി സ്വാംശീകരിച്ച് അതിന്റെ വെളിച്ചത്തിൽ തിരിഞ്ഞ് നമ്മുടെ ഇന്നത്തെ ചരിത്രത്തെ വീക്ഷിച്ചാൽ നമുക്കു ലഭിക്കുന്ന ചിത്രം വളരെ വ്യത്യസ്തമായിരിക്കും.

വർത്തമാനകാലചരിത്രത്തിനുള്ളിൽ ജീവിക്കുന്ന നമുക്ക് എല്ലാറ്റിന്റെയും അർത്ഥം ഇപ്പോൾ ലഭിക്കുന്നില്ല. ഇപ്പോൾ സംഭവിക്കുന്ന കാര്യങ്ങളുടെ ശരിയായ അർത്ഥവും പരസ്പരബന്ധവും ദീർഘകാലപ്രത്യാഘാതങ്ങളുമൊന്നും നമുക്കു വ്യക്തമാവുകയില്ല. എന്നാൽ, എല്ലാറ്റിന്റെയും അന്ത്യബിന്ദുവിൽ നിന്നുനോക്കുന്ന ഒരാളിന് അവയെല്ലാം കൂടുതൽ വ്യക്തമാകും. യഥാർത്ഥത്തിൽ, പൗരസ്ത്യചിന്തയിൽ യുഗാന്ത്യദർശനം (eschatological perspective) എന്നു പറയുന്നത്, ഇത്തരം സമഗ്രമായ കാഴ്ചപ്പാടിനെക്കുറിച്ചാണ്. പക്ഷേ, നേർരേഖയിൽ നീണ്ടുനീണ്ടു പോകുന്നു എന്നു നാം സാധാരണ കരുതുന്ന രേഖീയ ചരിത്രത്തിന്റെ (linear history) യുക്തിക്കനുസരിച്ച്, വർത്തമാനകാലത്തിൽ നിന്നുകൊണ്ട്, അജ്ഞേയമായ ഭാവിയിലേക്കു നോക്കിയാണു നാം യുഗാന്ത്യദർശനം നടത്താൻ ശ്രമിക്കുന്നത്. പാശ്ചാത്യവേദശാസ്ത്രം അങ്ങനെ

യാണു പഠിപ്പിക്കുന്നതും. മരണം തുടങ്ങിയ നാലു കാര്യങ്ങൾ എപ്പോഴും നമ്മുടെ സജീവമായ ഓർമയിൽ നിലനിർത്തണം എന്നു പഠിപ്പിക്കുന്ന പാമ്പാടിതിരുമേനി അതല്ല ഉദ്ദേശിക്കുന്നത്. പാശ്ചാത്യദൈവശാസ്ത്രം പഠിച്ചിട്ടില്ലാത്ത തിരുമേനിയെ സ്വാഭാവികമായും ആ കാഴ്ചപ്പാടു സ്വാധീനിച്ചുമില്ല.

പൂർത്തീകരിക്കപ്പെട്ട ചരിത്രക്രമത്തിന്റെയും സ്ഥലകാലങ്ങളുടെയും സമാപനബിന്ദുവിൽ സ്രഷ്ടാവ് സകലത്തെയും വിലയിരുത്തുകയും നന്മയെ തിന്മയിൽനിന്നു വേർതിരിക്കയും സകലത്തിന്റെയും അർത്ഥവും പരസ്പരബന്ധവും വെളിപ്പെടുത്തുകയും ചെയ്യുന്ന 'നിമിഷ'ത്തിൽ നിന്നുകൊണ്ടു സർവസൃഷ്ടിയെയും കാണാൻ കഴിയുന്നതാണു പൗരസ്ത്യ ചിന്തയിൽ യുഗാന്ത്യദർശനം. ഇതു ലോകയുക്തിയുടെ കാഴ്ചപ്പാടല്ല. യഥാർത്ഥത്തിൽ അതിനെക്കുറിച്ച് നമുക്കു ഭാഷ ഉപയോഗിച്ച് വിവരിക്കാനാവില്ല. സ്ഥലകാലങ്ങൾ 'പുതപ്പുപോലെ ചുരുട്ടിമാറ്റി'ക്കഴിഞ്ഞാൽപ്പിന്നെ 'നിമിഷം', 'കാഴ്ചപ്പാട്' എന്നൊക്കെ പറയുന്നതുതന്നെ യുക്തിവിരുദ്ധവും അർത്ഥശൂന്യവുമാണല്ലോ. ഈ യുഗാന്ത്യദർശനം ആധ്യാത്മികമായ ഒരുൾക്കാഴ്ചയാണ്. രേഖീയമായ ചരിത്രത്തിനുള്ളിൽ കഴിയുമ്പോൾ തന്നെ ചില വിശുദ്ധാത്മാക്കൾക്കു ലഭിച്ചേക്കാവുന്ന അന്തർദർശനമാണിത്. നിരന്തരമായ പ്രാർത്ഥനയും നിറഞ്ഞ മനുഷ്യസ്നേഹവും സകലവും ത്യജിക്കുന്ന ത്യാഗവും ദൈവസൃഷ്ടിയോടുള്ള ആഴമായ ആർദ്രതയുമുള്ളവർക്കു ദൈവം കനിഞ്ഞു നൽകിയേക്കാവുന്ന ഉൾബോധമാണിത്.

### ഇന്നും എന്നും

വ്യക്തിപരമായ ഒരനുഭവം ഇവിടെ കുറിക്കട്ടെ. സൺഡേസ്കൂൾ കുട്ടികളായ ഞങ്ങൾ ഒരിക്കൽ തിരുമേനിയെ കാണാൻ ചെന്ന സന്ദർഭം. അരികിൽ നിർത്തി, 'ആകാശത്തിലുള്ള ബാവാ' എന്ന പ്രാർത്ഥന ചൊല്ലാൻ പറഞ്ഞു. ഞാൻ ചൊല്ലിയതു തെറ്റി. "ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം എന്നും ഞങ്ങൾക്കു തരണമേ" എന്നാണു ചൊല്ലിയത്. തോളിൽ ഒരു ചെറിയ അടി തന്നിട്ടു തിരുമേനി തിരുത്തിത്തന്നു: "ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ."

തീരെ ചെറുപ്പത്തിൽ സംഭവിച്ച ഇക്കാര്യം മറന്നുപോകാതെ വീണ്ടും വീണ്ടും മനസ്സിലേക്കു വന്നുകൊണ്ടിരുന്നത് എന്തുകൊണ്ടാണെന്ന് അത്ഭുതപ്പെട്ടിട്ടുണ്ട്. ഭക്ഷണപ്രിയനായ ഒരു കുട്ടി തനിക്ക് ഇഷ്ടമുള്ള അപ്പം എന്നും കിട്ടണമെന്നാവും ആഗ്രഹിക്കുന്നത്. ഓർത്തഡോക്സ് സഭയുടെ പ്രാർത്ഥനകളെല്ലാം അവസാനിക്കുന്നത്, ''എന്നും എന്നേക്കും" (for ever and ever) അല്ലെങ്കിൽ "ഇന്നും എന്നേക്കും" (now

and for ever) എന്നിങ്ങനെ ത്രിത്വസ്തുതി സമർപ്പിച്ചുകൊണ്ടാണല്ലോ. കുട്ടികളുടെ മനസ്സിൽ പതിയുന്ന ഒരു പ്രയോഗമാണത്. നിത്യതയെ സൂചിപ്പിക്കുന്നതാണത്. കുട്ടികൾക്ക് അതു മനസ്സിലാവില്ലെങ്കിലും പ്രാസഭംഗി ഓർമയിൽ തങ്ങിനിൽക്കും.

'ഇന്നും' 'എന്നും' തമ്മിലുള്ള വ്യത്യാസം കാതലായ ഒന്നാണ്. 'ഇന്നു'കൾ കൂട്ടിവച്ചാൽ 'എന്നു'മാവില്ല. കാലത്തെ അനന്തമായി വലിച്ചു നീട്ടുന്നതല്ല നിത്യത. കാലത്തിന്റെ മുഖമുദ്രയാണ് 'ഇന്ന്' അഥവാ 'ഇപ്പോൾ.' ഇന്ന് ആവശ്യമായ അപ്പം തരേണമേ എന്നു പ്രാർത്ഥിക്കാനാണ് കർത്താവ് പഠിപ്പിച്ചത്. ഇന്നു കഴിച്ചാൽ, നാളെയും വിശക്കും. ഇപ്പോൾ കഴിച്ചാൽ, അൽപം കഴിഞ്ഞാൽ വീണ്ടും വിശക്കും.

വർത്തമാനകാലത്തിലാണു നാം ജീവിക്കുന്നത്. ഓരോ നിമിഷവും ദൈവകൃപയിലാണു നാം പുലർത്തപ്പെടുന്നത്. ഈ നിമിഷത്തിന്റെ അപ്പം – ശാരീരികമായും ആത്മീയമായും – ലഭിക്കാനാണു നാം പ്രാർത്ഥിക്കുന്നത്. മരുഭൂമിയിൽ അലഞ്ഞുനടന്ന ഇസ്രായേൽക്കാർക്കു ലഭിച്ച മന്നാ 'ഇന്ന'ത്തേക്ക് മാത്രമായിരുന്നല്ലോ. അതു പിന്നത്തേക്കു സൂക്ഷിച്ചുവച്ചവർക്കു നിരാശയാണു ലഭിച്ചത്. ആർത്തിയോടെ ആവശ്യത്തിൽ കൂടുതൽ വാരിക്കൂട്ടിയവർക്കും തീരെക്കുറച്ചു വാരിയെടുത്തവർക്കും ഒരുപോലെ, ഇന്നത്തെ ആവശ്യത്തിനു മാത്രം കിട്ടി.

വർത്തമാനകാലത്തിന്റെ 'ഈ നിമിഷ'ത്തെക്കുറിച്ചു പൂർണബോധ്യമുള്ള വ്യക്തിക്കു മാത്രമേ, 'ഇന്നു ഞങ്ങൾക്ക് ആവശ്യമുള്ള അപ്പ'ത്തിനു വേണ്ടി ആത്മനിറവോടെ പ്രാർത്ഥിക്കാനാവൂ. ഇതു തീക്ഷ്ണമായ ഒരുതരം കാലബോധമാണ്. മരണത്തെയും യുഗാന്ത്യത്തെയും ധ്യാനിച്ചു കഴിയുന്ന പാമ്പാടി തിരുമേനിയെപ്പോലെയൊരാൾക്ക്, ഇങ്ങനെ വർത്തമാനകാലത്തെക്കുറിച്ച് എങ്ങനെ അവബോധമുണ്ടാകും എന്നു നമുക്കത്ഭുതം തോന്നാം. സകലവും ത്യജിക്കുന്ന, സകലത്തെയും കാലാതീതമായി കാണുന്ന വ്യക്തികൾക്കാണ്, ലൗകികരെക്കാൾ, വർത്തമാനകാലത്തിന്റെ പ്രസക്തിയും മാധുര്യവും നന്നായി അറിയാനാവുന്നത്. ശ്രീബുദ്ധനെക്കുറിച്ചൊരു കഥയുണ്ട്, പ്രമുഖനായ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു: ഗുരോ, അങ്ങയുടെ സന്യാസിശിഷ്യന്മാർ എന്താണു ചെയ്യുന്നത്? ബുദ്ധൻ പറഞ്ഞു: 'അവർ നടക്കുകയും ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്യുന്നു.' ചോദ്യകർത്താവിന് അത്ഭുതം. എല്ലാവരും ഇതൊക്കെത്തന്നെയല്ലേ ചെയ്യുന്നത്! പിന്നെ ബുദ്ധസന്യാസിമാർക്ക് എന്തു വ്യത്യാസം? അവിടെയാണു ബുദ്ധമതത്തിലെ ദീപ്തമായ അവബോധം അഥവാ ശ്രദ്ധ (mindfulness) എന്ന ആശയം വ്യക്തമാവുന്നത്. വർത്തമാനകാലത്തിന്റെ ഓരോ നിമിഷവും അർത്ഥപൂർണമാക്കുന്ന

ദീപ്തമായ മനോവ്യാപാരമാണു സന്യാസി അനുഷ്ഠിക്കുന്നത്. ലൗകിക മനുഷ്യൻ നടക്കുകയും ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്യുന്ന തുപോലെയല്ല, സന്യാസി ചെയ്യുന്നത്. പ്രകാശിതമായ ബോധത്തിന്റെ വെളിച്ചത്തിലാണ് എത്ര നിസ്സാരമെന്നു തോന്നാവുന്ന ശരീരധർമവും ലോകവ്യവഹാരവും നിവർത്തിക്കപ്പെടുന്നത്. ഇന്നത്തെ അപ്പത്തിനു വേണ്ടി മാത്രം പ്രാർത്ഥിക്കാൻ പഠിപ്പിച്ച പാമ്പാടി തിരുമേനിയുടെ സന്യാസപാരമ്പര്യവും മുകളിൽ സൂചിപ്പിച്ച ഭാരതത്തിലെ ബൗദ്ധസന്യാ സപാരമ്പര്യവും തമ്മിൽ ഇക്കാര്യത്തിലുള്ള സമാനത ശ്രദ്ധേയമാണ്.

### മരണമുറി

പാമ്പാടി തിരുമേനി വാർധക്യകാലത്തു പള്ളിയോടുചേർന്നു തന്റെ സ്വന്തം കബർമുറി പണിതിരുന്നു. നോമ്പുകാലങ്ങളിലും മറ്റും വളരെ സമയം പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി അതിൽ കഴിഞ്ഞിരുന്നു. അക്കാലങ്ങളിൽ അദ്ദേഹത്തെ സന്ദർശിച്ചിരുന്ന കുട്ടികളായ ഞങ്ങൾക്കു വളരെ അത്ഭുതവും ഭയവും ഉണ്ടാക്കിയ സംഗതിയായിരുന്നു അത്. പള്ളി യുടെ സെമിത്തേരിയിൽ ഒറ്റയ്ക്കുപോകുന്നതും മറ്റും ഉളവാക്കിയിരുന്ന ഭയം ഞങ്ങൾക്കറിയാമായിരുന്നു. മരിക്കുന്നതിനു മുൻപു തന്നെ ഒരാൾ സ്വന്തം ശവക്കുഴിയുണ്ടാക്കി, അതിന്റെ മുകളിൽ സ്ലാബിട്ടിരുന്നു പ്രാർത്ഥി ക്കുകയും വിശ്രമിക്കുകയും ചെയ്യുന്നത് അന്ന് ഒരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല.

പിൽക്കാലത്താണ്, മരണഭയത്തെ മറികടന്ന വിശുദ്ധനായ ആ തിരു മേനി എന്താണു ചെയ്തുകൊണ്ടിരുന്നത് എന്ന് അൽപമെങ്കിലും മന സ്സിലാക്കാൻ കഴിഞ്ഞത്. ഒരു സന്യാസിയുടെ ജീവിതം മരണത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പാണ് എന്നു സന്യാസപ്രസ്ഥാനം പഠിപ്പിച്ചു. അതുകൊണ്ടു മരണത്തെക്കുറിച്ചുള്ള നിരന്തരധ്യാനം ആവശ്യമായി വരുന്നു. ഇവിടെയാണ് ഒരു സന്യാസിയും ലൗകികജീവിതം നയിക്കുന്ന ഒരു വ്യക്തിയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിലൊന്ന്. ലൗകികൻ ഏറ്റവും അധികം ഭയപ്പെടുന്നതു മരണത്തെയാണ്. ഒരളവിൽ എല്ലാ ജീവികളും അങ്ങനെയാണ്. മനുഷ്യേതരജീവികൾ വാസനാബലം കൊണ്ടു മരണത്തിൽനിന്നു കുതറിമാറാൻ ശ്രമിക്കുന്നു. മനുഷ്യൻ ബുദ്ധി കൊണ്ടും ശാസ്ത്രീയവൈദ്യവിദ്യകൊണ്ടും മരണത്തിൽനിന്നു രക്ഷപ്പെ ടാൻ ശ്രമിക്കുന്നു. ലൗകികമനുഷ്യൻ ഒരിക്കലും ശാന്തമായ മനസ്സോടെ മരണത്തെ നേരിടുന്ന പ്രശ്നമേയില്ല.

എന്നാൽ, തന്റെ ജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ യുഗാന്ത്യദർശ നത്തിലൂടെ മുൻകൂട്ടി കാണുന്ന സന്യാസി ബോധപൂർവം, സമചിത്തത യോടെ മരണത്തിനായി തയ്യാറെടുക്കുന്നു. 'വിട്ടുപിരിഞ്ഞ് ക്രിസ്തുവി

നോട് കൂടെയിരിക്കുന്നത് എനിക്കേറെയിഷ്ടം' എന്നു പറയുന്ന പൗലോസ് ശ്ലീഹാ ഇങ്ങനെ മരണത്തെ സന്തോഷപൂർവം സ്വാഗതം ചെയ്യുന്നു. കാരണം, ഞെരുക്കവും ഞരക്കവുമുള്ള ഈ ഇടുങ്ങിയ ക്ഷണികജീവിതത്തെ പ്രകാശപൂർണമായ നിത്യമണവറയുമായി തട്ടിച്ചുനോക്കാനുള്ള ഉൾക്കാഴ്ചയും ആത്മധൈര്യവും നേടിയ വിശുദ്ധനായിരുന്നു അദ്ദേഹം.

പരദേശിയായി കഴിയുന്ന ആൾ എത്രമാത്രം സന്തോഷത്തോടെയാണോ തന്റെ സ്വന്തം ഭവനത്തിലെത്തുന്ന ഭാവിസന്ദർഭം മനസ്സിൽ കാണുന്നത് അതുപോലെയാണ് ഈ ലോകജീവിതം നയിക്കുന്ന പരിശുദ്ധന്മാരും ശുദ്ധിമതികളും മരണത്തിന്റെ വാതിലിലൂടെ സ്വന്തം ഭവനത്തിലെത്തിച്ചേരാൻ തീഷ്ണമായി ആഗ്രഹിക്കുന്നത്. ഒരു തീർത്ഥാടനകേന്ദ്രത്തിലേക്കു വലിയ ആത്മീയ ഒരുക്കത്തോടെയും ആഗ്രഹത്തോടെയും ബഹുദൂരം സഞ്ചരിക്കുന്ന തീർത്ഥാടകൻ താൻ സന്ദർശിക്കാൻ പോകുന്ന പള്ളിയുടെ ഗോപുരത്തിന്റെ അതിവിദൂരദർശനം ആദ്യമായി ലഭിക്കുമ്പോൾ ആനന്ദപൂർണനായിതീരുന്നതുപോലെയാണു വിശുദ്ധന്മാർക്കു മരണത്തിന്റെ വിദൂരദർശനം. മരണത്തെ ഭയപ്പെടുകയും അതിൽനിന്നു തെറ്റിയൊഴിയാൻ ശ്രമിക്കുകയും ചെയ്യുന്ന ലൗകിക മനുഷ്യർക്ക് ഇതൊരിക്കലും മനസ്സിലാക്കാനാവില്ല.

## ഉയിർപ്പിന്റെ ഉത്സവം

ഓർത്തഡോക്സ് ആധ്യാത്മികതയിൽ ഏറ്റവും വലിയ വിജയമായി കരുതുന്നതു മരണഭയത്തിന്മേലുള്ള വിജയമാണ്. മനുഷ്യന്റെ എല്ലാ തിന്മകളും ഉത്ഭവിക്കുന്നതു മരണഭയത്തിൽ നിന്നാണ്. മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങളായ ആർജനത്വരയും അക്രമവാസനയും ഉപഭോഗാസക്തിയും ഇന്ദ്രിയ സുഖാന്വേഷണവും മരണത്തെക്കുറിച്ചുള്ള ഭയത്തിൽ നിന്ന് ഉടലെടുക്കുന്നു. അതുകൊണ്ടാണു സന്യാസജീവിതത്തിലും പൊതുവേ ആധ്യാത്മികതയിലും മരണഭയത്തെ മറികടക്കുന്നത് ഏറ്റവും വലിയ നേട്ടമായി കരുതപ്പെടുന്നത്. തന്റെ സ്വന്തം ശവക്കുഴിയുടെമേൽ പാദങ്ങൾ ഉറപ്പിച്ച് പ്രശാന്തമാനസനായി ദൈവസ്തുതി നടത്തുന്ന ഒരാൾ ഈ ആത്യന്തികഭയത്തെ ചവിട്ടിമെതിക്കുകയാണ്.

കർത്താവിന്റെ ഉയിർപ്പിനെ ചിത്രീകരിക്കുന്ന ഓർത്തഡോക്സ് ഐക്കൺ ചിത്രത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു കബറിന്റെ ഇരുട്ടിന്മേൽ പ്രകാശപൂർണനായി നിലകൊള്ളുന്നതു കാണാം. തന്റെ പാദങ്ങൾക്കടിയിൽ, വായ് പിളർന്നുനിൽക്കുന്നതു ശവക്കുഴിയുടെ അന്ധകാരമാണ്. പാതാളത്തിന്റെ ഗോപുരകവാടങ്ങൾ അവിടെ തകർന്ന് ഛിന്നഭിന്നമായിരിക്കുന്നു. നിരാശയുടെയും മരണത്തിന്റെയും ശൂന്യതയുടെയും

ഇരുട്ടിന്മേൽ ജീവന്റെ പ്രകാശം വെന്നിക്കൊടി നാട്ടുന്നു. പാതാളത്തില മർന്നിരുന്ന ആദമിനെയും ഹവ്വയെയും ഇരുവശത്തുനിന്നും യേശു തന്റെ സ്നേഹത്തിന്റെ കരങ്ങൾ നീട്ടി ജീവനിലേക്കു വലിച്ചടുപ്പിക്കുന്നു.

സ്വന്തം കുഴിമാടത്തിനു മുകളിലിരുന്നു പ്രാർത്ഥിക്കുന്ന പാമ്പാടിതിരു മേനിയുടെ ചിത്രം ആരെങ്കിലും ഐക്കൺ ശൈലിയിൽ വരച്ചാൽ, അതിനു മാതൃക മറ്റൊന്നുമായിരിക്കില്ല. നമ്മുടെ കർത്താവിന്റെ മേൽ സൂചിപ്പിച്ച ഉയിർപ്പുരംഗം മാത്രമായിരിക്കും അതിന്റെ മാതൃക.

മരണത്തെക്കുറിച്ചുള്ള അതിരുകടന്ന ചിന്ത രോഗാതുരമായ (morbid) മനസ്സിനെയാണു കാണിക്കുന്നതെന്ന് ആധുനിക മനഃശാസ്ത്രം പറയുന്നു. സാധാരണക്കാരുടെ കാര്യത്തിൽ ശരിയാണത്. പക്ഷേ, ഇപ്പറഞ്ഞ ഐക്കൺ ചിത്രീകരിക്കുന്ന ഉയിർപ്പുരംഗവും അത് ആഘോഷിക്കുന്ന മൃത്യുഞ്ജയ മഹോത്സവവും മനസ്സിലാക്കാൻ ആ മനഃശാസ്ത്രത്തിനു ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്.

ഒഴിഞ്ഞ കല്ലറയാണല്ലോ ഉയിർപ്പിന്റെ സാക്ഷ്യം നൽകുന്ന സംഗതികളിലൊന്ന്. ശൂന്യമായ കബർ സൂചിപ്പിക്കുന്നത്, മരണത്തിന്റെ ശക്തിയെ മരണം മൂലം മായ്ച്ചുകളഞ്ഞവനെ പിടിച്ചുവയ്ക്കാനാവാത്തതിന്റെ നിസ്സഹായ ശൂന്യതയാണ്. ഒരു വശത്ത്, നാമെല്ലാം നമ്മുടെ സ്വന്തം ശവക്കുഴിയുടെ മുകളിലാണ് ഇരിക്കയും ചരിക്കയും ചെയ്യുന്നത്. കാരണം നാമെല്ലാം മരിക്കും. മറുവശത്ത്, ക്രിസ്തുവിലുള്ള നമ്മുടെ ജയകരമായ പ്രത്യാശമൂലം, ആ ശവക്കുഴിയുടെ ശൂന്യത ഒരിക്കലും നമ്മെ പിടിച്ചുവയ്ക്കുകയില്ല എന്ന ബോധ്യത്തിൽ ഉല്ലസിക്കുന്നു. 'മനുഷ്യൻ ജനിക്കുന്ന നിമിഷം മുതൽ മരിച്ചുകൊണ്ടിരിക്കുകയാണ്' എന്ന ദാർശനിക നിരീക്ഷണം വാസ്തവമാണെന്നു നമുക്കറിയാം. പക്ഷേ, ഈ മരണവും ദ്രവത്വവും അതിന്റെ സ്വന്തം ശൂന്യതയിലേക്കു ചരിക്കുന്നു. മരണഭയത്തെ മറികടക്കുന്ന സിദ്ധന്മാർ ശൂന്യതയെ മറികടന്നു ജീവനിലേക്കും ചരിക്കുന്നു. സ്വന്തം കബർമുറിയിൽ ഇരുന്നു പ്രാർത്ഥിക്കുന്ന പാമ്പാടി തിരുമേനി നമുക്കു നൽകുന്ന സന്ദേശം പകൽപോലെ വ്യക്തമാണ്.

### ഹൃദയത്തിന്റെ കണ്ണീർ

ഞങ്ങളുടെ നാട്ടിൽ 'അമേരിക്കൻ സാർ' എന്ന് എല്ലാവരും വിളിച്ചിരുന്ന വളരെ മാന്യനായ പ്രായമുള്ള ഒരു വ്യക്തിയുണ്ടായിരുന്നു. അദ്ദേഹം ആശാൻപള്ളിക്കൂടം പോലെയൊരു പാഠശാല സ്വന്തം വീട്ടിൽ നടത്തിയിരുന്നു. കൊച്ചുകുട്ടികളെ മലയാളവും ഗണിതവും പഠിപ്പിക്കുന്നതോടൊപ്പം ഇംഗ്ലീഷിലും സുറിയാനിയിലും, ഞങ്ങൾ അന്ന് ഒരിക്കലും കേട്ടിട്ടില്ലാത്ത മറ്റേതോ ഭാഷകളിലുമൊക്കെ എണ്ണാനും അക്ഷരമാല ഉരുവിടാനും പ്രാർത്ഥിക്കാനും പഠിപ്പിക്കും. രണ്ടാം ലോകമഹായുദ്ധകാലത്തു

ബ്രിട്ടീഷ് സൈന്യത്തിൽ ചേർന്ന് മധ്യപൗരസ്ത്യദേശങ്ങളിലും മറ്റു സ്ഥല ങ്ങളിലും അദ്ദേഹം താമസിച്ചതായിട്ടാണറിവ്. അങ്ങനെയായിരിക്കണം, 'അമേരിക്കൻ' വിശേഷണം നാട്ടുകാർ അദ്ദേഹത്തിനു നൽകിയത്. പഴയ സെമിനാരിയിലും ചെറുപ്പത്തിൽ അദ്ദേഹം താമസിച്ചിട്ടുണ്ടത്രേ. പഴയ സെമിനാരിയിലെ കഥ പറയുമ്പോൾ അദ്ദേഹം ഒരു കുറിയാക്കോസ് ശെമ്മാശന്റെ കാര്യം രണ്ടുമൂന്നു തവണ പറഞ്ഞിട്ടുണ്ട്. വൈകിട്ടു പ്രാർ ത്ഥന കഴിഞ്ഞ് എല്ലാവരും ചാപ്പലിൽ നിന്നുപോയാലും കുറിയാക്കോസ് ശെമ്മാശൻ അവിടെയിരിക്കും. ശെമ്മാശൻ ഏകാന്തതയിൽ അനർഗള മായി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്നത് അദ്ദേഹം പലതവണ കണ്ടി ട്ടുണ്ട്. ആ ശെമ്മാശനാണ് പിന്നീടു പാമ്പാടി തിരുമേനിയായിത്തീർന്നത്.

കണ്ണീരോടെയുള്ള പ്രാർത്ഥനയായിരുന്നു തിരുമേനിയുടെ ആത്മീയ മായ ആർദ്രതയുടെ രഹസ്യം. പൗരസ്ത്യ ആധ്യാത്മിക പാരമ്പര്യ ത്തിന്റെ ശരിയായ പിന്തുടർച്ചയാണ് ഇവിടെ നാം കാണുന്നത്. ഒരു സന്യാ സിക്കു ജീവിതമെന്നത് അനുതപിക്കാനുള്ള വേദിയാണെന്ന് ആ തപോ പൈതൃകം പഠിപ്പിക്കുന്നു. അനുതാപത്തിന്റെ കണ്ണീർ ആർദ്രസ്നേഹ ത്തിന്റെ ജലധാരയുമാണ്. നിനവേയിലെ വി. ഇസഹാക്ക് (ഏഴാം നൂറ്റാണ്ട്) പഠിപ്പിച്ചതുപോലെ, ദൈവത്തിന്റെ സർവസൃഷ്ടിയോടുമുള്ള ആർദ്രസ്നേഹത്താൽ, ഒരുവനു വറ്റിപ്പോകാത്ത കണ്ണീർപ്രവാഹം ഉണ്ടാകാം. അതു സ്വന്തം പാപങ്ങളെയോ മറ്റുള്ളവരുടെ പാപത്തെയോ ഓർത്തുള്ള പശ്ചാത്താപത്തിന്റെ കണ്ണീർ മാത്രമല്ല, ശുദ്ധമായ ആനന്ദ ത്തിന്റെ, ആർദ്രമായ കരുണയുടെ അവസാനിക്കാത്ത മിഴിനീർ പ്രവാ ഹവുമാകാം. അതു കരുണാനിർഭരമായ ഹൃദയത്തിന്റെ കണ്ണുനീരായി സകലത്തെയും ആർദ്രമാക്കുന്നു. പാമ്പാടി തിരുമേനിയുടെ ആത്മീയ ദർശനത്തിന്റെ രഹസ്യം മറ്റൊന്നായിരുന്നില്ല.

*(പ. പാമ്പാടി തിരുമേനി: ആധികാരിക പുസ്തകം, 2010)*

# 6

# പാമ്പാടി തിരുമേനിയും പരിസ്ഥിതി ദർശനവും

പാമ്പാടി തിരുമേനി ചെറുപ്പത്തിൽ തന്റെ പർണ്ണശാല പണിതത് പൊത്തൻപുറം എന്ന വിജനമായ ഒരു കുന്നിൻമുകളിലായിരുന്നു. കാന നഛായയുള്ള ഏകാന്തതയിൽ ഇരുന്ന് പ്രാർത്ഥിക്കാനും തപോനിഷ്ഠ കൾ അനുഷ്ഠിക്കാനുമായിരുന്നു ആ സന്യാസി ആഗ്രഹിച്ചത്.

രണ്ട് ആദ്ധ്യാത്മിക പാരമ്പര്യങ്ങളുടെ സമ്മേളനമായിരുന്നു ആ ജീവി തശൈലി. ഒന്ന് ക്രിസ്തുവിന്റേത്, മറ്റേത് ഭാരതത്തിലെ മഹർഷിമാരു ടേത്.

മിക്ക രാത്രികളിലും യേശു തന്റെ ശിഷ്യന്മാരിൽ നിന്നും ജനങ്ങളിൽ നിന്നും വേർപെട്ട് ധ്യാനിക്കാനും പ്രാർത്ഥിക്കാനും പോയിരുന്നു എന്ന് സുവിശേഷങ്ങൾ സാക്ഷിക്കുന്നു. നറുനിലാവും പനിമഞ്ഞും പൊഴിയുന്ന നിശായാമങ്ങളിൽ ഒലിവുമരങ്ങളും ഈന്തപ്പനകളും ഇരുണ്ട നിഴൽ വിരി ക്കുന്ന പലസ്തീൻ കുന്നുകളിലായിരുന്നു യേശു തന്റെ ജീവിതത്തിന്റെ പകുതിയോളം ചെലവിട്ടത്. പിന്നീടുണ്ടായ ക്രിസ്തീയ സന്യാസപ്രസ്ഥാ നത്തിലെ നല്ല സന്യാസിമാർ ഈ മാതൃക ഒരളവിൽ ഏറ്റുവാങ്ങാൻ ശ്രമിച്ചിട്ടുണ്ട്.

ഇന്ത്യയിൽ താപസ്സന്മാരുടെ ആവാസ സ്ഥലങ്ങളെ 'തപോവനം' എന്നാണ് വിളിച്ചുവന്നത്. വനം ഏകാന്തവും വിജനവുമാണ്. പക്ഷേ, എണ്ണമറ്റ ജീവജാലങ്ങൾ അവിടെയുണ്ട്, ജൈവവൈവിധ്യത്തിന്റെ ഈറ്റി ല്ലമാണ് വനം. സാത്വികരായ താപസ്സർക്ക് ഈ ജീവികളൊന്നും 'വന്യ ജീവി'കളല്ല. അവർക്ക് സുഹൃത്തുക്കളും സഹചാരികളുമാണ് വനത്തിലെ പ്രാണികളും പക്ഷിമൃഗാദികളും. തപസ്വികളുടെ ധ്യാനാനുഷ്ഠാനങ്ങൾ അവർക്കൊപ്പമാണ്.

എന്തുകൊണ്ടാണ് വനസ്ഥലികൾ സാധകർക്ക് പ്രിയങ്കരമാവുന്നത്? എന്തുകൊണ്ടാണ് മരുപ്പരപ്പിന്റെ ഭയാനകമായ ഏകാന്തത അവരെ മാടിവിളിക്കുന്നത്?

കാരണം, അവിടെയാണ് പ്രാപഞ്ചികരഹസ്യങ്ങൾ ചുരുളഴിയുന്നത്. ജീവന്റെ മഹാസമസ്യയിലേക്ക് ഉൾക്കാഴ്ച ലഭിക്കുന്നത് ഏകാന്തതയിൽ മനനം ചെയ്യുന്ന മനീഷികൾക്കാണ്. പ്രകൃതിയുടെ നിശബ്ദമായ താള

ലയങ്ങളെ സ്വന്തം ഹൃദയത്തിന്റെ സ്പന്ദനങ്ങളുമായി സമരസപ്പെടുത്താൻ നമുക്ക് കഴിയുന്നത് അവിടെയാണ്.

അങ്ങനെയാണ് ഹിമാലയത്തിന്റെ അഗമ്യഗിരികളിലും മെഡിറ്ററേനിയൻ കടലിലെ ഒറ്റപ്പെട്ട ആഥോസ് മലയിലും ഈജിപ്തിൽ നൈൽ നദിയുടെ ആർദ്രതയെ ഉപേക്ഷിച്ച് ഇരുവശങ്ങളിലും പടരുന്ന ഊഷരതയിലും സൈബീരിയയിലെ ഹിമക്കാടുകളിലും എന്നും ആത്മീയാന്വേഷകർ ചേക്കേറിയിരുന്നത്.

ദൈവസൃഷ്ടിയായ പ്രകൃതി 'എപ്പോഴും തുറന്നു വച്ചിരിക്കുന്ന വേദപുസ്തക'മാണെന്ന് കിഴക്കും പടിഞ്ഞാറുമുള്ള ആചാര്യന്മാർ. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഭൂമിയും സമുദ്രങ്ങളും അവയിലെ എണ്ണമറ്റ ജൈവകുലങ്ങളും ഒരേ കുടുംബസദസ്സിൽ സല്ലപിക്കുന്നത് നാം പ്രകൃതിയിൽ തിരിച്ചറിയുന്നു. അവിടെ നമ്മുടെ വേദപാഠം ആരംഭിക്കുന്നു.

പാമ്പാടി തിരുമേനിക്ക് എല്ലാ പക്ഷിമൃഗാദികളും കൂട്ടുകാരായിരുന്നു. കാക്കകളും പ്രാവുകളും അലഞ്ഞുനടക്കുന്ന നായ്ക്കളും വരൾച്ച ബാധിച്ച മരങ്ങളുമെല്ലാം മനുഷ്യരെപ്പോലെ തന്നെ ആ താപസ്സന്റെ ആർദ്രമായ സ്നേഹത്തിന് പാത്രമായിരുന്നു.

നമുക്കൊരു ധാരണയുണ്ട്, കാട് അക്രമാസക്തവും നാട് ശാന്തവും "നന്മകളാൽ സമൃദ്ധ"വുമാണെന്ന്. ശരിയായി പഠിച്ചാൽ മനസ്സിലാകും തിരിച്ചാണ് ഇപ്പോൾ സംഗതികളുടെ കിടപ്പെന്ന്. പുരോഗതിയും വികസനവും കൂടിവരുന്തോറും നമ്മുടെ നാട് ഹിംസയുടെ പര്യായമായി മാറുകയാണ്. നമ്മുടെ റോഡുകളിൽ പദയാത്രികനായി ഓരംപറ്റി നടന്നു നോക്കിയാൽ മതി, എത്രമാത്രം അക്രമാസക്തമാണ് നമ്മുടെ വഴികളും ഗതാഗതവുമെന്ന് ഭയത്തോടെ തിരിച്ചറിയാം. ലക്കുകെട്ട വാഹനവേഗതയും ഭീഷണിപ്പെടുത്തുന്ന ഹോൺമുഴക്കങ്ങളും മറ്റവനെ മറികടക്കാനുള്ള മത്സരങ്ങളും വാഹനങ്ങൾ കാർക്കിച്ചു തുപ്പുന്ന വിഷപ്പുകയും ചൂടും വഴിമുറിച്ചു കടക്കാൻ നിൽക്കുന്ന ഗർഭിണികളും കുഞ്ഞുങ്ങളും വൃദ്ധജനങ്ങളുമടങ്ങിയ ഇരുകാലികളോടുള്ള കടുത്ത അവജ്ഞയുമെല്ലാം നമ്മുടെ വഴികളെ ഭീകരതയുടെ പാതകളാക്കുന്നു.

ഇതൊരുദാഹരണം മാത്രമാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഈ അക്രമപ്രവണത വർദ്ധിച്ചു വരുകയാണ്. ഇതൊക്കെ വളരെ സ്വാഭാവികവും എല്ലാവരും ആവശ്യമായും അനുവർത്തിച്ചിരിക്കേണ്ട ജീവിതശൈലിയുമാണ് എന്നാണ് ഇപ്പോൾ പൊതുസങ്കൽപ്പം തന്നെ. ഇങ്ങനെയല്ലാതെ, നിർഭയമായി സ്ത്രീകളുൾപ്പെടെ എല്ലാ മനുഷ്യർക്കും നടക്കാനും, സൗഹൃദത്തോടെ ഇടപെടാനും കടുത്ത മത്സരമില്ലാതെ ജീവിക്കാനും പരസ്പരം സഹായിക്കാനും സാധിക്കുന്ന ഒരു ബദൽ

വ്യവസ്ഥ ഉണ്ടെന്നും ഉണ്ടാക്കാമെന്നുമുള്ള നേരിയ ചിന്തപോലും നമ്മുടെ സമൂഹത്തിൽനിന്ന് നഷ്ടപ്പെട്ടു പോയിരിക്കുന്നു. അക്രമവ്യവസ്ഥയുടെ വൻവിജയമാണിത്. മത്സരിച്ചും ആക്രമിച്ചും ഇടിച്ചുകയറിയും വേണ്ടിവന്നാൽ, ചെളിവാരിയെറിഞ്ഞുമാണ് ജീവിതവിജയം നേടേണ്ടത് എന്നാണല്ലോ നമ്മുടെ മഹത്തായ പുതിയ വിദ്യാലയങ്ങളൊക്കെ പഠിപ്പിക്കുന്നത്. കൂടുതൽ രോഗികളെ സൃഷ്ടിക്കാൻ വേണ്ടി കൂടുതൽ ആശുപത്രികളും വിദ്യയെ വികലമാക്കാൻ പുതിയ വിദ്യാലയങ്ങളും സൃഷ്ടിക്കുന്നതിൽ നാം വലിയ സാമർത്ഥ്യം കാണിക്കുന്നുണ്ട്. ഇതിനെ നാം സംസ്കാരം, പുരോഗതി എന്നൊക്കെ വിശേഷിപ്പിക്കുന്നു. ഈ വ്യവസ്ഥ ക്രൂരവും മനുഷ്യത്വനിഷേധകവുമാണ് എന്നു പറയുന്നവരെ നാം ഭ്രാന്തരെന്നോ കവികളെന്നോ റൊമാന്റിക്കുകളെന്നോ വിളിക്കുന്നു.

വഴിനടക്കുന്ന യാത്രക്കാരന് വഴിയിൽ സുരക്ഷയില്ല എന്നു പറയുന്നതിന്റെ പ്രതീകാത്മകമായ അർത്ഥം നമ്മുടെ സമൂഹത്തിൽ സാധാരണ മനുഷ്യർക്ക് സുരക്ഷയോ പ്രസക്തിയോ ഇല്ലെന്നാണ്. ഇവിടെ മനുഷ്യനും മനുഷ്യജീവനും വേണ്ടി നിലകൊണ്ട്, ബദൽവ്യവസ്ഥയ്ക്കു രൂപംകൊടുക്കേണ്ട മന്ത്രിമാരും മതമേലദ്ധ്യക്ഷന്മാരും കൊടിയും പൊടിയും പറത്തി പായുകയും നിലവിലുള്ള ഭീകരവ്യവസ്ഥയുടെ അംഗരക്ഷകരായി കോപ്പിടുകയും ചെയ്യുന്നു.

നല്ല സന്യാസിമാരുടെയും താപസ്സരുടെയും പ്രസ്ഥാനം എന്നുമൊരു ബദൽ വ്യവസ്ഥയായിരുന്നു. പ്രകൃതിയെ നശിപ്പിക്കാതെ സ്നേഹിച്ചുകൊണ്ട്, സൃഷ്ടിക്കുവേണ്ടി നിരന്തരം ദൈവത്തെ സ്തുതിച്ചുകൊണ്ട്, തങ്ങളുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ഭൗതികാവശ്യങ്ങളെ ഏറ്റവും മിതവും ലളിതവുമാക്കി, മറ്റുള്ളവരുടെ പ്രത്യേകിച്ചും പാവങ്ങളുടെ, ന്യായമായ ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുത്ത്, പ്രാർത്ഥനാനിരതരായി, നന്മ പ്രവർത്തിക്കുന്നവരെയാണ് നല്ല സന്യാസിമാർ എന്ന് ക്രിസ്തീയ പാരമ്പര്യം വിശേഷിപ്പിക്കുന്നത്. ജീവിത ലാളിത്യത്തിലേക്കും അകൃത്രിമമായ പ്രകൃതിയിലേക്കും മദമാൽസര്യങ്ങളില്ലാത്ത ആത്മീയ ദർശനത്തിലേക്കും അവർ തിരിയുന്നത് നമ്മുടെ സമൂഹത്തിന് പുതിയൊരു ദർശനവും വഴിയും കാണിച്ചു തരാനാണ്. ആദമിനും ഹവ്വയ്ക്കും നഷ്ടപ്പെട്ട പറുദീസയെ പുനഃസൃഷ്ടിക്കയാണ് സന്യാസത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്. അത് ഭൗതികമായ സുഖാന്വേഷണമല്ല, “നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമി”ക്കും വേണ്ടിയുള്ള അന്വേഷണമാണ് (2 പത്രോ. 3:13).

യെശയ്യാ പ്രവാചകൻ മിശിഹായുടെ ആഗമനത്തിങ്കൽ സംഭവിക്കുന്ന പുതിയ (ബദൽ) വ്യവസ്ഥയെക്കുറിച്ച് പറയുന്ന കാര്യങ്ങൾ സന്യാസ പ്രസ്ഥാനത്തെ പ്രചോദിപ്പിച്ചിട്ടുണ്ട്. അത് പറുദീസയുടെ സൂചനയാണ്:

“അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും ദൈവഭക്തിയുടെയും ആത്മാവു തന്നെ (11:2). “അവൻ ദരിദ്രന്മാർക്ക് നീതിയോടെ ന്യായം പാലിച്ചു കൊടുക്കയും ദേശത്തിലെ സാധുക്കൾക്ക് നേരോടെ വിധി കൽപ്പിക്കയും ചെയ്യും....” (11:4).

“ചെന്നായ് കുഞ്ഞാടിനോടു കൂടെ പാർക്കും. പുള്ളിപ്പുലി കോലാട്ടു കുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും ബാലസിംഹവും തടിച്ച മൃഗവും ഒരുമിച്ചു പാർക്കും. ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും. അവയുടെ കുട്ടികൾ ഒരുമിച്ച് കിടക്കും. സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും.”

“മുല കുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും. മുല കുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈയിടും.”

“സമുദ്രം വെള്ളംകൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ട് നിറഞ്ഞിരിക്കയാൽ എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല” (11:6–9).

ദീർഘമായി ഇത് ഉദ്ധരിക്കാൻ കാരണം, മതവുമായി ബന്ധമില്ലാത്ത സെക്കുലർ പരിസ്ഥിതി പ്രസ്ഥാനത്തിന്റെ ഉള്ളിൽപ്പോലും ത്രസിക്കുന്ന ആദർശം ഇതാണ്. സന്യാസപ്രസ്ഥാനത്തിലും ഇതു തന്നെയാണ് പറുദീസയുടെ ആദർശ വ്യവസ്ഥ. പാമ്പാടി തിരുമേനിയെപ്പോലുള്ള വിശുദ്ധരായ വ്യക്തികൾ, അവരുടെ ആദ്ധ്യാത്മിക സാധനകൊണ്ടും ദർശനം കൊണ്ടും ഇത് തിരിച്ചറിഞ്ഞ് ജീവിതത്തിൽ അനുഭവിച്ചവരാണ്. പരിസ്ഥിതിയുടെയും മനുഷ്യസാമൂഹിക വ്യവസ്ഥയുടെയും സർഗ്ഗാത്മകമായ ബദൽ വ്യവസ്ഥയാണിത്. നീതിയും സമാധാനവും സഹകരണവും സഹവാസവുമൊക്കെയാണ് ഈ ബദൽ വ്യവസ്ഥയുടെ മുഖമുദ്രകൾ. നമ്മുടെ നല്ല സാമ്പത്തിക ചിന്തകരും നല്ല രാഷ്ട്രതന്ത്രജ്ഞരും നല്ല മതനേതാക്കളും നല്ല ശാസ്ത്രജ്ഞരും മനുഷ്യഭാവിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇതൊക്കെയാണ് ലക്ഷ്യമിടുന്നത് (“നല്ല” എന്ന വിശേഷണം ആവർത്തിക്കുന്നതിനു കാരണം, ഭൂരിപക്ഷവും അതിന് യോഗ്യരല്ല എന്നതുകൊണ്ടാണ്).

കലുഷമായ നമ്മുടെ പരിതോവസ്ഥയിൽ എന്താണ് ഈ ആദ്ധ്യാത്മിക പൈതൃകത്തിൽ നിന്നും നാം പഠിക്കേണ്ട ചില പാഠങ്ങൾ?

◆ കനിവും കരുണയുമായി ദൈവം തന്റെ സൃഷ്ടിയിൽ നൽകിയിരിക്കുന്ന മഹാദാനങ്ങളെ നന്ദിയോടെ തിരിച്ചറിഞ്ഞ് വിനയപൂർവ്വം ഉപയോഗിക്കുക.

◆ ശുദ്ധമായ വായുവും വെള്ളവും വെളിച്ചവും നമ്മുടെ ജന്മാവകാശമാണ്. അവയിൽ വിഷം ചേർക്കുന്ന ശക്തികളെ തിരിച്ചറിയുക.

◆ ലാഭത്തിനുമേൽ ലാഭം കൊയ്യാൻ വേണ്ടി പ്രകൃതിയെ നശിപ്പിക്കുന്ന നമ്മുടെ സഹോദരങ്ങളെ തിരുത്താൻ സ്നേഹവും ശക്തിയായ നിയമവ്യവസ്ഥയും ഉപയോഗിക്കുക.

◆ പൊതുസ്ഥലങ്ങളായ നമ്മുടെ ദേവാലയങ്ങളെല്ലാം സൗരോർജ്ജത്തിലേക്ക് അടിയന്തരമായി തിരിയുക. അന്നും എന്നും സൂര്യനാണ് ശുദ്ധമായ ഊർജ്ജത്തിന്റെ ഉറവിടം. പ്രകൃതിയെ നശിപ്പിക്കുന്ന കൃത്രിമമായ ഊർജ്ജസ്രോതസ്സുകളെ ക്രമേണ ഒഴിവാക്കുക.

നീതിയും സമാധാനവും സ്വാതന്ത്ര്യവും പ്രകൃതിസൗഹൃദവുമുള്ള ആവാസ വ്യവസ്ഥയെക്കുറിച്ച് രൂപരേഖകൾ മെനയുകയും, അത്തരം പൊതുനന്മയ്ക്കു വേണ്ടി പ്രവർത്തിക്കാൻ താൽപര്യമുള്ള എല്ലാ മനുഷ്യരോടും മതങ്ങളോടും സംഘടനകളോടും സഹകരിക്കയും ചെയ്യുക.

*(സഭ, പരിസ്ഥിതി, ആദ്ധ്യാത്മികത, സി.എസ്.എസ്., തിരുവല്ല, 2014)*



**പ. പാമ്പാടി തിരുമേനി, മെത്രാപ്പോലീത്താ സ്ഥാനമേൽക്കുന്നതിന് തലേന്ന് ദയറായിലെ സഹപ്രവർത്തകർക്കൊപ്പം**

# 7

# മനുഷ്യസ്നേഹത്തിന്റെ മരുപ്പച്ച

വിശുദ്ധനായ പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനി തന്റെ പർണ ശാല പണിതത് വിജനമായ ഒരു വനഭൂമിയിലായിരുന്നു. തപസ്സിന്റെ ഉൾവിളി ലഭിച്ച അവധൂതനായ ആ അന്വേഷകന് പൊത്തമ്പുറം കുന്നിന്റെ നിശ്ശബ്ദമായ വന്യത മധുരമായിത്തോന്നിയതിൽ അത്ഭുതമില്ല.

മുപ്പതാം വയസ്സിൽ, പരിശുദ്ധാത്മാവിന്റെ അദമ്യമായ പ്രേരണയാൽ, യോർദ്ദാൻ നദിയുടെ തീരസൗഭഗം വിട്ട് യഹൂദ്യാ മരുഭൂമിയുടെ ഊഷര തയിൽ തപസ്സിനായി കയറിയ ക്രിസ്തുനാഥനെ അനുകരിക്കയാണ് ശിഷ്യനും.

പലസ്തീനിലെയും ഈജിപ്തിലെയും വരണ്ടുണങ്ങിയ മരുപ്പരപ്പു കളാണ് പുരാതന ക്രിസ്തീയാദ്ധ്യാത്മികതയ്ക്കു വളവും വെള്ളവും നൽകിയത്. ഭാരതത്തിൽ ആരണ്യഭൂമിയുടെ ഭയാനകമായ നിർജനത യിൽ ആത്മസാക്ഷാത്കാരത്തിന്റെ ശാന്തിമന്ത്രങ്ങൾ ഉതിർന്നു. രണ്ടി ന്റെയും പുത്രനായി, രണ്ടു പൈതൃകങ്ങളെയും തന്റെ യോഗസാധനയി ലൂടെ സമന്വയിപ്പിച്ചു പാമ്പാടി തിരുമേനി.

മൂന്നാം നൂറ്റാണ്ടു മുതലെങ്കിലും അതിശക്തമായിത്തീർന്ന ക്രിസ്തീയ സന്യാസപ്രസ്ഥാനത്തിൽ മരുഭൂമിയുടെ ആകർഷണം തടുക്കാനാവാത്ത തായിരുന്നു. നൈൽ നദിയുടെ സസ്യശ്യാമളതീരങ്ങൾ വിട്ടാൽ ഇരു വശത്തും പാരാവാരം പോലെ പരന്നുകിടക്കുന്ന മരുപ്പരപ്പുകളിൽ ഇന്നും സജീവമാണ് ആ പാരമ്പര്യം. മരുഭൂമിയിലെ മൺകൂടാരങ്ങളിൽ അലൗ കിക നിശ്ശബ്ദത തേടിയ വിശുദ്ധരായ അന്തോനിയോസിന്റെയും പക്കോ മിയോസിന്റെയും പിൻമുറക്കാർ 1700 വർഷങ്ങളായി പ്രാർത്ഥനാമന്ത്ര ങ്ങൾ ഉരുവിടുന്ന നട്രൂൻ താഴ്‌വര ഇന്നും സന്ദർശകർക്ക് അത്ഭുതമാണ്. പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലെ ആരാധന, നോമ്പനു ഷ്ഠാനം, തപോനിഷ്ഠകൾ എന്നീ അത്മീയ സാധനകളിലൂടെ മരുഭൂമി യുടെ പൈതൃകം പാമ്പാടി തിരുമേനി സ്വാംശീകരിച്ചു. ലൗകികപ്രാഭവ ത്തിന്റെയും സുഖലോലുപതയുടെയും വഴികൾ തേടാതെ, ആത്മശിക്ഷ ണത്തിലൂടെ ആത്മാവിന്റെ ദീപം തെളിക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

ക്രിസ്തീയ പാരമ്പര്യത്തിലെ മരുഭൂമിക്കു സമാനമായി ഭാരതത്തിൽ നാം കാണുന്നത് വനഭൂമിയാണ്. ക്രിസ്തുവിന് എത്രയോ നൂറ്റാണ്ടു കൾക്കു മുമ്പേ, ആർഷവും ദ്രാവിഡവുമായ ഭാരതീയ സംസ്കൃതിക ളിൽ ആരണ്യത്തിന്റെ ആകർഷണം നിറഞ്ഞുനിന്നു. രാമലക്ഷ്മണന്മാ

രുടെയും പഞ്ചപാണ്ഡവരുടെയും വനവാസം നമ്മുടെ ഇതിഹാസങ്ങളിലെ ഒരു യാദൃച്ഛികതയല്ല. രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും ഏടുകളിലൂടെ ഇതൾ വിരിയുന്ന ആദ്ധ്യാത്മിക സൗരഭ്യത്തിന്റെ ഉറവിടമാണ് അവരുടെ വനവാസം. ഇന്ത്യയിലെ ചതുരാശ്രമങ്ങളിൽ വാനപ്രസ്ഥവും സന്യാസവും വനബന്ധികളാണ്.

കാട്ടുമൃഗങ്ങളും വൃക്ഷലതാദികളും നിറഞ്ഞ ഉഷ്ണമേഖലാ വനങ്ങളും യാതൊന്നും മുളയ്ക്കാത്ത മണൽപ്പരപ്പുകളും മനുഷ്യജീവിതത്തെ സംബന്ധിച്ച് ഒരുപോലെയാണ്. രണ്ടും ജീവനു ഭീഷണിയാണ്. നിശ്ശബ്ദവും വിജനവുമായ അവയുടെ അപകടകരമായ വന്യതയെ നേരിട്ടുകൊണ്ടാണ് ആത്മാവിന്റെ ശാദ്വലഭൂമിക ഉയരേണ്ടത്. താപസർ ബോധപൂർവ്വം തെരഞ്ഞെടുക്കുന്ന ഒരു വെല്ലുവിളിയാണിത്.

ഗലീലയിലെ ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും പഠിപ്പിച്ച് ജനങ്ങൾക്കിടയിൽ ചുറ്റിനടന്ന യേശു മിക്കപ്പോഴും 'നിർജ്ജനപ്രദേശത്തേക്കു വാങ്ങിപ്പോയി പ്രാർത്ഥിക്കുന്ന'തായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. 'തീനിയും കുടിയനു'മായി വിമർശകർ വിശേഷിപ്പിച്ചെങ്കിലും ഉള്ളിൽ താപസനും മനുഷ്യസ്നേഹിയുമായ യേശു യഥാർത്ഥത്തിൽ മരുഭൂമിയുടെയും കൊടുംവനത്തിന്റെയും സമാനഭാവമായ ഏകാന്തത തേടുകയായിരുന്നു. പ്രാർത്ഥനയിലൂടെ, പ്രകൃതിയുമായുള്ള നിരന്തര സംസർഗ്ഗത്തിലൂടെ, കഠിനമായ ഉപാസനയിലൂടെ, മനുഷ്യസ്നേഹത്തിന്റെ ആർദ്രതകളിലേക്ക് ഇറങ്ങിയ യേശു, പാമ്പാടി തിരുമേനിക്കു ജീവന്റെ ഉറവയായിരുന്നു. അതുകൊണ്ട്, സ്ഥലകാലങ്ങളിൽ വിദൂരസ്ഥമായി ഒരു മാതൃകയെ യാന്ത്രികമായി അനുകരിക്കുക മാത്രമല്ല ശിഷ്യൻ ചെയ്തത്. മനുഷ്യരോടും ജന്തുക്കളോടും വൃക്ഷലതാദികളോടുമുള്ള ആർദ്രതയിലൂടെ 'ക്രിസ്തുവിന്റെ അതേ ഭാവംതന്നെ' കൈവരിക്കാൻ ശ്രമിക്കുകയായിരുന്നു. പാമ്പാടി തിരുമേനിയെ മറ്റുള്ളവരിൽനിന്നു വേർതിരിച്ചുനിർത്തുന്നതും അനുപമമായ ഈ ആർദ്രതയാണ്. വരണ്ട മരുപ്പരപ്പിന്റെ അഗാധതയിൽ ജലധാരകളുണ്ട്. ഭീഷണമായ കൊടുംവനങ്ങളിൽ ജീവന്റെ ലക്ഷോപലക്ഷം മുളകൾ വിജൃംഭിക്കുന്നു. തപസ്സിന്റെ പരുഷമായ വല്ക്കലത്തിനുള്ളിൽ മനുഷ്യസ്നേഹത്തിന്റെ മസൃണതയുണ്ട്. നമ്മുടെ പരിസ്ഥിതിയെ നശിപ്പിക്കുന്ന അന്ധമായ നഗരവൽക്കരണം, സ്വാർത്ഥതമുറ്റിയ വികസനം എന്നിവയിലൂടെ വന്യമാകുന്ന നമ്മുടെ ലോകത്തിൽ, പാമ്പാടി തിരുമേനി ശാന്തജലത്തിന്റെ ആർദ്രമായ ഉറവയായി നിലകൊള്ളുന്നു.

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, ഏപ്രിൽ 4, 1999)



# ദളം രണ്ട്

# ഗുരുവരുളുകൾ

# 1

# സൂക്തങ്ങൾ

(പ. പാമ്പാടിത്തിരുമേനി പല സന്ദർഭങ്ങളിലായി ചെയ്ത പ്രഭാഷണങ്ങൾ, സ്വകാര്യ സംഭാഷണങ്ങൾ തുടങ്ങിയവയിൽ നിന്നു സമാഹരിച്ച സൂക്തങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.)

1. കുഞ്ഞുങ്ങളെ! ദൈവത്തെ സ്നേഹിക്കണം. മരണമുണ്ടെന്ന് ഒരിക്കലും മറക്കല്ലേ. നല്ലവണ്ണം പ്രാർത്ഥിക്കുകയും നോമ്പുനോല്ക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും വേണം. അങ്ങനെയാണല്ലോ നമ്മുടെ കർത്താവ് കാണിച്ചു തരികയും പഠിപ്പിക്കുകയും ചെയ്തതും. ഒരുങ്ങി ജീവിക്കുക.

2. മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.

3. എന്റെ പ്രിയരെ, പള്ളി ആരുടെ വകയാണ്? നമ്മുടെ വകയാണോ? പള്ളി ദൈവത്തിന്റെ വകയാണ്. അവിടെക്കിടന്ന് തല്ലും പിടിത്തവുമുണ്ടാക്കരുത്. പള്ളിയുടെ കഴുക്കോൽ ഊരിയവന്റെയും തൂണു പിടർത്തിയവന്റെയും അനുഭവങ്ങൾ പലതും നമ്മൾ കേട്ടിട്ടുള്ളതാണല്ലോ. പള്ളി പരസ്പര സ്നേഹത്തിനു വേണ്ടിയുള്ളതാണ്.

4. ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരെക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.

5. കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.

6. വൈദികർ നല്ലവണ്ണം പ്രാർത്ഥിക്കണം. ആളുകളിൽ പ്രാർത്ഥനാശീലം വളർത്തണം. ഇക്കാര്യത്തിന് എവിടെയും ഊന്നൽ കൊടുക്കണം.

7. പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും.

8. വൈദികർ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവരായിരിക്കണം.

9. പള്ളിയുടെ മുതൽ ദുരുപയോഗം ചെയ്താൽ അയ്മേനിയെന്നല്ല, തിരുമേനിയായാലും ദൈവം വെറുതെ വിടുകയില്ല.

10. ഓരോ വീടും ദൈവത്തിന്റെ ഭവനമാണെന്നോർത്തുകൊള്ളണം.

11. വിശപ്പു മുതലായ പ്രാഥമിക ആവശ്യങ്ങളിൽ മനുഷ്യരെല്ലാം തുല്യരാണ്. എന്റെ വിശപ്പും ഈ പാവത്തിന്റെ വിശപ്പും തമ്മിൽ ഒരു വ്യത്യാസവുമില്ല.

12. മോഷണം പാപമാണ്. പാപം ചെയ്താൽ ദൈവകോപമുണ്ടാകും.

13. ദൈവാശ്രയത്തോടും സമാധാനത്തോടുംകൂടി എല്ലാവരും കഴിഞ്ഞുകൊള്ളണം.

14. മനുഷ്യർക്കു വല്ലതും ഉപകാരം ചെയ്താൽ തിരിഞ്ഞുകടിക്കും. കടിക്കുന്ന ഒരു ജന്തുവിനു കൊടുത്താൽ അതു തിരിഞ്ഞു കടിക്കയില്ല. പട്ടിയേക്കാൾ എത്ര മോശമാണ് ചില മനുഷ്യർ.

15. മക്കളെ, മരണമുണ്ടെന്നുള്ള വസ്തുത സദാ ഓർമ്മിക്കണം.

16. ദൈവം തമ്പുരാൻ ദുഷ്ടന്മാരുടെയും നല്ലവരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും മഴപെയ്യിക്കുകയും ചെയ്യുന്നുണ്ടല്ലോ. നാമും അപ്രകാരം ചെയ്താൽ മതി.

17. പ്രാർത്ഥനയ്ക്കാവശ്യമില്ലാത്ത കർത്താവ് രാത്രി മുഴുവൻ പ്രാർത്ഥിച്ചെങ്കിൽ ആവശ്യക്കാരനായ നീ പ്രാർത്ഥിക്കാതിരുന്നാൽ എവിടെ ചെന്നെത്തും.

18. ദൈവപുത്രനായ തമ്പുരാന് പ്രാർത്ഥന ആവശ്യമായിരുന്നെങ്കിൽ പാപികളായ നമുക്ക് എത്ര അധികമാവശ്യമാണ്.

19. ഞാൻ എല്ലാവരുടെയും പിതാവെന്നല്ലേ പറയുന്നത്. എല്ലാവരെയും അന്വേഷിക്കേണ്ട ചുമതല എനിക്കില്ലേ. ഞാൻ എപ്പോഴും തിരക്കിട്ട ജോലിയിൽ ആയിരിക്കാനാണ് ദൈവനിശ്ചയം. എന്റെ സഹായം ആവശ്യമുള്ളിടത്ത് സഹായം എത്തിച്ചു കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

20. കഷ്ടപ്പെടുന്ന പാവങ്ങളെ നമ്മുടെ കഴിവനുസരിച്ച് അന്വേഷിക്കുകയും ശുശ്രൂഷിക്കയും ചെയ്യണം. എനിക്കുള്ളത് ഞാൻ അവർക്കു പങ്കിടുന്നു. അവർ എനിക്കുള്ളവരും ഞാൻ അവർക്കുള്ളവനും ആകുന്നു. സഭാമാതാവെന്ന ഒരമ്മപെറ്റ മക്കളല്ലേ നമ്മൾ എല്ലാവരും.

21. ഈ ചെറിയവരിൽ ഒരുത്തനു ചെയ്തതെല്ലാം നിങ്ങൾ എനിക്കു ചെയ്തു എന്നാണ് നമ്മുടെ അരുമനാഥൻ കല്പിച്ചതെന്ന് നിങ്ങൾ ഓർക്കുന്നില്ലേ. നാം പറയേണ്ടതും പ്രവർത്തിക്കേണ്ടതും തക്കസമയത്തു ചെയ്തില്ലെങ്കിൽ ഈ കല്ലുകൾ ആർത്തു വിളിക്കും എന്ന് ഓർക്കണം.

22. ഈ വ്യവസ്ഥകളെല്ലാം എന്തിന്? ഇവയ്ക്കെല്ലാം അതീതമായി സ്നേഹത്തിൽ തീർത്തുകൂടെ? മനുഷ്യൻ എത്ര ഉറച്ചുനിന്നാലും ഒരു ശ്വാസം മാത്രമല്ലേ?

23. ആരാധനകൾ ഭംഗിയാക്കുവാൻ ഉത്സാഹിക്കണം. ചെറുപ്പക്കാരായ പട്ടക്കാർ വളരെ സൂക്ഷിച്ചു ആരാധനകൾ നടത്തണം. അവർ ഭംഗിയായി ചെയ്താൽ അതിന്റെ മാനം മുതിർന്നവർക്കു കൂടിയാണ്.

24. നല്ല കുഞ്ഞായി വളരണം. സാത്താൻ നമ്മെ പരീക്ഷിക്കാൻ വരും. നാം അകപ്പെടരുത്. നമുക്ക് വളരെ ശത്രുക്കൾ ഉണ്ട്. ആരെയും വിശ്വസിക്കാൻ പാടില്ലാത്ത കാലമാണ്. എല്ലായ്പ്പോഴും എല്ലാവരോടും ഒരേ സ്വഭാവത്തിൽ ഇടപെടണം. ചെയ്യുന്നത് ഭക്തിയായി ചെയ്യണം.

25. ഒരു ദിവസം കഴിഞ്ഞ് കിടക്കാൻ നേരത്ത് ഇങ്ങിനെ പ്രാർത്ഥിക്കണം. "ദൈവം തമ്പുരാനേ, പൊന്നപ്പച്ചാ എന്നിൽ നിന്നെന്തെങ്കിലും തെറ്റ് വന്നിട്ടുള്ളത് ക്ഷമിക്കണമേ. തെറ്റുകൾ വരാതിരിക്കുവാൻ ബുദ്ധി ശക്തിയും കഴിവുകളും ചൊരിയണമെ, പൊന്നു തിരുമേനി - കുറ്റങ്ങൾ വരാതിരിപ്പാൻ കൃപ ചെയ്യണമെ. വചനത്താലും പ്രവൃത്തിയാലും ചെയ്ത തെറ്റുകളൊക്കെ പൊന്നുതിരുമേനി ക്ഷമിക്കണമെ" എന്നിങ്ങനെ പ്രാർത്ഥിക്കണം. പോരാത്തത് ദൈവം തന്നുകൊള്ളും. അവിടുന്നു നോക്കിക്കൊള്ളും.

26. അന്യന്റേത് എത്ര വിലയുള്ളതായാലും നാം അതിനെ ആഗ്രഹിക്കരുത്. നമ്മുടേത് മാത്രം മതി. കൂടാതെ മരണമുണ്ടെനിക്കെന്നതൊരിക്കലും മറക്കൊല്ല.

27. നിങ്ങൾ അന്യോന്യം നല്ല നടത്തയുള്ളവരും മാതൃകാ ജീവിതമുള്ളവരും, ജീവൻ വയ്ക്കേണ്ടിവന്നാലും കളവുപറയാതെ, സത്യം സംസാരിക്കുന്നവരും ആയിരിക്കണം.

28. അനുഗ്രഹിക്കപ്പെട്ട മക്കളെ, ഞാൻ ശരീരപ്രകാരം നിങ്ങളെ വിട്ടു പോയാലും ആത്മീയപ്രകാരം എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കും. എല്ലാ നന്മകളെയും പ്രത്യേകം ഓർത്തു കൊള്ളണം. എന്നെ മറക്കാതെ എനിക്കുവേണ്ടി പ്രാർത്ഥിക്കണം.

29. കത്തനാരച്ചാ, ഇതെല്ലാം ആരുടെയാണെന്നറിയാമോ? എല്ലാം ദൈവം തന്നതാണ്.

30. അറിഞ്ഞുകൊണ്ട് പാപം ചെയ്യുന്നവന് അധികം ശിക്ഷ ലഭിക്കും.

31. അധികം അറിയുന്നവൻ അധികം അടി കൊള്ളും.

32. ദിവസം തോറും ആത്മീയമായ അഭിവൃദ്ധി പ്രാപിക്കാതിരുന്നാൽ നമ്മുടെ നോമ്പുകളും മറ്റ് അനുഷ്ഠാനങ്ങളും കേവലം ആചാരങ്ങൾ മാത്രമായിത്തീരാവുന്നതാണ്.

33. കേവലം ഒരു ആചാരം എന്ന നില മാറീട്ടു ദൈവത്തോടു നിരപ്പാകുന്നതിനും ദൈവത്തെ അനുഭവിക്കുന്നതിനുമുള്ള മാർഗ്ഗമായി വിശുദ്ധകൂദാശകളെ നാം അനുഭവിക്കണം.

34. എല്ലാ നോമ്പുകളിലും പെസഹാവ്യാഴാഴ്ച മുതലായ പ്രത്യേക അവസരങ്ങളിലും കുമ്പസാരിച്ച്, ആത്മീയ ഭക്ഷണമായ നമ്മുടെ കർത്താവിന്റെ തിരുശരീരങ്ങളെ നാം അനുഭവിക്കേണ്ടത് എത്രയും അത്യാവശ്യമാകുന്നു.

35. വൈദികർ നല്ലവണ്ണം പ്രാർത്ഥിക്കണം. ആളുകളിൽ പ്രാർത്ഥനാശീലം വളർത്തണം. ഇക്കാര്യത്തിന് ഊന്നൽ കൊടുക്കണം.

36. എപ്പോഴും നമ്മേക്കാൾ താഴെയുള്ളവരെയാണു നോക്കേണ്ടത്. അവരോടു മാത്രമേ നമ്മെ താരതമ്യപ്പെടുത്താവൂ. അങ്ങനെ നോക്കുമ്പോൾ നമുക്കൊക്കെ എപ്പോഴും സന്തോഷിക്കാനേ വകയുള്ളു. ഈശ്വരൻ എത്ര വലിയ അനുഗ്രഹമാണു നമുക്കു തന്നിരിക്കുന്നത്. എന്തൊരു വലിയ ഭാഗ്യം!

37. ഒട്ടും അഹങ്കാരം പാടില്ല. ആകാശത്തോളം ഉയർത്തപ്പെട്ടവനേ നീ പാതാളത്തോളം താഴ്ത്തപ്പെടും എന്ന് ഈശ്വരൻ നമ്മോടു കല്പിക്കാനിടയാകരുത്. മറ്റുള്ളവരോട് സൗമ്യതയോടും താഴ്മയോടുംകൂടി പെരുമാറണം. അത്യാഗ്രഹം അരുത്. ലളിതമായ ജീവിതമേ ആഗ്രഹിക്കാവൂ.

38. കെടാത്ത തീയും ചാകാത്ത പുഴുവും ഇല്ലാത്ത സ്ഥലത്തേക്ക് ഞങ്ങളെ പ്രവേശിപ്പിക്കണമേ എന്ന് എപ്പോഴും പ്രാർത്ഥിക്കുക.

39. അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയുമാണ് ഞങ്ങളെയൊക്കെക്കാൾ ദൈവത്തിനു കൂടുതൽ കാര്യം.

40. ദൈവം നമ്മെ നയിക്കാതിരുന്നാൽ നമുക്ക് എന്തു ചെയ്യുവാൻ സാധിക്കും.

സമ്പാദകൻ: **ജോയ്സ് തോട്ടയ്ക്കാട്**

# 2

# പ്രസംഗങ്ങൾ

## 1. ബലഹീനനും മഹാപാപിയും.....

"ബഹുമതിക്കും പ്രശംസയ്ക്കും ഒന്നിനും നാം അർഹനല്ല. വ്യക്തി പരമായി ഈ സ്ഥാനത്തിനു നാം യോഗ്യനുമല്ല, പേഴമറ്റത്തുപിറന്ന ഒരു പാവപ്പെട്ടവനാണെന്നുള്ളതാണ് നമ്മുടെ തനിനിറം. ഒരു കുപ്പായം വാങ്ങിക്കാൻ പോലും നിവൃത്തിയില്ലാത്ത ഒരു പാവപ്പെട്ടവൻ. എന്നാൽ നമുക്ക് അഭിമാനിക്കുവാൻ വകയുണ്ട്. കാതലായ വിശ്വാസം കാത്തുസൂക്ഷിക്കുകയും ആ വിശ്വാസം നിലനിർത്തുന്നതിനു വേണ്ടി പ. പിതാക്കന്മാർ തങ്ങളുടെ ജീവനെ ബലി കൊടുക്കുകയും ചെയ്തിട്ടുള്ള ദൈവത്തിന്റെ പരിശുദ്ധസഭയിലെ ഒരംഗമാണെന്നുള്ളതിൽ നമുക്ക് അഭിമാനത്തിനു വകയുണ്ട്. ബലഹീനനും മഹാപാപിയുമായ നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. അത്ര മാത്രമേ നമുക്കു പറയുവാനുള്ളൂ."

(പാമ്പാടിത്തിരുമേനി മെത്രാപ്പോലീത്തായായി അഭിഷിക്തനായതിനു ശേഷം അഭിനവ മെത്രാപ്പോലീത്തായെ അഭിനന്ദിക്കുവാൻ പൊത്തമ്പുറം ദയറായിൽ പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ തിരുമേനി ചെയ്ത മറുപടി പ്രസംഗം. പ്രൊഫ. കെ. എം. കുറിയാക്കോസ് എഴുതിയ ജീവചരിത്രത്തിൽ നിന്നും.)

## 2. സമാധാനം പുനഃസ്ഥാപിക്കുക

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ,

കൊത്തിനെ ഞായറാഴ്ചയായ ഇന്ന് ചെറുതായിട്ടെങ്കിലും ഒരു ഗുണദോഷം പറയാതിരിക്കുന്നത് നന്നല്ലല്ലോ എന്ന് കരുതിയാണ് നാം ഇവിടെ നില്ക്കുന്നത്. പല കാര്യങ്ങൾ നിങ്ങളോടു പറയാനുണ്ടെങ്കിലും ചിലതു മാത്രമേ പറയുന്നുള്ളു.

നമ്മുടെ സഭയുടെ സ്ഥിതിയാണ് നമ്മെ കലശലായി ക്ലേശിപ്പിക്കുന്നത്. സഭയിൽ വഴക്കും സമാധാനമില്ലാഴികയും തുടങ്ങീട്ട് അധികനാളുകളായി. ഇപ്പോഴത്തെ ഈ വഴക്ക് ആരംഭിച്ചിട്ടുതന്നെ ഇരുപതു വർഷത്തോളമായി. വഴക്കും തർക്കങ്ങളും എല്ലാം എവിടെയും ഉണ്ടാകുന്നതും ഉണ്ടാകാവുന്നതുമാണ്. എന്നാൽ അതുകൊണ്ട് ആരും സഭ വിട്ടു പോയതായി അറിഞ്ഞിട്ടില്ല. എന്നാൽ ഇപ്പോഴാകട്ടെ പലരും സഭ വിട്ടു പോകുവാനാണ് ആഗ്രഹിക്കുന്നത്. തെക്കു നിന്നു ചുരുക്കം ചില പട്ടക്കാർ

റോമാസഭയിൽ ചേർന്നു കഴിഞ്ഞതായും വേറെ ചിലർ സഭ വിട്ടു പോകുവാൻ ആലോചിച്ചുവരുന്നതായും കേൾക്കുന്നതിൽ നാം ദുഃഖിക്കുന്നു. അവർ ഇങ്ങനെ ആലോചിക്കുന്നതു വിശ്വാസം കൊണ്ടോ, ദൈവഭക്തി കൊണ്ടോ, സത്യത്തെ പാലിക്കുന്നതിനു വേണ്ടിയോ ആണെന്ന് നമുക്കു വിശ്വാസമില്ല. ധനവും മാനവും ഉദ്ദേശിച്ചു മാത്രമാണ് ഇവർ പോകുവാൻ ആലോചിക്കുന്നത്. നമ്മുടെ സഭയ്ക്കോ സഭാവിശ്വാസത്തിനോ ഏതെങ്കിലും പോരായ്മയുള്ളതായി നാം വിചാരിക്കുന്നില്ല. എത്ര പരിശുദ്ധന്മാരാണ് നമ്മുടെ സഭയിൽ ഉണ്ടായിട്ടുള്ളത്. രക്ഷയ്ക്ക് ആവശ്യമായ എന്താണ് ഇവിടെ കുറവുള്ളത്? കൂടുതലായി എന്തെങ്കിലും തരുവാൻ റോമാ സഭയ്ക്കുണ്ടോ? ഒന്നുമില്ലെന്നാണ് നാം പറയുന്നത്. നമ്മുടെ എത്ര പിതാക്കന്മാരെയാണ് അവർ ഉപദ്രവിച്ചിട്ടുള്ളത്? കുഴപ്പങ്ങൾ ഉണ്ടായിരുന്ന കാലങ്ങളിൽ പ. പിതാക്കന്മാരിൽ ഒരുത്തരും സഭ വിട്ട് ഓടിപ്പോകാതെ സത്യവിശ്വാസത്തിനു വേണ്ടി കഷ്ടപ്പാടുകൾ സഹിച്ച് ഉറച്ചുനില്ക്കുകയാണ് ചെയ്തത്. ഇപ്പോൾ സഭ വിട്ടുപോകുവാൻ ശ്രമിക്കുകയും ആലോചിക്കുകയും ചെയ്യുന്നവരുടെ ബുദ്ധിക്ക് എന്തോ തകരാറു പറ്റീട്ടുണ്ടെന്നാണ് നമുക്ക് തോന്നുന്നത്. അങ്ങനെയുള്ളവരുടെ വലയിൽ നിങ്ങൾ ഒരിക്കലും അകപ്പെടുവാൻ ഇടയാകരുത്. നിങ്ങൾ ആരെങ്കിലും അങ്ങനെ പ്രവർത്തിക്കുമെന്ന് വിചാരിച്ച് ഇങ്ങനെ പറയുന്നതല്ല. നമ്മുടെ അഭിപ്രായം പറയുന്നു എന്നേയുള്ളു.

കുഴപ്പം ഭയന്ന് മാതൃസഭ വിട്ട് പോകുകയാണു വേണ്ടതെങ്കിൽ ആദ്യം പോകേണ്ടത് നമ്മുടെ വലിയ തിരുമേനിയാണ്. നാം ചെറുപ്പം മുതൽ തന്നെ അവിടുത്തെ ശിഷ്യൻ ആണ്. സത്യമായ ദൈവഭക്തിയും വിശ്വാസസ്ഥിരതയുമുള്ള ഒരു വന്ദ്യദേഹമാണ് തിരുമേനി. നമ്മുടെ സഭയുടെ വിശ്വാസത്തിനും കാനോനാകൾക്കും ആചാരങ്ങൾക്കും കടുകിട വ്യത്യാസം അവിടുന്നു വരുത്തുകയില്ലെന്നുള്ള ഉത്തമവിശ്വാസം കൊണ്ടാണ് ബലഹീനനായ നാം ഈ സ്ഥാനം സ്വീകരിക്കുന്നതിനും അവിടുത്തെ കൂടെ നില്ക്കുന്നതിനും ഇടയായത്. ഇപ്പോഴത്തേതിൽ കൂടുതൽ കഷ്ടതകൾ വന്നാലും ദൈവം അവിടത്തെ ഭരമേല്പിച്ചിട്ടുള്ള സഭയോടു വിശ്വാസവഞ്ചന കാണിക്കുമെന്ന് നമുക്കു ലവലേശം സംശയമില്ല. പാത്രിയർക്കീസ് ബാവായും തിരുമേനിയുമായി ഭരണസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ഏതോ അഭിപ്രായവ്യത്യാസമുണ്ടായി, പിണങ്ങിയിരിക്കുന്നു എന്നല്ലാതെ സഭയ്ക്കു ഏതെങ്കിലും കുറവോ രക്ഷയ്ക്കു വല്ല തടസ്സമോ ഇവിടെയില്ല.

സഭ വിട്ടു പോകുവാനല്ല ഏതു തരത്തിലും സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനാണു നാം ശ്രമിക്കേണ്ടത്. അതിനു വേണ്ടിയാണ് നാം ഇതുപറയുന്നത്. ഇരുഭാഗത്തുനിന്നും അല്പസ്വല്പം വിട്ടുവീഴ്ചകൾ ചെയ്തു ഏതു തരത്തിലെങ്കിലും തമ്മിൽ യോജിക്കണമെന്നാണ് നമ്മുടെ അഭിപ്രായം. വഴക്കും വ്യവഹാരവും വർദ്ധിപ്പിക്കുവാനല്ല നിങ്ങൾ

ശ്രമിക്കേണ്ടത്. ഈ നോമ്പുകാലത്തു സഭയുടെ സമാധാനത്തിനായി നിങ്ങളെല്ലാവരും ഹൃദയപൂർവ്വം പ്രാർത്ഥിക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോടു നാം നിർബന്ധിക്കുന്നു. ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

(പാമ്പാടി ദയറാപ്പള്ളിയിൽ ചെയ്ത പ്രസംഗം. വൈദികൻ, വാല്യം 2, ലക്കം 3, മാർച്ച് 1930)

## 3. മരിക്കുകയാണെങ്കിൽ മരിക്കട്ടെ

“വാത്സല്യമക്കളെ, ദൈവത്തിന്റെ കഴിവും ശക്തിയും ജനം അറിയണം. നാം സ്വമനസ്സാലെയാണു കുന്നംകുളത്തേയ്ക്കു പോകുന്നത്; ആരും നിർബ്ബന്ധിച്ചിട്ടല്ല. കുന്നംകുളംകാരും നമ്മുടെ മക്കളാണ്. നാം പ്ലേഗുബാധിച്ചു മരിക്കുകയാണെങ്കിൽ മരിക്കട്ടെ. അവിടെയുള്ളവർ നമ്മുടെ ശവത്തിന്മേൽ ഒരു പിടി പൂഴി വാരിയിട്ടുകൊള്ളും. മക്കളെ! നിങ്ങൾ ദൈവത്തിന്റെ പ്രവർത്തനമറിയാത്തതുകൊണ്ടാണിങ്ങനെ പരിഭ്രമിക്കുന്നത്. ഭയപ്പെടുന്നതുപോലെയൊന്നും സംഭവിക്കയില്ല. ധൈര്യപ്പെടുവിൻ; നിങ്ങൾ കുന്നംകുളംകാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം.”

(കുന്നംകുളത്ത് പ്ലേഗ് മഹാമാരി പിടിപ്പെട്ടതറിഞ്ഞ് അവിടേയ്ക്ക് പുറപ്പെടാൻ തയ്യാറായ പാമ്പാടിത്തിരുമേനിയെ അനേകമാളുകൾ യാത്രയിൽനിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ അതൊന്നും വകവയ്ക്കാതെ ‘മരിക്കുകയാണെങ്കിൽ മരിക്കട്ടെ’ എന്ന ധൈര്യത്തോടെ ദൈവത്തിന്റെ പ്രവർത്തനത്തിൽ വിശ്വാസമുള്ളവനായി യാത്ര പുറപ്പെടുവാൻ തയ്യാറെടുത്ത തിരുമേനി ദയറായിൽ ചെയ്ത ശ്രദ്ധേയമായ പ്രസംഗം. പ്രൊഫ. കെ. എം. കുറിയാക്കോസ് എഴുതിയ ജീവചരിത്രത്തിൽ നിന്നും.).

## 4. നിങ്ങളോടൊപ്പം ജീവിക്കാനും മരിക്കാനും

പ്രിയരെ, നിങ്ങളോടൊപ്പം ജീവിക്കാനും മരിക്കാനുമായിട്ടാണ് നാം വന്നിരിക്കുന്നത്. നിങ്ങൾക്ക് എന്തെങ്കിലും സഹായമാവശ്യമുണ്ടെങ്കിൽ അവ ഏതുവിധത്തിലുള്ളതായിരുന്നാലും എന്നെ അറിയിച്ചാൽ ബലഹീനനായ നാം വന്ന് നിവർത്തിക്കാം. നിങ്ങൾ മുട്ടിപ്പായി ദൈവത്തോട് അപേക്ഷിക്കുകയും മൂന്നു ദിവസത്തെ ഉപവാസത്തിലും നോമ്പിലും കഴിയുകയും വേണം. സർവ്വശക്തനായ ദൈവം ഈ മഹാവ്യാധിയെ നിങ്ങളിൽ നിന്നു നീക്കം ചെയ്യട്ടെ.

(കുന്നംകുളം പ്രദേശത്ത് പ്ലേഗ് മഹാമാരി പടർന്നുപിടിച്ചപ്പോൾ അവിടെ എത്തിയ തിരുമേനി കുന്നംകുളം പഴയപള്ളിയിൽ ചെയ്ത

പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ. പ്രൊഫ. കെ. എം. കുറിയാക്കോസ് എഴുതിയ ജീവചരിത്രത്തിൽ നിന്നും.)

## 5. ഇടവക മെത്രാപ്പോലീത്താ ആയിപ്പോയതുകൊണ്ട്...

"കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്താ ആയിപ്പോയതുകൊണ്ട് നിങ്ങളുടെ പ്രശ്നം തീർക്കാൻ വന്നതാണ്. ഈ സ്ഥാനം ഞാൻ ഒട്ടും ആഗ്രഹിച്ചതല്ല, എന്നിട്ടും ദൈവവിളി എന്നെ ഈ സ്ഥാനത്താക്കി. എനിക്കു നിങ്ങളോട് എന്തു പറയണമെന്നുപോലും അറിയാൻ പാടില്ല. നിങ്ങൾ രണ്ടും കൂട്ടരും എനിക്ക് ഏറ്റവും വേണ്ടപ്പെട്ടവരും ഞാൻ ഏറ്റവും സ്നേഹിക്കുന്നവരുമാണ്. എനിക്ക് നിങ്ങളോട് ഒരപേക്ഷ മാത്രമേയുള്ളു. എന്നെ നിങ്ങൾ വിഷമിപ്പിക്കരുത്" (തിരുമേനിയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകുന്നു).

(പള്ളം സെന്റ് പോൾസ് പള്ളിയിലുണ്ടായ ഒരു വഴക്കുതീർക്കുവാൻ ചെന്ന തിരുമേനി പള്ളിപ്പൊതുയോഗത്തിൽ നടത്തിയ ഹൃദയസ്പർശിയായ അദ്ധ്യക്ഷപ്രസംഗം. പ്രൊഫ. കെ. എം. കുറിയാക്കോസ് എഴുതിയ ജീവചരിത്രത്തിൽ നിന്നും.)

## 6. യഹോവ നല്ലവനെന്നു രുചിച്ചറിവിൻ

"ഒരു വെള്ളക്കടലാസിൽ 'പഞ്ചസാര' എന്നെഴുതിയിട്ട് അത് നക്കി നോക്കിയാൽ പഞ്ചസാരയുടെ മാധുര്യം മനസ്സിലാകുമോ? പഞ്ചസാര രുചിച്ചുനോക്കിയാൽ മാത്രമേ അതിന്റെ മാധുര്യം മനസ്സിലാക്കാൻ സാധിക്കൂ. ദൈവത്തെക്കുറിച്ചുള്ള ചിന്ത പലർക്കുമുണ്ടെങ്കിലും ദൈവത്തെ അനുഭവിച്ചറിയുവാൻ സാധിക്കാതെ പോകുന്നുവെന്നതാണു പരമാർത്ഥം. യഹോവ നല്ലവനെന്നു രുചിച്ചറിവിൻ."

(പ്രൊഫ. കെ. എം. കുറിയാക്കോസ് എഴുതിയ ജീവചരിത്രത്തിൽ നിന്നും.)

## 7. പഴഞ്ഞി പള്ളിയിൽ ചെയ്ത ശ്രദ്ധേയമായ പ്രസംഗം

ഇവിടെ തടിച്ചുകൂടിയിരിക്കുന്ന നിങ്ങളെ കാണുമ്പോൾ നമുക്കു വലിയ ആനന്ദം തോന്നുന്നു. കുറച്ചുനേരം പ്രസംഗിക്കാമെന്ന് നമ്മുടെ മനസ്സിൽ ഒരു സ്നേഹനിർബ്ബന്ധം ഉള്ളതിനാൽ അസുഖങ്ങൾ സഹിച്ചും ഏതാനും മിനിറ്റുകൾ പറയാം.

പ്രിയരേ! ഇതിനുമുമ്പ് നാം ഈ പള്ളിയിൽ പലപ്പോഴും വന്നിട്ടുള്ളതാണ്. എന്നാൽ അന്നു നാം കണ്ട ചിലരെ ഇന്നു നാം കാണുന്നില്ല. കാരണം അവർ മരണം വഴിയായി കടന്നുപോയി. പരേതനായ

നിങ്ങളുടെ വികാരി കൊള്ളന്നൂർ യാക്കോബു കത്തനാരും നാമും ഒന്നിച്ച് പഠിച്ചവർ ആയിരുന്നു. അദ്ദേഹത്തെയും മരണം തട്ടിക്കൊണ്ടുപോയി. മരണം എന്നു പറയുമ്പോൾ പലർക്കും ഭയമുണ്ടാകുന്നു. പ്രിയരേ, ഭയന്നതുകൊണ്ടു കാര്യമൊന്നുമില്ല. നമ്മുടെ ഇടയിൽത്തന്നെ പല മഹാന്മാർ ഉണ്ടായിട്ടുണ്ട്. കാലംചെയ്ത പുലിക്കോട്ടിൽ തിരുമേനിയും വട്ടശ്ശേരിൽ തിരുമേനിയും മറ്റും ആരായിരുന്നു? അവർ ഓരോരോ കാലത്ത് സഭയ്ക്കുവേണ്ടി പലതും സഹിച്ചവരും ഉത്തമന്മാരായ മല്പാന്മാരും മേല്പട്ടക്കാരും ആയിരുന്നു. അവർ നമ്മിൽ നിന്നു മറഞ്ഞുപോയി. പ്രിയരേ! നിങ്ങൾക്കേവർക്കും സുപരിചിതനായിരുന്ന നമ്മുടെ കൊച്ചു തിരുമേനി പുത്തൻകാവിൽ മാർ പീലക്സിനോസ് നല്ല വാഗ്മിയും നല്ല ഭരണ സാമർത്ഥ്യമുള്ളവനുമായിരുന്നു. എന്തു ചെയ്യാം? അദ്ദേഹവും കടന്നുപോയി. പ്രിയരേ, നാമെല്ലാം ഇവിടെ നിന്നു കടന്നുപോകേണ്ടവരാണ്. ദൂരദേശത്തേയ്ക്കുപോയ മക്കൾ നാട്ടിലേക്കു തിരിച്ചുവരുമ്പോൾ മാതാപിതാക്കൾക്ക് വിലയേറിയ സമ്മാനങ്ങളും ഭക്ഷണസാധനങ്ങളും കൊണ്ടുവരാറുണ്ടല്ലോ. എന്നാൽ നാം നമ്മുടെ പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുവാൻ എന്താണു കൊണ്ടുപോകുന്നത്? ദേവാലയത്തിലേയ്ക്കു പോകുമ്പോൾ വെറും കയ്യായി പോകരുതെന്നു നമ്മൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. അതുപോലെതന്നെ നമ്മുടെ കർത്താവിന്റെ സന്നിധിയിലേയ്ക്കു പോകുമ്പോൾ നമ്മുടെ കൈവശം ഒന്നുമില്ലാതെ പോയാൽ നാം മോശക്കാരാവും. നാം ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന പുണ്യപ്രവൃത്തികളാണു നാം കൊണ്ടുപോകേണ്ടത്. ആ സുകൃതങ്ങളാണു നമ്മെ അനുഗമിക്കുന്നത്.

വാത്സല്യമുള്ളവരെ! പ്രകൃതിയിൽ കാണുന്ന സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ മുതലായവ നമുക്ക് എത്ര പ്രയോജനമാണു ചെയ്യുന്നത്! അവ എല്ലാ ദിവസവും അവയുടെ ജോലി കൃത്യമായി ചെയ്യുന്നു. എന്നാൽ ഭോഷന്മാരായ മനുഷ്യരോ തങ്ങളുടെ ചുമതല ചെയ്യാതെ കടന്നുപോകുന്നു. അതു വലിയ കഷ്ടവും നഷ്ടവുമാണ്. മനുഷ്യൻ അറിയുന്നില്ല! ഇന്നു മനുഷ്യൻ പലതും കണ്ടുപിടിച്ചു. ഇനിയും മരിക്കാതിരിക്കുവാനുള്ള വല്ല മരുന്നും കണ്ടുപിടിക്കാൻ ശ്രമിച്ചേക്കാം. നമ്മൾ ലോകസംബന്ധമായ കാര്യങ്ങൾ മാത്രം അറിഞ്ഞാൽപോരാ. ഇഹത്തിലെ ജീവിതത്തിനപ്പുറം ഒരു വാസം മ്ശിഹാ തമ്പുരാൻ നമുക്കൊരുക്കിയിരിക്കുന്നു. താൻ നമുക്കെല്ലാം മുമ്പായി അവിടേക്കു കടന്നുപോയി. നമ്മുടെ പിതാക്കന്മാർ ഈ ദർശനം വെച്ചു ജീവിച്ചു.

പ്രിയ മക്കളേ! യേശു തമ്പുരാൻ ഇഹത്തിലായിരുന്നപ്പോൾ തന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടമാണു ചെയ്തത്. താൻ നോമ്പു നോറ്റു. രാത്രി മുഴുവനും പ്രാർത്ഥിച്ചു. പള്ളിയിൽ പോയി. ദൈവപുത്രന്

ഇത് ആവശ്യമായിരുന്നുവോ? ഉവ്വ്. താൻ പറയുകയാണ്: "എന്നെ കർത്താവേ! കർത്താവേ! എന്നു പറയുന്ന ആരും സ്വർഗ്ഗരാജ്യത്തിലേക്കു കടക്കുകയില്ല; എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയുള്ളു."

പ്രിയരേ! ഇന്നു പലരും തന്നിഷ്ടക്കാരാണ്. തന്നിഷ്ടം കൊണ്ടു പല പള്ളികളിലും വഴക്കുകൾ ഉണ്ടാകുന്നു. ഈ പള്ളിയിൽ വഴക്കുകൾ ഒന്നുമില്ലെന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു. പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും. കെടാത്ത തീയും ചാകാത്ത പുഴുവും ഇല്ലാത്ത സ്ഥലത്തേയ്ക്ക് ഞങ്ങളെ പ്രവേശിപ്പിക്കണമേ എന്ന് എപ്പോഴും പ്രാർത്ഥിക്കുക.

ഇനിയും നിങ്ങളെ എന്നാണ് കാണുന്നത്? ഉടയവൻ മാത്രം അറിയുന്നു. നിങ്ങൾ സത്യവിശ്വാസത്തിൽ, ഉറച്ചുനിൽക്കുവിൻ. നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ കൃഷി, കച്ചവടം മുതലായവയെയും നിങ്ങളുടെ പട്ടക്കാരെയും ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ.

(പാമ്പാടിത്തിരുമേനി 1958 ജനുവരി 5-ാം തീയതി പഴഞ്ഞി സെന്റ് മേരീസ് പള്ളി സന്ദർശിച്ചു. തദവസരത്തിൽ തിരുമേനി ഇടവകാംഗങ്ങളോടു ചെയ്ത ശ്രദ്ധേയമായ പ്രസംഗം. മലങ്കരസഭ, ഏപ്രിൽ 1958.)

## 8. ദൈവത്തിന്റെ കുഞ്ഞുങ്ങളായിത്തീരുക

കർത്താവിൽ പ്രിയരെ, നമ്മുടെ ഭാരങ്ങളും പ്രയാസങ്ങളും എല്ലാമെല്ലാം ദൈവംതമ്പുരാനിൽ സമർപ്പിക്കണം. എല്ലാം എന്റെ ശക്തി, എന്റെ ബുദ്ധി എന്നു നാം ഒന്നിലും ഒരിക്കലും അഹങ്കരിക്കരുത്. ആ മനോഭാവം ഉണ്ടാകുമ്പോഴാണ് ഭിന്നിപ്പും വഴക്കും ശത്രുതയും ഉടലെടുക്കുന്നത്. അവയൊക്കെയും സാത്താന്റെ പ്രവർത്തനങ്ങളാണ്. നോമ്പിലും ഉപവാസത്തിലും പ്രാർത്ഥനയിലുമല്ലാതെ കലഹക്കാരനായ സാത്താനെ തോല്പിക്കുവാൻ കുഞ്ഞുങ്ങളെ നമുക്ക് സാധിക്കുന്നതല്ല.

ആകയാൽ പ്രിയമുള്ളവരെ, ദൈവത്തിന്റെ കുഞ്ഞുങ്ങളായി സർവ്വതും അവിടെ സമർപ്പിച്ച് പരസ്പരം സ്നേഹത്തിലും സൗഹാർദ്ദതയിലും നാം ഒന്നായിരിപ്പിൻ.

(1964 ഡിസംബർ 20-ന് തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ വി. കുർബ്ബാനമദ്ധ്യേ നൽകിയ പ്രബോധനം. സമ്പാദകൻ: സി. പാപ്പച്ചൻ ചക്കഞ്ചിറ, തോട്ടയ്ക്കാട്)

# 3
# കല്പനകൾ, കത്തുകൾ

## 1

## വലിയ നോമ്പ് കല്പന

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

ഈ വിശുദ്ധ നോമ്പിലേക്കും നമ്മുടെ രക്ഷിതാവായ മ്ശിഹാതമ്പുരാന്റെ കഷ്ടാനുഭവത്തിന്റെ ഓർമ്മയിലേയ്ക്കും ഈ ആണ്ടിലും നമ്മെ വിളിച്ചടുപ്പിച്ച കർത്താവിന്റെ അളവറ്റ കരുണയ്ക്ക് ആദ്യമായി സ്തോത്രം കൊടുക്കാം. നമ്മുടെ കർത്താവ് വനത്തിൽവച്ച് അനുഷ്ഠിച്ച ഈ നോമ്പും തന്റെ കഷ്ടാനുഭവത്തിന്റെ ഓർമ്മയും ആണ്ടുതോറും നാം ആചരിക്കുന്നതുവഴിയായി നാം ദൈവത്തോടു കൂടുതൽ കൂടുതൽ അടുത്തു തന്റെ സ്വഭാവമുള്ളവരും വിശുദ്ധരും ആയിത്തീരേണ്ടതാണ്. അതിനാണ് ഈ ആചാരങ്ങൾ വിശുദ്ധസഭ കല്പിച്ച് ഏർപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ ദിവസംതോറും ആത്മികമായി അഭിവൃദ്ധി പ്രാപിക്കാതിരുന്നാൽ നമ്മുടെ നോമ്പുകളും മറ്റ് അനുഷ്ഠാനങ്ങളും കേവലം ആചാരങ്ങൾ മാത്രമായിത്തീരാവുന്നതാണ്.

കഴിഞ്ഞ കാലങ്ങളിലെ നമ്മുടെ നോമ്പുകൾ പ്രത്യേകമായ ഉദ്ദേശ്യങ്ങൾ കൂടാതെ കേവലം ആചാരം എന്ന നിലയിൽ നാം അനുഷ്ഠിച്ചുപോയിട്ടുണ്ടെങ്കിൽ നിശ്ചയമായും അതിനെപ്പറ്റി നാം അനുതപിക്കേണ്ടതാണ്. കഴിഞ്ഞതു കഴിഞ്ഞല്ലോ. ഇനി ഉള്ളതിനെക്കുറിച്ചാണ് നാം കാര്യമായും ഗൗരവമായും ചിന്തിക്കേണ്ടത്. നാം ഇപ്പോൾ പ്രവേശിച്ചിരിക്കുന്ന ഈ നോമ്പ് എത്രയും ദൈവികമായും ശക്തിമത്തായും ആചരിക്കുന്നതിനു പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം ഗുണദോഷിക്കുന്നു. ഈ നോമ്പുകാലത്തു പൈതങ്ങളും ഗർഭിണികളും വൃദ്ധന്മാരും രോഗികളും ഒഴികെ എല്ലാവരും കുറഞ്ഞപക്ഷം ഉച്ചവരെ എങ്കിലും ഉപവസിക്കുകയും മത്സ്യം, മാംസം, പാൽ മുതലായി വിലക്കപ്പെട്ടിരിക്കുന്നവ എല്ലാം വർജ്ജിക്കുകയും ഉപവാസം കൊണ്ടുണ്ടാകുന്ന മിച്ചം ദാനധർമ്മങ്ങൾക്കായി ഉപയോഗിക്കയും പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം വിനിയോഗിക്കുകയും കുമ്പിടീൽ മുതലായ ആത്മദണ്ഡനങ്ങളിൽ ശ്രദ്ധയുള്ളവരായിരിക്കു

കയും വേണം. നമ്മുടെ കർത്താവിനോടുള്ള കളങ്കമില്ലാത്ത സ്നേഹം നമ്മിൽ ഉളവാകുമ്പോൾ ഇവയെല്ലാം നമുക്കു നിഷ്പ്രയാസമായിത്തീരുന്നതാണ്.

വലിയനോമ്പിൽ കുമ്പസാരിച്ചു വിശുദ്ധ കുർബ്ബാന അനുഭവിക്കുക എന്നൊരു പതിവു നമ്മുടെ ഇടയിലുണ്ടല്ലോ. ഇത് ഇപ്പോൾ ഒരു വെറും ആചാരമായിത്തീർന്നിരിക്കുന്നതാണ് നമ്മുടെ സഭാംഗങ്ങളുടെ ആത്മിക അധഃപതനത്തിന്റെ പ്രധാന കാരണം. കേവലം ഒരു ആചാരം എന്ന നില മാറീട്ടു ദൈവത്തോടു നിരപ്പാകുന്നതിനും ദൈവത്തെ അനുഭവിക്കുന്നതിനുമുള്ള മാർഗ്ഗമായി ഈ വിശുദ്ധ കൂദാശകളെ നാം അനുഭവിക്കണം. എല്ലാ നോമ്പുകളിലും പെസഹാവ്യാഴാഴ്ച മുതലായ പ്രത്യേക അവസരങ്ങളിലും കുമ്പസാരിച്ച്, ആത്മീയഭക്ഷണമായ നമ്മുടെ കർത്താവിന്റെ തിരുശരീരങ്ങളെ നാം അനുഭവിക്കേണ്ടതു നമുക്ക് എത്രയും അത്യാവശ്യമാകുന്നു. അതിനുള്ള പ്രാരംഭമായി ഈ നോമ്പിൽ നിങ്ങൾ എല്ലാവരും സത്യ അനുതാപത്തോടെ കുമ്പസാരം നടത്തി വിശുദ്ധ കുർബ്ബാന അനുഭവിക്കണമെന്നു നിങ്ങളെ നാം സ്നേഹപൂർവ്വം നിർബ്ബന്ധിക്കുന്നു.

എന്ന്, 1930-നു കൊല്ലം 1105-മാണ്ടു കുംഭം 21-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്ന്.

## 2

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ നിലയ്ക്കലും ചുറ്റുപാടുമുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

ഏതാനും വർഷങ്ങളായി നമ്മുടെ പുതുപ്പള്ളി നിലയ്ക്കൽ പള്ളിയിൽ നടന്നുവരുന്ന കൺവൻഷൻ ഇക്കൊല്ലവും പതിവുപോലെ ഈ മാസം 25-നു ബുധനാഴ്ച സന്ധ്യ മുതൽ ആരംഭിച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ആയതിനാൽ നിലയ്ക്കൽ ചുറ്റുപാടുമുള്ള നമ്മുടെ എല്ലാ ഇടവകകളിലും ഉള്ള ഏവരും ഇതിന്റെ നടത്തിപ്പിനും ഫലസിദ്ധിക്കുമായി പ്രാർത്ഥിക്കയും, കഴിവുള്ള എല്ലാ പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും കഴിവുള്ളിടത്തോളം യോഗങ്ങളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കയും ചെയ്യണമെന്ന് നാം ആഗ്രഹിക്കുകയും, അതിലേക്കു ബലഹീന

നായ നാമും സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കയും ചെയ്യുന്നു. കൂടാതെ രാവിലെ ഏഴു മണിക്കു നടത്തപ്പെടുന്ന യുവാക്കന്മാരെ ഉദ്ദേശിച്ചുള്ള ക്ലാസ്സുകളിൽ എല്ലാ സണ്ടേസ്കൂൾ അദ്ധ്യാപകന്മാരും മറ്റു യുവാക്കന്മാരും സംബന്ധിക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോടു നാം നിർബന്ധിക്കുക കൂടെ ചെയ്യുന്നു.

എന്നാൽ പ്രിയരെ, ഈ വലിയ സുവിശേഷവേലയ്ക്കായി വേണ്ടി വരുന്ന പണച്ചിലവിൽ ഒരു പ്രധാനഭാഗം അതിൽ സംബന്ധിക്കുന്നവരായ ഓരോരുവരുടേയും ഔദാര്യബുദ്ധിയെ ആശ്രയിച്ചിരിക്കുന്നതിനാൽ എല്ലാ യോഗങ്ങളിലും നടത്തപ്പെടുന്ന കാണിക്ക ശേഖരങ്ങളിൽ താൽപര്യത്തോടും സന്തോഷത്തോടും കൂടെ നിങ്ങൾ പങ്കുകൊള്ളേണമെന്ന് നാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ഈ അല്പമായ സഹായം ദൈവാനുഗ്രഹത്തിനു കാരണമായ ഒരു വലിയ സ്ഥാപനത്തിന്റെ പുലർച്ചയ്ക്കുപയോഗപ്പെടുമെന്നുള്ളത് നമുക്കെന്നപോലെ നിങ്ങൾക്കും സന്തോഷ കാരണമായിരിക്കുമെന്ന് ദൈവത്തിൽ ശരണപ്പെടുകയും ചെയ്യുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, മിശിഹാ കാലം 1934-ന് കൊല്ലം 1110 ധനു 15-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 3

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ...... പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ!

കാൽ ശതാബ്ദക്കാലമായി നമ്മുടെ സഭയിൽ നിലനിന്നു പോരുന്ന അന്തഃഛിദ്രങ്ങളും ഭിന്നതയും അവസാനിപ്പിച്ചു സമാധാനവും യോജിപ്പും പുനഃസ്ഥാപിക്കുന്നതിനു ചില പരിശ്രമങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിവരം ഇതിനകം നിങ്ങളും അറിഞ്ഞിരിക്കുമല്ലോ. ഈ മാസം 7-നു കൂടുവാനിരുന്ന അസോസിയേഷൻ മാറ്റിവച്ചതും ഇതുകൊണ്ടാണെന്നു നിങ്ങളെ അറിയിച്ചിട്ടുമുണ്ട്. ഈ പരിശ്രമം ഫലപ്രദമാകുന്നെങ്കിൽ അതു വലിയ ഒരു അനുഗ്രഹം തന്നെയാണ്. കഴിഞ്ഞ 25 വർഷവും ലക്ഷക്കണക്കിനു രൂപാ ചെലവാക്കിയിട്ടുള്ളതും ഇനിയും അതിന് ഒട്ടും

കുറയാത്ത സമയവും പണവും ചെലവാക്കിയാലും ഫലം അനിശ്ചിതവുമായിരിക്കുന്ന സംഗതി ആണ് ഇതെന്നു ഓർക്കണം. അതുകൊണ്ട് ഈ അവസരത്തെ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നതു ബുദ്ധിയും വിശുദ്ധ സഭയോടു നമുക്കുള്ള കടമയും ആണ്. സമാധാനത്തിന്റെ പ്രഭുവായ കർത്താവു സമാധാനം കൊണ്ടു നമ്മുടെ സഭയെ അനുഗ്രഹിക്കുന്നതിനുവേണ്ടി തന്റെ മക്കളായ നിങ്ങൾ ഏവരും ഈ ഹാശാ ദിവസങ്ങളിൽ പ്രത്യേകം അപേക്ഷിക്കണം. "സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും." സമാധാനത്തിനുവേണ്ടി കഷ്ടതയും ഞെരുക്കവും അനുഭവിക്കുന്നതു ഭാഗ്യം തന്നെയാണ്.

ഇതു സംബന്ധിച്ചു കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ഉടനെ തന്നെ ഒരു ശീമ യാത്ര ചെയ്യണമെന്നാണു നിശ്ചയിച്ചിരിക്കുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ചു യാത്രാസൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും അതുപോലെതന്നെ യാത്രച്ചെലവുകളും വളരെ വർദ്ധിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക് ഏഴായിരം രൂപായോളം വേണ്ടിവരുമെന്നാണു കണക്കാക്കിയിരിക്കുന്നത്. ഇതിൽ മൂവായിരം രൂപാ പള്ളികളിൽ നിന്നും ബാക്കി സഭാംഗങ്ങളിൽ നിന്നും പിരിച്ചെടുക്കണമെന്നു വലിയ തിരുമനസ്സിലെ 30-ാം ദിവസമടിയന്തിരദിവസം കൂടിയ യോഗത്തിൽ നിശ്ചയിക്കയും അതനുസരിച്ചു സഭാംഗങ്ങളിൽ നിന്നും പിരിയേണ്ടതിൽ 2500 രൂപായ്ക്ക് അന്നേദിവസം തന്നെ വാഗ്ദത്തങ്ങൾ ലഭിക്കയും ചെയ്തു. സമാധാനത്തിനുവേണ്ടി ഓരോരുത്തരും പ്രദർശിപ്പിച്ച ത്യാഗബുദ്ധിയും സന്മനസ്സും പ്രശംസനീയം തന്നെ ആയിരുന്നു. അടിയന്തിരത്തിനു 2500 രൂപായിൽ കൂടുതൽ പള്ളികളിൽ നിന്നും ഇനിയും പിരിഞ്ഞു കിട്ടിയിട്ടില്ല. പിരിഞ്ഞുകിട്ടിയ തുകകൊണ്ട് അടിയന്തിരച്ചെലവുകൾ ഒരുവിധമായി മാത്രമേ കഴിഞ്ഞുകൂടിയുള്ളു. സ്വല്പംകൂടെ കൂടിയ ഒരു തുക ഉടനെതന്നെ പള്ളികളിൽ നിന്നും എടുക്കുകയെന്നതു വളരെ പ്രയാസമുള്ള സംഗതിയാണെന്ന് ഏവർക്കും അറിയാം. എന്നിരുന്നാലും കാര്യത്തിന്റെ ഗൗരവം ഓർത്ത് എല്ലാ പള്ളിക്കാരും വേണ്ടവണ്ണം ഇതിൽ സഹകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ആ പള്ളിക്കു ..... രൂപായാണു വരിസംഖ്യ നിശ്ചയിച്ചിരിക്കുന്നത്. അടിയന്തിരകാര്യത്തിൽ ചില പള്ളിക്കാർ ചെയ്തതുപോലെ വല്ലതുമൊരു സംഖ്യ കൊടുത്താൽ മതിയെന്നു വിചാരിക്കാതെ നിശ്ചയിച്ചിരിക്കുന്ന സംഖ്യ മുഴുവനുംതന്നെ എത്രയുംവേഗം കാതോലിക്കാബാവാ തിരുമനസ്സിലേക്ക് അയച്ചുകൊടുത്തു രസീതു വാങ്ങിക്കൊള്ളേണ്ടതാകുന്നു. ശീമയാത്രയ്ക്കുള്ള ദിവസങ്ങൾ എത്രയും സമീപിച്ചിരിക്കയുമാണ്. ശേഷം കാര്യങ്ങൾക്കു പിന്നാലെ എഴുതുന്ന

താണ്. സർവ്വശക്തനായ ദൈവത്തിന്റെ കൃപ നിങ്ങളെല്ലാവരോടും സദാ വർദ്ധിച്ചിരിക്കട്ടെ.

എന്നു, 1109 മീനമാസം 15-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

## 4

## കാതോലിക്കേറ്റ് നിധി: പൊതു കല്പന

നമ്പർ 294

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയിൽ നിന്ന്

മലങ്കരെയുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരേ, കഴിഞ്ഞ അസോസ്യേഷൻ യോഗത്തിൽ പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ പോഷണത്തിനായി പിരിക്കണമെന്നു നിശ്ചയിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസ് അനുമതി നൽകിയ കാതോലിക്കേറ്റ് നിധിയെക്കുറിച്ച്, വേണ്ട കാര്യങ്ങൾ അന്വേഷിക്കുവാൻ ഏർപ്പെടുത്തിയ കമ്മട്ടിയുടെ പ്രസിഡണ്ടായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്, ബലഹീനനായ നാം ആണെന്നുള്ളത് ഇതിനിടയിൽ മലങ്കരയിൽ പരസ്യമായിട്ടുള്ളതാണല്ലോ. ആ നിധിയുടെ ഒരു ശാഖയെ നിർവഹിക്കുന്നതിനു നിയമിക്കപ്പെട്ടിരിക്കുന്നത്, നമ്മുടെ വാത്സല്യമക്കളായ എം. സി. കുറിയാക്കോസു കശ്ശീശായും റാവുസാഹിബ് ഒ. എം. ചെറിയാൻ അവർകളുമാകുന്നു. അവർ ഇതു സംബന്ധമായി ചെയ്യുന്ന സകല ഏർപ്പാടുകളും നമ്മുടെ അനുവാദത്തോടും സഹകരണത്തോടും ആണെന്നു നിങ്ങളെ എല്ലാവരെയും അറിയിച്ചുകൊള്ളുന്നു.

നമ്മുടെ ആത്മീയ മക്കളായ നിങ്ങൾ എല്ലാവരും ഈ നിധി കാര്യത്തിൽ ജാഗരൂകരായിരുന്ന് സമുദായത്തിന്റെ നിലനിൽപ്പിനും പുരോഗമനത്തിനും ആവശ്യമായ പണം വസൂൽ ചെയ്യുന്നതിനു കഴിവുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന്, ഈ കല്പനമൂലം ഏവരുടേയും സ്നേഹത്തോടു നാം നിർബന്ധിച്ചുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1935-നു 1110 മകരം 26-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്ന്.

## 5

## പ്ലേഗ് ബാധയറിഞ്ഞെത്തിയ തിരുമേനി കുന്നംകുളത്തു നിന്നും അയച്ച കത്ത്

ദൈവകൃപയാൽ കോട്ടയം മുതലായ ഇടവകകളുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന വർഗ്ഗീസിനു വാഴ്വ്.

പ്രിയനേ, ഞങ്ങൾ അവിടെനിന്നും പുറപ്പെട്ട് കോട്ടയം പഴയസിമ്മനാരി, എറണാകുളം, തൃശൂർ എന്നീ സ്ഥലങ്ങൾ വഴിയായി ഇന്നലെ രണ്ടു മണിയോടുകൂടി ഇവിടെ എത്തി. ദൈവകൃപയാൽ അവിടെ കേട്ടിരുന്നതുപോലെയുള്ള ബഹളങ്ങൾ ഇവിടങ്ങളിൽ കേൾപ്പാനില്ലെന്നുള്ളത് വളരെ ആശ്വാസമായി തോന്നുന്നു. ദീനം തീരെ ഇല്ലെന്നു പറയാൻ പാടില്ലാത്തവിധം രണ്ടോ, നാലോ സുഖക്കേടുകാർ ചിലയിടങ്ങളിൽ ഉള്ളതായി തോന്നുന്നു. ഇവിടെ നിന്നും അങ്ങോട്ടുള്ള ഞങ്ങളുടെ യാത്ര ഇന്ന സമയമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ദൈവകൃപകൊണ്ടു താമസിയാതെ അങ്ങോട്ടു പുറപ്പെടാമെന്നു വിചാരിച്ച് ആശ്വസിക്കുന്നു.

കൊളമ്പുകാർ അയച്ചിരുന്ന മുന്തിരിങ്ങ കിട്ടി. ഞങ്ങൾ ഇങ്ങോട്ടു പോരുന്നവഴിക്കാണു കിട്ടിയത്. അതുകൊണ്ട് അതിന്റെ ഓഹരി നിങ്ങൾക്കുകൂടി തരാൻ സാധിക്കാതെ പോയല്ലോ എന്നു വിചാരിച്ച് കുണ്ഠിതപ്പെടുന്നു. മുന്തിരങ്ങ ഇവിടെ കിട്ടിയ വിവരത്തിനും, മുന്തിരങ്ങ അയച്ചുതന്നതിനും നന്ദി പറഞ്ഞും ഉടനെ വിവരത്തിനു എഴുതി അയയ്ക്കണം. അവരുടെ മേൽവിലാസം അറിയാൻ പാടില്ലായ്കമൂലം എഴുതുന്നതാണ്. ഈ എഴുത്തു നമ്മുടെ ആളുകളെ പ്രത്യേകം അറിയിക്കണം. ബലഹീനനായ നാം എല്ലാവരേയും പ്രത്യേകം ചോദിച്ചിരിക്കുന്നു. ദൈവകൃപ നിന്നോടും, ശേഷം എല്ലാവരോടും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1935-നു 1110 കുംഭം 1-നു കുന്നംകുളം പഴയപള്ളിയിൽ നിന്നും.

(മീനടം സെന്റ് ജോർജ് പള്ളി കെ.എം.ജി. മന്ദിര കൂദാശാ സ്മരണിക, മെയ് 2004, പുറം 98)

## 6

## കാതോലിക്കേറ്റ് നിധി

കാതോലിക്കേറ്റ് നിധിക്കമ്മെട്ടി പ്രസിഡന്റായ കോട്ടയം ഭദ്രാസന
ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും.

നമ്പർ 382

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന എം. സി. കുറിയാക്കോസു കശ്ശീശായ്ക്കും റാവുസാഹിബ് ഒ. എം. ചെറിയാനും വാഴ്വ്.

പ്രിയരെ, കാതോലിക്കാ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ 1110 ധനു 11-നു കൂടിയ അസോസ്യേഷൻ നിങ്ങളെ ചുമതലപ്പെടുത്തിയ തനുസരിച്ച് .... നടത്തിയ പൊതുപ്പിരിവ് വകയായി 1110 മേടം 22-നു 15575 രൂപ 6 അണ 11 പൈസയും 1110 മേടം 25-നു 1572 രൂപ 6 അണ ... 1111 വൃശ്ചികം 23-നു 258 രൂപ ... ഇങ്ങനെ ആകെ പതിനേഴായിരത്തി നാനൂറ്റിആറു രൂപാ മൂന്നു ചക്രം നാലു കാശു കൈപ്പറ്റിയിരിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളോടുകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1935-നു 1111 ധനു 22-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും

# 7

ദൈവകൃപയാൽ കോട്ടയം മുതലായ ഇടവകകളുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ .... പള്ളിയിലെ വികാരിയും ദേശത്ത് പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നിങ്ങളുടെ ഇടവകപ്പൊതുയോഗം കഴിഞ്ഞ മകരമാസം 19-നു കൂടി ഈ വർഷം പള്ളിക്കാര്യങ്ങൾ നടത്തുന്നതിന് മുന്നാണ്ടു കൈക്കാരനായ ... യെയും ശേഷം കമ്മട്ടിയെയും തന്നെ നിശ്ചയിച്ച് അംഗീകരണത്തിനായി അപേക്ഷിച്ചു എങ്കിലും അതു സ്ഥിരപ്പെടുത്തരുതെന്നും പുതിയ കമ്മട്ടിയെ രൂപീകരിക്കണമെന്നും ചിലർ നമ്മുടെ മുമ്പാകെ അപേക്ഷിക്കയാൽ നാം ഈ മാസം 11-നു അവിടെ എത്തി വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം പൊതുയോഗം കൂടി ഗുണദോഷിച്ചതനുസരിച്ച് അവരുടെ വാദം അവർ പിൻവലിച്ചതുകൊണ്ട് മുൻ കമ്മട്ടി തന്നെ ഈ ഒരു വർഷത്തേയ്ക്കു കൂടെ നാം അംഗീകരിച്ച് സ്ഥിരപ്പെടുത്തിയിരിക്കുന്നു. അദ്ധ്യക്ഷനായ വികാരിയും കമ്മട്ടി അംഗങ്ങൾ എല്ലാവരും സഹകരിച്ച് പള്ളിക്കാര്യങ്ങൾ ഭരണഘടനപ്രകാരം തന്നെ സ്തുത്യർഹമാംവണ്ണം നടത്തിക്കൊണ്ടു പോകുമെന്നു നാം പ്രതീക്ഷിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1936–ന് 1111 കുംഭം 15–നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 8

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചാരോത്തു പീലിപ്പോസിനു വാഴ്വ്.

പ്രിയനെ, നീ അയച്ചിരുന്ന എഴുത്തു കിട്ടി. നിന്റെ അപ്പന്റെ സുഖക്കേടിനെപ്പറ്റി അറിഞ്ഞു ഖേദിക്കുന്നു. ഈ അവസരത്തിൽ നാം ദയറായിൽ ഇല്ലാതെവന്നതിൽ നമുക്കു കുണ്ഠിതമുണ്ടെങ്കിലും നാം ദയറായിൽ നിന്നും ഇങ്ങോട്ടു പോരുന്നതുവരെ ഞങ്ങൾ ഒരുമിച്ചാണല്ലോ മിക്കവാറും സമയം കഴിച്ചിട്ടുള്ളതെന്നോർക്കുമ്പോൾ നമുക്കു സമാധാനത്തിനും ആശ്വാസത്തിനും ഇടയുണ്ട്. അപ്പന്റെ സുഖത്തിനു വേണ്ടിയും, എല്ലാവിധമായ സുഖത്തിനും ആശ്വാസത്തിനും വേണ്ടിയും നാം പ്രാർത്ഥിച്ചു വരുന്നതായും സദാനേരവും ഓർത്തുവരുന്നതായും പറയണം. രോഗങ്ങളും നൊമ്പരങ്ങളും ഇവിടെ മാത്രമേയുള്ളു എന്നും പരലോകത്തിൽ .........ന്നിച്ചു പോകാത്ത ഭാഗ്യങ്ങളാണ് ............. പ്രത്യേകം ഓർത്തിരിക്കേണ്ടത്. നല്ല മരണത്തിനിടയാകുന്നതിനേക്കാൾ കൂടുതലായ ഒരു ഭാഗ്യം ആർക്കും ഉണ്ടാകാനില്ല. അതിനായി പ്രത്യേകം ഒരുങ്ങിയിരിക്കണമെന്നുള്ള നമ്മുടെ ആഗ്രഹം പ്രത്യേകം അറിയിക്കണം.

നമ്മുടെ ദയറായിൽ കള്ളൻ കയറിയെന്നും മറ്റും ഒരാൾ ഇവിടെ വന്നു പറയുകയുണ്ടായി. അതിന്റെ പരമാർത്ഥം അറിഞ്ഞു വരുന്നതിനായി ശെമ്മാശനെ കഴിഞ്ഞ തിങ്കളാഴ്ച അങ്ങോട്ടു അയയ്ക്കുകയുണ്ടായി.

മനുഷ്യനു ഏതു കള്ളം പറയുന്നതിനും എന്തു പ്രവർത്തിക്കുന്നതിനും മടിയില്ലാത്ത ഒരു കാലമാണല്ലോ ഈ കാലം എന്നോർക്കുമ്പോൾ നമുക്കു വളരെ അത്ഭുതവും സങ്കടവും തോന്നിപ്പോകുന്നു. ദൈവംതമ്പുരാൻ എല്ലാവനും നല്ല മനസ്സു നൽകട്ടെ. നമ്മുടെ ദയറായിടപെട്ട സംഗതികൾ എത്രയും സൂക്ഷ്മത്തോടും കരുതലോടും ചെയ്യണമെന്നു കത്തനാരോടു പ്രത്യേകം പറയണം. മുറികൾ എല്ലാംതന്നെ എപ്പോഴും പൂട്ടിയിട്ടിരിക്കണം. ആവശ്യമുള്ളപ്പോൾ മാത്രമേ തുറക്കാവൂ. ........... പാർക്കണമെന്നും പ്രത്യേകം പറയണം. എല്ലാവരെയും ....... കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു ഇപ്പോൾ ഇവിടെയുണ്ട്. നാളെ കാർത്തികപ്പള്ളിയ്ക്കു പോകുന്നതായിരിക്കും. നമ്മുടെ ചാണ്ടി അപ്പൂപ്പനെ പ്രത്യേകം ചോദിച്ചിരിക്കുന്നതായി പറയണം.

ദൈവകൃപ നിന്നോടും ശേഷം എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കട്ടെ.

എന്ന്, 1938-നു കൊല്ലം 114 കന്നി ...........

(മീനടം സെന്റ് ജോർജ് പള്ളി കെ.എം.ജി. മന്ദിര കൂദാശാ സ്മരണിക, മെയ് 2004, പുറം 98)

## 9

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ .... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ! 1115 ഇടവം 5-നു ശനിയാഴ്ച കൂടിയ നമ്മുടെ ഭദ്രാസന കൗൺസിലിൽ പള്ളി വരുമാനങ്ങളുടെ ഏകീകരണം, ഭദ്രാസന വരുമാനങ്ങൾ വസൂൽ ചെയ്യേണ്ട രീതി എന്നീ വിഷയങ്ങളെക്കുറിച്ച് ആലോചിച്ചതിൽ നമ്മുടെ എല്ലാ പള്ളികളിലും സ്വീകരിച്ച് നടപ്പാക്കത്തക്കവണ്ണം വിവാഹ വരുമാനങ്ങൾക്കായി ഒരു ബിൽ കൗൺസിൽ അംഗമായ ദിവ്യശ്രീ. മാടയ്ക്കൽ യൗസേഫ് കത്തനാർ അവതരിപ്പിക്കയും മറ്റൊരംഗമായ ശ്രീമാൻ പട്ടച്ചേരിൽ സ്കറിയാ പിൻതാങ്ങുകയും കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. ടി. ബില്ലിനെ സംബന്ധിച്ച് ഓരോ പള്ളിക്കാരുടെയും അഭിപ്രായം അറിയത്തക്കവണ്ണം എഴുതി അയച്ച്, അവരവരുടെ ഇടവകപ്പൊതുയോഗങ്ങളിൽ ആലോചിച്ച്, അഭിപ്രായങ്ങൾ വരുത്തി വീണ്ടും കൗൺസിലിൽ ആലോചനയ്ക്കെടുത്ത്, ഇനി കൂടുന്ന ഭദ്രാസനപ്പൊതുയോഗത്തിൽ അവതരിപ്പിക്കണമെന്ന് നിശ്ചയിച്ചിരിക്കുന്നു. ആകയാൽ ഇതോടൊന്നിച്ചയയ്ക്കുന്ന ടി. ബിൽ ചിങ്ങമാസത്തിനു മുമ്പായി നിങ്ങളുടെ പൊതുയോഗത്തിൽ ആലോചിച്ച് അഭിപ്രായം രേഖപ്പെടുത്തി അയച്ചുതരണം.

കൂടാതെ ഇതു സഹിതം അയയ്ക്കുന്ന ഫാറത്തിനനുരൂപമായി വരച്ചുണ്ടാക്കി, "മാസാന്ത്യ റിപ്പോർട്ട്" മാസംതോറും 5-ാം തീയതിക്കകം നമുക്കു ലഭിക്കത്തക്കവണ്ണം പൂരിപ്പിച്ചയച്ചു തരണം. ആ പള്ളിയിൽ നിന്നുമുള്ള കൈമുത്ത്, ദശാംശം മുതലായവ അയച്ചുതരണമെന്ന് ഇപ്രാവശ്യവും നാം നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. മർത്തമറിയമിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും

പ്രാർത്ഥനകളാൽ തന്നെ.

എന്ന്, 1940-ന് കൊല്ലം 1115 മിഥുനം 8-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 10

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വടക്കൻമണ്ണൂർ പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ! ആ ഇടവകയിൽ അരീപ്പറമ്പിലും ളാക്കാട്ടൂരും ഉള്ളവർ മൂന്ന് ഭാഗമായി പ്രാർത്ഥനായോഗങ്ങൾ നടത്തുന്നതായി അറിഞ്ഞതിൽ നാം സന്തോഷിക്കുന്നു. മറ്റുള്ള ഭാഗങ്ങളിലും ഇതിനെ അനുകരിച്ച് പ്രാർത്ഥനായോഗങ്ങൾ നടത്തി കാണ്മാൻ നമുക്ക് ആഗ്രഹമുണ്ട്. പ്രാർത്ഥനായോഗനിബന്ധനകൾ നാം കണ്ടതിൽ അത് എത്രയും ആവശ്യമായിട്ടുള്ളതാണെന്ന് നമുക്കു മനസ്സിലായി. എന്നാൽ ചിലർ ആ നിബന്ധനകളെ പാലിക്കുന്നതിൽ വൈമനസ്യമുള്ളവരാണെന്ന് അറിയുന്നതിൽ നമുക്കു അതിയായ ഖേദമുണ്ട്. കാതോലികമായിരിക്കുന്ന നമ്മുടെ വിശ്വാസാചാരങ്ങളിൽ സ്ഥിരമുള്ളവരായി നിങ്ങളെ കാണുന്നത് നമുക്ക് വളരെ സന്തോഷമാണ്. ആകയാൽ നിങ്ങളെല്ലാവരും പ്രാർത്ഥനായോഗ നിബന്ധനകളെ ശരിയായി പാലിക്കുമെന്ന് നാം വിശ്വസിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യക മർത്തമറിയാമിന്റെയും ശേഷം സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ.

എന്ന്, 1940-ന് കൊല്ലം 115 മിഥുനം 9-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 11

നമ്പർ 231

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ, നമ്മുടെ സമുദായം വിഷമകരമായ ഒരു ഘട്ടത്തിൽകൂടെയാണല്ലോ ഇപ്പോൾ കടന്നുകൊണ്ടിരിക്കുന്നത്. നിർഭാഗ്യവശാൽ സഭ

യിൽ ഭിന്നത ഉണ്ടായിട്ട് മുപ്പതിൽപരം വർഷങ്ങൾ ആയിരിക്കുന്നു. ഐക്യവും സമാധാനവും പുനഃസ്ഥാപിക്കുന്നതിനുവേണ്ടി കാലംചെയ്ത മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായും വിശുദ്ധ കാതോലിക്കാ ബാവായും വാർദ്ധക്യത്തെയും ക്ലേശങ്ങളെയും ചെലവുകളെയും അവ ഗണിച്ച് പാത്രിയാർക്കാ ആസ്ഥാനം വരെ എഴുന്നള്ളുകയും പല സമാ ധാനാലോചനകൾ നടത്തുകയും ചെയ്തതു നിങ്ങൾ ഏവർക്കും അറി വുള്ളതാണല്ലോ. അവയൊക്കെയും വിഫലമായി. എതിർകക്ഷി നമ്മു ടെമേൽ കൊടുത്തിരിക്കുന്ന സമുദായക്കേസു തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ഭാഗം നടത്തിക്കൊണ്ടു പോകയല്ലാതെ നിവൃത്തിയില്ല.

ഈ കേസ് കേവലം ഒരു വ്യവഹാരമല്ല. മലങ്കരസഭയുടെ ഉൽക്കർഷ ത്തിന് ആത്യന്താപേക്ഷിതമായ സ്വാതന്ത്ര്യത്തിനും കാതോലിക്കാ സിംഹാസനത്തിന്റെ സ്ഥിരപ്രതിഷ്ഠയ്ക്കും വേണ്ടിയുള്ള ഒരു ധർമ്മസ മരമത്രെ. അതിൽ നമുക്കുവേണ്ടി നായകത്വം വഹിക്കുന്ന ബാവാ തിരു മനസ്സിലേക്കു സകലവിധ പിന്തുണകളും നൽകേണ്ടത് അനുഗ്രഹിക്ക പ്പെട്ട മക്കളായ നിങ്ങളേവരുടെയും കർത്തവ്യകർമ്മമാകുന്നു. ഇതേ സംബന്ധിച്ച് ബാവാതിരുമനസ്സുകൊണ്ട് കഴിഞ്ഞ കന്നിമാസം 7-നു എല്ലാ പള്ളികൾക്കും കല്പന അയച്ചിട്ടുണ്ട്. പണമില്ലായ്കയാൽ തിരുമനസ്സു കൊണ്ടു വളരെ ഞെരുങ്ങുന്നു എന്നും തൽപരിഹാരാർത്ഥം ഈ ആണ്ടിൽ വാർഷികപ്പിരിവു താമസിയാതെ നടത്തണമെന്നും ആണല്ലോ അതിലെ ഒരു കാര്യം. നാം നമ്മുടെ മെത്രാസന കൌൺസിൽകൂടി ആലോചിച്ച് നമ്മുടെ കോട്ടയം ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും അടുത്ത ധനുമാസം 16-നു പ്രസ്തുത പിരിവു നടത്തണമെന്നു നിശ്ച യിച്ചിരിക്കുന്നു. ഈ ഭദ്രാസനത്തിൽനിന്നു രണ്ടായിരം രൂപയെങ്കിലും പിരിച്ച് ബാവാ തിരുമേനിയെ ഏല്പിക്കണമെന്നത്രെ നമ്മുടെ ആഗ്രഹം. അത്രയും ഉണ്ടാകുമാറ് ജനങ്ങൾ സംഭാവന ചെയ്യേണ്ടിയിരിക്കുന്നു. അതു കൊണ്ട് ഓരോ ഗൃഹനായകനും അവനവന്റെ ഒരുദിവസത്തെ വരുമാനം ഈ പിരിവിലേക്കു സംഭാവന ചെയ്യണമെന്നത്രെ നാം നിർദ്ദേശിക്കുന്നത്. ആ ഇടവകയിൽ നിന്നു 100 രൂപായെങ്കിലും പിരിയുവാൻ തക്കവണ്ണം നിങ്ങൾ ഈ വാർഷികപ്പിരിവിൽ ഹൃദയപൂർവ്വം സഹകരിക്കണമെന്നും ഓരോ ഗൃഹവും അഞ്ചു ചക്രം മുതൽ അഞ്ചു രൂപാ വരെയോ കൂടു തലോ ശക്ത്യാനുസരണം സംഭാവന നൽകണമെന്നും നാം താല്പര്യ പ്പെടുന്നു.

ഈ ധനശേഖരം നടത്തേണ്ട രീതിയെപ്പറ്റി നാം വിശേഷവിധിയായി ഒന്നും പ്രസ്താവിക്കുന്നില്ല. കാതോലിക്കേറ്റുനിധി സംഭരണവും അതിനെ തുടർന്നു നടന്ന രണ്ടു വാർഷികപ്പിരിവുകളും മൂലം അതിന് ഒരു രീതി ഉണ്ടായിട്ടുണ്ട്. ഈ പ്രാവശ്യവും അത് അനുകരിച്ചാൽ മതി. ആ ഇടവ

കയെ മുപ്പതുവീടുകളിൽ കവിയാത്ത വാർഡുകളായി തിരിച്ച് ഓരോ വാർഡിലും പിരിവു നടത്തുന്നതിന് ഈരണ്ടു വാളണ്ടിയറന്മാരെ നിയമിക്കണം. ആയതിലേക്കായി ഈ തുലാമാസം 24-നു ആ ഇടവകയുടെ ഒരു പൊതുയോഗം അന്നു വി. കുർബാന അർപ്പിക്കുന്ന പട്ടക്കാരന്റെ അദ്ധ്യക്ഷതയിൽ നടക്കണം. അപ്പോൾ വാളണ്ടിയറന്മാരെ തിരഞ്ഞെടുക്കുന്നതുകൂടാതെ സന്നിഹിതരായിരിക്കുന്നവർ അവരുടെ സംഭാവനത്തുക വാഗ്ദാനം ചെയ്യുന്നതും പ്രയോജനകരമായിരിക്കും. വാളണ്ടറിയറന്മാരുടെയും മറ്റും മേൽവിലാസം അടങ്ങുന്ന റിപ്പോർട്ട് അന്നുതന്നെ അദ്ധ്യക്ഷൻ നമ്മുടെപേർക്ക് അയച്ചുതരികയും ചെയ്യണം. ധനു 1-നു മുമ്പായി വാളണ്ടിയറന്മാർ എല്ലാ വീടുകളും സന്ദർശിക്കുകയും, പിരിവുവിവരം ഗ്രഹിപ്പിക്കുകയും, വാഗ്ദാനങ്ങൾ വാങ്ങുകയും പിരിവുദിവസത്തിന്റെ തലേ സന്ധ്യയ്ക്കകം പണം കരുതിവച്ചിരിക്കണമെന്നു പ്രത്യേകം ചട്ടംകെട്ടുകയും വേണം.

പിരിവുദിനം അടുത്ത ധനു 16-നാണ്. അന്ന് ഉച്ചയ്ക്കുമുമ്പു പിരിവു പൂർത്തിയാകേണ്ടതാകയാൽ ഒന്നോ രണ്ടോ ദിവസം മുമ്പു പിരിവുതുടങ്ങേണ്ടതാവശ്യമെങ്കിൽ അങ്ങനെ ആവാം. ധനു 16-നു ഉച്ചയ്ക്കുമുമ്പു വാളണ്ടിയറന്മാർ പിരിവു പൂർത്തിയാക്കി പണവും ലിസ്റ്റും പള്ളിയിൽ വികാരിയുടെ അടുക്കലോ അദ്ദേഹം ഇല്ലെങ്കിൽ തവണപ്പട്ടക്കാരന്റെ അടുക്കലോ കൊണ്ടുചെല്ലണം. പട്ടക്കാരൻ അവ വാങ്ങി പണം എണ്ണി ലിസ്റ്റോടു ഒത്തുനോക്കി വാളണ്ടിയറന്മാരിൽ ഒരാൾവശം നമ്മുടെ അടുക്കലേക്കു കൊടുത്തയയ്ക്കണം. ഈ ധനശേഖരം പ്രതീക്ഷാനുസരണം വിജയംകൊള്ളുവാൻ തക്കവണ്ണം ബ. പട്ടക്കാർ ഉത്സാഹിക്കുകയും ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്നും നാം വിശ്വസിക്കുന്നു. “നമുക്കു വയസ്സും രോഗവും ആയിരിക്കുന്നു എന്നും നമ്മുടെ ക്ഷീണകാലത്തു നമ്മുടെ മക്കൾ നമുക്കു താങ്ങലിന്റെ കയ്യ് തന്ന് നമ്മെ താങ്ങിക്കൊള്ളുമെന്നു കർത്താവിൽ നാം വിശ്വസിക്കുന്നു” എന്നും ബാവാതിരുമനസ്സുകൊണ്ട് അവിടുത്തെ കല്പനയിൽ പ്രസ്താവിച്ചിട്ടുള്ളത് എല്ലാവരുടെയും ഓർമ്മയിൽ ഇരിക്കേണ്ടതുമത്രെ.

വിശേഷിച്ചും പ്രിയരെ, മാർത്തോമ്മാ, ആംഗ്ലേയ മുതലായ പ്രൊട്ടസ്റ്റന്റു സമുദായങ്ങളുമായി നമ്മുടെ ചില ജനങ്ങൾക്കുള്ള ബന്ധുതമൂലവും മറ്റും നമ്മുടെ ജനങ്ങൾ സ്തുതിചൊവ്വാകപ്പെട്ട വിശ്വാസാചാരങ്ങളിൽനിന്നു വ്യതിചലിച്ചുകൊണ്ടിരിക്കുന്നതു നമ്മെ വളരെ വ്യാകുലപ്പെടുത്തുന്നു. ഇതേപ്പറ്റിയും വിശുദ്ധപിതാവായ കാതോലിക്കാബാവാതിരുമനസ്സിലെ കൽപനയിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. നമ്മുടെ വൈദികർ നമ്മുടെ ജനങ്ങളുടെ ആത്മീയദിഷ്ടതികൾ നടത്തിക്കൊടുക്കുന്നതിനാണ് പട്ടംകെട്ടപ്പെട്ടിരിക്കുന്നതെന്ന് എല്ലാവരും ഓർക്കണം.

അവർ മേല്പറഞ്ഞ വിശ്വാസവിപരീതികളുടെ മാമോദീസാ, വിവാഹം മുതലായ കർമ്മങ്ങൾ നടത്തിക്കൊടുക്കരുത്. നമ്മുടെ ജനങ്ങൾ അവരുടെ മാമോദീസാ, വിവാഹം മുതലായ കൂദാശകൾ നമ്മുടെ പട്ടക്കാരെക്കൊണ്ടല്ലാതെ വിശ്വാസവിപരീതികളായ പട്ടക്കാരെക്കൊണ്ടു യാതൊരു കാരണവശാലും നടത്തിക്കയുമരുത്. നമ്മുടെ സഭാംഗങ്ങൾ നമ്മുടെ സഭയുടെ വിശ്വസ്ത അംഗങ്ങളായിരിക്കണമെന്നു മാത്രമാണ് ഈ നിർദ്ദേശത്തിന്റെ താല്പര്യം.

കൂടാതെ, പ്രിയരെ, ലോകസമാധാനത്തിനുവേണ്ടിയും നമ്മുടെ സഭയുടെ യോജിപ്പിനുവേണ്ടിയും ഇടയന്മാരുടെ നടത്തിപ്പിനുവേണ്ടിയും നിങ്ങളേവരുടെയും ക്ഷേമത്തിനുവേണ്ടിയും ഭവനങ്ങളിൽവച്ച് പ്രാർത്ഥനാസമയത്തും പള്ളികളിൽവച്ചു വിശുദ്ധ കുർബാനസമയത്തും നിങ്ങൾ മുട്ടിപ്പായി അപേക്ഷിക്കുന്നവരായിക്കണമെന്നുകൂടെ നിങ്ങളുടെ സ്നേഹത്തോടു നാം ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

എന്ന്, 1941-ന് 1117-മാണ്ട് തുലാമാസം 5-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്ന്

## 12

ദൈവകൃപയാൽ കോട്ടയം മെത്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന ..... പള്ളിക്കാർക്ക് വാഴ്വ്.

പ്രിയരെ,

117 കുംഭം 28-ലെ പൊതുയോഗത്തിന്റെ രണ്ടാം നിശ്ചയപ്രകാരം കൂരോപ്പുഴ കരോട്ടുവീട്ടിൽ സ്കറിയാ കത്തനാരെ കൂടി ആ പള്ളി നടത്തുന്നതിനായി നാം നിയമിച്ചിരിക്കുന്നു. 118 മീനം 29-നു ഞായറാഴ്ച വട്ടമലെ അബ്രഹാം കത്തനാരും മേടം 5-നു ഞായറാഴ്ച കരോട്ടുവീട്ടിൽ സ്കറിയാ കത്തനാരും മേടം 12-നു ആലയ്ക്കപറമ്പിൽ യാക്കോബു കത്തനാരും പിന്നീടു ഈ ക്രമം അനുസരിച്ചും നടത്തുകയും, കൈക്കാരന്മാർ പക്കൽ വരുന്ന വരുമാനങ്ങൾ നാലായി ഭാഗിച്ച ഒരു ഭാഗം വികാരി വട്ടക്കുന്നേൽ കുര്യൻ കത്തനാർക്കു കൊടുക്കയും, പട്ടക്കാരുടെ കൈവശം വരുന്ന വരുമാനങ്ങൾ കീഴ്നടപ്പനുസരിച്ചു നടന്നുകൊള്ളുകയും ചെയ്യണം.

114 മകരം ഒന്നു മുതൽ 118 ധനു 10 വരെയുള്ള പള്ളി വരവുചിലവിനെപ്പറ്റിയുള്ളതും 118 ധനു 26-നു കൂടിയ പൊതുയോഗത്തിൽ പാസ്സാക്കി നമ്മുടെ പേർക്ക് അയച്ചുതന്നതുമായ തിരട്ടിൽ ഒരു പ്രതി മുദ്ര വച്ച്

കൈക്കാരൻ ചിരപ്പാലത്തുങ്കൽ ഇട്ടി മാണി വശം അയയ്ക്കുന്നു. മേലാൽ ഭരണഘടനയനുസരിച്ച് തിരട്ടു ആണ്ടുതോറും പാസ്സാക്കുകയും ഭരണ സമിതി ആണ്ടുതോറും മാറുകയും ചെയ്യണം.

118 മകരം ഒന്നു മുതൽ പുതിയ സമിതിയായി തെരഞ്ഞെടുക്കപ്പെട്ട .... നാം അംഗീകരിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നു.

ഭരണഘടന 22-ാം വകുപ്പനുസരിച്ച് "വികാരിയും, മറ്റു പട്ടക്കാരുണ്ടെങ്കിൽ ഓരോ മൂന്നിനും അല്ലെങ്കിൽ അതിന്റെ അംശത്തിനും ഓരോ പട്ടക്കാരനും" അംഗമായിരിക്കണമെന്ന തത്വം അനുസരിച്ച് പട്ടക്കാരിൽ ആരെ ആണു ഭരണസമിതിയിൽ ഉൾപ്പെടുത്തേണ്ടത് എന്നു നമ്മെ അറിയിക്കുമ്പോൾ സ്ഥിരപ്പെടുത്തി കല്പന അയയ്ക്കുന്നതാണ്. ഭരണസമിതിയിൽ ഈ ക്രമം അനുസരിച്ച് 14 അംഗങ്ങൾ മാത്രം വരുമെന്നു കാണുന്നു. അത് 15 ആക്കുന്നതു നന്നായിരിക്കും.

പള്ളിക്കാര്യങ്ങൾ നിങ്ങൾ എല്ലാവരും ഒത്തൊരുമിച്ച് ഭംഗിയായി നടത്തിക്കൊണ്ടുപോകുമെന്ന് നാം ആഗ്രഹിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളോട് എല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു, 1118 മീനം 26-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 13

No. 37/1118

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന ... പള്ളിക്കാർക്ക് വാഴ്വ്.

പ്രിയരെ, നാം അംഗീകരിച്ചിരിക്കുന്ന സമുദായപുരോഗമന പദ്ധതി പ്രകാരം കാണിക്ക ശേഖരത്തിനു ശേഷമുള്ള പണപ്പിരിവു താൽപര്യമായി നടത്തപ്പെടുന്നതിൽ നാം സന്തോഷിക്കുന്നു. പള്ളിയിലെ നീക്കിയിരുപ്പിൽ നിന്നു നിശ്ചയിക്കപ്പെട്ട സംഖ്യ കൊടുക്കുന്നതായാൽ സഭാമാതാവിനെ നാനാപ്രകാരേണ പുഷ്ടിപ്പെടുത്തുവാൻ സഭാമക്കൾ ഇതരസഭകളിലെപ്പോലെ ദ്രവ്യസഹായം ചെയ്യുന്നതിനു പരിശീലിപ്പിക്കപ്പെടണമെന്നുള്ള ഉദ്ദേശ്യം വിഫലമാക്കപ്പെടുന്നു. നമ്മുടെ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി ഈ മാസം 21-നു സമ്മേളിക്കുമ്പോൾ പദ്ധതി പ്രകാരമുള്ള പണപ്പിരിവിന്റെ തുക നിർണ്ണയിച്ചു ചെലവുകൾ നിർദ്ദേ

ശിച്ച് അംഗീകാരം ലഭിക്കേണ്ടിയിരിക്കുന്നതിനാൽ ഈ മാസം 16-നകം പണപ്പിരിവു പൂർത്തിയാക്കി 17-നു പണവും ലിസ്റ്റും നമുക്കു കിട്ടത്തക്ക വണ്ണം അയച്ചുതരണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1943-നു 1118 ഇടവം 10-നു പാമ്പാടി മാർ കുറിയാക്കോസ് ദയ റായിൽ നിന്നും.

## 14

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ... പള്ളി വികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെ ന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ! കോട്ടയം മെത്രാസന ഇടവകയുടെ ഒരു പൊതുയോഗം താഴെപ്പറയുന്ന സംഗതികൾക്കായി നമ്മുടെ അദ്ധ്യക്ഷതയിൽ കോട്ടയം എം. ഡി. സിമ്മനാരിയിൽ വച്ച് 1120 കുംഭം 13-നു ശനിയാഴ്ച പകൽ പതിനൊന്നര മണിക്കു നടത്തണമെന്നു നിശ്ചയിച്ചിരിക്കുന്നതിനാൽ ആ പള്ളിയിൽ നിന്നും മെത്രാസന പൊതുയോഗ അംഗങ്ങളായി തെരഞ്ഞെ ടുക്കപ്പെട്ട പട്ടക്കാരനെയും അയ്മേനികളെയും പള്ളിച്ചെലവിന്മേൽ അയ യ്ക്കേണ്ടതാകുന്നു. 1944-ലെ പള്ളി വരവുചെലവുകളുടെ തിരട്ടു രണ്ടു പ്രതി ഓരോ പള്ളിക്കാരും കൊണ്ടുവന്ന് പൊതുയോഗത്തിനു മുമ്പോ പിമ്പോ നമ്മുടെ ഒപ്പും മുദ്രയും വയ്പിച്ച് ഒരു പ്രതി തിരിച്ചു കൊണ്ടു പോകേണ്ടതാകുന്നു. കഴിഞ്ഞ വർഷത്തിൽ വിവാഹത്തിനു വയ്പിച്ചിട്ടു ള്ള കൈമുത്തു സംഖ്യ നമുക്കു അയച്ചുതന്നിട്ടില്ലാത്ത പള്ളിക്കാർ ആയതും കൊണ്ടുവന്നു ഏല്പിച്ചു രസീതു വാങ്ങിക്കൊള്ളണം. അടു ത്തുതന്നെ മാമ്മോദീസാ സൈത്തുകൂദാശ നടത്തണമെന്നു ഉദ്ദേശിക്കു ന്നതിനാൽ ഓരോ പള്ളിക്കാരും തങ്ങൾക്കു ആവശ്യമുള്ള സൈത്തോ അതിന്റെ വിലയോ പൊതുയോഗദിവസം നമ്മെ ഏൽപ്പിക്കുന്നതു സൗക ര്യമാകുന്നു. സമുദായ പുരോഗമന പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ നമ്മുടെ മെത്രാസനത്തിൽ ഊർജ്ജിതപ്പെടുത്തുന്നതിനു ആവശ്യമുള്ള ക്രമീകരണങ്ങൾ നടപ്പാക്കുന്നതിനെക്കുറിച്ചു പൊതുയോഗത്തിൽ ആലോ ചിക്കപ്പെടുന്നതാകയാൽ എല്ലാ പള്ളിക്കാരും ആദ്യവസാനം സന്നിഹി തരായിരിക്കണമെന്നു താൽപര്യപ്പെടുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ.

എന്ന്, 1945–ന് കൊല്ലം 1120 മകരം 19–നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 15

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന .... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ!

ആ പള്ളിയുടെ മേലാലുള്ള നടത്തിപ്പിനെ സംബന്ധിച്ച് നിങ്ങൾ ആലോചിച്ച ശേഷം പട്ടക്കാർ 27–6–120–ൽ നമ്മുടെ മുമ്പാകെ എഴുതി വച്ചിട്ടുള്ള സമ്മതവും അപേക്ഷയും അനുസരിച്ചു ഇപ്പോഴത്തെ വികാരി കരിങ്ങണാമറ്റത്തിൽ മത്യാസ് കത്തനാരെയും സഹായപട്ടക്കാരൻ ആലയ്ക്കപറമ്പിൽ യാക്കോബു കത്തനാരെയും തൽസ്ഥാനങ്ങളിൽ നിന്നു നീക്കി പകരം വട്ടമല അബ്രഹാം കത്തനാരെ വികാരിയായും കരോട്ടു സ്കറിയാ കത്തനാരെ സഹായപട്ടക്കാരനായും പ്രതിമാസം രണ്ടു പേർക്കും കൂടി 40 രൂപാ ശമ്പളത്തിൽ നിയമിച്ചിരിക്കുന്നു എന്നും, ഇവർക്കിരുവർക്കും കൂടി ശമ്പളം കൊടുക്കുന്നതിനായി പ്രതിമാസം നാല്പതു രൂപാ നമ്മെ ഏൽപിക്കണമെന്നും, കുർബ്ബാനപ്പണം മാത്രം ശമ്പളത്തിനു പുറമേ പട്ടക്കാർക്കു ഇരിക്കുന്നതാണെന്നും പട്ടക്കാരിൽ ആരെങ്കിലും ഒരാൾ എന്നും സ്വന്തചിലവിൽ പള്ളിയിൽ താമസിക്കേണ്ടതാണെന്നും പട്ടക്കാർക്കു കുടിശ്ശിഖയായി കൊടുക്കാനുള്ള സംഖ്യകൾ മുഴുവൻ ഉടനെ കൊടുക്കണമെന്നും നാം നിശ്ചയിച്ചിരിക്കുന്ന വിവരം ഈ കല്പന മൂലം നിങ്ങളെ അറിയിച്ചിരിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടുകൂടി ഇരിക്കുമാറാകട്ടെ.

എന്നു 1945–നു 1120 കുംഭം 1–നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 16

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

കോട്ടയം ഭദ്രാസനത്തിലെ എല്ലാ പള്ളികളുടെയും വികാരിമാരും, പട്ടക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ!

ഈയാണ്ടു ധനു മാസം 12-നു മുതൽ 15-നുവരെ 4 ദിവസവും നില യ്ക്കൽ പള്ളിയിൽ വച്ച് മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ നിർദ്ദേശാനുസരണം സ്ത്രീകൾക്കായി ഉള്ള ഒരു പരിശീലന ക്ലാസ്സ് നടത്തുന്നതും അതിൽ നമ്മുടെ സഭയുടെ വിശ്വാസാചാരങ്ങൾ, കൂദാശകൾ, ഗൃഹഭരണം, ശിശുപരിശീലനം, ശിശു മനശ്ശാസ്ത്രം, ആരോ ഗ്യരക്ഷ മുതലായ വിഷയങ്ങളെപ്പറ്റി അതാതു വിഷയങ്ങളിൽ വിദഗ്ദ്ധ ന്മാരായ അദ്ധ്യാപകന്മാരുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതുമാകുന്നു. എല്ലാ ഇടവകക്കാരും സ്ത്രീസമാജങ്ങളുടെ പ്രതിനിധികളായി ഈരണ്ടു സ്ത്രീകളെ അയയ്ക്കാവുന്നതും, അയയ്ക്കേണ്ടതുമാകുന്നു. ക്ലാസ്സിൽ സംബന്ധിക്കുന്ന ഒരാൾക്കു 4 ദിവസത്തേക്കു നാലു രൂപാ പന്ത്രണ്ട് അണ ചെലവാകുമെന്നും ആ തുക നമ്മുടെ ആഫീസ് വഴിയോ, നേരിട്ടോ ഈ ഭദ്രാസനത്തിലെ വനിതാസമാജങ്ങളുടെ സെക്രട്ടറി അന്നമ്മ ജോസഫ്, മേമനയെ നേരത്തെ (രണ്ടാഴ്ചയ്ക്കകം) ഏല്പിക്കണമെന്നും കൂടി ഓർപ്പിച്ചുകൊള്ളുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1945-നു കൊല്ലം 1121 വൃശ്ചികം 6-നു പാമ്പാടി മാർ കുറിയാ ക്കോസ് ദയറായിൽ നിന്നും.

## 17

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന പനയ്ക്കൽ കുഞ്ഞാത്തു വിന് വാഴ്വ്

പ്രിയനേ, ആർത്താറ്റ് കുന്നംകുളം പള്ളി ട്രസ്റ്റിയായിരുന്ന് ടി പള്ളി സംബന്ധമായ കാര്യങ്ങളിൽ സൃഷ്ടിപരമായും കാര്യക്ഷമമായും നമ്മുടെ പ്രിയൻ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ അഭിനന്ദനീയങ്ങളാണ്. കഴിഞ്ഞ കൊല്ലം ഹാശാ ശുശ്രൂഷകൾ നടത്തുന്നതിനായി നാം അവിടെ വന്നിരുന്ന അവസരത്തിൽ നാം തന്നെ അവ കണ്ട് ബോധ്യപ്പെട്ടു.

അവയുടെ എല്ലാറ്റിന്റെയും മകുടോദാഹരണമായി ടി പള്ളിയുടേയും അവിടത്തെ പട്ടക്കാർ മുഖാന്തിരം നടത്തിവരുന്ന ശേഷം പള്ളികളുടേയും ചരിത്ര സംക്ഷേപങ്ങൾ ക്രോഡീകരിച്ച് പുസ്തകരൂപത്തിൽ നമ്മുടെ പ്രിയൻ എഴുതി അച്ചടിപ്പിച്ച് പ്രസിദ്ധീകരിക്കാൻ ഉദ്യമിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ടി പുസ്തകത്തിന്റെ കൈയെഴുത്തു കോപ്പി പരിശോധനയ്ക്കായി നാം അവിടെ വന്നിരുന്ന അവസരത്തിൽ തരിക യുണ്ടായല്ലോ. അനിതരസാധാരണമായ കായക്ലേശവും മനക്ലേശവും കൂടാതെ അപ്രകാരമൊന്ന് തയ്യാറാക്കാവുന്നതല്ല.

നമ്മുടെ പ്രിയന്റെ മഹത്തരവും പ്രയോജനകരവും ആയ എല്ലാ പ്രവർത്തനങ്ങൾക്കും പൂർവ്വാധികം അഭിവൃദ്ധിയുണ്ടാകുന്നതിന് നാം ആത്മാർത്ഥമായി ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവമാതാവിന്റെ നാമത്തിൽ സമർപ്പിക്കപ്പെടുന്ന ഈ പുസ്തകത്തിന്റെ പ്രചരണത്തിന് സർവവിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും തമ്പുരാനെപ്പെറ്റ അമ്മയുടെ വാഴ്വുകളും നമ്മുടെ പ്രിയനോടും കുടുംബത്തോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. (ഒപ്പ്)

എന്ന് 1945-ന് കൊല്ലം 1121 ധനു മാസം 9-ാം തീയതി

പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും

(പി. സി. കുഞ്ഞാത്തു രചിച്ച *ആർത്താറ്റ് പള്ളിചരിത്ര*ത്തിനു കൊടുത്ത ആശംസ)

## 18

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ!

1123 തുലാം 22-നു ശനിയാഴ്ച കൂടിയ നിങ്ങളുടെ ഇടവക മാനേജിംഗ് കമ്മറ്റിയുടെ നിശ്ചയങ്ങൾ നമുക്കു ലഭിച്ചിരിക്കുന്നു.

അതിൽ നാലാമതു നിശ്ചയപ്രകാരം കുടിശിഖക്കാരെ സംബന്ധിച്ചു 1122 ധനു 28-ലെ പൊതുയോഗനിശ്ചയം ഊർജ്ജിതപ്പെടുത്തിക്കൊള്ളുന്നതിനു നാം അനുവദിക്കുകയും അതിനോടുകൂടി ഘടന 10-11 ഈ വകുപ്പുകൾ കൂടി പ്രായോഗികമാക്കിക്കൊള്ളുന്നതിന് നാം നിർബന്ധിക്കയും ചെയ്യുന്നു. അഞ്ചാമത് നിശ്ചയത്തിൽ പള്ളിട്രസ്റ്റികളെ പ്രതിയാക്കി ... എന്നയാൾ കേസു കൊടുത്തിട്ടുള്ളതായി നാം അറിയുകയും അതിൽ കുണ്ഠിതപ്പെടുകയും ചെയ്യുന്നു. ആ പ്രവൃത്തി സകല ക്രിസ്തീയ മര്യാദകൾക്കും നമ്മുടെ ഘടന 110-ാം വകുപ്പിനും എതിരായിട്ടാണിരിക്കുന്നത്. തന്മൂലം അയാൾ സഭയ്ക്കും ഇടവകയ്ക്കും ഇതരനായി തീർന്നിരിക്കയും ആണ്. ടിയാൻ കേസു പിൻവലിച്ചു നമ്മുടെ അടുക്കൽ വന്നു കാര്യങ്ങൾ ബോധിപ്പിക്കത്തക്കവണ്ണം ശട്ടം കെട്ടണം. നിങ്ങളുടെ കമ്മറ്റിയുടെ

ആറാമത് നിശ്ചയത്തിന്റെ തത്വം ന്യായീകരിക്കത്തക്കതല്ല. ന്യായമല്ലാത്ത യാതൊരു കർമ്മങ്ങളും നടത്തുവാൻ നാം അനുവദിക്കുകയോ കല്പന കൊടുക്കുകയോ ചെയ്യുന്നതല്ല. അങ്ങനെ നടത്തുവാൻ പാടുള്ളതുമല്ല. 9-ാമതു നിശ്ചയം ഘടന 10-11 ഈ വകുപ്പുകൾക്കു വിധേയമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു, 1948-നു 1123 തുലാം 28-ന് പാമ്പാടി ദയറായിൽ നിന്നും.

# 19

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ആ പള്ളി വികാരിയെയും കൈക്കാരനെയും പ്രതിചേർത്തു .... ക്രിമിനൽകേസു കൊടുക്കയും എന്നാൽ ധിക്കാരപരമായ അവന്റെ പ്രവൃത്തിയെക്കുറിച്ചു പിന്നീടു അവൻ അനുതപിച്ചു നമ്മെ സമീപിക്കയും ചെയ്തതനുസരിച്ചു മേൽ നടപടികൾക്കായി നാം ചില വ്യവസ്ഥകൾ നിശ്ചയിക്കയും അതിൻപ്രകാരം നടന്നുകൊള്ളാമെന്നു അവൻ സമ്മതിക്കയും ചെയ്തിട്ടുള്ള വിവരം ടി വ്യവസ്ഥകളോടുകൂടി 94-ാം നമ്പർ കല്പന മൂലം നാം നിങ്ങളെ അറിയിച്ചിട്ടുണ്ടല്ലോ. ആകയാൽ റോമാലേഖനം 12-ാം അദ്ധ്യായം 14-ാം വാക്യവും 17-21 വരെയുള്ള വാക്യങ്ങളും ഓർത്തുകൊണ്ടു മേലാൽ അവനോടു പെരുമാറണമെന്നും അങ്ങനെ അവനെ നേടുവാൻ നിങ്ങൾ ശ്രമിക്കണമെന്നും നിങ്ങളുടെ സ്നേഹത്തോടു നാം നിർബന്ധപൂർവ്വം ആവശ്യപ്പെടുകയും ചെയ്തുകൊള്ളുന്നു.

നമ്മുടെ മുൻ കല്പനയിലെ വ്യവസ്ഥകൾ അവൻ നിറവേറ്റി കഴിയുമ്പോൾ അവന്റെ ആവശ്യാടിയന്തിരങ്ങൾ വിഘ്നം കൂടാതെ നടത്തിക്കൊടുക്കയും ചെയ്യണം. ഈ കല്പന താൽക്കാലികമായിരിക്കുന്നതും അവൻ ഏതെങ്കിലുംവിധത്തിൽ വ്യതിചലിക്കുന്നപക്ഷം ഇതു പിൻവലിച്ചുകൊള്ളുന്നതുമാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1948–നു 1123 ഇടവം 4–നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 20

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ നിലയ്ക്കൽ പള്ളിയിൽ ആണ്ടുതോറും നടത്തിവരുന്ന കൺവൻഷന്റെ ഈയാണ്ടത്തെ യോഗം ഈ ധനു 15–നു ബുധനാഴ്ച സന്ധ്യയ്ക്കാരംഭിച്ചു 19–നു രാത്രിക്കവസാനിക്കത്തക്കവണ്ണം നിശ്ചയിച്ചു വേണ്ട ക്രമീകരണങ്ങൾ ചെയ്തിരിക്കയാണ്. ഈ ക്രിസ്തീയ വേല നമ്മുടെ ആളുകളുടെ ക്രിസ്തീയ വളർച്ചയ്ക്കും വിശ്വാസസ്ഥിരതയ്ക്കും എത്ര മാത്രം പ്രയോജകീഭവിക്കുന്നുവെന്നു ആണ്ടുതോറും അതിൽ സംബന്ധിച്ചു വരുന്ന നമുക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈയാണ്ടു പ്രത്യേകിച്ചു നമ്മുടെ സഭയ്ക്കുവേണ്ടി ജോലി ചെയ്തുവരുന്ന ബിഷപ്പ് പെക്കൻഹാം വാൽഷ് തിരുമേനി അതിലെ പ്രധാന പ്രാസംഗികനാണെന്നുള്ളത് വലിയ അനുഗ്രഹമായി നാം കരുതുന്നു. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ ക്ലാസ്സുകളിൽ ആദ്യവസാനം സംബന്ധിച്ചു അനുഗൃഹീതരായി തീരണമെന്നു നിങ്ങളെ നാം നിർബന്ധപൂർവ്വം ഗുണദോഷിച്ചുകൊള്ളുന്നു. മറ്റു ലോകകാര്യങ്ങൾ ഉപേക്ഷിച്ചു ഇതിൽ തുടർച്ചയായി സംബന്ധിക്കുന്നതു ഒരു നല്ല കാര്യമായിരിക്കുമെന്നു നാം വിചാരിക്കുന്നു. ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുന്നുവെങ്കിൽ എന്തു പ്രയോജനം. ആത്മാവിനു മറുവിലയായി എന്തു കാണും എന്നുള്ള കർത്തൃവചനത്തെ അനുസ്മരിച്ചുകൊള്ളുവിൻ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1948–നു 1124 ധനു 2–നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 21

No. 23

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന .... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, നമ്മുടെ ഭദ്രാസന പൊതുയോഗം താഴെ കാര്യപരിപാടിയിൽ ചേർത്തിട്ടുള്ള വിഷയങ്ങളെക്കുറിച്ച് ആലോചിക്കുന്നതിലേക്കായി 1124 കുംഭ മാസം 27-നു വ്യാഴാഴ്ച പകൽ 10 മണിക്ക് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആയതിലേക്ക് ആ പള്ളിയിൽ നിന്നും, ഭരണഘടന 46-ാം വകുപ്പനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മെത്രാസന ഇടവക യോഗാംഗങ്ങളുടെ കാലാവധി തീർന്നിരിക്കയാൽ മുറപ്രകാരം പുതിയ തെരഞ്ഞെടുപ്പു നടത്തി ഒരു പട്ടക്കാരനെയും രണ്ട് അയ്മേനികളേയും പ്രതിനിധികളായി പള്ളിച്ചിലവിൽ അയയ്ക്കുകയും അവർ വശം ആ പള്ളി വരവുചിലവു കണക്കുകളുടെ 1948-ലെ തിരട്ടിന്റെ രണ്ടു പ്രതികളും കൈമുത്തു, ദശാംശം മുതലായ വരുമാനങ്ങളും ടി ഇനങ്ങളിലുള്ള കുടിശികയും നമ്മെ ഏല്പിക്കത്തക്കവിധം കൊടുത്തയയ്ക്കുകയും വേണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1949-നു കൊല്ലം 1124 മകരം 28-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 22

## മലയാള മനോരമ ജൂബിലിയ്ക്ക് ആശംസകൾ

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയനെ,

നമ്മുടെ കേരളക്കരയിലെ പ്രഥമപത്രം എന്ന നിലയിൽ മലയാളമനോരമ ആർജ്ജിച്ചിട്ടുള്ള സ്ഥാനം ഒട്ടും ചെറുതല്ല. മറ്റെല്ലാറ്റിനും എന്നപോലെ മനോരമയ്ക്കും ദുഷ്ക്കാലങ്ങളുണ്ടായിട്ടുണ്ടെങ്കിലും സർവ്വശക്തൻ അവ

യിൽ നിന്നെല്ലാം അതിനെ ഉദ്ധരിച്ചതോർക്കുമ്പോൾ ഹൃദയം സന്തോഷം കൊണ്ടു നിറയുന്നു. ഭാഷാപോഷണം, സമുദായോദ്ധാരണം, സംസ്കാര സംരക്ഷണം, സാമൂഹ്യസേവനം മുതലായി മനോരമ ഇതഃപര്യന്തം നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ അതുല്യങ്ങളാണ്. പത്രധർമ്മവും അന്തസ്സും നിഷ്പക്ഷതയും പരിപാലിക്കുന്നതിൽ മനോരമ എന്നാളും അതീവശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. നമ്മുടെ അഭിപ്രായത്തിൽ ഇതിൽ ഉൽകൃഷ്ടമായ നില പരിപാലിക്കുന്ന മറ്റു പത്രങ്ങൾ നമ്മുടെ കേരളക്കരയിൽ ഇല്ല തന്നെ. മനോരമയ്ക്കു സകല ഭാവുകങ്ങളും ആശംസിക്കയും സർവ്വശക്തൻ അതുമൂലം ജനസമുദായത്തിന് ആത്മബോധം വളർത്തുവാൻ ഇടയാക്കട്ടെയെന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും മനോരമ പ്രവർത്തകരെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കട്ടെ.

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

(ഒപ്പ്)

(മലയാള മനോരമ വജ്രജൂബിലി സ്മാരകഗ്രന്ഥം, 1950, ഭാഗം 1, പേജ് 20)

# 23

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

നമ്മുടെ ഇടവകകളിൽ കാലോചിതമായ പുരോഗമന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിന് മുഴുവൻ സമയവും ജോലിചെയ്യുന്ന ഭദ്രാസന സിക്രട്ടറിമാർ കാലതാമസമെന്യെ നിയമിക്കപ്പെടണമെന്നുള്ള കഴിഞ്ഞ മാനേജിംഗു കമ്മറ്റിയുടെ നിശ്ചയമനുസരിച്ച് നമ്മുടെ ഭദ്രാസനത്തിലേക്ക് ദിവ്യശ്രീ പാറയ്ക്കൽ കുറിയാക്കോസ് കത്തനാരെ നാം നാമനിർദേശം ചെയ്യുകയും പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അംഗീകരിക്കയും ചെയ്തിട്ടുള്ള വിവരം ഇതിനാൽ നിങ്ങളേവരേയും നാം അറിയിച്ചുകൊള്ളുന്നു. സിക്രട്ടറി സ്ഥാനത്തേക്കു നിയമിതനായിരിക്കുന്ന കുറിയാക്കോസ് കത്തനാരുടെ പ്രവർത്തനപരിധിയുടെ ഒരു രൂപം താഴെ ച്ചേർക്കുന്നു.

സിക്രട്ടറിയുടെ ആഫീസ് നമ്മുടെ ദയറാ തന്നെ ആയിരിക്കുന്നതും എല്ലാ ബുധനാഴ്ചയും സിക്രട്ടറി ഇവിടെ ഹാജരുണ്ടായിരിക്കുന്നതുമാണ്. കൂടാതെ സിക്രട്ടറി പള്ളിതോറും സഞ്ചരിക്കുന്നതും അതാതു പള്ളി

സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്ന തീയതി ഒരു ഞായറാഴ്ച മുമ്പ് പള്ളിയിൽ പ്രസ്താവിക്കത്തക്കവിധം വികാരിയെ അറിയിക്കുന്നതും ആകുന്നു.

സിക്രട്ടറിയെ ഓരോ ഇടവകയും സന്ദർശിച്ച് ആത്മീയവും സംഘടനാപരവും പുരോഗമനോന്മുഖവുമായി അവിടെ നടക്കുന്ന എല്ലാ വിവരങ്ങളും അന്വേഷിക്കുന്നതിനും പരിശോധിക്കുന്നതിനും വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും നാം അധികാരപ്പെടുത്തിയിരിക്കുന്നു.

ഓരോ പള്ളിയുടെയും സവിസ്തരമായ ഒരു സ്ഥിതിവിവരക്കണക്ക് ശേഖരിക്കുക, സൺഡേസ്കൂൾ, യുവജനസമാജം, സ്ത്രീസമാജം, പ്രാർത്ഥനായോഗം, ആതുരസംരക്ഷണം, സുവിശേഷപരമായുള്ള ഇതര പ്രവർത്തനങ്ങൾ മുതലായി ഒരിടവകയുടെ സുപ്രധാനമായ ആധ്യാത്മിക സ്ഥിതി എങ്ങനെ ഇരിക്കുന്നു എന്ന് ആരായുക, പള്ളിവകസ്ഥാപനങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ചു അന്വേഷിക്കുക, ഇടവകരജിസ്റ്റർ, ഇടവകപ്പൊതുയോഗരജിസ്റ്റർ മുതലായി മറ്റു രജിസ്റ്ററുകൾ, ബഡ്ജറ്റ്, തിരട്ട്, സ്ഥാവരജംഗമങ്ങളുടെ ലിസ്റ്റ്, ഫയലുകൾ ആദിയായ റിക്കോർഡുകൾ പരിശോധിക്കുക, റിശീസാ, കാതോലിക്കാ ദിനപ്പിരിവ് ഇവയെക്കുറിച്ചും കൈമുത്ത്, ദശാംശം എന്നീ ഭദ്രാസന ഭോഗങ്ങളെപ്പറ്റിയും സൂക്ഷ്മാന്വേഷണം നടത്തുക എന്നിങ്ങനെയുള്ള കാര്യങ്ങളാണ് സിക്രട്ടറിയുടെ സന്ദർശനംമൂലം സാധിക്കേണ്ട പ്രധാന സംഗതികൾ. മേൽ പ്രസ്താവിച്ച കാര്യങ്ങൾ ഓരോ ഇടവകയിലും എങ്ങനെയിരിക്കുന്നു എന്ന് അന്വേഷിക്കുകയും വേണ്ടപ്പെട്ട കാര്യങ്ങൾക്ക് പ്രാരംഭം ഇടുകയും അവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതിന് നാം സിക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ സഭാവർഷം സുറിയാനിക്കണക്കിനു മകരം 1 മുതൽ ആകയാൽ പള്ളികളിലെ എല്ലാ കണക്കുകളും മകരം 1 മുതൽ ആരംഭിച്ച് ധനു അവസാനംകൊണ്ടു തീർക്കേണ്ടതും അതാതിടവകയിലെ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് ധനു അവസാനത്തിനുമുമ്പ് നടത്തേണ്ടതും മകരം ആദ്യം മുതൽ ചാർജ്ജ് ഏല്ക്കേണ്ടതുമാണ്. അടുത്ത മകരം മുതൽ എല്ലാ ഇടവകകളിലും ഈ ഏകീകരണം നടപ്പാക്കിക്കൊള്ളണം.

സിക്രട്ടറി ഓരോ പള്ളിയിലും വരുമ്പോൾ നമ്മുടെ പ്രതിനിധി എന്ന നിലയിൽ നിങ്ങൾ സ്വീകരിച്ച് അയാൾക്ക് എല്ലാ ഒത്താശകളും നൽകി ഈ സംരംഭം വിജയപ്രദമാക്കുവാനും അങ്ങനെ നമ്മുടെ ഭദ്രാസനം കൂടുതൽ അഭിവൃദ്ധി പ്രാപിപ്പാനും നിങ്ങളേവരും ഉറ്റു ശ്രമിക്കണമെന്ന് നാം അതിയായി താല്പര്യപ്പെടുന്നു. ശേഷം പിന്നാലെ.

(ഭദ്രാസനസെക്രട്ടറിയായി ഫാ. കുറിയാക്കോസ് പാറയ്ക്കലിനെ നിയമിച്ചുകൊണ്ട് 1950-ൽ ഇറക്കിയ കല്പന)

## 24

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ആ ഇടവകയുടെ വാർഷികപൊതുയോഗം 1950 ഡിസംബർ 31-നു ഞായറാഴ്ച സമംഗളം നടത്തപ്പെട്ടതിന്റെ റിപ്പോർട്ട് നമ്മുടെ പക്കൽ സമർപ്പിച്ചത് നാം സന്തോഷത്തോടെ സ്വീകരിച്ചിരിക്കുന്നു. വികാരിക്കു പുറമേ നിങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ഭരണസമിതി അംഗങ്ങളായ ... നാം അംഗീകരിച്ചിരിക്കുന്നു. എന്നാൽ ഘടനപ്രകാരം ട്രസ്റ്റിയും സെക്രട്ടറിയും ഒരാളാണെന്നുള്ള നിയമം ഈ അവസരത്തിൽ നാം ഓർമ്മിപ്പിക്കുന്നു. മേലാൽ തിരഞ്ഞെടുപ്പ് ഭരണഘടനപ്രകാരം തന്നെ ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുയോഗ റിപ്പോർട്ട് ഇത്രയും കാലദൈർഘ്യം വരുത്താതെ ആഫീസിലേക്ക് അയയ്ക്കുവാൻ സൂക്ഷിക്കണം. ആ ഇടവകയിലെ ആത്മീയപ്രസ്ഥാനങ്ങളുടെ സിക്രട്ടറിമാരുടെ മേൽവിലാസങ്ങൾ നമ്മുടെ ആഫീസിലേക്ക് എഴുതി അറിയിക്കണമെന്ന് നമ്മുടെ മുൻകല്പനയിൽ ഓർപ്പിച്ചിരുന്നു എങ്കിലും നാളിതുവരെയും ലഭിച്ചിട്ടില്ലെന്നുള്ള കാര്യവും അനുസ്മരിപ്പിക്കുന്നു. എല്ലാവരും സഹകരിച്ച് പള്ളിക്കാര്യങ്ങൾ മംഗളമായും പുരോഗമനോന്മുഖമായും നടത്തിക്കാണുവാൻ നാം ആഗ്രഹിക്കുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1951 ഫെബ്രുവരി 21-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 25

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

No. 18

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ... പള്ളിവികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ എല്ലാ പള്ളികളിലെയും വാർഷികപ്പൊതുയോഗം ധനു മാസാവസാനത്തിൽ കൂടി പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു റിപ്പോർട്ടു ചെയ്യണമെന്നും അതാതിടവകകളിലെ ആത്മീയ പ്രസ്ഥാനങ്ങളുടെ സെക്രട്ടറിമാരുടെ മേൽവിലാസം എഴുതി അയയ്ക്കണമെന്നും മുന്നൊരു കല്പനയിൽ നാം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ചില പള്ളിക്കാർ ഇതുവരെയും അപ്രകാരം പ്രവർത്തിച്ചു കാണുന്നില്ല. ഇനി അശേഷം കാലതാമസം കൂടാതെ അവ പ്രവർത്തിയിൽ വരുത്തണം. കൂടാതെ നമ്മുടെ ഭദ്രാസനത്തിലെ സണ്ടേസ്കൂൾ പ്രവർത്തനത്തിനു പ്രചോദനം നൽകുമാറ് അതാതു സെന്ററുകളിൽ വച്ചു നടത്തുന്ന അദ്ധ്യാപകമീറ്റിംഗുകളിൽ ആ സെന്ററിലുള്ള പട്ടക്കാരെല്ലാവരും സംബന്ധിക്കണമെന്നു നാം താൽപര്യപ്പെടുന്നു.

വീണ്ടും പ്രിയരെ,

നമ്മുടെ ഭദ്രാസനപൊതുയോഗം ഈ മാസം 22-ാം തീയതി ചൊവ്വാഴ്ച (മാർച്ച് 6) 10 മണിക്കു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു കൂടണമെന്നു നിശ്ചയിച്ചിരിക്കയാൽ ആ പള്ളിയിലെ പ്രതിപുരുഷന്മാർ കൃത്യസമയത്തു യോഗത്തിൽ സംബന്ധിപ്പാൻ തക്കവണ്ണം പള്ളിച്ചെലവിന്മേൽ അയയ്ക്കപ്പെടണമെന്നും നാം ആവശ്യപ്പെടുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1951 ഫെബ്രുവരി 28-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 26

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും.

പ്രിയരെ, നമ്മുടെ പ്രിയ സഹോദരനും മലങ്കര സുറിയാനി സഭയിലെ ഒരു അഭിവന്ദ്യ നേതാവും കർമ്മകുശലനും ആയിരുന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അകാലികവും ആകസ്മികവുമായ വേർപാടിൽ കുന്നംകുളം ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളായ നമ്മുടെ ആത്മീയ മക്കൾക്കുള്ള സീമാതീതമായ സന്താപത്തെയും അദ്ദേഹത്തോടുള്ള ഭക്ത്യാദരവുകളെയും പ്രകടിപ്പിക്കുമാറ് നിങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സ്മാരകഗ്രന്ഥത്തിന് സകല ഭാവുകങ്ങളും നാം ആശംശിച്ചുകൊള്ളുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് 1951 ജൂൺ 2-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 27

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

No. 113

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ... പള്ളിവികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് അതിന്റെ സാമ്പത്തികസ്ഥിതി സുരക്ഷിതമാക്കേണ്ടത് അത്യാവശ്യമാകയാൽ ഓരോ ഇടവകയിൽ നിന്നും വരേണ്ട ദശാംശ വീതം ശരിക്ക് പിരിച്ചെടുക്കണമെന്നു കഴിഞ്ഞ ഭദ്രാസനപ്പൊതുയോഗം തീരുമാനിച്ച വിവരം നാം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ദശാംശവീതം കൊടുക്കുന്നതിൽ എല്ലാ ഇടവകകളുടെയും സഹകരണം ഉണ്ടാകത്തക്കവിധത്തിലാണ് 1121 മകരം 19-ാം തീയതിയിലെ ഭദ്രാസനപ്പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പൊതുയോഗനിശ്ചയപ്രകാരം ഭണ്ഡാരം, വഞ്ചിക, തളിക, പള്ളിക്കുള്ള വിവാഹവീതം, പാട്ടം, പള്ളിപുരയിടാദായം മുതലായവയുടെ മാത്രം ദശാംശം തന്നാൽ മതിയാവുന്നതാണ്. ആകയാൽ ആ ഇടവകയുടെ കഴിഞ്ഞ വാർഷിക തിരട്ടിൻപ്രകാരം ദശാംശ ഇനത്തിൽ വരേണ്ട ബാക്കി സംഖ്യ ഉടനെ നമ്മുടെപേർക്ക് അയച്ചു തരണം എന്ന് ഈ രണ്ടാം പ്രാവശ്യവും നാം ഓർപ്പിക്കുന്നു.

ശേഷം കാര്യങ്ങൾ പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1951 നവംബർ 14-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 28

... എന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു. നാം കഴിഞ്ഞ തിങ്കളാഴ്ച രാവിലെ പാമ്പാടിപ്പള്ളിയിൽ പോയിരുന്നു. ഉച്ച കഴിഞ്ഞാണു

പോന്നത്. അവിടുത്തെ സംഗതികൾ വളരെ മോശമെന്നേ പറവാനുള്ളു. ഒരു കാലത്ത് ഭംഗിയായി നടന്നു വന്ന സംഗതികളായിരുന്നു. ...

എന്ന്, 1951 നവംബർ 22-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

(പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ പുനർ നിർമ്മാണ സ്മരണിക, 1997, പുറം 79).

# 29

## ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

ക്രൈസ്തവമതം ഏറ്റവും ശ്രേഷ്ഠമെന്ന് സർവ്വസമ്മതമാണല്ലോ. വളരെ ത്യാഗങ്ങളിലും കഷ്ടപ്പാടുകളിലും കൂടിയാണ് ഇതു വളർന്നിട്ടുള്ളത്. എങ്കിലും അതിന്റെ പ്രാരംഭദശ വളരെ ശോഭനമായിരുന്നു. അതിനു കാരണം ക്രൈസ്തവരുടെ തീക്ഷ്ണതയും ജീവിതവിശുദ്ധിയും മാത്രമായിരുന്നു. കാലങ്ങൾ കടന്നു - ക്രൈസ്തവമതം പൊതുവെ വ്യാപകമാകയും ബാഹ്യമായി കൂടുതൽ ശക്തി പ്രാപിക്കുകയും ചെയ്തു. പക്ഷേ ക്രൈസ്തവരുടെ ആത്മീയ ജീവിതത്തോത് മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ താണുപോയി.

മനുഷ്യസമുദായത്തിന്മേൽ വിശിഷ്യാ, ക്രിസ്തീയ സമുദായത്തിന്മേൽ നിപതിച്ചിരിക്കുന്ന ദുർമ്മാർഗ്ഗങ്ങൾ നിരവധിയാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാകുന്നു "മദ്യപാനം". "നാം ജർമ്മനിക്കും ആസ്ത്രീയാക്കും മദ്യത്തിനുമെതിരായി യുദ്ധം ചെയ്യുന്നു. എന്നാൽ ഈ മൂന്നു ശത്രുക്കളിൽ മദ്യമാണ് ഏറ്റവും ഭയങ്കരം" എന്നു പ്രഥമ ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രി പ്രസ്താവിക്കുകയുണ്ടായി. അതുപോലെ ഇന്നു കേരളീയർക്ക് എതിരിടേണ്ടി വന്നിരിക്കുന്ന ഏറ്റവും വലിയ ശത്രു മദ്യമാകുന്നു. ഈ പൊതുശത്രുവിനെ തുരത്തിപ്പായിക്കുന്നതിനു വേണ്ട പ്രചോദനം നൽകേണ്ടത് സഭാമേലദ്ധ്യക്ഷന്മാരുടെ കടമയാകയാലാണ് ഈ പൊതുലേഖനം പ്രസിദ്ധപ്പെടുത്തുന്നത്.

മദ്യപാനംമൂലം രാജ്യങ്ങൾക്കും ജനങ്ങൾക്കും നേരിട്ടുകൊണ്ടിരിക്കുന്ന ദുരന്തദുരിതങ്ങൾ കണ്ടുണർന്ന് അമേരിക്കൻ ഐക്യനാടുകാർ ആദ്യമായി മദ്യനിരോധന റഗുലേഷൻ ഏർപ്പെടുത്തുകയുണ്ടായി. തന്മൂലം ആ നാട്ടുകാർ കുറെക്കാലത്തേയ്ക്ക് ഐശ്വര്യസമ്പൂർണ്ണമായ സമാധാനജീവിതം നയിച്ചു. എന്നാൽ അവിടുത്തെ മദ്യപാനാസക്തരായ ആളു

കളുടെ നിരന്തരമായ പ്രാതികൂല്യപരിശ്രമങ്ങൾ മൂലം മദ്യനിരോധനം പിൻവലിക്കപ്പെട്ടു.

കോൺഗ്രസ് ഗവൺമെന്റ് പ്രാബല്യത്തിൽ വന്നതോടുകൂടി ഇൻഡ്യയിലുള്ള ചില രാജ്യങ്ങളിൽ മദ്യനിരോധനം നടപ്പാക്കിയിട്ടുണ്ട്. തിരു-കൊച്ചിയിലെ 13 താലൂക്കുകളിൽ അതു നടപ്പാക്കിക്കഴിഞ്ഞു. അതിൽ നാം സന്തോഷിക്കുന്നു. എന്നാൽ മദ്യനിരോധനം വിജയിപ്പിക്കുന്നതിനു ഗവർമെന്റിന്റെ ശ്രമത്തേക്കാൾ ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിനാണ് സ്ഥാനമെന്നു അമേരിക്കയുടെ ദൃഷ്ടാന്തം നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഗവർമെന്റിന്റെ ഈ നയം തുടരുകയും അതു വിജയിപ്പിക്കുന്നതിനു ജനങ്ങളുടെ സകല കഴിവുകളും വിനിയോഗിക്കുകയും വേണം.

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ചിങ്ങവനത്ത് പ്രവർത്തിച്ചതുപോലെ, ഈ അടുത്ത കാലത്തു പുതുപ്പള്ളിയിലും പരിസരങ്ങളിലും മദ്യവർജ്ജനം സംബന്ധിച്ച ശക്തിയായ വേലകൾ നടന്നുകൊണ്ടിരിക്കുന്നതായി ഇതിനകം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുമല്ലോ. അതുമൂലം മദ്യപന്മാരായിരുന്ന പലരും സുബോധം പ്രാപിച്ചു മദ്യപാനത്തിൽ നിന്നും പിൻതിരിഞ്ഞിട്ടുമുണ്ട്. മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 1951 സെപ്റ്റംബർ 12-ാം തീയതി പുതുപ്പള്ളിയിൽ വച്ച് വിവിധ സമുദായ നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ നടന്ന മഹായോഗം ഇൻഡ്യയുടെ ചരിത്രത്തിൽ ഒരു നവീന അദ്ധ്യായത്തിന്റെ ആരംഭം തന്നെയായിരുന്നു.

മദ്യപാനത്തിന്റെ മഹാവിപത്തുകളെക്കുറിച്ച് ലോകത്തിലെ എല്ലാ മതങ്ങളും ശക്തിയായി പ്രതിപാദിക്കുന്നുണ്ട്. മദ്യപാനത്തിനെതിരായി ക്രിസ്തുമതത്തിന്റെ ഉപദേശം അതിശക്തമാകുന്നു. "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ" (വി. ലൂക്കോ. 2:34). "കാമാർത്തികളിലും, വീഞ്ഞുകുടിയിലും വെറിക്കൂത്തുകളിലും മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്ന് ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ടു കാലം പോക്കിയതു മതി" (1 പത്രോ 4:3). "വീഞ്ഞു കുടിച്ചു മത്തരാകരുത്, അതിനാൽ ദുർന്നടപ്പുണ്ടാകുമല്ലോ" (എഫേസ്യർ 5:18). "മദ്യപാനം അനേകപാപങ്ങൾക്കു പ്രേരകമാണ്" (സദൃശ്യവാക്യങ്ങൾ 23:29-32). മനുഷ്യവർഗ്ഗത്തെ ശാരീരികമായും, സാമൂഹ്യമായും, സാമ്പത്തികമായും, സാന്മാർഗ്ഗികമായും ആദ്ധ്യാത്മികമായും ദൈനംദിനം അധഃപതിപ്പിക്കുന്ന ഈ മഹാവിപത്തിനെ പാടെ വിപാടനം ചെയ്യുന്നതിനു നാം ഏവരും സർവ്വാത്മനാ ശ്രമിക്കേണ്ടത് അവശ്യം ആവശ്യമത്രേ.

അതിന്റെ പുരോഗമനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങളിലേക്ക് നിങ്ങളുടെ ഏവരുടെയും സത്വരശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ.

1. ഈ ദുഷ്പരിചയത്തിൽ നിന്നു വിരമിച്ച് ജീവിക്കുന്നത് ഉത്തമമെന്ന ബോധത്തോടെ ദൈവകൃപയിൽ ആശ്രയിച്ച് നാം ഒരു പുതിയ നിശ്ചയം ചെയ്യണം.

2. മനുഷ്യനെ നന്മതിന്മകളിലേക്കു നയിക്കുന്നതു സാഹചര്യമാകയാൽ ജീവിതക്രമീകരണത്തിനായി നല്ല പരിതസ്ഥിതികൾ ഉണ്ടാകണം. മദ്യപിക്കുന്നതിനുള്ള പരീക്ഷകളെ എപ്പോഴും ഒഴിഞ്ഞു കൊൾവാൻ കരുതുകയും പ്രയോജനകരമായ പ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം പങ്കെടുക്കുകയും ചെയ്യുന്നതിന് അതിയായി ശ്രമിക്കണം.

3. വിശേഷസന്ദർഭങ്ങളിലും ആഘോഷസമ്മേളനങ്ങളിലും മദ്യം നിശ്ശേഷം ബഹിഷ്ക്കരിക്കണം. മദ്യം മൂലമുള്ള ഉല്ലാസത്തിനായി കാംക്ഷിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ, സമ്മതം കൊടുക്കുകയോ ചെയ്കയില്ലെന്നു നിശ്ചയിക്കണം.

4. ഇടവകയിലെ ഏതെങ്കിലും ചുമതലയുള്ള സ്ഥാനങ്ങൾക്കും നായകത്വത്തിനും മദ്യപന്മാരെ നിയമിക്കുന്നതു അയോഗ്യമെന്നു പൊതുജനാഭിപ്രായം പ്രചരിപ്പിച്ചു ബലപ്പെടുത്തണം.

5. മദ്യം ഉല്പാദിപ്പിക്കുന്നതിനുവേണ്ടി വൃക്ഷങ്ങൾ ചെത്താൻ കൊടുക്കുകയോ മദ്യഷാപ്പു വെയ്ക്കുവാൻ സ്ഥലം അനുവദിക്കുകയോ ചെയ്യാതിരിക്കുവാൻ എല്ലാ പുരയിട ഉടമസ്ഥന്മാരോടും ഉപദേശിക്കുകയും, അതതിന്റെ നിലവിലുള്ള കാലാവധിക്കു ശേഷം ഇതു നിർബ്ബന്ധമാക്കുകയും ചെയ്യണം.

6. അടുത്ത മദ്യഷാപ്പുലേലം മുതൽ നമ്മുടെ ആളുകൾ ആരുംതന്നെ മദ്യഷാപ്പു ലേലം പിടിക്കുകയോ, നടത്തുകയോ നടത്തിക്കുകയോ, മദ്യഷാപ്പുകളിലെ ജോലികളിൽ ഇടപെടുകയോ ചെയ്യരുതെന്നു നിങ്ങളുടെ സ്നേഹത്തോടു നാം ഗുണദോഷിക്കുന്നു. ഇതു നിർബ്ബന്ധമാക്കുന്നതിനു ഇടവകതോറും സഭാംഗങ്ങളെ പ്രബോധിപ്പിക്കണം.

7. ഇവയെല്ലാം പ്രായോഗികമാക്കുന്നതിന് ഓരോ ഇടവകയിലും ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും, വൈദികരും അവൈദികരും ഉൾപ്പെടെ ഒരു കമ്മിറ്റി രൂപവൽക്കരിച്ച് ഈ പ്രസ്ഥാനത്തിനു വേണ്ട നേതൃത്വം നൽകണമെന്നു നാം അറിയിച്ചുകൊള്ളുന്നു.

ഇൻഡ്യയിലെയും ആഫ്രിക്കയിലേയും ക്രിസ്തീയമാർഗ്ഗത്തിന്റെ വളർച്ചയ്ക്കു നേരിട്ടിരിക്കുന്ന പ്രധാനതടസ്സങ്ങളിൽ ഒന്നു മദ്യപാനമാ

കുന്നു. ആകയാൽ മദ്യപാനത്തിൽ നിന്നും അതുപോലെയുള്ള എല്ലാ അശുദ്ധ പാപങ്ങളിൽ നിന്നും നമ്മുടെ ആളുകൾ വേർപെട്ട് വി. സഭ മലമേൽ സ്ഥാപിക്കപ്പെട്ട ദീപം പോലെ പ്രശോഭിക്കുന്നതിനും ഇതര ജാതികൾ അതിലേക്കു ആകർഷിക്കപ്പെടുന്നതിനും ഇടയാകട്ടെ. ആത്മീയപ്രസ്ഥാനങ്ങളുടെ വിജയത്തിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

എല്ലാറ്റിലും ഉപരിയായി സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെടാം. ദൈവകൃപകൂടാതെ മനുഷ്യപ്രയത്നം സഫലമല്ലല്ലൊ. ക്രൈസ്തവരുടെ ഇടയിൽ നിന്ന് എന്നല്ല മനുഷ്യസമുദായത്തിൽ നിന്നു ഈദൃശ മ്ലേഛത കൾ നീങ്ങിപ്പോകുന്നതിനു നമുക്ക് ഏവർക്കും പ്രത്യാശയോടെ പ്രാർത്ഥിക്കുകയും യത്നിക്കുകയും ചെയ്യാം. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1952 ജനുവരി 26-ാം തീയതി പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്ന്

## 30

The Orthodox Syrian Church of the East

ദൈവകൃപയാൽ

കോട്ടയം ഇടവകയുടെ

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ, 1952 ഫെബ്രുവരി 9-നു കോട്ടയം എം. ഡി. സെമിനാരിയിൽ വച്ചു കൂടിയ കോട്ടയം ഭദ്രാസന പ്രതിധിസമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുത്ത ഒറ്റപ്ലാക്കൽ ഒ. ജെ. മോസ്സസ്സ് ശെമ്മാശ്ശനെ നാം തൽസ്ഥാനത്ത് നിയമിച്ചിരിക്കുന്നു. നമ്മുടെ ഭദ്രാസനത്തിലെ യുവജനസമാജത്തിന്റെ ജനറൽ സെക്രട്ടറിയായും അദ്ദേഹം ജോലി തുടരുന്നതാണ്. ഭദ്രാസനത്തിലെ ഇടവകസംബന്ധമായ കാര്യങ്ങൾ ഭദ്രാസന സെക്രട്ടറി പള്ളികൾ സന്ദർശിക്കുന്ന അവസരത്തിൽ ആവശ്യമായ സകല സഹായസഹകരണങ്ങളും നിങ്ങൾ ചെയ്തുകൊടുക്കണമെന്നും, പള്ളിസംബന്ധമായ സകല റിക്കാർഡുകളും ഭദ്രാസന സെക്രട്ടറി ആവശ്യപ്പെട്ടാൽ കാണിക്കണമെന്നും, സെക്രട്ടറിയുടെ നിർദ്ദേശങ്ങളെ ഇടവകകൾ സ്വീകരിച്ചു നടപ്പിലാക്കണമെന്നും നിങ്ങളുടെ സ്നേഹത്തോടു നാം നിർബന്ധിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ പുരോഗമനനടപടികൾക്കായി പ്രവർത്തനം നടത്തുന്നതിന് നമ്മുടെ പള്ളികൾ മെത്രാസന വരുമാനങ്ങൾ ശരിയായി നമ്മുടെ ആഫീസിൽ എത്തിച്ചുതരണമെന്നും 1951-ൽ കൈമുത്ത്,

ദശാംശം എന്നിവയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പള്ളിക്കാർ അത് എത്രയുംവേഗം തീർത്ത് അയച്ചുതരണമെന്നും നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

1951-ലെ തെരട്ട് അയച്ചുതരാത്ത പള്ളിക്കാർ എത്രയും വേഗം അവ നമ്മുടെ ആഫീസിലേക്ക് അയച്ചുതരണമെന്നും, 1952-ലെ ഭരണസമിതിക്കായി ഭദ്രാസന നിയമമനുസരിച്ചു നമ്മുടെ രേഖാമൂലമായ അനുവാദം വാങ്ങിച്ചിരിക്കണമെന്നും നാം നിങ്ങളെ അറിയിക്കുന്നു.

നമ്മുടെ പുരോഗമനപദ്ധതിയിലുൾപ്പെടുന്ന ഓർത്തഡോക്സ് യുവജനസമാജം, മർത്തമറിയം വനിതാസമാജം, സൺഡേസ്കൂൾ, പ്രാർത്ഥനായോഗം ഇവ നമ്മുടെ ഇടവകകളുടെ ആത്മീയപ്രവർത്തനത്തിന്റെ ആണിക്കല്ലുകളാണെന്നു നമ്മുടെ ആളുകൾ മനസ്സിലാക്കി മേൽപറയപ്പെട്ട പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലും നടപ്പിലാക്കണമെന്നും അതിന് നമ്മുടെ ബഹുമാനപ്പെട്ട പട്ടക്കാർ നേതൃത്വം നൽകണമെന്നും നാം ഉൽബോധിപ്പിക്കുന്നു. യുവജനസമാജം, വനിതാസമാജം, സൺഡേസ്കൂൾ, പ്രാർത്ഥനായോഗം എന്നിവ സ്ഥാപിക്കാത്ത അപൂർവ്വം ചില ഇടവകകൾ നമ്മുടെ ഭദ്രാസനത്തിൽ ഉണ്ടെന്നറിയുന്നതിൽ നാം ദുഃഖിക്കുന്നു. അവിടെയെല്ലാം അവ സ്ഥാപിച്ചു നടപ്പിലാക്കാൻ നാം ഗുണദോഷിക്കുന്നു.

അടുത്ത വലിയനോമ്പുകാലത്ത് പട്ടക്കാർക്കായി ഒരു ധ്യാനയോഗം നടത്തണമെന്ന് നാം തീരുമാനിച്ചിരിക്കുന്നതിനാൽ ബ. പട്ടക്കാർ എല്ലാവരും പള്ളിച്ചെലവിൽ അതിൽ വന്ന് സംബന്ധിക്കണമെന്നു നാം താല്പര്യപ്പെടുന്നു. ധ്യാനയോഗത്തിന്റെ വിശദവിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നമ്മുടെ സകല ഇടവകകളിലും നടപ്പിൽ വരുത്തണമെന്ന് നാം അനേകപ്രാവശ്യം നിങ്ങളെ അറിയിച്ചിട്ടുണ്ട്. ഒരു ഇടവകയുടെ സജീവമായ ലക്ഷണം അനാഥരെ ക്രിസ്തീയമായ വിധത്തിൽ സഹായിക്കുക എന്നുള്ളതാണ്. അനാഥരെയും രോഗികളെയും ശുശ്രൂഷിക്കേണ്ടത് ഇടവകയുടെ ചുമതലയായി ഏറ്റെടുത്ത് നടത്തണമെന്നും അതിന് യുവജനസമാജം സകല സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും, ജീവകാരുണ്യപ്രവർത്തനത്തിന് എല്ലാ ഇടവകകളിലും സാധുജനസംരക്ഷണഫണ്ട് ഉണ്ടാക്കുകയും ചെയ്യണമെന്നും നാം ആഗ്രഹിക്കുന്നു......

വീണ്ടും പ്രിയരെ! നമ്മുടെ സഭ വലിയ ഒരു പ്രയാസത്തിൽകൂടി, സഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തിനു വേണ്ടി സുധീരമായി നിലകൊള്ളുന്ന ഒരു കാലമാണെന്ന് നിങ്ങൾക്ക് എല്ലാവർക്കും അറിയാമല്ലോ.

ഹൈക്കോടതി വിധിമൂലം വി. സഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം നാം വീണ്ടെടുത്തിരിക്കുന്നു എന്നും, വിധിമൂലം നാം തോല്ക്കുകയല്ല യഥാർത്ഥത്തിൽ നാം വിജയം പ്രാപിക്കയാണ് ചെയ്തതെന്നും നാം മനസ്സിലാക്കണം. ജന്മസിദ്ധമായി വി. മാർത്തോമ്മാശ്ലീഹായുടെ സഭയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതിനായി അനേകസഭകൾ അനേകതരത്തിൽ നമ്മോടു ക്രൂരമായി പെരുമാറി എന്നത് വി. സഭയുടെ 20 നൂറ്റാണ്ട് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അന്ത്യോക്യന്മാർ പട്ടത്വമേധാവിത്വംമൂലം നമ്മുടെ സ്വാതന്ത്ര്യത്തെ ഇല്ലായ്മചെയ്‌വാൻ കഴിഞ്ഞ ഒരു നൂറ്റാണ്ട് ശക്തിയായി പ്രവർത്തിച്ചു. എന്നാൽ ദൈവത്തിന്റെ അപാരമായ കരുണയാൽ പരിശുദ്ധ കാതോലിക്കാ സിംഹാസനം മൂലമായി നമ്മുടെ സ്വാതന്ത്ര്യം നാം വീണ്ടെടുത്തു. കിഴക്കിന്റെ കാതോലിക്കാസിംഹാസനം വി. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനമാണ്. ആ സിംഹാസനം വി. മാർത്തോമ്മായുടെ ഇൻഡ്യൻസഭയിൽ നാം പുനർജീവിപ്പിക്കയാണ് ചെയ്തത്. ഇൻഡ്യയിലെ ഏക ദേശീയസഭ എന്ന നിലയിൽ നമുക്ക് വലിയ ഒരു പദവി ഉണ്ട്. പരിപൂർണ്ണമായ വികസനസാദ്ധ്യതയുള്ള ഇൻഡ്യയിലെ ഏക ദേശീയസഭ എന്ന നിലയിൽ ഇൻഡ്യയിൽ സുവിശേഷഘോഷണം ശക്തിയായി നടത്തേണ്ട ചുമതല നമുക്കാണ് ഉള്ളത്. ഇപ്പോൾ ദൈവത്തിന്റെ കരുണയാൽ നമുക്ക് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യവും ആ സ്വാതന്ത്ര്യത്തിന്റെ വിജയകിരീടമായ പരിശുദ്ധ കാതോലിക്കാ സിംഹാസനവും അതിന്റെ സകല ശക്തികളും നമുക്ക് ദൈവ തിരുനാമ മഹത്വത്തിനായി കാഴ്ചവെക്കാം.

വിധിമൂലം പൂർവ്വികമായി നമ്മുടെ പിതാക്കന്മാർ സ്ഥാപിച്ചിട്ടുള്ള ചില സ്ഥാപനങ്ങൾ നമുക്ക് നഷ്ടമായെന്നു വന്നേക്കാം. നാം അശ്ശേഷംപോലും അധൈര്യപ്പെടേണ്ട ആവശ്യമില്ല. ഏറ്റവും ചുരുങ്ങിയ ഒരു കാലയളവിൽ നമ്മുടെ പരിശുദ്ധ സിംഹാസനത്തിനുവേണ്ടി ഒന്നര ലക്ഷത്തിൽപരം രൂപായുടെ അരമനയും സ്വത്തുക്കളും വിശ്വാസികളായ നമ്മുടെ ആളുകൾക്ക് ഉണ്ടാക്കാൻ സാധിച്ചു എന്നത് നമുക്ക് അഭിമാനകരമാണ്. എന്നാൽ ഇവ കൂടാതെ അനേകലക്ഷം രൂപായുടെ സ്ഥാപനങ്ങൾ നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് കല്പിച്ചനുവദിച്ച ആക്ഷൻകമ്മിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുമെന്നു നാം വിശ്വസിക്കുന്നു. ആക്ഷൻകമ്മിറ്റിയുടെ വിപുലമായ പ്രവർത്തനങ്ങളെ നാം ഹൃദയപൂർവ്വം അഭിനന്ദിക്കയും നമ്മുടെ അഭിമാനസ്തംഭമായ കാതോലിക്കാ സിംഹാസനത്തിന്റെ നിലനിൽപ്പിനും വി. സഭയുടെ കെട്ടുപണിക്കുമായി വിശ്വാസികളായ നമ്മുടെ സകല ആളുകളും കൈ തുറന്നു സംഭാവനകൾ നൽകി നമ്മുടെ പണപ്പിരിവ് എത്രയും ഊർജ്ജിതമായി

നടത്തണമെന്ന് എല്ലാ പട്ടക്കാരെയും, കൈക്കാരന്മാരെയും ഇടവക കമ്മിറ്റികളെയും ഇടവകക്കാരെയും നാം പ്രത്യേകം അറിയിക്കുന്നു.

എന്ന്, 1952 ഫെബ്രുവരി 20-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 31

## വൈദികനു നിരോധനം

ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിലുള്ള മിക്ക പള്ളികളിലും സൺഡേസ്കൂൾ, സ്ത്രീ സമാജം, യുവജനസമാജം, പ്രാർത്ഥനായോഗം മുതലായ ആത്മീയപ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചുവരുന്നു എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. എന്നാൽ ഇപ്പോഴും ചുരുക്കം ചില ഇടവകകളിൽ അവ ആരംഭിക്കാത്തതിൽ നമുക്കുള്ള അതിരറ്റ സങ്കടത്തെ നാം അറിയിക്കുകയും കാര്യനിർവ്വഹണത്തിനായി അങ്ങിനെയുള്ള ഇടവകകളിലെ വികാരിമാരുടെ സത്വരശ്രദ്ധയെ വീണ്ടും നാം ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

നമ്മുടെ വൈദികരുടെ അടുത്ത യോഗം ഈ സെപ്റ്റംബർ 6-നു വ്യാഴാഴ്ച (21-1-127) പുതുപ്പള്ളിയിൽ വച്ചു നടക്കുന്നതാണ്. മുമ്പ് നടന്ന രണ്ട് വൈദികയോഗങ്ങളിലും ഭൂരിപക്ഷം വൈദികരും പങ്കെടുത്തു എങ്കിലും സന്നിഹിതരാകാതിരുന്നവർ ആരെല്ലാമാണെന്ന് നമുക്കറിയാം. വൈദികയോഗങ്ങളിൽ വൈദികർ എല്ലാവരും ഹാജരാകുന്ന വിഷയത്തിൽ എത്രയും താല്പര്യമുള്ളവരായിരിക്കണം.

ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രത്യേക കോൺഫറൻസ് സെപ്റ്റംബർ 8-നു ശനിയാഴ്ച (23-1-127) എം. ഡി. സെമിനാരിയിൽ വച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും സമാജം സെക്രട്ടറി ഉൾപ്പെടെ മൂന്നിൽ കുറയാതെ അംഗങ്ങളെ പ്രതിനിധികളായി പറഞ്ഞുവിടുന്ന കാര്യത്തിൽ വികാരിമാരും മറ്റു ചുമതലക്കാരും പ്രത്യേകം ശ്രദ്ധിക്കണം. അതാതിടവകയിലെ സൺഡേസ്കൂൾ പ്രവർത്തകർക്കും ഇതര അഭ്യുദയകാംക്ഷികൾക്കും അതിൽ സംബന്ധിക്കാവുന്നതാണ്.

കോട്ടയം ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജത്തിന്റെ ജന

റൽ സെക്രട്ടറിയായി പള്ളത്ത് പാറേക്കടവിൽ മിസ്സ് ആലീസ് മാണി ബി.എ. ബി.റ്റി. യെ ഇനിയും ഒരു കല്പന ഉണ്ടാകുന്നതു വരത്തേയ്ക്ക് നാം നിയമിച്ചിരിക്കുന്നു എന്ന വിവരം അറിയിച്ചുകൊള്ളുന്നു. വനിതാ സമാജത്തിന്റെ ഒരു പൊതുധ്യാനയോഗം ഈ സെപ്റ്റംബർ 13-നു മുതൽ 15-നു വരെയുള്ള ദിവസങ്ങളിൽ പള്ളത്തുവച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഓരോ ഇടവകയിൽ നിന്നും സ്ത്രീസമാജത്തിന്റെ സെക്രട്ടറിക്കു പുറമെ രണ്ടോ മൂന്നോ അംഗങ്ങൾ വീതമെങ്കിലും അതിൽ പങ്കെടുക്കണം. അതിന്റെ പ്രയോജനം അത്ര വലുതാണ്. പ്രസ്തുത ധ്യാനയോഗത്തിൽ സംബന്ധിക്കുന്നതിനു സമാജാംഗങ്ങളെയും, അതിലേയ്ക്ക് അവരെ പ്രോത്സാഹിപ്പിച്ചു വിടുന്നതിനു വൈദികരേയും, പള്ളിഭരണ സമിതിയേയും നാം പ്രത്യേകം ഗുണദോഷിക്കുന്നു. മേൽപ്രസ്താവിച്ച എല്ലാ സമ്മേളനങ്ങളുടെയും വിശദവിവരങ്ങൾ ഇതോടൊന്നിച്ചയക്കുന്ന കാര്യപരിപാടിയിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ഈദൃശമായ പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിനു നിങ്ങളേവരുടെയും പ്രാർത്ഥനകളും സഹകരണങ്ങളും ഉണ്ടാകണമെന്ന് വീണ്ടും നിങ്ങളുടെ സ്നേഹത്തോട് നാം നിർബന്ധിക്കുന്നു.

സമുദായക്കേസിന്റെ പിരിവിനുവേണ്ടിയുള്ള പ. കാതോലിക്കാബാവാ തിരുമനസ്സിലെ കല്പന ഇതിനകം എല്ലാ പള്ളികളിലും കിട്ടിക്കാണുമല്ലോ. ഓരോ പള്ളിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള തുക നിശ്ചിത തീയതിക്കകം ഏല്പിക്കണമെന്ന് ഈ അവസരത്തിൽ നാം പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

വീണ്ടു പ്രിയരെ,

സഭയുടെ അഭിമാനം പുലർത്തേണ്ടത് പ്രധാനമായി വൈദികരാണ്. അവർ ന്യായരഹിതമായി പ്രവർത്തിച്ചാൽ സഭ അധഃപതിക്കും. കഴിയുന്നതും മാതൃകാപരമായി ജീവിക്കുന്ന വിഷയത്തിലും, നിയമാനുസരണമല്ലാത്ത ചില വിവാഹങ്ങളും മറ്റും നടത്തുന്ന കാര്യത്തിലും ചില വൈദികർ വളരെ അശ്രദ്ധരാണെന്ന് സങ്കടത്തോടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പാത്രിയർക്കീസ് വിഭാഗത്തിൽപെട്ട വൈദ്യൻപറമ്പിൽ കുറിയാക്കോസ് കത്തനാർ അടുത്തകാലത്ത് അങ്ങനെയുള്ള ചില വിവാഹങ്ങൾ നടത്തിയതായിട്ട് അറിയുന്നു. ഓർത്തഡോക്സ് വിഭാഗത്തിലുള്ള ചില പള്ളികളിൽ കയറി അയാൾ കർമ്മങ്ങൾ നടത്തുന്നതായിട്ടും അറിവുണ്ട്. ആകയാൽ അയാൾ കോട്ടയം ഭദ്രാസനത്തിലുള്ള നമ്മുടെ ഒരു പള്ളിയിലും പ്രവേശിച്ചു കർമ്മങ്ങൾ നടത്തിക്കൂടായെന്നും, അയാളെക്കൊണ്ട് നമ്മുടെ ആളുകൾ യാതൊരു കർമ്മവും നടത്തിച്ചുകൂടായെന്നും പ. കാതോലിക്കാബാവാ തിരുമനസ്സിലെ നിർദ്ദേശാനുസരണം നാം നിങ്ങളോടു അറിയിച്ചുകൊള്ളുന്നു.

എന്ന്, 1952 ഓഗസ്റ്റ് 24-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

## 32

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

കഴിഞ്ഞ 20-ൽ പരം വർഷങ്ങളായി ചങ്ങനാശ്ശേരിയിൽ നമ്മുടെ ആളുകളുടെയും പ്രത്യേകിച്ച് വിദ്യാർത്ഥികളേയും ഉദ്ദേശിച്ചു ഒരു ഇടവക നടത്തിക്കൊണ്ടുവരുന്നത് നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ. ഒരു വിദ്യാഭ്യാസകേന്ദ്രമായി ഉയർന്നുവരുന്ന ചങ്ങനാശ്ശേരിയിൽ നമുക്കു സ്വന്തമായ ഒരു പള്ളിയും ഹോസ്റ്റലും ഉണ്ടാകേണ്ടതു എത്രയും ആവശ്യമാണ്. ഉപരി വിദ്യാഭ്യാസത്തിനായി നമ്മുടെ യുവാക്കന്മാരും യുവതികളും ധാരാളമായി അവിടെ താമസമുണ്ട്. കൂടാതെ ഉദ്യോഗസ്ഥന്മാരും, വ്യവസായികളുമായി കുറെ ആളുകളും അവിടെ സ്ഥിരതാമസമുണ്ട്. ഇവരുടെ എല്ലാവരുടെയും ആത്മീയമായ പുരോഗതിക്കു നമ്മുടെ ഒരു പള്ളി ഉണ്ടാകേണ്ടതു എത്രയും അത്യാവശ്യവുമാകുന്നു. അതിനായി നമ്മുടെ ചങ്ങനാശ്ശേരി വികാരി പി. സി. സ്റ്റീഫൻ കത്തനാരും ട്രസ്റ്റി കെ. എൻ. ചാക്കോയും, പള്ളിക്കമ്മറ്റിക്കാരും അവിടുത്തെ ഇടവകക്കാരും അവിടെ പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥിനീവിദ്യാർത്ഥികളും ആവശ്യമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സഭാംഗങ്ങൾ ഈ പള്ളിയുടെ സ്ഥാപനത്തിന്റെ ഗൗരവം മനസ്സിലാക്കി വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നു നാം ആഗ്രഹിക്കുന്നു. ചങ്ങനാശ്ശേരി ഇടവകയ്ക്കു സ്വന്തമായി വരുമാനത്തിനു അധികം കഴിവില്ലാത്തതിനാൽ നമ്മുടെ ആളുകൾ അവരെ ശക്തിക്കനുസരണമായി സഹായിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. ചങ്ങനാശ്ശേരിയിൽ നമുക്കു പൂർവ്വീകമായി ഉണ്ടായിരുന്ന സുറിയാനിപ്പള്ളി നമുക്കു നഷ്ടമായിപ്പോയത് നിങ്ങൾക്കു അറിയാമല്ലോ. ആ ദേശത്തു തന്നെ പുതുതായി ഒരു പള്ളി ഉണ്ടാകുന്നത് നമുക്കു അഭിമാനകരമാണ് എന്നും നമ്മുടെ ആളുകൾ സ്മരിക്കുമെന്നും നാം വിശ്വസിക്കുന്നു. ദൈവം നിങ്ങളുടെ പ്രയത്നങ്ങളെ അനുഗ്രഹിക്കട്ടെ.

എന്ന്, 1952 ഒക്ടോബർ 8-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 33

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ .... പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ആ പള്ളിയിലെ ജൂബിലി അടുത്ത് നടത്തുന്നതിനായി നിങ്ങൾ പൊതുയോഗം കൂടി നിശ്ചയം ചെയ്ത് നമ്മെ അറിയിച്ചിട്ടുണ്ടല്ലോ. ഈ കനക ജൂബിലി ആഘോഷത്തിൽ ജൂബിലി സ്മാരകമായി നിങ്ങൾ പണിതുകൊണ്ടിരിക്കുന്ന സണ്ടേസ്കൂൾ കെട്ടിടം എത്രയും പെട്ടെന്ന് തീർക്കുകയും, ജൂബിലി കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്കും മറ്റും, വേണ്ട സകല പണസഹായങ്ങളും നിങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുമെന്ന് നാം വിശ്വസിക്കുന്നു. കൂടാതെ പള്ളിക്കുവേണ്ടി ജൂബിലി സ്മാരകമായി വ്യക്തികളായും, കുടുംബങ്ങളായും നേർച്ചകാഴ്ച്ചകൾ ദൈവമുമ്പാകെ സമർപ്പിക്കുന്നത് എത്രയും ഉചിതമായിരിക്കും. ഈ പ്രയത്നത്തിൽ നിങ്ങളുടെ സകല അദ്ധ്വാനങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

ഈ ജൂബിലി ആഘോഷത്തോടുകൂടി സാധുജനസംരക്ഷണം കൂടുതൽ വിപുലമായ രീതിയിൽ അവിടെ നടത്തുന്നതിന് ഊർജ്ജിതമായ ഒരു പ്രവർത്തനം കൂടി ഉൽഘാടനം ചെയ്യണമെന്നും നാം ഗുണദോഷിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെമേലും ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ വി. മർത്ത മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ.

എന്ന്, 1953 മാർച്ച് 4-ാം തീയതി പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 34

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

No. 38

നമ്മുടെ .... പള്ളിവികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കോട്ടയം ഭദ്രാസന ഇടവകയുടെ സഹായ മെത്രാനായി മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് പരിശുദ്ധ സിംഹാസനത്തിൽ നിന്നും കല്പിച്ചു നിയമിച്ചിരിക്കുന്ന വിവരം എത്രയും സന്തോഷപുരസ്സരം നാം നിങ്ങളെ എല്ലാവരെയും അറിയിച്ചുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെ മേലും ഉണ്ടായിരിക്കട്ടെ.

എന്ന്, 1953 ആഗസ്റ്റ് 5-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 35

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

No. 42

നമ്മുടെ .... പള്ളിവികാരിയും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭ പ്രയാസമേറിയ ഒരു വിപൽഘട്ടത്തെ തരണം ചെയ്യുന്ന ഈ അവസരത്തിൽ ദൈവത്തിന്റെ കരുണ നമ്മുടെ സഭയിൽ ഉണ്ടാകുന്നതിനും, ശാശ്വതമായ ഒരു സമാധാനം ദൈവം നമുക്ക് തരുന്നതിനും നിങ്ങൾ ഓരോരുത്തരും മുട്ടിപ്പായി ദൈവത്തോടു പ്രാർത്ഥിക്കണമെന്ന് നാം നിങ്ങളെ എല്ലാവരെയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ സഭയുടെ ശോഭനമായ ഭാവിക്ക് നിങ്ങൾ എല്ലാവരുടെയും ഹൃദയപൂർവ്വമായ സഹകരണങ്ങൾ ആവശ്യമാണ്. ദൈവത്തിന്റെ സഭയുടെ ശാശ്വതമായ നിലനിൽപ്പിനും പുരോഗമനത്തിനും ആത്മീയമായ ഉയർച്ച നമ്മുടെ എല്ലാ ഇടവ

കകളിലും വ്യക്തികളിലും ഉണ്ടാകേണ്ടത് എത്രയും ആവശ്യമാകുന്നു. അതിനാൽ ആത്മികമായ പുരോഗമനം നമ്മുടെ എല്ലാ ഇടവകകളിലും ഉണ്ടാകുന്നതിന് നമ്മുടെ പട്ടക്കാരും ജനങ്ങളും ഒത്തൊരുമിച്ച് ശ്രമിച്ച് ഇടവകകളിലെ ആത്മീയപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ ഇടവകക്കാരും മുൻകൈ എടുത്ത് പ്രവർത്തിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിന്റെ പുരോഗമനപരമായ ചില കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി നമ്മുടെ ഭദ്രാസന പൊതുയോഗം 1953 സെപ്റ്റംബർ 23-നു ബുധനാഴ്ച 1 മണിക്ക് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൂടുന്നതാണ്. ഈ ഭദ്രാസന പൊതുയോഗത്തിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള ഭദ്രാസന പൊതുയോഗ പ്രതിനിധികൾ പള്ളിച്ചെലവിന്മേൽ കൃത്യസമയത്ത് ഹാജരായി പൊതുയോഗ ചർച്ചകളിൽ പങ്കെടുക്കണമെന്ന് നാം നിങ്ങളെ അറിയിക്കുന്നു.

**ഭദ്രാസന പൊതുയോഗത്തിന്റെ പ്രോഗ്രാം**

1. പ്രാർത്ഥന
2. മിനിറ്റ്സ് വായന
3. ഭദ്രാസന സെക്രട്ടറിയുടെ റിപ്പോർട്ട്
4. സമുദായ പിരിവ് കണക്കുകൾ
5. ദശവത്സരപദ്ധതി പിരിവ്
6. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ
7. കോട്ടയം ഭദ്രാസന സഹായ മെത്രാന്റെ സ്ഥാനാരോഹണം
   - ഒക്സിയോസ് ചൊല്ലുക

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെ മേലും ഉണ്ടായിരിക്കട്ടെ.

എന്ന്, 1953 സെപ്റ്റംബർ 10-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 36

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ട നമ്മുടെ പ്രിയൻ ...... കത്തനാർക്ക് വാഴ്വ്.

പ്രിയനെ,

നമ്മുടെ ഭദ്രാസനത്തിന്റെ പുരോഗമനപരമായ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി 1953 നവംബർ 14-നു കൂടിയ ഭദ്രാസന കൗൺസിലിന്റെ ശുപാർശ അനുസരിച്ച് നമ്മുടെ ഭദ്രാസനത്തിലുള്ള പട്ടക്കാരുടെ ഒരു യോഗം 1953 ഡിസംബർ 5-നു ശനിയാഴ്ച പകൽ ഒരു മണിക്ക് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് കൂടണമെന്ന് നാം നിശ്ചയിച്ചിരിക്കുന്നതിനാൽ നമ്മുടെ പ്രിയൻ പള്ളിചെലവിൽ കൃത്യസമയത്ത് യോഗത്തിൽ ഹാജരാകണമെന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ ഭദ്രാസനത്തിൽ ഏകീകൃതമായ ഒരു ഭരണം നടപ്പിലാക്കുന്നതിന് താഴെ കാണുന്ന വിഷയങ്ങളെപ്പറ്റി പട്ടക്കാരുടെ അഭിപ്രായങ്ങൾ അറിയുന്നതിന് നാം അതിയായി ആഗ്രഹിക്കുന്നതിനാൽ ഈ വിഷയങ്ങളെപ്പറ്റി നമ്മുടെ പ്രിയൻ പഠിച്ചുകൊണ്ട് വരണമെന്നും, ഭദ്രാസനത്തിന്റെ ക്ഷേമത്തെ മുൻനിർത്തി യോഗത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളെ സംബന്ധിച്ച് സർവ്വസമ്മതമായ നിശ്ചയങ്ങൾ ഉണ്ടാക്കണമെന്നും നാം നിങ്ങളെ എല്ലാവരെയും അറിയിക്കുന്നു.

**ആലോചനാ വിഷയങ്ങൾ**

1. വി. സഭ പുതിയ കലണ്ടർ സ്വീകരിച്ചതിൽ നിന്നും ആവിർഭവിക്കുന്ന പുതിയ പ്രശ്നങ്ങൾ.

2. ഭദ്രാസന വരുമാനങ്ങളുടെ ഏകീകരണം.

3. ഇടവകപ്പള്ളികൾ പ. കാതോലിക്കാ സിംഹാസനത്തിലേക്ക് എഴുതിക്കൊടുക്കുക.

4. ഇടവകവരുമാനത്തിൽ ഏകീകരണം. പസ്സാരം, കർമ്മഫീസ്, നടവഴക്കം, കുർബ്ബാനപ്പണം മുതലായവ.

5. മാമോദീസാ, വിവാഹം ഇവയിൽ സഭയുടെ തത്വം അനുസരിച്ച് പ്രവർത്തിക്കുക.

6. അന്യഇടവകയിൽ താമസിക്കുന്നവർ നടത്തുന്ന കല്യാണങ്ങൾ, അതിന്റെ വരുമാനങ്ങൾ.

7. ഇടവകകളുടെ ആത്മീയ പുരോഗമനം.

1) സണ്ടേസ്കൂൾ 2) മർത്തമറിയം സമാജം 3) യുവജനസമാജം 4) പ്രാർത്ഥനായോഗം 5) ജീവകാരുണ്യ പ്രവർത്തനം 6) കൺവൻഷൻ 7) ധ്യാനയോഗങ്ങൾ 8) ബൈബിൾ ക്ലാസ്സുകൾ 9) വീടുസന്ദർശനം.

8. പട്ടക്കാരുടെ ധ്യാനയോഗം.

9. പട്ടക്കാരുടെ പഠനക്ലാസ്സുകൾ.

10. ദശവത്സരപദ്ധതി.

ദൈവം അനുഗ്രഹിക്കട്ടെ

എന്ന്, 1953 നവംബർ 27-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 37

## ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ, നമ്മുടെ പിതാവായ പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ചികിത്സക്കായി വെല്ലൂർ ആശുപത്രിയിൽ എഴുന്നെള്ളിത്താമസിക്കുന്നതും, വിജയകരമായ ഓപ്പറേഷൻ തിരുമനസ്സിലേക്ക് നടന്നുകഴിഞ്ഞതും നിങ്ങൾ എല്ലാവരും അറിഞ്ഞുകാണുമെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവ് വെല്ലൂർക്ക് എഴുന്നെള്ളുന്നതിനു മുൻപായി പള്ളികൾക്ക് അയച്ചിരുന്ന കല്പനപ്രകാരം തിരുമനസ്സിലെ രോഗശമനത്തിനായി പട്ടക്കാർ വി. കുർബാനകളിൽ എല്ലാം തിരുമേനിക്ക് വി. കുർബാന അർപ്പിക്കുകയും, വിശ്വാസികളായ നമ്മുടെ ആത്മീയ മക്കൾ പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് നിങ്ങളെ എല്ലാവരെയും നാം ഓർമ്മിപ്പിച്ചിരുന്നു.

പുതിയ കലണ്ടർ നാം സ്വീകരിച്ചിരിക്കുന്നതിനാൽ നമ്മുടെ എല്ലാ പള്ളികളിലും 1954-ലേക്കുള്ള പുതിയ ഭരണസമിതിയെ പള്ളിപ്പൊതുയോഗം കൂടി തെരഞ്ഞെടുക്കുകയും, പള്ളിപ്പൊതുയോഗ റിപ്പോർട്ട് നമുക്ക് അയച്ചുതരികയും ചെയ്യണം. നമ്മുടെ എല്ലാപള്ളികളിലെയും തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതിക്ക് നമ്മുടെ രേഖാമൂലമായ അനുവാദം വാങ്ങിച്ചിരിക്കണമെന്ന് നിർബന്ധമായി നിങ്ങളെ നാം അറിയിക്കുന്നു. 1953-ലെ വാർഷികതെരട്ടിന്റെ രണ്ടുകോപ്പികൾ എല്ലാ പള്ളികളിൽ നിന്നും നമ്മുടെ ആഫീസിലേക്ക് അയച്ചുതരണം. അതിൽ ഒന്ന് നാം പള്ളികളുടെ ഫയലിൽ സൂക്ഷിക്കുന്നതും, മറ്റേപ്രതി നാം പരിശോധിച്ച് നമ്മുടെ

അടയാളത്തോടുകൂടി നിങ്ങളുടെ പള്ളിറിക്കാർഡിൽ സൂക്ഷിക്കുന്നതിനായി തിരിയെ അയച്ചുതരുന്നതുമാകുന്നു. നമ്മുടെ മെത്രാസന കൗൺസിലിന്റെ ശുപാർശ അനുസരിച്ചു 1954 മുതൽ നമ്മുടെ എല്ലാ പള്ളികളിലും ബഡ്ജറ്റ് മുൻകൂട്ടി തയ്യാറാക്കി അതുപോലെ ഭരണം നടത്തണമെന്ന് നിർബന്ധമായി നിങ്ങളെ നാം അറിയിക്കുന്നു. കൂടാതെ പള്ളിപ്പൊതുയോഗം പാസ്സാക്കുന്ന ബഡ്ജറ്റിന്റെ രണ്ടുപ്രതികൾ നമ്മുടെ എല്ലാപള്ളികളിൽ നിന്നും നമുക്ക് ആപ്പീസിലേക്ക് അയച്ചുതരികയും നമ്മുടെ അനുവാദം അതിന് വാങ്ങിച്ചിരിക്കുകയും വേണം. ബഡ്ജറ്റിൽ സമുദായപിരിവുകൾ മെത്രാസനവരുമാനങ്ങൾ മുതലായവകളുടെ തുകകൾ ചേർത്തിരിക്കണം. പള്ളിപ്പൊതുയോഗറിപ്പോർട്ട്, തെരട്ട്, ബഡ്ജറ്റ് ഇവകളുടെ കോപ്പികൾ പള്ളിവികാരിമാരും പള്ളിക്കൈക്കാരന്മാരും ചേർന്ന് ഉടനെ നമ്മുടെ ആഫീസിലേക്ക് എല്ലാ പള്ളികളിൽ നിന്നും അയച്ചുതരണം.

പ്രിയരെ, ഇപ്പോൾ പെരുനാളുകളുടെ കാലങ്ങളാണല്ലോ. പെരുനാളുകൾ നടത്തുമ്പോൾ ഒരു കാര്യം നാം വിസ്മരിക്കരുത്. പെരുനാൾ ദിവസം ജനങ്ങൾ പള്ളി ആരാധനയിൽ സംബന്ധിക്കുകയും വി. കുർബാന കൂട്ടമായി അനുഭവിക്കുകയും ചെയ്യത്തക്ക ഒരു സാഹചര്യം നാം സൃഷ്ടിക്കണം. പെരുനാളുകളുടെ തലേരാത്രിയിലെ പ്രോഗ്രാം 8 മണിക്ക് മുൻപായി തീരത്തക്കവിധം മുൻകൂട്ടി നിശ്ചയിക്കുകയും അവ ഭക്തിയായി നടത്തുന്നതിന് ശ്രമിക്കയും ചെയ്യണം. രാത്രി മുഴുവൻ ബഹളവും, ഭക്തിവിരുദ്ധമായ പ്രോഗ്രാമും ഉണ്ടാക്കിയാൽ ജനങ്ങൾ പെരുനാൾദിവസം വി. കുർബാനയിൽ എങ്ങനെ സംബന്ധിക്കും? ഈ കാര്യം ഇതർഹിക്കുന്ന ഗൗരവത്തോടുകൂടി നിങ്ങൾ വീക്ഷിക്കുമെന്ന് നാം വിശ്വസിക്കുന്നു.

കഴിഞ്ഞ ഡിസംബർമാസത്തിൽ നമ്മുടെ നിർദ്ദേശാനുസരണം നമ്മുടെ മാർ ഈവാനിയോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തിയ പട്ടക്കാരുടെ രണ്ടുയോഗങ്ങളിലും ഭദ്രാസനത്തിന്റെ ആത്മീയവും ലൗകികവുമായ പുരോഗമനത്തിനുള്ള ചില പദ്ധതികളെക്കുറിച്ച് പട്ടക്കാരുടെ അഭിപ്രായം നാം ആരായുകയുണ്ടായി. ആലോചനാവിഷയങ്ങളെക്കുറിച്ച് ഐകകണ്ഠേന തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഭദ്രാസനത്തിന്റെ വിപുലമായ പ്രവർത്തനത്തിനു ഉതകത്തക്കവണ്ണം പട്ടക്കാരുമായി ഒന്നുകൂടി ടി വിഷയങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും അവിടെ പാസ്സാക്കുന്ന കാര്യങ്ങൾ ഭദ്രാസനപ്പൊതുയോഗത്തിന്റെ ചർച്ചക്കു വിഷയീഭവിപ്പിക്കുന്നതിനും നാം നിശ്ചയിച്ചിരിക്കുന്നു. അതിനാൽ പട്ടക്കാരുടെ ഒരു യോഗം നമ്മുടെ മാർ ഈവാനിയോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ 1954 ഫെബ്രുവരി 3-നു ബുധനാഴ്ച പത്തുമണിക്ക് കോട്ടയം എം. ഡി.

സെമിനാരിയിൽ വച്ച് നടക്കുന്നതാണ്. അതിൽ നമ്മുടെ ഭദ്രാസനത്തിലെ എല്ലാ പട്ടക്കാരും സംബന്ധിക്കണം. പട്ടക്കാർ എല്ലാവരും പള്ളിച്ചെല വിൽ യോഗത്തിൽ കൃത്യസമയത്ത് ഹാജരാകണം. 1953 നവംബർ 27-നു നമ്മുടെ കല്പനയിൽ കാണിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചു വീണ്ടും ഈ യോഗത്തിൽ ആലോചിക്കുന്നതാണ്.

എന്ന്, 1954 ജനുവരി 22-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 38

ദൈവകൃപയാൽ കോട്ടയം ഇടവകയുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ഭദ്രാസനത്തിലുള്ള എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ ഭദ്രാസന പൊതുയോഗം കൂടുന്നതിനു മുമ്പായി ഭദ്രാസന വരുമാനങ്ങൾ അടച്ചുതീർക്കാത്ത പള്ളിക്കാർ എത്രയുംവേഗം ടി വരുമാനങ്ങൾ നമുക്ക് അയച്ചുതരണം. ഭദ്രാസന പൊതുയോഗം അടുത്ത് നാം വിളിച്ചുകൂട്ടുന്നതാണ്.

മർത്തമറിയം സമാജാംഗങ്ങൾക്കായുള്ള പരിശീലനക്ലാസ്സ് ഈ ആണ്ടിലും കുഴിമറ്റത്തുവച്ച് ഏപ്രിൽ 4-ാം തീയതി മുതൽ 14-ാം തീയതിവരെ നടക്കുന്നതാണ്. അതേപ്പറ്റിയുള്ള വിശദമായ പ്രോഗ്രാം മർത്തമറിയം സമാജം ജനറൽ സെക്രട്ടറി എല്ലാ പള്ളികൾക്കും അയച്ചുതരുന്നതാണ്. ഈ പരിശീലനക്ലാസ്സിൽ നമ്മുടെ എല്ലാ പള്ളികളിൽ നിന്നും പ്രതിനിധികളെ അയയ്ക്കേണ്ടതാണ്. പ്രതിനിധികൾക്ക് പരിശീലന ക്ലാസ്സിൽ സംബന്ധിക്കുന്നതിന് ധനസഹായം പള്ളികളിൽ നിന്നും നൽകണമെന്ന് എല്ലാ പള്ളിക്കാരെയും പ്രത്യേകം നാം ഗുണദോഷിക്കുന്നു.

പ്രിയരെ, ഇപ്പോൾ നോമ്പിന്റെ സമയമാണല്ലോ. നോമ്പു മൂലമായി ദൈവത്തോട് നിരപ്പാകുന്നതിന് നാം ആത്മാർത്ഥമായി ശ്രമിക്കണം. നമ്മെ ദൈവമുമ്പാകെ സമർപ്പിച്ചിട്ട് നമുക്കുവേണ്ടിയും നമ്മുടെ സഭയ്ക്കുവേണ്ടിയും മുട്ടിപ്പായി പ്രാർത്ഥിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കട്ടെ.

എന്ന്, 1954 മാർച്ച് 22-ാം തീയതി പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും.

# 39

## ദൈവകൃപയാൽ കോട്ടയം ഭദ്രാസന ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

ദൈവം തമ്പുരാൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഭദ്രാസനത്തിലെ നമ്മുടെ ആടുകളുടെ ആത്മീയപുരോഗതി ദിനംതോറും പുഷ്ടിപ്രാപിച്ചുയരുവാൻ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ ഇടവകയിലുള്ള ഓരോ വ്യക്തിയുടെയും ആത്മീയ വളർച്ച കൂടിച്ചേരുമ്പോൾ ഇടവകയുടെ വളർച്ച മൊത്തമായി സാധിച്ചുകഴിയും. ഈവിധമുള്ള നമ്മുടെ പ്രിയ മക്കളുടെ ഉയർച്ചയ്ക്ക് വീടുസന്ദർശനം പ്രധാന ഘടകമാണ്. അതിനാൽ വീടുസന്ദർശനം നടത്തുന്നതിന് നമ്മുടെ പട്ടക്കാരെ എല്ലാം നാം ഗുണദോഷിക്കുന്നു. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ഇടയനെ ആടുകളും, ആടുകളെ ഇടയനും നേരിൽ കണ്ട് മനസ്സിലാക്കുകയും ഹൃദയങ്ങൾ തമ്മിൽ പകരുകയും ചെയ്യും. ആളാംപ്രതി ശ്രദ്ധിക്കുമ്പോൾ ആളാംപ്രതിയുള്ള സുവിശേഷവേലയും നടക്കും. ആടുകളെ പേരുചൊല്ലി വിളിപ്പാനും അവയുടെ ശബ്ദം കേൾപ്പാനുമുള്ള പറ്റിയ അവസരം അങ്ങനെ സമാഗതമാകയും ചെയ്യും. വീടുസന്ദർശനത്തിനായി നമ്മുടെ പട്ടക്കാർ പോകുമ്പോൾ, തീരാവ്യാധിയുള്ളവർ, ചിത്തഭ്രമമുള്ളവർ, അനാഥർ, അംഗഹീനർ, വിധവമാർ മുതലായവരുടെ ക്ഷേമം താൽപര്യമായി അന്വേഷിക്കണം. ഇപ്രകാരം ദുരിതമനുഭവിക്കുന്നവരുടെ പേരും, മേൽവിലാസവും സന്ദർശനം തീരുമ്പോൾ നമ്മുടെ പേർക്ക് അയച്ചുതരികയും വേണം. വീടു സന്ദർശനത്തിന്റെ പ്രോഗ്രാമും, ലക്ഷ്യങ്ങളും നേരത്തെതന്നെ ഇടവകജനങ്ങളെ അറിയിക്കുന്നത് നന്നായിരിക്കും. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഏതെല്ലാമെന്ന് പട്ടക്കാർ നിശ്ചയിച്ചുകൊള്ളണം. നമ്മുടെ പ്രിയ പട്ടക്കാർക്ക് ഇത് ഭാരിച്ച ഒരു ജോലി ആയിത്തോന്നിയേക്കാം. ഈ ഭാരം നമ്മുടെ രക്ഷകനുവേണ്ടി ആകയാൽ വഹിക്കുകയും സഹിക്കുകയും ചെയ്യുവിൻ. സന്ദർശന ജോലികൾ ഉടനെ ആരംഭിക്കയും ഓഗസ്റ്റ് മാസം 24-ാം തീയതിയോ അതിനുമുമ്പോ അവസാനിപ്പിക്കയും, പ്രോഗ്രസ് അപ്പപ്പോൾ നമ്മുടെ ആഫീസിലെ നിർദ്ദേശമനുസരിച്ച് അറിയിച്ചുതരികയും വേണം. ഇടവക സന്ദർശനത്തിന്റെ ഏറ്റവും ചെറിയ റിപ്പോർട്ട് ഓഗസ്റ്റ് മാസം അവസാനത്തോടുകൂടി ഇവിടെ കിട്ടുവാൻ അയച്ചുതരണം. നാമോ നമ്മുടെ സഹായ മെത്രാച്ചനോ ഈ ഭദ്രാസന

ത്തിലെ എല്ലാ പള്ളികളും സെപ്റ്റംബർ 1-ാം തീയതിക്കു ശേഷം സന്ദർശിക്കുന്നതിനുള്ള പ്രോഗ്രാം പിന്നാലെ തയ്യാറാക്കി നിങ്ങളെ അറിയിക്കുന്നതാണ്.

എന്ന്, 1954 ജൂൺ 23-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും

# 40

## വിദ്യാർത്ഥി പ്രസ്ഥാനം ജൂബിലിക്ക് ആശംസ

പ്രിയരെ,

വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ജീവനാഡി നമ്മുടെ സഭയിലെ യുവജനങ്ങളാണല്ലോ. അവർ ഓർത്തഡോക്സ് വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടവരും സേവനമനസ്ഥിതിക്കാരുമാണെങ്കിൽ മാത്രമേ സഭയ്ക്കും സമുദായത്തിനും അവരെക്കൊണ്ടു പ്രയോജനം ലഭിക്കുകയുള്ളു. നമ്മുടെ സഭയുടെ ഈ വിപൽഘട്ടത്തിൽ നമ്മുടെ യുവജനങ്ങൾ ബോധവാന്മാരായി, വിശ്വാസസ്ഥിരതയുള്ളവരായി, കർമ്മോത്സുകരായി കാണപ്പെടുന്നില്ലെങ്കിൽ സഭയുടെ ഭാവി ശോഭനമായിരിക്കയില്ല.

അതിനാൽ നമ്മുടെ സഭയിലെ എല്ലാ യുവജനങ്ങളും സഭാസ്നേഹത്താൽ നിർബ്ബന്ധിതരായി നവോന്മേഷത്തോടും, ദൈവാശ്രയത്തോടും മുൻപോട്ടു വന്ന് സഭാസേവനം തങ്ങളുടെ മുദ്രാവാക്യമായി സ്വീകരിച്ച് പ്രവർത്തിക്കുന്നതിന്, ഈ ജൂബിലി അവർക്കു പ്രേരണ നൽകട്ടെ എന്ന ആശംസകളോടുകൂടി നിർത്തുന്നു.

1958 ഏപ്രിൽ 8-നു കുറിയാക്കോസ് ദയറായിൽ നിന്ന്.

സമ്പാദകർ: **ഡോ. എം. കുര്യൻ തോമസ്,**
**ജോയ്സ് തോട്ടയ്ക്കാട്**

# 4

# ഡയറിക്കുറിപ്പുകൾ

## 1911

1086 ചിങ്ങം 1 – ഇന്നേ ദിവസം രാവിലെ കുർബാന ഉണ്ടായിരുന്നു. പാമ്പാടിക്കണ്ടത്തിലച്ചൻ കുർബ്ബാന ചൊല്ലി. വട്ടമല അബ്രഹാം ശെമ്മാശനും കരിങ്ങനാമറ്റത്തിൽ മത്തിയൂസ് ശെമ്മാശനും പഠിക്കുന്നുണ്ട്. കരിങ്ങണാമറ്റത്തിലപ്പൂപ്പൻ ഇവിടെത്തന്നെ താമസിക്കുന്നു. നാടകശാലയുടെ മുകളിൽ മുറിപണിയാണ്. എനിക്ക് ഒരു പെട്ടിയും പണിയുന്നു. കടുപ്പേൽ അബ്രഹാം വന്നു ഓരോ കാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ ഒരു യോഗം നടത്തിയാൽ കൊള്ളാമെന്ന് ഞാൻ പറഞ്ഞതിൽ തൃപ്തിയായി സംസാരിച്ചു. കുമരകം ഉപദേശിക്ക് ഒരു എഴുത്തയച്ചു.

ചിങ്ങം 4 (ഓഗസ്റ്റ് 20) ശനി – ഇന്നേ ദിവസം ഒരു മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. അത് പുത്തൻകണ്ടത്തിന്റെ ആവശ്യത്തിലേക്കുമായിരുന്നു. അയാൾ ഒരു രൂപ തന്നു. ചേർക്കോണിൽ ചാണ്ടി കുറെ അരിയും കൊണ്ടുവന്നു തന്നു. ശെമ്മാച്ചന്മാർ പഠിക്കുന്നുണ്ട്. ആശാരിമാരിൽ ഒരാളെ പണിതുള്ളു. മൂന്നിന്മേൽ കുർബ്ബാന ചൊല്ലിയത് ഞാനും, ഐക്കരപ്പടവിലച്ചനും പാമ്പാടിക്കണ്ടത്തിലച്ചനും ആയിരുന്നു. കുമ്പസാരക്കാരും കുറെയുണ്ടായിരുന്നു. കടവുംഭാഗത്ത് ശെമ്മാച്ചൻ കോട്ടയത്തുനിന്നും വന്നിട്ടുണ്ട്.

ചിങ്ങം 10 (ഓഗസ്റ്റ് 26) വെള്ളി – ഇന്നേ ദിവസം അബ്രഹാം ശെമ്മാച്ചനും മറ്റും പഠിക്കുന്നു. ഇരവികുളത്ത് ഇട്ടിയവിരച്ചേട്ടൻ മരിച്ചു കൊണ്ടുവന്നു. ഞാനും പാമ്പാടിക്കണ്ടത്തിലച്ചനും അബ്രഹാം ശെമ്മാച്ചനും മാത്യൂസ് ശെമ്മാച്ചനും ഉണ്ടായിരുന്നു. കുർബ്ബാനയുണ്ടായിരുന്നു. ഞാൻ തന്നെയാണ് ചൊല്ലിയത്. ചെറിയമഠത്തിലച്ചൻ വന്നിരുന്നു. പത്രം വന്നിരുന്നു. ഉച്ചശേഷം പുളിന്താനത്ത് മാണിയുടെ ഒരു കുട്ടിയും മരിച്ചു കൊണ്ടുവന്നു.

ചിങ്ങം 14 (ഓഗസ്റ്റ് 30) ചൊവ്വ – ഇന്നേ ദിവസം ആശാരിമാർ കട്ടിൽ പണിയുന്നു. ചാലിൽ വർഗീസ് തട്ടിനു കീഴെയുള്ള മണ്ണ് എടുക്കുന്നു. ചാക്കോ ഒരു കുപ്പി പാനി കിഴക്കുനിന്നും കൊണ്ടുവന്നിരുന്നു. മീനടം കൊച്ച് കുശിനിജോലി നടത്തുന്നു. അബ്രഹാം ശെമ്മാച്ചനും മറ്റും പഠിക്കുന്നു. അപ്പൂപ്പൻ മുറ്റം നന്നാക്കുന്നു. പള്ളിവക ശമ്പളം രണ്ടു രൂപ തന്നു. വെള്ളുക്കുട്ടയിൽ നിന്നും ഒരു സുഖക്കേടുകാരി സ്ത്രീയേയും

കൊണ്ട് കുറെ ആളുകൾ വന്നിരുന്നു. പറക്കാവിലപ്പൻ വന്ന് എടങ്ങഴി എണ്ണ വാങ്ങിക്കൊണ്ടുപോയി.

ചിങ്ങം 22 (സെപ്റ്റംബർ 7) ബുധൻ – ഇന്നേ ദിവസം സഭയിലുണ്ടായിരിക്കുന്ന കുഴപ്പങ്ങൾക്ക് ഒരു നിവൃത്തിമാർഗ്ഗം ആലോചിക്കുന്നതിന് പാമ്പാടി പള്ളിമേടയിൽ ഒരു യോഗം കൂടി ചില നിശ്ചയങ്ങൾ പാസ്സാക്കി. ചെറിയമഠത്തിലെ വല്യച്ചനായിരുന്നു അതിലെ അദ്ധ്യക്ഷൻ. ഐക്കരപ്പടവിലച്ചനും കൂടെയുണ്ടായിരുന്നു. ഗായകസംഘക്കാരിൽ ചിലരും ഉണ്ടായിരുന്നു. നാലര മണിക്ക് യോഗം പിരിഞ്ഞു. അബ്രഹാം ശെമ്മാച്ചനും മറ്റും പഠിക്കുന്നു.

ചിങ്ങം 24 (സെപ്റ്റംബർ 9) വെള്ളി – ഇന്നേ ദിവസം മുറി പണിത ആശാരിമാർക്ക് സന്ധ്യയ്ക്കു ഭക്ഷണം കൊടുക്കുന്ന ഒരുക്കങ്ങളായിരുന്നു. സന്ധ്യയ്ക്കു പിണർക്കോടിയിലെ പേരപ്പൻ, കടുപ്പേൽ ആശാൻ, കൊച്ചിക്കാ ജ്യേഷ്ഠൻ, തലയ്ക്കലച്ചൻ, ശെമ്മാശ്ശന്മാർ, വല്യചേട്ടൻ മുതലായവരും, അഞ്ചൽ മാസ്റ്റർ, സ്കൂൾ വാധ്യാർ മുതലായവരും ഉണ്ടായിരുന്നു. ഒക്കെയും ഭംഗിയായിക്കഴിഞ്ഞു. അബ്രഹാം ശെമ്മാച്ചനും മറ്റും പഠിക്കുന്നു. അപ്പം, അവൽ മുതലായവയും ഉണ്ടായിരുന്നു. എല്ലാം അമ്മയുടെ വാത്സല്യം നിമിത്തം ആയിരുന്നു.

വൃശ്ചികം 16 (ഡിസംബർ 1) – ഇന്നേ ദിവസം കുർബ്ബാന ഉണ്ടായിരുന്നു. ഐക്കരപ്പടവിലച്ചൻ ആയിരുന്നു. ആശാരി നാടകശാലയിൽ ഇഷ്ടിക ഇടുന്നു. കൊച്ചിക്കായും മാട്ടേൽ ഇട്ടിയവിരയും സഹായിക്കുന്നുണ്ട്. ചാലിൽ ചെറിയാനും, മകനും വേലയ്ക്കു നിൽക്കുന്നു. കരിങ്ങനാമറ്റം ശെമ്മാച്ചനു ചൊറിയും, പനിയുമായതുകൊണ്ട് പഠിക്കാതെ താഴെ കിടക്കുന്നു. അബ്രഹാം ശെമ്മാച്ചനും, കൊച്ചുകൊച്ചും മറ്റും പഠിക്കുന്നു. ആശാനും മറ്റും കാപ്പി കൊടുത്തു. കരിങ്ങനാമറ്റത്തിലപ്പൂപ്പൻ കുളിപ്പുരയ്ക്ക് പണിയുന്നു. വലിയകൊച്ചുചേട്ടൻ ഇഷ്ടികയ്ക്കും കുമ്മായത്തിനും പോയി.

1086 കുംഭം 12 – ഇന്നേ ദിവസം ശെമ്മാശന്മാരും മർക്കോസും തോമാസും പഠിക്കുന്നു. ചാക്കോ കിഴക്കോട്ട് പോയി തിരികെ വന്നു. ആശാന്മാർക്ക് കാപ്പി കൊടുത്തു. പോത്തച്ചേട്ടൻ ഉച്ചവരെ കുശ്ശിനിജോലി നടത്തി. കൊച്ചുകത്തനാര് വന്നിരുന്നു. തറയത്ത് ഒരാൾ മരിച്ചുപോയി എന്ന് കേട്ടു. അഞ്ചൽ മാസ്റ്റർ വൈകിട്ട് വന്നിരുന്നു.

## 1912

1087 ചിങ്ങം 12 തിങ്കൾ: ഞാനും കടുപ്പേലാശാനും തലയ്ക്കൽ കൊച്ചും കൂടി കവലയ്ക്കൽ പോയി ചെറിയമഠത്തിൽ വലിയച്ചനെ കണ്ട് ദയറാ

യുടെ കാര്യത്തെപ്പറ്റി ആലോചിച്ചു. അച്ചന്റെ മറുപടി സന്തോഷപ്രദമായിരുന്നു.

വ്യാഴം 15 – ഇന്നേ ദിവസം പൊത്തൻപുറം എഴുതിച്ചു.

വെള്ളി 16 – പൊത്തൻപുറത്തിൽ പോയി.

27 – ആശാരിയെക്കൊണ്ടു കെട്ടിടത്തിനും കിണറിനും സ്ഥാനം കാണിച്ചു.

കന്നി 26 – ഇന്നേദിവസം പാമ്പാടിയിൽനിന്നു ആലുവായിലേക്കു പുറപ്പെട്ടു. രാത്രിയിൽ പഴയ സെമിനാരിയിൽ താമസിച്ചു.

27 രാവിലെ കോട്ടയം കച്ചേരിക്കടവിൽ നിന്നു ബോട്ടുകയറി ആലപ്പുഴയ്ക്കു പോയി. ഉച്ചയോടുകൂടി ആലപ്പുഴയിൽ എത്തി. അവിടെനിന്നും കൊച്ചിയിലേക്കു പുറപ്പെട്ടു. സന്ധ്യയോടുകൂടി കൊച്ചിയിലെത്തി. ബോട്ട് വഴിമദ്ധ്യേ ഉറച്ചുപോയതുകൊണ്ടു താമസിച്ചാണ് എത്തിച്ചേർന്നത്. രാത്രി കോട്ടയ്ക്കകത്ത് സുറിയാനിപ്പള്ളിയിൽ താമസിച്ചു. യൂദപ്പള്ളി രണ്ടും സന്ദർശിച്ചു.

1087 കന്നി 28. ബോട്ടിൽ എറണാകുളത്തെത്തി. അവിടെനിന്നും തീവണ്ടിയിൽ ആലുവായിക്കു പോയി. 9 മണിയോടുകൂടി ആലുവായിലെത്തി. ശീമറമ്പാന്മാർക്കായി കൊണ്ടുപോയിരുന്ന ഇടക്കെട്ടുകൾ മുറിമറ്റത്തു തിരുമേനിയെ ഏല്പിച്ചു. അതിൽ ഒന്ന് പ. പാത്രിയർക്കീസ് ബാവായ്ക്ക് കൊടുക്കണമെന്നുള്ള മുറിമറ്റത്തു തിരുമേനിയുടെ നിർദ്ദേശമനുസരിച്ചു തിരുമേനിയോടൊന്നിച്ചു അതു ബാവായ്ക്കു സമർപ്പിച്ചു അനുഗ്രഹം വാങ്ങിച്ചു. 11 മണിക്കുള്ള വണ്ടിയിൽ ബാവാ എഴുന്നെള്ളി.

29 – ഇന്നേദിവസം വി. കുർബ്ബാന ചൊല്ലി, പ്രസംഗിച്ചു. മുറിമറ്റത്തു തിരുമേനിയും ഉണ്ടായിരുന്നു. ചാല റമ്പാൻ, ഔഗേൻ റമ്പാൻ, വടകര റമ്പാൻ, മാണിക്കത്തനാർ മുതലായവരും കൂടെയുണ്ടായിരുന്നു. എറണാകുളത്തെത്തി കാക്കു അച്ചന്റെ പള്ളിയിൽ താമസിച്ചു.

30 – രാവിലെ കൊച്ചിയിലെത്തി. ബോട്ടിൽ ആലപ്പുഴയെത്തി. അവിടെനിന്നും കോട്ടയത്തെത്തി. വണ്ടിയിൽ പാമ്പാടിക്കു പോന്നു.

തുലാം 3 – ഇന്ന് പഴയസെമിനാരിയിൽ കുർബ്ബാന ചൊല്ലി. വെയിൽ ഉറച്ചുപോയതുകൊണ്ടു മനോരമയിൽ വിശ്രമിച്ചു. എല്ലാവർക്കും മനോരമയിൽനിന്നും കേമമായ ഭക്ഷണം കൊടുത്തു. എം. ഏ. അച്ചനും പീലിപ്പോച്ചനും തോപ്പിലച്ചനുമുണ്ടായിരുന്നു.

തുലാം 13 – മണർകാട്ടുപള്ളിയിൽ വി. കുർബ്ബാനചൊല്ലി, പ്രസംഗം

നടത്തി. പള്ളിയിൽ താമസിക്കണമെന്നു പള്ളിക്കാർ നിർബന്ധിച്ചു. കുർബ്ബാനയ്ക്കു കൈവിറയൽ ഉണ്ടായി.

16 – പഴയസെമിനാരിയിലെത്തി കൂറിലോസ് തിരുമേനിയെ കണ്ടു പല കാര്യങ്ങൾ സംസാരിച്ചു. അദ്ദേഹം വളരെ കോപിഷ്ഠനായിട്ടാണു സംസാരിച്ചത്.

18 – നാല്പതു ദിവസത്തേക്ക് ഒരു നോമ്പ് എടുക്കാൻ തീരുമാനിച്ചതനുസരിച്ച് ഇന്നേദിവസം ആരംഭിച്ചു.

29 – കക്ഷിതിരിവിൽ ഏതുഭാഗത്തു നില്ക്കണമെന്നു പള്ളിയിൽ ഒരു ആലോചന നടന്നു. ഒന്നും തീരുമാനിക്കാതെ പിരിഞ്ഞു.

വൃശ്ചികം 8 – വാകത്താനത്തെ റമ്പാച്ചൻ വന്നിരുന്നു.

10 – റമ്പാച്ചന് ഒരു ഏവൻഗേലി സമ്മാനിച്ചു.

25 – കോട്ടയം ചെറിയപള്ളിയിൽ ഒരടിലഹള നടന്നതായി കേട്ടു.

വൃശ്ചികം 27 – ജോർജ്ജ് ചക്രവർത്തിയുടെ കിരീടധാരണം ആയിരുന്നു.

29 – കല്ലൂപ്പാറ സ്വദേശി ഒരു ഹിന്ദുസന്യാസി വന്നുതാമസിക്കുന്നു. അയാൾ ഒരു ഭക്തനും ജ്ഞാനമുള്ളവനുമാണെന്നു തോന്നുന്നു.

ധനു 4 – ശെമ്മാശൻ മേൽമീശ കൂടുതലായി വെട്ടിച്ചതിനു അയാളോടു നീരസപ്പെട്ടു.

6 – സമരിയുടെ അപ്പീലു ട്രസ്റ്റികളെയും ഉൾപ്പെടുത്തി വിധിച്ചു.

12 – ചെറിയമഠം ഇന്നു സെമിനാരിയിൽവച്ചു പട്ടം ഏറ്റു.

17 – ഇന്നേദിവസം കടവുംഭാഗത്തു ശെമ്മാശന് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ പഴയസെമിനാരിയിൽവച്ചു കത്തനാരുപട്ടം നൽകി.

18 – കാക്കുളിലച്ചൻ മരിച്ചതായി കേട്ടു.

19 – മൂന്നു ദിവസത്തേക്ക് ഒരു പ്രത്യേക നോമ്പ് എടുത്തു നടത്തുന്നു.

20 – പാതാളവേതാളം എന്ന പുസ്തകത്തിന് എഴുതിയിരുന്നത് വന്നു ചേർന്നു.

23 – പ്രത്യേക മൂന്നുനോമ്പു വീടലായിരുന്നു. ഇരുപത്തഞ്ചുനോമ്പു വീടലായിരുന്നു. 10–15 നേർച്ചയുണ്ടായിരുന്നു.

27 – പഴയസെമിനാരിയിലെത്തി. തിരുമേനിയുമായി പല കാര്യങ്ങളും

സംസാരിച്ചു. തിരുമനസ്സുകൊണ്ടു തട്ടുള്ള ഒരു മുറിയിൽ താമസിക്കു ന്നെങ്കിൽ അതിന്റെ ഒരു മൂലയിൽ റമ്പാച്ചനും ഒരു മൂലയിൽ തിരുമേ നിയും താമസിക്കാം. ഒരു തുടം വെള്ളമെനിക്കെങ്കിൽ പകുതി റമ്പാ ച്ചനും എന്നു തിരുമേനി കല്പിച്ചു. കൂറിലോസ് തിരുമേനിയെ കണ്ടില്ല. അതിനു വല്യതിരുമേനിക്കിഷ്ടമില്ലായിരുന്നു. കൊച്ചച്ചൻ പട്ടമേറ്റശേഷം ആദ്യംചെയ്ത ഒരു ശുശ്രൂഷ ഒരു കുട്ടിയുടെ ശവമടക്കമായിരുന്നു.

മകരം 1 – ഇന്ന് കൊച്ചച്ചന്റെ പുത്തൻകുർബ്ബാനയായിരുന്നു. കവല യ്ക്കുപോയി (വാഴൂർ 14–ാംമൈൽ). മട്ടയ്ക്കലച്ചനും എം. എ. അച്ചനുമു ണ്ടായിരുന്നു. എം. എ. അച്ചൻ പ്രസംഗിച്ചു.

6 – ഇന്ന് കുർബ്ബാനയുണ്ടായിരുന്നു. മട്ടയ്ക്കലച്ചനുമുണ്ടായിരുന്നു. അച്ചൻ പ്രസംഗിച്ചു.

14 – സെമിനാരിയിൽ എത്തി താമസിക്കുന്നു. പാമ്പാടി പള്ളിയിലും കക്ഷിവഴക്കു പ്രബലപ്പെട്ടുതുടങ്ങി. റമ്പാച്ചന്റെ ആവശ്യങ്ങൾ മുട്ടു കൂടാതെ നടത്തണമെന്നു തിരുമേനി അച്ചനെ ശട്ടംകെട്ടിയിരുന്നു.

കുംഭം 3 – നിരണത്തു പള്ളികൂദാശയ്ക്കു പോയിരുന്നു. വല്യതിരുമേ നിയും അൽവാറീസ് മെത്രാച്ചനുമുണ്ടായിരുന്നു.

14 – പാത്രിയർക്കീസ് ബാവായ്ക്ക് അയയ്ക്കുന്നതിനുള്ള ഒരു കത്ത് എഴുതാൻ ഏല്പിച്ചിരുന്നത് എഴുതുന്നു.

18 – ഇന്നു കൊച്ചുകുഞ്ഞു മുതൽപേർ തേങ്ങാ ഇടുവിക്കാനും പൊത്തുകെട്ടിക്കാനും സെമിനാരിപ്പറമ്പിൽ വന്നു. കുറെ ജോലിയൊക്കെ ചെയ്യിച്ചു. തിരുമേനിയുടെ വിരോധം മൂലം മുഴുവനായില്ല. മല്പാനെ പിടി ച്ചുതള്ളുക മുതലായവ ചെയ്തു. തിരുമേനി മല്പാനിട്ട് ഒന്നു കൊടുത്ത തായും കേട്ടു.

19 – തിരുവല്ലായിൽ നിന്നും ആളുകളെ ക്ഷണിക്കാൻ തിരുമേനി പോയി.

20 – താഴത്തങ്ങാടിക്കാർ വന്നു തെങ്ങിന്റെ പൊത്തെടുത്തു.

22 – അൽവാറീസ് മെത്രാച്ചൻ സന്ധ്യയ്ക്കുശേഷം പോകുവാൻ ഒരു ങ്ങുന്നു.

27 – ഇന്നുമുതൽ കുറെ ആളുകളെ സെമിനാരിയിൽ താമസിപ്പിച്ചുവ രുന്നു.

മീനം 5 – സെമിനാരി, ചെറിയപള്ളി മുതലായവ പൂട്ടി.

13 – പാത്രിയർക്കീസ് കക്ഷിക്കാരും കാവലിട്ടു.

15 – ഒരു യാമനമസ്ക്കാരം എഴുതിവരുന്നു.

20 – തിരുവല്ലാ ആനപ്പാപ്പിയെ അടിച്ച് ആസന്നമരണനായി കിടക്കുന്നതായി കേട്ടു.

ഇടവം 7 – ഇന്നേദിവസം അബ്ദേദ് മിശിഹാബാവാ പുറപ്പെട്ടതായി അദ്ദേഹത്തിന്റെ ഒരു കമ്പി വന്നു.

**പഴയസെമിനാരി**

26 – ബാവാ ബാംഗ്ലൂരിൽനിന്നും പുറപ്പെട്ടതായി അച്ചന്റെ കമ്പികിട്ടി.

29 – ബാവായുടെ കൊച്ചിയിലേക്കുള്ള യാത്രയ്ക്കു കൊച്ചി ഗവർമ്മെന്റു വക മോട്ടോർ കാറും ഹജൂരിലെ ശിപായിമാരെയും അനുവദിച്ചിരിക്കുന്നതായി കമ്പിവന്നു.

മിഥുനം 3 – ശെമ്മാശന്മാർക്ക് ഊറാറായും ശുശ്രൂഷക്കുപ്പായവുമില്ലാതിരുന്നതുകൊണ്ടു തിരുമേനി വളരെ ദേഷ്യപ്പെട്ടു.

10 – ശുശ്രൂഷക്കുപ്പായം ഇല്ലാത്തതുകൊണ്ടു കുറെ ശെമ്മാശന്മാർ മനോരമയ്ക്കു കടന്നുകളഞ്ഞു.

14 – തിരുമേനി ബാവായെ കാണാൻ എറണാകുളത്തിനുപോയി.

25 – ബാവായെ ഗവർമെന്റും ജനങ്ങളും സ്വീകരിക്കരുതെന്നു സ്റ്റേറ്റു സെക്രട്ടറിയുടെ കമ്പി വന്നതായി കേട്ടു.

30 – സ്വന്തം കൈപ്പടയിൽ എഴുതിയ നമസ്ക്കാരപുസ്തകം ബയന്റു ചെയ്തു കിട്ടി. വളരെ പ്രയത്നിച്ചുണ്ടാക്കിയ ഈ പുസ്തകം കണ്ടിട്ടും കണ്ടിട്ടും കൊതി അടങ്ങുന്നില്ല.

കർക്കടകം 23 – രാജിയാലോചനക്കായി മെത്രാച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് കുര്യനും മറ്റും വന്നിരുന്നു. യോജിക്കാതെ പിരിഞ്ഞു.

26 – തിരുമേനിയോടൊന്നിച്ച് പരുമലയ്ക്കുപോയി. ഇവിടെ വന്നു ബാവായെ കണ്ടു.

1088 ചിങ്ങം 1 – പരുമല മൂന്നിന്മേൽ കുർബ്ബാനയുണ്ടായിരുന്നു. ശീമക്കാരാണ് വി. കുർബ്ബാന ചൊല്ലിയത്.

5 – പ. ബാവായെ കാണാൻ അനവധിയാളുകൾ വന്നുകൊണ്ടിരിക്കുന്നു. ബാവാ അവരെ അനുഗ്രഹിച്ച് സന്തോഷത്തോടെയാണ് പിരിച്ചയയ്ക്കുന്നത്.

19 – തിരുമേനി പരുമലയ്ക്കു പോകുന്നതിനു മുമ്പായി റമ്പാച്ചനു

സ്ഥാനം തരുന്നതിനെപ്പറ്റി പറഞ്ഞു. കാതോലിക്കായുടെ ആദ്യത്തെ പ്രവൃത്തി റമ്പാച്ചനിൽ ആകട്ടെ എന്നും മറ്റും പറയുകയുണ്ടായി.

25 – ചെറിയമഠത്തിൽ വല്യച്ചനെകണ്ടു സ്ഥാനമേല്ക്കുന്നതിനെ സംബന്ധിച്ചു അഭിപ്രായങ്ങളും മറ്റും അടങ്ങിയ ഒരു ലേഖനം കൊടുത്തു.

ആലാംപള്ളി സ്കൂളിന്റെ പണിക്കു 4 രൂപാ കൊടുത്തു.

30 – മുറിമറ്റത്തു തിരുമേനിയെ മപ്രിയാനായായി വാഴിക്കുന്നതുസംബന്ധിച്ച് സെമിനാരിയിലുള്ള ശെമ്മാശന്മാർക്കും മറ്റും ഒരു കാപ്പി നടത്തി. എല്ലാവർക്കും തൃപ്തിയായി. കാപ്പിക്ക് ഒന്നേമുക്കാൽ രൂപാ ചെലവായി.

ചിങ്ങം 31 – മുറിമറ്റത്തു മെത്രാച്ചനെ മപ്രിയാനായായി വാഴിച്ചു. നിരണത്തു പള്ളിയിൽ വച്ച്.

കന്നി 6 – പണിക്കരച്ചനും പീലിപ്പോസുവക്കീലും വന്നിരുന്നു. പുസ്തകം വേഗം എഴുതി തീർക്കണമെന്നും ബാവായെ പാമ്പാടിക്കു കൊണ്ടുപോകണമെന്നും മറ്റും പറഞ്ഞു.

തുലാം 16 – ബാവായെ കാണുന്നതിനു പരുമലയ്ക്കുപോയി. കൈമുത്തി. സമ്മാനങ്ങൾ കാതോലിക്കാബാവായുടെ മുറിയിൽ വയ്ക്കാൻ കല്പിച്ചു. അന്നു ബാവായ്ക്കും മറ്റും മാന്നാർ സ്കൂളുകാരുടെ മംഗളപത്രം ഉണ്ടായിരുന്നു. 30–ാമത്തെ വയസ്സിൽ സ്ഥാനമേല്ക്കണമെന്നു കാതോലിക്കാബാവാ സന്തോഷമായി കല്പിച്ചു.

17 – പരുമല പെരുനാൾ ആയിരുന്നു. പ. ബാവായും കാതോലിക്കാ ബാവായും റമ്പാച്ചനും കൂടെ മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. ബാവായ്ക്കും മറ്റും എം.ജി.എം. സ്കൂളുകാരുടെ മംഗളപത്രം ഉണ്ടായിരുന്നു. വൈദികയോഗവുമുണ്ടായിരുന്നു. വല്യമെത്രാച്ചൻ പ്രസംഗിച്ചു. എല്ലാവരും കരഞ്ഞു.

## 1913

1913 ഓഗസ്റ്റ് 18: ഇന്നേദിവസം ശീമകത്തുകളിൽ ചിലതെഴുതുന്നു. കുർബ്ബാന തക്സാ വി. പത്രോസിന്റെ ക്രമം എഴുതുവാൻ ആരംഭിച്ചെങ്കിലും മുൻപറഞ്ഞതിന്റെ ജോലി നിമിത്തം ഉപേക്ഷിക്കേണ്ടി വന്നു. ശീമകത്തു മുഴുവനും എഴുതിതീർത്തു. എനിക്കു കുപ്പായം തയ്ക്കുന്നതിലേക്കുള്ളതെടുത്ത് ബാക്കി കൊടുക്കണമെന്നു പറഞ്ഞ് വലിയ മെത്രാച്ചൻ ഒരു പവൻ തന്നു. ഞാൻ എഴുത്തുജോലി നിമിത്തം കടയിൽ പോയില്ല.

## 1914

1914 നവംബർ 18: ഇന്നേദിവസം ഇലവുക്കടുപ്പിൽ കപ്യാരുടെ അമ്മയ്ക്കു ഉപ്രീശ്മാ കഴിക്കാൻ പോയി. ടി സ്ത്രീ ഏറെ താമസിയാതെ മരിച്ചുപോയി. വലിയ ശെമ്മാശ്ശൻ, മീനടം ശെമ്മാശൻ മുതൽപേരും അപ്പൂപ്പനും കൂടെ താമസിച്ചുവരുന്നു. മഠത്തിലാശ്ശാൻ ഒരു പവന്റെ മോതിരം സമ്മാനിച്ചു.

## 1915

1090 ചിങ്ങം 12 – ഇന്നേ ദിവസം വി. മാതാവിന്റെ വാങ്ങിപ്പിന്റെ പെരുന്നാൾ (മാറാനായ) ആയിരുന്നു. ഞാൻ തെക്കൻ പാമ്പാടി പള്ളിയിൽ ആയിരുന്നു. ഐക്കരപ്പടവിലച്ചനും ശെമ്മാശനുമുണ്ടായിരുന്നു. പാമ്പാടിയിൽ അടി ലഹളയുണ്ടായതായി കേട്ടു.

## 1918

1918 ജൂൺ 14: ഇന്നേദിവസം രാവിലെ വി. കുർബ്ബാന ചൊല്ലി. മീനടം, തെക്കുഭാഗത്തെ പള്ളിക്കൂടത്തിൽ പോയി. മല്ലകാട്ടെ ഇട്ടിയൗരായെ അനുമോദിക്കുന്നതിനു കൂടിയ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. ചിറയ്ക്കൽ കുഞ്ഞാണു ഒരു മോതിരവും ഞാൻ ഒരു വടിയും സമ്മാനിച്ചു. വടിക്ക് ആറു രൂപ വില വരുന്നതാണ്. ഇടക്കര കുഞ്ഞൂഞ്ഞ് എനിക്കു സമ്മാനിച്ചതാണ്.

1918 നവംബർ 11, പഴയസെമിനാരി: ഇന്നേദിവസം തിരുമേനികളെ കണ്ട് ആശിർവ്വാദം വാങ്ങി. വലിയ തിരുമേനി 21 രൂപയും കണ്ടനാട്ടെ തിരുമേനി 10 രൂപയും ചെറിയമഠത്തിൽ സ്കറിയാ കത്തനാർ 3 രൂപയും തിരുമനസ്സിലെ അനന്തിരവൻ പീലിപ്പോസ് കശീശ്ശാ 1 രൂപയും ഇങ്ങനെ 35 രൂപ കിട്ടി. ഞാൻ ഇതൊന്നും കരുതിപോയതല്ല. ദൈവം ഇങ്ങിനെ തന്നതാണ്. കരുണയുള്ള ദൈവം കൃപ ചെയ്ത് ഈ ദേവാലയപണി അവസാനിക്കുന്നതുവരെ ഇങ്ങനെ ഓരോരുത്തരെകൊണ്ട് തരുവിക്കട്ടെ. ഞങ്ങൾ പത്തു മണിക്ക് പഴയസെമിനാരിയിൽ നിന്നു പുറപ്പെട്ടു നാലു മണിയോടുകൂടി ദയറായിൽ എത്തി.

## 1924

1924 മാർച്ച് 11 (1099 കുംഭം 28 ചൊവ്വ): ഇന്നേ ദിവസം മനോരമ പത്രം വി. പി. ആയി വന്നതിന് 2 രൂപാ 10 ചക്രം 2 കാശ് കൊടുത്തു. ഈപ്പൻ വശം തിരുനക്കരക്ക് 2 രൂപാ 14 ചക്രം കൊടുത്തയച്ചു. 2 മലയാള നമസ്കാര പുസ്തകവും, ഇടങ്ങഴി ചെറുപയറും, കുറെ കടലാസ്

മുതലായവയും വാങ്ങിപ്പിച്ചു. ആശാരിമാരിരുവരും വെള്ളയിടുന്നു. ആശാരിക്ക് 1 രൂപാ കൊടുത്തു. മത്തായിയും അബ്രഹാവും കുമ്മായം കൂട്ടുന്നു. ആലാമ്പള്ളിൽ നിന്നും 4 പാട്ട കുമ്മായം കൊണ്ടുവന്നു. ഐക്കരപ്പടവിലച്ചനെ കാണാൻ പോയി. അച്ചന് 1 രൂപായും കുറെ അരിയും, ഒരു ഏത്തക്കുലയും സമ്മാനമായി കൊടുത്തു. സന്ധ്യ കഴിഞ്ഞ് മഴ നന്നായി പെയ്തു.

1924 മാർച്ച് 18 (1099 മീനം 5 ചൊവ്വ): ഇന്നേ ദിവസം രാവിലെ ഐക്കരപ്പടവിൽ അച്ചനെ കാണാൻ പോയി. ഞാൻ അവിടെ എത്തിയപ്പോൾ അച്ചന് അല്പം ശ്വാസം മാത്രമേ ഉണ്ടായിരുന്നുള്ളു. ഞാൻ പ്രാർത്ഥന കഴിഞ്ഞ് ദയറായിലേയ്ക്ക് മടങ്ങിപ്പോന്നു. ദയറായിലെത്തി അല്പം കഴിഞ്ഞപ്പോൾ അച്ചൻ മരിച്ചുപോയി എന്ന് ആൾ വന്നു പറഞ്ഞു. ഏകദേശം 10 മണി ആയിക്കാണും. വീണ്ടും 3 മണിയോടുകൂടി അച്ചന്റെ വീട്ടിലെത്തി രണ്ട് തെശ്മെശ്ത്താ കഴിച്ച് മടങ്ങിപ്പോന്നു. പാമ്പാടിക്കണ്ടം, വല്ല്യമണ്ണിൽ, വയലപ്പള്ളിൽ, വട്ടമല, മണ്ണൂക്കടുപ്പിൽ എന്നീ പട്ടക്കാരും ഉണ്ടായിരുന്നു. വല്ല്യമണ്ണിൽ അച്ചൻ പാമ്പാടിക്കണ്ടത്തിലച്ചനോടൊന്നിച്ച് അങ്ങോട്ടും, ശേഷം അച്ചന്മാർ ദയറായിലേക്കും പോന്നു. ചെറിയമഠത്തിൽ സ്കറിയാ കത്തനാർ സന്ധ്യയോടുകൂടി ഇവിടെ വന്നിട്ടുണ്ട്.

1924 മാർച്ച് 19 (1099 മീനം 6 ബുധൻ): ഇന്നേ ദിവസം അച്ചന്മാരോടൊന്നിച്ച് ഐക്കരപ്പടവിലെത്തി 2 തെശ്മെശ്ത്താ കൂടി കഴിച്ചു. അനന്തരം കുട, കുരിശ് മുതലായ പള്ളിസാധനങ്ങളോടും, ജനക്കൂട്ടത്തോടും കൂടി അച്ചന്റെ മൃതശരീരം പാമ്പാടി പള്ളിയിലേക്ക് കൊണ്ടുപോയി. വഴിക്കുവെച്ച് ചെറിയമഠത്തിൽ ചെറിയ യാക്കോബു കത്തനാരും കൂടി. പള്ളിയിൽ വച്ച് 2 തെശ്മെശ്ത്തായും ചെറിയമഠത്തിൽ സ്കറിയാ കത്തനാരുടെ പ്രസംഗവും കഴിഞ്ഞ്, അനന്തര ചടങ്ങുകളെല്ലാം നിവർത്തിച്ച് മദ്ബഹായുടെ തെക്കുവശത്ത് അച്ചന്റെ മൃതശരീരം സംസ്കരിച്ചു. അച്ചന്മാരുടെ കാപ്പി പുത്തൻപുരയ്ക്കൽ നിന്നും കൊണ്ടുവന്നിരുന്നു. എല്ലാം ഏകദേശം 1 മണിയോടുകൂടി അവസാനിച്ചു. 2 മണിക്കുശേഷം തോട്ടയ്ക്കാട്ടച്ചനോടൊന്നിച്ച് ഞാൻ ദയറായിലേക്ക് പോന്നു. അച്ചൻ ഉടൻ തന്നെ വീട്ടിലേയ്ക്കു പോയി. കല്ലാശാരിമാർ മൂവരും വെള്ളയിടുന്നു. മദ്ബഹായുടെ മുകൾ മുഴുവനും മിനുക്കി തീർന്നു.

1924 ഏപ്രിൽ 5 (1099 മീനം 24 ശനി): ഇന്നേ ദിവസം രാവിലെ സ്കറിയാ കത്തനാർ വി. കുർബ്ബാന അണച്ചു. ശെമ്മാശനും, ഈപ്പനും, പീലിപ്പോസും ഉണ്ടായിരുന്നു. മണ്ണൂക്കടുപ്പിൽ കത്തനാർ വന്നു താമസിക്കുന്നു. മരയാശാരിമാർ കുഞ്ഞനും, മകനും, കൊച്ചുമകനും കതക് പണിയുന്നു. കല്ലാശാരിമാർ മദ്ബഹായുടെ വടക്കു വശത്തെ ഭിത്തിക്ക് മിനുക്ക്

കുമ്മായം ഇടുന്നു. അവർക്ക് 3 രൂപാ 3 ചക്രം കൊടുത്തു. ആലാമ്പള്ളിൽ കൊച്ചു കൊച്ചു ചേട്ടന്റെ വീട്ടിൽ നിന്ന് 1 ചക്കയും കുറെ നാളികേരവും കൊണ്ടുവന്നു. മത്തായി കുമ്മായം കൂട്ടുന്നു.

1924 ജൂലായ് 29 (1099 കർക്കടകം 14 ചൊവ്വ): ഇന്നേ ദിവസം, ഞാൻ ആദ്യം പുത്തൻ കുർബ്ബാന ചൊല്ലിയ ദിവസം ആയിരുന്നു. മഠത്തിലാശാൻ വന്നിരുന്നു. വഴക്ക് വളരെ കുറവുണ്ടായിരുന്നു. താഴത്തങ്ങാടി തൈപ്പറമ്പിൽ തോമ്മാച്ചനും, ലൂക്കോച്ചനും, ചെറിയമഠത്തിൽ സ്കറിയാ അച്ചനും, ചെമ്പകശേരിൽ ദെസ്തോസ് ചേട്ടനും ഓരോ എഴുത്തുകൾ അയച്ചു.

## 1929

1929 ഫെബ്രുവരി 12 ചൊവ്വ: ഇന്നേദിവസം കോട്ടയത്തു നിന്നു വന്നിരുന്ന കാറേൽ പാമ്പാടിക്കണ്ടത്തിലച്ചനോടും വട്ടമല അച്ചനോടുമൊന്നിച്ച് പഴയസെമിനാരിയിൽ വന്നു. വലിയ മെത്രാച്ചനും കുറിച്ചി മെത്രാച്ചനും ബഥനി മെത്രാച്ചനും പഴയസെമിനാരിയിലുണ്ടായിരുന്നു. ഇന്നേദിവസം മുഴുവനും വളരെ സങ്കടത്തോടും വേദനയോടും കൂടിയത്രെ കഴിച്ചുകൂട്ടിയത്.

1929 ഫെബ്രുവരി 13 ബുധൻ: ഇന്നേദിവസം കൊച്ചു മെത്രച്ചൻ വി. കുർബ്ബാന ചൊല്ലി. ഇന്ന് ഇന്നലത്തേതിൽ കൂടുതൽ മനസ്സമാധാനമുണ്ട്. കണ്ടഞ്ചിറ തോമ്മാ അഞ്ചു രൂപാ വിലയുള്ളതും മനോഹരവുമായ രണ്ടു ചെരുപ്പു കൊണ്ടുവന്നു. വലിയ തിരുമനസ്സുകൊണ്ട് മെത്രാൻസ്ഥാനം ഏൽക്കുമ്പോൾ ഉപയോഗിക്കേണ്ടുന്നതിനായി ഒരു മോതിരവും ആദ്യ കാതോലിക്കാ ബാവാ ഉപയോഗിച്ചിരുന്ന കുരിശും ഒരു ചുവന്ന കുപ്പായവും തന്നു.

1104 കുംഭം 4 (1929 ഫെബ്രുവരി 15 വെള്ളി): ഇന്നേദിവസം രാവിലെ വലിയ മെത്രാച്ചനും കൊച്ചു മെത്രാച്ചനും ബഥനി മെത്രാച്ചനും യാക്കോബു റമ്പാനും ഞാനും കൂടെ മനോരമയ്ക്കു പോയി. വലിയ മെത്രാച്ചൻ വി. കുർബ്ബാന ചൊല്ലി. കൊച്ചു മെത്രാച്ചനെ കാതോലിക്കായായി വാഴിച്ചു. അച്ചന്മാരും ജനങ്ങളും അനവധിയായിരുന്നു. എല്ലാം കഴിഞ്ഞ് ഞങ്ങൾ അഞ്ചു മണിയോടുകൂടെ പഴയസെമിനാരിക്കു പോന്നു.

1104 കുംഭം 5 (1929 ഫെബ്രുവരി 16 ശനി): ഇന്നേദിവസം രാവിലെ എല്ലാവരും കൂടെ മനോരമയ്ക്കു പോയി. കാതോലിക്കാ ബാവാ വി. കുർബ്ബാന ചൊല്ലി. എന്നെയും യാക്കോബു റമ്പാനെയും മെത്രാന്മാരായി വാഴിയ്ക്കുകയും ചെയ്തു. വലിയ മെത്രാച്ചനും കൊച്ചു മെത്രാച്ചനും

ഉണ്ടായിരുന്നു. ഇന്നലത്തേതിലും ഇരട്ടി ആളുകളും അച്ചന്മാരും ഉണ്ടായിരുന്നു. യോഗത്തിൽവച്ച് കണ്ണോത്ര ചെറിയാൻ ഒരു മോതിരവും വാളക്കട മാത്തുക്കുട്ടി ഒരു ചെറിയ സമ്മാനവും നൽകുകയുണ്ടായി. കെങ്കേമമായ എതിരേല്പോടുകൂടെ പഴയസെമിനാരിക്കു പോന്നു. രാത്രി വെടിക്കെട്ടും ഉണ്ടായിരുന്നു.

1104 കുംഭം 10 (1929 ഫെബ്രുവരി 21 വ്യാഴം), പഴയസെമിനാരി – പാമ്പാടി: ഇന്നേദിവസം ബാവാ വി. കുർബ്ബാന ചൊല്ലി. രണ്ടു മണിയോടുകൂടി ബാവായോടൊന്നിച്ച് പാമ്പാടി ദയറായിലേക്കു പുറപ്പെട്ടു. കോട്ടയത്തെ യോഗ്യന്മാരായ പലരും യാത്രയെ അനുഗമിച്ചിരുന്നു. എട്ടാം മൈലിൽ പാണമ്പടി കുട്ടിയുടെ വീട്ടിൽ കാപ്പി ഒരുക്കിയിരുന്നതിൽ സംബന്ധിച്ചു. അവിടെനിന്നും പുറപ്പെട്ടു പാമ്പാടി, മീനടം മുതലായ കിഴക്കൻ പള്ളിക്കാരുടെ എതിരേൽപ്പു സ്ഥലമായ ഒമ്പതാം മൈലിൽനിന്ന് എതിലേൽപ്പോടെ യാത്ര പുറപ്പെട്ടു. പാമ്പാടി ഗവണ്മെന്റു സ്കൂളിന്റെ പടിക്കൽ കെട്ടിഅലങ്കരിച്ചിരുന്ന പന്തലിൽ പ്രവേശിച്ച് വൈ.എം.സി.എ. ക്കാരുടെ മംഗളപത്രം സ്വീകരിക്കുകയും അവിടെനിന്നും പുറപ്പെട്ട് ആറു മണിയോടുകൂടി ദയറായിലെത്തി കിഴക്കൻ ഇടവകക്കാർ പ്രത്യേകം അച്ചടിച്ചു തയ്യാർ ചെയ്തിരുന്ന മംഗളപത്രം സ്വീകരിക്കുകയും ചെയ്തു. യോഗത്തിൽവച്ച് താഴത്തങ്ങാടി ഈ. ഐ. ലൂക്കോസ് സ്വർണ്ണ സ്ലീബാ സമ്മാനമായി നൽകുകയും ചെയ്തു. യോഗാനന്തരം പ്രാർത്ഥനയും അനന്തരം ബാവായുടെ ആശിർവ്വാദവും അതിനുശേഷം വെടിക്കെട്ട് മുതലായവയും കഴിഞ്ഞ് ജനം പിരിയുകയും ചെയ്തു. എട്ടാം മൈലിൽവച്ചു നടത്തിയ കാപ്പി സദ്യയിൽവച്ച് കന്നുകുഴിയിൽ കുഞ്ഞൂഞ്ഞ് അവർകൾ ഒരു കുരിശുമാല സമ്മാനിച്ചുവെന്നത് പ്രസ്താവ്യമാണ്.

1929 ഡിസംബർ 8: തിരുവനന്തപുരം: ഇന്നേദിവസം രാവിലെ കാതോലിക്കാ ബാവാ വി. കുർബ്ബാനയ്ക്കൊരുങ്ങി. 7 മണിയോടുകൂടി വൈസ്രോയിയും പത്നിയും അനുചരന്മാരും കുർബ്ബാന കാണുന്നതിനായി വന്നു. ഞങ്ങളാണ് കൈകൊടുത്ത് അവരെ സ്വീകരിച്ചത്. അവർ പള്ളിയിൽ പ്രവേശിച്ചു. ഉടൻതന്നെ മറ നീക്കുകയും വി. കുർബ്ബാന ആരംഭിക്കുകയും ചെയ്തു. ഞാൻ അവരുടെ അടുക്കൽ അല്പം തെക്കോട്ടുമാറി കിഴക്കുവശത്തായും അവർ ഇരുവരും പടിഞ്ഞാറുവശത്തായും അവരോടുകൂടെ ഉണ്ടായിരുന്നവർ വടക്കുഭാഗത്ത് രണ്ടു നിരയായുമാണ് ഇരുന്നത്. എല്ലാവരും അഴിക്കകത്താണിരുന്നതെന്നുള്ളതും പ്രസ്താവ്യമാണ്. ഞാൻ ഇരിക്കുമ്പോൾ അവർ ഇരിക്കയും ഞാൻ എണീക്കുമ്പോൾ അവർ എണീക്കയും ചെയ്തു. കുർബ്ബാനയാരംഭിക്കുന്നതിനു മുമ്പ് ഇന്നത്തെ കുർബ്ബാന പതിവുപോലെയുള്ളതു മാത്രമല്ല, വൈസ്രോയിയേയും ഭാര്യയേയും സംബന്ധിച്ചുള്ള ഒരു സ്തോത്രകുർബ്ബാനയാണെന്നും മറ്റും സി. എം. തോമസ്സു ശെമ്മാശൻ ഇംഗ്ലീഷിൽ ഒരു ചെറിയ പ്രസംഗം ചെയ്തു.

കുർബ്ബാനാനന്തരം കാതോലിക്കാ ബാവാ മദ്ബഹായിൽ നിന്നും ഇറങ്ങിവന്നു. പട്ടിൽ ബയന്റുചെയ്ത ഒരു സുറിയാനി കുർബ്ബാന തക്സാ പ്രഭുവിക്കും ഒരു സുറിയാനി ആണ്ടുതക്സാ പ്രഭുവിനും സമ്മാനിക്കുകയും പ്രഭുവിനേയും മറ്റും ആശിർവ്വദിക്കുകയും ചെയ്തു. മഹാറാണി തിരുവനന്തപുരം പള്ളിക്കു കാഴ്ചവെച്ചതായ വെള്ളിക്കുരിശും വൈസ്രോയിയെ കാണിച്ചു. മുൻ ചെയ്തപ്രകാരം ഞാൻ വൈസ്രോയിയെ കാറിന്റെ അടുക്കൽ വരെ കൊണ്ടുചെല്ലുകയും കൈകൊടുത്തു യാത്ര അയയ്ക്കുകയുമുണ്ടായി. വൈസ്രോയി എല്ലാവിധത്തിലും സന്തോഷിച്ചാണു പോയത്.

## 1947 ജനുവരി

1122 ധനു 25 വ്യാഴാഴ്ച (1947 ജനുവരി 9) – ... ഇന്നേ ദിവസം രാവിലെ നാലര മണിക്കു പള്ളിയിൽ പോയി പ്രാർത്ഥനയും അനന്തരം വി. കുർബ്ബാനയും ചൊല്ലി. കണ്ണാത്തുകുഴിയിൽ എളയമ്മയും കന്നുകുഴിയിൽ കുഞ്ഞൂഞ്ഞിന്റെ ഇളയ സഹോദരിയും മകൻ ... കുഞ്ഞിന്റെ ഭാര്യയും വന്നു. കോട്ടയിൽ നിന്നു കുറെ സാമാനങ്ങൾ കൊണ്ടുവന്നു. ഓലിക്കര കുഞ്ഞൂഞ്ഞിന്റെ രണ്ടാം മകന്റെ വിരുന്നു പ്രമാണിച്ചു ഏതാനും സാമാനങ്ങളും കൊണ്ടുവന്നു. എല്ലാവർക്കും കാപ്പി കൊടുത്തയച്ചു. കോരേച്ചന്റെ മൂത്ത മകനും അളിയനും ഭാര്യയുടെ ചേട്ടത്തിയുടെ ഭർത്താവും കോരേച്ചന്റെ അമ്മായിപ്പനും കൂടി ഈ വഴി വന്നു. ഓലിക്കര വിരുന്നിനു ശേഷം അന്നമ്മ കുറെ അരിയും മീനും മറ്റു സാധനങ്ങളും ...

1122 ധനു 26 വെള്ളി (1947 ജനുവരി 10) – ഇന്നേ ദിവസം രാവിലെ അഞ്ചു മണിക്ക് പ്രാർത്ഥനകൾ കഴിച്ചു. പ്രാർത്ഥനാനന്തരം വി. കുർബ്ബാന ചൊല്ലി. റിബേക്കായും വേറെ ഒന്നുരണ്ടു സ്ത്രീകളുമുണ്ടായിരുന്നു. കുറിയായും ശെമ്മാശനും ശുശ്രൂഷകരായിട്ടുണ്ടായിരുന്നു.

ഉമയാറ്റുകര പള്ളി കൂദാശയ്ക്ക് ചെല്ലണമെന്ന് കാണിച്ചയച്ചിരുന്ന എഴുത്തു കിട്ടി. ചെല്ലുന്നതിന് സാധിക്കില്ലെന്ന് പള്ളിക്കാരെ അറിയിക്കേണ്ടതിന് ബാവായുടെ ശെമ്മാശന്റെ പേർക്ക് മത്തായി വശം എഴുതിയയച്ചു. നാളെ ഇവിടെ വച്ചു കൂടുന്ന മാനേജിംഗ് കമ്മട്ടിക്കാരുടെ സദ്യയുടെ ആവശ്യത്തിലേക്ക് കുറെ തൈര് വാങ്ങുന്നതിന് ഓലിക്കര പോത്തച്ചനു കൊടുപ്പാൻ കുറിയായുടെയും തോമ്മായുടെയും കൈവശം കുറെ കാശ് കൊടുത്തയച്ചു. റിബേക്കാ ഇവിടെയുണ്ട്. പുത്തൻപുരയ്ക്കൽ കത്തനാർ വന്നിരുന്നു.

## 1957

1957 മാർച്ച് 19 (കാരാപ്പുഴ പള്ളി): ഇന്നേദിവസം രാവിലെ നമസ്കാരം നടത്തി. കൊച്ച് താമസിക്കുന്നു (യോഹന്നാൻ റമ്പാച്ചൻ). ചാമക്കാല കുഞ്ഞുകുഞ്ഞ് വന്നിരുന്നു.

ശെമ്മാശൻ ദയറായ്ക്കുപോയി. അരി മുതലായ സാധനങ്ങൾ എടുത്തു കൊടുത്തു. അവിടെ വിശേഷം ഒന്നുമില്ല എന്ന് അയാൾ വന്ന് പറഞ്ഞു. ഡോ. സന്തോഷ് പുത്രൻ (ഡോ. മാത്യൂസ് ജോർജ്) ജില്ലാ ആശുപത്രിയിൽ നിന്നു വന്നു പരിശോധിച്ചു. ക്ഷീണം കൂടുതൽ ആണ്.

നിരണത്തുകാരൻ ഒരാൾ നല്ല സ്ഥിരത ഇല്ലാതെ ഇവിടെ വന്ന് പ്രാർത്ഥിച്ച് ഇവിടെ താമസിക്കുന്നു.

*(പ്രൊഫ. കെ. എം. കുറിയാക്കോസ് എഴുതിയ ജീവചരിത്രത്തിൽ നിന്നും; പി. സി. യോഹന്നാൻ റമ്പാൻ, പാമ്പാടി ദയറാ ബുള്ളറ്റിനിലും പാമ്പാടി കത്തീഡ്രൽ പുനർ നിർമ്മാണ സ്മരണികയിലും പ്രസിദ്ധീകരിച്ച ഡയറിക്കുറിപ്പുകളിൽ നിന്നും ജോയ്സ് തോട്ടയ്ക്കാട് സമാഹരിച്ചത്.)*





# ദളം 3

# ഗുരു സ്മരണകൾ

# 1

# ഒരു തിരിഞ്ഞു നോട്ടം

## ഫാ. പി. സി. യോഹന്നാൻ റമ്പാൻ

ഒരു ശനിയാഴ്ച ദിവസം ഏകദേശം മൂന്നുമണിക്കാണ് ഞാൻ പൊത്ത മ്പുറത്തു ചെല്ലുന്നത്. എന്റെ കൈയിൽ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് ഇടാനുള്ള കുപ്പായം ഉണ്ട്. ഞാൻ അന്ന് പാമ്പാടിപ്പള്ളിയിൽ ശുശ്രൂ ഷയ്ക്ക് സംബന്ധിച്ചു വരികയായിരുന്നു. ഞാൻ ചെല്ലുമ്പോൾ മാർ ഗ്രിഗോറിയോസ് തിരുമേനി മുറിയുടെ വാതിലിനടുത്തു കസേരയിൽ കിഴ ക്കോട്ടഭിമുഖമായി ഇരിക്കുകയായിരുന്നു. തൂവാലയും താക്കോൽകൂട്ടവും തോളിൽ ഇട്ടിരുന്നു. ഞാൻ കൈമുത്തി. "സൗഖ്യം ആണോ" എന്ന് എന്നോടു ചോദിച്ചു. പിന്നീട് വിവരങ്ങൾ എല്ലാം ഞാൻ പറഞ്ഞു.

ഒരു ദിവസം ഇവിടെ മദ്ബഹായിൽ ശുശ്രൂഷിക്കുന്നതിനുള്ള ആഗ്ര ഹത്തോടു കൂടി വന്നതാണെന്നും, നാളെ പാമ്പാടിപ്പള്ളിയിൽ കടവും ഭാഗത്തച്ചന്റെ തവണയായതുകൊണ്ടാണ് ഇങ്ങോട്ടു പോന്നതെന്നും അറി യിച്ചു. തിരുമേനി എനിക്ക് പലഹാരങ്ങളും മറ്റും തന്നു.

വൈകിട്ട് ചോറുതരുവാൻ മത്തായിച്ചേട്ടനെ ചുമതലപ്പെടുത്തി. പിറ്റേ ദിവസം വിശുദ്ധ കുർബാന കഴിഞ്ഞ് പോകുവാൻ ഒരുങ്ങുമ്പോൾ തിരു മേനി ഇങ്ങനെ കല്പിച്ചു. "ഇപ്പോൾ അവധിക്കാലമാണല്ലോ. നീ ഇവിടെ താമസിക്കുക. വല്ലതും പഠിക്കാമല്ലോ. പള്ളിയിൽ ധൂപംവീശുകയും ചെയ്യാം." ഞാൻ സമ്മതിച്ചു. വീട്ടിൽചെന്ന് പിതാവിന്റെ അനുമതിയോ ടുകൂടി പിറ്റേദിവസം ഞാൻ തിരുമേനിയുടെകൂടെ താമസംതുടങ്ങി. പത്രം വായിച്ചുകേൾപ്പിക്കുക എന്നതായിരുന്നു എന്റെ പ്രധാന ജോലി.

സ്കൂൾ തുറക്കുന്നതിന്റെ പിറ്റേദിവസം ഞാൻ വീട്ടിൽ പോകുന്ന കാര്യം പറഞ്ഞപ്പോൾ തിരുമേനി ഇങ്ങനെ കല്പിച്ചു. "നീ ഇവിടെനിന്നു സ്കൂളിൽ പൊയ്ക്കൊള്ളുക. നാലുമണി വിടുമ്പോൾ പത്രവും എടു ത്തുകൊണ്ടുവന്നാൽ മതിയല്ലോ." അങ്ങനെ ഞാൻ ദയറായിൽ താമ സിച്ചുകൊണ്ട് സ്കൂളിൽ പോയിത്തുടങ്ങി. ചില ദിവസങ്ങളിൽ സ്കൂളിലെ വിശേഷങ്ങളും, അധ്യാപകർ തല്ലുന്ന കാര്യങ്ങളും, സ്കൂൾ മാനേജർ കരിങ്ങണാമറ്റത്തിൽ കൊച്ചുകോര കാർന്നോരെപ്പറ്റിയും ചോദിക്കും. സ്കൂളിൽ നിന്നു താമസിച്ചുവരുന്ന സന്ദർഭങ്ങളിൽ തിരുമേനി വഴക്കു പറയുക പതിവായിരുന്നു. വലിയ മഴയും, ഇടിയുമുള്ള സന്ദർഭങ്ങളിൽ തിരുമേനി ഞാൻ വന്നോയെന്ന് കൂടെക്കൂടെ അന്വേഷിച്ചുകൊണ്ടിരിക്കും. ഇടിമുഴക്കം തിരുമേനിക്ക് വളരെ ഭയമായിരുന്നു.

ഒരിക്കൽ ഞാൻ സ്കൂളിൽ നിന്നു വരാൻ അല്പം താമസിച്ചുപോയി. തിരുമേനി എന്നെ തിരക്കി കിഴക്കുവശത്തെ ഗേറ്റിങ്കൽ ഇറങ്ങി നില്ക്കു കയായിരുന്നു. ഞാൻ തിരുമേനിയെ അകലെവച്ച് കണ്ടപ്പൊഴേ ചെരുപ്പ് ഊരി റബർതോട്ടത്തിലെ വളക്കുഴിയിൽ ഇട്ടു. കൂടെയുള്ള ഞങ്ങളാരും തിരുമേനിയുടെ അടുത്ത് ചെരിപ്പുധരിച്ചുചെല്ലുക പതിവില്ലായിരുന്നു. അന്നു താമസിച്ചതിനു തിരുമേനി എന്നെ ശകാരിച്ചു. മുടി നീട്ടുന്നതും തിരുമേനിക്ക് തീരെ ഇഷ്ടമല്ലായിരുന്നു.

എന്നെ പരിചയമായതു മുതൽ തിരുമേനിക്ക് എന്നോട് പ്രത്യേക താൽപര്യമായിരുന്നു. അതിന് കാരണം മുളന്തുരുത്തി സുന്നഹദോസിൽ പാമ്പാടിപ്പള്ളിയെ പ്രതിനിധീകരിച്ചവരിൽ ഒരാൾ എന്റെ പിതാമഹന്റെ പിതാവായിരുന്നു. കൂടാതെ എന്റെ വല്യമ്മ വളരെ പ്രായമായി, കൂനു വന്ന് നടക്കാതായിട്ടും വടിയും കുത്തിപ്പിടിച്ച് വലിയ നോമ്പിലും മറ്റും പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി ദയറായിൽ എത്തുമായിരുന്നു.

സിക്സ്ത്തുഫോമിൽ പഠിക്കുമ്പോൾ എനിക്ക് ശെമ്മാശുപട്ടം തരുവാൻ തിരുമേനി ആഗ്രഹിച്ചു. വിവരം എന്നോടു പറഞ്ഞു. ഞാൻ ആഗ്രഹിക്കുന്നത് ഒരു അച്ചനാകണമെന്നാണെന്നു മറുപടി നൽകി. എന്നാൽ എന്റെ വീട്ടിൽ അതിനുള്ള സാമ്പത്തികശേഷി ഇല്ലാത്തതിനാൽ ആഗ്രഹം സഫലമാകുന്നതിനു പ്രയാസമാണെന്ന് അറിയിച്ചു. “കുഞ്ഞേ, കഴിവുകളൊക്കെ ദൈവം തരുന്നതാണ്.” ഇതായിരുന്നു തിരുമേനിയുടെ പെട്ടെന്നുള്ള മറുപടി. തിരുമേനി തുടർന്നു: “ഞാൻ പട്ടം ഏല്ക്കുമ്പോൾ എന്റെ വീട്ടിൽ കാര്യമായ വരുമാനം ഒന്നും ഇല്ലായിരുന്നു. പിതാവ് താമസിയാതെ മരിച്ചു. അദ്ദേഹം മരിക്കുമ്പോൾ അദ്ദേഹത്തിനു എന്നെക്കുറിച്ചു കുറെയെല്ലാം പ്രയാസമുണ്ടായിരുന്നു. എനിക്ക് കാല്ക്കുപ്പായമുള്ളപ്പോൾ കമ്മീശ് ഇല്ല, കമ്മീശുള്ളപ്പോൾ കാൽക്കുപ്പായമില്ല. അങ്ങനെയായിരുന്നു എന്റെ സ്ഥിതി. അവിടെനിന്നു ജീവനുള്ള ദൈവം എന്നെ ഈവിധത്തിലാക്കി. അതുകൊണ്ട് നിരാശപ്പെടേണ്ട.” എന്റെ പിതാവിനേയും വിളിച്ച് തിരുമേനി വിവരം പറഞ്ഞിട്ട് എനിക്കു പട്ടംതരുവാൻ നിശ്ചയിച്ചു. അങ്ങനെ ഒരു എട്ടുനോമ്പിന്റെ നാലാംദിവസം ഞായറാഴ്ച തിരുമേനി എനിക്ക് കോറൂയൊ സ്ഥാനം നല്കി. വിശുദ്ധ കുർബാന മദ്ധ്യേ തിരുമേനി പ്രസംഗിച്ചു. “ഇതു പാമ്പാടിക്കാരുടെ ആവശ്യത്തിനു ചെയ്തതല്ല. എന്റെ സ്വന്ത ആവശ്യത്തിന് ചെയ്യുന്നതാണ്; ആരും പ്രയാസപ്പെടേണ്ട.”

പിന്നെയും ഞാൻ സ്കൂളിൽ പൊയ്ക്കൊണ്ടിരുന്നു. ധാരാളം പഠിക്കുവാനുണ്ടായിരുന്നെങ്കിലും, ദയറായിലെ ജോലികളെല്ലാം ഞാൻ കൃത്യമായി ചെയ്തുകൊണ്ടിരുന്നു.

സ്കൂളിൽ നിന്നു വന്നാലുടനെ പത്രം വായിച്ചു കേൾപ്പിക്കുക, തുടർന്ന് സന്ധ്യാനമസ്ക്കാരം, അതിനുശേഷം വൈകിട്ട് വേദപുസ്തകം വായിച്ചുകേൾപ്പിക്കുക, ഭക്ഷണാനന്തരം സൂത്താറാ നമസ്ക്കാരം, ഡയറി എഴുത്ത് ഇവകഴിഞ്ഞ് പത്തുമണി ആകുമ്പോഴാണ് ഞാൻ പഠിക്കുവാൻ തുടങ്ങുന്നത്. പാതിരാനമസ്ക്കാരത്തിനു തിരുമേനി കൃത്യം 12-ന് എഴുന്നേല്ക്കും. അത് മുറിയിലിരുന്ന് രഹസ്യമായിട്ടാണ്. നോമ്പുകാലത്ത് മൂന്നരയ്ക്കും നാലിനും പള്ളിയിൽപോയി നമസ്ക്കാരം തുടങ്ങും. നമസ്ക്കാരത്തിനുശേഷം അനുതാപത്തിന്റെ മസുമൂറകൾ വായിച്ചുകേൾപ്പിക്കണം. അതുകഴിയുമ്പോൾ ആറര, ഏഴ് മണിയാകും. തുടർന്ന് തിരുമേനി വന്ന് കാപ്പി കുടിച്ചാലുടനെ എഴുത്തുകൾക്ക് മറുപടി എഴുതണം. അതും കഴിഞ്ഞ് ഒൻപതുമണിയാകുമ്പോൾ ഞാൻ സ്കൂളിൽ പോകും. ക്ലാസ് ഇല്ലാത്ത ദിവസങ്ങളിൽ തിരുമേനിയുടെകൂടെ പല സ്ഥലത്തും യാത്രചെയ്യുകയും ചെയ്യും.

ഞാൻ സ്കൂൾഫൈനൽ പരീക്ഷ പാസ്സായശേഷം തിരുമേനി കല്പിച്ചതനുസരിച്ചു ഞാൻ പഠനം തുടർന്നില്ല. തിരുമേനിയുടെ കൂടെനിന്ന് കുറെ സുറിയാനി പഠിച്ചു. താമസിയാതെ എനിക്കു കശ്ശീശാപട്ടം തരുവാൻ തിരുമേനി ആഗ്രഹിച്ചു. പ. കാതോലിക്കാബാവാ തിരുമേനിയെ വിവരം അറിയിച്ചു. പ. ബാവാതിരുമേനി കല്പിച്ചതനുസരിച്ച് ഞാൻ ബഹു. യോഹന്നാൻ മല്പാനച്ചന്റെ അടുത്തുചെന്ന് സുവിശേഷം തർജ്ജമചെയ്യാനും തക്സായിലെ ക്രമങ്ങൾ പരിശീലിക്കാനും ഒരു വർഷത്തോളം ചെലവാക്കി. തിരുമേനിക്ക് വിശുദ്ധ കുർബാന ചൊല്ലുവാൻ ക്ഷീണമായപ്പോൾ 1957 ജനുവരിയിൽ എനിക്ക് തിരുമേനി വൈദികപട്ടം തന്നു. ഏറ്റവും ഒടുവിൽ തിരുമേനി എനിക്കാണ് പട്ടം നൽകിയത്. അതിനുശേഷം ആർക്കും ഒരു പട്ടവും കൊടുത്തിട്ടുമില്ല. രണ്ടു മൂന്നു വർഷക്കാലം ഞാനും പ. തിരുമേനിയും കൂടി മാറി മാറി ദയറാ ചാപ്പലിൽ വി. കുർബാന അർപ്പിച്ചുകൊണ്ടിരുന്നു. തിരുമേനി നവപൂജാർപ്പണം ചെയ്ത അതേ തീയതിയിൽത്തന്നെ 1960-ൽ ഏറ്റവും ഒടുവിലത്തെ വി. കുർബാനയും ചൊല്ലി.

തിരുമേനിയുടെ കൃത്യനിഷ്ഠ എന്നെ വളരെയേറെ ആകർഷിച്ചിട്ടുണ്ട്. കൃത്യമായി ഡയറി എഴുതുന്നതിൽ വളരെ കണിശക്കാരനായിരുന്നു അദ്ദേഹം. ആദ്യകാലങ്ങളിൽ സ്വയം എഴുതുമായിരുന്നു. എന്നാൽ ശാരീരികമായി ക്ഷീണമായിക്കഴിഞ്ഞപ്പോൾ ഒപ്പമുള്ള ആരെക്കൊണ്ടെങ്കിലും എഴുതിക്കുമായിരുന്നു. തിരുമേനിയുടെ സുറിയാനി കൈപ്പട പ്രത്യേകം എടുത്തുപറയേണ്ട സംഗതിയാണ്. അച്ചടിയാണെന്നേ തോന്നൂ! തൂവൽ, മഷിയിൽമുക്കി എഴുതുകയാണ് പതിവ്.

ക്ഷീണമായപ്പോൾ മുതൽ ദയറായിലെ ഭരണകാര്യങ്ങൾ എല്ലാം തിരുമേനി എന്നെ ഏല്പിച്ചു. ഞാൻ മാർ ഈവാനിയോസ് തിരുമേനിയുടെ ആലോചനപ്രകാരം ഭരണകാര്യങ്ങൾ നടത്തിവന്നു. ചിലപ്പോഴെല്ലാം തിരുമേനി കല്പിക്കും "എല്ലാ കാര്യങ്ങളും പാറേട്ടേ മെത്രാച്ചനോട് ആലോചിച്ചേ നടത്താവൂ" എന്ന്.

1961 മുതൽ തിരുമേനിക്ക് ഓർമ്മക്കുറവും അസുഖങ്ങളും കൂടെക്കൂടെ വന്നുകൊണ്ടിരുന്നു. അന്നുമുതൽ തിരുമേനിക്ക് യാതൊരു വിധത്തിലും കോപമോ, ദേഷ്യമോ അശേഷം ഇല്ലായിരുന്നു എന്നുമാത്രമല്ല പലരേയും "കുഞ്ഞേ" "മകനേ" എന്നുമാത്രമാണ് വിളിച്ചുവന്നത്. ദിവസവും കുറഞ്ഞത് നാലുപ്രാവശ്യമെങ്കിലും ഏതെങ്കിലും കാര്യമോർത്ത് തിരുമേനി കരയുമായിരുന്നു. അങ്ങനെ വാർദ്ധക്യത്തിൽ അദ്ദേഹം ദുഃഖിതന്മാരിൽ തലവനായ മാർ ബർസൗമായെപ്പോലെ ആയിരുന്നു.

ക്ഷീണം കൂടുതലായി തുടങ്ങിയപ്പോൾമുതൽ നമസ്കാരം മുറിയിൽ വച്ചായിരുന്നു. ചിലപ്പോൾ ഞായറാഴ്ചയും ഇടദിവസവും പള്ളിയിൽവന്ന് വി. കുർബാനയനുഭവിക്കും. വളരെ ക്ഷീണമുണ്ടെങ്കിൽ മാത്രമേ പള്ളിയിൽ വരാതിരിക്കുകയുള്ളു. പള്ളിയിൽ വന്നാൽ ഒരു മറവിയും ഇല്ല. നമസ്ക്കാരത്തിനും മറവി സംഭവിക്കുകയില്ല. "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്ന് അപ്പോസ്തോലൻ പറഞ്ഞിരിക്കുന്നപ്രകാരം ചിലപ്പോൾ ഉച്ചനമസ്ക്കാരവും, സന്ധ്യാപ്രാർത്ഥനയും നാലും അഞ്ചും പ്രാവശ്യം നടത്തുമായിരുന്നു. അസുഖമായപ്പോൾമുതൽ നാലഞ്ചുവർഷം തിരുമേനിയുടെ എല്ലാ കാര്യങ്ങളും ഞാൻ തന്നെയാണ് നടത്തിവന്നിരുന്നത്.

രാവിലെ ദിനചര്യകൾക്കുശേഷം നമസ്ക്കാരം; ഏഴുമണിക്ക് കാപ്പി കൊടുക്കും. അനന്തരം തിരുമേനി കസേരയിൽ കിടക്കും. എട്ടുമണിയോടടുക്കുമ്പോൾ കട്ടിലിൽ കിടന്ന് ഒന്നു മയങ്ങും. ഒൻപതുമണിക്ക് എന്തെങ്കിലും മരുന്നോ, ടോണിക്കോ കൊടുക്കും. 12-ന് നമസ്ക്കാരം. തുടർന്ന് ഉച്ചഭക്ഷണം. അതിനുശേഷം കിടന്നുറങ്ങും. രണ്ടുമണിക്ക് എഴുന്നേല്ക്കുമ്പോൾ എന്തെങ്കിലും ശീതളപാനീയം കുടിക്കുവാൻ കൊടുക്കും. മൂന്നുമണിക്ക് പാലും ബോൺവിറ്റയും കൊടുക്കും. നാലുമണിക്ക് കാപ്പിയും പലഹാരങ്ങളും നല്കും. 5-ന് കുളിപ്പിക്കും. 5.30-ന് നമസ്ക്കാരം. അതിനുശേഷം ചിലപ്പോളൊക്കെ ഞാൻ കൈയേൽപിടിച്ച് മുറ്റംവഴി നടത്തുകയോ വീൽചെയറിൽ കയറ്റിക്കൊണ്ട് പോവുകയോ ചെയ്യും. എട്ടുമണിക്ക് അത്താഴം നല്കും. വൈകിട്ട് ഊണില്ല. പാൽ, റൊട്ടി, ബിസ്കറ്റ് ഇവയാണ് പതിവായിട്ട് കഴിക്കുന്നത്. തുടർന്ന് സൂത്താറാ കഴിഞ്ഞ് കിടക്കും. ഇങ്ങനെയായിരുന്നു തിരുമേനിയുടെ ഒരു ചുരുങ്ങിയ ദിനചര്യ. ഭക്ഷണമെല്ലാം ഞാൻ സ്പൂണിലെടുത്തു കൊടുക്കുകയായിരുന്നു.

അല്പം കഴിച്ചശേഷം "ഇനിയും എന്റെ കുഞ്ഞ് കഴിച്ചോ" എന്ന് പറയുമായിരുന്നു. ഞാൻ നിർബന്ധിച്ചു കഴിപ്പിക്കും. അപ്പോഴൊന്നും ദേഷ്യപ്പെടുകയില്ല. മതിയാവുമ്പോൾ തുപ്പിക്കളയും. അപ്പോൾ ഞാൻ നിറുത്തും. ചിലപ്പോൾ തിരുമേനി അടുത്തുനിൽക്കുന്നവരോടും കല്പിക്കും. "ഇയ്യാളാണ് എന്റെ കാപ്പിക്കാരൻ" എന്ന്. തിരുമേനി ഇപ്പോഴും ജീവനോടുകൂടി ഇരിക്കുന്നുവെന്നാണ് എനിക്കു തോന്നിപ്പോകുന്നത്. "കത്തനാച്ചാ" എന്നുള്ള വിളികേൾക്കുന്നത് എനിക്ക് വളരെ രസകരമായിരുന്നു.

തിരുമേനിയുടെ ആഗ്രഹപ്രകാരം പ്രവർത്തിപ്പാൻ എനിക്കു സാധിച്ചു എന്നാണ് എന്റെ വിശ്വാസം. തിരുമേനി കാലംചെയ്ത ഏപ്രിൽ 4–ാം തീയതി ഞായറാഴ്ച രാവിലെ ഞാൻതന്നെ വി. കുർബാന ചൊല്ലി. തിരുമേനിക്ക് വി. കുർബാന കൊടുത്തു. സുബോധത്തോടെ കാസായിൽനിന്നു വി. കുർബാന തിരുമേനി അനുഭവിച്ചു. കുരിശുവരയ്ക്കാൻ ശ്രമിച്ചു. ആ ഞായറാഴ്ച രാത്രിയിൽ പ. തിരുമേനി കാലംചെയ്തു. ജീവൻ പോകുന്ന നിമിഷംവരെയും ഞാൻ വെള്ളം തൊട്ടുകൊടുത്തുകൊണ്ടിരുന്നു. തിരുമേനി കാലംചെയ്യുന്നതിനു മൂന്നുദിവസം മുമ്പ് ഏറ്റവും ഒടുവിലായി എന്നോടു സംസാരിച്ചു. "കുഞ്ഞേ, ദൈവം കുഞ്ഞിനെ അനുഗ്രഹിക്കട്ടെ" എന്ന്. ഞാൻ സംതൃപ്തനായി.

തിരുമേനിക്ക് ഔപചാരിക വിദ്യാഭ്യാസം പ്രൈമറി തലത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും പഴയസെമിനാരിയിൽ അഞ്ചുവർഷം പഠിച്ചു. വട്ടശ്ശേരിൽ തിരുമേനി, മട്ടയ്ക്കൽ മല്പാനച്ചൻ എന്നിവരായിരുന്നു സെമിനാരിയിലെ അദ്ദേഹത്തിന്റെ മല്പാന്മാർ. അന്ന് തിരുമേനിയോടൊപ്പം കടുവുംഭാഗത്തച്ചൻ, പാമ്പാടിക്കണ്ടത്തിൽ വല്യച്ചൻ എന്നിവർ സെമിനാരിയിൽ പഠിക്കാനുണ്ടായിരുന്നു. തിരുമേനിക്ക് 14 ഉം പാമ്പാടിക്കണ്ടത്തിലച്ചന് 9 ഉം കടുവുംഭാഗത്തച്ചന് 7 ഉം വയസ്സായിരുന്നു പ്രായം. എല്ലാ തിങ്കളാഴ്ചയും പാമ്പാടിയിൽ നിന്ന് നടന്ന് കോട്ടയത്തെത്തും. വെള്ളിയാഴ്ച മടങ്ങിപ്പോരും.

രസകരമായ ആ യാത്രകളെപ്പറ്റി തിരുമേനി വളരെ തമാശയായി പറയുന്ന ഒരു കാര്യമുണ്ട്. കടുവുംഭാഗത്തച്ചനോട് മുന്നോട്ടു നടക്കാൻ പറയുമ്പോൾ പുറകോട്ടു നടക്കും. സെമിനാരിയിലെ പഠനം കഴിഞ്ഞ് പാമ്പാടിപ്പള്ളിയിൽ താമസിക്കുമ്പോഴാണ് മഴപെയ്യാതെ വറ്റിവരണ്ട വേനൽക്കാലത്ത് ജനങ്ങൾ കുടിവെള്ളത്തിനായി കേഴുമ്പോൾ മൂന്നു ദിവസം പള്ളിയിൽ ഉപവാസം നടത്തി മഴപെയ്യിച്ചത്.

പ. തിരുമേനിക്ക് പക്ഷിമൃഗാദികളോടുള്ള സ്നേഹം എല്ലാവർക്കും അറിയാവുന്നതാണ്. പ്രാവുകൾക്കും മറ്റും തിരുമേനി തന്നെ നെല്ല് കൊടുക്കു

മായിരുന്നു. ദയറായിൽ നെല്ലില്ലെങ്കിൽ ദൂരെ നിന്നും നെല്ല് കൊണ്ടുവന്ന് കൊടുക്കും. തിരുമേനി എല്ലാദിവസവും പ്രാർത്ഥനകഴിഞ്ഞ് മദ്ബഹായുടെ ജനാലകൾ അടയ്ക്കുന്ന ശബ്ദം കേൾക്കുമ്പോൾ പ്രാവുകൾ പറന്നുവന്ന് പള്ളിമുറ്റത്തെത്തും. തിരുമേനി വരുന്നത് ആ സമയത്താണെന്നവയ്ക്കറിയാം. തിരുമേനിയെ കണ്ടാലുടൻ അവ ചിറകിട്ടടിച്ച് സന്തോഷം പ്രകടിപ്പിക്കും. അവ തിരുമേനിയുടെ ശരീരത്തിൽ വന്നിരിക്കും.

പ്രാവുകളെ കൂടാതെ കാക്കകൾക്കും ധാന്യവും റസ്ക്കും ബിസ്ക്കറ്റുമൊക്കെ നൽകുമായിരുന്നു. അതിനദ്ദേഹം പ്രത്യേക കാരണവും പറയാറുണ്ടായിരുന്നു. ഏലിയാ ദീർഘദർശിക്ക് മരുഭൂമിയിൽ ദൈവനിയോഗമനുസരിച്ച് അപ്പം കൊടുത്തത്; അതുപോലെ വനാന്തരങ്ങളിൽ ക്രൈസ്തവസന്യാസിമാർക്ക് ദൈവം ആഹാരം കൊടുക്കുന്നത് കാക്കകൾ മുഖേനയാണ്. അതുപോലെ മറ്റു ജന്തുക്കളോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹപ്രകടനത്തിന് അനേകം ഉദാഹരണങ്ങളുണ്ട്. ജീവജാലങ്ങളെ സ്നേഹിക്കുവാനുള്ള കഴിവ് മഹാപരിശുദ്ധന്മാരായവർക്കേ സാധിക്കുകയുള്ളു. ഇപ്പോഴും അനേകം കാക്കകൾ ഇവിടെ വരാറുണ്ട്.

സഭാകാര്യങ്ങളിലും മറ്റും അദ്ദേഹത്തിന് വളരെ തീക്ഷ്ണതയായിരുന്നു. മുറിമറ്റത്തെ ഒന്നാം കാതോലിക്കാ ബാവായോട് വളരെ സ്നേഹവും ബഹുമാനവുമായിരുന്നു. പ. ബാവാ തിരുമേനിയാണ് അദ്ദേഹത്തിന് കശ്ശീശാ പട്ടവും റമ്പാൻ സ്ഥാനവും നൽകിയത്. ബാവാ തിരുമേനിക്ക് അദ്ദേഹത്തോടും അതിരറ്റ സ്നേഹമായിരുന്നു. പാമ്പാടിത്തിരുമേനിയെപ്പറ്റി അന്ന് ബാവാ പറഞ്ഞിരുന്നത്– എന്റെ റമ്പാച്ചൻ എന്നായിരുന്നു. മേടമാസത്തിൽ മുറിമറ്റത്തു ബാവായുടെ ശ്രാദ്ധപ്പെരുന്നാളിന് തിരുമേനി പാമ്പാക്കുടയിൽ പോകുമായിരുന്നു.

റമ്പാനായിരിക്കുമ്പോൾ കുറച്ചുകാലം പരുമല സെമിനാരിയിൽ താമസിച്ചു. അന്ന് പരുമലയ്ക്കു പോകുന്നുവെന്നറിഞ്ഞപ്പോൾ പാമ്പാടിയിലുള്ള ആളുകൾ മുഴുവൻ ദുഃഖിച്ചു. പ്രായമായവരൊക്കെ കരഞ്ഞു. ആറുമാസത്തെ പരുമലവാസത്തിനുശേഷം അദ്ദേഹം തിരികെപോന്നു. എന്നാൽ എല്ലാ വർഷവും ഒരാഴ്ചക്കാലത്തോളം പരുമലയ്ക്കു പോയി ഉപവാസം എടുക്കുന്ന പതിവ് തിരുമേനിക്കുണ്ടായിരുന്നു. ഉപവാസം കഴിഞ്ഞ് അവിടെ നിന്നു പോരുമ്പോൾ അവിടെയുള്ളവർക്കെല്ലാം കാപ്പി നൽകുമായിരുന്നു. തിരുമേനി ശെമ്മാശനായിരിക്കുമ്പോൾ പരുമല തിരുമേനിയെ കണ്ടിട്ടുണ്ട്. പരുമല തിരുമേനിയോട് വളരെയേറെ ഭക്തിയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

സഭാസ്നേഹം വളരെ തീക്ഷ്ണമായിരുന്നു. ദയറായും അതിന്റെ വസ്തുവകകളും തിരുമേനിയുടെ സ്വന്തമായിരുന്നു. എന്നാൽ അദ്ദേഹം

കാലംചെയ്യുന്നതിനുമുമ്പ് 1960–ൽ വസ്തുവകകളെല്ലാം സഭയ്ക്ക് എഴുതിക്കൊടുത്തു. എത്ര ഓർമ്മക്കുറവുള്ളപ്പോഴാണെങ്കിലും അദ്ദേഹം പറയുമായിരുന്നു. 'എന്റെ കാലം കഴിയുമ്പോൾ എല്ലാം സുറിയാനിസമുദായത്തിനായിരിക്കണം.'

സമാധാനത്തിൽ വളരെയേറെ ശുഷ്ക്കാന്തി കാട്ടിയിരുന്ന തിരുമേനിക്ക് കേസ്സ് എന്നു കേൾക്കുന്നതുതന്നെ വിഷമമായിരുന്നു.

തിരുമേനി ആദ്യകാലങ്ങളിലൊക്കെ കോപിഷ്ഠനാവാറുണ്ടായിരുന്നെങ്കിലും പ്രായമായിക്കഴിഞ്ഞപ്പോൾ ദേഷ്യമൊക്കെ മാറി. എന്നോട് വളരെയേറെ സ്നേഹമായിരുന്നു.

വല്യബാവാ ശീമയിൽ സഭാസമാധാനത്തെപ്പറ്റി സംസാരിക്കാൻ ചെന്നപ്പോൾ മലങ്കരയിലെ മെത്രാപ്പോലീത്തന്മാരെപ്പറ്റി പറഞ്ഞപ്പോൾ അപ്രേം പാത്രിയർക്കീസ് പ. ബാവാ തിരുമേനിയോട് ചോദിച്ചു.

'ഗ്രീഗോറിയോസിനെ എന്തിനു കൊള്ളാം?'

പ. ബാവാ തിരുമേനി പറഞ്ഞു.

'പരുമല മാർ ഗ്രീഗോറിയോസ് കഴിഞ്ഞാൽ ഇത്രയും ഒരു പരിശുദ്ധൻ മലങ്കരയിലില്ല.'

ഈ സംഭാഷണം ചെറിയമഠത്തിൽ സ്കറിയാ കത്തനാരുടെ 'യറുശലേം യാത്രാവിവരണം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തിരുമേനിയുടെ ഗുരുവായ മഠത്തിലാശാനോട് അദ്ദേഹത്തിന് തികഞ്ഞ ആദരവും സ്നേഹവുമായിരുന്നു. ഗുരുവിനും കുടുംബാംഗങ്ങൾക്കും അതുപോലെതന്നെ സ്നേഹവും ഭക്തിയും തിരിച്ച് ശിഷ്യനോടുമുണ്ടായിരുന്നു. ആശാന്റെ കുടുംബാംഗങ്ങൾ തിരുമേനിയെ കണ്ടാലുടൻ കാൽതൊട്ട് വന്ദിക്കുകയാണ് ചെയ്യുന്നത്.

ദീനാനുകമ്പയുടെ മൂർത്തിമദ്ഭാവമായിരുന്ന തിരുമേനിയുടെ ആഗ്രഹപൂർത്തീകരണമാണ് അഭയഭവൻ. അദ്ദേഹം കാലം ചെയ്യുന്നതിനുമുമ്പ് പണി ആരംഭിച്ചതാണെങ്കിലും അത് പൂർത്തിയായി കാണുവാൻ തിരുമേനിക്ക് സാധിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ മുപ്പതാം അടിയന്തിരത്തിന് അഭയഭവൻ ഉദ്ഘാടനം ചെയ്യുവാൻ സാധിച്ചു.

സായാഹ്നങ്ങളിൽ വിശ്രമത്തിനായി ദയറാമുറ്റത്തുള്ള മാവിൻചുവട്ടിൽ തിരുമേനി ഇരിക്കുമ്പോൾ നേരെ എതിർവശത്തുയർന്നുനിൽക്കുന്ന കാട്ടാൻകുന്നു കണ്ട് അദ്ദേഹം അവിടെ പോകണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുമായിരുന്നു. ഒരിക്കൽ പങ്ങടപ്പള്ളിയിൽ പോയപ്പോൾ തിരുമേനി

തന്റെ ആഗ്രഹം സാധിച്ചു. കാട്ടാൻകുന്നിന്റെ നെറുകയിൽനിന്നുകൊണ്ട് ദയറായും പരിസരവും നോക്കിക്കണ്ടു.

നോമ്പുകാലങ്ങളിൽ തിരുമേനി വളരെ നേരത്തെതന്നെ പള്ളിയിൽപോയി പ്രാർത്ഥിക്കുക പതിവായിരുന്നു. ആ ദിവസങ്ങളിൽ പ്രഭാതപ്രാർത്ഥന മൂന്നുമണിക്കാരംഭിക്കും. കുർബാനസമയത്ത് ചില പ്രധാനഭാഗങ്ങൾ വരുമ്പോൾ അദ്ദേഹം കരയുമായിരുന്നു.

കുർബാനയ്ക്കു മുമ്പുള്ള ഒരുക്കം വളരെ ചിട്ടയായിരുന്നു. എല്ലാം നന്നായറിയാമെങ്കിലും ഓരോ കുർബാനയുടെയും തലേന്ന് തക്സായും മറ്റും എടുത്ത് വായിച്ചു നോക്കി ക്രമീകരിച്ചുവയ്ക്കും.

1948-ൽതന്നെ തന്റെ കബർമുറി പണിത് കബറുണ്ടാക്കി അതിനു മുകളിൽ കട്ടിൽ കൊണ്ടുപോയിട്ട് അവിടെ ഇരിക്കുകയും ചെയ്യുമായിരുന്നു. തിരുമേനി ചിലപ്പോഴൊക്കെ പറയാറുള്ള കാര്യമാണ്, ഭൂമിയിലെ ചൂട് ഇത്ര കഠിനമാണെങ്കിൽ നരകത്തിലെ ചൂട് എത്ര കഠിനമായിരിക്കുമെന്ന്. "സ്വർഗ്ഗം പരിശുദ്ധന്മാർക്കുള്ളതാണ്. എനിക്ക് സ്വർഗ്ഗത്തിലെ ഏറ്റവും താഴത്തെ അറ്റത്ത് ഒരു തണുപ്പുള്ള സ്ഥലം കിട്ടിയാൽ മതിയായിരുന്നു."

നമ്മുടെ പിതാക്കന്മാർ നോമ്പുകൊണ്ടും നമസ്ക്കാരം കൊണ്ടും നേടിയ ആത്മശക്തി മാത്രമായിരുന്നു പ. പാമ്പാടി തിരുമേനിക്കും കൈമുതലായി ഉണ്ടായിരുന്നത്. ഏകദേശം 16 വർഷക്കാലം അദ്ദേഹത്തോടു കൂടി താമസിച്ച് ശുശ്രൂഷിക്കുവാൻ ഭാഗ്യം സിദ്ധിച്ച എനിക്ക് തിരുമേനിയുടെ ജീവിതവിശുദ്ധിയും, പ്രാർത്ഥനയിലും, നോമ്പിലും ഉള്ള നിഷ്ഠയും നേരിട്ട് മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രാർത്ഥനയിൽ കൂടി അദ്ദേഹം ദൈവത്തിന്റെ മുഖം ദർശിച്ചിരുന്നു. ലോകത്തേക്കാൾ അധികം ദൈവത്തെ സ്നേഹിച്ചിരുന്ന തിരുമേനി ദീനദയാലുവായിരുന്നു. 1962 ഡിസംബർ 8-ാംതീയതി തിരുമേനിക്ക് ദയറായിൽവച്ച് കന്തീലാ ശുശ്രൂഷ നടത്തി. ആ ശുശ്രൂഷാമദ്ധ്യേ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി (പ. ബസേലിയോസ് ഔഗേൻ ബാവാ തിരുമേനി) പ്രസംഗിച്ചപ്പോൾ 'ഇപ്പോൾ ജീവനോടെയിരിക്കുന്നുവെങ്കിലും ഭൗമികമായ യാതൊന്നിനെപ്പറ്റിയും ചിന്തിക്കാതെ, സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്യുന്ന ഒരു തിരുമേനിയാണ് ഇദ്ദേഹം. നമ്മുടെ സഭയിൽ ഇതുപോലെ വേറൊരു തിരുമേനി ഇന്ന് ഇല്ല. ഞങ്ങളൊക്കെ ഭൗമികകാര്യങ്ങളെപ്പറ്റിയും കൂടി ചിന്തിക്കുന്നവരാണ്. എന്നാൽ ഇദ്ദേഹമാകട്ടെ മരണത്തിനായി ഒരുങ്ങിക്കഴിയുന്നു' എന്ന് പറഞ്ഞു.

മരണത്തെപ്പറ്റിയും, മരണനാഴികയെപ്പറ്റിയും എപ്പോഴും ഓർക്കണമെന്ന് തിരുമേനി എല്ലാ പ്രസംഗത്തിലും പറയുമായിരുന്നു. 'മരണമുണ്ട് നിനക്കെന്നത് ഒരിക്കലും മറക്കൊല്ല' എന്ന പദ്യഭാഗവും, മരണം, ന്യായ

വിധി, മോക്ഷം, നരകം ഈ 4 കാര്യങ്ങളും നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണെന്നുള്ള വസ്തുതയും പ്രസംഗത്തിൽ എടുത്തു പറയുമായിരുന്നു.

അത്ഭുതങ്ങൾ നിറഞ്ഞതായിരുന്നു ആ ധന്യജീവിതം. യാദൃച്ഛികമായിട്ടാണെങ്കിലും മരണത്തിന്റെ കൃത്യസമയംപോലും അദ്ദേഹത്തിന്റെ വാച്ചിൽ കുറിച്ചുകാണിച്ചിരുന്നു. മരണത്തിന് ഏതാനും ആഴ്ചകൾക്ക് മുമ്പ് അദ്ദേഹം തന്നെ അവസാനമായി വൈൻഡുചെയ്തിരുന്ന പോക്കറ്റ് വാച്ച് 2 മണി 35 മിനിറ്റുകൾ കഴിഞ്ഞ അവസ്ഥയിൽ നിശ്ചലമായി. തിരുമേനി കാലം ചെയ്തതും ഏപ്രിൽ 5-ാം തീയതി 2.35-നായിരുന്നു.


നിരവധി വ്യക്തികൾക്ക് തിരുമേനിയിൽകൂടി രോഗസൗഖ്യവും അത്ഭുത സഹായങ്ങളും ലഭിച്ചിട്ടുണ്ട്. ഈ അപൂർവ്വശക്തി പൊത്തമ്പുറം മലയുടെ നിറുകയിൽ വനമദ്ധ്യേ പടുത്തുയർത്തിയ പർണ്ണശാലയിലെ തപസൊന്നു മാത്രമായിരുന്നു. താബോർമല അന്നൊരു കൊടുംകാടായിരുന്നു. ആ വനത്തിൽ വന്യമൃഗങ്ങളെപ്പോലും ഭയപ്പെടാതെ കുടിൽ കെട്ടി പാർക്കുവാൻ യൗവ്വനത്തിൽ തന്നെ ഈ യോഗിക്കു കഴിഞ്ഞു. ഇന്ന് അഭയഭവൻ, ബാലഭവൻ, സാങ്കേതിക വിദ്യാഭ്യാസകേന്ദ്രം, സെൻട്രൽ സ്കൂൾ ആദിയായ സ്ഥാപനങ്ങളുള്ള ഇവിടം പട്ടണതുല്യമാണ്.

കേരളം ദർശിച്ചിട്ടുള്ള മനുഷ്യസ്നേഹികളിൽ അദ്വിതീയനായിരുന്നു പാമ്പാടി തിരുമേനി. സാമൂഹ്യപ്രസ്ഥാനങ്ങൾ ഒന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ മനുഷ്യസ്നേഹപ്രേരിതനായി അദ്ദേഹം മറ്റുള്ളവർക്കു വാരിക്കൊടുത്തു. 'കൊടുക്കുന്തോറും ഏറിടും' എന്ന ആപ്തവാക്യം എത്ര അന്വർത്ഥമായിരുന്നു ഈ ദിവ്യജീവിതത്തിൽ. അടുത്തു ചെന്നവർ എല്ലാം തികഞ്ഞ സംതൃപ്തിയോടെ തിരിച്ചുപോയി. ഇത്ര അധികം കൊടുത്തവർ വേറെ ഇല്ല എന്നു തന്നെ പറയാം. ആരുമാരുമറിയാതെ ദാനം ചെയ്യുന്നതിലായിരുന്നു അദ്ദേഹം നിർവൃതി നേടിയിരുന്നത്. കൂടെയുള്ളവരറിയാതെ 100 രൂപാ നോട്ടുകൾ യാചകർക്കു കൊടുത്തിട്ടുള്ള ഒരു ദാനശീലനായിരുന്നു പാമ്പാടി തിരുമേനി എന്ന് നേരിട്ട് അറിയാവുന്നതാണ്. വിലയേറിയ ഉപഹാരങ്ങൾ ലഭിച്ചതുപോലും അദ്ദേഹം ദാനം ചെയ്തിട്ടുണ്ട്. പുതയ്ക്കാൻ ഒന്നുമില്ലാതെ വന്നവന് തന്റെ പുതപ്പ് എടുത്തുകൊടുത്തിട്ടുള്ള സംഭവങ്ങളുണ്ടായിട്ടുണ്ട്. പഠിക്കാൻ പണമില്ലാത്തവർക്ക് പണം നൽകി പഠിപ്പിച്ചു. ഒരിക്കൽ അത്താഴത്തിനുള്ള അരി മാത്രമേ ഉള്ളൂ എന്നറിഞ്ഞിട്ടും അതെടുത്ത് പാവങ്ങൾക്കു കൊടുത്തു. എന്നാൽ താമസിയാതെ ഒരു ചാക്ക് അരിയുമായി ഒരാൾ ദയറായിലെത്തുകയാണുണ്ടായത്.

ധനാഢ്യരെന്നോ, പാവപ്പെട്ടവരെന്നോ വിവേചനമില്ലായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റങ്ങൾക്ക്. എല്ലാവരിലും ഒരേ വ്യക്തിത്വം ദർശിക്കു

വാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ അപൂർവ സമീപനം, യഥാർത്ഥ ജീവിതത്തിലുണ്ടാവുക എളുപ്പമായ കാര്യമല്ല. മഹത്തായ ആദർശങ്ങൾ പ്രസംഗിച്ചതിലല്ല; പ്രവർത്തിച്ചതിലായിരുന്നു പാമ്പാടി തിരുമേനിയുടെ ജീവിതവിജയം. ഈ പരിശുദ്ധൻ സ്വജീവിതത്തിലൂടെ വരച്ചുകാണിച്ച മഹനീയമായ മാതൃകകൾ വരുംതലമുറയ്ക്ക് പ്രചോദനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, 1989 ഏപ്രിൽ 7)



**സി. ജി. രാമൻപിള്ള (മാത്തിലാശാൻ)**

# II

# ചില നിർദ്ദേശങ്ങളും യാഥാർത്ഥ്യങ്ങളും

പ്രാർത്ഥനയും നോമ്പും തിരുമേനിയുടെ ജീവിതത്തിലെ പ്രധാന ഘടകങ്ങളായിരുന്നു. അതിൽകൂടി തിരുമേനി ജീവനുള്ള ദൈവത്തിന്റെ മുഖം കാണുമായിരുന്നു. അതുപോലെതന്നെ മറ്റുള്ളവരുടെ പ്രയാസത്തിലും കഷ്ടപ്പാടിലും സഹാനുഭൂതിയുള്ള ആളായിരുന്ന തിരുമേനി അവർക്ക് വാരിക്കൊടുത്തു അവരെ സഹായിക്കുകയും അവർ പോയി കഴിയുമ്പോൾ അവരെ ഓർത്തു കരയുകയും ചെയ്യുമായിരുന്നു. ദയറായിലെ പ്രാവിനു നെല്ലു കൊടുക്കുന്നതുപോലെ തന്നെ അവിടെ വരുന്ന കാക്കയ്ക്കും പട്ടിക്കും ഭക്ഷണം കൊടുത്ത് അതിൽ തിരുമേനി സന്തോഷിക്കുമായിരുന്നു. ഒരു സമയത്ത് ദയറായിൽ 13 പൂച്ച വരെ ഉണ്ടായിരുന്നു. അടുത്തുള്ള വീടുകളിൽനിന്നും പട്ടിണിയായി വരുന്ന പട്ടിക്കും തിരുമേനിയുടെ മേശയിൽനിന്ന് അപ്പത്തിന്റെ നുറുക്കുകൾ കിട്ടുമായിരുന്നു. അവയും തിരുമേനിയോടും സ്നേഹത്തിലും അനുസരണത്തിലും കഴിഞ്ഞിരുന്നു. ഒരു സമയത്ത് ഒരു പെൺപട്ടി അതിന്റെ കുഞ്ഞിനെ കടിച്ചു കൊണ്ടുവന്ന് തിരുമേനിയെ കാണിച്ചത് ഈ ലേഖകൻ നേരിൽ കണ്ടതാണ്. 'നിന്റെ കുഞ്ഞിനെ കൊണ്ടുവന്ന് എന്നെ കാണിക്കണമെന്ന്' തിരുമേനി ആ പെൺപട്ടിയോട് പറഞ്ഞു. അതനുസരിച്ച് അതു പ്രവർത്തിച്ചു. മനുഷ്യനെക്കാൾ നന്ദിയുള്ളതാണ് ഈ പക്ഷിമൃഗാദികൾ എന്ന് അദ്ദേഹം പറയുമായിരുന്നു.

'കത്തനാരച്ചാ ഈ കുന്നംകുളംകാർ നമ്മുടെ ആൾക്കാരാണ്. അവർ എപ്പോൾ വന്നാലും അവരെപ്പറ്റി ഒരു കരുതൽ ഉണ്ടായിരിക്കണം' എന്ന് തിരുമേനി എന്നോട് പറഞ്ഞത് ഞാൻ ഓർക്കുന്നു. വിദേശികളായി വരുന്നവർക്ക് ഭക്ഷണം കൊടുപ്പാനും അവരുടെ താമസത്തിനും മറ്റും വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും തിരുമേനി അതീവ തൽപ്പരനായിരുന്നു. തിരുമേനിതന്നെ ചില സമയത്ത് അവർക്ക് ഭക്ഷണം വിളമ്പി കൊടുക്കുമായിരുന്നു. കുന്നംകുളത്തെ ആൾക്കാരും അതുപോലെ തിരുമേനിയോട് താൽപര്യമുള്ളവരായിരുന്നു.

1956–ൽ ദയറായിൽ ഇലക്ട്രിസിറ്റി കിട്ടിയപ്പോൾ കുന്നംകുളത്തു നിന്ന് ഒരു വ്യക്തി പള്ളിയിലെ വയറിങ്ങിനുള്ള സകല ചെലവും വഹിച്ച് അവിടെനിന്നും അതിനുള്ള ആളിനെ കൊണ്ടുവന്ന് ജോലി ചെയ്യിച്ചത് ഓർക്കുന്നു. 'എന്റെ കബറുങ്കലെ വിളക്ക് വെയ്ക്കലും ധൂപം വെയ്ക്കലും

മുടക്കരുതെന്ന്' തിരുമേനി കൽപിച്ചത് ഓർക്കുന്നു. പിതാക്കന്മാരെ ഓർക്കയും അവരുടെ കബറുങ്കൽ പോയി പ്രാർത്ഥിക്കയും ചെയ്യുന്നതു തിരുമേനിയുടെ പ്രത്യേകതയായിരുന്നു. പഴയസെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകൾക്ക് ക്രമമായി പോവുക, പ. പരുമല തിരുമേനിയുടെ കബറുങ്കൽ പോയി ആണ്ടിൽ ഒരാഴ്ച നോമ്പ് ആചരിച്ച് ഇരിക്കുക, തിരുമേനിയുടെ ഇടവകപ്പള്ളിയായ പാമ്പാടി വലിയപള്ളിയിൽ പോയി കുറഞ്ഞത് മൂന്നു ദിവസം ഉപവസിക്കുക എന്നിങ്ങനെയുള്ള ചില പ്രത്യേകതകൾ അദ്ദേഹത്തിനുണ്ടായിരുന്നു. മലങ്കരയിലെ രണ്ടാമത്തെ കാതോലിക്കാ ബാവായുടെ കബറുങ്കൽ ധൂപം വയ്ക്കാതെയും മണി അടിയ്ക്കാതെയും പ്രാർത്ഥന ഇല്ലാതെയും കിടക്കുന്നതിനെപ്പറ്റി തിരുമേനി ഓർത്തു ദുഃഖിക്കുമായിരുന്നു. അദ്ദേഹത്തിന്റെയും കൂടി പ്രാർത്ഥനയുടെ ഫലമായി അവിടെ മാറ്റങ്ങൾ വന്നതിൽ തിരുമേനിയുടെ ആത്മാവ് സന്തോഷിക്കുമെന്നുള്ളത് തീർച്ചയാണ്. തിരുമേനിയുടെ ആഗ്രഹംപോലെ ഇവിടെയും കബറുങ്കലെ രണ്ടു നേരവുമുള്ള ധൂപം വയ്പിന് വീഴ്ച വന്നിട്ടില്ല എന്നു പറയുന്നതിന് സന്തോഷമുണ്ട്. ഈ ലേഖകന് പട്ടം തരുന്ന കാര്യം പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായോട് പറഞ്ഞത്, ദയറായിലെ കാര്യങ്ങൾ നോക്കുവാനും എന്റെ കാലം കഴിയുമ്പോൾ എന്റെ കബറുങ്കൽ ധൂപം വയ്ക്കുവാനും വി. കുർബാന ചൊല്ലുവാനുംവേണ്ടിയാണ് ഞാൻ ഇയാൾക്ക് പട്ടം കൊടുക്കുന്നത് എന്നാണ്. അല്ലാതെ ഇയാളുടെ വീട്ടുകാർക്കുവേണ്ടിയോ പാമ്പാടിക്കാർക്കുവേണ്ടിയോ അല്ല എന്നും വ്യക്തമാക്കി. 1957 ജനുവരി മാസത്തിൽ ഞാൻ കശ്ശീശാ പട്ടം ഏറ്റു. അന്നു മുതൽ തിരുമേനിയുടെ ആഗ്രഹംപോലെ പ്രവർത്തിച്ചുവരുന്നു.

'ഞാൻ ശരീരപ്രകാരം നിങ്ങളെ വിട്ടു പോയാലും ആത്മാവിൽ നിങ്ങളോട് അടുത്തിരിക്കും' എന്നുള്ള തിരുമേനിയുടെ അന്ത്യകല്പന ഇപ്പോഴും ഞാൻ ഓർക്കുന്നു. ആ പുണ്യവാന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

*(പാമ്പാടി ദയറാ ബുള്ളറ്റിൻ, 2000 ജനുവരി)*

# III

# താബോർ മലയിലെ മുനിശ്രേഷ്ഠൻ

ആർഷഭാരതത്തിലെ മഹർഷിമാർ തപസ്സുകൊണ്ടു നേടിയ ആത്മ ശക്തി മാത്രമായിരുന്നു, പ. പാമ്പാടി തിരുമേനിയ്ക്കും കൈമുതലായി ഉണ്ടായിരുന്നത്. ഏകദേശം 16 വർഷക്കാലം അദ്ദേഹത്തോടുകൂടി താമ സിച്ച് ശുശ്രൂഷിക്കുവാൻ ഭാഗ്യം സിദ്ധിച്ച ബലഹീനനായ എനിക്ക് തിരു മേനിയുടെ ജീവിതവിശുദ്ധിയും, പ്രാർത്ഥനയിലും നോമ്പിലും ഉള്ള നിഷ്ഠയും നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രാർത്ഥനയിൽകൂടി അദ്ദേഹം ദൈവത്തിന്റെ മുഖം ദർശിച്ചിരുന്നു. ലോകത്തേക്കാൾ അധികം ദൈവത്തെ സ്നേഹിച്ചിരുന്ന തിരുമേനി ദീനദയാലുവായിരുന്നു.

കുന്നംകുളംകാരോട് തിരുമേനിക്ക് വളരെ താൽപര്യമായിരുന്നു. അവർ എപ്പോൾ വന്നാലും ഒരു പ്രത്യേക പരിഗണന ഉണ്ടാവണമെന്ന് പല പ്പോഴും പറയാറുണ്ടായിരുന്നു. കുന്നംകുളംകാർ തിരുമേനിക്ക് കൈതുറന്ന് കാഴ്ചകൾ കൊണ്ടുവരുമായിരുന്നു. അദ്ദേഹത്തിന്റെ മുപ്പതാം അടിയ ന്തിരത്തിന് പപ്പടം കുന്നംകുളംകാരുടെ വകയായിരുന്നു.

പ. പാമ്പാടി തിരുമേനിയും, കുന്നംകുളവും തമ്മിലുള്ള ബന്ധം സുവി ദിതമാണ്. ഏതാനും വർഷങ്ങൾക്ക് മുമ്പ് ആ നാട്ടിൽ പടർന്നു പിടിച്ച പകർച്ചവ്യാധിയിൽ നിന്നും അദ്ദേഹം നൽകിയ വിടുതലാണ് ആ ബന്ധ ത്തിന്റെ അടിസ്ഥാനം.

### ഒരു പ്ലേഗുബാധ

കുന്നംകുളത്ത് പ്ലേഗ് മരണം താണ്ഡവനൃത്തം ചെയ്തു. പ്രതിരോധ നടപടികളും ചികിത്സകളും ആധുനിക രീതിയിൽ വികസിച്ചിട്ടില്ലാത്ത കാലം. കുന്നംകുളത്തുനിന്നും ലഭിച്ച ഭീകരവാർത്തകൾ, അവിടേയ്ക്ക് കടന്നുചെല്ലുന്നതിന് പല സാമൂഹ്യ പ്രവർത്തകരേയും പിൻതിരിപ്പിച്ചു. പക്ഷെ മൊളോക്കായിലെ കുഷ്ഠരോഗികൾക്കിടയിലേക്ക് സ്വമേധയാ ഇറ ങ്ങിച്ചെന്ന ഫാ. ഡാമിയനെപ്പോലെ പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാ പ്പോലീത്താ ഈ മാരകരോഗത്തിന്റെ മധ്യത്തിലേയ്ക്ക് സുധീരനായി കടന്നുചെന്നു. കൈമുതലായി ഉണ്ടായിരുന്നത് പ്രാർത്ഥന മാത്രം. രോഗ ത്തിന് സമുദായഭേദമില്ലല്ലോ. കുന്നംകുളത്തുള്ള സകല മതസ്ഥരേയും രോഗം പിടികൂടിയിരുന്നു. യാതൊരു വിവേചനവും കൂടാതെ ഈ മഹർഷി ശ്രേഷ്ഠൻ രോഗബാധിതരെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും അവർക്ക്

ആശ്വാസം പകർന്നു കൊടുക്കുകയും ചെയ്തു. പള്ളികളിലൊന്ന് പ്ലേഗ് രോഗാശുപത്രിയാക്കി മാറ്റി കൊച്ചി സർക്കാരിനെ ഏല്പിച്ചു. വിശ്രമരഹിതമായ ഒരു കഠിനാദ്ധ്വാനമായിരുന്നു തിരുമേനി നിർവ്വഹിച്ചത്. അത്ഭുതകരമായി രോഗബാധ തിരോധാനം ചെയ്തു. മരണത്തിന്റെ പിടിയിൽ നിന്നും, പ്രാർത്ഥനയുടെ ശക്തിമൂലം പലരേയും അദ്ദേഹം വിമുക്തരാക്കി. അധികൃതർ വളരെ നിർബന്ധിച്ചെങ്കിലും ഈ മഹായത്നത്തിനിടയിൽ ഒരു പ്രതിരോധ കുത്തിവെയ്പിനും അദ്ദേഹം വശംവദനായില്ല. എങ്കിലും കുന്നംകുളത്തുനിന്നും തിരിച്ചുപോന്ന ദിവസം അദ്ദേഹം കുത്തിവെയ്പ് എടുത്തു. ഈ സാംക്രമികരോഗം സ്വന്തം നാടിനേയും പീഡിപ്പിക്കുവാൻ ഇടയാക്കരുതെന്ന് കരുതി.

തിരുമേനിയുടെ പ്രാർത്ഥനാഫലമായി പല അത്ഭുതങ്ങളുമുണ്ടായിട്ടുണ്ട്. പടിഞ്ഞാറേക്കര പി. സി. ഏബ്രഹാമിന്റെ സഹോദരിയെ പറവൂരിൽ വിവാഹം കഴിപ്പിച്ചിട്ടുണ്ട്. അവരുടെ പുത്രനാണ് ഡോ. റോയി. അദ്ദേഹം ചെറുതായിരിക്കുമ്പോൾ ഒരു പനി വന്നു. പനി വർദ്ധിച്ച് വല്ലാത്ത അവസ്ഥയിലെത്തി. അപ്പോൾ തിരുമേനി കാരാപ്പുഴ ചാപ്പലിലുണ്ട്. ഒരു ദിവസം പടിഞ്ഞാറേക്കര പുന്നച്ചൻ വന്ന് തിരുമേനിയോട് വിവരം പറഞ്ഞു. തിരുമേനി ഒരു കുപ്പിയിൽ വെള്ളം വാഴ്ത്തിക്കൊടുത്തശേഷം പറഞ്ഞു, ‘വിശ്വാസത്തോടെ ഈ വെള്ളം കൊടുത്താൽ മതി. രോഗം മാറിക്കൊള്ളും.’

തിരുമേനി വാഴ്ത്തിയ വെള്ളം കൊടുത്ത് അഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ കുട്ടി കണ്ണു തുറന്നു. രണ്ടു ദിവസത്തിനകം പനി പൂർണ്ണമായി കുറഞ്ഞു. പിന്നീട് കുട്ടിയുടെ മാതാവ് ദയറായിൽ വന്ന് ഉപവസിക്കാറുണ്ട്.

ധനാഢ്യരെന്നോ, പാവപ്പെട്ടവരെന്നോ വിവേചനമില്ലായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റങ്ങൾക്ക്. എല്ലാവരിലും ഒരേ വ്യക്തിത്വം ദർശിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

“മേടയിൽ കുടികൊള്ളും വൻ ധനാഢ്യനാകട്ടെ
പാളയും ചില്ലിക്കോലും പേറി യാചിച്ചു വഴി
നീളവേ നടന്നിടുമിരപ്പാളിയാവട്ടെ
സിദ്ധനാമിദ്ദേഹത്തിനല്പവും ഭേദമില്ല
ബദ്ധകൗതുകം രണ്ടുപേരിലും ഒരേഭാവം.”

(മഹാകവി പുത്തൻകാവു മാത്തൻ തരകൻ)

ഈ അപൂർവ്വ സമീപനം യഥാർത്ഥ ജീവിതത്തിലുണ്ടാവുക എളുപ്പമായ കാര്യമല്ല. മഹത്തായ ആദർശങ്ങൾ പ്രസംഗിച്ചതിലല്ല, പ്രവർത്തിച്ചതിലായിരുന്നു പാമ്പാടി തിരുമേനിയുടെ ജീവിതവിജയം.

ഈ പരിശുദ്ധൻ സ്വജീവിതത്തിലൂടെ വരച്ചുകാണിച്ച മഹനീയമായ മാതൃകകൾ വരുംതലമുറയ്ക്ക് പ്രചോദനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.


*(പാമ്പാടി ദയറാ ബുള്ളറ്റിൻ, 1991 ഏപ്രിൽ)*




**പി. സി. യോഹന്നാൻ**



**പി. സി. യോഹന്നാൻ ശെമ്മാശൻ**



**പി. സി. യോഹന്നാൻ കത്തനാർ**



**പി. സി. യോഹന്നാൻ റമ്പാൻ**

# IV

# നിഷ്ഠയുള്ള മഹാപുരോഹിതൻ

1965 ഏപ്രിൽ 5–നു 36–ാം ഞായറാഴ്ച വൈകിട്ട് ആണ് തിരുമനസ്സു കൊണ്ട് കാലം ചെയ്തത്. ആ ഞായറാഴ്ചയും തിരുമേനി വി. കുർബ്ബാന അനുഭവിക്കുകയുണ്ടായി. ഈ ലേഖകൻ വി. കുർബ്ബാന ചൊല്ലിയ കാസാ യിൽ നിന്നും, തിരുമേനി വളരെ ഓർമ്മയോടുകൂടി വി. കുർബ്ബാന അനു ഭവിച്ച് കുരിശു വരച്ചത് ഇപ്പോഴും ഓർക്കുന്നു. വി. കുർബ്ബാന ചൊല്ലു വാൻ ക്ഷീണമുണ്ടായിരുന്ന കാലത്തും, പലപ്പോഴും തലേദിവസം സൂത്താറാ നമസ്കാരം കഴിയുമ്പോൾ 'താൻ നാളെ വി. കുർബ്ബാന ചൊല്ലിക്കൊള്ളുക, എനിക്ക് ക്ഷീണമാണ്' എന്നു പറയുമായിരുന്നുവെ ങ്കിലും, രാത്രി പ്രാർത്ഥനയ്ക്ക് വരുമ്പോൾ ഞാൻ തന്നെ ചൊല്ലിക്കൊ ള്ളാമെന്നു പറയുകയും, തിരുമനസ്സുകൊണ്ട് ചൊല്ലുമ്പോഴൊക്കെ വി. യാക്കോബിന്റെ ക്രമം തന്നെ ചൊല്ലുകയും പതിവായിരുന്നു.

### വി. കുർബ്ബാനയ്ക്കുള്ള ഒരുക്കം

വി. വസ്ത്രങ്ങൾ സൂക്ഷിക്കുന്നത്, ശുശ്രൂഷകൻ വി. മദ്ബഹായിൽ പെരുമാറുന്നത് ആദിയായവ വളരെയേറെ നിഷ്ഠയോടും, ചിട്ടയോടും കൂടിയായിരുന്നു. ശുശ്രൂഷക്കാരെ കുപ്പായം ഇടാതെ ഒരിക്കലും വി. മദ്ബ ഹായിൽ പ്രവേശിക്കുവാൻ അനുവദിക്കുകയില്ല. ഞങ്ങൾ വി. മദ്ബഹാ അടിച്ചുവൃത്തിയാക്കുന്നതും കുപ്പായം ഇട്ടുകൊണ്ടായിരുന്നു. വി. കുർ ബ്ബാന കഴിയുന്നതുവരെ പുറജാതിക്കാരുമായി സംസാരിപ്പാൻ പാടില്ലെ ന്നായിരുന്നു തിരുമേനി പഠിപ്പിച്ചിരുന്നത്. വൈകിട്ട് സൂത്താറാ നമസ്കാരം കഴിഞ്ഞാൽ പിറ്റേദിവസം വി. കുർബ്ബാന കഴിയുന്നതുവരെയുള്ള ആയാ സത്തിന് തടസ്സം വന്നാൽ തിരുമേനി ശിക്ഷിക്കുമായിരുന്നു. 3 നോമ്പിലെ ബുധനാഴ്ച ഉച്ചയ്ക്കും, ദുഃഖശനിയാഴ്ച ഉച്ചയ്ക്കുള്ള വി. കുർബ്ബാന കഴിയുന്നതുവരെ പള്ളിയിൽ തന്നെ ഇരിക്കണമെന്നാണ് തിരുമേനിയുടെ ചിട്ട. പ്രാർത്ഥനയ്ക്കും, നോമ്പിനും, കുമ്പിടീലിനും ഒക്കെ തിരുമേനി വളരെയേറെ പ്രാധാന്യം നൽകിയിരുന്നു. സന്ധ്യനമസ്കാരം 5.30 മണി യ്ക്കാണ് എന്നു പറയുമായിരുന്നുവെങ്കിലും 5 മണിക്കു തന്നെ തിരു മേനി പള്ളിയിൽ എത്തുമായിരുന്നു. എട്ടര മണിയ്ക്ക് സൂത്താറാ നമ സ്കാരവും, രാത്രി 12 മണിക്ക് പാതിരായുടെ പ്രാർത്ഥന രഹസ്യമായും, തിരുമേനി നടത്തുമായിരുന്നു. 4 മണിക്ക് പള്ളിയിൽ പോയി രാത്രി, പ്രഭാതം എന്നീ യാമപ്രാർത്ഥനകൾ കഴിഞ്ഞ് രഹസ്യ പ്രാർത്ഥന യ്ക്കായി വി. മദ്ബഹായിൽ പ്രവേശിക്കുമായിരുന്നു. ഇങ്ങനെ പ്രാർത്ഥ നയിൽ മുഴുകി കഴിയുന്ന സ്വഭാവം, എല്ലാവർക്കും ദാനം ചെയ്ത് അവരെ

തൃപ്തിപ്പെടുത്തുന്ന സ്വഭാവം, സാധുക്കളേയും, പ്രയാസത്തിൽ കഴിയുന്നവരേയും കാണുമ്പോൾ അവരുടെ ജീവിതത്തിൽ പങ്കാളിയായി അവരെ ഓർത്തു കരയുന്ന സ്വഭാവം – ഇത് തിരുമേനിയുടെ ഒരു പ്രത്യേകതയായിരുന്നു.

ഓർമ്മകുറവുള്ള സമയത്ത് പ്രാർത്ഥന പല ആവർത്തി നടത്തുമെന്നല്ലാതെ പ്രാർത്ഥന മുടക്കുകയില്ല. തിരുമനസുകൊണ്ട് ഒറ്റയ്ക്ക് ഇരിക്കുമ്പോൾ പല ആവർത്തി ചൊല്ലുന്ന ഒരു പാട്ടിന്റെ ഈരടികൾ ഞാൻ ഓർക്കുന്നു.

'പാപി ഞാനതി പാപി ഞാൻ
പാപികളിൽ മുമ്പൻ തന്നെ
പാപ വിമോചകനേ നീയെൻ
പാപം ഒഴിച്ചരുൾ ചെയ്യണമേ.'

ഒരു പരിശുദ്ധൻ പാടിയ പാട്ടാണെന്ന് പറഞ്ഞുകൊണ്ടായിരുന്നു പലപ്പോഴും ഇത് പാടിയിരുന്നത്.

അടുക്കും ചിട്ടയുമുള്ള ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഡയറി എഴുതുന്നതിൽ വളരെ കൃത്യനിഷ്ഠ പാലിച്ചിരുന്നു. ആദ്യകാലങ്ങളിൽ തിരുമേനി സ്വന്തം കൈപ്പടയിൽ ഡയറി എഴുതിയിരുന്നു. അവസാനമായപ്പോൾ തിരുമേനി പറഞ്ഞു തരും. ഞങ്ങൾ എഴുതും.

തിരുമേനി കാലംചെയ്ത 1965 ഏപ്രിൽ 5-നു വരെയുള്ള ഡയറികൾ ഈ ലേഖകൻ സൂക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലിരിക്കുന്ന പള്ളിയുടെ പണിക്കാര്യങ്ങളാണ് ഡയറിയിലധികവും. പ്രസ്തുത പള്ളി പൊളിച്ചു പണിയുന്ന ഈ സമയത്ത് ഇതിന്റെ പണിയിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് സ്നേഹത്തോടെ ഓർപ്പിക്കുന്നു. ഇതു മൂലം തിരുമേനിയുടെ അനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(പാമ്പാടി ദയറാ ബുള്ളറ്റിൻ, 1989 ഏപ്രിൽ)

# V

# ദയറോയൂസോ ജീവിതം നയിച്ച പരിശുദ്ധ പാമ്പാടി തിരുമേനി

ദയറായ വ്രതത്തിന്റെ ക്രമീകരണം – കന്യാവ്രത ജീവിതം, ലോകത്തിൽ നിന്നകന്നുള്ള ത്യാഗപരമായ ജീവിതം – ക്രിസ്തുമതത്തിന്റെ ആരംഭം മുതൽതന്നെ കണ്ടുവരുന്നു. മരുഭൂമികളിലും, കുന്നുകളിലും, ഗുഹകളിലും ഒറ്റയായും രണ്ടുംമൂന്നും പേർ ഒരുമിച്ചും സന്യാസജീവിതം നയിച്ചിരുന്നു. പ. മാർ ഗ്രീഗോറിയോസ് ബാർ എബ്രായാ പറയുന്നത് കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം നൂറു വർഷങ്ങൾ കഴിഞ്ഞപ്പോൾ മുതൽ ദയറായവ്രതം അനുഷ്ഠിക്കുന്നവരെ കണ്ടുവരുന്നു എന്നാണ്. നാലാം നൂറ്റാണ്ടു മുതലാണ് ദയറോയൂസോ ക്രമീകൃതമായി ആരംഭിച്ചിട്ടുള്ളത്. നാലാം നൂറ്റാണ്ടിൽ അനേകായിരം നിർമ്മലരും തെരഞ്ഞെടുക്കപ്പെട്ടവരുമായ സന്യാസികൾ മരുഭൂമികളിലും വനാന്തരങ്ങളിലും ഉപവസിച്ചും പ്രാർത്ഥിച്ചും തങ്ങളുടെ ആയുസ്സ് കഴിച്ചുകൂട്ടിയിരുന്നു. ഈ ദയറാവാസികളായ ചിലർ വയലിൽ കൃഷിജോലികൾ നടത്തിക്കൊണ്ടിരുന്നു. മറ്റു ചിലർ തോട്ടകൃഷി ചെയ്തുപോന്നു. മറ്റു ചിലർ ആശാരിപ്പണിയും വേറെ ചിലർ കൊട്ടകൾ നെയ്തും കുപ്പായങ്ങൾ തയ്ച്ചും ജോലി ചെയ്തുവന്നിരുന്നു. ഇവരുടെ വസ്ത്രം ലളിതമായിരുന്നു. പഞ്ഞി കൊണ്ടോ കമ്പിളിരോമം കൊണ്ടോ നെയ്ത കുപ്പായം ധരിച്ചു ഇടക്കെട്ട് കെട്ടിയും ശിരസ്സിൽ കുബാത്തോ (മംസ്നഫ്സ) ധരിക്കുകയും കൈയിൽ വടി പിടിക്കുകയും ചെയ്തിരുന്നു. ഭക്ഷണം വളരെ ലഘുവായിരുന്നു. ചിലർ ദിവസത്തിൽ ഒരിക്കൽ ആഹാരം കഴിച്ചുപോന്നു. മറ്റു ചിലർ മൂന്നു ദിവസങ്ങളിലോ അഞ്ചു ദിവസങ്ങളിലോ ഒരിക്കൽ മാത്രം ഭക്ഷണം കഴിച്ചിരുന്നു. ദാനധർമ്മങ്ങൾ നടത്തിയും പാവങ്ങളെ സഹായിച്ചും പക്ഷിമൃഗാദികൾക്കു പോലും ഭക്ഷണം കൊടുത്തും പ്രാർത്ഥനയിലും നോമ്പിലും അവർ ജീവിതം കഴിച്ചുകൂട്ടി. ഇപ്രകാരമുള്ള കഠിന വ്രതാനുഷ്ഠാനത്തിൽകൂടി ആത്മീയ ആനന്ദം അനുഭവിച്ചിട്ടുള്ള ദയറായക്കാരുടെ ജീവിതമാണ് പ. പാമ്പാടി തിരുമേനി സ്വീകരിച്ചത്.

1885 ഏപ്രിൽ 5–ാം തീയതി ജനിച്ച സ്മര്യപുരുഷന് 21–ാം വയസ്സിൽ 1906 ജൂലൈ മാസം 8–ാം തീയതി പാമ്പാടി വലിയപള്ളിയിൽവച്ച് മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് തിരുമേനി കശ്ശീശ്ശാപട്ടവും പിറ്റേദിവസം റമ്പാൻ സ്ഥാനവും നൽകി. റമ്പാൻസ്ഥാനം ലഭിച്ചതിന്റെ പിറ്റേദിവസം പുത്തൻ കുർബ്ബാന ചൊല്ലി. മലങ്കരസഭയുടെ ചരിത്രത്തിൽ ഇത്ര ചെറുപ്പത്തിലെ റമ്പാൻസ്ഥാനം സ്വീകരിച്ച ചരിത്രം കാണുകയില്ല.

റമ്പാനായ ശേഷം അദ്ദേഹം പാമ്പാടി പള്ളിയിൽ താമസമാരംഭിച്ചു. മാർ യൂഹാനോൻ മാംദാനയുടെ ജീവിതമാതൃക അദ്ദേഹം പിൻപറ്റി. നോമ്പ്, പ്രാർത്ഥന, ഉപവാസം എന്നീ പാതകളിൽകൂടി പ്രയാണം ചെയ്തു. സഭയുടെ കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകൾക്കു പുറമേ ചില പ്രത്യേക നോമ്പുകളും അദ്ദേഹം ആചരിച്ചു വന്നിരുന്നു. എല്ലാ നോമ്പു ദിവസങ്ങളിലും അദ്ദേഹം സന്ധ്യവരെ ഉപവസിച്ചിരുന്നു. നോമ്പിനെപ്പറ്റി വി. പിതാക്കന്മാർ പറഞ്ഞിരിക്കുന്നത് "നോമ്പാകുന്ന ആയുധത്താൽ നമുക്ക് യുദ്ധം ചെയ്യാം. മിശിഹായിൽ പൂർണ്ണന്മാരായ നോമ്പുകാർ അതിനാൽ വിജയികളായിത്തീരുന്നു. നമ്മുടെ കർത്താവ് ദുഷ്ടനോടു അതിനാൽ പോരാടി. മലമുകളിൽവച്ച് മോശ അതിനാൽ വെണ്മ പ്രാപിച്ചു. ഏലിയാ അതിനാൽ രഥത്തിൽ ആരോഹണം ചെയ്തു. നീതിമാന്മാർ അതിനാൽ ശ്രേഷ്ഠരാകുകയും സഹദേന്മാർ കിരീടം ധരിക്കപ്പെടുകയും ചെയ്തു. അതിനെ നമുക്ക് നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു." ഇപ്രകാരമുള്ള നോമ്പനുഷ്ഠാനത്തിൽക്കൂടി തിരുമേനി ആത്മാവിൽ ശക്തിപ്പെട്ടു.

ഭാരതീയ മഹർഷിമാരുടെ ഗുരുകുല വിദ്യാഭ്യാസരീതിയാണ് തിരുമേനിയും സ്വീകരിച്ചിരുന്നത്. പാമ്പാടി പള്ളിയിൽ താമസിക്കുമ്പോഴും അവിടെനിന്നും പൊത്തൻപുറത്ത് ദയറായിൽ വന്ന് താമസിക്കുന്ന കാലത്തും ശെമ്മാശന്മാരും കുട്ടികളുമായി പലരും, കൂടെ താമസിച്ച് പഠിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തുവന്നിരുന്നു. കൊല്ലവർഷം 1086 കുംഭം 12-ാം തീയതിയിലെ ഒരു ഡയറിക്കുറിപ്പ് ചുവടെ ചേർക്കുന്നു.

"ഇന്നേ ദിവസം ശെമ്മാശന്മാരും മർക്കോസും തോമാസും പഠിക്കുന്നു. ചാക്കോ കിഴക്കോട്ട് പോയി തിരികെ വന്നു. ആശാന്മാർക്ക് കാപ്പി കൊടുത്തു. പോത്തച്ചേട്ടൻ ഉച്ചവരെ കുശ്ശിനിജോലി നടത്തി. കൊച്ചുകത്തനാര് വന്നിരുന്നു. തറയത്ത് ഒരാൾ മരിച്ചുപോയി എന്ന് കേട്ടു. അഞ്ചൽ മാസ്റ്റർ വൈകിട്ട് വന്നിരുന്നു."

പ്രാർത്ഥനയിൽ കൂടി ദൈവത്തിന്റെ മുഖം ദർശിച്ച ഒരു പുണ്യവാനാണ് പ. പാമ്പാടി തിരുമേനി. 'പ്രാർത്ഥനയെ കേൾക്കുന്നവനായ താൻ പ്രാർത്ഥിച്ചുവെങ്കിൽ പ്രാർത്ഥിക്കേണ്ടവനായ നീ പ്രാർത്ഥിക്കുന്നില്ലെങ്കിൽ നീ എവിടെ ചെന്നു നിൽക്കും. ഇടവിടാതെ പ്രാർത്ഥിക്കുവിൻ, മനുഷ്യന് മുറുകെപ്പിടിക്കാവുന്ന ആശ്രയം ദൈവം മാത്രമാണ്, എന്നെ ഈ നിലയിൽ ആക്കിയത് ജീവനുള്ള ദൈവമാണ്.' എന്നിപ്രകാരം തിരുമേനി പ്രസംഗത്തിലും അല്ലാതെയും പറയുമായിരുന്നു. ദൈവാശ്രയവും പ്രാർത്ഥനയുമായിരുന്നു തിരുമേനിയുടെ കൈമുതൽ. കാനോനിക പ്രാർത്ഥനയ്ക്കു പുറമേ തിരുമേനിയുടെ രഹസ്യ പ്രാർത്ഥന ശ്രദ്ധേയമായിരുന്നു. വി. മദ്ബഹായിൽ പ്രവേശിച്ച് വടക്കുവശത്തെ ജനലിന്റെ താഴെ പുൽപ്പാ

യിൽ ഇരുന്നുകൊണ്ട് രഹസ്യപ്രാർത്ഥന യാമംതോറും ഉള്ളത് മുട ങ്ങാതെ നടത്തുമായിരുന്നു. സ്വന്തം കൈപ്പടയിൽ എഴുതിയ സുറിയാനി പുസ്തകത്തിൽ വളരെ വിലയേറിയ പ്രാർത്ഥനകൾ അടങ്ങിയിരുന്നു. മാബൂഗിലെ മാർ പീലക്സിനോസിന്റെ പ്രാർത്ഥന, മാർ ഇഗ്നാത്തിയോ സിന്റെ മെമ്രോകൾ, ഓരോ ദിവസത്തെയും യാമംതോറുമുള്ള രഹസ്യ പ്രാർത്ഥനകൾ എന്നിവ അടങ്ങിയ ആ പുസ്തകം തിരുമേനിക്ക് ജീവ നായിരുന്നു. രഹസ്യപ്രാർത്ഥനയ്ക്കുശേഷം സുറിയാനി വേദപുസ്തകം വായിക്കും. പ്രാർത്ഥനയുടെ അവസാനത്തിൽ തിരുമേനി ഏങ്ങലടിച്ചു കരയുന്നത് ഈ ലേഖകൻ പലപ്പോഴും കണ്ടിട്ടുണ്ട്.

തിരുമേനിയുടെ സുറിയാനി കൈപ്പടയിൽ ഉള്ള പുസ്തകത്തിലെ ഒരു പ്രാർത്ഥനയുടെ പരിഭാഷ:

### പള്ളിയുടെ വാതിൽക്കൽ വച്ചുള്ള പ്രാർത്ഥന

ദീർഘക്ഷമയുള്ളവനും അനുഗ്രഹമുള്ളവനുമായ ഞങ്ങളുടെ കർത്താ വീശോമിശിഹാ, ഞാൻ ചെയ്ത എന്റെ ദോഷങ്ങളെയും എന്റെ തല യുടെ മേൽ കരേറിയ എന്റെ പാപങ്ങളെയും ഞാൻ ഏറ്റുപറയുന്നു. നിന്റെ വി. ദേവാലയത്തിൽ പ്രവേശിപ്പാൻ ഞാൻ യോഗ്യനല്ല. നിന്റെ ദയവുകൊണ്ട് അനുതാപത്തിന്റെ വാതിൽ എനിക്കു തുറന്നു തരണമേ. ജീവിപ്പിക്കുന്നതായ നിന്റെ വി. നാമം നിമിത്തം നിന്റെ അടുക്കലേയ്ക്ക് ഓടിവന്ന് രക്ഷപ്പെട്ടവരുടെ കൂട്ടത്തിൽ എന്നെയും നീ ആക്കണമേ. ആമ്മേൻ.

ഇതുപോലെയുള്ള പല പ്രാർത്ഥനകളും ഈ കൈയെഴുത്ത് പുസ്ത കത്തിൽ ഉണ്ട്. ഈ പ്രാർത്ഥനകൾ പലതും പരിശുദ്ധ പരുമല തിരു മേനി ഉപയോഗിച്ച പുസ്തകത്തിൽനിന്നും പകർത്തിയിട്ടുള്ളതാണ്.

### തിരുമേനിയുടെ ദീനാനുകമ്പ

മനുഷ്യസ്നേഹിയായ പാമ്പാടി തിരുമേനിയെപ്പറ്റി സ്നേഹസാന്ദ്ര മായ സ്മരണകൾ പലരുടെയും മനസ്സിൽ തങ്ങിനിൽക്കുന്നുണ്ടാവും. തിരുമേനി അത്യാസന്നനിലയിൽ ശയ്യാവലംബിയായി കഴിയുന്ന ദിവസ ങ്ങളിൽ അനേകം പാവങ്ങൾ ആ രോഗശയ്യക്കരികിലൂടെ കണ്ണുനീർ വാർത്തുകൊണ്ട് കടന്നുപോയിട്ടുണ്ട്. കഷ്ടപ്പെടുന്നവരെ കാണുമ്പോൾ ആ നല്ല ശമറിയക്കാരന്റെ ഹൃദയം ആർദ്രമായിത്തീരും. ആർദ്രത ചില പ്പോൾ തിരുമേനിയുടെ പൊട്ടിക്കരച്ചിലായി മാറും. ഭീകരങ്ങളോ ദയനീ യങ്ങളോ ആയ പത്രവാർത്തകൾ വായിച്ചുകേട്ടാൽ പോലും ആ ആർദ്ര മാനസൻ പൊട്ടിക്കരയുമായിരുന്നു. സഹായത്തിനായി സമീപിക്കുന്ന പാവപ്പെട്ടവരോടുള്ള അനുകമ്പ ചിലപ്പോൾ സകല സാമാന്യ പരിധിക ളേയും അതിലംഘിക്കും. ഒരിക്കൽ കൈപ്പെട്ടി തപ്പിയപ്പോൾ നാണയ

ത്തുട്ടുകളൊന്നും കിട്ടിയില്ല. കിട്ടിയത് ഒരു മോതിരമായിരുന്നു. യാതൊന്നും മടിക്കാതെ മോതിരമെടുത്ത് യാചകനു കൊടുത്തു. അറിഞ്ഞും അറിയാതെയും നൂറു രൂപാ നോട്ടുകൾ എടുത്തു പാവങ്ങൾക്ക് കൊടുത്തിട്ടുള്ള സന്ദർഭങ്ങളുണ്ട്. 'പൊതയ്ക്കാനൊന്നുമില്ല' എന്ന് പറഞ്ഞിട്ടുള്ളവർക്ക് തിരുമേനി ഉപയോഗിച്ചുകൊണ്ടിരുന്ന പുതപ്പുകൾ കൊടുത്തിട്ടുണ്ട്. ഒരിക്കൽ ഒരു കുഷ്ഠരോഗി തിരുമേനിയുടെ സന്നിധിയിൽ ചെന്നു. ബീഭത്സമായ ആ ശരീരം കണ്ട് തിരുമേനിയുടെ മനസ്സലിഞ്ഞ്, അയാളെ കൈക്ക് പിടിച്ച് നടത്തി, മുറിയിൽ കൊണ്ടുവന്ന് ഒരു കട്ടിലിൽ ഇരുത്തിയശേഷം സമൃദ്ധിയായി പലഹാരങ്ങൾ കൊടുത്തു. തിരുമേനി ധനസഹായം നൽകി. തിരുമേനി വിദ്യാഭ്യാസം ചെയ്യിച്ചിട്ടുള്ള പല യുവജനങ്ങളും ഉന്നത ബിരുദധാരികളായി പ്രശസ്ത നിലകളിൽ ഇന്ന് ജീവിക്കുന്നുണ്ട്.

തിരുമേനിയുടെ സഹാനുഭൂതി മനുഷ്യരോടു മാത്രമായിരുന്നില്ല. പക്ഷിമൃഗാദികളോടുപോലും അളവറ്റ ഭൂതദയ അദ്ദേഹത്തിനുണ്ടായിരുന്നു. അരിയുടെ ദൗർബല്യം കൊണ്ട് ദയറായിലെ നിത്യവൃത്തിക്ക് ഞെരുക്കം നേരിട്ട സന്ദർഭങ്ങളിലും കാക്കകളേയും, പ്രാവുകളെയും അരി വാരി വിതറി തീറ്റുന്നതിൽ തിരുമേനി ഉത്സുകനായിരുന്നു. 'ഏലിയ ദീർഘദർശിയെ പോറ്റിയ നല്ലവർ' എന്ന നിലയിലായിരുന്നു കാക്കകളെ തിരുമേനി കരുതിയിരുന്നത്; നിഷ്ക്കപട ജീവികളായ പ്രാവുകളെയും. ദയറായുടെ അടുത്തൊരു വീട്ടിലെ പട്ടി ഒരു സന്ദർഭത്തിൽ തിരുമേനിയുടെ മേശക്കരുകിലായി മുറ്റത്തു വന്നു നിൽക്കുക പതിവാക്കി. കൈ കൊണ്ട് തൊടാത്ത നല്ല മീൻ കഷണങ്ങളും ഒന്നാന്തരം പലഹാരങ്ങളും അദ്ദേഹം വാരിയിട്ടു കൊടുത്തു. ദയറായിലെ താമസക്കാർ പട്ടിയെ ഓടിക്കുവാൻ നടത്തിയ ശ്രമങ്ങൾ തിരുമേനിയെ കോപിഷ്ടനാക്കി. താമസിയാതെ പട്ടി പെറ്റു. 'നിന്റെ കുഞ്ഞിനെ കൂടെ കൊണ്ടുവരണം' എന്നു തിരുമേനി തിരുവായ് മൊഴിഞ്ഞു. ആ നിർദ്ദേശം മനസ്സിലാക്കിയിട്ടോ, എന്തോ അടുത്ത വരവിൽ ഒരു കുഞ്ഞിനെ കൂടെ കടിച്ചുപിടിച്ചു കൊണ്ടായിരുന്നു പട്ടി വന്നത്. അതീവ സന്തുഷ്ടനായിത്തീർന്ന തിരുമേനി വിഭവസമൃദ്ധമായ ഒരു സൽക്കാരം തന്നെ നടത്തുക ഉണ്ടായി.

ലളിതജീവിതം, ദീനാനുകമ്പ, അതിഥിസൽക്കാരം, പക്ഷിമൃഗാദികളായ ജീവജാലങ്ങളോടുള്ള സ്നേഹം, ത്യാഗസന്നദ്ധത, ദാരിദ്ര്യം, പ്രാർത്ഥന, ഉപവാസം, ആത്മതപനം എന്നിവ തിരുമേനി ജീവിതരീതിയാക്കി. തിരുമേനിയുടെ ദയറോയൂസോ വ്രതചര്യ സഭയ്ക്കും നാടിനും നാനാ ജാതി മതസ്ഥർക്കും അനുഗ്രഹപ്രദമായി ഇന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

(പാമ്പാടി ദയറാ ബുള്ളറ്റിൻ, 1998 ഏപ്രിൽ)

# VI

# ആദ്ധ്യാത്മിക ചൈതന്യത്തിന്റെ പ്രതീകം

"ലോകത്തേക്കാൾ അധികം ദൈവത്തെ സ്നേഹിച്ച ഈ തിരുമേനി തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനേയും സ്നേഹിക്കണമെന്ന് നമ്മെ പഠിപ്പിച്ചിരുന്നു. വിശ്വാസികൾ മരിച്ചാലും ജീവിക്കുമെന്നോർക്കണം. അഹറോൻ മരിച്ച് തന്റെ ജനത്തോടു ചേർന്നതുപോലെ തിരുമേനി ഇന്ന് സ്വജനത്തോട് ചേർന്നിരിക്കുകയാണ്." പാമ്പാടി തിരുമേനിയുടെ കബറടക്കവേളയിൽ പ. കാതോലിക്കാ ബാവാ ഔഗേൻ പ്രഥമൻ തിരുമനസ്സുകൊണ്ട് കല്പിച്ച് പ്രസ്താവിച്ച വാക്കുകളത്രേ ഇവ.

മരണത്തെ അഭിമുഖീകരിക്കുവാൻ അദ്ദേഹം ദീർഘകാലം ഒരുങ്ങിയിരുന്നു. ജീവിതകാലത്തുതന്നെ കബറും കബർമുറിയും പണികഴിപ്പിച്ച് ആ മുറിയിൽ ഇരുന്നുകൊണ്ട് ദീർഘമായ പ്രാർത്ഥനയും, ഏകാന്ത ധ്യാനവും നടത്തിയിരുന്ന തിരുമേനിയുടെ പ്രധാന ധ്യാനവിഷയം മരണാനന്തര ജീവിതമായിരുന്നു. മരണം പലർക്കും ഭീതിജനകമായ ഒരു വസ്തുതയാണല്ലോ? എന്നാൽ പരിശുദ്ധനായ പാമ്പാടി തിരുമേനിയുടെ കണ്ണുകൾ ദർശിച്ചത് മരണത്തിന്റെ ഇരുണ്ട തിരശ്ശീലയ്ക്കപ്പുറത്തുള്ള അവർണ്ണനീയമായ പ്രകാശധോരണി ആയിരുന്നു. വാർദ്ധക്യത്തിൽ വളരെയേറെ ആലസ്യവിധേയനായി, അൽപ്പം ഓർമ്മക്കുറവോടെ കഴിഞ്ഞുകൂടിയ വേളയിലും മരണത്തെപ്പറ്റിയും, മരണാനന്തര അവസ്ഥയെപ്പറ്റിയും അദ്ദേഹം പ്രബോധനങ്ങൾ നൽകിക്കൊണ്ടിരുന്നു.

പാമ്പാടിയിലെ പുരാതനമായ കരിങ്ങണാമറ്റം കുടുംബത്തിന്റെ ഒരു ശാഖയായ മൂലക്കര കുടുംബത്തിലാണ് സ്മര്യപുരുഷൻ ഭൂജാതനായത്. മൂലക്കര ശ്രീ. ചാക്കോയുടെയും വെള്ളക്കോട്ട് ശ്രീമതി ഇളച്ചിയുടെയും അഞ്ചാമത്തെ മകനായ തിരുമേനി കൊല്ലവർഷം 1060 മീനം 24-ാം തീയതി ഞായറാഴ്ച ജനിച്ചു. മാതാപിതാക്കൾ സാമ്പത്തികമായി വിഷമത്തിൽ കഴിയുന്നവർ ആയിരുന്നു. ചെറുപ്പകാലം, വല്യമ്മയുടെ കൂടെ പാമ്പാടി പള്ളിയുടെ സമീപത്തുള്ള മൂലക്കര പള്ളിത്താഴെ വീട്ടിൽ കഴിച്ചുകൂട്ടി. മഠത്തിലാശാന്റെ, ആശാൻ പള്ളിക്കൂടത്തിൽനിന്ന് സാമാന്യ ജ്ഞാനം ആർജ്ജിച്ച കുറിയാക്കോസ്, ആദ്ധ്യാത്മിക വിശ്വാസം നിറഞ്ഞ ഒരു ബാലനായിരുന്നു. വല്യമ്മ ശ്രീമതി ഉണിച്ചിയുടെ ദൈവഭക്തിയും കൊച്ചുമകനിലേക്ക് ധാരാളമായി പകർന്നുകൊണ്ടിരുന്നു. ആ കാലത്ത് പാമ്പാടി പള്ളിയുടെ ഭരണച്ചുമതലകൾ നടത്തിയിരുന്നത് പള്ളത്ത്

പാറപ്പുറത്ത് കത്തനാരും, കുമരകത്ത് കൊച്ചുകളത്തിൽ കത്തനാരും കൂടി ആയിരുന്നു. കുറിയാക്കോസിന്റെ പള്ളി ആരാധനയിലുള്ള താൽപ്പര്യം കണ്ടുകൊണ്ട് മേൽപ്പറഞ്ഞ വൈദികർ, ബാലനെ മദ്ബഹായിലെ ശുശ്രൂഷകനാക്കിത്തീർക്കുകയും, അധികം താമസിയാതെ പട്ടം കൊടുക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു.

വൈദികസ്ഥാനം ഏൽക്കുന്നതിനുള്ള സാമ്പത്തികബുദ്ധിമുട്ട് മുഖാന്തിരം പിതാവ് ആദ്യം സമ്മതിച്ചില്ലെങ്കിലും പിന്നീട് താൽപര്യം കാണിക്കുകയാണുണ്ടായത്. "എനിക്ക് കാക്കുപ്പായം ഉള്ളപ്പോൾ കമ്മീശ് കാണുകയില്ലായിരുന്നു. കമ്മീശുള്ളപ്പോൾ കാക്കുപ്പായം ഇല്ലായിരുന്നു. അവിടെനിന്നും എന്നെ ഈ സ്ഥാനത്തേക്കു കൊണ്ടുവന്നത് ജീവനുള്ള ദൈവം അത്രേ" എന്നിങ്ങനെ തിരുമനസ്സുകൊണ്ട് കല്പിക്കുന്നത് ഈ ലേഖകൻ പലപ്പോഴും കേട്ടിട്ടുണ്ട്.

കൊല്ലവർഷം 1074-ാമാണ്ടിൽ പാമ്പാടി പള്ളിയിൽവെച്ച് കടവിൽ മാർ അത്താനാസിയോസ് തിരുമേനി അദ്ദേഹത്തിന് ശെമ്മാശുപട്ടം നൽകി. തുടർന്ന് കോട്ടയം പഴയസെമിനാരിയിൽ വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ, ഇലവിനാമണ്ണിൽ സ്കറിയാ മല്പാൻ, ചക്കരക്കടവിൽ ഔസേപ്പ് കത്തനാർ എന്നിവരിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി. കൊല്ലവർഷം 1031 കർക്കിടകം 13-ാം തീയതി പാമ്പാടി മാർ യൂഹാനോൻ പള്ളിയിൽവച്ച് കത്തനാരുപട്ടവും, അതിനടുത്ത ദിവസം റമ്പാൻ പദവിയും സ്വീകരിച്ച് പിറ്റേദിവസം വി. പുത്തൻ കുർബാനയും ചൊല്ലിക്കൊണ്ടാണ് തിരുമേനി തന്റെ ആദ്ധ്യാത്മിക ജീവിതത്തിലേക്ക് പ്രവേശിച്ചത്. തുടർന്ന് പാമ്പാടി പള്ളിയിൽ തന്റെ താമസം ആരംഭിച്ചു. വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസിയോസ് തിരുമേനിയുടെ പ്രിയങ്കരനായിരുന്നു കുറിയാക്കോസ് റമ്പാൻ. റമ്പാച്ചന്റെ സുറിയാനി കൈപ്പടയുടെ സവിശേഷത കൊണ്ട് ശീമ കത്തുകൾക്ക് മറുപടി എഴുതിക്കുന്നത് അദ്ദേഹത്തെക്കൊണ്ടായിരുന്നു.

പാമ്പാടി പള്ളിയിലെ താമസം സഭയിലെ കക്ഷിവഴക്കുമൂലം ബുദ്ധിമുട്ടായി തോന്നിയ റമ്പാച്ചൻ 12 ഏക്കറോളം വരുന്ന കാടുപിടിച്ച പൊത്തമ്പുറം കുന്ന് മഠത്തിലാശാൻ നിന്നും വിലയ്ക്കു വാങ്ങുകയും കൊല്ലവർഷം 1085 കർക്കിടകം 15-ാം തീയതി മാർ കുറിയാക്കോസ് സഹദായുടെ പെരുനാൾ ദിനത്തിൽ ദയറായുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. തന്റെ ഏകാന്ത പ്രാർത്ഥനാജീവിതമാണ് അനേകരെ ഈ സ്ഥലത്തേക്ക് ആകർഷിച്ചത്. പ്രാർത്ഥനയാലും ഉപവാസത്താലും അദ്ദേഹം ദിവസങ്ങൾ കഴിച്ചുകൂട്ടി.

പൂർണ്ണവിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവർക്ക് ദൈവം എപ്പോഴും

സമീപസ്ഥനാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. യാതൊരു കാരണവശാലും യാമപ്രാർത്ഥനകൾ അദ്ദേഹം മുടക്കിയിരുന്നില്ല. യാത്രയിലായിരുന്നാലും കൃത്യസമയത്ത് പ്രാർത്ഥന നടത്തുമായിരുന്നു. കാനോനിക പ്രാർത്ഥനകൾക്കുശേഷം, രഹസ്യത്തിൽ കണ്ണീരൊഴുക്കി പ്രാർത്ഥിക്കുക എന്നത് അദ്ദേഹത്തിന്റെ ഒരു ദിനചര്യയായിരുന്നു. പ്രാർത്ഥനയിൽ ആരെങ്കിലും ഒരക്ഷരം തെറ്റിച്ചാൽ അപ്പോൾതന്നെ അതു തിരുത്തുകയും അയാളെ ശിക്ഷിക്കുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ മദ്ബഹായിലെ ശുശ്രൂഷയിലും, പെരുമാറ്റത്തിലും എല്ലാം വളരെ ഭക്തിനിർഭരമായ ഒരു മാതൃക നമുക്ക് ദർശിക്കുവാൻ കഴിയും. നോമ്പാചരണത്തിൽ അങ്ങേയറ്റം നീതിയുള്ളവനായിരുന്നു അദ്ദേഹം. ഇന്നു കാണുന്ന ദയറാ ചാപ്പലിന്റെ പണി പൂർത്തിയായത് 3 വർഷം കൊണ്ടാണ്. ഈ മൂന്നു വർഷക്കാലവും സന്ധ്യവരെ അദ്ദേഹം ഉപവസിച്ചിരുന്നു.

തിരുമേനിയുടെ ദയറാ ജീവിതത്തിൽ ആദ്യവസാനം വിശ്വസ്ഥതയോടെ ദാസ്യവൃത്തി അനുഷ്ഠിച്ചുപോന്ന "പൊട്ടൻ" 1971 ജൂലൈ 28-ാം തീയതി നിര്യാതനാവുകയും ഇവിടെത്തന്നെ ശവസംസ്കാരം നടത്തുകയും ചെയ്തു. "സ്വർഗ്ഗം ഉണ്ടെങ്കിൽ ഇവനു കിട്ടുമെന്ന്" തിരുമേനി പലപ്പോഴും പറയുമായിരുന്നു.

### ദയറായിലേക്ക് തിരിച്ചുപോകണം

ഏകദേശം 65 വർഷത്തിനു മുമ്പ് നടന്ന ഒരു സംഭവം ഒരു ദൃക്സാക്ഷിയിൽ നിന്നും കേട്ട വിവരം ചുവടെ ചേർക്കുന്നു.

തിരുമേനി റമ്പാച്ചനായി പൊത്തമ്പുറത്ത് താമസിക്കുന്ന കാലത്ത് കങ്ങഴ വയലപ്പള്ളിയിലെ ഏകദേശം 70 വയസ്സ് പ്രായം വരുന്ന ഒരു സ്ത്രീക്ക് ഭൂതോപദ്രവം ബാധിച്ചു. പല ചികിത്സകളും നടത്തിയിട്ടും സുഖം കിട്ടിയില്ല. ആ സ്ത്രീയെ അവരുടെ മക്കൾ കാളവണ്ടിയിൽ പൊത്തമ്പുറത്തു കൊണ്ടുവന്നു. ഒരാഴ്ചക്കാലം ഇവിടെ താമസിച്ച് നോമ്പ് എടുക്കുവാൻ റമ്പാച്ചൻ നിർദ്ദേശിച്ചു. പകൽ ഇവിടെ പള്ളിയിൽ ഇരിക്കുകയും വൈകിട്ട് ഇവിടെ അടുത്തുള്ള ചാരോത്തെ വീട്ടിൽ പോയി താമസിക്കുകയും ചെയ്യും. ഇവിടെ താമസിക്കുമ്പോഴും പള്ളിയിൽ വച്ച് ഒന്നു രണ്ടു പ്രാവശ്യം ഭൂതോപദ്രവം ഉണ്ടായി. നാലഞ്ച് ആളുകൾ പിടിച്ചാലും വളരെ ശക്തിയായി ബഹളം ഉണ്ടാക്കിക്കൊണ്ടിരുന്നു. റമ്പാച്ചൻ അടുത്തുചെല്ലുമ്പോൾ ഇത് അഗ്നിയാണ് അങ്ങോട്ടു നോക്കുവാൻ എനിക്ക് പ്രയാസമാണ് എന്നു പറഞ്ഞു കരയുമായിരുന്നു. ഒരാഴ്ചത്തെ ഉപവാസത്തിനുശേഷം കാര്യമായ സൗഖ്യം കിട്ടാതെ അവർ ഇവിടെ

നിന്നും മടങ്ങിപ്പോയി. പോകുന്നവഴി അവരുടെ ബന്ധത്തിൽപ്പെട്ട പറക്കാവിലെ ഒരു വീട്ടിൽ അവർ അന്ന് താമസിച്ചു. രാത്രിയിൽ അവർക്ക് ഒരു സ്വപ്നത്തിൽ തിരിച്ച് ദയറായിലേയ്ക്ക് പോകുവാൻ ആരോ പറയുന്നതായി തോന്നി. അതനുസരിച്ച് പിറ്റേ ദിവസം രാവിലെ തിരിച്ച് ദയറായിൽ കൊണ്ടുവന്നു. റമ്പാച്ചൻ അവരുടെ തലയിൽ കൈവെച്ച് പ്രാർത്ഥിക്കുകയും അവർ സൗഖ്യമായി തിരിച്ചുപോകയും ചെയ്തു.

(മലങ്കരസഭ മാസിക, ഏപ്രിൽ 1984)



**പാമ്പാടിത്തിരുമേനിയുടെ വിശ്വസ്ത സേവകനായിരുന്ന ഉപ്പൂട്ടിൽ തോമസിനു (പൊട്ടൻ) ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ പാരിതോഷികം നൽകുന്നു. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, ഡോ. ജോർജ് ജേക്കബ്, ഫാ. പി. സി. യോഹന്നാൻ എന്നിവർ സമീപം.**

# 2

# പൊത്തൻപുറത്തേയ്ക്ക്

## ഉലഹന്നാൻ വർഗീസ് വടകര

തിരുമേനി റമ്പാച്ചനായി പാമ്പാടിപ്പള്ളിയിൽ താമസിക്കുമ്പോൾ ഞാൻ പള്ളിവാതിൽക്കൽ സ്കൂളിൽ പഠിക്കുകയായിരുന്നു. അന്ന് സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്ന മഠത്തിലാശാനോട് അദ്ദേഹം വളരെയേറെ അടുപ്പം പുലർത്തിയിരുന്നു. എല്ലാ കാര്യങ്ങളും ആശാനോട് അദ്ദേഹം പറയുമായിരുന്നു.

എല്ലാ ദിവസവും നാലു മണിക്ക് സ്കൂൾ വിട്ടാൽ ആശാന്മാർക്കും കുട്ടികൾക്കുമെല്ലാം തിരുമേനി കാപ്പി കൊടുക്കും. വട്ടമല അച്ചനായിരുന്നു തിരുമേനിയെ ശുശ്രൂഷിച്ചിരുന്നത്. അദ്ദേഹത്തെ കൂടാതെ വളരെയാളുകൾ സുറിയാനി പഠിക്കാൻ അവിടെ താമസിക്കുന്നുണ്ടായിരുന്നു. കൂടാതെ ഇടവകയിൽ തന്നെയുള്ള ചിലർ രാത്രിയിൽ പള്ളിയിൽ പോയി കിടക്കാറുണ്ടായിരുന്നു. ആരു ചെന്നാലും എന്തെങ്കിലും കൊടുക്കാതെ വിടുകയില്ലായിരുന്നു.

ആ കാലഘട്ടത്തിലാണ് കക്ഷിത്തർക്കം വർദ്ധിച്ചത്. ആദ്യകാലത്ത് ഒരുമിച്ചു നിന്നവർ ഇരുചേരികളിലായി നിൽക്കുന്നത് കണ്ടപ്പോൾ തിരുമേനിക്ക് അത്യധികമായ ദുഃഖം തോന്നി. ചിലർ അദ്ദേഹത്തെ പള്ളിയിൽ കയറ്റാതിരിക്കുവാൻ ശ്രമിച്ചു. അതറിഞ്ഞപ്പോൾ മഠത്തിലാശാൻ പറഞ്ഞു, 'റമ്പാച്ചൻ കേസിനു പോകണ്ട, എനിക്ക് പൊത്തൻപുറത്ത് ഒരേക്കർ സ്ഥലമുണ്ട്. അവിടെ പുര വെച്ചു താമസിക്കാം.' അപ്പോൾ തിരുമേനി പറഞ്ഞു. 'എനിക്ക് കുപ്പായം തയിപ്പിക്കാൻപോലും പണമില്ല, പിന്നെങ്ങനെ പുര വയ്ക്കും.' 'സാരമില്ല; പണമുണ്ടാക്കാം' എന്നുപറഞ്ഞ് ആശാൻ സമാശ്വസിപ്പിച്ചു.

പിന്നീട് ആശാൻ സ്വന്തമായി പണം മുടക്കി ആ സ്ഥലം റമ്പാച്ചന്റെ പേരിൽ എഴുതിവച്ചു. ആ ആധാരം റമ്പാച്ചന്റെ കൈയിൽ കൊടുക്കുമ്പോഴാണ് അദ്ദേഹം അറിയുന്നത്.

സ്ഥലം നിറയെ കാടായിരുന്നു. കാടുതെളിച്ച് താൽക്കാലികമായി ഒരു ഓലപ്പുര കെട്ടി. രണ്ടു ദിവസംകൊണ്ട് പുരയുടെ പണിതീർന്നു. തുടർന്ന് പകലെല്ലാം പൊത്തൻപുറത്തും രാത്രിയിൽ പാമ്പാടിപ്പള്ളിയിലുമായി കഴിഞ്ഞു. കുശിനിക്കാരൻ പൊട്ടൻ ആയിരുന്നു.

ഒരു ദിവസം ഉച്ചസമയത്ത് ഞാനവിടെ എത്തി. തിരുമേനിയുടെ ഉച്ച ഭക്ഷണം കഴിഞ്ഞിരുന്നില്ല. അക്കാലത്ത് വളരെ പ്രയാസം അനുഭവപ്പെട്ടിരുന്ന കാലമായിരുന്നു. തിരുമേനിക്ക് ഉണ്ണാനുള്ള ചോറ് മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം അൽപം ചോറ് കഴിച്ചശേഷം എന്നെ വിളിച്ച് ചോറുണ്ണാൻ കല്പിച്ചു. തിരുമേനി വിശന്നിരിക്കണമല്ലോ എന്നോർത്തപ്പോൾ എനിക്ക് പ്രയാസം തോന്നി. പക്ഷെ അദ്ദേഹത്തിന്റെ കല്പന നിരസിക്കുവാൻ ആകുമായിരുന്നില്ല. ഞാൻ ചോറുണ്ടു.

അധികകാലം കഴിയുംമുമ്പ് ഓലപ്പുരയോടുചേർന്ന് ഒരു മുറി പണിതു. പതിവുപോലെ പകൽ അവിടെയും രാത്രി പാമ്പാടിപ്പള്ളിയിലുമായി കഴിഞ്ഞു. പിന്നീട് ഒരു ചെറിയ പള്ളി പണിയാനുള്ള ആലോചനയായി. അധികം താമസിയാതെ കാട്ടുതടികൾ ഉപയോഗിച്ച് ഒരു താൽക്കാലിക പള്ളിയുണ്ടാക്കി.

പള്ളിപ്പണിക്കാവശ്യമായ സാധനങ്ങൾ തിരുമേനിയുടെ ബന്ധത്തിൽപ്പെട്ട ആളുകളും ഇടവകയിലെ മറ്റ് ആൾക്കാരും സൗജന്യമായി നൽകുകയായിരുന്നു. ഒപ്പം പണിയെല്ലാം ചെയ്തതും അവർ തന്നെ. അന്ന് തടികളും മറ്റ് സാധനങ്ങളുമായി പൊത്തൻപുറം കേറ്റം കയറിവരുന്ന ആളുകൾക്ക് പഴം കുലയോടെ തിരുമേനി നൽകുന്നത് കണ്ടിട്ടുണ്ട്. പഴക്കുലകൾ ഓരോരുത്തർ കാഴ്ചയായി നൽകുന്നതായിരുന്നു.

പള്ളി പണിയുവാനായി പിരിവ് നടത്തി. ആദ്യം മദ്ബഹാ പണിതു. പണിക്കാവശ്യമുള്ള പണം ആളുകൾ കൊണ്ടുപോയി കൊടുക്കുമായിരുന്നു. ഒരിക്കൽ ദയറായിലേയ്ക്കുള്ള വഴി വെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. 40 പേരോളം പണി ചെയ്യാനുണ്ട്. അവർക്കെല്ലാം ഉച്ചയ്ക്ക് ഭക്ഷണം കൊടുക്കണം. എന്നാൽ അന്ന് ദയറായിൽ അരി ഒട്ടുമില്ലായിരുന്നു. തിരുമേനി വല്ലാതെ വിഷമിച്ചു. അകലെ പരിചയമുള്ള ഒരു റേഷൻ കടയിലേയ്ക്ക് പോകുവാൻ അറിയാവുന്നവരാരും അവിടെയില്ല. ഞാൻ അപ്പോഴവിടെ ഉണ്ടായിരുന്നു. എനിക്കും റേഷൻകട അറിയില്ലായിരുന്നു.

തിരുമേനിയുടെ വിഷമം കണ്ട് എനിക്കും പ്രയാസം തോന്നി എങ്കിലും, തിരുമേനി എന്തോ നിശ്ചയിച്ചുറച്ചതുപോലെ പൊട്ടനോട് കറി വെയ്ക്കാൻ കല്പിച്ചു. സമയം കടന്നുപോയി. ഞങ്ങൾ വിഷമിച്ചു നിൽക്കുമ്പോൾ ആരോ ഒരാൾ അവിടേയ്ക്കു കുന്ന് കയറിവന്നു. അയാളോടൊപ്പം വാല്യക്കാരൻ എന്തോ ചുമന്നുകൊണ്ടു വരുന്നുണ്ടായിരുന്നു.

ആഗതർ വാകത്താനംകാരായിരുന്നു. അവർ തിരുമേനിയുടെ മുമ്പിൽ ചുമട് താഴ്ത്തിവച്ചു. രണ്ടരപ്പറ അരിയും, മീൻ കറിയും, പഴവുമായിരുന്നു അതിലുണ്ടായിരുന്നത്. ആ അരി വെച്ചാണ് അന്ന് പണിതവർക്ക്

ഊണു കൊടുത്തത്. വാകത്താനംകാരനായ വാല്യക്കാരന് കൊടുക്കുവാൻ തിരുമേനിയുടെ കൈയിൽ പണമില്ലാഞ്ഞിട്ട് പള്ളിയുടെ ഭണ്ഡാരപ്പെട്ടി തുറന്ന് അതിൽനിന്ന് പണമെടുത്തു കൊടുത്തു.

പൊത്തൻപുറത്ത് നിന്ന് അധികം അകലെയല്ലാതെ താമസിക്കുന്ന ഒരാൾ ഒരു ദിവസം വന്ന് തിരുമേനിയെ കണ്ട് കൈമുത്തി. അയാൾ തിരുമേനിയോട് ദയറായിൽ എന്തെങ്കിലും പണികൊടുക്കണമെന്ന് അപേക്ഷിച്ചു. കാരണം, അയാൾ ഭാര്യയേയും കുട്ടികളേയും പോറ്റാൻ വിഷമിക്കുന്നു. വീട്ടിലാകെ ദാരിദ്ര്യം. ജീവിക്കാൻ യാതൊരു വഴിയുമില്ല. മറ്റുള്ളിടത്ത് എവിടെയെങ്കിലും കൂലിപ്പണിക്ക് പോകാമെന്നു വച്ചാൽ, ഉന്നത കുടുംബത്തിൽ ജനിച്ചതിനാൽ അഭിമാനം അനുവദിക്കുന്നുമില്ല.

അയാളുടെ ദൈന്യാവസ്ഥ കണ്ട് തിരുമേനി തന്റെ കൈപ്പെട്ടിയും മറ്റും പണത്തിനായി പരതി. എന്നാൽ അന്ന് ഒരു പൈസാപോലും ഉണ്ടായിരുന്നില്ല. ദാനശീലനായ തിരുമേനി ഒട്ടും മടിച്ചില്ല, തൊഴുത്തിൽ നിൽക്കുന്ന കറവപ്പശുവിനെ അഴിച്ചുകൊണ്ടു പൊയ്ക്കൊള്ളാൻ അയാളോടു പറഞ്ഞു. ആഗതൻ അതുകേട്ട് ഭയന്നു. തിരുമേനി പാൽ കുടിക്കുന്ന പശുവിനെ അഴിച്ചുകൊണ്ടു പോകുവാൻ അയാളുടെ മനസ്സനുവദിച്ചില്ല.

ഉടൻ തിരുമേനി പൊട്ടനോട് പശുവിനെ അഴിച്ചു കൊടുക്കുവാൻ ആവശ്യപ്പെട്ടു. എന്നിട്ടും ആഗതൻ പശുവിനെ സ്വീകരിച്ചില്ല. ഒടുവിൽ തിരുമേനി തന്നെ പശുവിനെ അഴിച്ച് അയാളെ ഏൽപിച്ചു. വിറയ്ക്കുന്ന കരങ്ങളോടെ പശുവിന്റെ കയർ തിരുമേനിയിൽനിന്ന് വാങ്ങി അയാൾ പോയി.

ആ പശുവിന്റെ പാൽ വിറ്റ് അയാൾ മക്കളെ പഠിപ്പിച്ചു. അവർ ഉന്നത വിദ്യാഭ്യാസം നേടി. ഇന്നവരെല്ലാം അമേരിക്കയിൽ ഉദ്യോഗസ്ഥരായി കഴിയുന്നു.

ഒരു സന്ധ്യാസമയത്ത് തിരുമേനി എല്ലാവരുമൊപ്പം കൂടിയിരിക്കുമ്പോൾ 'തേനും മീനും ശിഷ്യന്മാരുടെ ഭക്ഷണമാണല്ലോ' എന്ന് പറഞ്ഞു. അവിടെ കൂടിനിന്നവരിൽ ഒരാൾ അത് മനസ്സിൽ കുറിച്ചിട്ടു. അയാൾ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് ജീവിച്ചുപോന്നത്. എങ്കിലും തിരുമേനി പറഞ്ഞതായ ക്രിസ്തുശിഷ്യന്മാരുടെ ഭക്ഷണം അദ്ദേഹത്തിന് കാഴ്ചവെയ്ക്കുവാൻ അയാൾ തീരുമാനിച്ചു.

നേരത്തെ കാനറാ (കർണ്ണാടക) യിൽ നിന്നെന്നോ കൊണ്ടുവന്ന തേൻ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. കുമരകത്ത് ചെന്ന് കരിമീനും വാങ്ങിക്കൊണ്ടുവന്ന് പാകപ്പെടുത്തി. ഇതുകൂടാതെ വട്ടയപ്പവും പൂവമ്പഴവും കൂടി കുട്ടയിലാക്കി തിരുമേനിയുടെ സന്നിധിയിലെത്തി.

തിരുമേനി അതു കണ്ട് സന്തുഷ്ടനായി. ഹൃദയം സ്നേഹം കൊണ്ട് നിറഞ്ഞിരിക്കുന്ന അദ്ദേഹം അയാളുടെ തലയിൽ തന്റെ തൃക്കൈ വച്ച നുഗ്രഹിച്ചു. പൊടുന്നനവെ വൈദ്യുതാഘാതം പോലെയെന്തോ തന്റെ ശിരസ്സു മുതൽ പാദംവരെ കടന്നുപോകുന്നതായി അയാൾക്കു തോന്നി.

അധികം നാളുകൾ കഴിയുംമുമ്പേ അയാളുടെ മൂത്ത പുത്രൻ ഗൾഫിൽ പോകുകയും, പിന്നീട് ആ കുടുംബം വളരെ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. ഇന്ന് സാമ്പത്തികമായി വളരെ ഉയർന്ന നിലയിലാണവർ.

ഒരിക്കൽ ദയറായിലെ റബർവെട്ടുകാരൻ കുറെ ഷീറ്റ് കട്ടെടുത്തു. അവന്റെ കളവ് കണ്ടുപിടിച്ചവർ അവനെ പിടിച്ചുകെട്ടി തിരുമേനിയുടെ മുമ്പിൽ കൊണ്ടുചെന്നു. തിരുമേനി എന്താണ് ചെയ്യാൻ പോകുന്നതെന്ന് നോക്കി എല്ലാവരും ആകാംക്ഷയോടെ കാത്തുനിൽക്കുകയാണ്.

തിരുമേനി കുറെ പണം കൂടി അവന്റെ കൈയിൽ കൊടുത്ത് അവനെ പറഞ്ഞയയ്ക്കാൻ ഒരുമ്പെടുകയാണ് ചെയ്തത്! ഷീറ്റ് കട്ടവൻ പശ്ചാത്തപിച്ചു. ഇനിയൊരിക്കലും മോഷ്ടിക്കില്ല എന്നവൻ പ്രതിജ്ഞയെടുത്തു.

മറ്റൊരിക്കൽ പൊത്തൻപുറത്തെ കുത്തിറക്കത്തിൽവച്ച് തിരുമേനി സഞ്ചരിച്ചിരുന്ന കാറിന്റെ ബ്രേക്ക് നഷ്ടപ്പെട്ടു. അത്ഭുതമെന്നു പറയട്ടെ, യാതൊരപായവും കൂടാതെ വണ്ടി നിറുത്തുവാൻ ഡ്രൈവർക്കു സാധിച്ചു.

ആര് കാണുവാൻ ചെന്നാലുമുള്ള കുശലമിതാണ്, ‘സൗഖ്യമാണോ?’

അതുപോലെതന്നെ നോമ്പും പ്രാർത്ഥനയും ഉള്ളവരായി ജീവിക്കണമെന്ന് എല്ലാവരേയും ഉപദേശിക്കുമായിരുന്നു.

(മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, 1989 ഏപ്രിൽ 7. തയ്യാറാക്കിയത്: ജോൺ കക്കാട്)

# 3

# വിശക്കുന്ന ക്രിസ്തുവിനെ തേടി

## വർഗീസ് കക്കാട്

എനിക്ക് 16 വയസ്സ് പ്രായമുള്ളപ്പോഴാണ് ഞാൻ സുറിയാനി പഠിക്കുവാൻ ദയറായിൽ എത്തുന്നത്. അന്ന് വളരെപ്പേർ തിരുമേനിയുടെ അടുക്കൽ സുറിയാനി പഠിക്കുവാൻ വരുമായിരുന്നു. ശുശ്രൂഷയിൽ കൂടുന്നവരെല്ലാം സുറിയാനി പഠിക്കണം. കാരണം ക്രമങ്ങളെല്ലാം സുറിയാനിയിലായിരുന്നു.

കുർബ്ബാനയുടെ തലേദിവസം ശുശ്രൂഷക്കാരെല്ലാം ദയറായിൽ പോയി കിടക്കണമെന്ന് നിഷ്ക്കർഷയുണ്ടായിരുന്നു. പഠിപ്പിക്കുന്നത് നന്നായി പഠിച്ചില്ലെങ്കിൽ തിരുമേനി നല്ല ശിക്ഷ നൽകുമായിരുന്നു. എം. സി. കുര്യാക്കോസ് റമ്പാൻ, ചൂരപ്പാടിൽ അച്ചൻ, പാറയ്ക്കലച്ചൻ തുടങ്ങിയവർ അക്കാലത്ത് തിരുമേനിയുടെ ശിഷ്യന്മാരായിരുന്നു.

ശുശ്രൂഷയ്ക്ക് കൂടുന്ന കുട്ടികളുടെ ചുമതലയായിരുന്നു രാവിലെ പള്ളി വൃത്തിയാക്കുക, മദ്ബഹായിൽ വിരിക്കുക എന്നിവയൊക്കെ. വളരെ ഭക്തിയോടെ മാത്രമേ ഓരോന്നും ചെയ്യാവൂ എന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. പള്ളിയ്ക്കകത്തു കയറിക്കഴിഞ്ഞാൽ സംസാരിക്കാനേ പാടില്ല. അല്ലെങ്കിലും തിരുമേനി കുർബ്ബാന ചൊല്ലിക്കൊണ്ടിരിക്കെ സംസാരിക്കാൻ ആരും ധൈര്യപ്പെടുകയുമില്ല.

തിരുമേനിയുടെ ദാനശീലം എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്. ആരു വന്നാലും ഭക്ഷണം കൊടുക്കണമെന്ന് നിർബന്ധമായിരുന്നു. ഭിക്ഷക്കാർ വന്നാൽ പള്ളിയിലെ വഞ്ചിയിൽ നിന്ന് കൈയിൽ കിട്ടുന്ന പണം എത്രയാണോ അത്രയും നൽകും. എത്രയെന്ന് എണ്ണി നോക്കുന്ന പ്രശ്നമേ ഇല്ല.

ഒരിക്കൽ ഒരു പാവപ്പെട്ട പെൺകുട്ടിയെ വിവാഹം കഴിപ്പിക്കാൻ പണമില്ലാഞ്ഞ് അവളുടെ പിതാവ് തിരുമേനിയുടെ സന്നിധിയിൽ എത്തിയപ്പോൾ അദ്ദേഹം ഒരു പവൻ സമ്മാനിച്ചത് തിരുമേനിയുടെ ദാനശീലത്തിന് മകുടോദാഹരണമാണ്.

അക്കാലത്ത് പാമ്പാടി, മീനടം പ്രദേശങ്ങളിൽ ഉണ്ടാകുന്ന വിളവുകളുടെ ഒരു പങ്ക് തിരുമേനിക്ക് കാഴ്ചയായി നൽകുക പതിവായിരുന്നു. അതിനാൽ ധാരാളം സാധനങ്ങൾ ദയറായിൽ എത്തും. അതെല്ലാം അതു

പോലെ ദാനധർമ്മമായി അദ്ദേഹം നൽകും.

വസ്ത്രമില്ലാത്തവർക്ക് വസ്ത്രം, ഭക്ഷണമില്ലാത്തവർക്ക് ഭക്ഷണം; എന്നു വേണ്ട ദാനധർമ്മത്തിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം.

ഒരിക്കൽ കന്നുകുഴി കെ. കെ. തോമസും അദ്ദേഹത്തിന്റെ മകളും, മകളുടെ ഭർത്താവും തിരുമേനിയെ കൈമുത്താൻ വന്നു. കൈമുത്തി കുശലപ്രശ്നങ്ങൾക്കെല്ലാം ശേഷം അവർ കാപ്പി കുടിച്ചു. തുടർന്ന് അവർ മടങ്ങിപ്പോകാൻനേരം തിരുമേനി എന്നോടു ചോദിച്ചു, 'എന്നതാടാ ഇവർക്ക് കൊടുക്കുന്നത്?'

ഞാനെന്തു പറയാൻ. ഞാൻ നിശ്ശബ്ദത പാലിച്ചു. തിരുമേനി അകത്തേയ്ക്കു കയറിച്ചെന്ന് ഒരു ഓട്ടുമൊന്തയും, ഒരു ടൈംപീസുമെടുത്ത് അവർക്ക് സമ്മാനമായി കൊടുത്തു. കല്യാണം കഴിഞ്ഞ് തിരുമേനിയെ കൈമുത്താൻ വരുന്ന നവദമ്പതികൾക്ക് ഓരോ പുസ്തകം സമ്മാനമായി നൽകുക പതിവായിരുന്നു.

അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം വളരെ പ്രസിദ്ധമാണ്. നടക്കുന്ന വഴിയിലാണെങ്കിൽപ്പോലും ആ കൃത്യസമയത്ത് അവിടെ നിന്നുകൊണ്ട് പ്രാർത്ഥിക്കും. ഏഴു യാമങ്ങളിലും പള്ളിയിൽ പോയി പ്രാർത്ഥിക്കും. ആരെങ്കിലും രോഗമായി കിടക്കുന്നതായി അറിഞ്ഞാൽ അവരുടെ വീടുകളിൽ പോയി പ്രാർത്ഥിക്കും. തിരുമേനിയുടെ പ്രാർത്ഥനമൂലം അനേകർക്ക് സൗഖ്യം ലഭിച്ചിട്ടുണ്ട്. അന്ന് ദയറായിൽ മുറ്റമടിച്ചുകൊണ്ടിരുന്നത് ഒരു ഹിന്ദു സ്ത്രീയായിരുന്നു. അവരുടെ കൈയിൽ ഒരു വ്രണം വന്ന് കലശലായ വേദനയും മറ്റുമുണ്ടായി. തിരുമേനി അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. അധികം താമസിയാതെ വ്രണം പൂർണ്ണമായും കരിഞ്ഞു.

ഇങ്ങനെ പ്രാർത്ഥനയിലും ദാനധർമ്മത്തിലും മനുഷ്യസ്നേഹത്തിലും അഗ്രഗണ്യനായ ആചാര്യന്മാർ വിരളമാണ്. പ. പാമ്പാടി തിരുമേനി അവരിൽ മകുടോദാഹരണമാണെന്ന കാര്യത്തിൽ സംശയമില്ല.

(മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, 1989 ഏപ്രിൽ 7. തയ്യാറാക്കിയത്: ജോൺ കക്കാട്)

# 4

# ഈ ചെറിയവരിൽ ആർക്കെങ്കിലും

## പി. സി. ഐപ്പ് പല്ലാട്ട്

ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ എല്ലാ ദിവസവും സ്കൂളിൽ പോയിരുന്നത് ദയറാ വഴിയായിരുന്നു. എന്നോടൊപ്പം എന്റെ അയൽക്കാരനും കൂടിയുണ്ടായിരുന്നു. ഞങ്ങൾ പതിവായി തിരുമേനിയെ കണ്ട് കൈമുത്തും. ഒരുവിധം നന്നായി പാട്ടുപാടുമായിരുന്ന ഞങ്ങൾ രണ്ടുപേരും തിരുമേനിയെ പാട്ടു പാടി കേൾപ്പിക്കും. ഞങ്ങളുടെ പാട്ടുകേട്ട് തിരുമേനി സന്തോഷിക്കുമായിരുന്നു. തുടർന്ന് ഞങ്ങൾക്ക് തിന്നാൻ എന്തെങ്കിലും തരും.

ഈ പതിവ് തുടരുന്നതിനിടയിലാണ് എന്റെ പിതാവ് മരിച്ചത്. അങ്ങനെ കുടുംബഭാരങ്ങൾ എന്റെ തോളിലായി. തുടർന്ന് പഠിക്കുവാൻ എനിക്ക് കഴിയാതായി. തൻമൂലം പതിവായുള്ള ദയറായിൽപോക്കും നിലച്ചു. എന്നെ കാണാതായപ്പോൾ തിരുമേനി എന്നെപ്പറ്റി അന്വേഷിച്ചു. എന്റെ പിതാവ് മരിച്ചതിനാൽ ഞാൻ പഠനം നിറുത്തി എന്ന് മനസ്സിലാക്കിയ അദ്ദേഹം എന്നെ ഒരാളെക്കൊണ്ടു വിളിപ്പിച്ചു. ഒരു ദിവസം ഞാൻ പോയി തിരുമേനിയുടെ കൈമുത്തി. എന്നോടദ്ദേഹം പറഞ്ഞു, 'ഞാൻ ഫീസ് തരാം, നീ പഠിച്ചോളൂ.' എന്നാൽ വീട്ടുകാര്യങ്ങൾ നടത്തുവാൻ മറ്റാരുമില്ലാതിരുന്നതിനാൽ തുടർന്നു പഠിക്കാൻ എനിക്ക് സാധിക്കുമായിരുന്നില്ല.

കുർബ്ബാനക്രമത്തിലെ പാട്ടുകൾ പഠിക്കാൻ സന്തോഷമാണോ എന്നെന്നോട് തിരുമേനി ചോദിച്ചു. ചെറുപ്പത്തിലേ സംഗീതത്തിൽ കമ്പമുണ്ടായിരുന്ന ഞാൻ അതിൽ വളരെയേറെ സന്തോഷിച്ചു. അന്നു മുതൽ ഞാൻ തിരുമേനിയുടെ ശിഷ്യനായി ആരാധനക്രമങ്ങൾ പഠിക്കുവാൻ തുടങ്ങി. ആറു മാസം കഴിഞ്ഞപ്പോൾ തിരുമേനി എന്നോട് കുപ്പായം തയ്പിക്കുവാൻ കല്പിച്ചു. അങ്ങനെ ഞാൻ മദ്ബഹായിൽ കയറി. ഞാൻ ശുശ്രൂഷയ്ക്ക് കയറുമ്പോൾ 18 പേർ മദ്ബഹായിൽ ശുശ്രൂഷയിൽ കൂടുന്നവരുണ്ടായിരുന്നു. വായനയിലോ പ്രാർത്ഥനയിലോ എന്തെങ്കിലും തെറ്റു വന്നാൽ ആ നിമിഷം അടിക്കും. എല്ലാം വളരെയേറെ ശ്രദ്ധിച്ച് പ്രവർത്തിച്ചതിനാൽ എന്നെ ഒരിക്കൽപോലും തല്ലിയിട്ടില്ല.

പ. തിരുമേനിയുടെ ദീനാനുകമ്പ വളരെ പ്രസിദ്ധമാണ്. അത് പല അവസരങ്ങളിലും നേരിട്ട് കാണുവാനും അനുഭവിക്കുവാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്.

ഒരിക്കൽ ഒരു കുഷ്ഠരോഗി ദയറാമുറ്റത്തെ അശോകമരത്തിൻചുവട്ടിൽ വന്നു നിന്നു. തിരുമേനി അവിടെ ഉണ്ടായിരുന്നു. അയാൾ തിരുമേനിയോട് ഭിക്ഷ യാചിച്ചു. 'എന്താ അവിടെ നിൽക്കുന്നത് അടുത്തു വാ.' അയാൾ അതു കേട്ടിട്ടും തിരുമേനിയുടെ അടുത്തേയ്ക്കു ചെല്ലാതിരുന്നതിനാൽ തിരുമേനി എഴുന്നേറ്റുചെന്ന് ആ കുഷ്ഠരോഗിയുടെ കൈകളിൽ പിടിച്ച് അയാളെ കസേരയിൽ കൊണ്ടിരുത്തി. അയാൾക്ക് ആവശ്യമായ പണവും ഭക്ഷണസാധനങ്ങളും കൊടുത്തതിനുശേഷം അയാളെ കൈപിടിച്ച് ഗേറ്റിങ്കൽ കൊണ്ടുപോയി വിട്ടു. അയാൾ നടന്നു മറയും വരെ നോക്കിനിന്നു. അയാൾ പോയിക്കഴിഞ്ഞ് തിരിച്ചുവന്ന തിരുമേനിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.

പൊത്തൻപുറത്തിന് അടുത്ത് താമസിക്കുന്ന ഒരു ഹൈന്ദവസ്ത്രീ പട്ടിണിയും ദാരിദ്ര്യവും സഹിക്കാനാവാതെ ഒരിക്കൽ ദയറായിൽ വന്ന് കഞ്ഞി വെയ്ക്കാൻ അരി ചോദിച്ചു. അന്ന് അത്താഴം വയ്ക്കുവാനുള്ള അരിയേ ഉണ്ടായിരുന്നുള്ളു. തിരുമേനി പൊട്ടനെ വിളിച്ച് ഉള്ള അരി മുഴുവൻ ആ സ്ത്രീക്ക് കൊടുക്കുവാൻ കല്പിച്ചു. അരിയും വാങ്ങി ആ സ്ത്രീ ദയറായുടെ വളപ്പ് കടക്കുംമുമ്പേ ഒരു കല്യാണവീട്ടുകാർ അരിയും, മീൻകറിയും, വാഴക്കുലയും മറ്റു സാധനങ്ങളുമായി ദയറാമുറ്റത്തെത്തിക്കഴിഞ്ഞിരുന്നു!

മറ്റൊരിക്കൽ എറികാട് എന്ന സ്ഥലത്തുള്ള ഒരു ഹിന്ദു പൊത്തൻപുറം കുന്നിന്റെ ചരിവിൽ കരിമ്പിൻകാൽ വെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. വല്ലാതെ ദാഹിച്ച അയാൾ വെള്ളം കുടിക്കുവാൻ അവിടെമെല്ലാം അന്വേഷിച്ചു. എന്നാൽ അവിടെയെങ്ങും വീടുകളോ കിണറോ കണ്ടെത്തുവാൻ അയാൾക്ക് കഴിഞ്ഞില്ല. ഒടുവിൽ അയാൾ അന്വേഷിച്ച് ദയറാമുറ്റത്തെത്തി. അവിടുത്തെ കിണറു കണ്ട് അതിൽനിന്ന് വെള്ളം കോരി കുടിച്ചു. തിരുമേനി അയാളെ കണ്ട ഉടൻ വിളിച്ചു. വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. അയാൾക്ക് ഏത്തപ്പഴവും പലഹാരങ്ങളും കൊടുത്തു. അയാൾ അന്ന് മടങ്ങിപ്പോയതിനുശേഷം ഏത്തവാഴ നട്ട് ആദ്യത്തെ വാഴക്കുല തിരുമേനിക്ക് കാഴ്ചയായി കൊണ്ടുവന്നു.

വിനയവും താഴ്മയും തിരുമേനിയുടെ കൈമുതലായിരുന്നു. ആദരിക്കേണ്ടവരെ വേണ്ടവിധത്തിൽ ആദരിച്ചിരുന്നു. പ. തിരുമേനിയുടെ പ്രാർത്ഥനാജീവിതമാണ് അദ്ദേഹത്തെ അതിരറ്റ് ചൈതന്യനാക്കിത്തീർത്തത്. ദയറാപ്പള്ളി പണിതുകൊണ്ടിരുന്ന മൂന്നു വർഷക്കാലത്തേയ്ക്ക് ഒരു നേരം മാത്രം ഭക്ഷണം കഴിച്ച് ഉപവസിച്ച് പ്രാർത്ഥിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ ദിവസവും രാത്രി രണ്ടു മണി വരെ മാത്രമേ ഉറങ്ങുമായിരു

ന്നുള്ളു. രണ്ടാകുമ്പോൾ എഴുന്നേറ്റ് പ്രാർത്ഥിക്കും. പ്രാർത്ഥന കഴിഞ്ഞ് വളരെ നേരം ഏങ്ങലടിച്ച് കരയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ആ പ്രാർത്ഥന കഴിഞ്ഞ് എന്നെ വിളിക്കും. തിരുമേനി കട്ടിലിൽ ഇരുന്ന്, അദ്ദേഹത്തിന്റെ കാൽച്ചുവട്ടിൽ എന്നെ ഇരുത്തി എന്റെ തല പിടിച്ചു മടിയിൽവെച്ച് എന്റെ തലയിലൂടെ തലോടിക്കൊണ്ട് ഓരോരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കും. കൃത്യം നാലരയ്ക്ക് പ്രഭാതനമസ്കാരത്തിനായി പള്ളിയിൽ പോകും. നമസ്കാരം കഴിയുമ്പോൾ ഞങ്ങളെല്ലാവരും മടങ്ങിപ്പോന്നു കഴിഞ്ഞാലും തിരുമേനി പള്ളിക്കകത്തുതന്നെ ഇരിക്കും. വളരെനേരം കഴിഞ്ഞേ പുറത്തു വരികയുള്ളു. ആ സമയത്തൊക്കെ മദ്ബഹായിൽ പദവിയിൽ മുട്ടുകുത്തി നിന്ന് ഏങ്ങലടിച്ച് കരഞ്ഞു പ്രാർത്ഥിക്കുകയാണ് പതിവ്.

പ്രാർത്ഥനാസമയത്തെ കൃത്യനിഷ്ഠയിൽ തിരുമേനി കണിശക്കാരനായിരുന്നു. ഏത് ഉന്നതന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ശരി, യാത്രയിലാണെങ്കിലും ശരി, കൃത്യസമയമാകുമ്പോൾ പ്രാർത്ഥിക്കും. അദ്ദേഹത്തിന്റെ സുറിയാനിയിൽനിന്നുള്ള തർജ്ജമ വളരെ പ്രസിദ്ധമാണ്. സുന്ദരമായ പദവിന്യാസങ്ങളാണ് അവയിൽ കാണുക.

രോഗം മൂർച്ഛിച്ചപ്പോൾ 1965 മാർച്ച് 11-ാം തീയതി മന്ദിരം ആശുപത്രിയിൽ പോയി. ആ ഞായറാഴ്ച രാവിലെ നമസ്കാരത്തിനുശേഷം എന്നെയും അച്ചന്മാരെയും വിളിച്ച് പറഞ്ഞു. 'എനിക്ക് തീരെ സുഖമില്ല, എന്തോ അസുഖമൊക്കെയുണ്ട്. ദൈവഇഷ്ടംപോലെയാകട്ടെ. കുഞ്ഞുങ്ങളെ, നിങ്ങളെന്നെ മറക്കരുത്. കണ്ടാലും ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ട് എന്നുള്ള ആ തിരുവചനം നിങ്ങളോടും കൂടെ.'

അച്ചന്മാരോടായി പറഞ്ഞു, 'നിങ്ങൾ അന്യോന്യം സ്നേഹമുള്ളവരും നല്ല നടത്തയുള്ളവരും മാതൃകാജീവിതമുള്ളവരും ജീവൻവെയ്ക്കേണ്ടി വന്നാലും കളവുപറയാതെ സത്യം സംസാരിക്കുന്നവരും ആയിരിക്കണം.'

21-ാം തീയതി സൽക്രിയകൾ, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയെപ്പറ്റി കല്പിച്ചശേഷം അവിടുന്ന് പറഞ്ഞു, 'അനുഗ്രഹിക്കപ്പെട്ട ദൈവമക്കളെ! ഞാൻ ശരീരപ്രകാരം നിങ്ങളെ വിട്ടുപോയാലും ആത്മീയ പ്രകാരം എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കും.''

എന്നോടായി പറഞ്ഞു, 'നീയെന്നെ ഒരിക്കലും മറക്കരുത്. എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.'

28-ാം തീയതി എന്നെ വിളിച്ചു. ഞാൻ വിളി കേട്ടു. 'എന്റെ മകനല്ലേ, നിനക്കെന്റെ അനുഗ്രഹം അല്ലാതെ ഈ പാവപ്പെട്ട ഞാൻ നിനക്കെന്തു തരുന്നു.'

ഏപ്രിൽ 4-ാം തീയതി ഞായറാഴ്ച രാത്രി 2.55-ന് അദ്ദേഹം കാലം ചെയ്തു. ആ അവസാന നിമിഷത്തിലും എന്റെ കൈ അദ്ദേഹത്തിന്റെ കൈയിൽ പിടിച്ചിരിക്കുകയായിരുന്നു.

കബറടക്കം കഴിഞ്ഞ് ആ കബറിങ്കൽ ആദ്യമായി മെഴുകുതിരി കത്തിച്ചത് ഞാനായിരുന്നു. ഇന്നും ആ പരിശുദ്ധന്റെ ആ സ്നേഹധനന്റെ കബറിടത്തിൽ എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ ഞാൻ പോകുന്നു. അവിടുന്ന് പഠിപ്പിച്ച ആരാധനക്രമങ്ങളാൽ വി. ആരാധനയിൽ സംബന്ധിക്കുന്നു.

(മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, 1989 ഏപ്രിൽ 7. തയ്യാറാക്കിയത്: ജോൺ കക്കാട്)



**പ. പാമ്പാടി തിരുമേനിയുടെ വിശ്വസ്ഥ സേവകനായ ഉപ്പൂട്ടിൽ തോമസിന്റെ (പൊട്ടൻ) കബറിടം (പ. പാമ്പാടി തിരുമേനിയുടെ കബറിടത്തിന്റെ വടക്കുവശത്ത്).**

# 5

# മരണത്തെപ്പറ്റി മാത്രം ചിന്തിക്കുന്ന മഹാചാര്യൻ

## ഫാ. പി. പി. ഗീവറുഗീസ്

"മരണമുണ്ടെനിക്കെന്നതൊരിക്കലും മറക്കൊല്ല."

വാർദ്ധക്യസഹജമായ ആലസ്യത്തിനു വിധേയനായി അൽപം അസാധാരണമായ ഓർമ്മക്കുറവോടെ കഴിയുന്ന പരിശുദ്ധനായ പാമ്പാടി തിരുമേനി, തന്നെ സന്ദർശിക്കാൻ വരുന്നവരെ താൻ ചെറുപ്പത്തിൽ പഠിച്ച ഈ ഗാനശകലം ചൊല്ലിക്കേൾപ്പിക്കുവാൻ മറക്കാറില്ല. അഞ്ചു മിനിട്ടു സമയം അദ്ദേഹത്തോടൊന്നിച്ച് ചെലവഴിച്ചാൽ അഞ്ചു പ്രാവശ്യമെങ്കിലും മരണത്തെപ്പറ്റിയുള്ള ദിവ്യസന്ദേശം അദ്ദേഹത്തിൽനിന്ന് കേൾക്കാതിരിക്കില്ല. "എപ്പോഴുമോർക്കേണ്ട നാലു കാര്യങ്ങളുണ്ട്. മരണം, ന്യായവിധി, മോക്ഷം, നരകം" എന്ന് അദ്ദേഹം കൂടെക്കൂടെ പറയുന്നതു കേൾക്കുമ്പോൾ ആ പരിശുദ്ധന്റെ മനസ്സിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ഏക ചിന്ത മരണത്തെപ്പറ്റിയും മരണാനന്തരാവസ്ഥയെപ്പറ്റിയുമാണെന്ന് ആർക്കും കാണാൻ കഴിയും.

കോട്ടയം ഭദ്രാസന ഇടവകയുടെ മാർ ഗ്രീഗോറിയോസ് തിരുമേനി കൊ. വ. 1060 മീനം 24-നു ഞായറാഴ്ച പാമ്പാടി മൂലക്കര കുടുംബത്തിൽ ഭൂജാതം ചെയ്തു. 14-ാമത്തെ വയസ്സിൽ സ്വന്ത ഇടവകയായ പാമ്പാടി വലിയപള്ളിയിൽ വച്ചു കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്ന് അദ്ദേഹത്തിന് ശെമ്മാശുപട്ടം കിട്ടി. 21-ാമത്തെ വയസ്സിൽ കശ്ശീശ്ശാ സ്ഥാനവും റമ്പാൻസ്ഥാനവും ലഭിച്ചു. ഈ സ്ഥാനലബ്ധികൾ തലേദിവസവും പിറ്റേദിവസവുമായി ഉണ്ടായത് തിരുമേനിയുടെ ജീവിതത്തിലെ ഒരു പ്രത്യേക സംഭവമാണ്. ബാല്യം മുതലേ ഭക്താഗ്രേസരനായിരുന്ന അദ്ദേഹം റമ്പാനായി സുദീർഘകാലം വലിയപള്ളിയിൽ താമസിച്ചു. 1104 കുംഭം 30-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് ഇപ്പോഴത്തെ പ. കാതോലിക്കാ ബാവാതിരുമേനി ഇദ്ദേഹത്തെ മെത്രാൻസ്ഥാനത്തേക്കുയർത്തി.

വട്ടശ്ശേരിൽ തിരുമേനി "താബോർഗിരി" എന്ന് നാമകരണം ചെയ്ത ഇന്നത്തെ മാർ കുറിയാക്കോസ് ദയറാ, പാമ്പാടി തിരുമേനിയുടെ വന്ദ്യ ഗുരുഭൂതനായ മഠത്തിൽ ആശാൻ എന്ന ഹൈന്ദവപ്രമാണി നൽകിയ സ്ഥലത്ത് 1089-ൽ പണി ആരംഭിച്ചു. പാമ്പാടി, മീനടം കരകളിലുള്ള

അനേകമാളുകളുടെ നിർല്ലോഭമായ സഹകരണത്തോടുകൂടി 1098–ൽ ദയ റായും പള്ളിയും പൂർത്തിയാക്കി.

പാമ്പാടി തിരുമേനി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായായി 30 വർഷത്തോളം സ്തുത്യർഹമായി ഭരണം നടത്തിയിട്ടുണ്ട്. തിരുമേനി യുടെ പരിപാവനമായ വ്യക്തിത്വത്തിന്റെ മുമ്പിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ഒന്നുമില്ലായിരുന്നു. തിരുമേനി ഒരു വർഷക്കാലം പരുമല സെമിനാരിയുടെ ഭരണസാരഥ്യം വഹിച്ചിട്ടുണ്ട്. 1110–ൽ രൂപവൽക്കരിച്ച കാതോലിക്കാനിധിയുടെ ട്രസ്റ്റി തിരുമേനിയായിരുന്നു. തിരുമേനിയുടെ നേട്ടങ്ങളിൽ ഒന്നാണ് കോട്ടയത്തെ കാരാപ്പുഴ ചാപ്പൽ. ജീവിച്ചിരിക്കു മ്പോൾ തന്നെ സ്മാരകങ്ങൾ ഉണ്ടാകുന്നത് അസാധാരണമാണല്ലോ. ആ അസുലഭ ഭാഗ്യവും തിരുമേനിക്കുണ്ട്. അദ്ദേഹത്തിന്റെ ശാശ്വതസ്മാര കമാണ്, പാമ്പാടി എം.ജി.എം. ഹൈസ്കൂൾ.

പരിശുദ്ധനായ തിരുമേനിയുടെ അത്ഭുതസിദ്ധികളെപ്പറ്റിയുള്ള പല കഥകളുമുണ്ട്. കുന്നംകുളത്ത് പരക്കെ പ്ലേഗ് രോഗം ബാധിച്ച് ദൈനം ദിനം അനേകർ മരിച്ചുകൊണ്ടിരുന്നപ്പോൾ തിരുമേനി അവിടെ എഴുന്നള്ളി പ്രാർത്ഥിക്കുകയും ആ മഹാമാരി പൊടുന്നനവേ അപ്രത്യക്ഷമാകയും ചെയ്തു. കുന്നംകുളത്ത് മങ്ങാട്ട് പള്ളിപ്പുരയിടത്തിൽ എട്ടുപത്ത് കിണ റുകൾ കുഴിപ്പിച്ചിട്ടും വെള്ളം കിട്ടാതെ നിരാശയിൽ കഴിയുമ്പോൾ തിരു മേനിയുടെ സ്ഥാനനിർണ്ണയമനുസരിച്ച് ഒരു കിണർ കുഴിപ്പിക്കുകയും ചെറിയ താഴ്ചയിൽ തന്നെ സുലഭമായി വെള്ളം കിട്ടുകയും ചെയ്തു. തിരുമേനിയുടെ പ്രാർത്ഥനമൂലം സൗഖ്യം പ്രാപിച്ചിട്ടുള്ള രോഗികളുടെ അനുഭവസാക്ഷ്യങ്ങൾ അനവധിയുണ്ട്. തിരുമനസ്സിലെ പ്രാർത്ഥനാജീവി തവും വ്രതനിഷ്ഠയും ദൈവാശ്രയവുമാണ് ഈ സിദ്ധികളുടെയെല്ലാം നിദാനം. ‘ഇടവിടാതെ പ്രാർത്ഥിക്കുക’ എന്ന ഉപദേശം ഓർമ്മശക്തി വളരെയേറെ നഷ്ടപ്പെട്ട ഈ വാർദ്ധക്യത്തിൽപ്പോലും തിരുമേനി അക്ഷ രംപ്രതി പാലിച്ചുപോരുന്നു. ഏലിയാവിന്റെ പുതപ്പ് ഏലീശയെ അത്ഭു തസിദ്ധികളുള്ള പ്രവാചകനാക്കിത്തീർത്തതിനെ അനുസ്മരിപ്പിക്കുമാറ് പരിശുദ്ധനായ പരുമല തിരുമേനിയിൽ നിന്ന് ലഭിച്ചിട്ടുള്ള ഒരു അംശ വടിയും പാമ്പാടി തിരുമേനിക്കുണ്ട്.

ഇന്ന് തിരുമേനി അത്യന്തം ക്ഷീണിതനാണ്. പലപ്പോഴും പരസഹായം കൂടാതെ ഭക്ഷണംപോലും കഴിക്കാറില്ല. അദ്ദേഹത്തെ പരിചരിച്ചുകൊ ണ്ടിരിക്കുന്നത് റവ. ഫാ. പി. സി. യോഹന്നാനാണ്. തിരുമേനിയുടെ അഭി ലാഷമനുസരിച്ചും പ. ബാവാ തിരുമനസ്സിലെ കൽപനപ്രകാരവും മല ങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മഹാചാര്യന്മാർ എല്ലാവരും ചേർന്ന് ഡിസംബർ 8–ാം തീയതി ശനിയാഴ്ച 1.30–ന് തിരുമേനിയുടെ കന്തീലാശുശ്രൂഷ നിർവഹിക്കുകയാണ്.

(മലയാള മനോരമ, 1962 ഡിസംബർ 2)

# 6

# പാമ്പാടി മാർ ഗ്രീഗോറിയോസും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും

## ഫാ. ജേക്കബ് മണലിൽ

“ലോകം താത സഹോദരർ ജാതിയതും തറവാടും, ആകെയുപേ ക്ഷിച്ചേശുവിനായി മരണം സ്നേഹിച്ച, സഹദേന്മാരെ സദാകാലം, സ്മരണം ചെയ്‌വതു നന്നേറ്റം.”

സമസൃഷ്ടി സ്നേഹം, ദാഹിച്ചും വിശന്നും ഇരിക്കുന്നവർക്ക് ദാനം നൽകുക, ആർദ്രത, ദാനദർമ്മം, ദയ എന്നിവയ്ക്കു പുറമെ ദൈവഭക്തി, വിശ്വാസാചാരങ്ങളിൽ നിഷ്ഠ എന്നിവ ഒരു മനുഷ്യനിൽ വിളങ്ങി നിന്നെ ങ്കിൽ ആ ആളെ ഒരു ദൈവിക മനുഷ്യനായി നാം കാണുന്നു. ഈ വിശിഷ്ട ഗുണങ്ങൾ ഒത്തിണങ്ങിയ ഒരു പുണ്യ ദേഹമായിരുന്നു പാമ്പാടി തിരുമേനി എന്നത് നാം എല്ലാവരും വിശ്വസിക്കുന്ന ഒരു സത്യ മാണ്.

പാമ്പാടി തിരുമേനിയെ അദ്ദേഹം റമ്പാച്ചനായിരിക്കുമ്പോൾ 1916 മുതൽ കണ്ടു പരിചയമുണ്ട്. 1925 ജൂലൈ മുതൽ ഞാൻ, മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായിരിക്കുമ്പോൾ റമ്പാ ച്ചൻ പലപ്പോഴും അദ്ദേഹത്തിന്റെ ഗുരുവായിരുന്ന തിരുമേനിയെ കാണു വാൻ പരുമലയിലും കോട്ടയത്തും വന്നിട്ടുള്ള അവസരങ്ങളിൽ കൂടു തൽ അടുത്തറിയുന്നതിന് കഴിഞ്ഞിട്ടുണ്ട്. 1929 ഫെബ്രുവരി 16-നു അദ്ദേഹം കോട്ടയം മാർ ഏലിയാ ചാപ്പലിൽ വെച്ച് മേൽപ്പട്ടസ്ഥാനം ഏറ്റു കഴിഞ്ഞ് കൂടുതൽ ബന്ധപ്പെടുന്നതിനും സാധിച്ചിരുന്നു. ആദ്യമായി ഞാൻ അദ്ദേഹത്തിന്റെ താമസസ്ഥലമായ പാമ്പാടി മാർ കുറിയാക്കോസ് ദയ റായിൽ പോയത് 1932 വലിയനോമ്പു കാലത്താണ്. ഞാനും കോട്ടയത്തെ ഒരു മാന്യനും കൂടി എന്റെ ഇടവകപ്പള്ളിയിൽ വെച്ച് നോമ്പു വീടിക്ക ഴിഞ്ഞു നടത്തുന്ന ഒരു വിവാഹ കൂദാശ ക്ഷണിക്കുവാൻ പോയതാണ്. അദ്ദേഹത്തിന്റെ ഗുരുവിനെ ശുശ്രൂഷിക്കുന്ന ആൾ എന്ന നിലയിൽ തിരു മേനിക്കു എന്നോട് കൂടുതൽ വാത്സല്യവും ബഹുമാനവും ഉണ്ടായിരു ന്നതായി, എപ്പോഴും, വട്ടശ്ശേരിൽ തിരുമേനിയുടെ കാലശേഷവും അനു ഭവപ്പെട്ടിട്ടുണ്ട്.

ഒരു ദയറായക്കാരനായി ആയുസ്സു കഴിച്ചു കൂട്ടണമെന്ന നിശ്ചയ ത്തോടു കൂടി അദ്ദേഹം ദയറായ സ്ഥാനം സ്വീകരിച്ചു (റമ്പാൻ സ്ഥാനം).

പാമ്പാടി വലിയപള്ളിയുടെ ബംഗ്ളാവിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ ആണ് 1909-ൽ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ വരികയും സഭയിൽ കലഹങ്ങൾ സൃഷ്ടിച്ചു വട്ടശ്ശേരിൽ തിരുമേനിയെ 1911-ൽ മുടക്കി വഴക്കുകൾ വർദ്ധിപ്പിക്കുകയും ചെയ്തത്. റമ്പാച്ചൻ സഭയുടെ പുരാതനമായ ആചാരങ്ങളിലും നടപടികളിലും നിഷ്ഠയുള്ളവനും ബോദ്ധ്യമുള്ളവനും അന്ധമായി വിശ്വസിച്ചിരുന്നവനും ആയിരുന്നതു കൊണ്ട് പാത്രിയർക്കീസിനെയും മറ്റും വളരെ ബഹുമാനവും അവരുടെ പ്രവൃത്തികൾ ശരിയും ദൈവികവുമാണെന്നു ഏറെക്കുറെ വിശ്വസിച്ചിരുന്ന ആളും ആയിരുന്നിട്ടും, അദ്ദേഹത്തിന്റെ ഗുരുവായിരുന്ന വട്ടശ്ശേരിൽ തിരുമേനിയെയും അദ്ദേഹത്തിന്റെ നടപടികളെയും പൂർണ്ണമായി അനുകരിച്ചു വിശ്വസിച്ചും പോന്നിരുന്ന ആളുമായിരുന്നു. 1909-ൽ ആരംഭിച്ച് 1911-ൽ രൂക്ഷമായ സമുദായ കലഹത്തിൽ പാമ്പാടി വലിയ പള്ളിയിലെ രണ്ട് ഇടവകപ്പട്ടക്കാർ തമ്മിലുള്ള വ്യക്തിപരമായ ശത്രുതയെക്കൂടി ഗണിച്ച് ആ പള്ളിയിലും സമുദായ വഴക്കിന്റെ കക്ഷിതിരിവുണ്ടായി. റമ്പാച്ചൻ ഒരു വിഷമസന്ധിയിലായി. പാത്രിയർക്കീസിന്റെ പ്രവർത്തികളെ ധിക്കരിക്കാമോ ഗുരുവിന്റെ നിലപാടിനെ ഉപേക്ഷിക്കാമോ എന്നുള്ള ചിന്ത സാത്വികനായ റമ്പാച്ചനെ വിഷമിപ്പിച്ചു. അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി. വൈദികാഭ്യസനങ്ങൾക്ക് റമ്പാച്ചൻ പ്രവേശിച്ച പ്രാരംഭകാലം മുതൽ ഗുരുവായ വട്ടശ്ശേരിൽ തിരുമേനിയെ എല്ലാവിധത്തിലും അനുസരിച്ചും, വിശ്വസിച്ചും ബഹുമാനിച്ചും പോന്നിരുന്നു. വിശ്വാസ സംരക്ഷകനും, സഭയുടെ തത്വങ്ങളും സത്യങ്ങളും മുറുകെ പിടിച്ചും പഠിപ്പിച്ചും ഇരുന്ന ആളും, പുറമെ പരുമലതിരുമേനിയുടെ കൂടെ പരുമലയിൽ താമസിച്ച് അദ്ദേഹത്തിൽ നിന്നു സകലവും ഹൃദിസ്ഥമാക്കിയവനുമായ ഗുരുവിന്റെ നിലപാട് തെറ്റായിരിക്കയില്ല, ഗുരുവിനെ ഒറ്റിക്കൊടുക്കുന്നതു ശരിയല്ല, അദ്ദേഹത്തോടു അനുകൂലിച്ചു നിൽക്കാം എന്നു തന്നെ ഉറച്ചു. സ്വദേശികളായ ഒരു ഭാഗത്തിന്റെ വെറുപ്പും അനിഷ്ടവും സമ്പാദിക്കേണ്ട എന്നു തീരുമാനിച്ചാണ് പൊത്തമ്പുറം എന്ന സ്ഥലം വാങ്ങി അവിടേക്കു താമസം മാറ്റിയത്. ദയറാ ജീവിതത്തിനു ഏറ്റവും ഉതകിയ സ്ഥലം. അവിടെ കെട്ടിടങ്ങൾ, പള്ളി ആദിയായ സ്ഥാപനങ്ങളും അടിക്കടി ഉയർന്നുവന്നു. ആദ്യകാലത്തു യാതൊരു വരുമാനവും ഇല്ലാതെ സ്നേഹിതരും അദ്ദേഹത്തോടു ഭക്തിയുള്ളവരും നൽകിക്കൊണ്ടിരുന്ന സംഭാവനകൾ കൊണ്ടു ചെലവു നടത്തുകയും, സ്ഥാപനങ്ങൾ നിർമ്മിക്കുകയും ചെയ്തു. ആര് എപ്പോൾ അവിടെ ചെന്നാലും മുന്നമേ കാപ്പിയോ മറ്റെന്തെങ്കിലുമോ കുടിക്കാൻ കൊടുപ്പിച്ചിട്ടേ ചെന്ന കാര്യത്തെപ്പറ്റി സംസാരിച്ചിരുന്നുള്ളൂ. മുൻ പ്രസ്താവിച്ചപ്രകാരം 1932-ൽ ഞാൻ ആദ്യമായി അവിടെ ചെന്നത് പാമ്പാടി പള്ളിയുടെ അടുത്തു ബസ്സിൽ ചെന്ന് അവിടെനിന്നു നടന്ന് കുന്നും മലയും കയറിയാണ്. ചെന്നു കയ

റിയപ്പോൾ വേലക്കാരൻ കുടിക്കുവാൻ കൊണ്ടുവന്നു തന്നു. പിന്നീടാണ് സംസാരിച്ചത്. തിരുമേനിയെ കണ്ടു കൈമുത്താൻ ചെല്ലുമ്പോൾ പുഞ്ചിരിയോടു കൂടിയുള്ള കൈമുത്തിക്കലും 'സൗഖ്യമല്ലേ' എന്നുള്ള ചോദ്യവും എത്രമാത്രം ആനന്ദം ഉണ്ടാക്കുമെന്ന് അനുഭവിച്ചറിഞ്ഞ അനേകം പേർ ഉണ്ട്.

തിരുമേനിക്കു വൈദികരായ ഏതാനും ശിഷ്യ സമ്പത്തുണ്ടായിരുന്നു. അവരോട് വളരെ സ്നേഹമായിരുന്നു. അതേസമയം നല്ല ശിക്ഷണത്തിൽ നയിക്കയും ചെയ്തിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനു ശേഷം 1911-ൽ എം.ഡി. സെമിനാരിയിൽ വെച്ചു നടന്ന മലങ്കര അസോസിയേഷൻ പാമ്പാടി കുറിയാക്കോസ് റമ്പാച്ചനെയും മേൽപ്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുത്തിരുന്നു. മലങ്കരയിൽ 1912-ൽ കാതോലിക്കാ സിംഹാസനം പുനഃസ്ഥാപിച്ചു. മുറിമറ്റത്തിൽ ബാവായെ കാതോലിക്കായായി സ്ഥാനാരോഹണം നടത്തിയശേഷം പിന്നീട് കാതോലിക്കായായി വാഴിക്കപ്പെട്ടതു കോട്ടയം ഇടവകയുടെ വാകത്താനം ഗീവറുഗീസ് മാർ പീലക്സീനോസ് ആയിരുന്നു. അത് 1925 മെയിൽ നിരണത്തു വെച്ചായിരുന്നു. ആ വാഴ്ചയോടൊപ്പം മേൽപ്പട്ടക്കാരനായി പാമ്പാടി റമ്പാച്ചനെ വാഴിക്കുവാൻ ഒരാലോചന നടന്നിരുന്നതായും റമ്പാച്ചൻ അതിൽനിന്നും നിർബന്ധമായും ഒഴിഞ്ഞുമാറിയിരുന്നതായും അറിഞ്ഞിട്ടുണ്ട്. രണ്ടാം കാതോലിക്കാ 1928 ഡിസംബറിൽ കാലം ചെയ്തു. അടുത്ത കാതോലിക്കായായി 1929 ഫെബ്രുവരിയിൽ കല്ലാശ്ശേരിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസിനെ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വെച്ച് കാതോലിക്കായായി വാഴിക്കുവാൻ നിശ്ചയിച്ചപ്പോൾ ഒന്നു രണ്ടു മേൽപ്പട്ടക്കാരെക്കൂടി വാഴിക്കണമെന്ന് ആലോചനയുണ്ടായി. പാമ്പാടി കുറിയാക്കോസ് റമ്പാച്ചന്റെ പേരാണ് എല്ലാവരും നിർദ്ദേശിച്ചത്. വട്ടശ്ശേരിൽ തിരുമേനിയും സമ്മതിച്ചു. ആ വിവരം അടുപ്പവും സ്നേഹവുമുള്ള കോട്ടയത്തെ ഏതാനും മാന്യന്മാർ അദ്ദേഹത്തെ നിർബന്ധമായി അറിയിച്ചപ്പോൾ അദ്ദേഹം നിരസിച്ചു. അദ്ദേഹത്തിനു റമ്പാനായി ജീവിതം നയിച്ചു കഴിഞ്ഞാൽ മതിയെന്നുള്ള അഭിപ്രായത്തിൽ ഉറച്ചുനിന്നു. എം.ഡി. സെമിനാരിയിൽ അദ്ദേഹത്തിന്റെ ഗുരുവായിരുന്ന മാമ്മൻമാപ്പിളയും നിർബന്ധിച്ചിട്ടും വഴിപ്പെട്ടില്ല. ഈ വിവരങ്ങൾ അറിഞ്ഞ വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തെ പഴയസെമിനാരിയിൽ വരുത്തി കൽപ്പിച്ചിട്ടും അദ്ദേഹം വഴിപ്പെടുവാൻ വിസമ്മതിച്ചപ്പോൾ "ജനങ്ങൾ റമ്പാച്ചനെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തിട്ടുണ്ട്. നമുക്കും റമ്പാച്ചൻ മേൽപ്പട്ടക്കാരനാകുവാൻ ആഗ്രഹമാണ്. ജനത്തിന്റെ ശബ്ദം ദൈവത്തിന്റെ ശബ്ദമാണ്. അത് നിരസ്സിക്കുന്നത് ശരിയല്ല. ദൈവം എല്ലാ ശക്തിയും കഴിവും നൽകുമെന്ന് വിശ്വസിച്ചു വഴിപ്പെടുകയാണ് വേണ്ടത്. അതിനാൽ സഭയുടെ ഈ ആവശ്യം സ്വീകരിക്കണമെന്ന് കൽപനയായി

പറയുന്നു" എന്നു കല്പിച്ചപ്പോൾ അദ്ദേഹം അനുസരിക്കുകയാണു ചെയ്തത്.

## ഗുരുവിന്റെ കല്പനയും ആഗ്രഹവും

മേൽപ്പട്ടക്കാരനായ ശേഷം കോട്ടയം മെത്രാസന ഭരണത്തിനു നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം ഭദ്രാസനത്തിൽ പകർന്നു കൊടുത്തിരുന്നു. അദ്ദേഹം ഒരു ബിരുദധാരിയായിരുന്നില്ല. സാമാന്യ വിദ്യാഭ്യാസമേ ഉണ്ടായിരുന്നുള്ളു. വലിയ പ്രാസംഗികനായിരുന്നില്ല. പള്ളികളിൽ അദ്ദേഹം സഞ്ചരിച്ചിരുന്ന അവസരങ്ങളിൽ പ്രാർത്ഥനയെയും ഉപവാസത്തെയും അവ മൂലമുള്ള ദൈവിക അനുഗ്രഹത്തെയും കുറിച്ചുള്ള ഗുണദോഷമായിരുന്നു പകർന്നു കൊടുത്തിരുന്നത്. ധന്യമായ ജീവിത മാതൃകയും സ്വസഹോദരങ്ങളെന്നവിധം എല്ലാവരെയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിരുന്ന സ്വഭാവ വൈശിഷ്ട്യവും അനേകർക്കും നല്ല മാർഗ്ഗദർശകമായിരുന്നു. ഒന്നിനെക്കുറിച്ചും ലോകസഹജമായ ആകുലതയോ ഹൃദയഭാരമോ തിരുമേനിക്കുണ്ടായിരുന്നില്ല. ദൈവത്തിന്റെ തൃക്കയ്യിൽ സകലവും സമർപ്പിച്ച് സംതൃപ്തനായി ജീവിച്ച പുണ്യാത്മാവായിരുന്നു. പലപ്പോഴും പലർക്കും എത്രയാണു കൊടുക്കുന്നതെന്ന് ശ്രദ്ധിക്കാതെ കയ്യിൽ കിട്ടുന്ന സംഖ്യ സൗജന്യം നൽകിയിരുന്നു.

മലങ്കരസഭയുടെ ഒരു പ്രധാന ജനവാസമുള്ള കുന്നംകുളം പട്ടണത്തിൽ ഭയങ്കര രോഗമായ പ്ലേഗുബാധയുണ്ടായപ്പോൾ പാമ്പാടി തിരുമേനി ദൈവനിയോഗമെന്നവിധം അവിടെ ഓടിയെത്തി പള്ളികളിലും, രോഗബാധിത ഭവനങ്ങളിലും പോയി പ്രാർത്ഥന നടത്തി രോഗശമനത്തിനു വഴിയൊരുക്കി. ആ രോഗം നിശ്ശേഷം ശമിച്ചപ്പോൾ മാത്രമാണ് തിരുമേനി കുന്നംകുളത്തു നിന്നു മടങ്ങിയത്. ഇങ്ങനെയുള്ള അദ്ദേഹത്തിന്റെ ജീവിതത്തിൽ കൈവന്നിട്ടുള്ള എല്ലാറ്റിലും കാരുണ്യവാനായ ദൈവത്തിന്റെ അദൃശ്യമായ നടത്തിപ്പും കാവലും അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നു എന്നത് ഒരു വസ്തുതയാണ്. മരണാനന്തരം അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത അനേകരെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. പല സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ നാമത്തിൽ ഉണ്ടായി പടർന്നു പന്തലിച്ചുകൊണ്ടിരിക്കുന്നു. ആ ദൈവിക പിതാവിന്റെ നൂറാമത് ജന്മ ശതാബ്ദി കൊണ്ടാടുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അഭയയാചന അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഈ പ്രബന്ധം അവസാനിപ്പിക്കട്ടെ.

*(മണലിൽ അച്ചന്റെ ഒരു നോട്ടുബുക്കിൽ നിന്നും ജോയ്സ് തോട്ടയ്ക്കാട് എഴുതിയെടുത്തത്.)*

# 7

# സാത്വികനായ തിരുമേനി

## ഫാ. പി. എം. ഫിലിപ്പോസ്, പുത്തേട്ടുകടുപ്പിൽ

### ദീനാനുകമ്പ

തിരുമേനി റമ്പാനായി മാർ കുറിയാക്കോസ് ദയറായിൽ താമസിച്ചു വരുന്ന ആദ്യകാലങ്ങളിൽ ആഴമേറിയ അവിടുത്തെ കിണറുകൾ മിക്കപ്പോഴും ശുഷ്ക്കമായിരുന്നതിനാൽ കുന്നിൻചരിവിലുള്ള കിണറുകളിൽ നിന്നും കുളങ്ങളിൽ നിന്നും വെള്ളം കോരി ചുമന്നുകൊണ്ടു വന്നാണ് ദയറാവാസികൾ ഉപയോഗിച്ചിരുന്നത്. വഴിസൗകര്യം വളരെ കുറവായിരുന്ന അക്കാലത്തുപോലും തിരുമേനിയെ കാണാൻ അവിടെ വന്നും പോയുമിരുന്നവർ വളരെ അധികമായിരുന്നു. സഹായങ്ങൾ ചോദിപ്പാൻ എത്തുന്നവരും കുറവല്ലായിരുന്നു.

കുറിയാക്കോസ് റമ്പാച്ചൻ തന്റെ ആശ്രമത്തിലേക്ക്, നടന്നു കുഴഞ്ഞ്, ദാഹിച്ചു ക്ഷീണിച്ച് വരുന്നവരെ കാണുന്ന മാത്രയിൽ എഴുന്നേറ്റു ചെന്ന് ആദരവോടെ അവർക്ക് കാൽ കഴുകുവാൻ വെള്ളവും കാപ്പി, ചായ, കൂൾ ഡ്രിങ്ക് അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഒരു പാനീയവും കൊടുത്ത് അവരുടെ ദാഹം ശമിപ്പിച്ചശേഷം ക്ഷുത്ത് പരിഹരിക്കുന്നതിൽ വേണ്ടതു ചെയ്യുമായിരുന്നു.

വിശക്കുന്നവർക്ക് പലഹാരങ്ങളും പഴങ്ങളും ഇഷ്ടംപോലെ വാരി വാരി കൊടുക്കുന്നതും ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്. അന്ന് തിരുമേനിയെ കാണാൻ ചെല്ലുന്നവരൊക്കെ പഴങ്ങളോ പലഹാരങ്ങളോ കൊണ്ടുവന്ന് തിരുമേനിക്ക് കാഴ്ച കൊടുക്കുന്നത് പതിവായിരുന്നു. 'നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക, അത് നിനക്ക് അനേക മടങ്ങായി തിരികെ ലഭിക്കും' എന്നുള്ള ബൈബിൾ വാക്യം ആക്ഷരികമായി നിറവേറി കണ്ടത് ദയറായിൽ വെച്ചായിരുന്നു. മറ്റൊരുത്തൻ വിശന്നു പൊരിയുന്നത് തിരുമേനിക്ക് ഓർക്കാൻ കഴിയാത്ത ഒരു സംഗതി ആയിരുന്നു.

### ശുശ്രൂഷയിലെ നിഷ്ഠ

പള്ളിയിൽ ശുശ്രൂഷയ്ക്കായി വൈകിട്ടു നിൽക്കുന്ന തിരുമേനിയുടെ ശുശ്രൂഷക്കാരായിരിക്കുന്നവർ വി. കുർബ്ബാന അവസാനിക്കുന്നതുവരെ വളരെ ഭയപ്പാടോടും, തികഞ്ഞ അച്ചടക്കത്തോടും കൂടിയേ പെരുമാറുകയുണ്ടായിരുന്നുള്ളു. മദ്ബഹായിൽ വരുത്തുന്ന തെറ്റ് തിരുമേനി

അശേഷം വെച്ചു പൊറുപ്പിക്കുകയില്ലായിരുന്നു. അടിയും ഇടത്തുകൈ കൊണ്ടുള്ള ഇടിയും വാങ്ങാത്തവർ വളരെ ചുരുക്കമായിരുന്നു. എല്ലാം ദൈവാലയ ശുശ്രൂഷയുടെ തീക്ഷ്ണതയിൽ നിന്നായിരുന്നതിനാൽ അത് ആരും അസന്തുഷ്ടിയോടെ വീക്ഷിച്ചതുമില്ല.

### തിരുമേനിയുടെ സ്നേഹം

തന്നെ സ്നേഹിച്ചു ശുശ്രൂഷിക്കുന്നവരെ തിരുമേനി അളവില്ലാതെ സ്നേഹിച്ചിരുന്നു. ആർക്കും തിരുമേനിയുടെ സമീപത്ത് ധൈര്യമായി കടന്നുചെന്ന് കാര്യങ്ങൾ സംസാരിക്കാമായിരുന്നു.

### സേവനസന്നദ്ധത

തിരുമേനി റമ്പാനായിരിക്കുമ്പോൾ താഴത്തെ കുഴിയിൽ നിന്ന് വെള്ളം കൊണ്ടുവരുന്നതിന് പൊട്ടനേയും മറ്റു അന്തേവാസികളെയും സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഞങ്ങളുടെ കൂടെ തിരുമേനിയും വെള്ളം ചുമക്കുമായിരുന്നു. അക്കാലത്ത് ദയറാ പരിസരങ്ങളിൽ ഇന്നു കാണുന്ന കൊന്നതെങ്ങുകൾ വെറും കുഴിക്കേടു മാറാത്ത തൈകൾ ആയിരുന്നു. പലപ്പോഴും കാട്ടുതീ പടർന്നു പിടിച്ച് തെങ്ങിൻതൈ കത്തി നശിച്ചിട്ടുണ്ട്. തീ തല്ലിക്കെടുത്താനും വെള്ളം ഒഴിക്കാനും തിരുമേനി ഞങ്ങളുടെ കൂടെ വന്നു സഹായിച്ചത് ഞാൻ ഓർക്കുന്നുണ്ട്. അതുപോലെ തിരുമേനിയുടെ ശ്രമത്താലും സഹായങ്ങൾ മൂലവും അനേകം പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുത്തിട്ടുണ്ട്. ഭിക്ഷക്കാർക്ക് പോലും പോക്കറ്റിലുള്ളത് എണ്ണിനോക്കാതെ വാരിക്കൊടുക്കുന്നതു കണ്ടിട്ടുണ്ട്. നൂറു രൂപാ നോട്ടെന്നോ പത്തു രൂപാ നോട്ടെന്നോ നോക്കാതെ കണ്ണടച്ചു വാരിക്കൊടുക്കുന്നതിന് അദ്ദേഹത്തിനു യാതൊരു നോട്ടവും ഇല്ലായിരുന്നു.

ദയറായിലേക്ക് ആവശ്യമുള്ള ഉപ്പ്, മുളക്, അരി, കാപ്പിപ്പൊടി, ചക്കര മുതലായതെല്ലാം തലച്ചുമടായി കൊണ്ടുവന്നുകൊണ്ടിരുന്ന കുട്ടിക്കുളം കപ്യാരോടും, ആംഗ്യ ഭാഷയിൽ മാത്രം കാര്യം ഗ്രഹിപ്പിക്കാൻ കഴിയുമായിരുന്ന പൊട്ടനോടും അദ്ദേഹത്തിനു തികഞ്ഞ സ്നേഹവാത്സല്യങ്ങൾ ഉണ്ടായിരുന്നു.

### ആഴമേറിയ ദൈവവിശ്വാസം

തിരുമേനിക്ക് ലോകജ്ഞാനം കുറവായിരുന്നെങ്കിലും ലോകനിയന്താവിനെ അദ്ദേഹത്തിന് നല്ല വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം വാർദ്ധക്യത്തിലും ക്ഷീണത്തിലും എത്തി തന്നെ നടക്കാൻ പ്രയാസമായിരുന്ന കാലത്ത് ഒരു ദിവസം ഈയുള്ളവന്റെ കൈത്താങ്ങലിൽ തിരുമേനി പള്ളിയുടെ പടിഞ്ഞാറു വശമുള്ള നടവഴിയിൽ നിൽക്കുകയായിരുന്നു. പലതും

സംസാരിച്ച കൂട്ടത്തിൽ അദ്ദേഹം എന്നോടു പറഞ്ഞ ഒരു വാക്യം ഞാൻ ഇപ്പോഴും ഓർക്കുന്നു.

“എന്റെ കത്തനാരച്ചാ, ഈ കാണുന്നതൊക്കെ ആരുണ്ടാക്കിയതാണ്. സർവ്വശക്തനായ ദൈവം ചെയ്തതാണ്” എന്നാണ് അദ്ദേഹം തിരുവായ് മൊഴിഞ്ഞത്. അദ്ദേഹം സാക്ഷാൽ ദൈവത്തെ അനുഭവിച്ചറിഞ്ഞവനും ദൈവത്തെ ധരിച്ചവനും ആയിരുന്നു. അഞ്ചാം തുബ്ദേനിൽ ദൈവത്തെ ധരിച്ചവനായ ഒരാളെക്കുറിച്ച് പറയുന്നുണ്ട്. തിരുമേനിയും ദൈവത്തെ ധരിച്ചവനായിരുന്നു.

**പ്രാർത്ഥനാനിരതൻ**

ചെറുപ്പകാലങ്ങളിലും വാർദ്ധക്യ ദശയിൽപ്പോലും പ്രാർത്ഥനാസമയം തിരക്കി യാമ യാമങ്ങളിൽ പ്രാർത്ഥന നടത്തുന്നതിൽ ജാഗരൂകനായി രുന്നു തിരുമേനി.

പലപ്പോഴും 11 മണിപോലും ആയിട്ടില്ലാത്തപ്പോൾ ഉച്ചനമസ്കാരത്തിന് സമയമായിട്ടില്ലേയെന്ന് അദ്ദേഹം തിരക്കുമായിരുന്നു.

അങ്ങിനെ നാനാപ്രകാരത്തിലും തികഞ്ഞ സാത്വികനായിരുന്നു തിരു മേനി. “Abu Ben Adam, may his tribe increase” എന്ന് കവി പാടിയതു പോലെ ദൈവസ്നേഹവും മനുഷ്യസ്നേഹവും നിറഞ്ഞ മനുഷ്യർ ധാരാ ളമുണ്ടാകട്ടെയെന്നു നമുക്കും പ്രാർത്ഥിക്കാം.

*(പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക, 1984)*



# ദളം 4

# ജീവിതവും ദർശനവും

# 1

# മദ്ധ്യസ്ഥതയാൽ രോഗശാന്തി

## പരിശുദ്ധ പാമ്പാടി തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ എന്റെ കാൻസർ മാറിയെന്ന് ദൃഢമായി ഞാൻ വിശ്വസിക്കുന്നു

## ഗീവർഗീസ് മാർ ഈവാനിയോസ്

കർത്താവായ ക്രിസ്തു ജനക്കൂട്ടത്തെ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ ചില ആളുകൾ പക്ഷവാതം പിടിച്ച ഒരു മനുഷ്യനെ കിടക്കയിൽ എടുത്തുകൊണ്ടുവന്നു. അവനെ അകത്തു കൊണ്ടുചെന്ന് മുമ്പിൽ വെപ്പാൻ ശ്രമിച്ചു. പുരുഷാരം ഹേതുവായി വഴികാണാഞ്ഞിട്ട് പുരമേൽ കയറി ഓടു നീക്കി അവനെ കിടക്കയോടെ നടുവിൽ ക്രിസ്തുവിന്റെ മുമ്പിൽ ഇറക്കിവച്ചു. അവരുടെ വിശ്വാസം കണ്ടിട്ട് ക്രിസ്തു 'മനുഷ്യാ, നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു'വെന്നു പറഞ്ഞു. പിന്നീട്, "എഴുന്നേറ്റ് കിടക്കയെടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു"വെന്നു പറഞ്ഞു. ഉടൻ അവൻ സൗഖ്യം പ്രാപിച്ച് അവൻ കാൺകെ എഴുന്നേറ്റ് താൻ കിടന്ന കിടക്ക എടുത്ത് വീട്ടിലേക്ക് പോയതായി ബൈബിളിൽ വി. ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ പക്ഷവാതക്കാരന്റെ വിശ്വാസം കണ്ടിട്ടല്ല, പ്രത്യുത അവനെ കൊണ്ടു ചെന്നവരുടെ വിശ്വാസം കണ്ടിട്ടാണ് കർത്താവ് രോഗശാന്തി നൽകുന്നത്. ഒരാൾക്കുവേണ്ടി മറ്റുള്ളവർ പ്രാർത്ഥിച്ചാലും കർത്താവു കനിയുമെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും മരിക്കയില്ല." എന്നിങ്ങനെയുള്ള ക്രിസ്തുവിന്റെ പ്രബോധനത്തെ ആസ്പദമാക്കി ഒരു വിശ്വാസിക്കു മരണമില്ലെന്നും "മരിച്ചുപോയവർ" എന്നു സാധാരണ പ്രയോഗിക്കാറുണ്ടെങ്കിലും ശരീരത്തിൽനിന്ന് വേർപെട്ടവർ എന്നു മാത്രമേ അതുകൊണ്ട് അർത്ഥമാക്കേണ്ടതുള്ളുവെന്നും ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു. മരിച്ചുപോയവർ അദൃശ്യരെങ്കിൽത്തന്നെയും ജീവനോടിരിക്കുന്നവരെപ്പോലെ അവരും സഭയിലെ അംഗങ്ങളാണെന്നും ജീവനോടിരിക്കുന്ന ഒരാൾ മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിച്ചാലുണ്ടാകുന്ന ഫലം തന്നെ മരിച്ചുപോയ ഒരാൾ ജീവനോടിരിക്കുന്ന ഒരാൾക്കുവേണ്ടി പ്രാർത്ഥിച്ചാലും ലഭ്യമാണെന്നുമാണ് ഓർത്തഡോക്സ് വിശ്വാസം. ഒരാൾ തനിക്കുവേണ്ടി തന്നെത്താൻ പ്രാർത്ഥിക്കുമ്പോഴും അയാൾക്കുവേണ്ടി

മറ്റൊരാൾ പ്രാർത്ഥിക്കുമ്പോഴും ദൈവകൃപ ലഭിക്കുന്നു. ശരീരത്തിൽ നിന്നും വേർപെട്ടുപോയ പരിശുദ്ധന്മാർ കർത്താവിനോടുകൂടെ വസിക്കുന്നുവെന്നും അവർ ശരീരത്തിലിരിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുവെന്നും വിശ്വസിച്ചുവരുന്നു. "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്ന് അവരുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെടുമ്പോൾ ശരണപ്പെടുന്നവർ അവരുടെ മദ്ധ്യസ്ഥപ്രാർത്ഥന അംഗീകരിക്കുന്നു. അവരുടെ കൂട്ടായ്മയിൽ പങ്കുചേരുന്നു. അവരെ അനുകരിക്കാൻ ബാദ്ധ്യസ്ഥരായി മാറുന്നു. "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ, അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" എന്ന് എബ്രായലേഖന കർത്താവ് വിശ്വാസികളെ ഉൽബോധിപ്പിക്കുന്നു. പാമ്പാടി തിരുമേനി ശരീരപ്രകാരം വേർപെട്ടുവെങ്കിലും ഇന്നും ജീവിക്കുന്നു. അദ്ദേഹം ശരീരത്തിലിരുന്നപ്പോൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചതുപോലെ ഇന്നും പ്രാർത്ഥിക്കുന്നു. ആ പരിശുദ്ധന്റെ പ്രാർത്ഥന ഫലിക്കുന്നു. പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ശരണം പ്രാപിക്കുന്നവർ അനേകരാണ്.

ഞാൻ കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പലിൽ വികാരിയായി 1973 മുതൽ 1985 വരെ പ്രവർത്തിച്ചിട്ടുണ്ട്. 1978-ൽ എനിക്കു മാരകമായ രോഗം പിടിപെട്ടു. ആദ്യം കാരിത്താസ് ഹോസ്പിറ്റലിൽ എന്നെ അഡ്മിറ്റു ചെയ്തു. പിന്നീട് കോലഞ്ചേരി ഹോസ്പിറ്റലിലേക്കു മാറ്റി. വീണ്ടും കാരിത്താസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. അവിടെ വച്ച് രോഗം കണ്ടുപിടിച്ചു. കാൻസർ ആണ് എന്നെ കാർന്നുതിന്നുകൊണ്ടിരിക്കുന്നതെന്നു വ്യക്തമായി. ഞാൻ വല്ലാത്ത ഒരു മാനസികാവസ്ഥയിലെത്തിച്ചേർന്നു. രോഗമോചനം അസാധ്യമാണെന്ന് എല്ലാവരും കരുതി. കാരിത്താസിൽ നിന്നും മദ്രാസിലുള്ള അഡയാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് എന്നെ കൊണ്ടുപോകുന്നതിനൽപ്പം മുമ്പ് ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ എന്റെ സഹപ്രവർത്തകനായിരുന്ന ഫാ. കെ. എം. അലക്സാണ്ടർ എന്റെ അടുത്തു വന്നു ചോദിച്ചു. "അച്ചാ ഇപ്പോൾ അച്ചന്റെ മനസ്സിൽ എന്തു തോന്നുന്നു?" ഞാൻ മറുപടി നൽകി: "വി. യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായം 40-ാം വാക്യമാണ് എന്റെ മനസ്സിൽ വരുന്നത്. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും." "അങ്ങനെ തന്നെ കരുതിക്കൊൾക" എന്നു പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചശേഷമാണ് അച്ചൻ പ്രാർത്ഥിച്ചത്. ബന്ധുമിത്രാദികൾ എല്ലാവരും കൂടി എന്നെ അവിടെ നിന്ന് യാത്രയാക്കി. ഇതിനോടകം ചികിത്സയിനത്തിൽ താങ്ങാനാവാത്ത ഒരു സംഖ്യ ചെലവിട്ടു കഴിഞ്ഞിരുന്നു. പണം കടം വാങ്ങിച്ചാണ് കാരിത്താസിലെ ബില്ലടച്ചത്. അഡയാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിയ ഉടനെ പരിശോധന നടത്തിയശേഷം പ്രധാന ഡോക്ടർ

എന്നോടു പറഞ്ഞു: “Father, you must be admitted immediately, You need not pay anything, We will do our best, The rest is in the hands of God (ഫാദർ, താങ്കളെ ഉടൻതന്നെ അഡ്മിറ്റ് ചെയ്തേ തീരൂ. അങ്ങ് ചികിത്സയ്ക്ക് ഒന്നുംതന്നെ തരേണ്ട. ഞങ്ങൾ കഴിവിന്റെ പരമാവധി ശ്രമിക്കാം. ബാക്കിയൊക്കെ ദൈവത്തിന്റെ കരങ്ങളിലാണിരിക്കുന്നത്)” തുടർന്ന് “കീമോതെറാപ്പി” എന്ന ട്രീറ്റ്മെന്റ് തുടങ്ങി. പെട്ടെന്ന് എന്റെ മുടിയും മീശയും കൊഴിഞ്ഞുപോയി. താടിയിൽ മൂന്നു മീശ മാത്രം അവശേഷിച്ചു. രക്ഷയില്ലെന്നുള്ള നിലയിലേക്ക് നീങ്ങി. രണ്ടാംഘട്ട ട്രീറ്റുമെന്റ് നിർണ്ണായകം (Critical) ആയിരുന്നു. ഞാൻ അബോധാവസ്ഥയിലായി സിങ്കിങ്ങ് സ്റ്റേജിലെത്തി. മരണത്തോടു മല്ലിട്ടു തുടങ്ങി. പത്തുമിനിറ്റിനകം റിസൽറ്റാകും എന്നു ഡോക്ടർമാർ കൂടെയുള്ളവരെ അറിയിച്ചു. നാട്ടിലേക്ക് എന്റെ ശവം കൊണ്ടുവന്നാൽ ചെയ്യേണ്ട കാര്യങ്ങളും ശവസംസ്കാരം സംബന്ധിച്ചുള്ള എല്ലാ ക്രമീകരണങ്ങളും സുഹൃത്തുക്കൾ ഇതിനോടകം ചെയ്തുകഴിഞ്ഞിരുന്നു. ബോധമറ്റു കിടന്നിരുന്ന എനിക്കു പെട്ടെന്ന് ഒരു ദർശനമുണ്ടായി. നാലു വിശുദ്ധന്മാർ എന്റെ അടുത്തു നിൽക്കുന്നു! അവരിൽ ഒരാൾ “എന്താ കിടക്കുന്നത്? എഴുന്നേറ്റിരിക്ക്” എന്നു പറഞ്ഞ് എന്നെ പിടിച്ചെഴുന്നേൽപിക്കുന്നത് ഞാൻ കണ്ടു. നാലു പേരും പെട്ടെന്ന് അപ്രത്യക്ഷരായി. മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റവനെപ്പോലെ സുബോധമുള്ളവനായി ഞാൻ എഴുന്നേറ്റിരിക്കുന്നതു കണ്ട് ഞാനും അടുത്തുള്ളവരും അത്ഭുതപരതന്ത്രരായി. എനിക്കു സൗഖ്യം സിദ്ധിച്ചിരിക്കുന്നു! 1978 മെയ് മാസത്തിലാണ് ചികിത്സയാരംഭിച്ചത്. അത്ഭുതമെന്നേ പറയേണ്ടൂ, 1978 നവംബർ മുതൽ എനിക്കു വീണ്ടും വി. കുർബാനയർപ്പിക്കുവാൻ സാധിച്ചു. രണ്ടു വർഷങ്ങൾക്കു ശേഷം പരിശോധനയ്ക്കു ഞാൻ അഡയാറിൽ ചെന്നപ്പോൾ മുൻപറഞ്ഞ നിർണ്ണായകഘട്ടത്തിൽ എന്നെ ചികിത്സിച്ച ഡോ. സുബ്രമണ്യസ്വാമി എന്നോടു ചോദിച്ചു? “Father how are you?” (ഫാദർ അങ്ങേയ്ക്ക് എങ്ങനെയുണ്ട്?). ഞാൻ മറുപടി പറഞ്ഞു: “I am in good health” (എനിക്കു നല്ല ആരോഗ്യമുണ്ട്). അപ്പോൾ അദ്ദേഹം പറഞ്ഞു: “Father, I am very pleased to see you in good health. Now, I believe in prayer” (ഫാദർ, താങ്കൾക്ക് നല്ല ആരോഗ്യമുണ്ടെന്നു കാണുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഇപ്പോൾ ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നു). അപാരമായ ദൈവകൃപ എനിക്കു ലഭിച്ചു. മാരകമായ രോഗത്തിൽ നിന്നാണ് എനിക്കു മോചനം ലഭിച്ചത്. ക്രമേണ മുടിയും മീശയും കിളിർത്തുവന്ന് ഞാൻ മുമ്പത്തെ സ്ഥിതിയിലെത്തിച്ചേർന്നു. 1979 മാർച്ചിൽ എനിക്കു റമ്പാൻസ്ഥാനം ലഭിച്ചു. 1985-ൽ മെത്രാൻ സ്ഥാനത്ത് എത്തിച്ചേർന്നു. പാമ്പാടി തിരുമേനിയുടെ ചാപ്പലിൽ വികാരിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് എനിക്കു കാൻസർ പിടിപെട്ടത്. പുണ്യവാനായ

തിരുമേനി എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നുവെന്ന് എനിക്കുറപ്പുണ്ട്. ഞാൻ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ശരണപ്പെട്ടു കൊണ്ടാണിരുന്നത്. പ്രാർത്ഥനയുടെ ശക്തിയാൽ, വിശിഷ്യാ പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയാൽ എനിക്കു രോഗശാന്തി ലഭിച്ചതായി ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ചാപ്പലിൽ പ്രവർത്തിച്ച എനിക്ക് ആ പരിശുദ്ധന്റെ അദൃശ്യകരങ്ങളാലുള്ള അനുഗ്രഹം ലഭിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി കോട്ടയം ഭദ്രാസനത്തിന്റെ മെത്രാൻ ആകുവാൻ സാധിച്ചതും ഈ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ്. “നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന ദൈവം കേൾക്കുന്നു.”

## പരിശുദ്ധ പാമ്പാടി തിരുമേനിയും കാരാപ്പുഴ ചാപ്പലും

75 വർഷങ്ങളുടെ ചരിത്രസ്മരണകളുമായി കാരാപ്പുഴ എരുത്തിക്കൽ കുന്നിൻപുറത്ത് ഒരു വെള്ളിനക്ഷത്രംപോലെ കാന്തിവിതറുന്ന കാരാപ്പുഴ മാർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ നിർമ്മിതിയുടെ പിന്നിലെ പൊൻകരങ്ങൾ പരിശുദ്ധ പാമ്പാടി തിരുമേനിയുടേതാണെന്ന വസ്തുത പ്രചുരപ്രചാരം നേടിയിട്ടുള്ളതല്ല.

സമുദായ കേസിനെത്തുടർന്നു കോട്ടയത്തെ പുരാതന ദേവാലയങ്ങളായ ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി എന്നീ ദേവാലയങ്ങൾ അടയ്ക്കപ്പെട്ടപ്പോൾ ഈ പ്രദേശങ്ങളിലെ വിശ്വാസികൾ വി. കുർബാനയിൽ സംബന്ധിക്കുന്നതിന് അകലെയുള്ള പഴയസെമിനാരി, മാർ ഏലിയാ ചാപ്പൽ എന്നിവയെയാണ് ആശ്രയിച്ചത്. വാഹനസൗകര്യം പരിമിതമായിരുന്ന കാലത്ത് ജനങ്ങൾ തങ്ങളുടെ സങ്കടം പഴയസെമിനാരിയിലെത്തി പരിശുദ്ധ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയെ അറിയിച്ചു. പരിശുദ്ധ പിതാവ്, പരിശുദ്ധ പാമ്പാടി തിരുമേനിയോട് ആലോചന നടത്തി. സാമ്പത്തികപ്രയാസമുള്ള കാലമായതിനാൽ ആരെങ്കിലും ദാനമായി സ്ഥലം നൽകുന്നപക്ഷം പള്ളി സ്ഥാപിക്കുന്നതിന് മുൻകൈയെടുക്കാമെന്ന് പാമ്പാടി തിരുമേനി അറിയിച്ചു. അതിൻപ്രകാരം സ്ഥലം ഭദ്രാസന മെത്രാപ്പോലീത്തായായ തിരുമേനിയുടെ പേരിൽ എഴുതിക്കൊടുത്തു.

പരിശുദ്ധ തിരുമേനിയുടെ മേൽനോട്ടത്തിലാണ് പണി പുരോഗമിച്ചത്. ആദ്യഘട്ടത്തിൽ താൽക്കാലികമായി ഓലമേഞ്ഞ ഒരു ഷെഡ്ഡും ഒരു കിണറും നിർമ്മിച്ചു. 1939 സെപ്റ്റംബർ 2–ാം തീയതി പരിശുദ്ധ പിതാവ് കൂദാശ നടത്തി മാർ ഗ്രീഗോറിയോസ് ചാപ്പൽ എന്നു നാമകരണം ചെയ്ത് വി. കുർബാന അർപ്പിച്ചു.

ഉപ്പൂട്ടിൽ യാക്കോബ് കത്തനാരെ പള്ളിയുടെ ചുമതല ഏൽപിച്ചുവെങ്കിലും പരിശുദ്ധ പാമ്പാടി തിരുമേനി ക്രമമായി ഇവിടെയെത്തുകയും വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്തുപോന്നു. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും മൂലം സൗഖ്യങ്ങളും അനുഗ്രഹങ്ങളും അത്ഭുതങ്ങളും ലഭിച്ചവർ ഈ പ്രദേശത്ത് ഏറെയുണ്ട്.

1938-ൽ ദേവാലയം ഓടുമേഞ്ഞ് നവീകരിച്ചു. പരിശുദ്ധ പാമ്പാടി തിരുമേനി പല വർഷങ്ങളിലും ഹാശാ ശുശ്രൂഷകൾക്കും ജനനപ്പെരുന്നാളിലും പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ദിവസങ്ങളിലും ദിവസങ്ങളോളം കാരാപ്പുഴ ചാപ്പലിൽ താമസിക്കുമായിരുന്നു.

പള്ളിയുടെ പ്രഥമ വികാരിയായി പരിശുദ്ധ പാമ്പാടി തിരുമേനി കൽപ്പിച്ചാക്കിയത് വട്ടക്കുന്നേൽ മാത്യൂസ് കശീശ്ശായെയാണ് (പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ). ഫാ. ഡോ. ടി. ജെ. ജോഷ്വ, ഫാ. എം. വി. ജോർജ് (ഗീവർഗീസ് മാർ ഒസ്താത്തിയോസ്), ഫാ. കെ. കെ. മാത്യൂസ് (മാത്യൂസ് മാർ ബർണബാസ്) എന്നിവർക്കെല്ലാം ശേഷമാണ് 1973-ൽ ഈ ദേവാലയത്തിന്റെ വികാരിയായി ഞാൻ നിയമിക്കപ്പെടുന്നത്. സണ്ടേസ്കൂൾ കെട്ടിടത്തിന്റെ പണിയാരംഭിച്ചത് ഇക്കാലത്താണ്. ആ സമയത്ത് എനിക്ക് കാൻസർ രോഗം പിടിപെട്ടു (1977-78 ൽ). രോഗസൗഖ്യം ലഭിച്ച് റമ്പാനായി മടങ്ങിവന്ന എനിക്ക് പരുമല സെമിനാരിയുടെ ആത്മീയ ചുമതലയും നൽകുകയുണ്ടായി. ഈ കാലയളവിൽ കാരാപ്പുഴയിൽ പള്ളി പണിയണമെന്ന് കൂടെക്കൂടെ സ്വപ്നം കാണുമായിരുന്നു. പള്ളിയിലേക്കു കയറിവരുവാൻ ശരിയായ വഴിയില്ലാത്തതുകൊണ്ട് പള്ളിപണിക്ക് മടിച്ചു. വഴി കിട്ടുകയാണെങ്കിൽ പണിയാരംഭിക്കാമെന്നു മനസ്സിൽ പ്രാർത്ഥിച്ചാഗ്രഹിച്ചു. ഒരിക്കലും വഴി തരില്ലെന്നു പറഞ്ഞ സി.എസ്.ഐ. സ്കൂൾ ഉടമസ്ഥൻ പിന്നീട് വഴി നൽകാമെന്ന് സമ്മതിച്ചു. പകരം സ്കൂളിന്റെ മതിൽ കെട്ടിക്കൊടുക്കണമെന്നാവശ്യപ്പെട്ടു. അതൊരു ശുഭസൂചനയായും ദൈവനടത്തിപ്പായും കണ്ടു. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ മദ്ധ്യസ്ഥതയാണു ലഭിച്ചതെന്നു വിശ്വസിക്കുന്നു. അതിനുശേഷമാണ് പള്ളിപണി ആരംഭിച്ചത്. മുൻ വികാരിമാർക്കു ലഭിക്കാതിരുന്ന വലിയ നിയോഗം ഭയത്തോടും പ്രാർത്ഥനയോടുമാണ് ഏറ്റെടുത്തത്. കൈവശമൊരു തുകയുമില്ലാതെയാണു പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പള്ളിയുടെ ഓട് ഇളക്കിയത്. പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ എല്ലാ കാര്യങ്ങളും കൂദാശ വരെയും ദൈവാനുഗ്രഹത്തോടെ നടന്നു. 1987 മാർച്ച് 28, 29 തീയതികളിൽ പരിശുദ്ധ ബസ്സലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ കൂദാശ നടന്നു. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ഈ പള്ളി പണിതത് എനിക്കു വലിയ അനുഗ്രഹത്തിനു

കാരണമായിത്തീർന്നു. 1985-ൽ മെത്രാപ്പോലീത്തായായി. ഓഗസ്റ്റ് ഒന്നാം തീയതി പാമ്പാടി തിരുമേനിയുടെ പിൻഗാമിയായിത്തീരുവാൻ അനുഗ്രഹം ലഭിക്കുകയും പാമ്പാടി ദയറായിലെത്തി ചാർജ്ജെടുക്കുകയും ചെയ്തു. പാമ്പാടിയിലെത്തിയപ്പോൾ കാരാപ്പുഴ ചാപ്പലിനേക്കാൾ ചെറിയ ചാപ്പലായിരുന്നു അവിടെയുണ്ടായിരുന്നത്. ആ ചാപ്പലും പുതുക്കിപ്പണിയുവാനുള്ള ഭാഗ്യം ദൈവകൃപയാൽ എനിക്കു ലഭിച്ചു. അതോടുകൂടെ കോട്ടയം ഭദ്രാസനത്തിലെ മിക്ക പള്ളികളും പുതുക്കിപ്പണിയുവാനിടയായി.

കാരാപ്പുഴക്കാരെ പ്രാർത്ഥനയും നോമ്പും ഉപവാസവും ശീലിപ്പിക്കുന്നതിൽ ഏറെ പ്രയാസമുണ്ടായില്ല. കാരണം മറ്റൊന്നല്ല, ഈ ആരാധനാ സമൂഹത്തിന് അടിസ്ഥാനക്കല്ലിട്ടത് പരിശുദ്ധ പാമ്പാടി തിരുമേനിയാണെന്നുള്ളതു തന്നെയാണ്. പെരുന്നാളുകളിൽ ഈ ഇടവകയിൽ ചെണ്ടമേളവും ബാന്റും കരിമരുന്ന് പ്രകടനങ്ങളും ഉപേക്ഷിച്ചു. ഒരു തവണ ചെണ്ടക്കാരെ വിളിച്ചുവരുത്തി. അന്ന് മേളം നടത്താതെതന്നെ അവർക്ക് ഞാൻ പണം നൽകി പറഞ്ഞയച്ചു. ഇന്നും ഈ പതിവ് അവർ തുടർന്നുപോരുന്നുണ്ട്. എനിക്കു കാൻസർ ബാധിച്ച കാലത്ത് പരിശുദ്ധ പരുമല തിരുമേനിയോടും പരിശുദ്ധ പാമ്പാടി തിരുമേനിയോടുമുള്ള മദ്ധ്യസ്ഥതയിൽ ഈ ഇടവക നടത്തിയ പ്രാർത്ഥനകൾ എനിക്കേറെ ധൈര്യം നൽകി. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പിന്തുടർച്ചക്കാരനായി ഈ ദേവാലയത്തിൽ ശുശ്രൂഷ നടത്താനിടയായതിൽ എനിക്ക് അഭിമാനവും സന്തോഷവുമുണ്ട്.

(മലയാള മനോരമ, ഏപ്രിൽ 12, 2009)

# 2

# വിശുദ്ധിയുടെ നറുമലർ

## പ്രൊഫ. നൈനാൻ ഏബ്രഹാം
### (റിട്ട. വൈസ് ചാൻസലർ, കാൺപൂർ യൂണിവേഴ്സിറ്റി)

ജീവിതവിശുദ്ധിയുടെ കേന്ദ്രബിന്ദു ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ദൈവേഷ്ടം അനുസരിക്കുക എന്നുള്ളതാണ്. ദൈവത്തിന്റെ സൽഗുണ സമ്പൂർണത കുറെയെങ്കിലും ഉള്ളവരെയാണു നാം പരിശുദ്ധന്മാരായി കരുതുക. ഈ കാഴ്ചപ്പാടിലൂടെ വിലയിരുത്തുമ്പോൾ, ദൈവേഷ്ടം മാത്രം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്ന ഒരാളായിരുന്നു പാമ്പാടി തിരുമേനി. സ്ഥാനമോഹം അദ്ദേഹത്തിന് തീരെ ഇല്ലായിരുന്നു. പുന്നൂസ് റമ്പാനോടും (പിന്നീട് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ) ഗീവർഗീസ് റമ്പാനോടും (പിന്നീട് ബഥനിയിലെ മാർ ഈവാനിയോസ്) ഒപ്പം 1911–ൽ മെത്രാൻസ്ഥാനത്തേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതാണ്. എന്നാൽ 1929–ൽ മാത്രമാണ് അദ്ദേഹം മെത്രാനായി അഭിഷിക്തനായത്. മേൽപട്ടസ്ഥാനത്തേക്കു യോഗ്യനായി മറ്റുള്ളവർ കരുതിയെങ്കിലും അതു ദൈവേഷ്ടമാണെന്നു ബോധ്യം വന്നതിനുശേഷം മാത്രമേ അദ്ദേഹം ആ സ്ഥാനം സ്വീകരിക്കാമെന്നു സമ്മതിച്ചുള്ളു എന്നു പറഞ്ഞുകേട്ടിട്ടുണ്ട്.

മേൽപട്ടസ്ഥാനത്തോടു തിരുമേനിയുടെ സമീപനവും ഇപ്പോൾ ചില ആളുകളുടേതായി കേൾക്കപ്പെടുന്ന സമീപനവും തമ്മിലുള്ള അന്തരം ചിന്ത്യമാണ്. കാൻവാസിങ്ങും വോട്ടുപിടിത്തവും സാധാരണമാണെന്നും അങ്ങനെയുള്ള മത്സരത്തിൽ പങ്കെടുക്കാൻ മനസ്സില്ലായ്കയാൽ അർഹതയുള്ളവരും അനുയോജ്യരുമായ ചിലരെങ്കിലും പുറകോട്ടു മാറിനിൽക്കുകയാണെന്നും കേൾക്കുന്നുണ്ട്.

പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയും ഉപവാസവും നിറഞ്ഞ ജീവിതത്തെപ്പറ്റി പറയേണ്ടതില്ല. അപായസാധ്യത കണക്കാക്കാതെ പ്ലേഗ് ബാധിതമായ കുന്നംകുളത്തു പോയി താമസിച്ച് പ്രാർത്ഥനകളും ശുശ്രൂഷകളും നടത്തിയത് പൊതുവെ അറിയാവുന്നതാണ്. സാധാരണക്കാരോടുപോലുമുള്ള സ്നേഹമസൃണമായ അദ്ദേഹത്തിന്റെ അതിഥിസൽക്കാര സ്വഭാവത്തെപ്പറ്റി പലർക്കും അറിവില്ലായിരിക്കാം. വിവിധ ആവശ്യങ്ങളുമായി സമീപിച്ചിരുന്ന എല്ലാവരെയും അദ്ദേഹം സ്നേഹത്തോടെ സ്വീകരിച്ചു. സാമ്പത്തികസഹായം വേണ്ടവർക്കു കഴിവതു നൽകി. പ്രാർത്ഥനാ സഹായം വേണ്ടവർക്കുവേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു.

അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സമാധാനവും സന്തോഷവും ലഭിച്ച പലരും ദൂരസ്ഥലങ്ങളിൽ നിന്നു കൃതജ്ഞത അറിയിക്കാൻ പൊത്തൻപുറത്ത് എത്തുമായിരുന്നു.

തിരുമേനിയെ കാണുന്നതിനും വാക്കുകൾ കേൾക്കുന്നതിനും അദ്ദേഹത്തോടു സംസാരിക്കുന്നതിനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. തിരുമേനി നിലയ്ക്കൽ കൺവൻഷനു വരുമ്പോഴാണ് അദ്ദേഹത്തെ ആദ്യമായി കാണുന്നത്. കൺവൻഷന്റെ സമാപനദിവസത്തെ തിരുമേനിയുടെ ആശീർവാദവും അനുഗ്രഹവചനങ്ങളും ഒരിക്കലും മറക്കത്തക്കതല്ല. കൂടിയിരുന്ന എല്ലാ ആളുകളെയും അവരുടെ കുടുംബങ്ങളെയും അവരുടെ വീടുകളെയും സംരംഭങ്ങളെയും ദൈവം അനുഗ്രഹിക്കുന്നതിനും രോഗങ്ങളിൽ നിന്നും കഷ്ടപ്പാടിൽനിന്നും അവരെയും നാടിനെയും കാത്തുകൊള്ളുന്നതിനും വേണ്ടിയുള്ള ഭക്തിനിർഭരമായ അനുഗ്രഹവചനങ്ങൾ ഇപ്പോഴും ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു.

പിന്നീട് തിരുമേനിയുമായി വ്യക്തിപരമായി പരിചയപ്പെടുന്നതിനും ജീവിതത്തിന്റെ പല പ്രധാന ഘട്ടങ്ങളിലും തിരുമേനിയെ കണ്ട് അനുഗ്രഹങ്ങൾ വാങ്ങിക്കുന്നതിനും സാധിച്ചിട്ടുണ്ട്. തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിൽ വീണ്ടും അഭയം പ്രാപിക്കുന്നു.

(മലയാള മനോരമ, ഏപ്രിൽ 11, 2004)



അലക്സിയോസ് മാർ തേവോദോസ്യോസ്, ഔഗേൻ മാർ തീമോത്തിയോസ്, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പ. പാമ്പാടി തിരുമേനി, തോമ്മാ മാർ ദീവന്നാസ്യോസ്. പിൻനിരയിൽ: ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ്, പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ്.

# 3

# ആത്മവിശുദ്ധിയുടെ ആർജ്ജവം


## ഡോ. സിറിയക് തോമസ്

(മുൻ വൈസ് ചാൻസലർ, എം. ജി. യൂണിവേഴ്സിറ്റി)


പാമ്പാടി തിരുമേനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഞങ്ങളുടെ കുടുംബ പ്രാർത്ഥനയുടെ ഭാഗമായത് എന്നു മുതൽക്കാണെന്നു കൃത്യമായി പറ ഞ്ഞുകൂടാ. എങ്കിലും അമ്മയുടെ കോട്ടയം പാരമ്പര്യത്തിന്റെ സ്വാധീന ത്തിലാവണം അങ്ങനെ വന്നത്. പാമ്പാടി തിരുമേനിയുടെ ചിത്രവും വീട്ടി ലുണ്ടായിരുന്നു. തിരുമേനി സർവർക്കും സ്വന്തമായിരുന്നുവെന്നതു സത്യം.

പരുമലയിലും പാമ്പാടിയിലും പുണ്യസിദ്ധികൊണ്ടു വിശ്വാസികളുടെ വിശ്വാസമാർജിച്ച തിരുമേനിമാർ പേരുകൊണ്ടു ഗ്രീഗോറിയോസുമാരാ യിരുന്നു. പരുമല കൊച്ചുതിരുമേനിയെ യൗവനത്തിൽതന്നെ ഭക്തർ വിശുദ്ധരുടെ ഗണത്തിലുൾപ്പെടുത്തി കണ്ടിരുന്നുവെങ്കിൽ പാമ്പാടി തിരു മേനി ബാല്യത്തിൽതന്നെ ദൈവത്തിന്റെ വഴിയാണു സ്വന്തം വഴിയെന്നു തിരിച്ചറിഞ്ഞ പുണ്യപുരുഷനായിരുന്നു.

നിയോഗംകൊണ്ടുതന്നെ സന്യാസിയായിരുന്നു തിരുമേനി, പുരോഹി തനും. ഭക്തികൊണ്ടും ഭാഗ്യംകൊണ്ടും മേൽപ്പട്ടസ്ഥാനത്തിന്റെ അനു ഗ്രഹവുമാർജ്ജിച്ചു. തികച്ചും സാധാരണ സാഹചര്യങ്ങളിൽ ജനിച്ചു ഭൗതിക പരിമിതികളെയെല്ലാം അതിവർത്തിച്ച്, അവിശ്വസനീയമായ ആത്മീയ ഔന്നത്യത്തെ പ്രാപിച്ച അസാധാരണ വ്യക്തിത്വത്തിന്റെ ഉട മയായിരുന്ന തിരുമേനി അന്നും ഇന്നും അത്ഭുതങ്ങൾകൊണ്ട് തന്റെ ഭക്തരുടെ ജീവിതങ്ങളിൽ സജീവ സാന്നിധ്യമായി നിൽക്കുന്നു.

സ്വന്തവിശ്വാസത്തിന്റെ ദാർഢ്യമായിരുന്നു എന്നും തിരുമേനിയുടെ വാക്കുകളുടെ ശക്തി. അവിടുത്തെ കൽപനകൾക്കു വജ്രകാഠിന്യമാണു ണ്ടായിരുന്നത്. നീതിയും സത്യവുമായിരുന്നു തിരുമേനിയുടെ വാക്കു കൾക്കു നിത്യം കാവലാളുകൾ. നീതിയുടെ പാതയിൽ മാത്രം നടന്ന സത്യാന്വേഷിയുമായിരുന്നു തിരുമേനി. തന്റെ നാമത്തിൽ പറയുവാനും പ്രവർത്തിക്കുവാനും സ്വശിഷ്യർക്ക് അധികാരം നൽകിയ ദൈവപുത്രൻ സ്വശിഷ്യരുടെ കൈവെയ്പിന്റെ പിൻതുടർച്ചവഴി പാമ്പാടി തിരുമേനിക്കും ശ്ലൈഹികാധികാരത്തിന്റെ ശക്തി നൽകിയിരുന്നുവെന്നതിനു തിരുമേ നിയുടെ സമകാലികരുടെ സാക്ഷ്യം മാത്രം മതിയാകും.

പാമ്പാടി തിരുമേനിയുടെ യഥാർത്ഥബലം ദൈവത്തിങ്കലുള്ള ആഴമായ വിശ്വാസവും ദൈവമുമ്പാകെ അദ്ദേഹമർപ്പിച്ചിരുന്ന കണ്ണുനീരോടെയുള്ള പ്രാർത്ഥനയുമായിരുന്നു. പ്രാർത്ഥനയും ദീനാനുകമ്പയും ഇതുപോലെ സമഞ്ജസമായി സമന്വയിപ്പിക്കുവാൻ സാധിച്ച സാത്വിക യോഗിവര്യന്മാർ വിരളമായിരിക്കണം. സമ്പാദിക്കുന്നതിനേക്കാൾ കൊടുക്കുന്നതിലായിരുന്നു തിരുമേനിയുടെ സന്തോഷം. ദാനത്തെ അദ്ദേഹം ഒരു ജീവിതകലയാക്കി. ആംഗല മഹാകവിയുടെ വാക്കുകളാണു തിരുമേനി ജീവിതംകൊണ്ട് അന്വർത്ഥമാക്കിയത്. "It blesseth the one who gives than one who receives."

പാമ്പാടി തിരുമേനിയുടെ കുർബാനയും വിശുദ്ധ ആരാധനയും വിശ്വാസികൾക്ക് അവിശ്വസനീയമായ ഒരു ആത്മീയാനുഭവമായിരുന്നു. കുർബാനയിൽ അദ്ദേഹം സ്വയം വിസ്മരിച്ചു ലയിച്ചു ചേർന്നിരുന്നു. സ്വർഗ്ഗീയ ദൂതന്മാരോടു ചേർന്നു സ്വർഗ്ഗനാഥന് ആരാധന സമർപ്പിക്കുകയാണെന്ന ബോധത്തിലായിരുന്നു തിരുമേനിയുടെ കുർബാനയർപ്പണം. പ. പാത്രിയർക്കീസ് ബാവായുടെ സാന്നിദ്ധ്യത്തിൽ കുർബാനയർപ്പിച്ചപ്പോൾ ബാവായുടെ സാന്നിദ്ധ്യം വിസ്മരിച്ചു താൻതന്നെ കർത്തൃപ്രാർത്ഥന ചൊല്ലിയതിൽ പിന്നീടു ഖേദം പറഞ്ഞ തിരുമേനി അലൗകികമായ ആത്മീയ നിർവൃതിയിൽപ്പെട്ടു പോയതുകൊണ്ടാണങ്ങനെ സംഭവിച്ചതെന്ന് ഏറ്റുപറയുകയുണ്ടായി. അതായിരുന്നു പാമ്പാടി തിരുമേനി. ലോകത്തിലായിരിക്കെതന്നെ ആത്മീയമായി സ്വർഗ്ഗീയാനുഭവം തേടുന്ന സ്വഭാവമായിരുന്നു തിരുമേനിയുടെ സവിശേഷത.

സന്യാസയോഗം പാമ്പാടി തിരുമേനിക്കു ജന്മസിദ്ധമായിരുന്നു. ബാല്യത്തിൽതന്നെ ദൈവവഴി കണ്ടു. യൗവനം കടുത്ത ആത്മീയ ശിക്ഷണത്തിൽ പ്രശോഭിതമാക്കി. പൗരോഹിത്യത്തിന്റെ പ്രൗഢവർഷങ്ങളാകട്ടെ കഠിനമായ ത്യാഗവും കഷ്ടപ്പാടുംകൊണ്ടു തിരുമേനി ധന്യമാക്കുകയും ചെയ്തു.

തിരുമേനി ഒരിക്കലും ഒന്നും കൈയിൽ കരുതിയില്ല. ദൈവത്തിനു കൊടുത്തതിനും ദൈവം കൊടുത്തതിനും തിരുമേനി കണക്കു സൂക്ഷിച്ചതുമില്ല. കിട്ടിയതും എടുത്തതും കൊടുത്തതും ബാക്കിയായതും അദ്ദേഹത്തിന് ഒരിക്കലും നിശ്ചയമുണ്ടായിരുന്നതുമില്ല. ആവശ്യങ്ങൾക്കനുസരിച്ചു തിരുമേനിക്കു ലഭിച്ചു. ആവശ്യക്കാർക്കെല്ലാം തിരുമേനി ആവശ്യംപോലെ കൊടുക്കുകയും ചെയ്തു. പിറ്റേന്നത്തേക്കുള്ളതിനെക്കുറിച്ച് ഒരിക്കൽപ്പോലും തിരുമേനി ആകുലനായതുമില്ല.

സമാധാനത്തിന്റെ ദൂതനായിരുന്ന തിരുമേനി പള്ളിവഴക്കുകളിലൊക്കെ മദ്ധ്യസ്ഥനായി. ചൂടേറിയ തർക്കങ്ങൾ തിരുമേനിയുടെ വാക്കു

കളാൽ ആവിയായി. തർക്കങ്ങളുള്ളിടത്തൊക്കെ അനുരഞ്ജനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുവാനും തിരുമേനിക്കു അനായാസം കഴിഞ്ഞു.

പാമ്പാടി തിരുമേനിക്ക് അത്ഭുതകരമായ നിഗ്രഹാനുഗ്രഹ ശക്തിയുണ്ടായിരുന്നുവെന്നതും സത്യം. പക്ഷേ, തന്റെ കരവും സ്ലീബായും അനുഗ്രഹിക്കുവാനായിട്ടല്ലാതെ തിരുമേനി ഒരിക്കൽപ്പോലും ഉയർത്തിയിട്ടില്ല. സാന്ത്വനം നൽകുന്നതിലായിരുന്നു തിരുമേനിയുടെ സന്തോഷം. തന്നെ എതിർത്തവരോടും അനായാസം ക്ഷമിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പകയും വിദ്വേഷവും തിരുമേനിക്ക് എന്നും അന്യമായിരുന്നു. സഹജീവികളോടുള്ള സമീപനത്തിൽ ജാതിഭേദമോ മതഭേദമോ അദ്ദേഹത്തെ സ്വാധീനിച്ചിരുന്നുമില്ല. ആദിവാസികളോടുപോലും ആത്മബന്ധം പുലർത്തിയ തിരുമേനിക്കു പക്ഷിമൃഗാദികൾപോലും ഇഷ്ടതോഴരായിരുന്നല്ലോ.

ഗുരുഭക്തി തിരുമേനിയുടെ മുഖമുദ്രയായിരുന്നു. തന്നെ അക്ഷരം പഠിപ്പിച്ച ആശാനോടു മാത്രമല്ല അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും തിരുമേനി അന്ത്യംവരെ ആഴമായ ആദരവു പുലർത്തി.

ഒരിക്കലും യാതൊന്നും തിരുമേനിയെ ഭയപ്പെടുത്തിയില്ല. പകർച്ചവ്യാധിയുടെ മൂർദ്ധന്യത്തിലും കുന്നംകുളത്തു പോയി സർവരെയും ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്ത തിരുമേനിക്കു പ്ലേഗ് രോഗികളെ ശുശ്രൂഷിക്കുവാനും ഭയമേതുമുണ്ടായില്ല. തിരുമേനി കുന്നംകുളത്തുകാർക്ക് മറ്റൊരു ഫാദർ ഡാമിയനായി. ആയതുകൊണ്ടു തന്നെ തലമുറകൾക്കുശേഷവും കുന്നംകുളത്തുകാർക്കു തിരുമേനി ഇന്നും പ്രിയങ്കരൻ തന്നെ.

ജീവിച്ചിരുന്ന കാലമത്രയും തിരുമേനി സർവർക്കും സ്വന്തമായിരുന്നു. ഇപ്പോൾ സ്വർഗ്ഗത്തിലായിരിക്കുമ്പോഴും തിരുമേനി നമുക്കു മദ്ധ്യസ്ഥൻ തന്നെ. കാലത്തെ അതിവർത്തിച്ച ആത്മീയതേജസ്സും.

(മലയാള മനോരമ, ഏപ്രിൽ 3, 2003)

# 4

# തപോധനനായ പുണ്യപുരുഷൻ

## ഫാ. ടി. ജെ. ജോഷ്വാ

പുണ്യപുരുഷനായ പാമ്പാടിത്തിരുമേനി (കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്) കാലം ചെയ്തിട്ടു നാൽപതു വർഷം കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും ആ പരിശുദ്ധനെക്കുറിച്ചുള്ള ഒളിമങ്ങാത്ത ഓർമ്മകൾ ജനഹൃദയങ്ങളിൽ സജീവമായി നിൽക്കുന്നു. അദ്ദേഹത്തിന്റെ കബറിടം ഇന്നു ഭക്തജനങ്ങൾക്ക് ഒരു തീർത്ഥാടനകേന്ദ്രമാണ്. തപ്തഹൃദയങ്ങളുമായി വന്നെത്തുന്നവർ ആ പുണ്യസങ്കേതത്തിൽ ആശ്വാസത്തിന്റെ ആത്മസ്പർശനം ആസ്വദിക്കുന്നു.

1885 ഏപ്രിൽ 5-നു ജനിച്ച്, എൺപതു വയസ് പൂർത്തിയാകുന്ന 1965 ഏപ്രിൽ 5-ന്, തന്റെ ജന്മദിനത്തിൽതന്നെ, തന്റെ നിത്യവാസത്തിലേക്കു കടന്നുപോകാനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. ആ ധന്യജീവിതത്തിലേക്കു നാം തിരിഞ്ഞുനോക്കുമ്പോൾ അന്യാദൃശമായ പല സിദ്ധികളും നാം അവിടെ കണ്ടെത്തുന്നു.

വനാന്തരങ്ങളിലും ഗിരിശൃംഗങ്ങളിലും പർണശാല കെട്ടി തപസ്സനുഷ്ഠിക്കുന്ന ഭാരതത്തിലെ മഹർഷിപുംഗവന്മാരുടെയും മണലാരണ്യങ്ങളിലെ ഗുഹകളിലും പാറപ്പിളർപ്പുകളിലും തപോനിരതരായി കഴിഞ്ഞ പൗരസ്ത്യ ക്രൈസ്തവസിദ്ധന്മാരുടെയും ജീവിതശൈലി സമന്വയിപ്പിച്ചതായിരുന്നു ആ പിതാവിന്റെ ആധ്യാത്മികത.

പ്രാർത്ഥനയും ഉപവാസവും അനുധ്യാനവുമായിരുന്നു ആ ജീവിതത്തിന്റെ മുഖമുദ്ര. ശബ്ദായമാനമായ ലോകത്തിൽനിന്നൊഴിഞ്ഞ്, പ്രശാന്തമായ അന്തരീക്ഷത്തിൽ സ്വർഗീയപിതാവുമായി സംസർഗം ചെയ്യുവാൻ ആ ഹൃദയം എപ്പോഴും വെമ്പൽകൊണ്ടു. അതിനുവേണ്ടിയായിരുന്നു കാടുപിടിച്ചുകിടന്ന പൊത്തൻപുറം കുന്നിന്റെ നെറുകയിൽ ഒരു കുടിൽകെട്ടി അവിടെ തന്റെ സന്യാസജീവിതം ആരംഭിച്ചത്. അദ്ദേഹം പിന്തുടർന്ന കഠിനമായ ഉപവാസാനുഷ്ഠാനങ്ങൾ തന്റെ പ്രാർത്ഥനാനുഭവത്തെ പരിപുഷ്ടിപ്പെടുത്തി.

പരുമലത്തിരുമേനിയായിരുന്നു അദ്ദേഹത്തിന്റെ ആരാധ്യപുരുഷൻ; വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തിന്റെ മാതൃകായോഗ്യനായ ഗുരുനാഥനും. ഗുരുഭക്തി എന്ത്, എങ്ങനെ എന്നുള്ള സത്യം വെളിപ്പെടുത്തിത്തരുന്നതായിരുന്നു തിരുമേനിയുടെ ധന്യജീവിതം. സുറിയാനി ഭാഷയിൽ അവഗാഹം നേടിയിരുന്ന അദ്ദേഹം പഴയസെമിനാരിയിൽ കുറേക്കാലം മൽപാ

നായി പ്രവർത്തിച്ചു. ആ വിജ്ഞാനദീപത്തിൽനിന്നു കൊളുത്തിയെടുത്ത പ്രകാശധാരകൾ ഏറെയാണ്. അവരിൽ ഒരാളാണു കൊച്ചിയുടെ കാലം ചെയ്ത യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ.

സ്മര്യപുരുഷന്റെ ആരാധനയിലുള്ള ഏകാഗ്രതയും നിഷ്ഠാപൂർവ മായ അനുഷ്ഠാനവും ആരെയും ആകർഷിക്കുന്നതായിരുന്നു. സംഗീ താത്മകമെന്നു വിശേഷിപ്പിക്കാവുന്നതല്ല, എങ്കിലും ഭക്തിസാന്ദ്രമായി രുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷകൾ. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ വാഗ്ധോരണിയൊന്നുമില്ല; പതിഞ്ഞ സ്വരത്തിൽ, ഓരോ വാക്കും തൂക്കിനോക്കി പറയുന്ന പ്രതീതി ആയിരുന്നു. സങ്കീർണ്ണങ്ങളായ വേദ ശാസ്ത്രങ്ങളോ താത്വികസിദ്ധാന്തങ്ങളോ ഒന്നും അദ്ദേഹത്തിന്റെ പ്രമേ യങ്ങളായിരുന്നില്ല. ആത്മീയ ജീവിതത്തിന് അനുപേക്ഷണീയങ്ങളായ പ്രായോഗികകാര്യങ്ങൾ ഹൃദയത്തിൽ തട്ടുംവിധം അവതരിപ്പിക്കുകയാ യിരുന്നു. നോമ്പിന്റെയും പ്രാർത്ഥനയുടെയും ദാനധർമ്മത്തിന്റെയും ആവശ്യകത അദ്ദേഹം ആവർത്തിച്ച് അനുസ്മരിപ്പിക്കുമായിരുന്നു.

പനിനീർകുസുമം പോലെ പരിശുദ്ധമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം; മഹാസാഗരം പോലെ അതിവിശാലവും. ജാതിമത ചിന്തകൾക്ക തീതമായ ഒരു മാനവദർശനം അദ്ദേഹം പുലർത്തി. എല്ലാവരും തന്റെ സ്വന്തം സഹോദരങ്ങളാണ് എന്നുകരുതി. അദ്ദേഹത്തിന്റെ സ്നേഹം മനുഷ്യരിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. പക്ഷിമൃഗാദികളിലേക്കും തരുലതാദികളിലേക്കും അതു വഴിഞ്ഞൊഴുകി. തിരുമേനി മുറ്റത്തിറങ്ങി ഒരു ചെറിയ ശബ്ദം വയ്ക്കുമ്പോൾ പറന്നെത്തുന്ന പ്രാക്കൾ, ആ കൈകളിൽനിന്നു ലഭിക്കുന്ന ഭോജ്യങ്ങൾ മൃഷ്ടാന്നമായി ഭുജിച്ചു തിരു മേനിക്കുചുറ്റും നൃത്തംവയ്ക്കുമായിരുന്നു. പ്രകൃതിയെ ചൂഷണം ചെയ്തു നശിപ്പിക്കുന്ന ഇന്നത്തെ സംസ്കാരത്തിന് പ്രകൃതിയോടു സമരസപ്പെട്ടു ജീവിച്ച ആ ധന്യജീവിതത്തിൽ നിന്ന് ഏറെ പഠിക്കാനുണ്ട്.

സ്നേഹവാൽസല്യങ്ങൾ അദ്ദേഹത്തിന്റെ അതിഥിസൽക്കാരത്തിലും ദാനധർമ്മത്തിലും പ്രകടമായിരുന്നു. പൗരസ്ത്യസഭാപാരമ്പര്യത്തിൽ അതിഥികളെ ആദരിക്കുന്നതിനും അശരണരെ സഹായിക്കുന്നതിനും അതുല്യസ്ഥാനം നൽകിയിട്ടുണ്ട്.

ആ പാരമ്പര്യം ആധുനിക ഘട്ടത്തിൽ ഏറ്റവും അധികം വെളിപ്പെടു ത്തിയ ആളായിരുന്നു വന്ദ്യതിരുമേനി. ആ കുന്നു കയറിച്ചെല്ലുന്ന ആർക്കും ക്ഷീണമകറ്റുവാനുള്ള ഭക്ഷണപാനീയങ്ങൾ അവിടെ ഒരി ക്കലും മുടങ്ങിയിട്ടില്ല. മുടക്കുവാൻ അദ്ദേഹം സമ്മതിക്കുമായിരുന്നില്ല. ദാനധർമം ചെയ്യുമ്പോൾ എണ്ണിനോക്കാതെ അത്യുദാരമായി അദ്ദേഹം നൽകി. കുന്നുകയറി ക്ലേശിച്ചു ചെന്നവർ സന്തുഷ്ടഹൃദയരായിട്ടാണ് അവിടം വിട്ടുപോന്നിട്ടുള്ളത്. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത്

ഉത്തമം" എന്നുള്ള യേശുനാഥന്റെ അനുശാസനം പൂർണമായി അനുസരിച്ച ആളായിരുന്നു തിരുമേനി.

തിരുമേനിയുടെ പരസ്നേഹത്തിന്റെ മറ്റൊരു മുഖമായിരുന്നു ദീനാനുകമ്പ. അവശതയിലും നിരാശയിലും കഴിയുന്നവരെ സന്ദർശിച്ചു സഹായിക്കുന്നതിൽ ഉൽസുകനായിരുന്നു. കുന്നംകുളത്തു മാരകമായ പ്ലേഗുബാധയുണ്ടായപ്പോൾ അവിടെയുള്ള ജനങ്ങളെ ആശ്വസിപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനുമായി അവിടെയെത്തി. ഭവനംതോറും കയറിയിറങ്ങി പ്രാർത്ഥനകൾ നടത്തി. ആ മഹാമാരിയിൽനിന്ന് ദേശവാസികളെ രക്ഷിച്ച കാര്യം ഇന്നും അവർ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഒന്നര മാസക്കാലം തിരുമേനി അന്ന് അവിടെ താമസിച്ചശേഷമാണു പാമ്പാടിക്കു മടങ്ങിയത്.

പഠിക്കുന്ന വിദ്യാർത്ഥികൾക്കു തിരുമേനി പ്രചോദനവും പ്രോൽസാഹനവും നൽകി. സാമ്പത്തിക സഹായം ആവശ്യപ്പെട്ട എല്ലാവരെയും കൈ അയച്ചു സഹായിച്ചിട്ടുണ്ട്. അവരിൽ പലരും പഠിച്ചു സമർത്ഥരായി സമൂഹത്തിൽ ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കിയതായിട്ടറിയാം. അവരെല്ലാം തങ്ങളുടെ ഉയർച്ചയ്ക്കു കാരണഭൂതനായ തിരുമേനിയെ ആദരപൂർവ്വം സ്മരിക്കുകയും ആ കബറിങ്കൽ കടന്നെത്തുകയും ചെയ്യുന്നു.

മൂന്നു വ്യാഴവട്ടക്കാലം കോട്ടയം ഭദ്രാസനത്തിന്റെ അജപാലനം അദ്ദേഹം നടത്തി. അത് ഒരു ഭരണമേധാവിയുടെ പാടവത്തോടെയല്ല, സ്നേഹനിധിയായ ഒരു പിതാവിന്റെ വാൽസല്യത്തോടും മനോഭാവത്തോടുമായിരുന്നു. പള്ളിക്കേസുകളുണ്ടായാൽ, ആ പിതാവിന്റെ സൗമ്യസമീപനത്തിൽ വേഗം പരിഹരിക്കപ്പെടുമായിരുന്നു.

ആദർശസുന്ദരവും അനുകരണയോഗ്യവുമായ ആ ധന്യജീവിതം അന്ധകാരം പരത്തുന്ന ഇന്നത്തെ സമൂഹത്തിൽ പ്രകാശഗോപുരമായി പരിലസിക്കട്ടെ.

# 5

# പാമ്പാടിത്തിരുമേനിയും പൗരസ്ത്യ ആത്മീയതയും

## ഫാ. ഡോ. ബി. വർഗ്ഗീസ്

ഒരു മേൽപ്പട്ടക്കാരന്റെ പ്രധാന യോഗ്യതകളിലൊന്നു വേദശാസ്ത്ര പരിജ്ഞാനമാണെന്നു ക്രൈസ്തവസഭകൾ സമ്മതിക്കുന്നു. അതിന്റെ മാനദണ്ഡമായി കണക്കാക്കുന്നത് ഒരു വേദശാസ്ത്ര ബിരുദമാണ്. സാമാന്യ വിദ്യാഭ്യാസം മാത്രം സിദ്ധിച്ചിരുന്ന കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് തിരുമേനി വേദശാസ്ത്ര ബിരുദധാരിയായിരുന്നില്ല. വേദശാസ്ത്രത്തിലും സഭാ പാരമ്പര്യങ്ങളിലുമുള്ള അവഗാഹത്തെ അംഗീകൃത സർവകലാശാല ബിരുദത്തിന്റെ മാത്രം അടിസ്ഥാനത്തിൽ വിലയിരുത്തുന്നത് ശരിയല്ല. താത്ത്വികമായ അറിവോ യുക്തിസഹമായി ക്രിസ്തീയ തത്വങ്ങൾ ചർച്ച ചെയ്യാനുള്ള പ്രാഗത്ഭ്യമോ അല്ല വേദശാസ്ത്ര പരിജ്ഞാനം. ബൗദ്ധികമായ അറിവിനേക്കാൾ ഒരു ജീവിതശൈലിയാണു വേദശാസ്ത്രം.

'തിയോലോഗിയ' (വേദശാസ്ത്രം) എന്ന ഗ്രീക്ക് പദത്തിന് 'ദൈവത്തെപ്പറ്റിയുള്ള പ്രതിപാദനം, അഥവാ വിശദീകരണം' എന്നർത്ഥം നൽകാം. ബൗദ്ധികമായ വിശദീകരണമായി മാത്രം വേദശാസ്ത്രത്തെ പരിമിതപ്പെടുത്താനാവില്ല. "വേദശാസ്ത്രജ്ഞനെങ്കിൽ നീ സത്യമായും പ്രാർത്ഥിക്കും; സത്യമായി പ്രാർത്ഥിക്കുന്നുവെങ്കിൽ നീ വേദശാസ്ത്രജ്ഞനാണ് " എന്നു സന്യാസപിതാവായ എവാഗേറിയസ് (നാലാം നൂറ്റാണ്ട്) പറയുന്നതു വേദശാസ്ത്രത്തെപ്പറ്റിയുള്ള പൗരസ്ത്യ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു. ഈശ്വരാനുഭവം മനുഷ്യർക്കു ലഭ്യമാകുന്നതു പ്രാർത്ഥനയിലൂടെയാണ്. അതിന്റെ ഭാഗമായ പ്രതിപാദനമാണു വേദശാസ്ത്ര ഗ്രന്ഥങ്ങൾ.

ഈശ്വരാനുഭവത്തിന്റെ സമ്പൂർണ്ണത വെളിപ്പെടുന്നതു വ്യക്തിജീവിതങ്ങളിലാണ്. സ്നേഹം, ലാളിത്യം, വിനയം, നിഷ്കളങ്കമായ ഈശ്വരഭക്തി എന്നിവയുടെ സൗരഭ്യം നിറഞ്ഞ ജീവിതശൈലി അവലംബിച്ചവരാണ് ഈശ്വരാസ്തികൃത്തിന്റെ ഏറ്റവും ശക്തമായ തെളിവ്. "ഒരു വാക്കിനെ മറ്റൊരുവാക്കുകൊണ്ടു ഖണ്ഡിക്കാം; എന്നാൽ ഒരു ജീവിതത്തെ ഖണ്ഡിക്കുവാൻ ഏതു വാക്കിനു സാധിക്കും" എന്ന് ഒരു സന്യാസപിതാവ് ചോദിക്കുന്നു. വാക്കുകളിലും ആശയങ്ങളിലും കൂടി

ആവിഷ്കൃതമാകുന്ന വേദശാസ്ത്രത്തെ സമാന സമീപനത്തിൽ കൂടി ഖണ്ഡിക്കുവാനും വിമർശിക്കുവാനും കഴിഞ്ഞേക്കും. വേദവിപരീതികൾ അവലംബിച്ചത് ഈ മാർഗ്ഗമാണ്. എന്നാൽ, ലളിതമായ ജീവിതശൈലി യിലൂടെ പ്രകടമാകുന്ന വേദശാസ്ത്രത്തെ ഖണ്ഡിക്കുവാൻ ഒരു വേദ ശാസ്ത്രത്തിനും കഴിയുകയില്ല. ഈ വേദശാസ്ത്ര ജീവിതശൈലി അവ ലംബിച്ച ഒരു വന്ദ്യപിതാവാണു പാമ്പാടിത്തിരുമേനി.

ആഴമായ ഈശ്വരാനുഭവം ജീവിതശൈലിയെ രൂപാന്തരപ്പെടുത്തി, വാക്കുകൾക്കതീതമായ ഒരു വേദശാസ്ത്ര മനോഭാവം സൃഷ്ടിക്കുന്നു. യഥാർത്ഥമായ ഈശ്വരജ്ഞാനം സിദ്ധിക്കുന്ന വ്യക്തി വാചാലനാകാതെ നിശ്ശബ്ദനായിത്തീരുന്നു. ബൈബിളിൽ യോബിന്റെ ഗ്രന്ഥത്തിലുടനീളം വാചാലനായ യോബിന്റെ ചിത്രമാണ് നാം കാണുന്നത്. അവസാനഭാഗ ത്തിൽ ദൈവം പ്രത്യക്ഷനായി നേരിട്ടു സംസാരിക്കുമ്പോൾ യോബ് നിശ്ശബ്ദനായിത്തീരുന്നു. യഥാർഥ ഈശ്വര ദർശനം വ്യക്തികളിൽ ഉണ്ടാ ക്കുന്ന പരിവർത്തനത്തിന് ഉദാഹരണമാണിത്.

നിശ്ശബ്ദനായ വേദശാസ്ത്രജ്ഞനെപ്പറ്റി ചിന്തിക്കുവാൻ ഇന്നത്തെ ലോകത്തിന് ഒരു പക്ഷേ, പ്രയാസമായിരിക്കും. ഗ്രീക്ക്-ലാറ്റിൻ പാരമ്പ ര്യങ്ങളിൽ വേദശാസ്ത്രം വിമർശനാത്മകമായി പഠിക്കേണ്ട ഒരു വിജ്ഞാന ശാഖയാണ്. അതനുസരിച്ച്, യുക്തിസഹമായി വാഗ്ധാടി യോടെ ആശയങ്ങൾ ആവിഷ്ക്കരിക്കാനുള്ള കഴിവാണു വേദശാസ്ത്ര ജ്ഞന്റെ ശ്രേഷ്ഠത. വേദശാസ്ത്രം പഠിക്കുവാനും, പഠിപ്പിക്കുവാനും, എഴുതുവാനും, പ്രസംഗിക്കുവാനും, ചർച്ച ചെയ്യുവാനുമുള്ള വിഷയമാ ണെന്നുള്ള ചിന്തയ്ക്കടിസ്ഥാനം ഇതാണ്. എന്നാൽ, അതിൽ നിന്നു വ്യത്യസ്തമായ ഒരു സമീപനം സുറിയാനി-ഗ്രീക്ക് പാരമ്പര്യങ്ങളിൽ ഉണ്ടായിരുന്നു. സ്വയം താഴ്ത്തി മനുഷ്യന്റെ ബലഹീനതയിൽ വിനയാന്വി തനായി പങ്കുചേർന്ന ദൈവപുത്രന്റെ രക്ഷാപദ്ധതി ചർച്ചചെയ്യാനുള്ള തല്ല, നേരെ മറിച്ചു ജീവിതശൈലിയായി സ്വീകരിക്കാനുള്ളതാണെന്നുള്ള ചിന്തയാണ് ഈ സമീപനത്തിന്റെ പ്രത്യേകത. ഈ ചിന്തയിൽനിന്ന് ഉരുത്തിരിഞ്ഞതാണു ക്രിസ്തീയ സന്യാസപ്രസ്ഥാനം.

ഭാരതത്തിലെ ഋഷിവര്യന്മാർക്കും ഈശ്വരാനുഭൂതിയുടെ പ്രതിപാദ നത്തെപ്പറ്റി സമാനമായ കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. യുക്തിസഹ മായ പ്രസ്താവനകളെക്കാൾ ജീവിതശൈലിയാണ് ഈശ്വരാസ്തിക്യ ത്തിന്റെ തെളിവെന്ന് അവരും ചിന്തിച്ചിരുന്നു. പതിനാറാം നൂറ്റാണ്ടിനു മുമ്പുള്ള മലങ്കരസഭയെ ഈ വേദശാസ്ത്ര ദർശനം ആഴമായി സ്വാധീ നിച്ചിരുന്നു. ആദിമ മലങ്കരസഭയിൽ ഗ്രീക്ക്-ലാറ്റിൻ പാരമ്പര്യങ്ങളിലെ പ്പോലെ പ്രസിദ്ധരായ എഴുത്തുകാർ ഉണ്ടാകാതിരുന്നതിന്റെ കാരണം ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ.

വിജ്ഞാനശാഖയെന്നതിനെക്കാൾ ജീവിതശൈലിയായിട്ടാണു മലങ്കരയിൽ വേദശാസ്ത്ര പാരമ്പര്യം തലമുറകളിലൂടെ കൈമാറിയിരുന്നത്. ആ കൈമാറ്റത്തിനു തദ്ദേശീയമായ ഒരു ശൈലി ഉണ്ടായിരുന്നു. പാശ്ചാത്യ മദ്ധ്യപൂർവ്വ ദേശങ്ങളിലെപ്പോലെ വേദശാസ്ത്ര പഠനകേന്ദ്രങ്ങൾ ഭാരതത്തിൽ ഉണ്ടായിരുന്നില്ല. ഭാരതീയ ഗുരുകുല രീതിയിലുള്ള മൽപ്പാൻ വീടുകൾ ആയിരുന്നു ഇന്നാട്ടിലെ വേദശാസ്ത്ര പരിശീലന കേന്ദ്രങ്ങൾ. ഋഷിസമാനനായ ഒരു മൽപ്പാന്റെ കൂടെ താമസിച്ചു പ്രാർത്ഥനാശീലവും ദൈവസാന്നിദ്ധ്യ ബോധത്തോടെ ആരാധന നയിക്കാനുള്ള പരിശീലനവുമാണ് വൈദിക വിദ്യാർത്ഥികൾ നേടിയിരുന്നത്. മൽപ്പാനിൽനിന്നു വിഷയത്തിലുള്ള അവഗാഹത്തെക്കാൾ ആത്മീയജീവിതശൈലിയാണു ശിഷ്യന്മാർക്കു ലഭിച്ചിരുന്നത്. ആ മഹത്തായ പാരമ്പര്യത്തിലെ ഒരു പക്ഷേ, അവസാനത്തെ കണ്ണികളായിരുന്നു പരുമലത്തിരുമേനിയും പാമ്പാടിത്തിരുമേനിയും.

നിശ്ശബ്ദമായ ജീവിതം ആ പാരമ്പര്യത്തിന്റെ മുഖമുദ്രയായിരുന്നു. സംസാരിക്കാതിരിക്കുന്നതു മാത്രമല്ല നിശ്ശബ്ദത. ലാളിത്യവും വിനയവും ആത്മീയ പക്വതയും അതിന്റെ ദൃശ്യഭാവങ്ങളാണ്. തിരക്കോ, ബഹളങ്ങളോ, കാപട്യമോ, പ്രശസ്തിക്കുവേണ്ടിയുള്ള വ്യഗ്രതയോ, ബാഹ്യമായ ഭക്തിപ്രകടനങ്ങളോ ഇല്ലാത്തതാണു നിശ്ശബ്ദമായ ജീവിതം. പൗരസ്ത്യസഭയിലെ വിശുദ്ധന്മാരിൽ ബഹു ഭൂരിപക്ഷവും നിശ്ശബ്ദരായി ജീവിച്ചവരാണ്. ലോകദൃഷ്ടിയിൽ അവർ ബലഹീനരും നിസ്സഹായരും ആയിരുന്നു. അവരുടെ നിസ്സഹായാവസ്ഥ സമ്പൂർണ്ണ ദൈവാശ്രയത്തിൽ നിന്ന് ഉരുത്തിരിയുന്നതായിരുന്നു. അവരുടെ ബലഹീനാവസ്ഥയെ ദൈവം ഒരു വലിയ ആത്മീയശക്തിയായി രൂപാന്തരപ്പെടുത്തി.

ആദിമസഭയിലെ പല പിതാക്കന്മാരും ഇത്തരത്തിലുള്ളവരായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ ആ ജീവിതശൈലി സ്വീകരിച്ച ഒരു സന്യാസപിതാവാണു പാമ്പാടിത്തിരുമേനി. അദ്ദേഹം ഒരു വാഗ്മി ആയിരുന്നില്ല. തിരക്കുള്ള ജീവിതശൈലി ആയിരുന്നില്ല അദ്ദേഹത്തിന്റേത്. പിതാവാം ദൈവത്തിന്റെ നിശ്ശബ്ദതയിൽനിന്ന് അനാദിയിൽ ജനിക്കുകയും സ്വയം താഴ്ത്തി ചരിത്രത്തിൽ മനുഷ്യന്റെ ബലഹീനതയിൽ പങ്കാളിയായിത്തീരുകയും ചെയ്ത ദൈവപുത്രന്റെ ജീവിതശൈലി അനുകരിച്ച ആ താപസശ്രേഷ്ഠന്റെ സന്ദേശം ഉൾക്കൊള്ളുവാൻ ഇന്നത്തെ തലമുറയ്ക്കു യഥാർത്ഥത്തിൽ സാധിക്കുന്നുണ്ടോ.

# 6

# പരുമല നിന്ന് കുണ്ടറ വഴി പാമ്പാടിക്ക്

## ഫാ. കുറിയാക്കോസ് മാണി കന്നുകുഴിയിൽ

മാറുന്ന സാമൂഹ്യവ്യവസ്ഥയിൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ, ഒരു പുതുയുഗത്തിലേയ്ക്കു മലങ്കരസഭയെ കൈപിടിച്ചുയർത്താൻ ജ്വലിച്ചുയർന്ന ആത്മീയ തേജസാണ് പ. പരുമല തിരുമേനി എന്ന ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. നിരണത്തിന്റെ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ട് പിന്നീട് കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളുടെ കൂടി ഇടയനും അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്തായുമായി നിയമിക്കപ്പെട്ട പ. പരുമല തിരുമേനി അദ്ദേഹത്തിന്റെ ഭരണതന്ത്രജ്ഞതയുടെ പേരിലല്ല അറിയപ്പെടുന്നത്, മറിച്ച് ഒരു പ്രാർത്ഥനാ മനുഷ്യനും ആത്മീയ തേജസുമായി ആണ്.

പ. പരുമല തിരുമേനിയുടെ ആത്മീയ പാരമ്പര്യം നിലനിർത്തുവാനാണ് പാമ്പാടി പേഴമറ്റത്ത് കുറിയാക്കോസ് റമ്പാനെ മാർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമത്തിൽ 1929 ഫെബ്രുവരി 16-നു മെത്രാപ്പോലീത്താ സ്ഥാനത്തു വാഴിച്ചത്. സമകാലിക രേഖകളനുസരിച്ച് "പ. പരുമല തിരുമേനിയുടെ വടിയും മുടിയും സ്ലീബായും മാർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമവും നൽകി ആത്മീയ പിൻഗാമിയായി വാഴിച്ച" കുറിയാക്കോസ് റമ്പാൻ സഭയുടെ കണക്കുകൂട്ടൽ തെറ്റിച്ചില്ല. "പ. പാമ്പാടി തിരുമേനി" എന്ന പേരിൽ പിന്നീട് അറിയപ്പെട്ട അദ്ദേഹം പ. പരുമല തിരുമേനിയുടെ യഥാർത്ഥ ആത്മീയ പിൻഗാമിയാണെന്നു കാലം തെളിയിച്ചു. എന്നാൽ ഇവരെത്തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണി പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ആണെന്ന വസ്തുത മിക്കവരും ശ്രദ്ധിച്ചിട്ടില്ല.

പ. പരുമല തിരുമേനിയുടെ ദീർഘകാല ശിഷ്യനും പിന്നീടു പരുമല സെമിനാരി മാനേജരുമായിരുന്ന കുറിച്ചി കല്ലാച്ചേരി പുന്നൂസ് റമ്പാന് 1898 നവംബർ 24-ന് കോട്ടയം പഴയസെമിനാരിയിൽവെച്ച് കത്തനാരുപട്ടവും 1898 നവംബർ 27-നു അവിടെവെച്ചുതന്നെ റമ്പാൻ സ്ഥാനവും നൽകിയത് പ. പരുമല തിരുമേനിയാണ്. 1911 സെപ്റ്റംബർ 7-ന് മേല്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ട പുന്നൂസ് റമ്പാനെ 1912 സെപ്റ്റം

ബർ 8-ന് പരുമല സെമിനാരിയിൽവെച്ച് അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ ദ്വിതീയൻ പാത്രിയർക്കീസ് കൊല്ലത്തിന്റെ മെത്രാനായി വാഴിച്ചു. മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (പിന്നീട് മലങ്കരയിലെ ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലൂസ് പ്രഥമൻ), പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ എന്നിവരായിരുന്നു സഹ കാർമ്മികർ. മെത്രാൻ സ്ഥാനാഭിഷേകവേളയിൽ തന്റെ പുന്നൂസ് എന്ന നാമം ഉപേക്ഷിച്ച് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പ. പരുമല തിരുമേനിയുടെ അതേ നാമം സ്വീകരിച്ച അദ്ദേഹത്തിന് ഗുരുവിന്റെ അംശവടിയും നൽകി.

പ. പരുമല തിരുമേനിയുടെ ഭരണസീമയിൽപ്പെട്ട കൊല്ലത്തിന്റെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കുണ്ടറ ആസ്ഥാനമാക്കി ഭരണം ആരംഭിച്ചു. അതിനാൽ അദ്ദേഹം "കുണ്ടറ കൊച്ചുമെത്രാച്ചൻ" എന്നറിയപ്പെട്ടു. അചിരേണ നിരണം, തുമ്പമൺ ഇടവകകളുടെ ഭരണംകൂടി അദ്ദേഹത്തിൽ വന്നു ചേർന്നതോടെ പൂർണ്ണമായും അദ്ദേഹം പ. പരുമല തിരുമേനിയുടെ ഭരണ പിന്തുടർച്ചക്കാരനായി. 17 വർഷങ്ങൾക്കുശേഷം 1929 ഫെബ്രുവരി 15-നു കോട്ടയം മാർ ഏലിയാ ചാപ്പലിൽവെച്ചു അദ്ദേഹത്തെ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ ആയി വാഴിച്ചു. പിറ്റേന്നാണ് അദ്ദേഹം അദ്ധ്യക്ഷനായ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ. പാമ്പാടി തിരുമേനിയെ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചത്. അന്നു കൈമാറിയ പ. പരുമല തിരുമേനിയുടെ അംശവടി ഇപ്പോഴും പാമ്പാടി ദയറായിൽ സൂക്ഷിച്ചിട്ടുണ്ട്.

ഒരു പ്രാർത്ഥനാ മനുഷ്യന്റെ - ആത്മീയ തേജോഗോളത്തിന്റെ - സാന്നിദ്ധ്യം സഭയ്ക്ക് അന്ന് അത്യന്താപേക്ഷിതമായിരുന്നു. ഭരണപ്രാവീണ്യമോ പ്രസംഗപാടവമോ തെളിയിക്കാത്ത പാമ്പാടി കുറിയാക്കോസ് റമ്പാന്റെ ഭക്തിയിലും പ്രാർത്ഥനാശക്തിയിലും സുറിയാനി പാണ്ഡിത്യത്തിലും സഭയ്ക്ക് പൂർണ്ണവിശ്വാസമായിരുന്നു. അതിനാൽ പാമ്പാടി റമ്പാനെ ആത്മീയ പിൻഗാമിയായി വാഴിക്കുവാൻ സഭയ്ക്ക് രണ്ടാമതൊന്നു ആലോചിക്കേണ്ടി വന്നില്ല എന്നതാണ് വാസ്തവം. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ 1934 ഡിസംബർ 26-നു കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ പ. വട്ടശ്ശേരിൽ തിരുമേനിയുടെ പിൻഗാമിയായി മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. അതോടെ അദ്ദേഹത്തിന്റെ ചുമലിലെ ഭരണഭാരം പതിന്മടങ്ങായി. അതോടെ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് പ. പരുമല തിരുമേനി എപ്രകാരമായിരുന്നോ അതേപോലെ

പ. ഗീവർഗീസ് ദ്വിതീയനു പ്രാർത്ഥനയുടെ ഉറച്ച പിൻബലം നൽകുന്ന ശക്തിദുർഗ്ഗമായി പ. പാമ്പാടി തിരുമേനി മാറി.

കേവലം പ്രാർത്ഥിക്കുന്ന പിന്തുണക്കാരൻ എന്ന നിലയിൽ മാത്രമല്ല പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പ. പാമ്പാടി തിരുമേനിയെ കണ്ടത്; മറിച്ച് സഭയുടെ വിശ്വസ്ഥനായ കലവറക്കാരൻ എന്ന നിലയിലാണ്. അതിനാലാണ് 1937-ലെ ആദ്യ കാതോലിക്കാ നിധിസംഭരണ കമ്മിറ്റിയുടെ അദ്ധ്യക്ഷനായി "സ്വത്തും സമ്പാദ്യവുമില്ലാത്ത" പ. പാമ്പാടി തിരുമേനിയെ നിയോഗിച്ചത്. റാവുസാഹിബ് ഒ. എം. ചെറിയാന്റെ വാക്കുകളിൽ "... വന്നുകയറി. സുറിയാനി സമുദായത്തിന്റെ നിധി വന്നു കയറി. ശരീരം മോട്ടോർകാറിൽ ഒതുക്കി, മനസ്സു ആകാശത്ത് ഉറപ്പിച്ച്, അനുഗ്രഹവർഷം മലയിൽ നിന്ന് വർഷനദികളെപ്പോലെ നാലു ദിക്കിലേയ്ക്കും തുള്ളിച്ചു പെയ്തുകൊണ്ട് - കോട്ടയം ഭദ്രാസന ഇടവകയുടെ പരിശുദ്ധനായ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് - നിധിക്കമ്മട്ടിയുടെ പ്രസിഡണ്ട് - വന്നുകയറി. ഭൂമിയിൽ വെള്ളവും, നിധിയാപ്പീസിൽ നോക്കിനിന്നവരുടെ മനസ്സും തെളിഞ്ഞു. ..." ഇതായിരുന്നു മലങ്കരസഭയ്ക്ക് പ. പാമ്പാടി തിരുമേനിയെക്കുറിച്ച് അന്നുണ്ടായിരുന്ന കാഴ്ച്ചപ്പാട്.

സഭയുടെ വിശ്വസ്ഥനായ കലവറക്കാരൻ എന്ന നിലയിൽത്തന്നെയാണ് പ. പാമ്പാടി തിരുമേനിയെ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ കണക്കാക്കിയിരുന്നത്. തന്റെ ചെറുതും വലുതുമായ യാത്രകളുടെ സമയത്ത് തനിക്കുപകരം പഴയസെമിനാരിയിൽ താമസിച്ച് അതിന്റെ ചുമതല നടത്താൻ എല്പിച്ചിരുന്നത് പ. പാമ്പാടി തിരുമേനിയെ ആയിരുന്നു. ഒരു പരിധിവരെ വൈദികാഭ്യസനത്തിന്റെ ഉത്തരവാദിത്വവും പ. പാമ്പാടി തിരുമേനിയിൽ നിക്ഷിപ്തമായിരുന്നു. അദ്ദേഹത്തെപ്പറ്റി പ. ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കുണ്ടായിരുന്ന വിലയിരുത്തൽ അദ്ദേഹവും അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബർസോമും തമ്മിൽ സിറിയയിലെ ഹോംസിൽ വെച്ചു നടന്ന സംഭാഷണത്തിൽ നിന്നും വ്യക്തമാണ്. സഹയാത്രികനായിരുന്ന ചെറിയമഠത്തിൽ സ്കറിയാ മല്പാൻ രേഖപ്പെടുത്തിയ സംഭാഷണം.

"... പാത്രിയർക്കീസ് ബാവാ:- അങ്ങനെയുള്ള അധികാരം കൊടുത്താൽ ഈ കശ്ശീശാ സ്കറിയായെപ്പോലുള്ളവരെ (ചെറിയമഠത്തിൽ സ്കറിയാ മല്പാൻ) ജനങ്ങൾ തിരഞ്ഞെടുത്തു കൊണ്ടുവരും. പട്ടം കൊടുക്കുവാനവിടുന്നു നിർബന്ധിതനാകുകയും ചെയ്യും. അപ്പോൾ ഞാൻ പിറകിലുണ്ടായിരിക്കുന്നത് അവിടത്തേക്കു ബലമാണ്."

കാതോലിക്കാ ബാവാ:- "ഞങ്ങളുടെ ദേശത്ത് ഇവിടത്തെപ്പോലെ കൊള്ളരുതാത്തവരെ ജനങ്ങൾ തിരഞ്ഞടുക്കാറില്ല."

പാത്രി: ബാവാ:- "ഗ്രീഗോറിയോസിനെ എന്തിനു കൊള്ളാം?"
കാതോ: ബാവാ:- "പരുമലെ കാലം ചെയ്ത മാർ ഗ്രീഗോറിയോസിനുശേഷം ഇത്ര പരിശുദ്ധനായ ഒരാൾ ആ ദേശത്തുണ്ടായിട്ടില്ല."
പാത്രി: ബാവാ:- "അദ്ദേഹത്തിനു വല്ലതും അറിയാമോ?"
കാതോ: ബാവാ:- "എനിക്കറിയാവുന്നതെല്ലാം അദ്ദേഹത്തിനും അറിയാം..."

ഡോ. എം. കുര്യൻ തോമസിന്റെ വാക്കുകളിൽ, തന്റെ കാനോൻ - സുറിയാനി പാണ്ഡിത്യംകൊണ്ടു അപ്രേം പാത്രിയർക്കീസിനെ "വിറപ്പിച്ച" വ്യക്തിയാണ് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നത് എന്നു തിരിച്ചറിയുമ്പോഴാണ് അതിന്റെ പ്രാധാന്യം മനസ്സിലാകുന്നത്.

സ്വന്തം മേല്പട്ടവാഴ്ച ഒഴികെ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ നടത്തിയ കാതോലിയ്ക്കായ്ക്കടുത്ത എല്ലാ ശുശ്രൂഷകളിലും സീനിയർ മെത്രാപ്പോലീത്താ എന്ന നിലയിൽ പ. പാമ്പാടി തിരുമേനി സഹകാർമ്മികനായി. 1930 നവംബർ 3-നു പരുമല സെമിനാരിയിൽ വെച്ചു പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സീനോസ്, 1933 മെയ് 25-നു തിരുവല്ല ബഥനി അരമനയിൽവെച്ചു വാളക്കുഴിയിൽ ജോസഫ് മാർ സേവേറിയോസ്, 1938 ഏപ്രിൽ 7-നു കണ്ടനാട് കർമ്മേൽ ദയറായിൽ വെച്ചു അലക്സിയോസ് മാർ തേവോദോസ്യോസ്, 1940 മെയ് 6-നു മാവേലിക്കര പുതിയകാവു പള്ളിയിൽവെച്ചു തോമ്മാ മാർ ദീവന്നാസ്യോസ്, 1953 മെയ് 15-നു കോട്ടയം മാർ ഏലിയാ ചാപ്പലിൽവെച്ചു പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരുടെ മേല്പട്ടസ്ഥാനാരോഹണങ്ങളിലും പഴയ സെമിനാരിയിൽവെച്ചു 1932 ഏപ്രിൽ 22-നും 1951 ഏപ്രിൽ 20-നും നടത്തിയ വി. മൂറോൻ കൂദാശകളിലും പ. പാമ്പാടി തിരുമേനി സഹകാർമ്മികൻ ആയിരുന്നു.

പ. പാമ്പാടി തിരുമേനി എപ്പോഴും കാതോലിക്കായെ മേൽസ്ഥാനിയായി ബഹുമാനിച്ചിരുന്നു. താൻ എപ്പോഴും തോളിൽ ധരിക്കുന്ന "താക്കോലും തൂവാലയും" ബഹുമാനസൂചകമായി മാറ്റാതെ സ്വഗുരുവായ പ. വട്ടശ്ശേരിൽ തിരുമേനിയുടെ മുമ്പിലെന്നവണ്ണം പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സന്നിധിയിലും പ. പാമ്പാടി തിരുമേനി പ്രവേശിക്കില്ലായിരുന്നു.

1964 ജനുവരി 3-ന് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ "തുടരുന്ന വാനവബലിയിൽ സഹകാർമ്മികനാകാൻ" ഇഹലോകവാസം വെടിഞ്ഞു. പിറ്റേവർഷം എപ്രിൽ 4-നു പ. പാമ്പാടി തിരുമേനി അദ്ദേഹത്തെ അനുഗമിച്ചു. ആ നീതിമാന്മാരുടെ പ്രാർത്ഥന നമുക്ക് കോട്ടയാകട്ടെ.

# 7

# ലളിതം - ആ ജീവിതവും വചനവും

## ഫാ. ജോസഫ് കുറിയാക്കോസ് പാമ്പാടിക്കണ്ടത്തിൽ

1885 ഏപ്രിൽ 4-ന് പാമ്പാടി പേഴമറ്റത്ത് ഒരു മഹാസിദ്ധൻ ജനിച്ചു. പേര് കുറിയാക്കോസ്. ബാലനായ കുറിയാക്കോസ്, പള്ളിക്കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവും പാമ്പാടി മാർ യൂഹാനോൻ വലിയപള്ളിയിലെ നിത്യസന്ദർശകനുമായിരുന്നു. ആദ്ധ്യാത്മിക ജീവിതം, ആരാധനയിലെ പാട്ടുകൾ, പള്ളികാര്യങ്ങളിലും ആരാധനകർമ്മങ്ങളിലും കാണിച്ച താൽ പര്യം ഇവയൊക്കെ എടുത്തുപറയേണ്ട വിശേഷ കാര്യങ്ങളാണ് എന്ന് എന്റെ പൂർവ്വികർ പറഞ്ഞുകേട്ടിട്ടുണ്ട്. 1899 ഫെബ്രുവരി 5-ന് പേഴമ റ്റത്ത് കുറിയാക്കോസിന് 14-ാമത്തെ വയസ്സിൽ കോട്ടയം ഇടവകയുടെ പൗലോസ് മാർ അത്താനാസ്യോസ് പാമ്പാടി പള്ളിയിൽ വച്ച് കോറൂയോ പട്ടം കൊടുത്തു. അക്കൂട്ടത്തിൽത്തന്നെ പാമ്പാടികണ്ടത്തിൽ ഒ. സി. കുറിയാക്കോസ് കത്തനാരും, കടവുംഭാഗത്ത് അലക്സന്ത്രയോസ് കോർ എപ്പിസ്കോപ്പായും ശെമ്മാശുപട്ടം സ്വീകരിച്ചു.

കുറിയാക്കോസ് ശെമ്മാശൻ വൈദിക പഠനം കോട്ടയം പഴയസെമി നാരിയിൽ പൂർത്തീകരിച്ചു. 1906 ജൂലൈ 28-ന് പാമ്പാടി പള്ളിയിൽ വച്ച് വൈദികനായി. അടുത്ത ദിവസം റമ്പാനായി. 1906 ജൂലൈ 30-ന് നവ പൂജാർപ്പണം നടത്തി. ഈ മൂന്ന് ദിവസങ്ങൾ പാമ്പാടി ദേശത്ത് പെരു ന്നാൾ പ്രതീതി ആയിരുന്നു.

അതിനുശേഷം റമ്പാച്ചൻ പാമ്പാടി പള്ളിയിൽ താമസിച്ചുവരുന്ന നാളുകളിൽ സഭയിൽ കക്ഷിവഴക്ക് രൂക്ഷമായി. അതിൽ റമ്പാച്ചൻ അതീവ ദുഃഖിതനായി. ഏകാന്തതയിൽ കഴിച്ചുകൂട്ടുവാൻ ആഗ്രഹിച്ചു. അതിന്റെ ഫലമായി പൊത്തൻപുറംകുന്ന് പൊത്തൻപുറം ദയറാ ആയി മാറി. 1923 ജനുവരി 20-ന് അവിടെ ദേവാലയം കൂദാശ നടത്തി. 1929 ഫെബ്രുവരി 16-ന് കുറിയാക്കോസ് റമ്പാച്ചൻ, മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനായി അഭിഷിക്തനായി. പരിശുദ്ധ പരുമലതിരു മേനിയുടെ അംശവടിയായിരുന്നു പാമ്പാടി തിരുമേനി ഉപയോഗിച്ചിരു ന്നത്. നോമ്പും പ്രാർത്ഥനയും ഉപവാസവുമായി നിരന്തരം കഴിഞ്ഞി രുന്ന തിരുമേനി ഒരു മഹാസിദ്ധനായിരുന്നു. അർഹരെ അറിഞ്ഞു സഹാ യിച്ചു പഠനകാര്യങ്ങളിൽ പ്രോത്സാഹിപ്പിച്ചു. ദുഃഖിതർക്ക് ആശ്വാസം നൽകി ധന്യരാക്കി.

1965 മാർച്ച് 21 ഞായർ - വലിയൊരു ജനക്കൂട്ടം. കൈ മുത്താനായി എല്ലാവരും വന്ന സമയം *ദൈവമേ അനുഗ്രഹിക്കുക* എന്നുള്ളത് തിരുമേനി ചൊല്ലികൊടുക്കയും എല്ലാവരും ഏറ്റുചൊല്ലുകയും ചെയ്തു. പ്രാർത്ഥന, നോമ്പ്, ഉപവാസം മുതലായവയെ സംബന്ധിച്ച് അമർച്ചയായി കൽപ്പിക്കുകയും ചെയ്തു. അദ്ദേഹം കല്പിച്ചു - *അനുഗ്രഹിക്കപ്പെട്ട മക്കളെ ഞാൻ ശരീരപ്രകാരം നിങ്ങളെ വിട്ടുപോയാലും ആത്മീയപ്രകാരം എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കും. എല്ലാ നന്മകളെയും പ്രത്യേകം ഓർത്തുകൊള്ളണം. എന്നെ മറക്കാതെ എനിക്കുവേണ്ടി പ്രാർത്ഥിക്കണം.* പ്രാർത്ഥന, നോമ്പ്, സൽപ്രവർത്തികൾ, ക്ഷമ, സത്യം, സദ്വചനങ്ങൾ മുതലായവയെക്കുറിച്ച് പ്രത്യേകം വിവരിച്ച് പറഞ്ഞ ശേഷം വീണ്ടും - *ഈ കേട്ടു നിൽക്കുന്ന നിങ്ങൾ നിങ്ങളുടെ പിന്നാലെയുള്ള കേൾക്കാത്തവരോട് പാമ്പാടി മെത്രാച്ചൻ ജീവിച്ചിരുന്നപ്പോൾ ഇങ്ങനെയൊക്കെ നിങ്ങളോട് പറഞ്ഞിരുന്നുവെന്ന് അവരോടും നിങ്ങൾ പറയേണം* എന്നും കല്പിച്ചു.

1965 ഏപ്രിൽ 4-ാം തീയതി ഉച്ചതിരിഞ്ഞപ്പോഴേയ്ക്കും രോഗസ്ഥിതി മൂർച്ഛിച്ചു. മണിക്കൂറുകളെ അവശേഷിച്ചിട്ടുള്ളൂ എന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. രാത്രിയുടെ യാമങ്ങൾ ഇഴഞ്ഞുനീങ്ങി. പട്ടക്കാരും ജനക്കൂട്ടവും ചേർന്ന് യാമപ്രാർത്ഥനകളും മരണസമയത്തെ പ്രാർത്ഥനകളും കണ്ണുനീരോടെ കർത്തൃസന്നിധിയിൽ സമർപ്പിച്ചുകൊണ്ടിരുന്നു.

രാത്രി 2 മണി കഴിഞ്ഞ് പാറേട്ട് മാർ ഈവാനിയോസ് തിരുമേനി ആസന്നമരണനായ തന്റെ ജ്യേഷ്ഠസഹോദരന്റെ നെറ്റിയിൽ റൂശ്മാ വരച്ചു. കൃത്യം 2.35-ന് ആ ആത്മാവ് രോഗാതുരമായ ശരീരത്തിന്റെ ബന്ധനത്തിൽ നിന്ന് വഴുതി ആത്മീയചിറകുകൾ അടിച്ച് അനന്തയിലേക്ക് ഉയർന്നു. പാമ്പാടി ദയറാ ദേവാലയത്തിലെ ദുഃഖമണിനാദം ഈ വിയോഗവാർത്ത വിളംബരം ചെയ്തു. തിരുമേനി ഉപയോഗിച്ചുകൊണ്ടിരുന്ന വാച്ചും നിലച്ചുപോയി. അതിന്റെ സമയവും കൃത്യം 2.35 ആയിരുന്നു.

ജീവിതത്തിന്റെ ഓർമ്മവച്ച നാളുകൾ മുതൽ എന്റെ വീട്ടിലും ചുറ്റുപാടുകളിലും 'പാമ്പാടി തിരുമേനി' എന്ന നാമം വളരെ ശക്തമായി സ്വാധീനിച്ചിരുന്നു. വീടിന്റെ അന്തരീക്ഷത്തിൽ എന്റെ വലിയമ്മയുടെ വാക്കുകളിൽ റമ്പാനായും തിരുമേനിയായും വീട്ടിൽ സന്ദർശിക്കുന്നതും, പാമ്പാടികണ്ടത്തിൽ ഒ. സി. കുര്യാക്കോസ് കത്തനാരോട് ഒരുമിച്ച് സഭാകേസുകളുടെ അവലോകനവും ഇടവക ഭരണകാര്യങ്ങളുടെ തൽസ്ഥിതിയും പരസ്പരം പങ്കിടുന്നതും കരിപ്പെട്ടികാപ്പി കുടിക്കുന്നതും, വഴിയാത്രയ്ക്ക് കൊതുമ്പ് കീറിക്കെട്ടി ഒരുക്കുന്നതും പറഞ്ഞുകേട്ടിട്ടുള്ള ചില യാഥാർത്ഥ്യങ്ങളാണ്.

നോമ്പുകാലത്ത് ഏറ്റവും ഇഷ്ടമുള്ളതിനെ വർജ്ജിക്കണം എന്ന് തിരുമേനി ശക്തമായി ഉപദേശിച്ചിരുന്നു. അപ്രകാരം തനിക്ക് ഇഷ്ടമുള്ള മുരിങ്ങയ്ക്കാ കൊണ്ടുള്ള വിഭവങ്ങൾ പരിശുദ്ധ നോമ്പിൽ ഉപേക്ഷിക്കാൻ തിരുമേനി തയ്യാറായിരുന്നു. കുന്നിൻപുറത്ത് തിരുമേനിയെ കാണുവാൻ ചെല്ലുന്നവർക്ക് എന്തെങ്കിലും കൊടുത്തുവിടുക എന്നൊരു പാരമ്പര്യം ഇന്നും നിലനിൽക്കുന്നു.

വേനൽ കഠിനമാകുന്ന സമയത്ത് കബറിങ്കലെ മദ്ധ്യസ്ഥ പ്രാർത്ഥന ഏറെ അനുഗ്രഹമാണ്. എന്റെ വ്യക്തിപരമായ ജീവിതത്തിൽ മഴയ്ക്കുവേണ്ടി മദ്ധ്യസ്ഥത അണച്ച്, 2007-ലെ ഓർമ്മപെരുന്നാൾ പ്രദക്ഷിണത്തിൽ അംശവസ്ത്രം ധരിച്ച് മുഴുവൻ സമയവും മഴ നനഞ്ഞ് പങ്കെടുത്തതും ഈ സമയത്ത് പ്രത്യേകമായി സ്മരിക്കുന്നു. തിരുമേനിയുടെ മദ്ധ്യസ്ഥതയോടെ കിണർ കുത്തി അതിലെ വെള്ളം ഉപയോഗിച്ച് കബറുങ്കൽ പാച്ചോർ നേർച്ചയായി അനേകർ സമർപ്പിക്കുന്നത് ദർശിച്ചിട്ടുണ്ട്. കബറുങ്കലെ പ്രാർത്ഥനകൾ അനേകർക്ക് പിൻതലമുറയെ നൽകിയിട്ടുണ്ട്. ഉന്നത നിലവാരത്തിലുള്ള ജോലികൾ ലഭിച്ചിട്ടുണ്ട്, രോഗസൗഖ്യം അനേകർക്ക് ലഭിച്ചിട്ടുണ്ട്. ആ കബറിടം അനേകർക്ക് ആശ്വാസമാണ്.

പ. പാമ്പാടി തിരുമേനി കാലംചെയ്തിട്ട് അമ്പതു വർഷം പിന്നിടുന്ന ഈ അവസരത്തിൽ മലങ്കരസഭാ മക്കൾ ഔദ്യോഗിക 'പരിശുദ്ധ' പ്രഖ്യാപനം പ്രതീക്ഷിക്കുകയാണ്.



# 8

# പ. പാമ്പാടി തിരുമേനി: ചില വാകത്താനം സ്മരണകൾ

## വിന്നി കെ. കോശി

### മഴ പെയ്തില്ല

പ. പാമ്പാടി തിരുമേനിയുടെ ആത്മമിത്രങ്ങളിൽ ഒരാളായിരുന്നു വാകത്താനം കൈതയിൽ വർക്കിച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന കെ. സി. വർഗീസ്. കക്ഷിവഴക്ക് ശക്തമായിരുന്ന ആ കാലഘട്ടത്തിൽ പരിശുദ്ധ സഭയോടും, പരിശുദ്ധ പാമ്പാടി തിരുമേനിയോടുമുള്ള വിധേയത്വത്തിന്റേയും സ്നേഹത്തിന്റെയും ഫലമായി വർക്കിച്ചൻ മുക്കാൽ ഏക്കർ സ്ഥലവും ഒരു ചെറിയ ചാപ്പലും വില വാങ്ങാതെ പരിശുദ്ധ തിരുമനസ്സിന് കൊല്ലവർഷം 1119-ൽ എഴുതിക്കൊടുത്തു. സെന്റ് ജോർജ് എന്ന നാമധേയത്തിൽ വാകത്താനം പുത്തൻചന്തയിൽ സ്ഥാപിതമായ ഈ ദേവാലയം *കൈതയിൽപ്പള്ളി* എന്ന പേരിൽ ഇന്ന് പൊതുവെ അറിയപ്പെടുന്നു. പിൽക്കാലത്ത് പുതുക്കിപ്പണിത വി. ദേവാലയത്തിന്റെ 1959 മെയ് 5-ന് നടന്ന കൂദാശകർമ്മത്തിനായി എത്തിച്ചേർന്ന കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, ഔഗേൻ മാർ തീമോത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസിയോസ് എന്നീ മേല്പട്ടക്കാർക്ക് ഭക്ത്യാദരവുകളോടുകൂടി ഒരു വലിയ സ്വീകരണം പുത്തൻചന്ത കവലയിൽനിന്നും പള്ളിയിലേക്ക് ക്രമീകരിച്ചു. എന്നാൽ എല്ലാവരെയും നിരാശരാക്കുന്നവിധം കാറും മഴക്കോളുംകൊണ്ട് അന്തരീക്ഷമാകെ നിറഞ്ഞു. ജനങ്ങളുടെ വിഷമാവസ്ഥ മനസ്സിലാക്കിയ തിരുമേനി ആകാശത്തേക്ക് സ്ലീബാ എടുത്ത് വാഴ്ത്തി *ധൈര്യമായി നടന്നോളൂ* എന്നു കല്പിച്ചു. എല്ലാവരെയും അതിശയിപ്പിക്കുംവിധം സ്വീകരണം പള്ളിയിൽ എത്തുന്നതുവരെ മഴ മാറിനിന്നു.

### വൈദ്യനായ തിരുമേനി

എല്ലാവരിലും ശ്രേഷ്ഠൻ യേശുക്രിസ്തുവാണെന്ന് ഉറച്ച വിശ്വാസം തിരുമനസ്സിനുണ്ടായിരുന്നു. അതിനാൽത്തന്നെ രോഗശമനത്തിനുവേണ്ടി തിരുമേനി വാഴ്ത്തിതന്ന വെള്ളം പലരും ഔഷധമായി ഉപയോഗിച്ചിരുന്നു. തിരുമേനിയുടെ അന്ത്യനിമിഷത്തിനു കുറച്ചുനാൾ മുമ്പേ മദ്ബഹായിൽവച്ച് വാഴ്ത്തി ഒരു കുപ്പിവെള്ളം വർക്കിച്ചനു നൽകിക്കൊണ്ട്

ഈ കുപ്പിയിലെ വെള്ളം തീരാതെ നിറച്ചുകൊള്ളാൻ കല്പിക്കുകയും ചെയ്തു.

വർക്കിച്ചന്റെ രണ്ടാമത്തെ മകൻ അവറാച്ചൻ ഇടയ്ക്കിടെ ബോധ ക്ഷയത്താൻ ബുദ്ധിമുട്ടിയിരുന്നു. സാധ്യമായ വൈദ്യസഹായങ്ങളെല്ലാം അക്കാലത്ത് നൽകിയെങ്കിലും അതുകൊണ്ടൊന്നും യാതൊരു പ്രയോ ജനവും ഉണ്ടായില്ല. തദവസരത്തിൽ പാമ്പാടി തിരുമേനി അവറാച്ചനെ ദയറായിൽ കൊണ്ടുപോകയും, കുറേനാൾ അവിടെ താമസിപ്പിക്കുകയും, അവറാച്ചന് ആ രോഗാവസ്ഥയിൽ നിന്നു മോചനം ഉണ്ടാവുകയും ചെയ്തു.

## അന്ത്യനിമിഷത്തിന്റെ അടയാളം

തിരുമേനിയുമായി ആഴത്തിൽ ബന്ധപ്പെട്ടിരുന്ന വർക്കിച്ചൻ പാമ്പാടി ദയറായിലേക്ക് തിരുമേനിക്ക് ആവശ്യമായ അരിയും മറ്റ് സാധനസാമ ഗ്രികളും ക്രമമായി എത്തിച്ചുകൊടുത്തിരുന്നു. പ്രത്യേകം തയാറാക്കിയ (ഒറ്റപ്പുഴുക്കൻ) അരിയാണ് ദയറായിൽ എത്തിച്ചിരുന്നത്. പ. തിരുമേനി കാലംചെയ്യാറായതിന്റെ സൂചന വർക്കിച്ചനു ലഭിച്ചു. ദയറായിലേക്ക് കൊടുക്കുവാനുള്ള അരിക്ക് വേണ്ട നെല്ല് അടുപ്പിൽ വെച്ചപ്പോൾ ഒരു അടുപ്പുകല്ല് പിളർന്ന് ചെമ്പ് ചെരിയുകയും, ജലം ഒഴുകിപ്പോവുകയും ചെയ്തു. എന്നാലും ഒറ്റ നെൽമണിപോലും താഴെപോയില്ല. ആ നിമിഷം വർക്കിച്ചൻ *തിരുമേനിക്കുവേണ്ടി ഇനി ആരും കഷ്ടപ്പെടേണ്ട* എന്നു പറഞ്ഞു. അതെന്താണെന്നു വർക്കിച്ചന്റെ സഹധർമ്മിണി അന്നാമ്മ തിര ക്കിയപ്പോൾ *ചെമ്പ് കിടക്കുന്നത് കണ്ടില്ലേ തിരുമേനിക്ക് ഇനി ഒന്നി ന്റെയും ആവിശ്യമില്ലെന്നതിന്റെ മുന്നറിയിപ്പാണിതെന്ന്* പറഞ്ഞ് ഉടൻ തന്നെ പാമ്പാടി ദയറായിലേക്ക് പുറപ്പെട്ടു. ഏതാനും നിമിഷങ്ങൾ കഴി ഞ്ഞപ്പോൾ വാകത്താനം വലിയപള്ളിയിലെ വികാരി പള്ളിയടിയിൽ പീലി പ്പോസ് കത്തനാർ തിരുമേനിയുടെ ഗുരുതരാവസ്ഥ പറയുന്നതിനുവേണ്ടി കൈതയിൽ വന്നു. എന്നാൽ അതിനു മുമ്പുതന്നെ പാമ്പാടി ദയറായി ലേക്ക് പുറപ്പെട്ട വർക്കിച്ചന് തിരുമേനിയുടെ അന്ത്യനിമിഷങ്ങളിൽ തിരു മേനിയെ ശുശ്രൂഷിക്കുന്നതിനും, എല്ലാ കാര്യങ്ങളിലും ഭാഗഭാക്കാകു ന്നതിനും സാധിച്ചു. കബറടക്കത്തിനുശേഷമാണ് വർക്കിച്ചൻ പിന്നീട് സ്വഭവനത്തിൽ തിരിച്ചെത്തിയത്.

## മനസ്സറിയുന്ന തിരുമേനി

വാകത്താനം ഓണാട്ട് വീട്ടിൽനിന്നും തിരുമേനിക്ക് ആവശ്യമായ വാഴ ക്കുലയും, പലഹാരങ്ങളുമായി രണ്ടു ചുമട്ടുകാരെ അയച്ചു. ദയറായിൽ എത്തിച്ചേർന്ന അവർക്ക് കാപ്പികൊടുക്കാൻ പതിവുപോലെ തിരുമേനി

പൊട്ടനോടു പറഞ്ഞു. കാപ്പിപ്പൊടിയും പഞ്ചസാരയും തീർന്ന വിവരം പൊട്ടൻ തിരുമേനിയെ അറിയിച്ചു. എങ്കിലും വിശ്രമിച്ചതിനുശേഷം മാത്രമേ തിരികെ പോകാവൂ എന്ന് തിരുമേനി ചുമട്ടുകാരെ നിർബന്ധിച്ചു. അല്പസമയത്തിനുശേഷം പുതുപ്പള്ളി കന്നുകുഴിയിൽ നിന്നു കൊടുത്തുവിട്ട കാപ്പിപ്പൊടിയും പഞ്ചസാരയും, പലഹാരങ്ങളും മറ്റു സാധന സാമഗ്രികളും ദയറായിൽ എത്തി. ഉടൻതന്നെ ചുമട്ടുകാർക്ക് കാപ്പിയും, കൊണ്ടുവന്ന പലഹാരങ്ങളും തിരുമനസ്സ് നൽകി. ചുമട്ടുകാരിൽ ഒരാളായ പാപ്പൻ, താൻ കഴിച്ച പലഹാരം തന്റെ മക്കൾക്കു കൊടുക്കാൻ സാധിച്ചിരുന്നെങ്കിൽ എന്ന് മനസ്സിൽ ആഗ്രഹിച്ചു. കാപ്പികുടി കഴിഞ്ഞു പോകാനൊരുങ്ങിയ പാപ്പനോട് രണ്ട് ഇല പറിച്ചുകൊണ്ടുവരാൻ തിരുമേനി ആവശ്യപ്പെട്ടു. തിരുമേനി ഇല വാങ്ങി അകത്തുചെന്ന് പലഹാരങ്ങൾ പൊതിഞ്ഞ് മക്കൾക്ക് കൊടുക്കാൻ പറഞ്ഞു പാപ്പന് നൽകി. തന്റെ മനസ്സറിഞ്ഞ തിരുമേനി, പുണ്യവാളൻ തന്നെയാണെന്ന് പിന്നീട് പാപ്പൻ വാകത്താനത്തെ പല വീടുകളിലും സാക്ഷീകരിച്ചിരുന്നു.



പ. പാമ്പാടി തിരുമേനി തോട്ടയ്ക്കാട് മാർ അപ്രേം ദേവാലയ അങ്കണത്തിൽ വൈദികരോടൊപ്പം. ഇടത്തു നിന്നും: പരേതരായ പ്ലാപ്പറമ്പിൽ കെ. കെ. ജോർജ് കത്തനാർ, വടക്കുംപാടത്ത് വി. ടി. ഏബ്രഹാം കത്തനാർ (പിന്നീട് കോറെപ്പിസ്കോപ്പാ), പുത്തേട്ടുകടുപ്പിൽ ഫീലിപ്പോസ് കത്തനാർ, മീനടം മണ്ണൂക്കടുപ്പിൽ കത്തനാർ, കൈതളാവിൽ ജേക്കബ് കത്തനാർ.

# 9

# അവരുടേയും എന്റെയും വിശപ്പ് ഒന്നു തന്നെ

## സാബു വടകര

പരിശുദ്ധ പാമ്പാടി തിരുമേനി മേൽപട്ടസ്ഥാനത്തേക്കു ഉയർത്തപ്പെട്ടു കോട്ടയം ഭദ്രാസനത്തിന്റെ ചുമതല ഏറ്റുകഴിഞ്ഞശേഷവും തിരുമേനിയുടെ ആസ്ഥാനം പൊത്തമ്പുറം ദയറാ തന്നെ ആയിരുന്നു. അക്കാലത്ത് ദയറായിലേയ്ക്ക് ഇടത്തൊണ്ടുകളൊഴികെ മറ്റു വഴികളൊന്നും ഇല്ലായിരുന്നു. മെത്രാനായതോടെ കോട്ടയം ഭദ്രാസനത്തിലെ പള്ളികളിലെ പലവിധമായ വിഷയങ്ങൾക്കു അച്ചന്മാരും പള്ളിസ്ഥാനികളും തിരുമേനിയെ നിരന്തരം സന്ദർശിക്കേണ്ട ആവശ്യം നേരിട്ടു. അവർ പാമ്പാടി പള്ളിയുടെ സമീപം മഞ്ഞാടി അമ്പലത്തിന്റെ സൈഡിലുള്ള തൊണ്ടിലൂടെ വളരെ വിഷമംപിടിച്ചു നടന്നുകയറിയാണ് ദയറായിൽ എത്തി കാര്യങ്ങൾ നടത്തിപോന്നത്. അതല്ലെങ്കിൽ മീനടത്തുനിന്നും അതേ തരം ഇടത്തൊണ്ടുകൾ താണ്ടണം.

പ. പാമ്പാടി തിരുമേനിയുടെ വാഹനമായ വില്ലുവണ്ടി പോലും പാമ്പാടിയിൽ കടവുംഭാഗത്തെ അച്ചന്റെ വീട്ടിലാണ് സൂക്ഷിച്ചിരുന്നത്. അവിടെ നിന്നും തിരുമേനിയും ദയറായിലേയ്ക്കു നടന്നുകയറുകയായിരുന്നു പതിവ്. വില്ലുവണ്ടിക്ക് കെട്ടാൻ തിരുമേനിക്ക് സ്വന്തമായി മൂരികൾ ഇല്ലായിരുന്നു. കോട്ടയത്തിനു പോകേണ്ടിവരുമ്പോൾ വില്ലുവണ്ടിക്കു കെട്ടാനുള്ള മൂരിയെ ആരോടെങ്കിലും കടംവാങ്ങിയായിരുന്നു യാത്ര ചെയ്യാറുള്ളത്. തിരുമേനി യാത്രചെയ്യുമ്പോൾ വണ്ടിക്കാർ മൂരികളെ ഉപദ്രവിക്കാൻ സമ്മതിക്കുമായിരുന്നില്ല. 36 വർഷം കോട്ടയം ഭദ്രാസനത്തിന്റെ ഇടയൻ ആയിരുന്ന പ. പാമ്പാടി തിരുമേനിക്ക് ഒരിക്കലും സ്വന്തമായി ഒരു മോട്ടോർ വാഹനം ഉണ്ടായിരുന്നില്ല. ഒരു ബാങ്കിലും അക്കൗണ്ടും ഇല്ലായിരുന്നു.

യാത്രാദുരിതത്തെക്കുറിച്ചു പലരും പ്രയാസം അറിയിച്ചപ്പോൾ ആലാംമ്പള്ളി – ഇലക്കൊടിഞ്ഞി വഴിയിൽനിന്നും ദയറായിൽ വാഹനം എത്തുന്നവിധം ഒരു വഴി വെട്ടുന്നതിനെക്കുറിച്ചു ആലോചിച്ചു തുടങ്ങി. ഇതിനായി തിരുമേനി രണ്ടു പ്രാവശ്യം ദയറായിൽ പരിസരവാസികളുടെ യോഗം വിളിച്ചുകൂട്ടി. ഇതിൽ ധാരാളംപേർ സംബന്ധിച്ചു. സ്ഥലം

ഉടമകൾ യാതൊരു പ്രതിഫലവും കൂടാതെ വഴിക്കുള്ള സ്ഥലം തിരുമേനിക്ക് വിട്ടുകൊടുക്കാമെന്നു സമ്മതിച്ചു.

പിറ്റെദിവസം വഴിവെട്ടു തുടങ്ങാനായി പത്തിരുപതുപേർ വന്നു. എന്റെ വല്യപ്പനും ചാമക്കാല അച്ചന്റെ പിതാവും തലയ്ക്കലെ അപ്പച്ചനും കാഞ്ഞിരത്തുംമൂട്ടിലേയും കല്ലടെമാക്കലെയും അപ്പച്ചന്മാരും തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ വഴിവെട്ടു തുടങ്ങി. എല്ലാവരും ദയറായിൽവന്ന് ഉച്ചയ്ക്കു ഭക്ഷണം കഴിക്കണം എന്ന് തിരുമേനി കൽപ്പിച്ചു. എന്നിട്ട് എന്റെ വല്യപ്പനെയും കൂട്ടി ദയറായിൽ ചെന്നു പത്തിരുപതു പേർക്ക് ഉച്ചയ്ക്ക് ഊണു ശെരിയാക്കണം എന്ന് പൊട്ടൻ ചേട്ടനോടു പറഞ്ഞു. പൊട്ടൻ ചേട്ടൻ കൈ മലർത്തി കാണിച്ചു. അരിയും കറിസാധനങ്ങളും ദയറായിൽ ഒട്ടുമില്ല. ഉടനെ എന്റെ വല്യപ്പനോടും കൂട്ടരോടും ഊണിന് ആവശ്യമുള്ള സാധനങ്ങൾ മീനടത്തു കടയിൽ പോയി ഉടനെ വാങ്ങികൊണ്ടുവരണം എന്ന് തിരുമേനി കല്പിച്ചു. മീനടംവരെ നടന്നുപോയി തലച്ചുമടായി സാധനങ്ങളുമായി വരുമ്പോൾ സമയം ഏറെ വൈകും. ചെമ്പിൽ വെള്ളം ഒഴിച്ച് തീയും കത്തിച്ചശേഷം ഇവർ തിരുമേനിയോടു കാര്യം പറഞ്ഞു. അതിന് *ദൈവം നടത്തും* എന്നു മാത്രം തിരുമേനി മറുപടി പറഞ്ഞു.

സമയം കടന്നുപോകുകയാണ്. വഴിവെട്ടുകാർ ഊണിനെത്താനുള്ള സമയമായി. എന്തു ചെയ്യണമെന്നറിയാതെ സകലരും വിഷമിച്ചു നിൽക്കുകയാണ്. അപ്പോൾ പുതുപ്പള്ളിയിൽനിന്നു വാഴക്കാലാ കുടുംബത്തിലെ ചിലർ വന്നുചേർന്നു. അവരോടൊപ്പം വാല്യക്കാർ തലച്ചുമടായി മൂന്നു ചാക്ക് അരിയും കറികളും കറിക്കോപ്പുകളും കൊണ്ടുവന്നിട്ടുണ്ട്. ഇവയെല്ലാം തിരുമേനിയുടെ മുന്നിൽ ഇറക്കിവച്ചു. ഉടനെ തിരുമേനി അതിൽ നിന്നും ആവശ്യത്തിന് അരി വെള്ളത്തിൽ ഇടാൻ പറഞ്ഞു. വാഴക്കാലാക്കാർ കൊണ്ടുവന്ന കറിസാധനങ്ങൾ സഹിതം വഴിവെട്ടുകാർക്ക് സുഭിക്ഷമായ ഭക്ഷണം കൊടുത്തു.

പക്ഷേ വാഴക്കാലാക്കാർക്ക് ഇതിൽ സ്വൽപ്പം വിഷമമായി. തിരുമേനിക്ക് കഞ്ഞി കുടിക്കാനായിട്ട് നെല്ല് പ്രത്യേകം പുഴുങ്ങി ഉണക്കി സ്വന്തമായി കുത്തി അരിയാക്കി കൊണ്ടുവന്നതാണ്. അതെടുത്ത് വഴിവെട്ടുകാർക്ക് ഊണുകൊടുത്തത് അവർക്ക് സഹിച്ചില്ല. അവർ ചെറിയ തോതിൽ പരിഭവം കാണിച്ചു. തിരുമേനി വിവരം അറിഞ്ഞു. അവരെ മുറിയിലേക്കു വിളിപ്പിച്ചു. എന്നിട്ട് അവരോടു പറഞ്ഞു. *മക്കളെ എന്റെ വിശപ്പും അവരുടെ വിശപ്പും ഒന്നാണ്.* (പിടലിയിയിൽ തൊട്ടു കാണിച്ചുകൊണ്ട്) *ഭക്ഷണത്തിനു രുചി ഇവിടെവരെയേ ഉള്ളു. ഭക്ഷണം പിടലിക്കു താഴേക്കു പോയാൽ അത് വെറും മലമാണ്. ദയറായിലേക്കുള്ള വഴിവെട്ടി ക്ഷീണിച്ച ആ സാധുകൾ കഴിച്ചത് ഞാൻ കഴിച്ചതായി കരുതിക്കോണം.* ഇങ്ങനെ ഉപദേശിച്ച് തിരുമേനി വാഴക്കാലാക്കാരെ അനുഗ്രഹിച്ചു പറഞ്ഞയച്ചു.

(*ലേഖകന്റെ പിതാമഹൻ വടകര പാപ്പച്ചനിൽ നിന്നും ലഭിച്ച വിവരം*)

# 10

# മൈലാപ്പൂരിലേക്ക് ഒരു തീർത്ഥയാത്ര

## പി. എ. ജോൺ പേഴമറ്റം

പരിശുദ്ധനായ പാമ്പാടി തിരുമേനിയോടൊപ്പം എന്റെ ചെറുപ്പകാലത്ത് നടത്തിയ രണ്ട് യാത്രകളുടെ ഓർമ്മകൾ ഇപ്പോഴും സ്മൃതിമണ്ഡലത്തിൽ പച്ചപ്പ് വിരിക്കുന്നു. അവ ചുവടെ വിശദീകരിക്കട്ടെ.

**1. മദ്രാസ് യാത്ര**

1955 ജനുവരി പതിനെട്ടാം തീയതിയാണ് പരിശുദ്ധ പാമ്പാടി തിരുമേനി തന്റെ ഭൗതിക ജീവിതത്തിലെ ഏറ്റവും ദീർഘമായ യാത്ര ആരംഭിച്ചത്. അത് മദ്രാസ് വരെയായിരുന്നു. ആ യാത്രയിൽ പ. തിരുമേനിയെ അനുഗമിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. അന്നെനിക്ക് 16 വയസ് പ്രായമുണ്ട്. പരിശുദ്ധ പിതാവ് മദ്രാസ് സന്ദർശിച്ചത് അതിനു തലേ വർഷം നടത്തിയ കുമളി - വണ്ടൻമേട് യാത്രയെ തുടർന്നാണ്. അതിപ്രകാരമാണ്.

1954-ലെ കടുത്ത വേനൽക്കാലത്ത് എന്റെ പിതാവും പ. തിരുമേനിയുടെ സഹോദരപുത്രനുമായ പേഴമറ്റത്ത് പി. ജെ. ഏബ്രഹാം (കൊച്ച്) പൊത്തൻപുറത്ത് തിരുമേനിയുടെ അടുത്ത് പതിവു സന്ദർശനത്തിനെത്തി. വേനൽച്ചൂടിന്റെ ആധിക്യത്താൽ വിശറി കൈകളിൽ മാറി മാറിയെടുത്ത് പരിശുദ്ധ തിരുമേനി വീശുകയാണ്. അപ്പോൾ എന്റെ പിതാവ് തിരുമേനിയോട് സമ്മതമാണെങ്കിൽ താൻ പലചരക്ക് വ്യാപാരം നടത്തിവരുന്ന ഹൈറേഞ്ചിലെ അണക്കരയിൽ പോയി കുറച്ചു ദിവസം താമസിക്കാമെന്നും, വേനൽച്ചൂടിൽനിന്നും ആശ്വാസമാകുമെന്നും പറഞ്ഞു. തിരുമേനി ആ അപേക്ഷ സ്വീകരിക്കുകയും സന്തത സഹചാരികളിൽ ഒരാളായ ചാമക്കാലായിലെ കുഞ്ഞൂഞ്ഞു ചേട്ടനോടൊപ്പം (ഇപ്പോഴത്തെ ചാമക്കാല സി. എ. വർഗീസ് അച്ചന്റെ പിതാവ്) എന്റെ പിതാവിന്റെ അണക്കരയിലുള്ള പീടികമുറിയിൽ ഒരാഴ്ച താമസിക്കുകയും ചെയ്തു.

ഈ സന്ദർശനവേളയിലാണ് ഇന്നത്തെ ഇടുക്കി ഭദ്രാസന കത്തീഡ്രലായ കുങ്കിരിപ്പെട്ടി സെന്റ് തോമസ് ഇടവകയുടെ പ്രഥമ ദേവാലയത്തിന് കല്ലിട്ടത്. പിന്നീട് കുമളിയിലെ വ്യവസായ പ്രമുഖനായി വളർന്ന കുത്ത

തയിൽ തോമാച്ചൻ എന്ന ആളുടെ അണക്കരയിലുള്ള ചായപ്പീടികയുടെ കൂദാശയും ഈ അവസരത്തിൽ പ. തിരുമേനി നിർവ്വഹിച്ചിരുന്നു. ഇന്നും തന്റെ മറ്റു ബഹുനില കെട്ടിടങ്ങൾക്കൊപ്പം ഈ ഓലമേഞ്ഞ പീടിക ഒരു സ്മാരകമായി അവിടെ തോമാച്ചന്റെ കുടുംബം സൂക്ഷിച്ചിട്ടുണ്ട്. പിന്നീട് 1956 ഡിസംബർ 21-ന് ഈ പള്ളിയുടെ കൂദാശയും പ. തിരുമേനി നിർവ്വഹിക്കുകയുണ്ടായി. ഐക്കരപ്പടവിൽ ശെമ്മാശനും (പിന്നീട് പി. പി. ഗീവർഗീസ് കത്തനാർ) ഞാനുമാണ് അന്ന് തിരുമേനിയോടൊപ്പമുണ്ടായിരുന്നത്.

വിശ്രമാനന്തരം മടക്കയാത്രയിൽ കുമളിയിൽനിന്നും തമിഴ്നാട് അതിർത്തി കടന്ന് കുറച്ചു മുമ്പോട്ടു പോയി. അവിടെ നിന്ന് താഴെ തമിഴ്നാടിന്റെ വിശാലമായ ഭാഗങ്ങൾ തിരുമേനി കാണുകയുണ്ടായി. അപ്പോൾ പ. തിരുമേനി പറഞ്ഞു, *അങ്ങനെ പാണ്ടിയും കണ്ടു.* ഇതു കേട്ട എന്റെ പിതാവ് സമ്മതമാണെങ്കിൽ അടുത്തവർഷം മദിരാശിയിലും പോകാം എന്ന് പ്രതിവചിച്ചു. *നോക്കട്ടെ* എന്ന് പ. തിരുമേനിയും പറഞ്ഞു. ഈ സംഭവമാണ് എനിക്ക് പ. തിരുമേനിയോടൊപ്പമുള്ള ആദ്യ യാത്രയ്ക്ക് പിറ്റേവർഷം വഴി തുറന്നു തന്നത്.

മലങ്കരസഭാ സ്ഥാപകനായ വി. മാർത്തോമ്മാ ശ്ലീഹായുടെ കബറിങ്കലെത്തി അനുഗ്രഹം പ്രാപിക്കുവാൻ, മാർത്തോമ്മാ പാരമ്പര്യത്തിലും മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തിലും അഭിമാനിച്ചിരുന്ന പ. തിരുമേനി ആഗ്രഹിച്ചു. ആ ആഗ്രഹപൂർത്തീകരണമായി 1955 ജനുവരി 18-ന് ചൊവ്വാഴ്ച പ. തിരുമേനിയുടെ മൈലാപ്പൂർ തീർത്ഥയാത്ര ആരംഭിച്ചു. മാടയ്ക്കൽ ജോസഫ് അച്ചൻ, പ. തിരുമേനിയുടെ വൽസല ശിഷ്യനായ പല്ലാട്ട് ഐപ്പ് ചേട്ടൻ, എന്റെ പിതാവ്, ഞാൻ എന്നിവർ ആയിരുന്നു പൊത്തൻപുറത്തുനിന്നും വാഴൂർ സ്വദേശിയായ കുട്ടപ്പൻ എന്ന ഈഴവ സഹോദരന്റെ വാടകക്കാറിൽ യാത്ര തിരിച്ച സംഘത്തിലുണ്ടായിരുന്നത്. പരീക്ഷ ആസന്നമായതിനാൽ എന്നെ കൊണ്ടുപോകുന്നതിൽ എന്റെ പിതാവ് എതിർപ്പ് പ്രകടിപ്പിച്ചു. പക്ഷേ പ. തിരുമേനി, *പരീക്ഷയിൽ ഒന്നുകിൽ ജയിക്കും, അല്ലെങ്കിൽ തോൽക്കും. എനിക്ക് ഇത്രയും വയസായിട്ടാണ് മദിരാശി വരെ പോകാൻ പറ്റുന്നത്. അവന് ചെറുപ്രായത്തിൽ കിട്ടിയ ഈ ഭാഗ്യം കളയരുത്* എന്നു പറഞ്ഞ് എന്നെയും കൂട്ടി.

ഈ യാത്രയുടെ വിവരമറിഞ്ഞ് ചില വിശ്വാസികൾ വണ്ടിപെരിയാർ സെന്റ് മേരീസ് പള്ളിയുടെ തറക്കല്ലിടീൽ കർമ്മം യാത്രയുടെ ആദ്യ ദിവസം രാവിലെ പ. തിരുമേനിയെക്കൊണ്ട് നിർവ്വഹിപ്പിച്ചു. അവിടെ നിന്നും പ്രഭാതഭക്ഷണവും കഴിച്ച് യാത്ര തുടർന്നു മധുരയിലെത്തി വിശ്രമിച്ചു.

മധുരയിൽ എത്തിയപ്പോൾ പ്രസിദ്ധമായ മധുര മീനാക്ഷി ക്ഷേത്രം പ. തിരുമേനി സന്ദർശിച്ചു. ക്ഷേത്രത്തിനുള്ളിലേക്ക് കാലിലെ ചെരുപ്പ് അഴിച്ചുമാറ്റി മാത്രമേ പ്രവേശിക്കുവാൻ പാടുള്ളൂ എന്ന് ക്ഷേത്രാധികാരികൾ നിർദ്ദേശിച്ചു. അപ്പോൾ ഇത് കേരളത്തിൽനിന്നും വന്ന ഒരു മുനിയാണെന്നും, ചെരുപ്പോടുകൂടി പ്രവേശിക്കുവാൻ അനുവദിക്കണമെന്നും എന്റെ പിതാവ് അപേക്ഷിച്ചു. എന്നാൽ, പ. തിരുമേനി എന്റെ പിതാവിനെ വിലക്കി. *ഏതു സ്ഥലത്ത് ചെന്നാലും അവിടുത്തെ ആചാരമര്യാദകൾ അനുസരിക്കുവാൻ നാം കടപ്പെട്ടവരാണ്* എന്നദ്ദേഹം കല്പിച്ചു. തിരുമേനിയുടെ ഈ മറുപടി ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു. ചെരിപ്പ് അഴിച്ചുമാറ്റി ഉള്ളിൽ പ്രവേശിച്ച പ. തിരുമേനി കൗതുകത്തോടെ എല്ലാം നോക്കിക്കാണുകയും അവിടെ സപ്തസ്വരങ്ങൾ കേൾപ്പിക്കുന്ന കല്ലിൽ അടിച്ചു നോക്കുകയും ചെയ്യുകയുണ്ടായി. അതിനുശേഷം മധുരയിൽ നമ്മുടെ പള്ളിയിൽ താമസിക്കുകയും ചെയ്തു.

സംഘം ജനുവരി 19-ന് തൃശിനാപ്പള്ളിയിൽ എത്തി. അവിടെ ഉദ്യോഗാർത്ഥം താമസിച്ചിരുന്ന കാലംചെയ്ത പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരനും, ഇപ്പോൾ ചെങ്ങന്നൂർ ഭദ്രാസനാധിപനായ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ പിതൃസഹോദരനുമായ കെ. റ്റി. ഫിലിപ്പിന്റെ (പീലിപ്പോച്ചൻ) അതിഥിയായാണ് പ. പാമ്പാടി തിരുമേനി താമസിച്ചത്.

അവിടെനിന്നും ജനുവരി 21 -ന് വൈകിട്ട് മദ്രാസിൽ എത്തിയ തിരുമേനി അവിടുത്തെ സുറിയാനി പള്ളിയിൽ താമസിച്ചു. പിറ്റേന്ന് ശനിയാഴ്ച വൈകുന്നേരം ഇടവകയിലെ സ്റ്റഡി ക്ളാസിൽ പ്രാർത്ഥനയെപ്പറ്റി പ. തിരുമേനി ശ്രദ്ധേയമായ ഒരു പ്രസംഗം നടത്തി. 23-ാം തീയതി ഞായറാഴ്ച അവിടെ പ. തിരുമേനി വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് മൈലാപ്പൂരിൽ വിശുദ്ധ തോമാശ്ലീഹായുടെ കബറിടം സന്ദർശിക്കുകയും ധൂപമർപ്പിക്കുകയും ചെയ്തശേഷം ചിന്നമലയിലുള്ള ദേവാലയവും സന്ദർശിച്ചു. മദ്രാസിൽ രോഗശയ്യയിൽ വിശ്രമിക്കുന്ന ദിവ്യശ്രീ ടി. ജി. കോശി കത്തനാരെ സന്ദർശിച്ച് പ. തിരുമേനി പ്രത്യേക പ്രാർത്ഥന നടത്തി.

അന്നു വൈകുന്നേരം മദ്രാസ് സുറിയാനി പള്ളിയുടെ അങ്കണത്തിൽ പ. തിരുമേനിയുടെ ബഹുമാനാർഥം ഒരു ചായസൽക്കാരം നടത്തി. വികാരി ഫാ. സി. സഖറിയ (പിന്നീട് സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ), ശ്രീ. ഡേവിഡ് വി. ജോർജ് എന്നിവർ പ്രസംഗിച്ചു. അനന്തരം പ. തിരുമേനിയുടെ മറുപടി പ്രസംഗവും നടന്നു. 24-ാം തീയതി പ. തിരുമേനി മടക്കയാത്ര ആരംഭിച്ചു. കോയമ്പത്തൂർ വഴിയാണ്

മടങ്ങിയത്. മടക്കയാത്രയിൽ കോയമ്പത്തൂർ തടാകം ആശ്രമം സന്ദർശിക്കുകയും അവിടെ താമസിക്കുകയും ചെയ്തു. പിന്നീട് മൂവാറ്റുപുഴയിൽ വന്ന് അരമനയിൽ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയേയും (പിന്നീട് പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ) സന്ദർശിച്ച ശേഷമാണ് ഒരാഴ്ചയിലധികം നീണ്ടുനിന്ന യാത്ര തിരികെ പൊത്തൻപുറത്ത് അവസാനിച്ചത്. പ. പാമ്പാടി തിരുമേനി കേരളം വിട്ടു നടത്തിയ ഏക യാത്രയാണ് ഇത്. ഏറ്റവും ദീർഘയാത്രയും.

### 2. മണർകാട് പള്ളിയിൽ

ഇതൊരു ഹ്രസ്വ യാത്രയായിരുന്നു. സഭാതർക്കം മൂർച്ഛിച്ചിരുന്ന കാലയളവ്. ഈ സമയം മണർകാട് വി. മർത്തമറിയം പള്ളിയിൽ അസുഖത്തെ തുടർന്ന് വിശ്രമിച്ചിരുന്ന പാത്രിയർക്കീസ് കക്ഷിയിലെ മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയെ സന്ദർശിക്കണമെന്ന് പ. തിരുമേനിക്ക് ആഗ്രഹമുണ്ടാവുകയും അതനുസരിച്ച് യാത്ര പുറപ്പെടുകയും ചെയ്തു. ഈ സമയം എനിക്കും കൂടെ പോകുവാൻ അവസരമുണ്ടായി. പള്ളിമുറ്റത്ത് എത്തിയപ്പോൾ പ. തിരുമേനി എന്നോടു പള്ളിമേടയിൽ പോയി അവിടെ ഉള്ള ആരോടെങ്കിലും *പാമ്പാടിയിലെ തിരുമേനി വന്നിട്ടുണ്ട്, ഇവിടുത്തെ തിരുമേനിയെ കാണാൻ വന്നതാണ്* എന്നു പറയുവാൻ കൽപിച്ചു. അതനുസരിച്ച് ഓഫീസിൽ കടന്നുചെന്ന ഞാൻ വെട്ടിക്കുന്നേൽ കൊച്ചച്ചനോട് (പിന്നീട് കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പാ) വിവരം പറഞ്ഞു. അച്ചൻ വന്ന് തിരുമേനിയെ സ്വീകരിക്കുകയും, പള്ളിമേടയിലേക്ക് ആനയിക്കുകയും ചെയ്തു. മാർ ദീവന്നാസ്യോസ് തിരുമേനിയുമായി കുശലപ്രശ്നത്തിനും പ്രാർത്ഥനയ്ക്കും ശേഷം പ. പാമ്പാടി തിരുമേനി തിരിച്ച് പൊത്തൻപുറത്തേക്ക് പോരുകയും ചെയ്തു.

# 11

# വിദ്യകൊണ്ടു ശക്തമായ പാമ്പാടി

## ഡോ. എം. കുര്യൻ തോമസ്

കേരളത്തിലെതന്നെ വികസ്വര ഗ്രാമങ്ങളിൽ ഒന്നാണ് കോട്ടയം ജില്ലയിലെ പാമ്പാടി എന്നതിൽ രണ്ടുപക്ഷമില്ല. വിലസ്ഥിരത ഇല്ലാത്ത റബർ ഒഴികെ കാര്യമായ മറ്റ് വാണിജ്യവിളകളോ, ഇതര ഉല്പന്നങ്ങളോ, പ്രകൃതിസമ്പത്തോ, വിനോദസഞ്ചാര സാദ്ധ്യതകളോ ഇല്ലാത്ത പാമ്പാടി പക്ഷേ സാമ്പത്തികമായി മുമ്പിട്ടു നില്ക്കുന്ന ഒരു കേരളീയ ഗ്രാമമാണ്. ഇതര കേരളീയ ഗ്രാമങ്ങളേക്കാൾ അധികം വിദഗ്ദ - അർദ്ധവിദഗ്ദ (Skilled & Semi-skilled) തൊഴിലാളികളെ സൃഷ്ടിക്കുവാനും കയറ്റുമതി ചെയ്യാനും പാമ്പാടിക്കു സാധിക്കുന്നു എന്നതാണ് ഈ ഉയർച്ചയുടെ പിന്നിലെ യഥാർത്ഥ കാരണം. അസൂയാവഹമായ അത്തരമൊരവസ്ഥ സംജാതമായതിനു പിമ്പിൽ ഒരു ദീർഘചരിത്രമുണ്ട്.

തെക്കുംകൂർ രാജവംശത്തിന്റെ ആസ്ഥാനമായിരുന്ന വെന്നിമലക്കോട്ടയ്ക്ക് സമീപസ്ഥമായിരുന്നെങ്കിലും പാമ്പാടിക്ക് മദ്ധ്യകാലചരിത്രത്തിൽപ്പോലും ഇടംപിടിക്കാൻ കഴിഞ്ഞിട്ടില്ല. പതിനാറാം നൂറ്റാണ്ടിൽ പുതുപ്പള്ളി അങ്ങാടിക്കുണ്ടായ വളർച്ചയും പാമ്പാടിയെ സ്പർശിച്ചില്ല. പുരാതനക്ഷേത്രം, നമ്പൂതിരി ഇല്ലങ്ങൾ, അമ്പലവാസി കുടിയിരുപ്പുകൾ എന്നിവയുടെ അഭാവം ഈ വസ്തുത ശരിവയ്ക്കുന്നു. ചെറുവള്ളിക്കാവ് ക്ഷേത്രത്തിലെ പ്രതിഷ്ഠപോലും 1650–1700 കാലഘട്ടത്തിൽ മാത്രമാണ് നടന്നത് എന്നാണ് വായ്മൊഴി വഴക്കം (പ്രൊഫ. എൻ. ഇ. കേശവൻ നമ്പൂതിരി, *തെക്കുംകൂർ ചരിത്രവും പുരാവൃത്തവും*, കോട്ടയം, 2014, പുറം 152–3). കേരളത്തിലെ പാരമ്പര്യ ദേശസംജ്ഞയായ *കര* എന്ന അടിസ്ഥാനത്തിൽ പരിഗണിച്ചാൽ പാമ്പാടിയിൽ നെൽകൃഷിക്ക് അനുയോജ്യമായ പാടങ്ങൾ താരതമ്യേന വളരെ കുറവാണ്. നെൽകൃഷിയും അതിന്റെ പാട്ടവും അടിസ്ഥാനമാക്കിയുള്ള നമ്പൂതിരി-കേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥ പാമ്പാടിയിൽ ഉടലെടുക്കാതെ പോയതിനു കാരണവും ഇതു തന്നെയാണ്. ഒരു അങ്ങാടി രൂപീകൃതമാവുന്നതിനുള്ള വാണിജ്യ-ഗതാഗത പ്രാധാന്യവും പാമ്പാടിക്ക് ഇല്ലായിരുന്നു. ഈ പശ്ചാത്തലത്തിൽനിന്നു പരിശോധിച്ചാൽ പാമ്പാടിയുടെ വികസനം കരകൃഷി അഥവാ നാണ്യവിളകളുടെ ഉത്പാദനത്തിൽ നിന്നാണെന്നു രേഖകളുടെ പിൻബലമില്ലാതെ തന്നെ മനസ്സിലാക്കാൻ സാധിക്കും.

പാമ്പാടിയെപ്പറ്റി ലഭ്യമായ ആദ്യ ലിഖിതരേഖ 1816–1821 കാലത്ത്

ബ്രിട്ടീഷ് പട്ടാളത്തിലെ ലഫ്. വാർഡ്, ലഫ്. കോർണർ എന്നിവർ തിരുവിതാംകൂർ - കൊച്ചി രാജ്യങ്ങളിൽ നടത്തിയ വിശദമായ സർവേയുടെ റിപ്പോർട്ടാണ്. അതനുസരിച്ച്, പാമ്പാടിയുടെ സമീപസ്ഥമായ വിജയപുരം പ്രവൃത്തിയിലെ ...*അമയന്നൂർ, തിരുവഞ്ചിയൂർ, അയർക്കുന്നം, ആര്യപാലം എന്നിവ (പ്രത്യേകിച്ചും ആദ്യത്തേത്) ഫലഭൂയിഷ്ടമായ താഴ്വരകളിൽ അങ്ങിങ്ങായി കിടക്കുന്ന വലിയ നായർ ഗ്രാമങ്ങളാണ്.* ... ഇവർ തന്നെ പാമ്പാടി പ്രവൃത്തിയെ വിവരിക്കുന്നത് ... *പാമ്പാടി ഉപവിഭാഗം പൊതുവെ വലുതാണെങ്കിലും അതിൽ എട്ടു ഗ്രാമങ്ങളേ ഉള്ളു. ഓരോന്നും അത്യന്തം ദരിദ്രവുമാണ്. പാമ്പാടിയും കരപ്പുടയും മീനടവും മാത്രമേ അങ്ങനെയല്ലാതുള്ളു. അവ വിശാലമായി കിടക്കുന്നവയും, ധാരാളം കവുങ്ങുതോപ്പുകൾ ഉള്ളവയുമാണ്. ഈ പ്രവൃത്തിയിലെ പ്രധാന വിള ഇതാണ്. ഉയർന്ന പ്രദേശങ്ങളിൽ ഇതിന്റെ വിളവിന് ഉതകുന്ന സ്ഥലം ധാരാളമായുണ്ട്. പടിഞ്ഞാറൻ പ്രദേശങ്ങൾ അല്പം തുറസായിക്കിടക്കുന്നവയാണെങ്കിലും ഈ ഭൂഭാഗത്തിന്റെ ആകയുള്ള ഭാവം കാടുപിടിച്ചതാണ്.* ... ഇക്കാലത്താവണം പാമ്പാടി പ്രവൃത്തിക്കച്ചേരി പ്രവർത്തനം ആരംഭിച്ചത്.

പാമ്പാടി പ്രവൃത്തിയിലെ എട്ടു ഗ്രാമങ്ങളുടെ മൊത്തത്തിലുള്ള സ്ഥിതിവിവരക്കണക്കും ലഫ്. വാർഡും കോർണറും നൽകുന്നുണ്ട്. അതനുസരിച്ച് ആകെ വിസ്തീർണ്ണം - 13. 2. 1 ചതുരശ്ര മൈൽ. നെൽക്കൃഷിയുടെ വിസ്തീർണ്ണം - 1. 0. 2. ചതുരശ്ര മൈൽ. വീടുകളുടെ എണ്ണം - 458. ജനസംഖ്യ - 1,427. ഇവരിൽ നായന്മാർ - 557, ക്രിസ്ത്യാനികൾ - 317. ഇതിൽ പാമ്പാടിയുടെ മാത്രം കണക്ക് ലഭ്യമല്ലെങ്കിലും പ്രദേശത്തിന്റെ ഒരു ഏകദേശ ചിത്രം ലഭിക്കുന്നുണ്ട്.

ചുരുക്കത്തിൽ പാമ്പാടി പ്രവൃത്തിയുടെ മൊത്തത്തിലുള്ള *അത്യന്തം ദരിദ്ര*മായ അവസ്ഥയിൽനിന്നും പാമ്പാടി, കൂരോപ്പട, മീനടം പ്രദേശത്തെ ഉയർത്തി നിർത്തുന്നത് കമുകു കൃഷിയാണെന്നു വ്യക്തം. അതിനു ഈ പ്രദേശത്തെ നസ്രാണി കുടിയേറ്റവുമായി ബന്ധമുണ്ട്. ലഭ്യമായ വിവരങ്ങൾ വെച്ച് 1720-30 കാലം മുതൽ പരിമിതമായെങ്കിലും പാമ്പാടിയിൽ നസ്രാണി അധിവാസം ഉണ്ട്. പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യപാദം മുതൽ അങ്ങാടികളുടെ വളർച്ചയിൽ അനുഭവപ്പെട്ട മുരടിപ്പാണ് (Stagnation) നസ്രാണികളെ നാണ്യവിളകളുടെ കൃഷിയിലേയ്ക്കു തിരിച്ചതും, അതിനായി ഭൂമി തേടി പുതിയ ആവാസസ്ഥലങ്ങളിൽ അവർ എത്തിപ്പെട്ടതും. പാമ്പാടിയിലെ ആദ്യകാല നസ്രാണി കുടിയേറ്റവും ഇത്തരത്തിലാവാനേ വഴിയുള്ളു. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ സംഭവിച്ച തിരുവിതാംകൂറിന്റെ രൂപീകരണവും അനന്തര രാഷ്ട്രീയ പരിണാമങ്ങളും കേരളത്തിലെ നമ്പൂതിരി-കേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥയെ

തകർത്തു. അതോടെ *കുലധർമ്മ*ത്തിന്റെ പരിരക്ഷ നഷ്ടപ്പെട്ട നസ്രാണികൾക്ക് വ്യാപാരത്തിനുപരി ഇതര ജീവസന്ധാരണമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടി വന്നു. സ്വാഭാവികമായും അവർ കൃഷിയിലേയ്ക്കു തിരിഞ്ഞു. 18–19 നൂറ്റാണ്ടുകളുടെ സന്ധിയിലെ നസ്രാണി കുടിയേറ്റങ്ങളുടെ പശ്ചാത്തലം ഈ സാമൂഹ്യ പരിണാമമാണ്.

അടയ്ക്ക നൂറ്റാണ്ടുകളായി ഇന്ത്യയിൽ ഒരു ഉപഭോഗവസ്തുവാണ്. അതിനെ ഒരു ഗൗരവമായ വാണിജ്യവിളയായി മാറ്റിയതിൽ ഡച്ചുകാർക്ക് വലിയൊരു പങ്കുണ്ട്. പതിനേഴാം നൂറ്റാണ്ടിന്റെ പകുതി മുതൽ തന്നെ കേരളത്തിലെ അടയ്ക്ക അവർക്ക് പ്രധാനപ്പെട്ട ഒരു കയറ്റുമതിവസ്തു ആയിരുന്നു. കോഴിക്കോട്, കായംകുളം, പുറക്കാട് അങ്ങാടികളിൽ നിന്നു ശേഖരിക്കുന്ന അടയ്ക്ക, ഗുജറാത്ത്, കൊറോമണ്ഡൽ തീരം, മധുര, ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളിൽ ഡച്ചുകാർ വിപണനം നടത്തി (Markus P. M. Vink, *The Encounters on the Opposite Coast: The Dutch East India Company and the Nayaka Satate of Madurai in the sevanteenth Century*, Leiden, 2015). കയറ്റുമതി വർദ്ധിച്ചതോടെ സ്വാഭാവികമായും അടയ്ക്കായുടെ ആവശ്യവും വർദ്ധിച്ചു. അങ്ങാടിബന്ധിതരായ നസ്രാണികൾക്ക് ഈ സുവർണ്ണാവസരത്തേക്കുറിച്ച് വ്യക്തമായ വ്യാപാരധാരണ ഉണ്ടായിരുന്നു. അതിനാൽ അവർ കമുകു കൃഷിയിലേയ്ക്കു തിരിഞ്ഞതിൽ അസ്വാഭാവികമായി ഒന്നുമില്ല.

തോട്ടകൃഷി നസ്രാണികൾക്ക് ഒരു നവസംരംഭം ആയിരുന്നില്ല. കൊളോണിയൽ-പൂർവ നസ്രാണികൾ കുരുമുളക്, തെങ്ങ് തോപ്പുകളുടെ ഉടമകളായിരുന്നു എന്ന് സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ രണ്ടും വാണിജ്യ വിളകളാണ്. ഇത്തരം തോപ്പുകളെ അന്നത്തെ സംവിധാനത്തിൽ *കൃഷി* എന്നു വിശേഷിപ്പിക്കാനാവില്ല. നസ്രാണികളുടെ കുലധർമ്മമായ വ്യാപാരത്തിന്റെ ലംബസംയോജനമാണ് (Vertical intagration) നാണ്യവിളകൃഷി. നെൽവയലുകൾ അതീവ പരിമിതമായ പാമ്പാടിയിലേയ്ക്കുള്ള നസ്രാണി കുടിയേറ്റം ആരംഭിക്കുന്നതു തീർച്ചയായും നാണ്യവിള - പ്രധാനമായും കമുക് - കൃഷിയുമായി ബന്ധപ്പെട്ടാണ്. ലഭ്യമായ വിവരങ്ങൾവെച്ച് പാമ്പാടി പ്രവൃത്തിയിൽ നസ്രാണി അധിവാസം ആരംഭിക്കുന്നതും ദീർഘകാലം വികസിക്കുന്നതും പാമ്പാടി, മീനടം, കൂരോപ്പട കരകളിലാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാംഭത്തിൽ അവിടം ദാരിദ്യത്തിൽനിന്നും കരകയറിയതിന്റെ കാരണവും മറ്റൊന്നല്ല.

ഇവിടെ നമ്പൂതിരി-കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥ കാർഷിക അധിഷ്ഠിതമല്ലായിരുന്നോ എന്ന ന്യായമായ ഒരു സംശയം ഉയർന്നു വരാം. ആ വ്യവസ്ഥിതിയിൽ ഉപജീവനത്തിനുള്ള ഭക്ഷ്യവിളകൾക്കാണ്

പ്രാമുഖ്യം നൽകിയിരുന്നത്. കർഷക തൊഴിലാളികളും കർഷകരും മുതൽ ജന്മിയും കോയ്മയും വരെയുള്ളവരുടെ നിത്യവൃത്തിക്കപ്പുറം നമ്പൂതിരി-കേന്ദ്രീകൃത കാർഷിക സമ്പദ്‌വ്യവസ്ഥ എന്തെങ്കിലും ഉൽപ്പാദിപ്പിച്ചിരുന്നോ എന്നത് സംശയാസ്പദമാണ്. അതേസമയം നസ്രാണി കാർഷികവൃത്തി മിച്ചധനം ഉൽപ്പാദിപ്പിക്കുന്ന ഒരു വ്യവസായ പ്രക്രിയയായിരുന്നു. കേരളത്തിലെ കൃഷിയുടെ *കേവല ഉപജീവനോപാധി* എന്ന സ്വഭാവമാണ് ഭേദപ്പെട്ട് ഇവിടെ ഒരു വ്യവസായമായി മാറുന്നത്. തങ്ങളുടെയും തങ്ങളുടെ തൊഴിലാളികളുടേയും ഉപജീവനത്തിനുള്ള ഭക്ഷ്യധാന്യം നസ്രാണികൾ കൃഷി ചെയ്തിരുന്നില്ല എന്നല്ല ഇതിനർത്ഥം. മുൻതൂക്കം വ്യാപാരമൂല്യമുള്ള വിളകൾക്കായിരുന്നു എന്നു മാത്രം. ഈ പരിണാമപ്രക്രിയ അനുബന്ധ തൊഴിൽക്കാരുടേയും ആശ്രിത ജാതികളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തും. ആത്യന്തികമായി അത് പ്രദേശത്തെ പൊതുസമൂഹത്തിന്റെ സാമ്പത്തിക നിലവാരം മുഴുവനായും ഉയർത്തും. പാമ്പാടി, മീനടം, കൂരോപ്പട കരകളെ ഇതര പ്രദേശങ്ങളേക്കൾ മെച്ചപ്പെടുത്തിയത് ഈ സാമൂഹ്യ പ്രക്രിയയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ പ്രഥമാർദ്ധത്തിൽ കമുക്, റബറിനു വഴിമാറിയെങ്കിലും ഇന്നും പാമ്പാടിയുടെ കാർഷിക സമ്പദ്‌വ്യവസ്ഥ തോട്ടവിളകളിൽ അധിഷ്ഠിതമാണ്.

പാമ്പാടിയുടെ വികസനത്തിനു സഹായിച്ച മറ്റൊരു ഘടകം ഗതാഗത സൗകര്യമാണ്. കൊടുരാറ് ഉത്ഭവിക്കുന്നത് പാമ്പാടിയിലാണെന്നും, ... *ഈ സ്ഥലം എല്ലായ്പ്പോഴും ബോട്ടുവഴി പ്രാപ്യമാണ്* ... എന്നും വാർഡും കോർണറും രേഖപ്പെടുത്തിയിരിക്കുന്നു. അക്കാലത്ത് പാമ്പാടിയിൽ *ഓര്* (ഉപ്പുവെള്ളം) കയറുമായിരുന്നെന്ന രസകരമായ വിവരവും സർവേ റിപ്പോർട്ടിലുണ്ട്. കൊടൂരാറിന്റെ തീരത്തു തന്നെയുള്ള പുതുപ്പള്ളി അങ്ങാടി സർവേക്കാലത്തും സജീവമാണ്. കോട്ടയത്തെ അങ്ങാടികളുടെ കാര്യവും വ്യത്യസ്തമല്ല. ചുരുക്കത്തിൽ പാമ്പാടിയിലെ വാണിജ്യ വിളകൾ പുതുപ്പള്ളി, കോട്ടയം, ചങ്ങനാശ്ശേരി, പുറക്കാട്, പിന്നീട് ആലപ്പുഴ എന്നീ വിപണികളിൽ എത്തിക്കാനുള്ള സുഗമമായ ജലപാത നിലവിലുണ്ടായിരുന്നതും പാമ്പാടിയുടെ വികസനത്തിനു അനുകൂല ഘടകങ്ങളായി.

ഗതാഗത രംഗത്ത് പാമ്പാടിക്കുണ്ടായ അടുത്ത കുതിച്ചുചാട്ടം കോട്ടയം മുതൽ മുണ്ടക്കയം വരെയുണ്ടായിരുന്ന നടപ്പാത കെ. കെ. റോഡായി വികസിച്ചതും കുമളിവരെ നീണ്ടതുമാണ്. 1861-1869 കാലത്താണ് കാളവണ്ടി ഗതാഗതത്തിനു അനുയോജ്യമായവിധത്തിൽ കോട്ടയം-കുമളി റോഡ് നിർമ്മിക്കുന്നത്. ഗതാഗത സൗകര്യം വർദ്ധിച്ചു എന്നതു മാത്രമല്ല, കോട്ടയത്തിനും അടുത്ത പഴയ അധിവാസ

കേന്ദ്രമായ കാഞ്ഞിരപ്പള്ളിക്കും ഏതാണ്ട് മദ്ധ്യഭാഗത്തുള്ള പാമ്പാടി ഈ പാതയിലെ ഒരു പ്രധാന ഇടത്താവളമായി മാറി. കെ. കെ. റോഡ് പണിയുമ്പോൾ മേൽനോട്ടം വഹിച്ചിരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥർ കൂടാരമടിച്ചു താമസിച്ച സ്ഥലമാണ് ഇന്ന് പി.ഡബ്ല്യു.ഡി. ഓഫീസ് സ്ഥിതി ചെയ്യുന്ന *കൂടാരക്കുന്ന്*. റോഡുപണിക്കിടെ മരിച്ച തൊഴിലാളികളെ സംസ്കരിച്ച സ്ഥലമാണത്രെ കാളച്ചന്തയ്ക്കു സമീപമുള്ള *തെള്ളിച്ചുവട്*.

പാമ്പാടിയിൽ കുടിയേറിയ നസ്രാണികളെല്ലാം വൻകിട കൃഷിക്കാരായിരുന്നു എന്നു ധരിക്കേണ്ടതില്ല. വൻകിട വ്യാപാരികളും ചെറുകിട കച്ചവടക്കാരും അനുബന്ധ ആശ്രിതരും കാർഷിക മേഖലയിലേയ്ക്കു തിരിഞ്ഞപ്പോൾ സ്വാഭാവികമായും അത് വ്യത്യസ്ത തലങ്ങളിലും സാമ്പത്തിക നിലവാരത്തിലും ആയിരിക്കും. അതിനാൽ അവരിൽ വൻകിട - ഇടത്തരം - ചെറുകിട കർഷകരും, പാട്ടകൃഷിക്കാരും മുതൽ ഉഴിയവും വിരുത്തിയും വരെ സ്വീകരിച്ചവരും ഉണ്ടാകും. കാലപ്രവാഹത്തിൽ അവരിൽ പലരും നാമമാത്ര കർഷകരും തുടർന്ന് കർഷകത്തൊഴിലാളികളുമായി മാറി. പക്ഷേ അതു പിൽക്കാല ചരിത്രമാണ്. മുഴുവൻ നസ്രാണികളും വാണിജ്യവൃത്തി പാടെ ഉപേക്ഷിച്ചുമില്ല.

പാമ്പാടിയിൽ നസ്രാണി കുടിയേറ്റം ആരംഭിച്ച് നൂറു വർഷങ്ങൾക്കു ശേഷം 1821-ലാണ് പാമ്പാടിപ്പള്ളി സ്ഥാപിതമാകുന്നത്. ഇത് വ്യക്തമാക്കുന്ന പല വസ്തുതകളുണ്ട്. ഒന്നാമതായി, പതിനെട്ടാം നൂറ്റാണ്ടിൽ പാമ്പാടിയിൽ അപൂർവം നസ്രാണി കുടുംബങ്ങളിലധികം ഉണ്ടായിരുന്നില്ല. അവർ അവരുടെ പൂർവിക അങ്ങാടി-ബന്ധിത പള്ളികളുമായി നാളീബന്ധം നാമമാത്രമായെങ്കിലും പുലർത്തിയിരുന്നു. രണ്ടാമതായി, പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ഒരു പള്ളിക്കും മാത്രം നസ്രാണി ജനസംഖ്യ മീനടം, പാമ്പാടി, കൂരോപ്പട കരകളിലുണ്ടായി. ഇത് അങ്ങാടി-ബന്ധിത നസ്രാണി സാമൂഹിക വ്യവസ്ഥ കാർഷിക സാമൂഹിക വ്യവസ്ഥിതിയായി പരിവർത്തനം ചെയ്ത കാലഘട്ടമാണ്. മൂന്നാമതായി, തങ്ങളുടെ പൂർവിക ഇടവകകളുമായുള്ള ബന്ധം വിച്ഛേദിച്ച് സ്വതന്ത്ര ഇടവക സ്ഥാപിക്കത്തക്കവിധം പാമ്പാടിയിലെ നസ്രാണികളുടെ കാർഷിക സാമൂഹ്യ വ്യവസ്ഥിതി സ്വതന്ത്രനില കൈവരിച്ചു. ഇത് മലങ്കരയിലെങ്ങും അക്കാലത്ത് സംഭവിച്ച സാമൂഹിക പരിവർത്തനമാണ്. നാലാമതായി, അപ്പോഴേയ്ക്കും ഒരു പള്ളി വയ്ക്കാനും അത് സംരക്ഷിക്കുവാനുമുള്ള സാമ്പത്തികനിലയും ആത്മവിശ്വാസവും പാമ്പാടി നസ്രാണികൾക്ക് കരഗതമായി.

സുഗമമായ ഗതാഗതമാർഗ്ഗങ്ങളും അതു പ്രദാനംചെയ്ത ആധുനിക ലോകത്തേയ്ക്കുള്ള എത്തിനോട്ടവും പാമ്പാടിക്കാർക്ക് നവയുഗത്തിന്റെ

അടിസ്ഥാനം ആധുനിക വിദ്യാഭ്യാസം ആണെന്ന് മനസ്സിലാക്കിക്കൊടുത്തു. അതിലേക്കുള്ള പ്രയാണത്തിൽ ചവിട്ടുപടിയായത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ വിദ്യാഭ്യാസവിപ്ലവമാണ്. *ഇടവകതോറും, കരതോറും, മുറിതോറും പള്ളിക്കൂടം* എന്ന ലക്ഷ്യത്തോടെ അദ്ദേഹം ഗ്രാമീണ സ്കൂളുകൾ സ്ഥാപിച്ചതിന്റെ അലകൾ പാമ്പാടിയിലുമെത്തി. പാമ്പാടി പള്ളിയിൽ നടന്നിരുന്ന കുടിപള്ളിക്കുടം കൊല്ലവർഷം 1054-ൽ (എ.ഡി. 1879) വികസിപ്പിച്ച് *പള്ളിവാതുക്കൽ സ്കൂൾ* എന്നറിയപ്പെടുന്ന എം.ഡി. എൽ.പി. സ്കൂൾ സ്ഥാപിച്ചു. പാമ്പാടിയിലെ ആദ്യ ആധുനിക വിദ്യാഭ്യാസ സ്ഥാപനമായ *പള്ളിവാതുക്കൽ സ്കൂൾ* ആണ് പാമ്പാടിക്കാർക്ക് ആധുനിക വിദ്യാഭ്യാസത്തിനുള്ള വഴിതുറന്നത്.

പാമ്പാടിയിലേയ്ക്ക് തങ്ങളുടെ മിഷൻ പ്രവർത്തനമേഖല വ്യാപിപ്പിച്ച സി.എം.എസ്. മിഷനറിമാർ ഏതാനും വർഷങ്ങൾക്കുള്ളിൽ രണ്ടു കിലോമീറ്റർ ചുറ്റളവിനുള്ളിൽ അഞ്ചു സ്കൂളുകൾ സ്ഥാപിച്ചു. അവയുടെ പ്രാദേശികമായ പേരുകൾ ഇന്നും വ്യക്തമാക്കുന്നതുപോലെ അധഃകൃത ജാതികളുടെ ആവാസ ഭൂമിയിലാണ് ഈ സ്കൂളുകൾ സ്ഥാപിതമായത്. അന്നത്തെ രൂക്ഷമായ ജാതിപ്രശ്നം മൂലം ഇതര ജാതികളിൽപ്പെട്ടവർക്ക് അവ ഉപയോഗിക്കുക ഏതാണ്ട് അസാദ്ധ്യമായിരുന്നു. അതിനാൽ പിന്നീട് പള്ളിവാതുക്കൽ സ്കൂളിൽ നിന്നു രണ്ടു കിലോമീറ്റർ മാറി ആലാമ്പള്ളിയിൽ സർക്കാർ സ്കൂൾ ഉണ്ടാകുന്നതുവരെ പ്രദേശത്തെ നസ്രാണി - നായർ കുട്ടികളുടെ ഏക ആശ്രയം പള്ളിവാതുക്കൽ സ്കൂൾ ആയിരുന്നു. ദശാബ്ദങ്ങൾക്കുശേഷം, കൂടുതൽ കൃത്യമായി പറഞ്ഞാൽ 1920-കളിലെ മഹാസാമ്പത്തിക മാന്ദ്യത്തിനു ശേഷമാണ്, ഇത്തരം സി.എം.എസ്. സ്കൂളുകൾ സാർവജനീനമാകുന്നത്. പക്ഷേ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഇടയിൽ അവരുടെ പ്രവർത്തനം ഒരു പരിധി വരെയെങ്കിലും അവരെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരാൻ സഹായിച്ചു എന്ന വസ്തുത അംഗീകരിച്ചേ തീരൂ.

പള്ളിവാതുക്കൽ സ്കൂൾ നൽകിയ ആവേശം ഉപരിവിദ്യാഭ്യാസത്തിനു - ഇംഗ്ലീഷ് പ്രൈമറി - പാമ്പാടിയിലെ കുട്ടികളെ കോട്ടയത്ത് അയയ്ക്കാൻ പ്രചോദനമായി. പക്ഷേ കോട്ടയത്തു ബന്ധുവീടുകളോ ഹോസ്റ്റലിൽ നിർത്താൻ സാമ്പത്തികസ്ഥിതിയോ ഉള്ളവർക്കു മാത്രമായിരുന്നു ഇതു സാദ്ധ്യമായത്. 1920-21 കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു കോട്ടയത്തെത്തിയ പാമ്പാടിയിലെ ജന്മിഗൃഹങ്ങളിൽപ്പെട്ട നസ്രാണികൾപോലും ബന്ധുഗൃഹങ്ങളിലാണ് താമസിച്ചിരുന്നത് എന്ന വസ്തുത പരിഗണിക്കണം. 1925-26 ആയപ്പോഴേയ്ക്കും പാമ്പാടിയിൽ നിന്നും തിരുവല്ലാ നിക്കോൾസൺ സ്കൂളിൽ പെൺകുട്ടികളെ വിട്ടു പഠിപ്പിക്കുന്ന നിലയായി.

പക്ഷേ ഇക്കാലത്തും ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു കോട്ടയത്തെ ആശ്രയിക്കേണ്ട സാഹചര്യമാണ് പാമ്പാടിക്കുണ്ടായിരുന്നത്. തന്റെ സെമിനാരി വിദ്യാഭ്യാസകാലത്ത് പാമ്പാടിയിൽനിന്നും കോട്ടയത്തു പോയി പഠിക്കുന്നതിന്റെ ബുദ്ധിമുട്ട് ഭാഗികമായെങ്കിലും നേരിട്ടനുഭവിച്ച വ്യക്തിയാണ് പ. പാമ്പാടി തിരുമേനി. പാമ്പാടിയിൽ ഒരു ഇംഗ്ലീഷ് സ്കൂളിന്റെ ആവശ്യകത അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. പക്ഷേ അന്നത്തെ മലങ്കരസഭയിലേയും പാമ്പാടിയിലേയും സാഹചര്യങ്ങളിൽ ആ ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാൻ അദ്ദേഹത്തിനു സാദ്ധ്യമല്ലായിരുന്നു. പക്ഷേ അപ്രതീക്ഷിതമായെങ്കിലും പാമ്പാടിയുടെ *ഇംഗ്ലീഷ് സ്കൂൾ* എന്ന ആവശ്യം സാധിച്ചു കിട്ടി. പ. പാമ്പാടി തിരുമേനി *അപ്പാപ്പൻ* എന്നു സംബോധന ചെയ്യുകയും *എന്റെ കാരണവർ* എന്നു വിശേഷിപ്പിക്കുകയും ചെയ്തുവന്ന കരിങ്ങണാമറ്റത്തിൽ കൊച്ചുകോര പാമ്പാടിയിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചു. പ. പാമ്പാടി തിരുമേനിക്ക് 1929 ഫെബ്രുവരി 16-ന് മേൽപ്പട്ടസ്ഥാനം ലഭിച്ചതിലുള്ള സന്തോഷസൂചകമായി *മാർ ഗ്രീഗോറിയോസ് മെട്രാപ്പോലീറ്റൻ ഇംഗ്ലീഷ് മിഡിൽ സ്കൂൾ* എന്നാണ് പുതിയ സ്കൂൾ നാമകരണം ചെയ്യപ്പെട്ടത്. സ്കൂളിന് താൻ മേല്പട്ടസ്ഥാനമേറ്റതിന്റെ പന്ത്രണ്ടാം ദിവസം 1929 ഫെബ്രുവരി 28-ന് മൂന്നു നോയമ്പ് വീടുന്ന ദിവസം പ. പാമ്പാടി തിരുമേനി കല്ലിട്ടു. അതേവർഷം മെയ് 16-ന് പ. പാമ്പാടി തിരുമേനി തന്നെ വിദ്യാരംഭം കുറിച്ച് ജൂണിൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂൾ പിന്നീട് എം.ജി.എം. ഹൈസ്ക്കൂൾ ആയി ഉയർന്നു പാമ്പാടിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അടിസ്ഥാനമിട്ടു. മെത്രാനായ ശേഷം പ. പാമ്പാടി തിരുമേനി ആദ്യം ശിലാസ്ഥാപനം നടത്തിയത് എം.ജി.എം. സ്കൂളിനായിരുന്നു എന്നതും, അതിന്റെ നിർമ്മാണത്തിന്റെ ഓരോ പ്രതിസന്ധിഘട്ടത്തിലും അദ്ദേഹം നേരിട്ടു ഇടപെട്ടിരുന്നു എന്നതും ഈ വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന താത്പര്യവും ഉൽകണ്ഠയും പ്രകടമാക്കുന്നുണ്ട്. ഇന്ന് പാമ്പാടിയിലും പരിസരത്തും അനേക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. വർദ്ധിച്ച ഗതാഗത സൗകര്യം ഇതര ദേശ പഠനത്തിനും വഴിയൊരുക്കുന്നു. പക്ഷേ പള്ളിവാതുക്കൽ സ്കൂളും, എം.ജി.എം. ഹൈസ്ക്കൂളും ഇട്ട അടിസ്ഥാനമാണ് ഇന്ന് പാമ്പാടിയുടെ സമ്പത്ത് എന്നു പറയുന്നത് തികച്ചും വാസ്തവമാണ്.

കേരളത്തിന്റെ ഇന്നത്തെ സമ്പത്ത് (Asset) യഥാർത്ഥത്തിൽ പരിശീലനം സിദ്ധിച്ച മനുഷ്യവിഭവശേഷിയും (Skilled labour) അതിനുള്ള മുതൽമുടക്ക് (Investment) ആധുനിക വിദ്യാഭ്യാസവുമാണ്. കൊളോണിയൽ കാലത്ത് കരീബിയനിലും, ആഫ്രിക്കയിലും, ഓസ്ട്രലേഷ്യൻ ദ്വീപുകളിലും, മലേഷ്യയിലുമൊക്കെ എത്തിപ്പെട്ട അവിദഗ്ദ തൊഴിലാ

ളികളായ തമിഴർ, പഞ്ചാബികൾ, ഗുജറാത്തികൾ മുതലായവരുടേതു പോലുള്ള കുടുംബസമേതം മടങ്ങിവരാത്ത കുടിയേറ്റം (Exodus) അല്ല മലയാളികളുടേത്. ഇന്ത്യയിലെ ഗ്രാമാന്തരങ്ങളിൽ നിന്നും മഹനഗരങ്ങളിലേക്കു കുടിയേറിയവരുടെ വേരറ്റ – അന്യവൽക്കരിക്കപ്പെട്ട – നിലയിലുമല്ല മലയാളികൾ. ആദ്യം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും പിന്നീട് ലോകമെങ്ങും മലയാളി എത്തിപ്പെട്ടത് വിദഗ്ദ-അർദ്ധവിദഗ്ദ തൊഴിൽക്കാരായി ആണ്. അല്ലെങ്കിൽ ആ നിലയിൽ എത്തിച്ചേരുവാനുള്ള അടിസ്ഥാന വിദ്യാഭ്യാസത്തോടെ ആയിരുന്നു. അത് മടങ്ങിവരാത്ത കുടിയേറ്റം അല്ലായിരുന്നു. മറിച്ച് മടങ്ങണമെന്ന തീവ്രപ്രതീക്ഷയോടെയുള്ള പ്രവാസം (Migration) മാത്രമായിരുന്നു. തൊഴിൽ ചെയ്യുന്നവർ (Earning members) മാത്രമാണ് മലയാളി പ്രവാസികളിൽ ബഹുഭൂരിപക്ഷവും. അതിനാൽ അവരുടെ മിച്ചധനം (Savings) ഭൂരിപക്ഷവും നിക്ഷേപിക്കപ്പെടുന്നതു സ്വന്തനാട്ടിൽ തന്നെയാണ്. ഇന്ന് സമസ്തമേഖലയിലും ഇതിന്റെ സാമ്പത്തികോന്നമനം ദൃശ്യമാണ്. വിദഗ്ദ-അർദ്ധവിദഗ്ദ തൊഴിലാളികൾ വിദേശത്തേക്ക് ചേക്കേറിയപ്പോൾ സ്വദേശത്തെ തൊഴിൽ സമ്മർദ്ദം കുറഞ്ഞു എന്ന അധികമാരും ശ്രദ്ധിക്കാത്ത മറ്റൊരു ഗുണവശവും ഇതിനുണ്ട്. ആധുനിക വിദ്യാഭ്യാസത്തിൽ *മുമ്പേ പറന്ന പക്ഷികൾ* എന്ന നിലയിൽ പാമ്പാടിക്ക് ഇക്കാര്യത്തിൽ വ്യക്തമായ മുൻകൈ നേടുവാനായി. ഇന്നത്തെ പാമ്പാടിയുടെ വളർച്ചയും സമ്പത്തും ഈ വിദ്യാഭ്യാസ നിക്ഷേപമാണ്. പാമ്പാടി വളരുന്നതും അതു മൂലം മാത്രമാണ്.



## ദളം 5

# മുനിശ്രേഷ്ഠന്റെ
# 1935-ലെ കുന്നംകുളം യാത്ര

**(1935 ഫെബ്രുവരി 11 - മാർച്ച് 2)**

# 1. കുന്നംകുളം പ്ലേഗ് ബാധ: പ. ഗീവർഗീസ് രണ്ടാമൻ ബാവാ അയച്ച പൊതു കല്പനയും പ. പാമ്പാടി തിരുമേനിക്ക് അയച്ച കത്തും

## i

## പൊതു കല്പന

നമ്പർ 59. 26-6-110. കുന്നംകുളം ആർത്താറ്റുപള്ളി മുതലായ പള്ളികളിലെ വികാരിക്കും ദേശത്തുപട്ടക്കാർ ജനങ്ങൾ എന്നിവർക്കും. കമ്പി കിട്ടി. വ്യസനിക്കുന്നു. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ എല്ലാ പള്ളികൾക്കും കല്പന അയച്ചിട്ടുണ്ട്. എല്ലാവരും നിരാശപ്പെടാതെ ദൈവത്തിൽ ശരണം പ്രാപിക്കണം. മൂന്നു ദിവസത്തെ നോമ്പ് എല്ലാവരും ആബാലവൃദ്ധം നോക്കി അവസാനത്തിൽ വി. കുർബ്ബാന ചൊല്ലിക്കയും അനുഭവിക്കുകയും ചെയ്യണമെന്നും മറ്റും.

(1934-1935-ലെ കല്പനബുക്കിൽ നിന്നും)

## ii

## പ. പാമ്പാടി തിരുമേനിക്ക് അയച്ച കത്ത്

കുന്നംകുളങ്ങരെ പ്ലേഗ് കലശലാണെന്നും അവരെ ആശ്വസിപ്പിക്കുന്ന കൽപനകൾ അയച്ചുകൊടുക്കണമെന്നും ഇന്നലെ നമുക്കൊരു കമ്പി കിട്ടി. അതിനാൽ അവിടുന്നും അവർക്കു ആശ്വാസത്തിന്റെ ഒരു കൽപന അയച്ചുകൊടുക്കണം. പ്രത്യേകിച്ചു നമ്മുടെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയും കുർബാന ചൊല്ലുകയും ചെയ്യുമല്ലോ.

കുംഭമാസം 10-ാം തീയതി വെള്ളിയാഴ്ച മാനേജിംഗ് കമ്മറ്റി കൂടണമെന്നു നിശ്ചയിച്ചിരിക്കയാണ്. 11-ാം തീയതി വലിയ മെത്രാച്ചന്റെ അടിയന്തിരവും ആണ്. രണ്ടു സംഗതികൾക്കും ആയിട്ട് ഇവിടെ വന്നു ചേരണം.

എന്ന്, 1935-നു കൊല്ലം 1110 മകരമാസം 26-നു കോട്ടയം സിമ്മനാരിയിൽനിന്നും.

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 187)

# 2. കുന്നംകുളം പ്ലേഗ് ബാധ: മനോരമ വാർത്തകൾ

## i

### മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ കുന്നംകുളത്തേക്ക്

### പ്ലേഗുനിവാരണാർത്ഥം ആത്മികശുശ്രൂഷകൾ നടത്തുവാൻ

(സ്വന്തം ലേഖകൻ)

പുതുപ്പള്ളി
മകരം 30

കുന്നങ്കുളത്ത് അതിഭയങ്കരമായവിധം പ്ലേഗ് ബാധിച്ചിരിക്കുന്നതായും അതിന്റെ നിവാരണത്തിനുവേണ്ടി ആത്മികശുശ്രൂഷകൾ നടത്തുന്നതിനുവേണ്ടി മെത്രാപ്പോലീത്തന്മാർ ചെല്ലണമെന്നും കുന്നങ്കുളത്തെ മലങ്കരസുറിയാനി സഭാംഗങ്ങൾ കമ്പിമൂലം അപേക്ഷിച്ചിരുന്നതനുസരിച്ച്, കോട്ടയം മുതലായ ഇടവകകളുടെ നി. വ. ദി. ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ പാമ്പാടി കുറിയാക്കോസ് ദയറായിൽ നിന്ന് ഇന്നലെ അടിയന്തിരമായി കുന്നങ്കുളത്തേക്കു പുറപ്പെട്ടിരിക്കുന്നു.

കുന്നങ്കുളത്തെ പ്ലേഗ് ശമിക്കുന്നതിനു, നി വ ദി മ ശ്രീ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാബാവായുടെ സർക്കുലറനുസരിച്ചു സ്ഥലത്തെ വലിയപള്ളി മുതലായ ദേവാലയങ്ങളിൽ കഴിഞ്ഞ ഞായറാഴ്ച പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരിക്കുന്ന വിവരവും പ്രസ്താവയോഗ്യമാണ്.

(12-2-1935)

## ii

### മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കുന്നംകുളത്ത്

(സ്വന്തം ലേഖകന്റെ കമ്പി)

കുന്നംകുളം
12-2-35

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഇന്നുച്ച കഴിഞ്ഞു ഇവിടെ എത്തിയിരിക്കുന്നു. മെ. എം. എ. ചാക്കോ, ചുങ്കത്തു ഇയ്യു,

മാർത്തോമ്മാ പള്ളിയുടെ പ്രധാന ട്രസ്റ്റിയായ പാറമേൽ മി. ചുമ്മാർ എന്നിവർ തൃശൂർ വച്ചു മെത്രാപ്പോലീത്തായെ സ്വീകരിച്ചു. എല്ലാവരും കൂടി കുന്നംകുളം പഴയപള്ളിയിലേക്കു പോയി. അവിടെ പട്ടക്കാരും അത്മായക്കാരുമായി അനേകംപേർ കൂടിയിരുന്നു. ഇന്നു പ്ലേഗു മൂലം ആരും മരിച്ചില്ല. ഇപ്പോൾ ആകപ്പാടെ 4000 പേർക്കു കുത്തിവെപ്പു നടത്തി കഴിഞ്ഞിട്ടുണ്ട്. ഊർജ്ജിതമായ ആരോഗ്യപരിപാലന നടപടികൾ നടത്തി വരുന്നു.

(13-2-1935)

## iii

## കുന്നംകുളത്തെ പ്ലേഗ്

(സ്വന്തം ലേഖകൻ)

കുന്നംകുളം
കുംഭം 4

രണ്ടു ദിവസങ്ങൾ ആയിട്ടു ഇവിടെ മരണങ്ങൾ ഉണ്ടായിട്ടില്ല. ഇതേ വരെ ഏകദേശം 30 പേർ പ്ലേഗ് രോഗത്താൽ മൃതിയടഞ്ഞിട്ടുണ്ട്. ആറു ഡാക്ടറന്മാർ കുത്തിവെപ്പു മുറയ്ക്കു നടത്തിവരുന്നു. ഏകദേശം അയ്യാ യിരത്തോളം പേരെ ഇന്നേവരെയായി കുത്തിവച്ചു കഴിഞ്ഞു. പ്ലേഗ് നട പടിക്രമം അനുസരിച്ചു കുത്തിവെക്കാത്തവരെ ശിക്ഷിക്കുന്നതാണെന്നു ഗവർമ്മെണ്ടിൽനിന്നും വിജ്ഞാപനം ചെയ്തിരിക്കുന്നു. എലിക്കണിക ളിൽ എഴുപതും എൺപതും വീതം എലികളെ ദിവസംതോറും കിട്ടി ക്കൊണ്ടിരിക്കുന്നു. ഇപ്പോഴും എലികൾ അവിടവിടെ ചത്തുവീഴുന്നുണ്ട്. 'പ്ലേഗ് വിജിലൻസ്' കമ്മട്ടിക്കാരും, സ്പെഷ്യൽ ഡ്യൂട്ടിക്കാരും പട്ടണ ത്തിൽ പാഞ്ഞോടി വേണ്ട സഹായങ്ങൾ തക്കസമയത്തു ചെയ്തുവരു ന്നുണ്ട്. ഒരു വലിയ ധനാഢ്യനും മഹാമനസ്കനും, ആയ ശ്രീമാൻ പി. ഒ. ഇയ്യുക്കുട്ടി പട്ടണത്തിലുള്ള മറ്റു ധനികന്മാരെ ചേർത്ത് ഒരു വലിയ ഫണ്ടു സാധുസംരക്ഷണാർത്ഥം പിരിച്ചുവരുന്നുണ്ട്. അദ്ദേഹത്തിന്റെ ഈ പരിശ്രമത്തിൽ എല്ലാവരും അദ്ദേഹത്തെ സഹായിക്കുകയും അഭിനന്ദി ക്കുകയും ചെയ്യുന്നു. നിരാധാരന്മാരും, അനാഥരും ആയവരെ ചെന്നു കണ്ടു അവർക്കുവേണ്ട ധനസഹായം ചെയ്യുന്നതിന് അദ്ദേഹവും തന്റെ കൂട്ടുകാരും ചെയ്യുന്ന പരിശ്രമങ്ങൾ തികച്ചും അഭിനന്ദനാർഹങ്ങൾ ആണ്.

നി വ ദി ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അവർകളുടെ അഭിപ്രായപ്രകാരം, വ്യാഴം, വെള്ളി, ശനി (കുംഭം 2, 3, 4) എന്നീ മൂന്നു

ദിവസങ്ങളിൽ നോമ്പു നോക്കുകയും പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരിക്കുന്നു. ഈ ദിവസങ്ങളിൽ പഴയ പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുകയും രാവിലെയും ഉച്ചയ്ക്കും വൈകിട്ടും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ഇതിൽ എല്ലാ സ്ത്രീപുരുഷന്മാരും പങ്കുകൊണ്ടിരുന്നു. ഇന്നു (ശനിയാഴ്ച) വി. കുർബ്ബാനയ്ക്കു ശേഷമേ കച്ചവടം മുതലായ ജോലികളിൽ ഏർപ്പെടുവാൻ പാടുള്ളു എന്ന് അറിയിച്ചുകൊണ്ട് ഒരു നോട്ടീസ് ഇന്നലെ പ്രസിദ്ധം ചെയ്തിരുന്നു. അതനുസരിച്ചു ഇന്നു രാവിലെ കമ്പോളത്തിലെ കടകൾ എല്ലാം അടയ്ക്കുകയുണ്ടായി.

ഏതായാലും നി വ ദി ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പാദസ്പർശം കുന്നംകുളത്തു ഉണ്ടായതോടുകൂടി പ്ലേഗുരോഗാതുരന്മാരായ പലർക്കു സുഖവും ആശ്വാസവും മറ്റും ഉണ്ടായി എന്നുള്ള വിവരവും പ്രസ്താവിച്ചുകൊള്ളുന്നു.

(18-2-1935)

### iv

### കുന്നംകുളം

(സ്വന്തം ലേഖകൻ)

കുംഭം 13

ഇവിടങ്ങളിൽ പ്ലേഗിന്റെ ശക്തി വളരെ കുറഞ്ഞിരിക്കുന്നു. ഇപ്പോൾ രണ്ടു മൂന്നു പേർക്കു രോഗമുണ്ടെന്നു സംശയിക്കുക മാത്രമേ ചെയ്യുന്നുള്ളു. പല ആളുകളും ഈ രോഗത്തിൽനിന്നു സുഖം പ്രാപിച്ചുവരുന്നുണ്ട്. റോഡുകളിൽ കൂടിയുള്ള ജനസഞ്ചാരവും, വ്യാപാരവും എല്ലാം മുന്നെപ്പോലെയായിരിക്കുന്നു. വിദ്യാലയങ്ങൾ ഉടനെ തുറക്കുന്നതായിരിക്കും.

പരേതനായ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ ഓർമ്മ ദിവസം കുംഭം 11-ാംനു ഇവിടെ കൊണ്ടാടിയിരിക്കുന്നു. അന്നു മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകൾ വിശുദ്ധ കുർബ്ബാന അർപ്പിക്കയും ചെയ്തിരിക്കുന്നു.

ഇന്നലെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ പുത്തൻപള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചിരിക്കുന്നു. എം ജി എം സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനവും മെത്രാപ്പോലീത്താ അവർകളുടെ അദ്ധ്യക്ഷതയിൽ ഇന്നുതന്നെ നടത്തപ്പെടുകയുണ്ടായി. മെത്രാപ്പോലീത്താ അവർകൾ ഇന്നു ചിറളയം പള്ളിയിലേക്കു പോകുന്നതും

ബുധനാഴ്ച (കുംഭം 15) ഇവിടെനിന്നു കോട്ടയത്തേക്കു പോകുന്നതുമായിരിക്കുമെന്നറിയുന്നു.

(27-2-1935)

V

## കുന്നംകുളം

(സ്വന്തം ലേഖകൻ)

കുംഭം 15

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഇന്നലെ (കുംഭം 14) പഴഞ്ഞിയിടവകക്കാരുടെ ക്ഷണപ്രകാരം അവിടേക്കു പോയിരുന്നു. ഇടവകജനങ്ങളും പട്ടക്കാരും കൂടി അദ്ദേഹത്തെ ഹാർദ്ദമായി സ്വീകരിച്ചു. മെത്രാപ്പോലീത്താ അവർകൾ പള്ളിയിൽ പ്രവേശിച്ച് ലുത്തിനിയായും മറ്റും കഴിഞ്ഞ് അവിടത്തെ പ്രമാണികളും മറ്റുമായി കുറേനേരം സംഭാഷണം നടത്തിയതിനുശേഷം വലിയ ജനക്കൂട്ടത്തോടും ഗാസ്സ് ലൈറ്റു മുതലായവയോടുംകൂടി, അത്യാസന്നനിലയിൽ കിടക്കുന്ന പള്ളി വികാരിയായ, റവ. ഫാ. പി. ഐ. മത്തായി കത്തനാരവർകളുടെ വീട്ടിൽ പോയി അന്ത്യകൂദാശ കഴിച്ച് കുന്നംകുളത്തേക്ക് തിരിയെപ്പോയി. മെത്രാപ്പോലീത്താ അവർകൾ വെള്ളിയാഴ്ച (കുംഭം 17-നു) ഇവിടെനിന്ന് എറണാകുളത്തിനു പോകുന്നതും അന്ന് അവിടെ താമസിച്ച് ശനിയാഴ്ച കാലത്ത് എറണാകുളം പള്ളിയിൽ വി. കുർബാന അർപ്പിച്ചശേഷം അന്നു തന്നെ കോട്ടയത്തിന് മടങ്ങുന്നതുമായിരിക്കും.

ഇന്നലെ ഡി. എസ്. പി., തലപ്പള്ളി തഹശീൽദാർ തുടങ്ങി ചില ഉദ്യോഗസ്ഥന്മാർ ഇവിടെ എത്തി പ്ലേഗിനു കുത്തിവെക്കുന്ന സ്ഥലം മുതലായതു പരിശോധന കഴിച്ച് ജനങ്ങളെ ധൈര്യപ്പെടുത്തി മടങ്ങിപ്പോയിരിക്കുന്നു. കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഹെൽത്തു ഡയറക്ടറായി ഇപ്പോൾ സ്ഥാനം വഹിച്ചുകൊണ്ടിരിക്കുന്ന ചീഫ് മെഡിക്കൽ ആപ്പീസർ ഡോക്ടർ റാഘവേന്ദ്രറാവു പട്ടണപരിശോധനയ്ക്കായി ഇവിടെ എത്തി ചില രോഗികളായി (പ്ലേഗു മൂലം) കിടക്കുന്ന ചിലരുടെ വീടുകൾ സന്ദർശിച്ചശേഷം മടങ്ങിപ്പോയിരിക്കുന്നു. ബഥനി ഐസൊലേഷ്യൻ വാർഡിൽ രോഗികളായി കിടന്നിരുന്ന രണ്ടുപേരിൽ ഒരുത്തനെ അവിടെനിന്നു പിരിച്ചുവിട്ടിരിക്കുന്നു.

(4-3-1935)

## vi

### കുന്നംകുളം

(സ്വന്തം ലേഖകൻ)

17–7–110

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഇന്നു പന്ത്രണ്ടു മണിക്കു കോട്ടയത്തേക്കു തിരിച്ചിരിക്കുന്നു. അദ്ദേഹത്തെ യാത്രയയ്ക്കുന്നതിനും മറ്റുമായി വളരെ അധികം ജനങ്ങൾ പഴയപള്ളിയിൽ കൂടിയിരുന്നു. മെത്രാപ്പോലീത്താ അവർകൾ ഇന്നു കാലത്തു വിശുദ്ധ കുർബാന കഴിഞ്ഞു എല്ലാവരോടും യാത്രയും പറഞ്ഞു പട്ടണത്തെ അനുഗ്രഹിച്ചും കൊണ്ടു സ്ഥലം വിട്ടിരിക്കുന്നു. നാളെ (18–7–10) എറണാകുളത്തു വിശുദ്ധ കുർബാന അർപ്പിച്ചശേഷം അന്നുതന്നെ കോട്ടയത്തിനു പോകുന്നതായിരിക്കും.

പ്ലേഗിനു വളരെ ശാന്തതയുണ്ട്. വിദ്യാലയങ്ങൾ എല്ലാം തുറന്നു. കച്ചവടങ്ങൾ അഭിവൃദ്ധിപ്പെട്ടുവരുന്നു.

(5–3–1935)

## 3. പ്ലേഗിനെ ഭയപ്പെടാത്ത സാക്ഷാൽ ഇടയൻ

കുന്നംകുളം ഇടവകയിൽ പ്ലേഗ് ബാധിച്ചിരിക്കുന്നു എന്ന വിവരം അറിഞ്ഞപ്പോൾ സുറിയാനി സഭാ മേലദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഈ ഇടവകയ്ക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകളും ആരാധനകളും കഴിച്ചുവരികയായിരുന്നു. എന്നാൽ ഈ മഹാമാരി വർദ്ധിച്ചു വരുന്നു എന്നു കേട്ട ഉടനെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി ഇവിടേക്കു പുറപ്പെട്ടിട്ടുണ്ടെന്നുള്ള കമ്പി ഇന്നലെ കിട്ടി. ഇന്നു കാലത്ത് 11.30–നുള്ള വണ്ടിക്ക് തിരുമനസ്സുകൊണ്ടു തൃശൂർ സ്റ്റേഷനിൽ എത്തി.

മെസേഴ്സ് എം. എ. ചാക്കോ, ചുങ്കത്ത് ഇയ്യു, മർത്തോമ പള്ളി മേയിക്കുകാരൻ പാറമൽ ചുമ്മാർ മുതലായവർ തിരുമേനിയെ അവിടെവെച്ച് സ്വീകരിക്കുകയും, ഒന്നരമണിയോടുകൂടി കുന്നംകുളത്ത് എത്തിച്ചേരുകയും ചെയ്തു.

*(പഴയ കൊച്ചിയിലെ ഒരു മികച്ച ദിനപ്പത്രമായിരുന്ന ഗോമതിയിൽ 1110 മകരം 30–നു തിരുമേനിയുടെ എഴുന്നള്ളത്തിനെക്കുറിച്ചു പ്രസിദ്ധീകരിച്ച വാർത്ത. പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 72))

## 4. കുന്നംകുളങ്ങര പ്ലേഗ് മഹാമാരി

ഈ വാർഷിക റിപ്പോർട്ട് അവസാനിപ്പിക്കുന്നതിനു മുമ്പായി റിപ്പോർട്ട് വർഷത്തിൽ നമ്മുടെ സഭയുടെ ഒരു കേന്ദ്രമായ കുന്നംകുളത്തുണ്ടായ പ്ലേഗ് മഹാമാരിയെപ്പറ്റി അല്പം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. കുന്നംകുളത്ത് പ്ലേഗ് ബാധിച്ചു എന്നറിഞ്ഞയുടനെ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവനെ ബലികഴിക്കുവാൻ തയ്യാറുള്ള ആ മഹനീയമായ ക്രിസ്തീയ ദർശനത്തോടു കൂടി നി. വ. ദി. ശ്രീ. കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സ്വമനസ്സാലെ കുന്നംകുളങ്ങരയിൽ എഴുന്നള്ളുകയും രോഗശമനത്തിനുവേണ്ടി പള്ളിക്കായി ആത്മികശുശ്രൂഷകൾ നടത്തുകയും, കൂടാതെ ഭയലേശമെന്യേ രോഗികളെ അവരുടെ വീടുകളിലും ആശുപത്രികളിലും ചെന്നു കാണുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവർക്കുവേണ്ട ആതുരശുശ്രൂഷകൾ ചെയ്യുകയും പ്ലേഗ് രോഗത്തിനു ശമനം ഉണ്ടാകുന്നതുവരെ കുന്നംകുളങ്ങര അങ്ങാടിയിൽ താമസിക്കുകയും ചെയ്തു എന്നുള്ള വസ്തുത മലങ്കരസഭയുടെ പൊതുവായും കുന്നംകുളങ്ങര നിവാസികളുടെ പ്രത്യേകമായുമുള്ള അതിരറ്റ കൃതജ്ഞതയോടും സ്മരണയോടും കൂടി രേഖപ്പെടുത്തിക്കൊള്ളുന്നു.

*(1936-ൽ പ്രസിദ്ധീകരിച്ച മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വാർഷിക റിപ്പോർട്ടിൽ 'പ്രത്യേക സംഭവങ്ങൾ' എന്ന ഉപശീർഷകത്തിൽ ചേർത്തിരിക്കുന്നത്. സമ്പാദകൻ: പി. സി. വർഗീസ് ചൊവ്വന്നൂർ)*

## 5. കുന്നംകുളത്തു നിന്നും പാമ്പാടി തിരുമേനി എഴുതിയ കത്ത്

ദൈവകൃപയാൽ കോട്ടയം മുതലായ ഇടവകകളുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന വർഗ്ഗീസിനു വാഴ്വ്.

പ്രിയനേ,

ഞങ്ങൾ അവിടെനിന്നും പുറപ്പെട്ട് കോട്ടയം പഴയസിമ്മനാരി, എറണാകുളം, തൃശൂർ എന്നീ സ്ഥലങ്ങൾ വഴിയായി ഇന്നലെ രണ്ടു മണിയോടുകൂടി ഇവിടെ എത്തി. ദൈവകൃപയാൽ അവിടെ കേട്ടിരുന്നതു പോലെയുള്ള ബഹളങ്ങൾ ഇവിടങ്ങളിൽ കേൾപ്പാനില്ലെന്നുള്ളത് വളരെ ആശ്വാസമായി തോന്നുന്നു. ദീനം തീരെ ഇല്ലെന്നു പറയാൻ പാടില്ലാത്ത വിധം രണ്ടോ, നാലോ സുഖക്കേടുകാർ ചിലയിടങ്ങളിൽ ഉള്ളതായി

തോന്നുന്നു. ഇവിടെ നിന്നും അങ്ങോട്ടുള്ള ഞങ്ങളുടെ യാത്ര ഇന്ന സമയമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ദൈവകൃപകൊണ്ടു താമസിയാതെ അങ്ങോട്ടു പുറപ്പെടാമെന്നു വിചാരിച്ച് ആശ്വസിക്കുന്നു.

കൊളമ്പുകാർ അയച്ചിരുന്ന മുന്തിരിങ്ങ കിട്ടി. ഞങ്ങൾ ഇങ്ങോട്ടു പോരുന്നവഴിക്കാണു കിട്ടിയത്. അതുകൊണ്ട് അതിന്റെ ഓഹരി നിങ്ങൾക്കുകൂടി തരാൻ സാധിക്കാതെ പോയല്ലോ എന്നു വിചാരിച്ച് കുണ്ഠിതപ്പെടുന്നു. മുന്തിരങ്ങ ഇവിടെ കിട്ടിയ വിവരത്തിനും, മുന്തിരങ്ങ അയച്ചുതന്നതിനും നന്ദി പറഞ്ഞും ഉടനെ വിവരത്തിനു എഴുതി അയയ്ക്കണം. അവരുടെ മേൽവിലാസം അറിയാൻ പാടില്ലായ്കമൂലം എഴുതുന്നതാണ്. ഈ എഴുത്തു നമ്മുടെ ആളുകളെ പ്രത്യേകം അറിയിക്കണം. ബലഹീനനായ നാം എല്ലാവരേയും പ്രത്യേകം ചോദിച്ചിരിക്കുന്നു. ദൈവകൃപ നിന്നോടും, ശേഷം എല്ലാവരോടും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1935–നു 1110 കുംഭം 1–നു കുന്നംകുളം പഴയപള്ളിയിൽ നിന്നും.

## 6. കുന്നംകുളങ്ങര പ്ലേഗ് മഹാമാരിയും പാമ്പാടിയിലെ മുനിശ്രേഷ്ഠനും

### വി. കെ. ശ്രീരാമൻ

തൊള്ളായിരത്തിമുപ്പതുകളുടെ മധ്യത്തിലാണ് കുന്നംകുളത്തു പ്ലേഗ് പടരുന്നത്. ആ ദുരന്തത്തിൽ വലിയങ്ങാടിയിൽ നിരവധി എലികൾക്കും മനുഷ്യർക്കും ജീവഹാനി സംഭവിച്ചു. കുന്നംകുളം നിയോജകമണ്ഡലത്തിൽ നിന്ന് ആദ്യമായി കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കെ. ടി. മാത്യു നിയമസഭയിൽ രാജ്യത്തെ ചീഫ് മെഡിക്കൽ ഓഫീസറായ ഡോ. ഡി. രാഘവേന്ദ്ര റാവുവിനോടു ചോദിച്ചു:

'കുന്നംകുളത്ത് എങ്ങനെയാണ് പ്ലേഗ് രോഗം ഉണ്ടായത്? അത് നിയന്ത്രിക്കാനും മരണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും എന്താണു ചെയ്യാൻ കഴിയുക?'

മാത്യു എം. എൽ. സി. യുടെ ചോദ്യത്തിന് ഇങ്ങനെ ഉത്തരം പറഞ്ഞു, ഡോ. ഡി. രാഘവേന്ദ്ര റാവു എഫ്.ആർ.സി.പി. (ലണ്ടൻ):

'രോഗം എങ്ങനെ വന്നു എന്ന് കൃത്യമായി പറയാൻ കഴിയില്ല. എന്നാൽ കുന്നംകുളം ഗവർമ്മേണ്ട് ആസ്പത്രി കേന്ദ്രമായി പ്രതിരോധ കുത്തിവെപ്പ് സൗജന്യമായി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി രാജ്യത്തെ ആരോഗ്യവകുപ്പിന്റെ മുഴുവൻ പ്രവർത്തനശേഷിയും

ശ്രദ്ധയും കുന്നംകുളത്തേക്കു തിരിച്ചുവിടാനുള്ള ശ്രമങ്ങളും ആരം ഭിക്കാം!'

അതുകൊണ്ടൊന്നും പ്ലേഗ് അടങ്ങിയില്ല. ആളുകൾ ദിവസേന മരിച്ചു കൊണ്ടിരുന്നു. തെക്കും വടക്കും കിഴക്കും അങ്ങാടികളിൽ നിന്ന് കൂട്ടനി ലവിളികൾ ഉയർന്നു. നിലവിളികൾ പിന്നീട് അനുതാപത്തിന്റെ ഗീത ങ്ങളും പ്രാർത്ഥനകളുമായി മാറി. കഠിന രോഗങ്ങളും സാംക്രമിക മഹാ മാരികളും വരുമ്പോൾ ആലപിക്കേണ്ട പ്രത്യേക പ്രാർത്ഥനകൾ ഓാല മേഞ്ഞ അങ്ങാടിപ്പുരകളുടെ മുകൾത്തട്ടിൽ ഒഴുകിപ്പരന്നു.

വൈദികരും വിശ്വാസികളും കൂടിയാലോചിച്ചു. സഭയുടെ പരമാദ്ധ്യ ക്ഷനായ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയെ കുന്നംകുള ത്തേക്കു ക്ഷണിച്ചുകൊണ്ടുവരാൻ തീരുമാനമായി. ആയതിനുവേണ്ടി പാറമേൽ കുരിയാക്കോസ് കത്തനാർ കോട്ടയത്തേക്കു പോയി. പരിശുദ്ധ ബാവാ കുന്നംകുളത്തു വന്നു പ്രാർത്ഥിച്ചാൽ രോഗത്തിന് ശമനമു ണ്ടാവും.

കോട്ടയം പഴയസെമിനാരിയിലാണ് ബാവാ തിരുമേനി താമസം. കോട്ട യത്തേക്ക് കാറിൽ പോകാൻ ബുദ്ധിമുട്ടാണ്. ആലുവായിൽ ദേശം കടവ് കടക്കണം. പിന്നെ എറണാകുളത്തു ചെന്ന് ബോട്ടിൽ കയറണം. ഒരു വിധത്തിൽ പാറമേലച്ചൻ കോട്ടയത്തെത്തി. പഴയസെമിനാരിയിൽ ചെന്ന് ബാവായെ വിവരം ധരിപ്പിച്ചു.

'ഏതു വിധേനയും അവിടുന്ന് വേഗം വന്ന് കുന്നംകുളത്തെ സഭാ വിശ്വാസികളുടെ സങ്കടത്തിനും രോഗത്തിനും നിവാരണമുണ്ടാക്കണം.'

തിരുമേനിയെ കുന്നംകുളത്തേക്കു കൊണ്ടുപോവാനാണ് പാറമേല ച്ചൻ വന്നിരിക്കുന്നതെന്ന് മനസ്സിലാക്കിയപ്പോൾ കോട്ടയത്തെ സമുദായ പ്രമാണിമാരുടെ ഭാവം മാറി.

'പ്ലേഗ് വന്ന് ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന കുന്നംകുളത്തേ ക്കാണോ ബാവായെ കൊണ്ടുപോകാൻ വന്നിരിക്കുന്നത്? തിരുമേനിയെ അവിടെ കൊണ്ടുപോയി കൊല്ലാനാണോ ഭാവം?'

പാറമേലച്ചൻ ധർമസങ്കടത്തിലായി. വന്നകാര്യം സാധിക്കാതെ മട ങ്ങേണ്ടി വരുമല്ലോ എന്നോർത്ത് വ്യസനപ്പെട്ടു. ഒടുവിൽ സമുദായപ്രമാ ണിമാരും ബാവാതിരുമേനിയും കൂടി ഒരു തീർപ്പിലെത്തി.

പാമ്പാടി ഗ്രീഗോറിയോസ് തിരുമേനിയെ കുന്നംകുളത്തേക്ക് അയ യ്ക്കുക. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൊടുത്ത കത്തുമായി പാറമേലച്ചൻ പാമ്പാടി ദയറായിലേക്ക് നടന്നു. കത്തിൽ ഇപ്രകാരം എഴുതിയിരുന്നു.

'കുന്നംകുളത്തുകാരനച്ചനും മറ്റും അങ്ങോട്ട് വരുന്നു. അവരുടെ കൂടെ പോകേണ്ട കാര്യം അത്യാവശ്യമാണ്. നാം ഇവിടെ ഇപ്പോൾ എണ്ണ സേവിച്ചിരിക്കയാണ്. അതുകൊണ്ട് ഒരിടത്തേക്കും പോകുന്നതിന് നിവൃത്തിയില്ല. ഒരു വലിയ ഇടവക കുഴപ്പത്തിലാവുന്നത് സങ്കടമാണല്ലോ. അതിനാൽ മെത്രാച്ചൻ വേഗംതന്നെ കുന്നംകുളത്തേക്കു പോകണം. ചാക്കോ സൂപ്രണ്ടും മറ്റും അവിടെ ഉണ്ടല്ലോ?'

1935 കർക്കിടകം 10-ാം തീയതി കോട്ടയം സെമിനാരിയിൽ നിന്നു പാറമേലച്ചൻ വശം കൊടുത്തയച്ച ഈ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന ചാക്കോ സൂപ്രണ്ട് കൊച്ചി രാജ്യത്തെ പോലീസ് കമ്മീഷണറും നായർ പട്ടാളത്തിന്റെ കമേണ്ടരും മറ്റും ആയിരുന്ന എം. എ. ചാക്കോ ആണ്. സഭാസ്നേഹിയും കുന്നംകുളത്തുകാരുടെ അഭ്യുദയകാംക്ഷിയുമായിരുന്നു ശ്രീമാൻ ചാക്കോ.

കൊല്ലവർഷം 1110-ൽ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കുന്നംകുളം സന്ദർശിച്ചതിനെ സംബന്ധിച്ച് തൃശൂരിൽ നിന്ന് കെ. വി. രാഘവൻ നായരുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടിരുന്ന 'ഗോമതി'യിൽ വന്ന ലേഖനത്തിന്റെ ശീർഷകം ഇങ്ങനെയായിരുന്നു: 'പ്ലേഗിനെ ഭയപ്പെടാത്ത സാക്ഷാൽ ഇടയൻ.'

പാമ്പാടി തിരുമേനി തലയിൽ കൈവെച്ച് പ്രാർത്ഥിച്ചതുകൊണ്ടു മാത്രമാണ് താൻ പ്ലേഗിൽനിന്ന് രക്ഷപ്പെട്ടത് എന്ന് ഇ. വി. കെ. ഔഷധശാലയുടെ ഉടമസ്ഥനായി പിന്നീട് അറിയപ്പെട്ട ഏനാശ്ശേരി വറീത് കുരിയൻ, നസ്രാണികളുടെ പടിയോലകളെക്കുറിച്ച് ഗവേഷണം നടത്തിയ പുലിക്കോട്ടിൽ ചാക്കുണ്ണി മകൻ മാത്യു വക്കീലിനോട് നേരിട്ടു പറഞ്ഞതായി രേഖകളുണ്ട്.

(ഭാഷാപോഷിണി വാർഷികപ്പതിപ്പ് 2014)

# 7. 1935-ലെ കുന്നംകുളം യാത്ര: കാലാനുക്രമണിക

1935 ഫെബ്രുവരി 11 (മകരം 29) - പ്ലേഗ് ബാധയറിഞ്ഞ് പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ കല്പനപ്രകാരം പാമ്പാടി ദയറായിൽ നിന്ന് കുന്നംകുളത്തേക്കു പുറപ്പെട്ടു. സന്ധ്യയ്ക്ക് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ താമസിച്ചു.

1935 ഫെബ്രുവരി 12 (മകരം 30) - പ്ലേഗ് ബാധയറിഞ്ഞ് കുന്നംകുളത്തെത്തി. കുന്നംകുളം പഴയ പള്ളിയിലേക്കു പോയി.

1935 ഫെബ്രുവരി 13 (കുംഭം 1) - കുംഭം രണ്ടാം തീയതി മുതൽ മൂന്ന് ദിവസത്തേക്കു കുന്നംകുളത്ത് പ്രത്യേക നോമ്പിന് തിരുമേനി ആഹ്വാനം ചെയ്തു.

1935 ഫെബ്രുവരി 16 (കുംഭം 4 ശനി) - രാവിലെ വി. കുർബ്ബാനയ്ക്കു ശേഷമേ കടകൾ തുറക്കാവൂ എന്ന തിരുമേനിയുടെ ആഹ്വാനപ്രകാരം കുന്നംകുളം കമ്പോളത്തിലെ കടകൾ രാവിലെ ഒമ്പതു മണി വരെ തുറന്നില്ല.

1935 ഫെബ്രുവരി 23 (കുംഭം 11) - വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒന്നാം ഓർമ്മപ്പെരുന്നാൾ ദിനം. തിരുമേനി വി. കുർബ്ബാന അർപ്പിച്ചു.

1935 ഫെബ്രുവരി 24 (കുംഭം 12) - തിരുമേനി കുന്നംകുളം പുത്തൻ പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. എം.ജി.എം. സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനം നിർവഹിച്ചു.

1935 ഫെബ്രുവരി 25 (കുംഭം 13) - തിരുമേനി കുന്നംകുളം ചിറളയം പള്ളിയിലേക്കു പോയി.

1935 ഫെബ്രുവരി 26 (കുംഭം 14) - തിരുമേനി പഴഞ്ഞി ഇടവക്കാരുടെ ക്ഷണപ്രകാരം പള്ളിയിലെത്തി. പി. ഐ. മത്തായി കത്തനാരുടെ ഭവനത്തിലെത്തി അന്ത്യ കൂദാശ നടത്തി കുന്നംകുളത്തേക്ക് തിരികെ പോയി.

1935 മാർച്ച് 1 (കുംഭം 17) വെള്ളി - തിരുമേനി കുന്നംകുളത്തു നിന്നും കോട്ടയത്തേക്കു മടങ്ങി. സന്ധ്യയ്ക്ക് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ താമസിച്ചു.

1935 മാർച്ച് 2 (കുംഭം 18) ശനി - എറണാകുളം സെന്റ് മേരീസ് പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. കോട്ടയത്തിനു മടങ്ങിപ്പോന്നു.

തയ്യാറാക്കിയത്: **ജോയ്സ് തോട്ടയ്ക്കാട്**



## ദളം 6

# താബോർഗിരിയിലെ യതിവര്യൻ

വിദ്വാൻ വി. റ്റി. ഐപ്പ്

# താബോർഗിരിയിലെ യതിവര്യൻ

## വിദ്വാൻ വി. റ്റി. ഐപ്പ്

പാമ്പാടി ദയറായുടെ ചരിത്രവും പ്രകൃതി പശ്ചാത്തലവും പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ജീവിതചിത്രങ്ങളും സരളമായും സരസമായും ചിത്രീകരിച്ചിട്ടുള്ള ഈ തുള്ളൽകൃതി പരിശുദ്ധ പിതാവിനെക്കുറിച്ച് രചിക്കപ്പെട്ട പ്രഥമ ഗ്രന്ഥമാണ്. വിദ്വാൻ വി. റ്റി. ഐപ്പിന്റെ കവിതാവ്യാപാരം സംഗതവും അനുമോദനാർഹവും ആയിട്ടുണ്ടെന്ന് ഈ കൃതിക്ക് എഴുതിയ അവതാരികയിൽ സുപ്രസിദ്ധ പണ്ഡിതനായ റാവുസാഹിബ് ഒ. എം. ചെറിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ചെറുപ്പം മുതലേ കവിയ്ക്ക് പാമ്പാടി തിരുമേനിയോടു അപാരമായ ഭക്തിയുണ്ടായിരുന്നുവെന്നും യശഃശരീരനായ കവി രേഖപ്പെടുത്തിയിട്ടുണ്ട്.

1931–ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കൃതിയുടെ രചനയെക്കുറിച്ച് ദൈനംദിനം ഡയറിയെഴുതുന്ന ശീലമുള്ള പരിശുദ്ധ തിരുമേനി പ്രത്യേകം പരമാർശിച്ചിട്ടുണ്ട്:

“1931 ജനുവരി 4: കോത്തല വല്യപീടികയിൽ കുഞ്ഞുസാറും അയാളുടെ ജ്യേഷ്ഠനും കൂടി വന്നിരുന്നു. ദയറായെ സംബന്ധിച്ച് അയാളുണ്ടാക്കുന്ന കവിതാപുസ്തകത്തെ സംബന്ധിച്ച് ആലോചിക്കുന്നതിനായിരുന്നു വന്നിരുന്നത്.

ജനുവരി 17: വല്യപീടികയിൽ കുഞ്ഞ് എഴുതിയ താബോർഗിരിയിലെ യതിവര്യൻ എന്ന പുസ്തകം ഇന്നു രാവിലെ കൊണ്ടുവന്നിരുന്നു.”

ഗവേഷണം: **പ്രൊഫ. വിപിൻ കെ. വറുഗീസ്**

പുകളതിപെരുകും ത്രിഭുവനവിദിതം
കേരളദേശേ വിലസിന നഗരം
"കോട്ടക്കക, മായ് കേട്ടതുപിന്നെ
ക്കോട്ടയമായി കേട്ടു വരുന്നു.
ഉരുതരവിഭവം കൊണ്ടിതുപാരിൽ
പൂരവരമണിയാം ലണ്ടനുപോലും
പരിവെമേല്പിച്ചമരാവതിയെ
ക്കവരനായിക്കരുതീടുന്നു.
വണ്ടികൾ വഞ്ചികൾ മോട്ടോർകാറും
തെണ്ടികൾ തോട്ടികൾ തോട്ടക്കാരും
കണ്ടവരെപ്പല കുണ്ടിലിറക്കി
ക്കണ്ടുരസിക്കും രസികന്മാരും
ധനവാന്മാരും ഘനവാന്മാരും
ഘനവേണികളും ഗുണവാദികളും
കമ്പിനി ചിട്ടി കമ്പികൾ ബാങ്കുകൾ
കമ്പംദേശികൾ കമ്പക്കാരും
പള്ളികൾ പലവകപള്ളിക്കൂടം
വെള്ളക്കാരും കൊള്ളക്കാരും
സത്രം പല പല യാത്രക്കാരും
ക്ഷേത്രം സ്തോത്രിതൾ തന്ത്രക്കാരും
കോടതി ഷോഡതി ഷാപ്പുകളനവധി
കേസുകൾ ഹർജികൾ വക്കീലന്മാർ
ചന്തക്കടവും ചന്തം ചിന്തും
പലവക ജോലിക്കലയുന്നവരും
വിലയുണ്ടെന്നിഹകരുതുന്നോരും
നിലയില്ലിങ്ങനെ ചൊല്ലിപ്പോയാൽ
പലതും കാണാനുണ്ടാപ്പുരിയിൽ

അമ്പാടിക്കും ഡംഭുകുറയ്ക്കും
പാമ്പാടിക്കര പത്താം മൈലിൽ
റോഡിനു തെക്കും തൊട്ടു വടക്കും
പട്ടണമോടികൾ തട്ടാതൊട്ടും
പരിപാവനമായ് സുഖദായകമായ്
നരവാസോചിതമായി ലസിപ്പൂ
കടുവാ പുലികൾ കാട്ടാനകളും
കടമാൻ പന്നികളാടും മയിലും
കൊണ്ടുനിറഞ്ഞൊരു കാനനമായി

പ്പണ്ടുകിടന്നിതു കണ്ടോരൊക്കെ
ക്കണ്ടതിനാലും കേട്ടതിനാലും
കൊണ്ടാടുന്നിഹ ദേശവിശേഷം
സ്വചരതമെച്ചമെഴുന്നൊരുകർഷക
വൃത്തിജനത്തിനുപക്ഷംപാരം
സ്വസ്ഥതയില്ലാത്തുദ്യോഗത്തിനു
കാക്ഷയുമില്ലാ കൌശലമില്ലാ
വൈരംജാതികൾ തമ്മിലുമില്ലാ
സ്വൈരംസുഖവും ക്ഷമയുംപാരം
ഒരുവനോടൊരുവനസൂയയുമില്ലാ
പരധനമോഹമശേഷവുമില്ലാ
ജാതികൾപലതുണ്ടവരുടെയവരുടെ
രീതിയിലീശ്വരചിന്തയുമുണ്ട്
ശുദ്ധജലത്താൽരോഗം പോക്കും
സിദ്ധിലഭിപ്പൊരു സിദ്ധനുമുണ്ട്
മൂലക്കല്ലായ് നാട്ടിനുചേരും
മൂലംദശദിശികിർത്തികിളർത്തും
കാലം പാമ്പാടിക്കുകിടച്ചു.
തദ്ഗേഹത്തിന്നധിപതിയായും
സത്കാര്യത്തിൻ നേതാവായും
ഭക്തന്മാർക്കൊരുമാതൃകയായും
ചാക്കോച്ചൻപരിചോടു വിളങ്ങി
ഇടവകതറവാടിവകടെ ഭരണം
കുടിവകകലഹനിവാരണഭാരം
ഏഷണിയും പരദൂഷണവും വി
ട്ടേകനിൽഭക്തിയുമായി വസിച്ചു.
നീതിവിശാരദനാരീമുടിമണി
നാമ മിളച്ചീ തസ്യകളത്രം
ഭൂരിപവിത്രാപൂരിതമോദാ
ഭൂതലഭൂഷാ ദീപസമാനാ
മാതൃകുലത്തിനു മാതൃകയായൊരു
മാതാ മാനിനി പാവനശീലാ
രക്ഷാദായകനാകും ക്രിസ്തുവി
ലക്ഷയഭക്തിയുമാരാധനയും
യാമം തോറും ലോപം കൂടാ
തംഗനയിങ്ങനെ യങ്ങുവസിച്ചു.
വരനുടെ മനമാവധുവിനിണങ്ങി

വധുവിധമാ വരനേറെയിണങ്ങി
വരനുരചെയ്താലതിനുവിരോധം
കരുതുകപോലും സതിപതിവില്ലാ
പുത്രികളാറുണ്ടുത്തമശീലകൾ
പുത്രരുമെത്രയുമുത്തമർ നാലും
നന്ദനവരരിൽ നന്ദിതനെന്നുടെ
മന്ദതമാറ്റിയ വന്ദിത ചരണൻ
വന്ദ്യഗുണങ്ങടെ വിളനിലമാകിയ
വന്ദ്യപുരോഹിതനുന്നതമന്നവ
നന്ദന ചരണ സരോരുഹ ഭൃംഗം
കന്യാമറിയയിലുന്നതഭക്തൻ
കൊല്ലമൊരായിരമറുപതു ചേരും
നല്ലൊരുമാസം മീനം തന്നിൽ
പൌർണ്ണമിനാളിലുദിച്ചുയരും പരി
പൂർണ്ണശശാങ്കനു പരിഭവമേകി
ബ്ഭൂവനതലത്തെപ്പാവനമാക്കി
തിരുജനനത്താലൊരു ദിവസത്തിൽ

ജനകജനനീമനം മോദമാർന്നു പരം
പെരിയവരുമെളിയവരുമായുള്ള നാരികൾ
ശിശുവദന പങ്കജം ദർശനം ചെയ്യുവാ
നതികുതുകചേതസാ തത്രചെന്നെത്തിനാർ
കതിപയദിനാന്തരേജ്ഞാനമാം സ്നാനവും
വിധിവിഹിതമിച്ഛപോലാചരിച്ചാരവർ
പ്രതിദിവസമച്ഛനും ബന്ധുവർഗ്ഗത്തിനും
പ്രിയജനനി സോദരീ സോദരന്മാർക്കുമി
ശിശുവിനുടെ ലീലകൾ മന്ദഹാസങ്ങളും
കരചരണതാഡനം തഞ്ചമാം കൊഞ്ചലും
വിവിധ സുഖദായകം പോരപോരെന്നപോ
ലഖില ഗുണഗേഹമായ് ലാലസിച്ചാൻ പരം.

കൊഞ്ചിക്കൊഞ്ചിപ്പുഞ്ചിരിതൂകി
പ്പിച്ചെപ്പിച്ചെ നടന്നുതുടങ്ങി
അഞ്ചെട്ടടിവച്ചമ്മയെനോക്കി
പ്പുഞ്ചിരി തൂകിപ്പിന്നെനടക്കും
അടിയിഹതെറ്റീട്ടുടനടിവീഴും
അടിമുടിപൊടിയാം വടിവിലെണീക്കും

ഉടനടി മാതാവോടിയെടുത്തി
ട്ടുടലു കുടഞ്ഞവനുമ്മ കൊടുക്കും
ഓടാറായി ചാടാറായി
കുട്ടികളൊത്തുകളിക്കാറായി
പല വിധ വാക്കുകൾ ചൊല്ലാറായി
ശീലവിശേഷം കാണാറായി
ജനകൻ തനയെനെ മടിയിലിരുത്തി
ട്ടിരവും പകലും പലനേരത്തും
സൽക്കഥപലതും രക്ഷകനോതിയ
പ്രാർത്ഥനയും പല സങ്കീർത്തനവും
ചൊല്ലിച്ചൊല്ലിത്താലോലിച്ചി
ട്ടല്ലലകറ്റി വളർത്തുക മൂലം
സന്ധ്യാവന്ദനസമയം ജനനീ
സന്നിധിതന്നിലണഞ്ഞുസമേദം
തെളവില്ലാത്തൊരു പ്രാർത്ഥനമൂലം
തെളിവും വെളിവും ചിത്തേ ചേർത്തു
ബാലനിലുള്ളൊരു പ്രേമം കൊണ്ടും
പലവിധസൽഗുണനിലയനമായി
ട്ടുവനിയിലിവനൊരു നായകനായി-
പ്പരിചൊടുവിലസാനിടയാകണമെ-
ന്നാശംസിച്ചതുമാശുഫലിച്ചു.

അക്ഷരവിദ്യ പഠിപ്പതിനായി-
ത്തൽക്ഷണമവനെയെഴുത്തിനിരുത്താ-
നച്ഛനെടുത്തൊരുമുണ്ടുമുടുപ്പി
ച്ചോലയുമരിയും പണവും വെറ്റില
കാലിപ്പുകയിലമുതലായവയും
ചാലെവഹിച്ചാപ്പള്ളിക്കരികിൽ
കരയുടെശാന്തിനികേതനമായി
ക്കേളികിളർത്തും കളരിയിലെത്തി-
പലനാളായി ഗ്ഗുരുവരനായി-
പ്പാമ്പാടിക്കുബ്റഹസ്പതിയായി
ട്ടറിവും തികവും ഗുണവും കൊണ്ടൊരു
നിറകുടമായി മഠമാംഗേഹേ
പരിചൊടുവിലസുന്നാശാനരികിൽ
കുറിയാക്കോസാം കുഞ്ഞിനെയച്ഛനു
മരിയിലിരുത്തിഹരി ചൊല്ലിച്ചു

നാലേനാലൊരുകൊല്ലം കൊണ്ടീ
ബാലനുവേണ്ടും വിദ്യകളെല്ലാ-
മോതിയഗുരുവരപാദസരോരുഹ-
മോരാതുള്ളൊരു മനതാരുള്ളോ
രാരാണുള്ളതുപാരിൽപാർത്താൽ

പ്രാർത്ഥനവായനഭക്തിയെഴുന്നൊരു
കീർത്തനമാലകൾ പാടുകസൽക്കഥ
കേൾക്കുക സൽകൃതി ചെയ്യുകയിവയിൽ
സക്തികലർന്നു വളർന്നഥ ബാലൻ
ദേവാലയമതിനുള്ളിലണഞ്ഞാ-
രവിവാരത്തിലെദിവ്യാരാധന
കാണും ബാലനുകാണായ് വന്നു
കരുണാകരനുടെ മരണംകുരിശിൽ
മദുബായ്ക്കുള്ളിൽ കയറാൻ ബാലനു
മതിയിലുദിച്ചൊരു മോദമറിഞ്ഞഥ
ശുശ്രൂഷക്കായ് പട്ടക്കാരീ
ശിശുവിനുവേണ്ടുമൊരനുമതി നൾകി
നല്ലാർകുലമണിഭക്തശിരോമണി
വല്യമ്മച്ചിയുണിച്ചിക്കേഴ-
ല്ലെഴുപതുവട്ടം പ്രാർത്ഥനയുണ്ട്
കഴിവുകഴിഞ്ഞുപവാസവുമുണ്ട്.
ഈശ്വരഭക്തിയൊഴിച്ചീവൃദ്ധ-
യ്ക്കാശകളൊന്നും ശേഷിച്ചില്ല.
പൌത്രനെലാളിച്ചവനുടെ ചിത്തം
ഭക്തി പകർന്നുപകർന്നു നിറച്ചി-
ട്ടീവിധമുള്ളൊരുഭാവിക്കായി-
ബ്ബീജാവാപം ചെയ്തൊരുതായേ!
നന്മനിറഞ്ഞൊരു കന്യകമറിയം
തന്നുടെ ശേഷംമന്നിൽജനിച്ചൊരു
മാനിനിമാരിൽ മനുജകുലത്തിനു
നന്മവരുത്തിയമാതാ നീതാൻ
ദേശക്കാരും പട്ടക്കാരും
ദേശികവരനും സഹപാഠികളും
സംബന്ധികളങ്ങന്യമതക്കാ
രന്മേനികളും കപ്യാരന്മാ-
രപ്പൂപ്പന്മാരഖിലജനങ്ങളു-

മൊത്തൊരുമിച്ചിക്കുട്ടിയിലുള്ളൊരു
ബുദ്ധിവിശേഷം ശുദ്ധിവിശേഷം
ഭാവവിശേഷം ഭക്തിവിശേഷം
സത്യം ന്യായം നീതി വിശേഷം
തൊട്ടിഹപട്ടക്കാരനു വേണ്ടും
സൽഗുണമെല്ലാം കണ്ടു പറഞ്ഞും
കൊണ്ടു ശഠിച്ചതു കൊണ്ടിഹ കടവിൽ
പൗലൂസത്താനാസ്യോസാകും
തിരുമേനിയ്ക്കൊരു തിരുവുളമുളവായ്
പത്തൊടുനാല് വയസ്സുതികഞ്ഞൊരു
കുറിയാക്കോസിനെ ശെമ്മാശാക്കി

ശെമ്മാശു പട്ടം ലഭിച്ചതിൽ ശേഷമീ
നിർമ്മല വൈദികൻ ബാലാർക്കസന്നിഭൻ
ചൊല്ലാർന്ന കോട്ടയത്തുല്ലസിച്ചീടുന്ന
നല്ല സിമ്നാരിയിലല്ലോ പഠിച്ചതും
അദ്ധ്യാത്മ വിദ്യാധനത്തെ വഹിച്ചവ-
രദ്വൈതവിജ്ഞാന കുംഭം തുളുമ്പുവോ-
രഭ്യസ്തവിദ്യരിലഗ്രേസരർ ദൈവ-
ഭക്തർ മഹാ വേദതത്വം ഗ്രഹിച്ചവർ
കെല്പ്പാർന്ന വൈദിക ദേശികരക്കാല-
മപ്പുണ്യമേറും വിഹാരെ വസിച്ചോരി-
ലന്നൊരു മല്പാനതായിരുന്നിന്നത്തെ
വന്ദ്യ മാർദീവന്യാസ്യോസു തിരുമേനി
തെക്കുള്ളിലവിനാമണ്ണിലെഴുന്നൊരു
സക്കറിയാക്കത്തനാരാം പ്രസിദ്ധനും
പാറപ്പുറത്തുള്ളൊരച്ചനും നൽസുറി
യാനി പഠിപ്പിച്ചു കുർബാന ചൊല്ലുവാൻ
കൊച്ചുകളത്തിലെയച്ചൻ മലയാള
മിച്ഛപോൽ നന്നായ് പഠിപ്പിച്ചു ഭംഗിയായ്

മീനങ്ങളാടിക്കളിക്കവേ യൂർമ്മികൾ
മീതിലായ് പാകെട്ടി വേഗത്തിലോടിയും
തണ്ടുപിടിക്കവേ താളം മുഴക്കിയും
കണ്ടുനില്പോരുടെ ചിത്തമിളക്കിയും
കൊണ്ടുഗമിക്കുന്നൊരോടി വള്ളങ്ങളും
കണ്ടാൽ വിശേഷമാം കൊച്ചു വള്ളങ്ങളും

രണ്ടും ഗണിക്കാത്ത ചുണ്ടൻ ചുരുളനു
മിണ്ടലെന്യെ തന്റെ മാറത്തു മാനിച്ചു
തുള്ളിക്കളിക്കുമ്പോളുള്ളം കുളുർത്തിട്ടു
വെള്ളം ചലിപ്പിച്ചു വാഴുന്ന ദിവ്യയാം
മീനച്ചിലാറിന്റെ തീരത്തിലേറ്റവു-
മാനന്ദമേറുന്നൊരീനല്ല ഭാഗത്തു
ദേശികരോടൊത്തു കീർത്തനം പാടിയും
മീശനെ സേവിച്ചുമേറ്റവും ഭക്തനായ്
വർഷങ്ങളാറേഴു വാണു തിരുമേനി
വേദാന്തഘലർഷണതാല്പര്യയുക്തനായ്

കാലങ്ങളിങ്ങനെ ചാലെ കഴിഞ്ഞതിൻ
ശേഷമീശെമ്മാശൻ ശേമുഷി ചേർന്നവൻ
സ്വന്തമിടവകയാകുന്ന വമ്പെഴും
പാമ്പാടി ദേവാലയത്തിലെഴുന്നെള്ളി
പട്ടം കൊടക്കുള്ള വട്ടങ്ങളൊക്കെയും
പെട്ടെന്നു കൂട്ടിത്തുടങ്ങി ജനാവലി
പൗലൂസ് റമ്പാച്ചനായ തിരുമേനി
വാകത്താനത്തെഴും റമ്പാൻ തിരുമേനി
മറ്റു വൈദീകരുമെണ്ണമില്ലാതെ ഹാ
ചുറ്റുള്ളിടവകക്കാരും നിരക്കവെ
മുറീമറ്റത്തെഴും ബാവാ തിരുമേനി
രവിവാരത്തിലെക്കുറുബാനക്കിടെ
അച്ചൻ പട്ടം കൊടുത്തടുത്തവാരത്തിൽ
മെച്ചമെഴും റമ്പാൻ പട്ടവും നൽകിനാൻ
നിസ്തുല്യമാം ദൈവഭക്തി തുളുമ്പുന്ന
ക്രൈസ്തവ സന്യാസി വീരന്റെ തൂമുഖം
കണ്ടജനാവലിക്കുണ്ടായ സന്തോഷ-
മുണ്ടായപോലൊരു കൊണ്ടാടുവാനുണ്ടു
നല്ലാഭകൊണ്ടുള്ളഭാനുവെ വെല്ലുന്ന
സ്വർല്ലോക കാന്തി വിളങ്ങുന്ന സിദ്ധന്റെ
ഓരോ ഗുണങ്ങളുമോതി ജനാവലി
ജാതിമതഭേദചിന്തയും കൈവിട്ടു
ഫുല്ലാരവിന്ദപാദദ്വയം കുമ്പിട്ടു
മെല്ലെക്കരം മുത്തി ശാന്തി തേടീടിനാർ
അന്നിത്തിരുമേനി പാമ്പാടിപ്പള്ളിയു-
മുന്നതാവസ്ഥയിൽ വന്നു കൂടീടുവാൻ

തക്കപണികൾ പലതും നടത്തിച്ചു.
ഹൈക്കലാമെല്ലെയുയർത്തിപ്പണിയിച്ചു.
സദ്യയുമൊന്നു നടത്തിയിടവക
സജ്ജനമാകെയണഞ്ഞു സംബന്ധിച്ചു.
സർവ്വരുമാനന്ദ ക്കണ്ണുനീർ തൂകിനാർ
സർവേശനെ സ്തുതിചെയ്തു റമ്പാച്ചനും

അങ്ങനെ വാഴുന്ന കാലത്തു ദൈവമെ!
എങ്ങനെ ചൊല്ലുന്നു നാവു കുഴയുന്നു
അക്കാലം പള്ളിയിൽ കക്ഷിവഴക്കിന്റെ
ലക്ഷണം കണ്ടതു കൊണ്ടിഹ റമ്പാച്ച-
നല്പമല്ലാതുള്ള കുണ്ഠിതമുണ്ടായി
സത്പുമാനുണ്ടോ കലഹത്തിലിച്ഛയും
ഒന്നരനാഴിക തെക്കുള്ളൊരുഗിരി
തന്നുടെ കൂടത്തിലീശ്വരപൂജയ്ക്കാ
യുന്നതതൃപ്പാദഭക്തൻ യതിവര-
നന്നുപണികഴിപ്പിച്ചൊരു പള്ളിയും
സത്വഗുണത്തിനിരിപ്പിടമായോ-
രിത്തിരുമേനി വസിക്കും ഗിരിവര
"പൊത്തൻപുറ"മേ! കീർത്തി കലർന്നൊരു
പൊൽ തേൻ പുരമേ! നിന്നുടെ മഹിമക
ളൊത്തതു പോലുര ചെയ്‌വാൻ വൈഭവ-
മൊത്തവരില്ലിപ്പാർത്തല മദ്ധ്യേ
കേരള ഭൂമിക്കതിരുകളാകിന
യറബിക്കടലും സഹ്യാചലവും
നേരെ കണ്ടു രസിക്കാമനവധി
ചെറുകുന്നുകളും പുഴയും വഴിയും
കടലും വയലും കടവും കരയും
കാടും നാടും വീടും തോടും
കാണാം പള്ളികളുള്ളതുപലതും

കളവാണിമണിവാണിയെവെല്ലും
കിളികടെ കളകളാരവവും നല്ലൊരു
കളകണ്ഠങ്ങടെ ചെറുകൂജനവും
കളകളെടുക്കും പുലയികൾ തങ്ങടെ
കളഗീതങ്ങളുമാമലതന്നുടെ
തടഭൂവിതങ്ങിന പാടത്തങ്ങനെ

പാടിപ്പണിയും പറയർനാദവും
കുറുനരിയിരവിലിലിയറ്റും രവവും
പറവകൾ ചിറകടിതാളവുമായി-
ത്തരമൊടു മേളിച്ചഖിലേശസ്തുതി-
പരിചോടാമലപാടീടുന്നു
ഈശ്വരസേവക്കിതുപോലുതകിയ
ദേശം വേറെ കാണില്ലെങ്ങും
ചിൽപ്പുരുഷാത്ഭുത ശിൽപ്പവിശേഷം
സത്പുരുഷോത്തമഭക്തോത്തംസം
പാർത്തിട്ടാണീപ്പർവതശിഖരേ
തീർത്തതുയതിവരനാശ്രമഗേഹം
മേറീസുതഭക്താവാസത്താ-
ലേറും കീർത്തികലർന്നുലസിക്കും
പൊത്തൻപുറമേ നിന്നുടെ പുറവും
മുത്താതുള്ളവരവനിയിലുണ്ടോ!!
ഗിരിവര! വെൽക കരങ്ങളുയർത്തുക
ശരിനിൻജന്മംഭുവനേ സഫലം
ധരണീധരനാം നിന്നുടെ വംശ്യൻ
ഗിരി ഗോൽഗോത്താമൂലംവന്നൊരു
കുറവുശരിക്കു കുറച്ചുകുലത്തിനു
കുറവില്ലാതിഹ മഹിമ വളർത്തി
പോരേ വംശോദ്ധാരണമല്ലേ
വേറെ ധർമ്മമിതിൽപ്പരമുണ്ടോ
സുരവരപുരിപോൽമിന്നും ഗിരിവര-
ചരിതമറിഞ്ഞാലതിമധുരംതാൻ

മഠത്തിലാശാൻ തന്നൊടു ചെറിയ
മഠത്തിലെ വല്ല്യച്ചൻവാങ്ങി
കൊടുത്തുപിന്നെത്തിരുമേനിക്കായ്
കൊടുംതപത്തിൻ മഠമതു വപ്പാൻ
യതീന്ദ്രവന്ദ്യൻ കതിരവതുല്യൻ
നിതാന്തവന്ദ്യൻ ദിവ്യശ്രീമാൻ
ചൊല്ലേറുന്നൊരുമല്ലപ്പള്ളിയി
ലുല്ലാസേന പിറന്ന മഹാത്മ
തിരുസഭയതിനെപ്പരിപാലിപ്പാൻ
കരമതിലസികുരിശായുധമേന്തി
പ്പരിചിൽ മലങ്കരയുദ്ധക്കളമതി

ലരിമയിലുരുതരസമരം ചെയ്യും
പരിപാവനതിരുമേനി മഹാരഥ
നൊരുനാളിലിടെയെഴുന്നള്ളിഗ്ഗുണ
വാരിധിയത്ഭുതവാരന്നിധിയിൽ
പാരംമുങ്ങിമനസ്സുമയങ്ങി-
ഗ്ഗിരിവര'താബോറെ'ന്നുവിളിച്ചു
നരഗണമാനസമൊന്നുപുളച്ചു.
പേരുമുറച്ചു പെരുമയുറച്ചു
പെരിയവരൊക്കെയറിഞ്ഞു രസിച്ചു.

കൊല്ലമൊരായിരമെൺപത്തൊമ്പതു
നല്ലൊരിടവം തീയതിയെട്ടിൽ
മലയുടെമുകളിൽ കിണറിനുസ്ഥാനം
നലമൊടുകണ്ടു കുഴിച്ചുതുടങ്ങി
ഉറവക്കണ്ണുകൾ കണ്ടു ജീവ-
ന്നുറവായോനിൽഭക്തിയുറച്ചും
എട്ടുംനാലുംചേരുംതീയതി
കെട്ടിടമൊന്നുചമച്ചുതുടങ്ങി
പിറ്റേമാസംതീയതിയൊന്നിൽ
തത്രനിവാസവുമാരംഭിച്ചു
ചിതമൊടുദയറായ്ക്കുള്ളൊരു സ്ഥാനം
പതിനഞ്ചാംതീയതിയിൽകണ്ടു
ചെറിയമഠത്തിലെവന്ദ്യവയോധിക-
നച്ചനുമൊന്നിച്ചാലോചിച്ചു
മെത്രാച്ചന്നുടെയനുമതിവാങ്ങി-
പ്പുത്തരിമാസംകർക്കടകത്തിൽ
പള്ളിക്കായിസ്ഥാനംകണ്ടി-
ട്ടുള്ളിൽ ഭക്തിയുമേറിവസിച്ച
ഉത്തരമീനടവാസികളെത്തി-
പ്പത്താംതീയതി വാനംമാന്തി
കുറിയാക്കോസ്സഹദായുടെനല്ലൊരു
തിരുനാളാംപതിനഞ്ചാംതീയതി
സഹദായുടെ തിരുനാമത്തിൽതാൻ
ദയറായുടെകല്ലിട്ടുകഴിഞ്ഞു

തൊണ്ണൂറാമാണ്ടങ്ങുപിറന്നു
തിണ്ണംദയറാകുന്നിലുയർന്നു

പാമ്പാടിക്കാർ മീനടവാസിക-
ളമ്പേറുന്ന കരക്കാരെല്ലാം
നായരുമാപ്പിളഭേദംകൂടാ-
തായുധമേന്തിദ്ദേഹംകൊണ്ടവ-
രാവതുചെയ്തു, പണക്കാരോസം-
ഭാവനചെയ്തും പുണ്യംനേടി
വാനംമാന്തിക്കല്ലുപടുത്ത-
ന്യൂനംകട്ടിള കതകുംവച്ചു
ഭിത്തിയുറപ്പിച്ചുത്തരമർപ്പി-
ച്ചുത്തരനിമിഷം തച്ചന്മാരൊരു-
പോലെനിരന്നൂ കേറിയിരുന്നൂ
പെരിയകഴുക്കോലാകെനിരത്തീ-
ട്ടോടുമിറക്കിക്കുമ്മായംതേ-
ച്ചോടാമ്പലുമിട്ടാകെമിനുക്കി
പങ്കമകന്ന തുലാമാസത്തിൽ
തങ്കപ്പെട്ടൊരു പത്താംനാളിൽ
തിങ്കൾദിനത്തിൽ റമ്പാച്ചൻശ്രീ
തങ്കംഗേഹേതാമസമാക്കി

ദേവലോകസമാനമെന്നിഹതോന്നിടും ദയറായതിൽ
മേവിയങ്ങിനെ മാസമൊന്നു കഴിഞ്ഞപോതുമഹാശയ
ന്നുള്ളിലാഗ്രഹമുണ്ടവിച്ചഥ പള്ളിതൻ പണിതീർക്കുവാ-
നുള്ള വണ്ണമതിന്നുവേണ്ടപരിശ്രമങ്ങൾ തുടങ്ങിനാൻ
നൽദ്ധനുമകരത്തിലായതു തീർത്തതോർക്കുകിലത്ഭുതം
ലോകരൊത്തു പ്രവർത്തിചെയ്യുകിലേതു കാര്യമസാദ്ധ്യമാം
വിത്തിനാലുളവായ മാതൃമഹത്വസുസ്മൃതിപാരമായ്
ചേർത്തിടുന്ന ദിനത്തിലായ് കുറുബാനയാദ്യമണച്ചുതാൻ

മകരം കുംഭം മീനമതിൽ ഗിരി-
ശിശിരത്തിൽ പണിപലതുനടന്നു
കവിതക്കാർ ചിലർ കവിതകൾ ചൊല്ലി
പഴമക്കാർ പലർ പഴമ പറഞ്ഞു
വലിയമലങ്കരമെത്രാനീനൽ-
മലയുടെമുകളിലെഴുന്നരുളിപ്പണി
പലതുംകണ്ടുരസിച്ചുവസിച്ചു
പലരുംവന്നിഹകരവുംമുത്തി
കർക്കടകമാസാന്ത്യത്തിൽ നല്ലൊരു

മർത്തശിമോനിപ്പെരുനാൾദിവസം
രവിവാരത്തിലെശുഭനേരത്തിൽ
ദയറായുടെ കൂദാശ കഴിച്ചു.
ഇരുപതുമെഴുപതുമൊന്നും ചേർന്നൊരു
വർഷം വന്നു പിറന്നു ധരായാം
പെരുവഴിയൊന്നു തുറപ്പാനായി
പ്പെരിയവർ യത്നംപലതും ചെയ്തു
പള്ളിയിലാളുകൾ കൂടിക്കൂടി-
പ്പള്ളിക്കിടയും പോരാതായി
പന്തിയിൽ നല്ലൊരു പന്തലുതീർത്തി-
ട്ടുന്തും തള്ളും കുറയാതായി
മുറ്റത്തുള്ള മരത്തിൻ ചോട്ടിലു-
മൊട്ടും നിൽക്കാൻ വഹിയാതായി
വലിയൊരുപള്ളി ചമയ്ക്കണമെന്നും
വലിയവർ പലരും ചൊന്നു തുടങ്ങി

തൊണ്ണൂറ്റഞ്ചു തുലാമാസത്തെ
യിരുപത്തേഴാം തീയതിതന്നിൽ
വാനംമാന്തി വൃശ്ചികമാസെ
വാനക്കല്ലുപടുത്തുതുടങ്ങി
എട്ടോടൊത്തിഹതൊണ്ണൂറെണ്ണം
തൊട്ടുലസിക്കും കൊല്ലംധനുവിൽ
പെട്ടെന്നുത്തരമർപ്പിച്ചപ്പോൾ
പെട്ടുദൃഷ്ടിയിലുക്ഷംഗഗനെ
ഉച്ചക്കെങ്ങിനെതാരംകാണു-
ന്നുച്ചത്തിൽചിലർകൂകിവിളിച്ച
അച്ചനോടൊത്തിട്ടാശാൻചെന്നി
ട്ടച്യുതനുടെയൊരുവസ്തുവാങ്ങി
മെച്ചമെഴുംപലപണികൾനടത്തി
സ്വഛതയാകെവരുത്തിവസിച്ചു
ഒരുനൂറാമാണ്ടങ്ങുപിറന്നു
ഒരുവിധമൊക്കെപ്പണികളൊതുങ്ങി
ഈശസ്തുതിപരിപൂരിതമായി-
ട്ടാശ്രമദേശവുമാശുവിളങ്ങി
ആശ്രമനായകനശ്രാന്തംപര-
മേശസ്തുതിയിൽമുഴുകിവസിച്ചു.

**മട്ടുമാറി**

മകരന്ദം നറും പാലും കവിയും പൊൻ കനാൻ നാട്ടിൽ
പുരിവൃന്ദമതിൽമദ്ധ്യേ വിലസുന്നു ഗിരിതാബോർ
അതിൽ വച്ചേശുദേവൻ താൻ മറുരൂപംധരിച്ചപ്പോൾ
ശതകോടിക്കതിരവസമനായി പ്രശോഭിച്ചു.
ഗുരുവിൻ നിസ്തുലദേവപ്രതിഭാ വൈഭവം കണ്ടും
വരഭാഷ്യം സ്വദിച്ചും തൻ തിരുശിഷ്യർ മുദിതരായ്
ഗുരുവേ! നാഥ! നാമിങ്ങു മരുവേണമിവിടത്തിൽ
ത്വരിതം ഞങ്ങളോ മൂന്നുഭവനങ്ങൾ ചമച്ചീടാം
ഒന്നീശോഭവാനൊന്നു മോശക്കേലിയായ്ക്കൊന്നു
നന്നെന്നീയടിയാർക്കു തോന്നുന്നു ഭഗവാനെ
എന്നെല്ലാം പറഞ്ഞുവരുന്നതസുഖം പൂണ്ടാ-
രക്കുന്നിൽ തിരുനാമമിക്കുന്നിനരുളിയോ-
രുന്നതമഹാദിവ്യ വന്ദ്യനാം ദീവന്യാസ്യോസ്
തന്നുടെ തിരുനാമമെന്നന്നേക്കുമായ് വെൽക
മൂന്നു മൂർത്തികൾ വാഴും വന്ദ്യപാവനഹർമ്മ്യേ
മൂന്നു ലോകവും കൂപ്പും പാവന വിഹാരത്തിൽ
മൂന്നു ലോകവും ദിവ്യകാന്തികൾ ചൊരിയുന്നോ-
രെന്നോമൽ തിരുമേനിയെന്നും വാണരുളുന്നു
ഇക്കുന്നിൽ മഹാദേവശക്തികൾചൊരിയുന്നു
ഇക്കുന്നിൽ കൂടി മുക്തിമാർഗ്ഗവും തെളിയുന്നു
ഇക്കുന്നിൽ വച്ചു ദൈവസാമീപ്യമധികമായ്
ചൊൽക്കൊണ്ട വരസിദ്ധൻ മറുരൂപം ധരിക്കുന്നു
ഇവിടെ സിമ്നാരിപോലെ പലരും മോദമായ് വന്നു
സുവിശേഷാദികൾ ചിന്തിച്ചതിഭക്ത്യാവസിക്കുന്നു.
ചെറുതായുള്ളൊരു സ്കൂളുണ്ടരികെയായതിലല്ലോ
രവിവാരേ പഠിക്കുന്നു ചെറുബാലർ മതഗ്രന്ഥം
ഇവയെല്ലാം വഴിപോലെയിവിടെത്താൻ നടത്തുന്നു
ഭവ താപ ഹരൻ വന്ദ്യൻ സുകൃതി നിർമ്മലാനന്ദൻ
ഒരു മൂലധനമില്ല തനതു സമ്പാദ്യമില്ല
പലർ സംഭാവന ചെയ്തിട്ടിവയെല്ലാം നടക്കുന്നു
നശിക്കാത്തധനം വായ്ക്കും വിശുദ്ധസ്ഥാപനത്തിന്നായ്
കൊടുക്കും കാശൊരിക്കലും പാഴായിബ്ഭവിക്കില്ല
മണിമേട മതിമുഖിമണിതൻ പുഞ്ചിരിക്കൊഞ്ചൽ
ധനവും നാസ്തിയാം സർവമണയും മൃത്യുവും വേഗം
സുഗുണങ്ങൾ നിലനിൽക്കും ഭൂവി വിജ്ഞാനമാം ദീപ-

മണയാതെ ജനത്തിന്റെ മനമെല്ലാം തെളിയിക്കു-
മതിന്നായി പ്രയത്നിപ്പോൻ മതിമാൻ ഭൂതലേവന്ദ്യ-
നവനല്ലോ ഭൂവിജന്മം സഫലമായ് ഭവിച്ചവൻ
ദയറാ ദേവാലയങ്ങൾക്കതിയത്നം ചെയ്ത മാന്യ-
ഗുണനിധികളേ! നിങ്ങൾ സുകൃതികൾ വിജയിപ്പിൻ
ഇനിയും നിങ്ങളിപ്പൊത്തൻ പുറമത്യുന്നതമായി
സുരലോകം വരെയെത്താനുരു യത്നം തുടരേണം

**മട്ടുമാറി**

ഒരായിരത്തിയൊരുനൂറ്റിനാലിലെ-
ച്ചാരുവാം കുംഭമാസത്തിൽ നാലാം ദിനം
സുപ്രഭകോലും മുഖംമിനുക്കിക്കൊണ്ടു
സുപ്രഭാതം പൂർവദിങ്നാരി ചൊൽകവെ
പൂങ്കോഴി പൂങ്കുയിലാടി വൈതാളിക-
സംഘം സ്തുതി പരഗാനം തുടങ്ങവെ
വഞ്ചിനാട്ടിന്നു നികുഞ്ജമായ് വാനവ-
രഞ്ചുന്ന വെൺമല നന്ദനവാടിയിൽ
പൂർവിക നസ്രാണിമാർക്കുള്ള പേരെഴും
ഭദ്രാസനത്തിന്നധിഷ്ഠാനമാകുന്ന
കോട്ടയം പട്ടണത്തിന്റെ യലങ്കാര-
സൌഷ്ഠവപുഷ്ടിയുമുത്സാഹവും കണ്ടു
പൂർവാചലേ നിന്നു പൊങ്ങി വരുന്നൊരു
സൂര്യദേവൻ തെല്ലു വിസ്മയിച്ചീടിനാൻ
മുമ്പെങ്ങുമീവിധം കണ്ടിട്ടുമില്ലിനി-
ക്കാണുവാനും പണിയെന്നു കരുതിയോ
പൊങ്കതിർബ്ഭണ്ഡാരധാമം തുറന്നുടൻ
ചെങ്കതിർ തൂകിത്തെളിഞ്ഞു നിന്നൂ രവി.
മാലേതു മേശാതെ മാതൃസഭാപരി-
പാലനം ചെയ്ത പുലിക്കോട്ടുമെത്രാച്ചൻ
വന്ദ്യമാർ ദീവന്യാസ്യോസു തിരുമേനി
തന്നുടെ പാവനനാമം വഹിക്കുന്ന
വിദ്യാനികേതനം വിജ്ഞാനമന്ദിരം
സദൃശസ്സേറുന്നൊരെംഡി സിമ്നാരിയും
കൈരളീപോഷണം കൊണ്ടു സൽക്കീർത്തിയെ-
ക്കേരളമാകെപ്പരത്തിയ കേമനാം
പേരെഴും വർഗ്ഗീസു മാപ്പിള തന്നുടെ
ലാളനയേറ്റു വളർന്നു നൽ കൈരളീ-

പത്ര ലോകത്തിനു മാതൃകയായിട്ടു
ചിത്രവൃത്താന്തവിതരണം ചെയ്തുനൽ
ചൈതന്യമേറിലസിക്കും മനോരമ-
പ്പത്രമടിക്കുന്ന മുദ്രാലയങ്ങളും
മാലാഖമാരും വണങ്ങി സ്തുതിച്ചീടു-
മേലിയാച്ചാപ്പലാം ദേവാലയമതും-
ചേർന്നുമനോഹരമായി വിളങ്ങുന്ന
വിസ്തീർണ്ണമൈതാന മദ്ധ്യേപരപ്പതിൽ
വിണ്ടലത്തോളമുയർത്തി മഹാമണി
മണ്ഡപമൊന്നു ചമച്ചവിലാസമായ്
മൂന്നുനിലയുള്ള വിസ്തൃതപ്പന്തലോ
മൂന്നുലോകത്തിനും സാമ്യം വഹിക്കുന്നു.
മൂർത്തികൾ മൂന്നിനു മൊത്തുവസിക്കുവാ-
നോർത്തു ചമച്ചതോ പാർക്കിലീപ്പന്തലും
ആനന്ദദായകം നന്ദനമന്ദാര
സൂനങ്ങളോ ചെറുമ്പങ്ങൾ പറക്കയോ
വാനത്തിലേറിക്കളിക്കും കൊടിക്കൂറ
മാനുഷർക്കോരോ വികാരം ജനിപ്പിച്ചു.
അപ്പോസ്ഥലനാൽ സ്ഥാപിതമെന്നാ-
ണന്തോഖ്യസഭക്കുള്ളൊരു മെച്ചം
തോമ്മാശ്ലീഹാ സ്ഥാപിച്ചുള്ളൊരു
നമ്മുടെ സഭയിൽ കാതോലിക്കാ-
വാഴ്ചക്കൊരു വിധ വീഴ്ചയുമില്ല പു-
കഴ്ചക്കോ പല മാർഗ്ഗവുമുണ്ടു.

ഇന്നു മലങ്കരസഭയുടെ മഹിമ-
ക്കുന്നതമായൊരു കീർത്തികലർന്നു
കാഴ്ചകളെല്ലാം കാതോലിക്കാ-
വാഴ്ചക്കുള്ളൊരൊരുക്കം തന്നെ
മെത്രാച്ചന്മാർ മേൽപട്ടക്കാ-
രൊത്തു നിരന്നിഹ മണ്ഡപമദ്ധ്യേ
കാതോലിക്കായായി ബസേല്യോസ്
തിരുമേനിയെയും വാഴിച്ചപ്പോൾ
കതിരവതുല്യം കാന്തി പൊഴിക്കും
തിരുമേനിമുഖ ദർശനമൂലം
സംഭ്രമമേന്തിന കതിരവനംബര-
മദ്ധ്യേ നിന്നു മിഴിച്ചു തുടങ്ങി

വാനവരെല്ലാമാകാശേനി–
ന്നാനന്ദത്തൊടു ഗീതം പാടി
പാദപവൃന്ദം പൂക്കളുതിർത്തീ–
പ്പുണ്യശ്ലോകനു കാഴ്ചകൾ വച്ചു.
അമ്പൊടു പിറ്റേദിവസം നമ്മുടെ
പാമ്പാടിയിലെ റമ്പാച്ചനെയും
കോട്ടയമിടവക മെത്രാനായി–
ക്കോട്ടമകന്നഥ വാഴിച്ചല്ലോ
ഗ്രീഗോറിയോസഭിധാനമണഞ്ഞീ–
യോഗിവരൻ പരിചോടു വിളങ്ങി
കാണികളെല്ലാം നിശ്ചലരായി–
പ്പാണികൾ കൂപ്പിശ്ശീർഷം താഴ്ത്തി
വാനവർ ഗീതം കേട്ടു ജനങ്ങൾ
മാനംനോക്കി ദ്ദൃഷ്ടിയുയർത്തി
മെത്രാൻ സ്ഥാനം വാഞ്ഛിച്ചല്ലധ–
രിത്രിയിലൊന്നും കാംക്ഷിച്ചല്ലാ
സഭയുടെ ഭരണാധിപബഹുമാന
പ്രാഭവമൊന്നും ചിന്തിച്ചല്ല
ഗുരുവിൻ കല്പന ലംഘിപ്പാനോ
പലരുടെയർത്ഥന നിരസിപ്പാനോ
കഴിവില്ലാഞ്ഞു കുഴഞ്ഞിട്ടാണീ–
വഴിയിൽ ചിത്തമുറച്ചതു സത്യം

സിമ്നാരി തന്നിലേക്കുണ്ടായയാത്ര ഞാ
നെമ്മാതിരിക്കിന്നു വിസ്തരിച്ചീടുന്നു
എട്ടാശ ഞെട്ടും കതിന വെടികളും
മോട്ടോർകാർ ബസ്സുകൾ കൂട്ടവുമൊട്ടല്ല.
തോരണജാലം പനങ്കരയ്ക്കുമീന്തലും
ചേരും തെരുവീഥിപാരം മനോഹരം
മുത്തുക്കുട കുലവാഴ കൊടിമര
മൊത്തു നിരത്തി നിരത്തുകളൊക്കയും
പട്ടണമൊക്കെയലങ്കരിച്ചു കട
പൂട്ടിഭവനമുഖങ്ങളിൽ നാരിമാർ
കത്തിച്ചുനല്ല നിലവിളക്കുംവച്ചു
നാലു വന്ദ്യതിരുമേനിമാരുമൊരു
ചേലെഴും ബോട്ടുമോട്ടോറിന്റെ മേൽത്തട്ടി
ലേറിയനവധിപട്ടക്കാർമുമ്പിലും

നൂറുനൂറായഹോ കാറുകൾപിമ്പിലും
മന്ദമന്ദംഗമിച്ചെന്തുജനങ്ങളാ
ണെന്തൊരുഘോഷമാണെന്തുപറയേണ്ടൂ.

സഭയുടയ നിടലമണിസിമ്മനാരീതല
മാനന്ദമോടെ വരിച്ചുതൻനാഥനെ
കുട തഴകളാലവട്ടങ്ങൾ ചലിക്കവെ
കൊടികൾ പതിനായിരം കൂടിപ്പറക്കവെ
പടഹമൊടുതകിൽ വെടികൾ പൊടാപൊടിതകർക്കവെ
പട്ടണംതെല്ലൊന്നിളകീമറിഞ്ഞുപോൽ
പരിജനനിഷേവിതരായ്ത്തിരുമേനിമാർ
തിരുമഹിമയോടെഴുന്നള്ളിടുന്നേരത്തു
കനകമണീരജതമായകുരിശുകളനേകങ്ങൾ
കാട്ടുന്നുകന്യകാപുത്രന്റെ വൈഭവം
തെരുവുകൾ ജനപ്രവാഹത്താൽകവിഞ്ഞിതേ

സിമ്നാരീതലമാകെ ജനങ്ങൾ
വന്നു നിറഞ്ഞു നിരന്നുകഴിഞ്ഞു
ഇന്നുത്തെദ്ദിനമിങ്ങിനിവരുമോ
യെന്നുപറഞ്ഞാരവരിൽ പലരും
കൂനൻകുരിശിൽ സത്യംചെയ്തി-
ട്ടൂനം വിട്ടുവസിക്കും സഭയുടെ
ചരിതംതങ്കമഷിക്കെഴുതേണ്ടും
ചരിതം ചേർന്നൊരുദിനമീ സുദിനം
ഉണ്മയെഴുന്നൊരുബാവാതിരുവടി
നന്മനിറഞ്ഞൊരു നമ്മുടെമെത്രാ-
നിരുവരുമൊത്തിഹപാമ്പാടിക്കായ്
പിറ്റേവാരമെഴുന്നള്ളിപ്പുരു
ഘോഷം ചേർന്നൊരു യാത്രാവർണ്ണന
ശേഷനുപോലും ശേഷികുറയ്ക്കും
പാമ്പാടിക്കാരാകെയിറങ്ങി
വമ്പേറും കരയൊന്നുകുലുങ്ങി
'നടയോനടനട വിളിയും പൊങ്ങി-
ച്ചടചടെയിടെയിടെ വെടികൾ മുഴങ്ങി
താബോർഗ്ഗിരിവരനൊന്നുതെളിഞ്ഞു
സാമോദം ജനമങ്ങുനിറഞ്ഞു
സ്ഥാനാരോഹണകർമ്മമറിഞ്ഞഥ

നാനാജാതികളവിടെയണഞ്ഞു
പീലക്സിനോസാഖ്യയെഴുന്ന സു
ശീലനു മെത്രാപ്പട്ടം നൽകാൻ
പരുമലയെത്തിസ്സഹകരണം ചെ
യ്തുരുഗുണവാരിധി മമഗുരുനാഥൻ

വമ്പെഴുമിടവകയുടെ പലവിധ ഭംഗികലർന്നുലസിക്കും
പൊൽപദമേറ്റതിനാലതി പരിശുദ്ധതയാണ്ടു വസിക്കും
അമ്പേറും പാണിവിലാസവിഭൂതമാർന്ന വിഹാരം
പാമ്പാടിപ്പള്ളിയതെന്നു പുകഴ്ത്തി വരുന്നിഹലോകം
ചൊല്പ്പൊങ്ങും തിരുസഭ മർക്കട മുഷ്ടിയതാലേ
അല്പേതര ദുരിതമഹാബ്ധിയിൽ വീണുഴലുന്നൊരു കാല
പള്ളികളുടെ വാതിലടച്ചതിലപ്പടി മുദ്ര പതിഞ്ഞു
ഉള്ളകമതിലുള്ള വിളക്കുകളങ്ങനെ മങ്ങിയണഞ്ഞു
തമ്മിൽ കലഹിച്ചവർ ചിത്തമിണങ്ങിയണഞ്ഞുവണങ്ങി
സാമോദം കൈകളെമുത്തിയനുഗ്രഹമമ്പൊടുവാങ്ങി
പാമ്പാടിപ്പള്ളിയതിന്നുടെയുള്ളിലണഞ്ഞദശായാം
കുമ്പിടുമന്മേനികൾ വൈദികരാം ജനസംഘമശേഷം
പ്രാർത്ഥന കുർബാനകളപ്പരിശുദ്ധമഹത്വവിഹാരേ
കർത്താവിൻതിരുനാമത്തിലണച്ചതിരുഭക്തിസമേതം
അൻപേറുന്നൊരുതിരുമൊഴിമാനസഭക്തി പകർന്നു

പാമ്പുംഫണമങ്ങുനിവർത്തുരസത്തൊടു നൃത്തവുമാടി
ഇങ്ങനെയവിടം വിരണ്ടല തുല്യമതായി ഭവിച്ചു.
മംഗളകരനിത്തിരുമേനിയനന്തരമാശ്രമമാർന്നു.
ഗിരിവരവാസം ചെയ്യും യതിവര-
നുരുതരകാന്തികളേബരധാരീ
വരഗുണവാരിധി ഭക്തശിരോമണി

നരഗണമാനസ പൂജിത ചരണൻ
തന്നുടെ ഭരണം കൊണ്ടീസഭയിൽ
നന്മവരാൻ വരമരുളുക ദേവ!
ഭാവിയിലീസഭ താബോർഗിരിയുടെ
താഴ്‌വര നോക്കി വസിച്ചീടട്ടെ
സ്നേഹം ഭക്തികലർന്നോരുറവകൾ
ദാഹം പോക്കാനിടയാകട്ടെ.



# ദളം 7

# ജീവിതം: കാലാനുക്രമണിക

# പ. പാമ്പാടി തിരുമേനി കാലാനുക്രമണിക

## പ്രൊഫ. വിപിൻ കെ. വർഗീസ്

1885 ഏപ്രിൽ 5 ഞായർ (1060 മീനം 24) – പാമ്പാടിയിലെ കരിങ്ങണാമറ്റം കുടുംബത്തിന്റെ മൂലക്കര ശാഖയിൽ പേഴമറ്റത്ത് ചാക്കോയുടെയും വെള്ളൂർ വെള്ളക്കോട്ടു കുടുംബത്തിലെ ഇളച്ചിയുടെയും അഞ്ചാമത്തെ സന്താനമായി ജനിച്ചു.

1899 ഫെബ്രുവരി 5 ഞായർ – കോട്ടയം, അങ്കമാലി ഇടവകകളുടെ കടവിൽ പൗലോസ് മാർ അത്താനാസ്യോസ് പാമ്പാടി വലിയപള്ളിയിൽ വച്ചു കോറൂയോ പട്ടം നൽകി.

1906 ജൂലൈ 28 ശനി – മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് (പിന്നീട് ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ) പാമ്പാടി സെന്റ് ജോൺസ് വലിയപള്ളിയിൽ വച്ച് കശ്ശീശാ പട്ടം നൽകി.

1906 ജൂലൈ 29 ഞായർ – മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് (പിന്നീട് ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ) പാമ്പാടി സെന്റ് ജോൺസ് വലിയപള്ളിയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി.

1906 ജൂലൈ 30 തിങ്കൾ – കുറിയാക്കോസ് റമ്പാൻ പാമ്പാടി സെന്റ് ജോൺസ് വലിയപള്ളിയിൽ പുത്തൻ കുർബ്ബാന അർപ്പിച്ചു.

1911 ഓഗസ്റ്റ് 31 (1087 ചിങ്ങം 15 വ്യാഴം) – പൊത്തമ്പുറംകുന്ന് മഠത്തിൽ രാമൻപിള്ള ആശാനിൽ നിന്നും തീറു വാങ്ങി.

1911 സെപ്റ്റംബർ 7 – കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വാകത്താനം കാരുചിറ ഗീവർഗീസ് റമ്പാൻ (രണ്ടാം കാതോലിക്കാ), കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (മൂന്നാം കാതോലിക്കാ) എന്നിവരോടൊപ്പം കുറിയാക്കോസ് റമ്പാനെ മേല്പട്ടസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തു.

1911 സെപ്റ്റംബർ 12 – ദയറാ കെട്ടിടങ്ങൾക്കും കിണറിനും സ്ഥലം കണ്ടു.

1911 ഒക്ടോബർ 14 (1087 കന്നി 28) – മുറിമറ്റത്തിൽ മാർ ഈവാനി

യോസിനൊപ്പം പ. അബ്ദുള്ളാ പാത്രിയർക്കീസ് ബാവായെ ആലുവായിൽ ചെന്ന് സന്ദർശിച്ചു. ശീമ റമ്പാന്മാർക്കായി കൊണ്ടുപോയിരുന്ന ഇടക്കെട്ടുകളിൽ ഒന്ന് മുറിമറ്റത്തിൽ തിരുമേനിയുടെ നിർദ്ദേശാനുസരണം പാത്രിയർക്കീസിനു സമർപ്പിച്ചു.

1911 ഒക്ടോബർ 19 (1087 തുലാം 3) – പഴയസെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു.

1914 മെയ് 21 (1089 ഇടവം 8) – പൊത്തമ്പുറത്തു വാങ്ങിയ സ്ഥലത്ത് കിണറു കുഴിക്കാൻ തുടങ്ങി. ഇടവം 31–നു (1914 ജൂൺ 6) കിണറ്റിൽ വെള്ളം കണ്ടു.

1914 മെയ് 25 – കെട്ടിടം പണി തുടങ്ങി.

1914 ജൂൺ 7 (1089 ഇടവം 25) – പൊത്തമ്പുറത്ത് താൽക്കാലികമായി ഒരു കുടിൽ കെട്ടി അതിൽ കുറിയാക്കോസ് റമ്പാൻ താമസം ആരംഭിച്ചു.

1914 ജൂൺ 15 (1089 മിഥുനം 1) – പൊത്തൻപുറത്ത് ആദ്യമായി രാത്രിയിൽ താമസിച്ചു.

1914 ജൂലൈ 28 – ദയറാ ശിലാസ്ഥാപനം. ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാരും കുറിയാക്കോസ് റമ്പാനും.

1914 ഓഗസ്റ്റ് 29 (1090 ചിങ്ങം 13) – ദയറായ്ക്കു ഉത്തരം വെച്ചു കഴുക്കോൽ പിടിപ്പിച്ചു.

1914 ഒക്ടോബർ 26 (1090 തുലാം 10) – റമ്പാച്ചൻ ദയറായിൽ താമസം തുടങ്ങി.

1915 ജനുവരി 28 – ദയറായിൽ ആദ്യമായി കുറിയാക്കോസ് റമ്പാൻ വി. കുർബ്ബാന അർപ്പിച്ചു.

1915 ഏപ്രിൽ 26 (1090 മേടം 13) – വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് ദയറാ സന്ദർശിച്ചു. അദ്ദേഹത്തിന് സ്വീകരണവും മംഗളപത്രവും നൽകി. ദയറായെ 'താബോർ ദയറാ' എന്ന് മെത്രാപ്പോലീത്താ നാമകരണം ചെയ്തു.

1915 ജൂലൈ 2 (1090 മിഥുനം 18) – വെള്ളൂർ കാരിക്കാമറ്റത്ത് ഉപ്പൂട്ടിൽ കുടുംബത്തിൽപ്പെട്ട തോമസ് (പൊട്ടൻ) കുറിയാക്കോസ് റമ്പാന്റെ സേവകനായി ദയറായിൽ വന്നു.

1916 ഏപ്രിൽ 13 – പടിഞ്ഞാറേക്കര മത്തായി ദയറായിൽ സേവക

നായി വന്നു. സമീപപ്രദേശങ്ങളിൽ നിന്നും പിടിയരി ശേഖരിക്കുകയായി രുന്നു മത്തായിയുടെ ജോലി.

1920 മെയ് 28 – കണ്ടനാട് ഭദ്രാസനത്തിന്റെ യൂയാക്കീം മാർ ഈവാ നിയോസ് മെത്രാപ്പോലീത്താ ദയറാപള്ളിയുടെ ശിലാസ്ഥാപനം നടത്തി.

1923 സെപ്റ്റംബർ 27 – പള്ളി മുഖവാരത്തിന്റെ മുകളിൽ കുരിശ് സ്ഥാപിച്ചു.

1925 ജനുവരി 19, 20 – വട്ടശ്ശേരിൽ പ. ഗീവറുഗീസ് മാർ ദീവന്നാ സ്യോസ്, വള്ളിക്കാട്ട് ഗീവറുഗീസ് മാർ പീലക്സിനോസ് (പ. ബസേലി യോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ) എന്നീ മെത്രാപ്പോലീത്ത ന്മാർ ചേർന്ന് ദയറാപള്ളി കൂദാശ നടത്തി.

1925 ഏപ്രിൽ 30 – രണ്ടാം കാതോലിക്കായെ വാഴിച്ചതിനു ശേഷം നിരണം വലിയപള്ളിയിൽ കൂടിയ മഹായോഗം കുറിയാക്കോസ് റമ്പാനെ മേല്പട്ടസ്ഥാനത്തേയ്ക്ക് രണ്ടാമതും തിരഞ്ഞെടുത്തു.

1929 ഫെബ്രുവരി 13 – വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാ സ്യോസ് തിരുമേനി, പ. ബസേലിയോസ് പൗലൂസ് പ്രഥമൻ കാതോലി ക്കായുടെ കുരിശും മാലയും കുറിയാക്കോസ് റമ്പാന് നൽകി.

1929 ഫെബ്രുവരി 16 – പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോട്ടയം എം.ഡി. സെമിനാരി ചാപ്പലിൽ (ഏലിയാ കത്തീഡ്രൽ) വച്ച് കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് എന്ന നാമ ത്തിൽ എപ്പിസ്കോപ്പായായി വാഴിച്ചു. യാക്കോബ് മാർ തെയോഫി ലോസും കൂടെ വാഴിക്കപ്പെട്ടു,

1929 ഫെബ്രുവരി 20 – എപ്പിസ്കോപ്പാ സ്ഥാനമേറ്റ ശേഷം ആദ്യ കുർബ്ബാന പഴയസെമിനാരിയിൽ.

1929 ഫെബ്രുവരി 23 – എപ്പിസ്കോപ്പാ സ്ഥാനമേറ്റ ശേഷം ദയറാ യിൽ ആദ്യ കുർബ്ബാന.

1929 ഫെബ്രുവരി 28 – പാമ്പാടിയിൽ ഇംഗ്ലീഷ് സ്കൂളിന്റെ ശിലാ സ്ഥാപനം.

1929 മാർച്ച് 7 – ദയറായിൽ വച്ച് ചെറിയമഠത്തിൽ അന്ത്രയോസ് കത്ത നാരുടെ പുത്രൻ യാക്കോബ് ശെമ്മാശന് കത്തനാരുപട്ടം കൊടുത്തു. ആദ്യമായി നടത്തിയ പട്ടംകൊട.

1929 മാർച്ച് 10 – പാറയ്ക്കൽ പള്ളി. പാറയ്ക്കൽ കുറിയാക്കോസിനു പട്ടം കൊടുത്തു.

1929 ഏപ്രിൽ 7 – വാകത്താനം വലിയപള്ളി. മാളികയിൽ കോരയ്ക്ക് പട്ടം കൊടുത്തു (പിന്നീട് എം. സി. കുറിയാക്കോസ് റമ്പാൻ).

1929 മെയ് 20 – പാമ്പാടിയിൽ ഇംഗ്ലീഷ് സ്കൂൾ ഉദ്ഘാടനം ചെയ്തു.

1929 നവംബർ 19 – ആംഗ്ലിക്കൻ ബിഷപ്പ് മൂർ ദയറാ സന്ദർശിച്ചു.

1929 ഡിസംബർ 6 – കോട്ടയം ടി.ബി. യിൽ വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായോടും പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായോടുമൊപ്പം വൈസ്രോയിയെ സന്ദർശിച്ചു.

1929 ഡിസംബർ 8 – പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുവനന്തപുരം സുറിയാനി പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. വി. കുർബ്ബാന കാണാനെത്തിയ വൈസ്രോയിയേയും പത്നിയേയും ബാവാ തിരുമേനിയോടൊപ്പം സ്വീകരിച്ചു.

1929 ഡിസംബർ 10 – ചിങ്ങവനം പള്ളിയിലെത്തി മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ (ക്നാനായ ഭദ്രാസനം) കണ്ടു.

1930 മാർച്ച് 1 – ബഥനി മെത്രാന്മാർ ഇടവകകളിൽ പള്ളി വയ്ക്കരുതെന്നുള്ള പൊതു കല്പനയിൽ ബാവായോടും വട്ടശ്ശേരിൽ തിരുമേനിയോടുമൊപ്പം ഒപ്പു വച്ചു.

1930 ഏപ്രിൽ 7 – മാളികയിൽ കുറിയാക്കോസ് ശെമ്മാശന് (പിന്നീട് എം. സി. കുറിയാക്കോസ് റമ്പാൻ) പൂർണ്ണ ശെമ്മാശുപട്ടം.

1930 മെയ് 20 – പീരുമേട്ടിൽ റീജന്റ് റാണിയെ സന്ദർശിച്ചു.

1930 ജൂലൈ 16 – കടമ്പനാട് ഹോറേബ് ദയറായുടേയും പള്ളി മദ്ബഹായുടേയും കല്ലിടീൽ നടത്തി.

1930 ആഗസ്റ്റ് 3 – പുറകുളത്ത് ഈപ്പന് (പിന്നീട് ഈപ്പൻ കോറെപ്പിസ്ക്കോപ്പാ. വടക്കൻമണ്ണൂർ പള്ളിയിൽ ദീർഘകാലം വികാരിയായിരുന്നു) കോറൂയോ പട്ടം കൊടുത്തു.

1930 നവംബർ 3 തിങ്കൾ, പരുമലപെരുന്നാൾ – പരുമലപ്പള്ളിയിൽ ഗീവർഗീസ് മാർ പീലക്സിനോസ് (പുത്തൻകാവ്) എപ്പിസ്കോപ്പായെ വാഴിക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു.

1930 ഡിസംബർ 7 – മാളികയിൽ ശെമ്മാശന് (പിന്നീട് എം. സി. കുറിയാക്കോസ് റമ്പാൻ) കത്തനാരുപട്ടം കൊടുത്തു.

1931 ജനുവരി 17 – പാമ്പാടി തിരുമേനിയെക്കുറിച്ചുള്ള ആദ്യ ഗ്രന്ഥമായ

വിദ്വാൻ വി. റ്റി. ഐപ്പ് രചിച്ച 'താബോർ ഗിരിയിലെ യതിവര്യൻ' എന്ന തുള്ളൽ കൃതി പ്രസിദ്ധീകരിച്ചു.

1931 ഫെബ്രുവരി 2 – തിരുവിതാംകൂർ ദിവാൻ പി. എം. സുബ്രഹ്മണ്യരുടെ അദ്ധ്യക്ഷതയിൽ എം.ഡി. സെമിനാരിയിൽ കൂടിയ യോഗത്തിൽ വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായോടൊപ്പം സംബന്ധിച്ചു.

1931 മാർച്ച് 5 – പഴയസെമിനാരിയിൽ വച്ച് ആംഗ്ലിക്കൻ ബിഷപ്പുമാരായ ഗോർ, മൂർ എന്നിവരുമായി വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ് എന്നിവരോടൊപ്പം കൂടിക്കാഴ്ച നടത്തി.

1931 മെയ് 25 – തെക്കൻ പാമ്പാടിയിൽ ഗേൾസ് സ്കൂൾ ഉദ്ഘാടനം ചെയ്തു.

1931 നവംബർ 15 – വാകത്താനം പുന്നശ്ശേരി ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1931 നവംബർ 29 – പുന്നശേരി ശെമ്മാശന് കത്തനാർ പട്ടവും അഞ്ചേരി വടക്കുംപാടത്ത് ഇട്ടിക്ക് (പിന്നീട് കോറെപ്പിസ്ക്കോപ്പാ. ദീർഘകാലം പരിയാരം സെന്റ് പീറ്റേഴ്സ് പള്ളി വികാരിയായിരുന്നു.) കോറൂയോ പട്ടവും കൊടുത്തു.

1932 മാർച്ച് 5 – തിരുവനന്തപുരത്ത് വച്ച് ദിവാൻ ഓസ്റ്റിനുമായി വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ് എന്നിവരോടൊപ്പം കൂടിക്കാഴ്ച നടത്തി.

1932 ഏപ്രിൽ 9 – പഴയസെമിനാരിയിൽ ദിവാൻ ഓസ്റ്റിനെ സന്ദർശിച്ചു.

1932 ഏപ്രിൽ 10 – കാനം ശെമ്മാശൻ, കുറിയാക്കോസ് ശെമ്മാശൻ, സ്കറിയാ ശെമ്മാശൻ, ഫിലിപ്പോസ് ശെമ്മാശൻ ഇവർക്ക് യൗപദിയക്കിനോ പട്ടം കൊടുത്തു.

1932 ഏപ്രിൽ 22 – വി. മൂറോൻ കൂദാശയിൽ സഹകാർമ്മികത്വം വഹിച്ചു.

1932 ഡിസംബർ 25 – കാനം ശെമ്മാശന് കത്തനാരുപട്ടം നൽകി.

1933 ജനുവരി 26 – കോത്തല പള്ളി സ്ഥാപിക്കുകയും ആദ്യമായി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

1933 മാർച്ച് 12 – കാരുചിറ യാക്കോബ് ശെമ്മാശന് (പിന്നീട് റമ്പാൻ) കശീശാപട്ടം കൊടുത്തു.

1933 മാർച്ച് 22 – പേഴമറ്റം കുറിയാക്കോസ് ശെമ്മാശന് (പാമ്പാടി തിരുമേനിയുടെ സഹോദരപുത്രൻ) പൂർണ്ണശെമ്മാശുപട്ടം നൽകി.

1933 ഏപ്രിൽ 7 – പേഴമറ്റം കുറിയാക്കോസ് ശെമ്മാശന് കശീശാ പട്ടം നൽകി.

1933 ഏപ്രിൽ 28 – മുറിമറ്റത്ത് ശെമ്മാശനു (മുറിമറ്റത്തിൽ പൗലോസ് പ്രഥമൻ ബാവായുടെ സഹോദരപുത്രൻ) പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1933 മെയ് 1 – മഞ്ഞനിക്കര ദയറാ സന്ദർശിച്ചു.

1933 മെയ് 25 വ്യാഴം, സ്വർഗ്ഗാരോഹണപെരുന്നാൾ – തിരുവല്ല ബഥനിപ്പള്ളിയിൽ വച്ച് ജോസഫ് മാർ സേവേറിയോസ് (വാളക്കുഴി) എപ്പിസ്കോപ്പായെ വാഴിക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു.

1933 ജൂൺ 4 – ഒറ്റപ്ലാക്കൽ ഒ. ജെ. മോസസിന് കോറൂയോപട്ടം കൊടുത്തു.

1933 ആഗസ്റ്റ് 28 – പന്തനാലിൽ തൊമ്മിക്ക് കോറൂയോപട്ടം കൊടുത്തു.

1933 നവംബർ 27 – ഒന്നാം കാതോലിക്കായുടെ കുരിശും മാലയും വാളക്കുഴി മാർ സേവേറിയോസ് മെത്രാന് നൽകി.

1933 ഡിസംബർ 7 (വൃശ്ചികം 22) – തോട്ടയ്ക്കാട് പ്ലാപ്പറമ്പിൽ കെ. കെ. ജോർജ്ജിനും തോട്ടയ്ക്കാട് കൈതളാവിൽ കെ. എം. ജേക്കബിനും ശെമ്മാശുപട്ടം കൊടുത്തു.

1933 ഡിസംബർ 11 – മണ്ണൂപ്പറമ്പിൽ ജേക്കബിനു ശെമ്മാശുപട്ടം.

1934 ഫെബ്രുവരി 23, 24 – പ. വട്ടശ്ശേരിൽ തിരുമേനിയുടെ കബറടക്കത്തിൽ പങ്കെടുത്തു.

1934 ജൂൺ 1 – പഴയസെമിനാരി. സ്വർണ്ണ വെള്ളിയാഴ്ച. പാമ്പാടി തിരുമേനി, വാളക്കുഴി മാർ സേവേറിയോസ്, പുത്തൻകാവിൽ മാർ പീലക്സിനോസ് എന്നിവർക്ക് പ. ഗീവറുഗീസ് രണ്ടാമൻ ബാവാ 'മെത്രാപ്പോലീത്താ സ്ഥാനം' നൽകി.

1934 ഒക്ടോബർ 11 – പ. ഗീവറുഗീസ് രണ്ടാമൻ ബാവായോടൊപ്പം തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ എത്തി ഇടവകപ്പട്ടക്കാരായ വലിയമണ്ണിൽ യോഹന്നാൻ കത്തനാർ, പുത്തേട്ടുകടുപ്പിൽ പി. എം.

പീലിപ്പോസ് കത്തനാർ എന്നിവർ തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ച് ഇടവകയിൽ സമാധാനം സ്ഥാപിച്ചു.

1934 ഡിസംബർ 26 – കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന മല ങ്കര അസോസിയേഷനിൽ പങ്കെടുത്തു.

1935 ഫെബ്രുവരി 11 (മകരം 29) – പ്ലേഗ് ബാധയറിഞ്ഞ് പ. ഗീവറു ഗീസ് രണ്ടാമൻ ബാവായുടെ കല്പനപ്രകാരം പാമ്പാടി ദയറായിൽ നിന്ന് കുന്നംകുളത്തേക്കു പുറപ്പെട്ടു. സന്ധ്യയ്ക്ക് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ താമസിച്ചു.

1935 ഫെബ്രുവരി 12 (മകരം 30) – പ്ലേഗ് ബാധയറിഞ്ഞ് കുന്നംകുള ത്തെത്തി. കുന്നംകുളം പഴയ പള്ളിയിലേക്കു പോയി.

1935 ഫെബ്രുവരി 13 (കുംഭം 1) – കുംഭം രണ്ടാം തീയതി മുതൽ മൂന്ന് ദിവസത്തേക്കു കുന്നംകുളത്ത് പ്രത്യേക നോമ്പിന് തിരുമേനി ആഹ്വാനം ചെയ്തു.

1935 ഫെബ്രുവരി 16 (കുംഭം 4 ശനി) – രാവിലെ വി. കുർബ്ബാനയ്ക്കു ശേഷമേ കടകൾ തുറക്കാവൂ എന്ന തിരുമേനിയുടെ ആഹ്വാനപ്രകാരം കുന്നംകുളം കമ്പോളത്തിലെ കടകൾ രാവിലെ ഒമ്പതു മണി വരെ തുറ ന്നില്ല.

1935 ഫെബ്രുവരി 23 (കുംഭം 11) – വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒന്നാം ഓർമ്മപ്പെരുന്നാൾ ദിനം. തിരുമേനി വി. കുർബ്ബാന അർപ്പിച്ചു.

1935 ഫെബ്രുവരി 24 (കുംഭം 12) – തിരുമേനി കുന്നംകുളം പുത്തൻ പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. എം.ജി.എം. സണ്ടേസ്കൂൾ കുട്ടി കളുടെ സമ്മാനദാനം നിർവഹിച്ചു.

1935 ഫെബ്രുവരി 25 (കുംഭം 13) – തിരുമേനി കുന്നംകുളം ചിറളയം പള്ളിയിലേക്കു പോയി.

1935 ഫെബ്രുവരി 26 (കുംഭം 14) – തിരുമേനി പഴഞ്ഞി ഇടവക്കാ രുടെ ക്ഷണപ്രകാരം പള്ളിയിലെത്തി. പി. ഐ. മത്തായി കത്തനാരുടെ ഭവനത്തിലെത്തി അന്ത്യ കൂദാശ നടത്തി കുന്നംകുളത്തേക്ക് തിരികെ പോയി.

1935 മാർച്ച് 1 (കുംഭം 17) വെള്ളി – തിരുമേനി കുന്നംകുളത്തു നിന്നും കോട്ടയത്തേക്കു മടങ്ങി. സന്ധ്യയ്ക്ക് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ താമസിച്ചു.

1935 മാർച്ച് 2 (കുംഭം 18) ശനി - എറണാകുളം സെന്റ് മേരീസ് പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. കോട്ടയത്തിനു മടങ്ങിപ്പോന്നു.

1935 സെപ്റ്റംബർ 30 ചൊവ്വ - കോട്ടയം പരിയാരം അഞ്ചേരി പള്ളി കൂദാശയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കും മാർ സേവേറി യോസിനുമൊപ്പം സഹകാർമ്മികനായിരുന്നു.

1937 ആഗസ്റ്റ് 29 - കാരൂർ ജോൺ ശെമ്മാശനു കത്തനാരുപട്ടം നൽകി.

1937 ഒക്ടോബർ 3 - ഓമല്ലൂർ മുളമൂട്ടിൽ യോശുവാ ശെമ്മാശനു യൗപ ദിയക്കിനോ പട്ടം നൽകി.

1937 ഒക്ടോബർ 19 - ഇലഞ്ഞിക്കൽ ജേക്കബ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1937 ഡിസംബർ 1 - നിരണം ഭദ്രാസന മെത്രാപ്പോലീത്തായുടെ ചുമ തല ബാവാ ഏൽപ്പിച്ചു.

1938 ഏപ്രിൽ 7 വ്യാഴം, വചനിപ്പുപെരുന്നാൾ - കണ്ടനാട് കർമ്മേൽ ദയറായിൽ വച്ച് അലക്സിയോസ് മാർ തേവോദോസിയോസ് (ബഥനി) എപ്പിസ്കോപ്പായെ വാഴിക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു.

1938 ജൂൺ 26 - പുത്തൂർ കോശി ശെമ്മാശനു കത്തനാരുപട്ടം നൽകി.

1938 ജൂലൈ 28 - പാറയ്ക്കൽ കുറിയാക്കോസ് ശെമ്മാശനു കത്ത നാരുപട്ടം നൽകി.

1938 സെപ്റ്റംബർ 10 - മല്ലപ്പള്ളി പയ്യംപള്ളിൽ ദാവീദ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1938 ഒക്ടോബർ 29 - പരുമലയിൽ റഷ്യൻ മെത്രാൻ നെസ്തോ റിനെ സന്ദർശിച്ചു.

1938 നവംബർ 6 - കുറിച്ചിയിൽ മാർ ദീയസ്കോറോസ് മെത്രാച്ചനെ സന്ദർശിച്ചു.

1939 മാർച്ച് 12 - ചുരുനാട്ടു പുളിക്കീഴിൽ മാരുമീനത്തേതിനും യാക്കോബ് ശെമ്മാശനും പൂർണ്ണശെമ്മാശുപട്ടം നൽകി.

1939 മാർച്ച് 19 - മല്ലപ്പള്ളി വടക്കേടത്ത് തോമസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1939 ജൂലൈ 28 - ഓമല്ലൂർ മുളമൂട്ടിൽ യോശുവാ ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1939 ഒക്ടോബർ 15 – മല്ലപ്പള്ളി വാളക്കുഴി ഗീവർഗീസ് ശെമ്മാശനു പൂർണ്ണശെമ്മാശുപട്ടം നൽകി.

1940 ജനുവരി 16 – ഏബ്രഹാം മാർത്തോമ്മാ സഫ്രഗൻ മെത്രാച്ചനുമായി ദയറായിൽ കൂടിക്കാഴ്ച.

1940 ഫെബ്രുവരി 15 – ഓമല്ലൂർ മുളമൂട്ടിൽ യോശുവാ ശെമ്മാശനു കശീശാപട്ടം നൽകി.

1940 മാർച്ച് 6 – മണ്ണൂപ്പറമ്പിൽ ജേക്കബ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1940 മാർച്ച് 7 – മണ്ണൂപ്പറമ്പിൽ ജേക്കബ് ശെമ്മാശനു കത്തനാരുപട്ടം നൽകി.

1940 മാർച്ച് 16 – തീത്തോസ് ദ്വിതീയൻ മാർത്തോമ്മാ വലിയ മെത്രാച്ചനുമായി ദയറായിൽ കൂടിക്കാഴ്ച.

1940 ഏപ്രിൽ 7 – കാരിച്ചാൽ താമരവേലിൽ തോമസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1940 മെയ് 6 തിങ്കൾ – മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ വച്ച് തോമ്മാ മാർ ദിവന്നാസിയോസ് എപ്പിസ്കോപ്പായെ വാഴിക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു.

1941 ഫെബ്രുവരി 8 – കൂരോപ്പട സ്കറിയാ ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1941 ഫെബ്രുവരി 9 – കൂരോപ്പട സ്കറിയാ ശെമ്മാശനു കത്തനാരുപട്ടം നൽകി.

1946 ജനുവരി 24 – പാമ്പാടികണ്ടം ഗീവറുഗീസ് ശെമ്മാശനു കോറൂയോപട്ടം കൊടുത്തു.

1946 മെയ് 10 – പടിഞ്ഞാറെക്കുറ്റ് ഗീവർഗീസ് ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1946 മെയ് 11 – പടിഞ്ഞാറെക്കുറ്റ് ഗീവർഗീസ് ശെമ്മാശന് കത്തനാരുപട്ടം നൽകി.

1948 – കബർ മുറി പണിതു.

1949 ജനുവരി 12-15 – സൗത്ത്പാമ്പാടി പള്ളി കൂദാശ നിർവഹിച്ചു.

1949 മെയ് 28 – ഓമത്തിൽ കുറിയാക്കോസിനു ശെമ്മാശുപട്ടം നൽകി.

1949 ആഗസ്റ്റ് 27 – കന്നുകുഴി ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1949 ഡിസംബർ 23 – മുണ്ടക്കഴം പുത്തൻപീടികയിൽ ഏബ്രഹാമിനു കോറൂയോപട്ടം നൽകി.

1949 ഡിസംബർ 31 – കന്നുകുഴി ശെമ്മാശനു കത്തനാരുപട്ടം നൽകി.

1950 ജനുവരി 29 – ഐക്കരപ്പടവിൽ ഗീവറുഗീസിന് കോറൂയോപട്ടം നൽകി.

1950 ഫെബ്രുവരി 9 – കായംകുളം തോമസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1950 ഫെബ്രുവരി 11 – കായംകുളം തോമസ് ശെമ്മാശനു കശ്ശീശാപട്ടം നൽകി.

1950 ഫെബ്രുവരി 15 – പട്ടശ്ശേരിൽ കുറിയാക്കോസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1950 ഏപ്രിൽ 6 – ചീരൻ ഏബ്രഹാമിനു കോറൂയോ പട്ടം.

1951 മാർച്ച് 28 – കോട്ടയത്തു വച്ച് ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദിനെ സന്ദർശിച്ചു.

1953 ഏപ്രിൽ 9 – മണർകാട് പള്ളിയിൽ എത്തി മിഖായേൽ മാർ ദീവന്നാസ്യോസിനെ സന്ദർശിച്ചു.

1953 മെയ് 7 – കാട്ടകാമ്പാൽ സൈമൺ ശെമ്മാശന് കത്തനാരുപട്ടം നൽകി.

1953 മെയ് 15 വെള്ളി – കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരെ എപ്പിസ്കോപ്പാമാരായി വാഴിക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു.

1957 ഫെബ്രുവരി 2 – ഐക്കരപ്പടവിൽ ഗീവർഗീസ് ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം.

1957 ഫെബ്രുവരി 26 – യൂഹാനോൻ മാർത്തോമാ വലിയ മെത്രാപ്പോലീത്താ ജില്ലാ ആശുപത്രിയിൽ വന്നു സന്ദർശിച്ചു.

1957 ജൂലൈ 15 – പോരാളൂർ പുത്തൻപുരയിൽ യോഹന്നാൻ ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം (പിന്നീട് പി. സി. യോഹന്നാൻ റമ്പാൻ).

1957 സെപ്റ്റംബർ 14 – വെള്ളുക്കുട്ട മാമൂട്ടിൽ വർക്കി ശെമ്മാശന് കശീശാപട്ടം.

1957 ഡിസംബർ 19 വ്യാഴം – കുന്നംകുളത്ത് പെരുന്നാൾ നടത്തുന്നതിനായി പാറമേൽ കുറിയാക്കോസ് കത്തനാരോടൊപ്പം ദയറായിൽ നിന്നു പുറപ്പെട്ടു. ദേവലോകം അരമനയിലെത്തി പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവായെ സന്ദർശിച്ചശേഷം യാത്ര തുടർന്നു.

1958 ജനുവരി 25 – യോഹന്നാൻ ശെമ്മാശന് (പി. സി. യോഹന്നാൻ റമ്പാൻ) കശീശാപട്ടം.

1958 നവംബർ 1, 2 – കുന്നംകുളം വൈശേരിൽ മാർ ഗ്രീഗോറിയോസ് പള്ളി കൂദാശ.

1960 ജനുവരി 25 – ദയറാ മലങ്കരസഭയ്ക്ക് എഴുതി കൊടുത്തു.

1962 ഡിസംബർ 8 – അസുഖബാധിതനായതിനെ തുടർന്ന് ഔഗേൻ മാർ തീമോത്തിയോസിന്റെ (പിന്നീട് പ. ബസേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ) പ്രധാന കാർമ്മികത്വത്തിൽ പാമ്പാടി ദയറായിൽ വച്ച് വി. കന്തീലാ ശുശ്രൂഷ നടത്തി. മാത്യൂസ് മാർ അത്താനാസ്യോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവർ സഹകാർമ്മികരായിരുന്നു.

1964 നവംബർ – പ. പരുമല തിരുമേനിയുടെ നാമത്തിൽ അഭയഭവന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കെട്ടിടംപണി തുടങ്ങി.

1965 മാർച്ച് 11 – പാമ്പാടി തിരുമേനിയെ വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് മാങ്ങാനം മന്ദിരം ആശുപത്രിയിലേക്ക് മാറ്റി.

1965 മാർച്ച് 15 – രോഗനിലയിൽ കാര്യമായ മാറ്റം ഉണ്ടാകാഞ്ഞതിനെ തുടർന്ന് തിരികെ പൊത്തമ്പുറം ദയറായിലേക്ക് കൊണ്ടുപോയി. വൈകുന്നേരം മാത്യൂസ് മാർ അത്താനാസ്യോസ് (പിന്നീട് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ) തൈലാഭിഷേകശുശ്രൂഷ നടത്തി.

1965 ഏപ്രിൽ 5 തിങ്കൾ – വെളുപ്പിനെ 2.35–ന് പാമ്പാടി തിരുമേനി കാലം ചെയ്തു.

1965 ഏപ്രിൽ 6 ചൊവ്വ – മാർ കുറിയാക്കോസ് ദയറാ ചാപ്പലിന്റെ വടക്കുവശത്ത് മുൻകൂട്ടി തയ്യാറാക്കിയിരുന്ന കബറിൽ ഭൗതികദേഹം കബറടക്കി.

1965 മെയ് 4 – മുപ്പതാം അടിയന്തിരം.

1965 മെയ് 5 – അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ ഗീവറുഗീസ്

മാർ ഗ്രീഗോറിയോസ് അഭയഭവന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അഞ്ച് അന്തേവാസികളെ പ്രവേശിപ്പിച്ചു.

1971 ജൂലൈ 28 – പാമ്പാടി തിരുമേനിയുടെ സേവകനായിരുന്ന തോമസ് (പൊട്ടൻ) നിര്യാതനായി. തിരുമേനിയുടെ ആഗ്രഹപ്രകാരം തിരുമേനിയുടെ കബറിന്റെ വടക്കുവശത്ത് ദയറാ മുറ്റത്ത് കബറടക്കി.

1981 – പാമ്പാടി പൊത്തമ്പുറം കവലയ്ക്കു സമീപം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് ജൂണിയർ കോളജ് ഉദ്ഘാടനം ചെയ്തു.

1983 – പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ നാമധേയത്തിൽ ബി.എം.എം. ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു.

1985 – പ. പാമ്പാടി തിരുമേനിയുടെ ജന്മശതാബ്ദി സ്മാരകമായി മാർ ഗ്രീഗോറിയോസ് ബാലഭവൻ ആരംഭിച്ചു.

1988 ജൂലൈ 15 – പാമ്പാടി ദയറായിൽ പുതിയ ദേവാലയത്തിന് ശിലാസ്ഥാപനം നടത്തി.

1993 – കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് കോളജ് സീനിയർ കോളജായി ഉയർത്തപ്പെട്ടു.

1993 ജൂലൈ 15 – പുതിയ ദേവാലയത്തിന്റെ കൂദാശ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.

2008 സെപ്റ്റംബർ 13 – പ. പാമ്പാടി തിരുമേനിയുടെ പ്രിയ ശിഷ്യനായിരുന്ന പി. സി. യോഹന്നാൻ റമ്പാൻ നിര്യാതനായി.

# മാർ ഗ്രീഗോറിയോസ് തിരുമേനിക്കു കന്തീല ശുശ്രൂഷ നടത്തി

ആലസ്യവിധേയനായി പാമ്പാടി ദയറായിൽ താമസിക്കുന്ന കോട്ടയം മെത്രാസന ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് കഴിഞ്ഞ ഡിസംബർ 8-നു പാമ്പാടി ദയറായിൽ വച്ച് നിയുക്ത കാതോലിക്കാ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ്, മാർ കൂറിലോസ് എന്നീ തിരുമേനിമാരുടെയും 50-ൽപരം വൈദികരുടെയും സഹകരണത്തിലും പതിനായിരത്തിൽപ്പരം ജനങ്ങളുടെ സാന്നിധ്യത്തിലും കന്തീലാ ശുശ്രൂഷ നൽകുകയുണ്ടായി. 8-ാം തീയതി രാവിലെ മാർ തീമോത്തിയോസ് തിരുമേനി ദയറാ ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. ഉച്ച തിരിഞ്ഞ് രണ്ടു മണിക്കു കന്തീലാ ശുശ്രൂഷ ആരംഭിച്ചു. ചാപ്പലിന്റെ പടിഞ്ഞാറേ അങ്കണത്തിൽ ഉയർന്ന ഒരു പീഠം സജ്ജമാക്കി അതിൽ ഒരു കട്ടിലിൽ ആലസ്യവിധേയനായ തിരുമേനി ശയിച്ചിരുന്നു. വിസ്തൃതമായ പീഠത്തിൽ കുരിശും കത്തിച്ച മെഴുകുതിരികളും സ്ഥാപിക്കപ്പെട്ടു. പൂർണ്ണ അംശവസ്ത്രധാരിയായ പ്രധാന കാർമ്മികനും മറ്റു തിരുമേനിമാരും സ്ഥാനോചിതമാംവിധം ഉപവിഷ്ടരായി. കന്തീലാ ശുശ്രൂഷയുടെ ആവശ്യകതയേയും പ്രാധാന്യത്തെയുംപറ്റി മാർ തീമോത്തിയോസ് തിരുമേനി ചുരുക്കമായി പ്രസംഗിച്ചു. വിശുദ്ധ ജീവിതം നയിക്കുകയും, ദൈവത്താൽ ഭരമേൽപ്പിക്കപ്പെട്ട ആട്ടിൻകൂട്ടത്തെ വിശ്വസ്തതയോടെ മേയിക്കുകയും ചെയ്ത ഉത്തമ ഇടയനായ മാർ ഗ്രീഗോറിയോസ് തിരുമേനിക്കു കന്തീലാ ശുശ്രൂഷ നൽകുന്ന അവസരത്തിന്റെ പ്രാധാന്യത്തെപ്പറ്റി തിരുമേനി പ്രത്യേകം പ്രസ്താവിച്ചു. യാക്കോബ് ശ്ലീഹാ പറയുന്ന പ്രകാരം രോഗശമനത്തിനും പാപമോചനത്തിനും വേണ്ടി കർത്താവിന്റെ നാമത്തിൽ എണ്ണ പൂശുന്ന കൂദാശയാണ് തൈലാഭിഷേകം. തൈലാഭിഷേകത്തിന്റെ ദീർഘമായ ക്രമമാണു കന്തീലാ. കന്തീലാ ശുശ്രൂഷ ലഭിക്കുന്നത് ഒരു ഭാഗ്യമാണ്. അങ്ങനെയുള്ള ഭാഗ്യത്തിനു ദൈവദാസനായ മാർ ഗ്രീഗോറിയോസ് തിരുമേനി അർഹനായിത്തീർന്നിരിക്കുന്നു. ഈ സന്ദർഭത്തിൽ എല്ലാവരും ഭക്തിപൂർവ്വം തിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്യണമെന്നു മാർ തീമോത്തിയോസ് തിരുമേനി ഉദ്ബോധിപ്പിച്ചു.

സുമാർ രണ്ടു മണിക്കൂർ നീണ്ടുനിന്നു ശുശ്രൂഷ. ശുശ്രൂഷയുടെ ഓരോ ഘട്ടത്തിലും വി. സൈത്തുതൈലം രോഗിയായ തിരുമേനിയുടെ

അവയവങ്ങളിൽ പൂശപ്പെട്ടു. അവസാനം, എല്ലാ തിരുമേനിമാരും ചേർന്ന് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ തലമേൽ കൈവെച്ചു പ്രാർത്ഥിച്ച രംഗം ഹൃദയസ്പർശകമായിരുന്നു. ശുശ്രൂഷാനന്തരം, രോഗിയുടെമേൽ പൂശിയ സൈത്ത് തിരുമേനിമാർ ഓരോരുത്തരും പരസ്പരം പൂശി. പ്രധാന കാർമ്മികനായ മാർ തീമോത്തിയോസ് തിരുമേനി, ശയ്യാവലംബിയായ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കിടക്കയ്ക്കരികിൽ മുട്ടുകുത്തുകയും മാർ ഗ്രീഗോറിയോസ് തിരുമേനി കിടക്കയിൽ കിടന്നുകൊണ്ടു തന്നെ മാർ തീമോത്തിയോസ് തിരുമേനിയുടെ നെറ്റിമേൽ കുരിശടയാളത്തിൽ തൈലലേപനം ചെയ്യുകയും ചെയ്തു. ശുശ്രൂഷയിൽ സംബന്ധിച്ച ആയിരക്കണക്കിനുള്ള ഭക്തജനങ്ങളുടെ നെറ്റിയിൽ പട്ടക്കാർ തൈലം പൂശി. സന്നിഹിതരായ എല്ലാവർക്കും ലഘുഭക്ഷണം നൽകപ്പെട്ടു.

## "പൈതലേ, നീ അത്യുന്നതന്റെ പ്രവാചകനെന്നു വിളിക്കപ്പെടും"

(9-12-62-ൽ നിയുക്ത കാതോലിക്കാ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി പാമ്പാടി ദയറായിൽ വച്ച് വി. കുർബാനമദ്ധ്യേ ചെയ്ത പ്രസംഗം)

കർത്താവിൽ പ്രിയരെ,

ഇന്നലെയും നാം ഇവിടെ വി. കുർബ്ബാന ചൊല്ലുകയും, മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കന്തീലാ ശുശ്രൂഷ നടത്തുകയും ചെയ്തു. അത് ഒരു വലിയ ഭാഗ്യമായി നാം കരുതുന്നു. ഇപ്പോൾ ജീവനോടിരിക്കുന്നെങ്കിലും ഭൗമികമായ യാതൊന്നിനെപ്പറ്റിയും ചിന്തിക്കാതെ സ്വർഗ്ഗത്തിലേക്കു യാത്രചെയ്യുന്ന ഒരു തിരുമേനിയാണ് അദ്ദേഹം. നമ്മുടെ സഭയിൽ ഇതുപോലെ വേറൊരു തിരുമേനി ഇല്ല. ഞങ്ങൾ ഒക്കെ, ഭൗമിക കാര്യങ്ങളെപ്പറ്റി കൂടി ചിന്തിക്കുന്നവരാണ്. എന്നാൽ അദ്ദേഹമാകട്ടെ മരണത്തിനായി ഒരുങ്ങിക്കഴിയുന്നു. ഇന്നലെ ഞങ്ങൾ അഞ്ചു മെത്രാപ്പോലീത്തന്മാരും, വളരെ അച്ചന്മാരും കൂടി വമ്പിച്ച ഒരു ജനക്കൂട്ടത്തിന്റെ സഹകരണത്തിൽ കന്തീലാ നടത്തുവാൻ ഇടയായതു അദ്ദേഹത്തിന്റെ ഭാഗ്യമാണ്. സ്വന്തം മക്കൾ നോക്കുന്നതിലും കാര്യമായി അദ്ദേഹത്തെ ഈ വാർദ്ധക്യത്തിൽ ഈ അച്ചൻ (ഫാ. പി. സി. യോഹന്നാൻ) നോക്കുന്നുണ്ടെന്നുള്ളതും, ഏതു കാര്യത്തിലും ഉത്സാഹമായി പ്രവർത്തിക്കുവാൻ കുറച്ചു ചെറുപ്പക്കാർ ഇവിടെ ഉണ്ടെന്നുള്ളതും എത്രയും സന്തോഷകരമായ സംഗതിയാണ്.

പ്രിയരെ, മാർ യൂഹാനോൻ, ഏലിയാവിന്റെ ആത്മാവിലും,

ശക്തിയിലും വന്നവനായിരുന്നു. ആഹാബിന്റെയും അവന്റെ ഭാര്യ ഇസബേലിന്റെയും വഷളായ പ്രവർത്തനങ്ങളെ ശാസിച്ചവനായിരുന്നു ഏലിയാവ്. അതുപോലെ മാർ യൂഹാനോനും, ഹേറോദേസിന്റെ കാലത്ത് ജീവിച്ചിരുന്നവനും ആ ദുഷ്ടനായ രാജാവിന്റെ വഷളത്വം ഹേതുവായി അവനെ നിശിതമായ ഭാഷയിൽ ശാസിച്ചവനുമായിരുന്നു.

അവന്റെ ജനനത്തിൽ പിതാവായ സക്കറിയാവിനു സംസാരശക്തി ലഭിച്ചു. അനേകർ അവന്റെ ജനനത്തിൽ സന്തോഷിച്ചു. വളരെ വ്രതനിഷ്ഠയുള്ള ജീവിതം നയിച്ച മാർ യൂഹാനോൻ സത്യത്തിന്റെ പ്രാസംഗികനായിരുന്നു. ഇന്നു പൊതുവേ സത്യമില്ലായ്മയാണു കാണുന്നത്. പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമേനിയും പ. കാതോലിക്കാ ബാവാ തിരുമേനിയും കൂടി സത്യമായി സമാധാനപ്പെട്ടു. എന്നാൽ ഇപ്പോഴും സഭയിൽ കുറച്ചുപേർ സമാധാനത്തിന് എതിരായി നിൽക്കുന്നു എന്നുള്ളത് സങ്കടകരമായ സംഗതിയാണ്. കാര്യം ഉണ്ടായിട്ടല്ല അവർ പിണങ്ങി നിൽക്കുന്നത്. പ. പാത്രിയർക്കീസ് ബാവായുടെ സമാധാന കല്പന വന്നു. എല്ലാവരുംകൂടി പഴയസിമ്മനാരിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു. സമാധാനപ്പെട്ടു ദൈവത്തെ സ്തോത്രം ചെയ്തു. അങ്ങനെ സഭയിൽ സമാധാനം ഉണ്ടായി. എന്നാൽ ചിലർ ഇപ്പോഴും പറയുന്നത്, സമാധാനം ഉണ്ടായില്ല എന്നാണ്. എന്നാൽ അതിനുശേഷം പാത്രിയർക്കീസ് ബാവാ സമാധാനത്തിനു വിരുദ്ധമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ല എന്നുള്ളതു നാം പ്രത്യേകം അറിയണം.

സത്യത്തിന്റെ പ്രാസംഗികനായ മാർ യൂഹാനോനെപ്പോലെ നാമും സത്യമുള്ളവരായി ദൈവത്തിന്റെ മക്കളായി ജീവിപ്പാൻ ദൈവം സംഗതിയാക്കട്ടെ.

(മലങ്കരസഭ മാസിക, 1963 ജനുവരി)

# പാമ്പാടി തിരുമേനി കാലം ചെയ്തു
# കബറടക്കം ചൊവ്വാഴ്ച

**കോട്ടയം, ഏപ്രിൽ 5 – ഏതാനും നാളുകളായി ആലസ്യവിധേയനായി കിടപ്പിലായിരുന്ന കോട്ടയം ഇടവകയുടെ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പാമ്പാടി ദയറായിൽ വച്ചു തിങ്കളാഴ്ച (ഇന്നു) വെളുപ്പിനു 2.35–ന് കാലം ചെയ്തിരിക്കുന്നു.**

**കബറടക്കം ചൊവ്വാഴ്ച രാവിലെ 9 മണിക്ക് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കല്ലറയിൽ നിർവഹിക്കപ്പെടുന്നതാണ്.**

തിരുമനസ്സിലേയ്ക്ക് എൺപതു വയസ്സു തികയുന്ന ദിവസമായ ഏപ്രിൽ 6–ാം തീയതി ചൊവ്വാഴ്ച തന്നെയാണു കബറടക്കം നടക്കുന്നതെന്നുള്ളതും പ്രത്യേകം സ്മരണീയമാണ്.

മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയും ഒട്ടേറെ വൈദികരും മറ്റനേകം പേരും മരണസമയത്തു തിരുമേനിയുടെ കിടയ്ക്കക്കരികിലുണ്ടായിരുന്നു. തിരുമേനി കാലംചെയ്ത് ഏതാനും മിനിറ്റു കഴിഞ്ഞയുടൻ ഏബ്രഹാം മാർ ക്ലിമ്മീസ് തിരുമേനി ദയറായിലെത്തിച്ചേരുകയുണ്ടായി. തിരുമേനി കാലംചെയ്ത വിവരം അറിഞ്ഞയുടനെ എല്ലാ പള്ളികളിലും ദുഃഖസൂചകമായി കതിനാവെടികളും മണിനാദവും മുഴക്കുകയുണ്ടായി.

തിരുമേനി കാലംചെയ്ത വിവരം പ. പാത്രിയർക്കീസ് ബാവാ തിരുമേനി, കേരള ഗവർണർ മുതലായവരെയും കമ്പിമൂലം അറിയിച്ചിരിക്കുന്നു.

## കൽപ്പന

കോട്ടയം ഇടവകയുടെ സഹായമെത്രാൻ മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പാമ്പാടി ദയറായിൽ നിന്നു പുറപ്പെടുവിച്ച ഒരു കൽപ്പനയിൽ ഇപ്രകാരം പറയുന്നു:– കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായെന്ന നിലയിൽ സ്തുത്യർഹമാംവിധം ഇടവകയെ നയിച്ചുകൊണ്ടിരുന്ന നി.വ.ദി.ശ്രീ. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് ആബൂൻ ഇന്നു വെളുപ്പിന് 2.35–ന് കാലം ചെയ്ത വിവരം വ്യസനസമേതം അറിയിക്കുന്നു. വന്ദ്യപിതാവിന്റെ കബറടക്കം ചൊവ്വാഴ്ച (6–ാം തീയതി) രാവിലെ 9 മണിക്കു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കബറിൽ നിർവ

ഹിക്കുന്നതിനാണു നിശ്ചയിച്ചിരിക്കുന്നത്. നഗരികാണിക്കൽ, കബറടക്കം മുതലായവ ഏറ്റവും ഭംഗിയായി നടത്തത്തക്കവണ്ണം നമ്മുടെ വാത്സല്യ മക്കളായ നിങ്ങളേവരും ഉത്സാഹിക്കണമെന്നു നാം താൽപര്യപ്പെടുന്നു.

### വിലാപയാത്ര

വിലാപയാത്ര പാമ്പാടി സെന്റ് ജോൺസ് വലിയപള്ളിയിൽ നിന്നും ചൊവ്വാഴ്ച രാവിലെ ആരംഭിക്കുന്നതിനാൽ കുട, കുരിശ് മുതലായ പള്ളി സാമാനങ്ങളോടുകൂടി പാമ്പാടി വലിയപള്ളിയിൽ രാവിലെ 8 മണിക്കു തന്നെ വന്നുചേരേണ്ടതാണ്.

(മനോരമ, ഏപ്രിൽ 5, 1965)

## കാലം ചെയ്ത പാമ്പാടി തിരുമേനി

കോട്ടയം
ഏപ്രിൽ 5

തിങ്കളാഴ്ച വെളുപ്പിന് കാലം ചെയ്ത കോട്ടയം ഇടവകയുടെ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷ ചൊവ്വാഴ്ച രാവിലെ പത്തു മണിക്ക് പാമ്പാടി ദയറായിൽ വച്ച് ആരംഭിക്കുന്നതാണ്. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ശുശ്രൂഷകൾക്ക് പ്രധാന നേതൃത്വം വഹിക്കും.

മൃതദേഹം ഇന്നു രാത്രി പാമ്പാടി വലിയ പള്ളിയിലേയ്ക്കു മാറ്റുന്നതും ചൊവ്വാഴ്ച രാവിലെ 8 മണിക്ക് അവിടെ നിന്ന് പാമ്പാടി ദയറായിലേയ്ക്ക് കൊണ്ടുപോകുന്നതുമാണ്.

1885 ഏപ്രിൽ 4–നു (1060 മീനം 24–നു) അനിഴം നക്ഷത്രത്തിൽ ജനിച്ച തിരുമേനിക്ക് ഇന്നലെത്തന്നെയാണ് 80 വയസ്സ് പൂർത്തിയായതെന്നുള്ളത് ഒരു പ്രത്യേകതയാണ്.

പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ഇന്നു രാവിലെ ഒൻപതു മണിയോടുകൂടി ദയറായിൽ എത്തി മൃതദേഹത്തിൽ അന്ത്യോപചാരമർപ്പിച്ചു. ദാനിയേൽ മാർ പീലക്സീനോസ്, ഏബ്രഹാം മാർ ക്ലീമ്മീസ്, മാത്യൂസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരും അപ്രേം ആബൂദി റമ്പാൻ, മാടപ്പാട്ടു യാക്കൂബ് റമ്പാൻ, ബർസ്കീപ്പാ റമ്പാൻ തുടങ്ങിയവരും നിരവധി വൈദികരും ആയിരക്കണക്കിനു ഭക്തജനങ്ങളും ഇന്നു ദയറായിലെത്തി അന്ത്യോപചാരമർപ്പിക്കുകയുണ്ടായി.

മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയും ഒട്ടേറെ വൈദികരും ബന്ധുക്കളും മറ്റനേകം പേരും മരണസമയത്ത് തിരുമേനിയുടെ കിട

യ്ക്കക്കരികിലുണ്ടായിരുന്നു. തിരുമേനിയുടെ സെക്രട്ടറി റവ. ഫാ. പി. സി. യോഹന്നാൻ, ശ്രീ. പി. സി. ചെറിയാൻ തിരുമനസ്സിലെ വിശ്വസ്ത ഭൃത്യനായ പൊട്ടൻ, മത്തായിച്ചേട്ടൻ തുടങ്ങിയവരും അക്കൂട്ടത്തിൽപ്പെടുന്നു.

കഴിഞ്ഞ കുറെ ആഴ്ചകളായി ചികിത്സയിൽ കഴിഞ്ഞുവന്ന തിരുമേനിയുടെ ആലസ്യം ഞായറാഴ്ച രാവിലെ 11 മണിക്ക് പെട്ടെന്നാണ് വർദ്ധിച്ചത്. പിന്നീടു കുറെനേരത്തേയ്ക്ക് അല്പം ആശ്വാസം കിട്ടിയെങ്കിലും വൈകുന്നേരത്തോടുകൂടി ക്ഷീണം വർദ്ധിച്ചു. കഴിഞ്ഞ ഒരാഴ്ചയായി തിരുമേനിക്ക് നല്ല ബോധമില്ലായിരുന്നു.

ആശങ്കാകുലരായി നൂറുകണക്കിനാളുകൾ തിരുമേനിയുടെ കിടയ്ക്കക്കരികിൽ കാത്തുനിൽക്കവേ ഓക്സിജൻ നൽകിക്കൊണ്ടിരുന്നു. അധികം താമസിയാതെ തിരുമേനിയുടെ സ്ഥിതി അതീവ ഗുരുതരമായി. അർദ്ധരാത്രിയോടടുത്തപ്പോഴേയ്ക്കും കിടക്കമുറിയിലെ വൈദ്യുതവിളക്കിന്റെ മങ്ങിയ പ്രകാശത്തിൽ ആ മുഖം തേജോജ്ജ്വലമായി. അതോടെ ആസന്നമരണർക്കുവേണ്ടിയുള്ള പ്രാർത്ഥനയാരംഭിച്ചു. ഭക്തിനിർഭരമായ പ്രാർത്ഥനാഗീതങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കെയാണ് യാതൊരസ്വാസ്ഥവും കൂടാതെ വെളുപ്പിന് 2.35-ന് തിരുമേനി ഇഹലോകവാസം വെടിഞ്ഞത്. അങ്ങനെ മലങ്കരസഭയിൽ ആത്മീയ പ്രകാശം ചൊരിഞ്ഞു ശോഭിച്ച ഒരു ദീപം കൂടി പൊലിഞ്ഞു. ആ ദുഃഖവാർത്ത വിളിച്ചറിയിച്ചുകൊണ്ടു ദയറായിൽനിന്നു ദീനമണിനാദമുയർന്നു. ആ മണി സ്വനം പൊത്തൻപുറം കുന്നിന്റെ പ്രാന്തപ്രദേശങ്ങളിൽ തട്ടി പ്രതിദ്ധ്വനിച്ചതോടെ മറ്റു പള്ളികളിലും ദുഃഖസൂചകമായ മണി മുഴക്കപ്പെട്ടു.

ഇന്ന് (തിങ്കൾ) വെളുപ്പിന് 5 മണിയോടുകൂടി മൃതദേഹം കസേരയിലിരുത്തി അംശവടിയും സ്ലീബായും കൈകളിൽ പിടിപ്പിച്ചു ദയറായിലെ മദ്ബഹായിലേക്കു മാറ്റി ഭക്തജനദർശനത്തിനായി വച്ചു. അംശവസ്ത്രങ്ങളാൽ ആവരണം ചെയ്തിരുത്തിയിരിക്കുന്ന തിരുമേനിയുടെ മുഖത്ത് പ്രസന്നത കളിയാടുന്നുണ്ട്.

(മനോരമ, ഏപ്രിൽ 6, 1965)

# കാൽലക്ഷം പേർ പങ്കെടുത്ത കബറടക്ക ശുശ്രൂഷ

## ശോകമൂകമായ വിലാപയാത്ര
## പാമ്പാടി തിരുമേനിക്ക് അന്ത്യോപചാരങ്ങൾ

### സ്റ്റാഫ് പ്രതിനിധി

പാമ്പാടി, ഏപ്രിൽ, 6. കഴിഞ്ഞ തിങ്കളാഴ്ച വെളുപ്പിനു കാലംചെയ്ത കോട്ടയം ഇടവകയുടെ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മൃതദേഹം കാൽലക്ഷം ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിലും, പ. കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും പാമ്പാടി ദയറായിൽ കബറടക്കം ചെയ്തിരിക്കുന്നു.

രാവിലെ 8 മണിക്കാരംഭിച്ച വിലാപയാത്രയും തുടർന്നു നടത്തപ്പെട്ട ഭക്തിനിർഭരമായ കബറടക്ക ശുശ്രൂഷയും 12 മണിക്കാണു പര്യവസാനിച്ചത്.

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, ദാനിയേൽ മാർ പീലക്സിനോസ്, പൗലൂസ് മാർ പീലക്സിനോസ്, മാത്യൂസ് മാർ ഈവാനിയോസ്, ഏബ്രഹാം മാർ ക്ലിമീസ് എന്നീ തിരുമേനിമാരുടെയും അപ്രേം അബൂദിറമ്പാൻ, മാടപ്പാട്ട് യാക്കൂബ് റമ്പാൻ എന്നിവരുടെ സഹകരണത്തിലുമാണു കബറടക്ക ശുശ്രൂഷകൾ നിർവഹിക്കപ്പെട്ടത്. നൂറുകണക്കിനു വൈദികരും സംബന്ധിച്ചിരുന്നു. അത്യന്തം ശോകാത്മകവും വികാരസാന്ദ്രവുമായ അന്തരീക്ഷത്തിൽ നടത്തപ്പെട്ട ആ അന്ത്യകർമ്മത്തിനു സന്തപ്തചിത്തരായ സ്ത്രീപുരുഷന്മാർ നനഞ്ഞ കണ്ണുകളോടെ സാക്ഷ്യം വഹിച്ചു. മൃതദേഹം കല്ലറയിലേക്കു മാറ്റപ്പെട്ടപ്പോൾ പലരും വിമ്മിക്കരയുന്നുണ്ടായിരുന്നു. മണി 12 ആയി. ജനക്കൂട്ടം നിർന്നിമേഷരായി നിൽക്കവേ കൃത്യം 12.5-ന് അഞ്ചടിയിലധികം താഴ്ചയുള്ള കല്ലറയിൽ തിരുമനസ്സിലെ മൃതദേഹം ഇരുത്തി കുന്തിരിക്കം, സൈത്ത് തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾകൊണ്ട് ആവരണം ചെയ്യപ്പെട്ടു. കുന്തിരിക്കത്തിന്റെ പുകയും സൗരഭ്യവും അന്തരീക്ഷത്തിൽ ഉയർന്നതോടെ പൊത്തംപുറം കുന്നു വീണ്ടും ഭക്തിനിർഭരമായി.

തിരുമനസ്സിലെ ഭൗതികശരീരം കുന്തിരിക്കം കൊണ്ടു മൂടിയതോടെ പ. പിതാവിന്റെ സാന്നിദ്ധ്യം കൊണ്ടു പുണ്യപൂരിതമാക്കപ്പെട്ട പൊത്തംപുറം കുന്നിൻപുറവും പരിസരവും തീരാദുഃഖത്തിലാണ്ടുപോയി. ആ ദുഃഖവാർത്ത വിളിച്ചറിയിച്ചുകൊണ്ട് പള്ളിമണികളും 80 ആചാരവെടി



കളും അത്യുച്ചത്തിൽ മുഴങ്ങി. ട്രാൻസ്പോർട്ട് ബസ്സില്ലാതിരുന്നിട്ടും മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇന്നലെ മുതൽക്കേ പാമ്പാടിയിലെത്തിക്കൊണ്ടിരുന്ന ഭക്തജനങ്ങൾ, രാവിലെ വലിയ പള്ളിയിൽ നിന്നാരംഭിച്ച വിലാപയാത്രയിലും കബറടക്കശുശ്രൂഷകളിലും സംബന്ധിച്ചു ഹൃദയസ്പൃക്കായ അന്തിമാർച്ചനകളാണു തിരുമേനിക്ക് അർപ്പിച്ചത്.

ഇന്നലെ (തിങ്കൾ) രാത്രി 8 മണിയോടുകൂടി പാമ്പാടി ദയറായിൽ നിന്നു തിരുമേനിയുടെ മൃതദേഹം പാമ്പാടി വലിയപള്ളിയിൽ കൊണ്ടുവന്നു ഭക്തജന ദർശനത്തിനായി വച്ചു. രാത്രിയിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടു. രാവിലെ ഏബ്രഹാം മാർ ക്ലിമീസ് തിരുമേനി ചരമ പ്രസംഗം നടത്തി.

പ്രാർത്ഥനയ്ക്കും ഹൃദയസ്പർശിയായ നഗരി കാണിക്കൽ ചടങ്ങുകൾക്കും ശേഷം രാവിലെ 9 മണിയോടുകൂടി അവിടെനിന്നും പൊത്തമ്പുറത്തേയ്ക്കുള്ള വിലാപയാത്ര ആരംഭിച്ചു. വിലാപയാത്രയുടെ ഏറ്റവും മുമ്പിൽ പൈലറ്റ് ജീപ്പ്, അതിനു പിന്നിലായി അംശവസ്ത്രം ധരിച്ച പുരോഹിതൻ, കറുത്ത കൊടി പിടിച്ച കുട്ടികൾ, ബാന്റ്സെറ്റ്, പൊൻ വെള്ളിക്കുരിശുകൾ, അവയുടെ പാർശ്വങ്ങളിലായി ബഹുവർണ്ണ മുത്തുക്കുട

കൾ, സ്ത്രീകൾ, പുരുഷന്മാർ, പുരോഹിതർ, ഗായകസംഘം, മൃതദേഹം വഹിക്കുന്ന രഥം, തിരുമേനിമാരുടെ വാഹനങ്ങൾ, മറ്റു വാഹനങ്ങൾ എന്നീ ക്രമത്തിലാണു വിലാപയാത്ര കെ.കെ. റോഡിലൂടെ ആലാംപള്ളി കവല കടന്നു ദയറാ റോഡിൽ പ്രവേശിച്ചു മുന്നോട്ടു നീങ്ങിയത്. മൈലുകൾ ദൈർഘ്യം .... അലങ്കരിച്ച ലോറികളും ആലാംപള്ളിവരെ അകമ്പടി സേവിച്ചു.

കറുത്ത പട്ടുതുണിയിൽ ചിത്രപ്പണികൾ ചെയ്തു മനോഹരമായി സംവിധാനം ചെയ്തിരുന്ന രഥത്തിൽ എല്ലാവിധ സ്ഥാനചിഹ്നങ്ങളോടും കൂടി ഇരുത്തിയിരുന്ന മൃതദേഹത്തിനു സമീപം മാത്യൂസ് മാർ ഈവാനിയോസ്, ഏബ്രഹാം മാർ ക്ലിമീസ്, പൗലൂസ് മാർ പീലക്സിനോസ് എന്നീ തിരുമേനിമാരും ഉപവിഷ്ടരായിരുന്നു.

റോഡിന്റെ ഇരുവശങ്ങളിലും പുരയിടങ്ങളിലും മ്ലാനമുഖങ്ങളുമായി ആബാലവൃദ്ധം ജനങ്ങൾ തിങ്ങിനിന്നിരുന്നു. കാലംചെയ്ത പ. പിതാവിന്റെ ദർശനത്തിൽ പലരും പൊട്ടിക്കരഞ്ഞു. റോഡരുകിലുള്ള സ്ഥാപനങ്ങളുടെയും വീടുകളുടേയും പടിക്കൽ കറുത്ത കൊടികൾ ഉയർത്തിയിരുന്നു.

### റീത്തുസമർപ്പണം

രഥം തിരുമേനിയുടെ വീട്ടുപടിക്കലെത്തിയപ്പോൾ സഹോദര പൗത്രൻ ആറു വയസ്സുള്ള ജോൺ പേഴമറ്റം റീത്തു സമർപ്പിച്ചു. വിവിധ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വകയായി സമർപ്പിക്കപ്പെട്ട പുഷ്പചക്രങ്ങൾക്കു പുറമേ പാമ്പാടി പള്ളി, കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ്, പബ്ലിക് ലൈബ്രറി, എം.ജി.എം. ഹൈസ്കൂൾ എന്നിവയുടെ വകയായും ആദരാഞ്ജലികൾ അർപ്പിക്കപ്പെട്ടു. കൽദായ സുറിയാനി മെത്രാപ്പോലീത്താ മാർ തോമാ ധർമ്മോ തിരുമേനിക്കു വേണ്ടി റവ. ഫാ. പി. എൽ. ഫ്രാൻസിസും, ദീപിക മാനേജിംഗ് എഡിറ്റർ റവ. ഫാ. വില്യവും മൃതദേഹത്തിൽ റീത്തുകൾ സമർപ്പിച്ചു.

രണ്ടു മണിക്കൂർകൊണ്ടാണു വിലാപയാത്ര പൊത്തംപുറത്തെത്തിയത്. അപ്പോഴേയ്ക്കും ആ പരിസരങ്ങൾ ഒരു മനുഷ്യമഹാസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു.

മൃതദേഹം രഥത്തിൽ നിന്നു താഴെയിറക്കി ദുഃഖാർത്തരായ ജനസഞ്ചയത്തിനിടയിലൂടെ ദയറാ അങ്കണത്തിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന ഉയർന്ന പീഠത്തിൽ കിഴക്കോട്ട് അഭിമുഖമായി ഇരുത്തപ്പെട്ടു. അനന്തരം തിരുമേനിയുടെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ടു പ. കാതോലിക്കാ ബാവാ തിരുമേനിയും മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ. എം. ചെറിയാനും പ്രസംഗിച്ചു.

പ്രസംഗത്തിനുശേഷം ഹൃദയസ്പർശകമായ യാത്രപറച്ചിൽ ചടങ്ങാണു നടന്നത്. ബാവാ തിരുമേനിയും മറ്റു തിരുമേനിമാരും പുരോഹിതരും ചേർന്നു "പരിശുദ്ധ പിതാവേ, സമാധാനത്തോടെ പോകുക"യെന്നു ചൊല്ലിയപ്പോൾ ഒരു കുഞ്ഞാടിനെപ്പോലെ ശാന്തനും കുറുപ്രാവിനെപ്പോലെ നിഷ്ക്കളങ്കനുമായിരുന്ന തിരുമേനിയോടുള്ള സ്നേഹാധിക്യം കൊണ്ടു പലരുടെയും കണ്ണുകൾ നിറഞ്ഞുപോയി. അന്തിമമായ യാത്ര ചോദിക്കൽ കഴിഞ്ഞു മൃതദേഹം മദ്ബഹായിലേയ്ക്കു മാറ്റപ്പെട്ടു. തുടർന്നു കബറടക്ക ശുശ്രൂഷയുടെ അവസാനഘട്ടവും നിർവഹിക്കപ്പെട്ടു.

### മഹത്തായ ജീവിതമാതൃക

ആത്മീയാധിഷ്ഠിതമായ സമർപ്പണജീവിതത്തിനു മറ്റെന്തിനേക്കാളും വില കൽപ്പിച്ചിരുന്ന പരിശുദ്ധനായ പാമ്പാടി തിരുമേനിയുടെ മഹൽ ജീവിതം പകർത്തുവാൻ പ. കാതോലിക്കാബാവാ തിരുമേനി ചരമപ്രസംഗത്തിലൂടെ സഭാമക്കളെ ഉൽബോധിപ്പിച്ചു. "എന്റെ വചനം കേട്ട് എന്നെ അയച്ചവനെ അനുസരിക്കുകയെന്നുള്ള തിരുവചനം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിയ തിരുമേനിയെപ്പോലുള്ള വിശ്വാസികൾ മരിച്ചാലും ജീവിക്കുമെന്നും സ്വന്തം ജനങ്ങളോടു ചേരുന്നതിനാണവർ നമ്മെ വിട്ടുപിരിയുന്നതെന്നും" ബാവാതിരുമേനി പറഞ്ഞു. മറ്റെല്ലാറ്റിനും ഉപരി ദൈവത്തെ തിരുമേനി സ്നേഹിച്ചു. സഭയേക്കാളധികം വില സ്നേഹത്തിനു നൽകി. സമസൃഷ്ടങ്ങളെ തന്നെപ്പോലെതന്നെ സ്നേഹിക്കാനും അവരോടു സമഭാവനയോടെ വർത്തിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനുമാണു തിരുമേനി ജീവിച്ചത്. അണുപോലും ലൗകികാംശത്തിനു ജീവിതത്തിൽ ഇടംനൽകിയിട്ടില്ലാത്ത തിരുമേനിയുടെ ജീവിതം ചൈതന്യധന്യമായിരുന്നു. ആ പുണ്യശ്ലോകന്റെ അനുഗ്രഹാശിസ്സുകൾ പ്രാപിക്കുന്നതിന് ആ മഹൽജീവിതം മാതൃകയാക്കണമെന്നും തിരുമേനിക്കു നമ്മുടെ നേർക്കുണ്ടായിരുന്ന സ്നേഹവാത്സല്യത്തിനു പകരമായി ആ പുണ്യാത്മാവിനെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്നും തിരുമേനി പറഞ്ഞു.

### മാണിക്യക്കല്ല്

മലങ്കരസഭയിൽ അത്യുജ്ജ്വലമായി പ്രകാശിച്ചുകൊണ്ടിരുന്ന ഒരു മാണിക്യക്കല്ലായിരുന്നു കാലംചെയ്ത ഗ്രീഗോറിയോസ് തിരുമേനിയെന്നു മലയാള മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ. എം. ചെറിയാൻ പ്രസ്താവിച്ചു. ആ മാണിക്യക്കല്ലു ദൈവകാരുണ്യംകൊണ്ടു നമ്മുടെ സഭയ്ക്കു കിട്ടിയ അമൂല്യസമ്പത്തായി .......... നിശ്ശബ്ദസേവനം അനുഷ്ഠിച്ചുപോന്ന തിരുമേനി സാധാരണക്കാരായ നമ്മെ ദൈവത്തോട് അടുപ്പിക്കുന്ന ഒരു ശക്തിയായിട്ടാണു വർത്തിച്ചിരുന്നതെന്നും ശ്രീ. ചെറിയാൻ അനുസ്മരി

പ്പിച്ചു. ആ മഹൽശക്തിയിൽ നിന്നും ആത്മീയപ്രകാശം ഉൾക്കൊണ്ടു സർവസ്വവും ദൈവത്തിൽ സമർപ്പിച്ചു നാമും നമ്മുടെ ജീവിതം ധന്യമാക്കിത്തീർക്കണമെന്ന് അദ്ദേഹം പറഞ്ഞു.

(മനോരമ, ഏപ്രിൽ 7, 1965)

# മലയാള മനോരമ മുഖപ്രസംഗം

പ്രാർത്ഥനാ ജീവിതത്തിലും വ്രതാനുഷ്ഠാനങ്ങളിലും, പരുമല കബറടങ്ങിയ പുണ്യശ്ലോകനായ ഗ്രീഗോറിയോസ് തിരുമേനിയുടെ പിന്നടികളിൽ ജീവിച്ച മഹാസിദ്ധനായിരുന്നു കാലം ചെയ്തിരിക്കുന്ന പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനി. ഭരിക്കുന്നതിനെക്കാൾ വളരെ കൂടുതൽ തപശ്ചര്യകളിൽ ശ്രദ്ധപതിപ്പിച്ചിരുന്ന തിരുമേനിയുടെ ഭരണപരമായ സ്വാധീനങ്ങൾ അതുകൊണ്ടുതന്നെ ധന്യമാക്കപ്പെട്ടിരുന്നു. ക്രൈസ്തവ സമുദായത്തിൽപ്പെട്ടവരുടെ മാത്രം ഭക്തിയും സ്നേഹവും സമാർജ്ജിച്ചിരുന്ന ഒരു തിരുമേനിയല്ലായിരുന്നു പാമ്പാടി തിരുമേനി. തിരുമേനിയുടെ അരമന സ്ഥിതിചെയ്യുന്ന മനോഹരമായ കുന്നിൽ ദയറാ സ്ഥാപിക്കാൻ ആദ്യമായി ഭൂമി സംഭാവന ചെയ്തത് ഒരു നായർ പ്രമാണിയായിരുന്നു. ഇതര മതസ്ഥരുടെയിടയിലും തിരുമേനിയെക്കുറിച്ചുള്ള സ്നേഹവിശ്വാസങ്ങൾ വളരെ സന്ദർഭങ്ങളിൽ പ്രകടമായിട്ടുണ്ട്. തിരുമേനിയുടെ നിർമ്മല സുന്ദരമായ ജീവിതവും, തപോനിഷ്ഠകളും മതവർഗ്ഗഭേദമെന്യേ ജനങ്ങളെ ആകർഷിച്ചിരുന്നു. മാർ ഗ്രീഗോറിയോസ് തിരുമേനി മതപരമായി ശീഘ്രം മങ്ങിമറയുന്ന ഒരു തലമുറയെ പ്രതിനിധീകരിക്കുന്നു. മതാനുഷ്ഠാനങ്ങൾക്കും, ആചാരങ്ങൾക്കും കഴിഞ്ഞകാലങ്ങളിൽ ലഭിച്ചിരുന്ന പ്രാധാന്യം ഇങ്ങനെയുള്ള മഹാസിദ്ധന്മാരുടെ തിരോധാനത്തോടു കൂടി കുറഞ്ഞുവരികയാണ്. തിരുമേനിയെപ്പോലെയുള്ള പുണ്യമതികളുടെ വിശിഷ്ടവും നിസ്വാർത്ഥവും, സേവനോത്സുകവുമായ ജീവിത മാതൃകകൾ, നിത്യസ്മരണാർഹങ്ങളാണ്. തിരുമേനിയുടെ ജീവിതവും പ്രാർത്ഥനകളും അനേകരെ പുണ്യജീവിതത്തിലേക്കു നയിച്ചിട്ടുണ്ട്.

തിരുമേനിക്കു മനോരമയോടും അതിന്റെ പത്രാധിപരായിരുന്ന യശഃശരീരനായ കെ. സി. മാമ്മൻ മാപ്പിളയോടുമുണ്ടായിരുന്ന സ്നേഹബന്ധങ്ങൾ ഞങ്ങൾ ഭക്തിപൂർവ്വം ഈ അവസരത്തിൽ സ്മരിക്കുന്നു. മലങ്കര സഭയുടെ നേതൃനിരയിൽ നികത്തുവാനാവാത്ത ഒരു വിടവു സൃഷ്ടിച്ചുകൊണ്ടാണു തിരുമേനി കാലം ചെയ്തിരിക്കുന്നത്. തിരുമേനിയുടെ പാവനസ്മരണയ്ക്കു ഞങ്ങൾ ആദരാഞ്ജലികൾ സമർപ്പിച്ചുകൊള്ളുന്നു.

(മനോരമ, ഏപ്രിൽ 7, 1965)

# മുപ്പതടിയന്തിരം

No. 152

ദൈവകൃപയാൽ
കോട്ടയം ഇടവകയുടെ സഹായമെത്രാപ്പോലീത്താ
മാത്യൂസ് മാർ ഈവാനിയോസിൽ നിന്ന്

നമ്മുടെ ഭദ്രാസനത്തിലുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കോട്ടയം ഇടവകയുടെ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഏപ്രിൽ മാസം 5-ാം തീയതി കാലം ചെയ്യുകയും 6-നു ചൊവ്വാഴ്ച തിരുമനസ്സിലെ കബറടക്കം നടത്തുകയും ചെയ്ത വിവരം നിങ്ങൾക്ക് ഏവർക്കും അറിയാമല്ലോ.

തിരുമനസ്സിലെ മുപ്പതടിയന്തിരം 1965 മെയ് മാസം 4-ാം തീയതി ചൊവ്വാഴ്ച 501 പറ അരിവച്ച് പാമ്പാടി ദയറായിൽവച്ച് നടത്തുന്നതിന് കഴിഞ്ഞ 9-ാം തീയതി ദയറായിൽ കൂടിയ ആലോചനായോഗം തീരുമാനിക്കുകയുണ്ടായി. അടിയന്തിരത്തിന് മൊത്തം 25000 രൂപാ ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അടിയന്തിരാവശ്യത്തിലേക്ക് പള്ളികളും വ്യക്തികളും മികച്ച സംഭാവനകൾ വാഗ്ദാനം ചെയ്യുകയും അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ഇനിയും ഒരു നല്ല തുക കൂടെ ഉണ്ടാകേണ്ടിയിരിക്കുന്നതിനാൽ ആ പള്ളിയിൽനിന്നും ...... രൂപാ ഈ മാസം 30-ാം തീയതിയ്ക്കകം ദയറായിൽ ഏൽപിക്കണമെന്നും നിങ്ങളെല്ലാവരും നേർച്ചകാഴ്ച്ചകളോടെ വന്ന് അടിയന്തിരത്തിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു പോകണമെന്നും നാം പ്രത്യേകം താൽപര്യപ്പെടുന്നു.

ഈ മുപ്പതടിയന്തിരത്തിൽ എല്ലാ പള്ളിക്കാരും സംബന്ധിക്കേണ്ടതാകയാൽ പ്രസ്തുത തീയതിക്കു മുമ്പായി നമ്മുടെ യാതൊരു പള്ളിയിലും തിരുമേനിയുടെ നാമത്തിൽ അടിയന്തിരാദികൾ നടത്തരുത്. അടിയന്തിരത്തിന്റെ നടത്തിപ്പു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ നമ്മുടെ ആഫീസിൽ നിന്നും വിജ്ഞാപനംമൂലം അറിയിക്കുന്നതാണ്.

തിരുമേനിയുടെ ധന്യജീവിതത്തിന്റെ ഉത്തമമായ മാതൃകകളെ നമ്മൾ പകർത്തുന്നതിനാൽ മാത്രമേ തിരുമേനിയോടുള്ള കടപ്പാട് നിറവേറ്റപ്പെടുകയുള്ളു. നിങ്ങളെല്ലാവരും തിരുമേനിക്കുവേണ്ടി മുപ്പതടിയന്തിരം വരെ

യുള്ള ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കുകയും നോമ്പാചരിക്കുകയും ചെയ്യണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് അറിയിക്കുന്നു. തിരുമനസ്സിലെ പ്രാർത്ഥന നമുക്ക് എന്നും കോട്ടയായിരിക്കും. ശേഷം പിന്നാലെ.

എന്ന്,

(ഒപ്പ്)

പാമ്പാടി മാർ കുറിയാക്കോസ് ദയറാ
21-4-1965



**പ. പാമ്പാടി തിരുമേനിയുടെ കബറിടം**

# പ. പാമ്പാടി തിരുമേനി നടത്തിയ പട്ടംകൊട ശുശ്രൂഷകൾ

## 1. ഡയറിക്കുറിപ്പുകളിൽ നിന്നു സമാഹരിച്ചവ

1929 മാർച്ച് 7 – ദയറായിൽ വച്ച് ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാരുടെ പുത്രൻ യാക്കോബ് ശെമ്മാശന് കത്തനാരുപട്ടം കൊടുത്തു. ആദ്യമായി നടത്തിയ പട്ടംകൊട.

1929 മാർച്ച് 10 – പാറയ്ക്കൽ പള്ളി (മീനടം സെന്റ് ജോൺസ് പള്ളി). പാറയ്ക്കൽ കുറിയാക്കോസിനു പട്ടം കൊടുത്തു.

1930 ഏപ്രിൽ 7 – മാളികയിൽ കുറിയാക്കോസ് ശെമ്മാശന് (പിന്നീട് എം. സി. കുറിയാക്കോസ് റമ്പാൻ) പൂർണ്ണ ശെമ്മാശുപട്ടം.

1930 ആഗസ്റ്റ് 3 – പുറകുളത്ത് ഈപ്പന് (പിന്നീട് ഈപ്പൻ കോറെപ്പിസ്ക്കോപ്പാ. വടക്കൻമണ്ണൂർ പള്ളിയിൽ ദീർഘകാലം വികാരിയായിരുന്നു) കോറൂയോ പട്ടം കൊടുത്തു.

1930 ഡിസംബർ 7 – മാളികയിൽ ശെമ്മാശന് (പിന്നീട് എം. സി. കുറിയാക്കോസ് റമ്പാൻ) കത്തനാരുപട്ടം കൊടുത്തു.

1931 നവംബർ 15 – വാകത്താനം പുന്നശ്ശേരി ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1931 നവംബർ 29 – പുന്നശേരി ശെമ്മാശന് കത്തനാർ പട്ടവും അഞ്ചേരി വടക്കുംപാടത്ത് ഇട്ടിക്ക് (പിന്നീട് കോറെപ്പിസ്ക്കോപ്പാ. ദീർഘകാലം പരിയാരം സെന്റ് പീറ്റേഴ്സ് പള്ളി വികാരിയായിരുന്നു.) കോറൂയോ പട്ടവും കൊടുത്തു.

1932 ഏപ്രിൽ 10 – കാനം ശെമ്മാശൻ, കുറിയാക്കോസ് ശെമ്മാശൻ, സ്കറിയാ ശെമ്മാശൻ, ഫിലിപ്പോസ് ശെമ്മാശൻ ഇവർക്ക് യൗപദിയക്കിനോ പട്ടം കൊടുത്തു.

1932 ഡിസംബർ 25 – കാനം ശെമ്മാശന് കത്തനാരുപട്ടം നൽകി.

1933 മാർച്ച് 12 – കാരുചിറ യാക്കോബ് ശെമ്മാശന് (പിന്നീട് റമ്പാൻ) കശീശാപട്ടം കൊടുത്തു.

1933 മാർച്ച് 22 – പേഴമറ്റം കുറിയാക്കോസ് ശെമ്മാശന് (പാമ്പാടി തിരുമേനിയുടെ സഹോദരപുത്രൻ) പൂർണ്ണശെമ്മാശുപട്ടം നൽകി.

1933 ഏപ്രിൽ 7 – പേഴമറ്റം കുറിയാക്കോസ് ശെമ്മാശന് കശീശാ പട്ടം നൽകി.

1933 ഏപ്രിൽ 28 – മുറിമറ്റത്ത് ശെമ്മാശനു (മുറിമറ്റത്തിൽ പൗലോസ് പ്രഥമൻ ബാവായുടെ സഹോദരപുത്രൻ) പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1933 ജൂൺ 4 – ഒറ്റപ്ലാക്കൽ ഒ. ജെ. മോസസിന് കോറൂയോപട്ടം കൊടുത്തു.

1933 ആഗസ്റ്റ് 28 – പന്തനാലിൽ തൊമ്മിക്ക് കോറൂയോപട്ടം കൊടുത്തു.

1933 ഡിസംബർ 7 (വൃശ്ചികം 22) – തോട്ടയ്ക്കാട് പ്ലാപ്പറമ്പിൽ കെ. കെ. ജോർജ്ജിനും തോട്ടയ്ക്കാട് കൈതളാവിൽ കെ. എം. ജേക്കബിനും ശെമ്മാശുപട്ടം കൊടുത്തു.

1933 ഡിസംബർ 11 – മണ്ണൂപ്പറമ്പിൽ ജേക്കബിനു ശെമ്മാശുപട്ടം.

1937 ആഗസ്റ്റ് 29 – കാരൂർ ജോൺ ശെമ്മാശനു കത്തനാരുപട്ടം നൽകി.

1937 ഒക്ടോബർ 3 – ഓമല്ലൂർ മുളമൂട്ടിൽ യോശുവാ ശെമ്മാശനു യൗപദിയക്കിനോ പട്ടം നൽകി.

1937 ഒക്ടോബർ 19 – ഇലഞ്ഞിക്കൽ ജേക്കബ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1938 ജൂൺ 26 – പുത്തൂർ കോശി ശെമ്മാശനു കത്തനാരുപട്ടം നൽകി.

1938 ജൂലൈ 28 – പാറയ്ക്കൽ കുറിയാക്കോസ് ശെമ്മാശനു കത്തനാരുപട്ടം നൽകി.

1938 സെപ്റ്റംബർ 10 – മല്ലപ്പള്ളി പയ്യംപള്ളിൽ ദാവീദ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1939 മാർച്ച് 12 – ചുരുനാട്ടു പുളിക്കീഴിൽ മാരുമീനത്തേതിനും യാക്കോബ് ശെമ്മാശനും പൂർണ്ണശെമ്മാശുപട്ടം നൽകി.

1939 മാർച്ച് 19 – മല്ലപ്പള്ളി വടക്കേടത്ത് തോമസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു.

1939 ജൂലൈ 28 – ഓമല്ലൂർ മുളമൂട്ടിൽ യോശുവാ ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1939 ഒക്ടോബർ 15 – മല്ലപ്പള്ളി വാളക്കുഴി ഗീവർഗീസ് ശെമ്മാശനു പൂർണ്ണശെമ്മാശുപട്ടം നൽകി.

1940 ഫെബ്രുവരി 15 – ഓമല്ലൂർ മുളമൂട്ടിൽ യോശുവാ ശെമ്മാശനു കശീശാപട്ടം നൽകി.

1940 മാർച്ച് 6 – മണ്ണൂപ്പറമ്പിൽ ജേക്കബ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1940 മാർച്ച് 7 – മണ്ണൂപ്പറമ്പിൽ ജേക്കബ് ശെമ്മാശനു കത്തനാരുപട്ടം നൽകി.

1940 ഏപ്രിൽ 7 – കാരിച്ചാൽ താമരവേലിൽ തോമസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1941 ഫെബ്രുവരി 8 – കൂരോപ്പട സ്കറിയാ ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1941 ഫെബ്രുവരി 9 – കൂരോപ്പട സ്കറിയാ ശെമ്മാശനു കത്തനാരുപട്ടം നൽകി.

1946 ജനുവരി 24 – പാമ്പാടികണ്ടം ഗീവറുഗീസ് ശെമ്മാശനു കോറൂയോപട്ടം കൊടുത്തു.

1946 മെയ് 10 – പടിഞ്ഞാറെക്കുറ്റ് ഗീവർഗീസ് ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1946 മെയ് 11 – പടിഞ്ഞാറെക്കുറ്റ് ഗീവർഗീസ് ശെമ്മാശന് കത്തനാരുപട്ടം നൽകി.

1949 മെയ് 28 – ഓമത്തിൽ കുറിയാക്കോസിനു (പിന്നീട് ഒ. റ്റി. കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പാ. വടക്കൻമണ്ണൂർ പള്ളി വികാരി.) ശെമ്മാശുപട്ടം നൽകി.

1949 ആഗസ്റ്റ് 27 – കന്നുകുഴി ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1949 ഡിസംബർ 23 – മുണ്ടക്കയം പുത്തൻപീടികയിൽ ഏബ്രഹാമിനു കോറൂയോപട്ടം നൽകി.

1949 ഡിസംബർ 31 – കന്നുകുഴി ശെമ്മാശനു കത്തനാരുപട്ടം നൽകി.

1950 ജനുവരി 29 – ഐക്കരപ്പടവിൽ ഗീവറുഗീസിന് കോറൂയോപട്ടം നൽകി.

1950 ഫെബ്രുവരി 9 – കായംകുളം തോമസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1950 ഫെബ്രുവരി 11 – കായംകുളം തോമസ് ശെമ്മാശനു കശ്ശീശാപട്ടം നൽകി.

1950 ഫെബ്രുവരി 15 – പട്ടശ്ശേരിൽ കുറിയാക്കോസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം നൽകി.

1950 ഏപ്രിൽ 6 – ചീരൻ ഏബ്രഹാമിനു കോറൂയോ പട്ടം.

1953 മെയ് 7 – കാട്ടകാമ്പാൽ സൈമൺ ശെമ്മാശന് കത്തനാരുപട്ടം നൽകി.

1957 ഫെബ്രുവരി 2 – ഐക്കരപ്പടവിൽ ഗീവർഗീസ് ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം.

1957 ജൂലൈ 15 – പോരാളൂർ പുത്തൻപുരയിൽ യോഹന്നാൻ ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടം (പിന്നീട് പി. സി. യോഹന്നാൻ റമ്പാൻ).


1957 സെപ്റ്റംബർ 14 – വെള്ളുക്കുട്ട മാമൂട്ടിൽ വർക്കി ശെമ്മോശന് കശീശാപട്ടം.

1958 ജനുവരി 25 – യോഹന്നാൻ ശെമ്മാശന് (പി. സി. യോഹന്നാൻ റമ്പാൻ) കശീശാപട്ടം.

**– പ്രൊഫ. വിപിൻ കെ. വർഗീസ്**



**പ. പാമ്പാടി തിരുമേനി ശെമ്മാശനായിരിക്കുമ്പോൾ.**



**പ. പാമ്പാടി തിരുമേനി റമ്പാനായിരിക്കുമ്പോൾ.**

## 2. സുറിയാനി പട്ടംകൊട പുസ്തകത്തിൽ നിന്നു സമാഹരിച്ചവ

(ഒന്നാം കാതോലിക്കാ ബാവാ ഉപയോഗിച്ച സുറിയാനി ഭാഷയിലുള്ള പട്ടംകൊട പുസ്തകം ഉപയോഗിച്ച് കൊടുത്ത പട്ടംകൊടകളുടെ ലിസ്റ്റാണിത്. സുറിയാനി ആരാധനക്രമ പുസ്തകങ്ങൾ എഴുതിയുണ്ടാക്കി ബൈൻഡ് ചെയ്തു പലർക്കും സമ്മാനിച്ചിരുന്ന പാമ്പാടി തിരുമേനി, സ്വന്തം കൈപ്പടയിൽ എഴുതിയ ഒരു പട്ടംകൊട പുസ്തകവും കൂടി ഉപയോഗിച്ചിരുന്നു എന്നു വേണം ഊഹിക്കുവാൻ. ഡയറിക്കുറിപ്പുകളിൽ നിന്നു സമാഹരിച്ച പട്ടംകൊട ശുശ്രൂഷകളിൽ പലതും, പട്ടംകൊട പുസ്തകത്തിലെ ലിസ്റ്റിൽ കാണുന്നില്ലാത്തത് അവ സ്വന്തം കൈപ്പടയിലുള്ള പുസ്തകം ഉപയോഗിച്ചു നൽകിയതിനാലാവാം. സ്വന്തം കൈയക്ഷരത്തിലെഴുതിയ ഈ പട്ടംകൊട പുസ്തകം കണ്ടെത്തിയിട്ടില്ല.

ജൂലിയൻ കലണ്ടർ അനുസരിച്ചുള്ള തീയതികളാണ് ഈ ലിസ്റ്റിൽ കൊടുത്തിരിക്കുന്നത്. 1953 വരെ ആരാധനാകാലം, ജൂലിയൻ കലണ്ടർ പ്രകാരമാണ് ക്രമീകരിച്ചിരുന്നത്. 1953-ലെ സ്വർഗ്ഗാരോഹണപെരുന്നാൾ മുതലാണ് സഭ ഗ്രിഗോറിയൻ കലണ്ടർ ഉപയോഗിച്ചു തുടങ്ങിയത്. ജൂലിയൻ കലണ്ടർ അനുസരിച്ചുള്ള തീയതികൾ, ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചുള്ള തീയതികളാക്കുവാൻ 13 ദിവസം കൂട്ടുകയാണ് ചെയ്യേണ്ടത്. അപ്രകാരം തയ്യാറാക്കിയ ഗ്രിഗോറിയൻ കലണ്ടർപ്രകാരമുള്ള തീയതി ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു. - എഡിറ്റർ)

**1929**

1. ഫെബ്രുവരി 22 (മാർച്ച് 7) - ചെറിയമഠത്തിൽ അലക്സന്ത്രയോസ് കത്തനാരുടെ പുത്രൻ ജേക്കബ് മ്ശംശോംനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശ്ശീശാസ്ഥാനം നൽകി (കൊല്ലാട്, മാങ്ങാനം പള്ളികൾക്കു വേണ്ടി).

2. ഫെബ്രുവരി 25 (മാർച്ച് 10) - മീനടം പാറയ്ക്കൽ മാത്തന്റെ പുത്രൻ കുറിയാക്കോസ് എന്ന കുട്ടിക്കു കോറൂയോ സ്ഥാനം നൽകി (അനീദേ ഞായറാഴ്ച).

---

1. മ്സമ്റോനോ - പാട്ടുകാരൻ (Singer).
2. കോറൂയോ - വായനക്കാരൻ (Reader).
3. അവ്പ്പദ്യക്കിനൊ - ഉപ (അർദ്ധ) ശെമ്മാശൻ (Sub Deacon).
5. മ്ശംശോനോ - പൂർണ്ണശെമ്മാശൻ (Full Deacon).

3. മാർച്ച് 25 (ഏപ്രിൽ 7) – വാകത്താനം മാളിയേക്കൽ ജേക്കബിന്റെ പുത്രൻ കോര എന്ന കുട്ടിക്കു യൗപദ്യക്കിനോ സ്ഥാനം നൽകി.

**1930**

1. മാർച്ച് 11 (മാർച്ച് 24) – തേവലക്കര കുറ്റിയിൽ ഉമ്മന്റെ പുത്രൻ കോശി കോറൂയോയ്ക്കു കോട്ടയം പഴയസെമിനാരിയിൽ വച്ചു മ്ശംശോനോ സ്ഥാനം നൽകി.

2. മാർച്ച് 11 (മാർച്ച് 24) – കടമ്പനാട് അമ്പനാട്ടു ജേക്കബിന്റെ പുത്രൻ തോമസ് കോറൂയോയ്ക്കു കോട്ടയം പഴയസെമിനാരിയിൽ വച്ചു മ്ശംശോനോ സ്ഥാനം നൽകി.

3. മാർച്ച് 11 (മാർച്ച് 24) – കുമ്പനാട് വേലശ്ശേരി ഈശോ കത്തനാരുടെ പുത്രൻ മത്തായി കോറൂയോയ്ക്കു കോട്ടയം പഴയസെമിനാരിയിൽ വച്ചു മ്ശംശോനോ സ്ഥാനം നൽകി.

4. മാർച്ച് 11 (മാർച്ച് 24) – കല്ലൂപ്പാറ കിഴക്കേതലയ്ക്കൽ മാരേട്ട് ഇട്ടിച്ചാണ്ടിയുടെ പുത്രൻ തോമസ് കോറൂയോയ്ക്കു കോട്ടയം പഴയസെമിനാരിയിൽ വച്ചു മ്ശംശോനോ സ്ഥാനം നൽകി.

5. മാർച്ച് 25 (ഏപ്രിൽ 7) – വാകത്താനം മാളിയേക്കൽ ജേക്കബിന്റെ പുത്രൻ കുറിയാക്കോസ് യൗപദ്യക്കിനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി (വാകത്താനം സെന്റ് മേരീസ് പള്ളിക്കുവേണ്ടി).

6. ജൂലൈ 3 (ജൂലൈ 16) – മാവേലിക്കര പുത്തിരേട്ട് വടക്കേടത്ത് സ്കറിയായുടെ പുത്രൻ സ്കറിയാ മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശ്ശീശ്ശാ സ്ഥാനം നൽകി (കടമ്പനാട് മാർ ബസേലിയോസ് പള്ളിക്കുവേണ്ടി).

7. ജൂലൈ 21 (ഓഗസ്റ്റ് 3) – അരീപ്പറമ്പ് പുറകുളത്ത് കുരുവിള ഈപ്പന്റെ പുത്രൻ ഇയ്യോബ് (ഈപ്പൻ) എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ചു കോറൂയോ സ്ഥാനം നൽകി.

8. 1930 നവംബർ 24 (ഡിസംബർ 7) – വാകത്താനം മാളിയേക്കൽ ജേക്കബിന്റെ പുത്രൻ കുറിയാക്കോസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി.

**1931**

1. നവംബർ 2 (നവംബർ 15) – വാകത്താനം പുന്നശ്ശേരിൽ മത്തായിയുടെ പുത്രൻ മത്തായി കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ചു മ്ശംശോനോ സ്ഥാനം നൽകി.

2. നവംബർ 16 (നവംബർ 29) - വാകത്താനം പുന്നശ്ശേരിൽ മത്തായി യുടെ പുത്രൻ മത്തായി മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശ്ശീശ്ശാ സ്ഥാനം നൽകി (വാകത്താനം വെട്ടിക്കുന്നേൽ സെന്റ് ജോർജ്ജ് പള്ളിക്കുവേണ്ടി).

3. നവംബർ 16 (നവംബർ 29) - അഞ്ചേരി വടക്കുംപാടത്ത് തോമ സിന്റെ പുത്രൻ ഏബ്രഹാം എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

**1932**

1. മാർച്ച് 28 (ഏപ്രിൽ 10) - നെടുമാവ് മൂലക്കര ഏബ്രഹാമിന്റെ പുത്രൻ കുറിയാക്കോസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് യൗപദ്യ ക്കിനോ സ്ഥാനം നൽകി.

2. മാർച്ച് 28 (ഏപ്രിൽ 10) - കാനം പറപ്പള്ളിത്താഴെ മത്തായിയുടെ പുത്രൻ ജേക്കബ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് യൗപദ്യ ക്കിനോ സ്ഥാനം നൽകി.

3. മാർച്ച് 28 (ഏപ്രിൽ 10) - കോട്ടയം സ്വദേശി കോരയുടെ പുത്രൻ ഫിലിപ്പോസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് യൗപദ്യക്കിനോ സ്ഥാനം നൽകി.

4. മാർച്ച് 28 (ഏപ്രിൽ 10) - ചെങ്ങന്നൂർ മോടിക്കൽ ജേക്കബിന്റെ പുത്രൻ സ്കറിയാ കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് യൗപദ്യ ക്കിനോ സ്ഥാനം നൽകി.

5. ഡിസംബർ 5 (ഡിസംബർ 18) - കാനം പറപ്പള്ളിത്താഴെ മത്തായി യുടെ പുത്രൻ ജേക്കബ് യൗപദ്യക്കിനോയ്ക്കു കാനം സെന്റ് മേരീസ് പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

6. ഡിസംബർ 12 (ഡിസംബർ 25) - കാനം പറപ്പള്ളിത്താഴെ മത്താ യിയുടെ പുത്രൻ ജേക്കബ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (കാനം സെന്റ് മേരീസ് പള്ളിക്കുവേണ്ടി).

**1933**

1. ഫെബ്രുവരി 27 (മാർച്ച് 12) - തൃക്കോതമംഗലം കാരുചിറ ചെറി യാന്റെ പുത്രൻ ജേക്കബ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (തൃക്കോതമംഗലം സെന്റ് ജയിംസ് പള്ളിക്കു വേണ്ടി).

2. മാർച്ച് 9 (മാർച്ച് 22) - നെടുമാവ് മൂലക്കര ഏബ്രഹാമിന്റെ പുത്രൻ

കുറിയാക്കോസ് യൗപദ്യക്കിനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി (പാതിനോമ്പ് ദിവസം).

3. മാർച്ച് 25 (ഏപ്രിൽ 7) – നെടുമാവ് മൂലക്കര ഏബ്രഹാമിന്റെ പുത്രൻ കുറിയാക്കോസ് മ്ശംശോനോയ്ക്കു നെടുമാവ് സെന്റ് പോൾസ് പള്ളിയിൽ വച്ച് കശീശ്ശാസ്ഥാനം നൽകി (നെടുമാവ് സെന്റ് പോൾസ് പള്ളിക്കുവേണ്ടി).

4. ഏപ്രിൽ 15 (ഏപ്രിൽ 28) – മുറിമറ്റത്തിൽ കുര്യന്റെ പുത്രൻ ഗീവർഗീസ് മ്ശംശോനോയ്ക്കു കോട്ടയം പഴയസെമിനാരിയിൽ വച്ച് കശീശ്ശാസ്ഥാനം നൽകി (കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിക്കുവേണ്ടി).

5. മെയ് 15 (മെയ് 28) – തോട്ടയ്ക്കാട് പുത്തേട്ടുകടുപ്പിൽ മാത്തുവിന്റെ പുത്രൻ ഫിലിപ്പോസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

6. ആഗസ്റ്റ് 15 (ഓഗസ്റ്റ് 28) – കങ്ങഴ പന്തനാലിൽ ജേക്കബിന്റെ പുത്രൻ തോമസ് എന്ന കുട്ടിക്കു കോറൂയോ സ്ഥാനം നൽകി.

7. നവംബർ 24 (ഡിസംബർ 7) – പരിയാരം കൈതളാവിൽ മാത്തന്റെ പുത്രൻ ജേക്കബ് എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ചു കോറൂയോ സ്ഥാനം നൽകി.

8. നവംബർ 24 (ഡിസംബർ 7) – തോട്ടയ്ക്കാട് വലിയമണ്ണിലായ പ്ലാപ്പറമ്പിൽ കുര്യന്റെ പുത്രൻ ഗീവർഗീസ് എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ചു കോറൂയോ സ്ഥാനം നൽകി.

9. നവംബർ 28 (ഡിസംബർ 11) – വാഴൂർ മണ്ണൂപ്പറമ്പിൽ ഏബ്രഹാമിന്റെ പുത്രൻ ജേക്കബ് എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

**1934**

1. ജനുവരി 19 (ഫെബ്രുവരി 1) – ളാക്കാട്ടൂർ മുടിയക്കൽ കരോട്ട് ചെറിയാന്റെ പുത്രൻ സ്കറിയാ എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

**1935**

1. ഓഗസ്റ്റ് 6 (ഓഗസ്റ്റ് 19) – കുന്നംകുളം ചുങ്കത്ത് സൈമണിന്റെ പുത്രൻ ജോസഫ് എന്ന കുട്ടിക്കു കുന്നംകുളം സെന്റ് ലാസറസ് പഴയ പള്ളിയിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

2. നവംബർ 8 (നവംബർ 21) - വാകത്താനം എണ്ണശ്ശേരിൽ യൂഹാനോൻ കത്തനാരുടെ പുത്രൻ കുറിയാക്കോസ് എന്ന കുട്ടിക്കു വാകത്താനം മാർ യൂഹാനോൻ മാംദാന പള്ളിയിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

**1936**

1. മാർച്ച് 15 (മാർച്ച് 28) - പുതുപ്പള്ളി മാടയ്ക്കൽ ജോസഫിന്റെ പുത്രൻ ഇയ്യോബ് കോറൂയോയ്ക്കു പുതുപ്പള്ളി പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

2. മാർച്ച് 16 (മാർച്ച് 29) - പുതുപ്പള്ളി മാടയ്ക്കൽ ജോസഫിന്റെ പുത്രൻ ഇയ്യോബ് മ്ശംശോനോയ്ക്കു പുതുപ്പള്ളി പള്ളിയിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (പുതുപ്പള്ളി നിലയ്ക്കൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളിക്കുവേണ്ടി).

3. മെയ് 30 (ജൂൺ 12) - കൈപ്പട്ടൂർ കൊരമണ്ണത്തുമാലിൽ ജോണിന്റെ പുത്രൻ മത്തായി എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

4. ജൂലൈ 3 (ജൂലൈ 16) - നിരണം വേങ്കലിൽ ഇട്ടിച്ചാണ്ടിയുടെ പുത്രൻ പുന്നൂസ് മ്സമ്രോനോയ്ക്ക് പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

5. സെപ്റ്റംബർ 14 (സെപ്റ്റംബർ 27) - വാകത്താനം മാളിയേക്കൽ ജേക്കബിന്റെ പുത്രൻ കുറിയാക്കോസ് കത്തനാർക്കു പാത്താമുട്ടം സ്ലീബാ പള്ളിയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി.

6. ഒക്ടോബർ 11 (ഒക്ടോബർ 24) - കോതമംഗലം കവുങ്ങപ്പിള്ളിൽ കുര്യന്റെ പുത്രൻ ജോസഫ് എന്ന കുട്ടിക്കു കോട്ടയം പഴയസെമിനാരിയിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

**1937**

1. ജൂലൈ 15 (ജൂലൈ 28) - മീനടം പാറയ്ക്കൽ മാത്തന്റെ പുത്രൻ കുറിയാക്കോസ് കോറൂയോയ്ക്കു മ്ശംശോനോ സ്ഥാനം നൽകി.

2. ജൂലൈ 15 (ജൂലൈ 28) - മാവേലിക്കര നാടാവള്ളിൽ ഗീവർഗീസിന്റെ പുത്രൻ കുര്യനു കോറൂയോസ്ഥാനം നൽകി.

3. സെപ്റ്റംബർ 5 (സെപ്റ്റംബർ 18) - നിരണം ഇലഞ്ഞിക്കൽ പെരുമാളിന്റെ പുത്രൻ ജേക്കബ് യൗപദ്യക്കിനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

4. സെപ്റ്റംബർ 23 (ഒക്ടോബർ 6) – ഓമല്ലൂർ മുളമൂട്ടിൽ തോമസ് കത്തനാരുടെ പുത്രൻ ഈശോ കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് യൗപദ്യക്കിനോ സ്ഥാനം നൽകി.

**1938**

1. ജൂൺ 13 (ജൂൺ 26) – പുത്തൂർ കിനാറ്റിന കോശിയുടെ പുത്രൻ കോശി മ്ശംശോനോയ്ക്കു പരുമല സെമിനാരി പള്ളിയിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (പുത്തൂർ സെന്റ് ജോർജ് പള്ളിക്കുവേണ്ടി).

2. ജൂൺ 15 (ജൂൺ 28) – മീനടം പാറയ്ക്കൽ മാത്തന്റെ പുത്രൻ കുറിയാക്കോസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽവച്ച് കശീശ്ശാ സ്ഥാനം നൽകി (മീനടം യൂഹാനോൻ മാംദാന പള്ളിക്കുവേണ്ടി).

3. ഓഗസ്റ്റ് 28 (സെപ്റ്റംബർ 10) – മല്ലപ്പള്ളി പയ്യമ്പള്ളിൽ ഗീവർഗീസിന്റെ പുത്രൻ ദാവീദ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

4. സെപ്റ്റംബർ 25 (ഒക്ടോബർ 8) – കാരിച്ചാൽ പുത്തൻപറമ്പിൽ ഗീവർഗീസിന്റെ പുത്രൻ ജേക്കബ് യൗപദ്യക്കിനോയ്ക്കു മ്ശംശോനോ സ്ഥാനം നൽകി.

**1939**

1. ഫെബ്രുവരി 28 (മാർച്ച് 13) – ശൂരനാട് മിനത്തേതിൽ ഗീവർഗീസിന്റെ പുത്രൻ ജേക്കബ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ചു മ്ശംശോനോ സ്ഥാനം നൽകി.

2. മാർച്ച് 6 (മാർച്ച് 19) – മല്ലപ്പള്ളി വടക്കേടത്ത് ഐസക്കിന്റെ പുത്രൻ തോമസ് കോറൂയോയ്ക്കു കുന്നന്താനം സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

3. ജൂലൈ 15 (ജൂലൈ 28) – ഓമല്ലൂർ മുളമൂട്ടിൽ തോമസ് കത്തനാരുടെ പുത്രൻ ഈശോ യൗപദ്യക്കിനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

4. സെപ്റ്റംബർ 30 (ഒക്ടോബർ 13) – മല്ലപ്പള്ളി വാളക്കുഴിയിൽ ചെറിയാന്റെ പുത്രൻ ഗീവർഗീസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ചു മ്ശംശോനോ സ്ഥാനം നൽകി.

**1940**

1. ഫെബ്രുവരി 2 (ഫെബ്രുവരി 15) – ഓമല്ലൂർ മുളമൂട്ടിൽ തോമസ്

കത്തനാരുടെ പുത്രൻ ഈശോ മ്ശംശോനോയ്ക്കു ചേന്നങ്കരി സെന്റ് തോമസ് പള്ളിയിൽ വച്ച് കശീശ്ശാസ്ഥാനം നൽകി (ഓമല്ലൂർ സെന്റ് തോമസ് പള്ളിക്കുവേണ്ടി).

2. ഫെബ്രുവരി 13 (ഫെബ്രുവരി 26) – മണ്ണൂപ്പറമ്പിൽ ഏബ്രഹാമിന്റെ പുത്രൻ ജേക്കബ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

3. ഫെബ്രുവരി 24 (മാർച്ച് 8) – മണ്ണൂപ്പറമ്പിൽ ഏബ്രഹാമിന്റെ പുത്രൻ ജേക്കബ് മ്ശംശോനോയ്ക്കു വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി.

4. മാർച്ച് 25 (ഏപ്രിൽ 7) – കാരിച്ചാൽ താംത്തുവള്ളിൽ മത്തായിയുടെ മകൻ തോമസ് കോറൂയോയ്ക്കു കാരിച്ചാൽ സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

5. മെയ് 15 (മെയ് 28) – പാമ്പാടികണ്ടത്തിൽ കുറിയാക്കോസ് കത്തനാരുടെ പുത്രൻ ഗീവർഗീസിന് പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

6. ജൂലൈ 15 (ജൂലൈ 28) – വരവൂർ മത്തായിയുടെ പുത്രനും പത്തനാപുരം താബോർ ദയറാംഗവുമായ ഗീവർഗീസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (പത്തനാപുരം താബോർ ദയറായ്ക്കുവേണ്ടി).

**1941**

1. ജനുവരി 15 (ജനുവരി 28) – മാരാമൺ കാവാലത്തിൽ കോര തോമസിന്റെ പുത്രൻ ഗീവർഗീസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

2. ജനുവരി 26 (ഫെബ്രുവരി 8) – ളാക്കാട്ടൂർ ചോകോൻപറമ്പിൽ ചെറിയാന്റെ പുത്രൻ സ്കറിയാ കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

3. ജനുവരി 27 (ഫെബ്രുവരി 9) – ളാക്കാട്ടൂർ ചോകോൻപറമ്പിൽ ചെറിയാന്റെ പുത്രൻ സ്കറിയാ മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി.

4. ഏപ്രിൽ 11 (ഏപ്രിൽ 24) – പറക്കോട് കടവിനാൽ കോശിയുടെ പുത്രൻ തോമസ് കോറൂയോയ്ക്കു പള്ളം പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

5. ഏപ്രിൽ 12 (ഏപ്രിൽ 25) - പറക്കോട് കടവിനാൽ കോശിയുടെ പുത്രൻ തോമസ് മ്ശംശോനോയ്ക്കു വെണ്ണിക്കുളം പള്ളിയിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിക്കുവേണ്ടി).

**1942**

1. ജനുവരി 21 (ഫെബ്രുവരി 3) - നെടുമ്പ്രം വാലയിൽ ഗീവർഗീസ് കത്തനാരുടെ പുത്രൻ അലക്സന്ത്രയോസ് എന്ന കുട്ടിക്കു പാമ്പാടി ദയറായിൽ വച്ച് മ്സമ്രോനോ സ്ഥാനം നൽകി.

2. നവംബർ 8 (നവംബർ 21) - പുതുപ്പള്ളി പടിഞ്ഞാറേക്കുറ്റ് ഏബ്രഹാം കത്തനാരുടെ പുത്രൻ ഗീവർഗീസ് എന്ന യുവാവിനു പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

**1943**

1. ഫെബ്രുവരി 28 (മാർച്ച് 13) - മല്ലപ്പള്ളി പയ്യമ്പള്ളിൽ ഏബ്രഹാമിന്റെ പുത്രൻ ഏബ്രഹാം കോറൂയോയ്ക്കു മല്ലപ്പള്ളി മാർ യൂഹാനോൻ മാംദാനാ പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

2. ഒക്ടോബർ 11 (ഒക്ടോബർ 24) - പരിയാരം കൈതളാവിൽ മാത്തന്റെ പുത്രൻ ജേക്കബ് കോറൂയോയ്ക്കു കുഴിമറ്റം സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

3. ഡിസംബർ 29 (1944 ജനുവരി 11) - വാകത്താനം പള്ളിയടിയിൽ പുന്നൂസിന്റെ പുത്രൻ ഫിലിപ്പോസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

**1944**

1. ഫെബ്രുവരി 2 (ഫെബ്രുവരി 15) - തവൽപുരം മറ്റാത്തോ ഡേവിഡിന്റെ പുത്രൻ ഗീവർഗീസ് മ്സമ്രോനോയ്ക്കു അഞ്ചേരി പള്ളിയിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

2. മാർച്ച് 6 (മാർച്ച് 19) - പരിയാരം കൈതളാവിൽ മാത്തന്റെ പുത്രൻ ജേക്കബ് മ്ശംശോനോയ്ക്കു പരിയാരം മാർ അപ്രേം പള്ളിയിൽ വച്ച് കശ്ശീശാ സ്ഥാനം നൽകി (പരിയാരം മാർ അപ്രേം പള്ളിക്കുവേണ്ടി).

3. ഏപ്രിൽ 16 (ഏപ്രിൽ 29) - ചെങ്ങന്നൂർ കാക്കാല ഈപ്പന്റെ പുത്രൻ അലക്സന്ത്രയോസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശ്ശീശ്ശാ സ്ഥാനം നൽകി (ചെങ്ങന്നൂർ വി. ദൈവമാതാവിന്റെ പള്ളിക്കു വേണ്ടി).

4. മെയ് 12 (മെയ് 25) – പരിയാരം അഞ്ചേരി വടക്കുംപാടത്ത് തോമസിന്റെ പുത്രൻ ഏബ്രഹാം കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

5. മെയ് 15 (മെയ് 28) – പരിയാരം അഞ്ചേരി വടക്കുംപാടത്ത് തോമസിന്റെ പുത്രൻ ഏബ്രഹാം മ്ശംശോനോയ്ക്കു പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (അഞ്ചേരി സെന്റ് പീറ്റേഴ്സ് പള്ളിക്കുവേണ്ടി).

**1946**

1. ഏപ്രിൽ 27 (മാർച്ച് 10) – പുതുപ്പള്ളി പടിഞ്ഞാറേക്കുറ്റ് ഏബ്രഹാം കത്തനാരുടെ പുത്രൻ ഗീവർഗീസ് കോറൂയോയ്ക്കു മ്ശംശോനോ സ്ഥാനം നൽകി.

2. ഏപ്രിൽ 28 (മാർച്ച് 11) – പുതുപ്പള്ളി പടിഞ്ഞാറേക്കുറ്റ് ഏബ്രഹാം കത്തനാരുടെ പുത്രൻ ഗീവർഗീസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി.

3. ഡിസംബർ 23 (1947 ജനുവരി 5) – കങ്ങഴ പന്തനാലിൽ യാക്കോബിന്റെ പുത്രൻ തോമസ് കോറൂയോയ്ക്കു മ്ശംശോനോ സ്ഥാനം നൽകി.

4. ഡിസംബർ 24 (1947 ജനുവരി 6) – കങ്ങഴ പന്തനാലിൽ യാക്കോബിന്റെ പുത്രൻ തോമസ് മ്ശംശോനോയ്ക്കു കശീശ്ശാ സ്ഥാനം നൽകി (കങ്ങഴ സെന്റ് തോമസ് പള്ളിക്കുവേണ്ടി).

**1947**

1. മെയ് 21 (ജൂൺ 3) – പാമ്പാടികണ്ടത്തിൽ കുറിയാക്കോസ് കത്തനാരുടെ പുത്രൻ ഗീവർഗീസ് കോറൂയോയ്ക്കു മ്ശംശോനോ സ്ഥാനം നൽകി.

2. മെയ് 22 (ജൂൺ 4) – പാമ്പാടികണ്ടത്തിൽ കുറിയാക്കോസ് കത്തനാരുടെ പുത്രൻ ഗീവർഗീസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (പാമ്പാടി മാർ യൂഹാനോൻ മാംദാനാ പള്ളിക്കു വേണ്ടി).

3. ഓഗസ്റ്റ് 10 (ഓഗസ്റ്റ് 23) – വാകത്താനം എണ്ണശ്ശേരിൽ യൂഹാനോൻ കത്തനാരുടെ പുത്രൻ കുറിയാക്കോസ് കോറൂയോയ്ക്കു മ്ശംശോനോ സ്ഥാനം നൽകി.

4. ഓഗസ്റ്റ് 11 (ഓഗസ്റ്റ് 24) – വാകത്താനം എണ്ണശ്ശേരിൽ യൂഹാനോൻ

കത്തനാരുടെ പുത്രൻ കുറിയാക്കോസ് ശംശോനോയ്ക്ക് കശീശ്ശാ സ്ഥാനം നൽകി (വാകത്താനം മാർ യൂഹാനോൻ മാംദാനാ പള്ളിക്കു വേണ്ടി).

5. ഡിസംബർ 26 (1948 ജനുവരി 8) – കഞ്ഞിക്കുഴി പായിക്കാട്ട് ജേക്കബിന്റെ പുത്രൻ ഗീവർഗീസിനു കോറൂയോ സ്ഥാനം പാമ്പാടി ദയറായിൽ വച്ച് നൽകി.

**1948**

1. മാർച്ച് 25 (ഏപ്രിൽ 7) – വടക്കൻമണ്ണൂർ പുറകുളത്ത് കുരുവിള ഈപ്പന്റെ പുത്രൻ ഇയ്യോബ് (ഈപ്പൻ) മ്ശംശോനോയ്ക്ക് വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (വടക്കൻമണ്ണൂർ പള്ളിക്കുവേണ്ടി).

2. മെയ് 10 (മെയ് 23) – പള്ളം ചേരിയിൽ കുര്യന്റെ പുത്രൻ തോമസിനു കോറൂയോ സ്ഥാനം നൽകി.

**1949**

1. മെയ് 15 (മെയ് 28) – വടക്കൻമണ്ണൂർ ഓമത്തിൽ തോമസിന്റെ പുത്രൻ കുറിയാക്കോസിന് കോറൂയോ സ്ഥാനം നൽകി.

2. ജൂൺ 4 (ജൂൺ 17) – നിരണം മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരുടെ പുത്രൻ ഗീവർഗീസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് യൗപദ്യക്കിനോ സ്ഥാനം നൽകി.

3. ഓഗസ്റ്റ് 14 (ഓഗസ്റ്റ് 27) – കഞ്ഞിക്കുഴി പായിക്കാട്ട് ജേക്കബിന്റെ പുത്രൻ ഗീവർഗീസ് കോറൂയോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

4. ഓഗസ്റ്റ് 15 (ഓഗസ്റ്റ് 28) – കീക്കൊഴൂർ മഠത്തേത്ത് തോമസിന്റെ മകൻ മത്തായിക്ക് പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

5. ഓഗസ്റ്റ് 15 (ഓഗസ്റ്റ് 28) – പ്രക്കാനം വെട്ടിക്കൂട്ടത്തിൽ തോമസിന്റെ മകൻ തോമസിന് പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

6. ഡിസംബർ 10 (ഡിസംബർ 23) – മുണ്ടക്കയം പുത്തൻപീടികയിൽ മത്തായിയുടെ മകൻ ഏബ്രഹാമിന് പാമ്പാടി ദയറായിൽ വച്ച് കോറൂയോ സ്ഥാനം നൽകി.

7. ഡിസംബർ 11 (ഡിസംബർ 24) – കഞ്ഞിക്കുഴി പായിക്കാട്ട് ജേക്കബിന്റെ പുത്രൻ ഗീവർഗീസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശ്ശീശാ സ്ഥാനം നൽകി.

**1950**

1. ജനുവരി 22 (ഫെബ്രുവരി 4) - മുണ്ടക്കയം പുത്തൻപീടികയിൽ മത്തായിയുടെ മകൻ ഏബ്രഹാം കോറൂയോയ്ക്ക് മ്ശംശോനോ സ്ഥാനം നൽകി.

2. ജനുവരി 28 (ഫെബ്രുവരി 10) - കുണ്ടറ പരുത്തിമൂട്ടിൽ ജേക്കബിന്റെ പുത്രൻ തോമസ് യൗപദ്യക്കിനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് മ്ശംശോനോ സ്ഥാനം നൽകി.

3. ജനുവരി 29 (ഫെബ്രുവരി 11) - കുണ്ടറ പരുത്തിമൂട്ടിൽ ജേക്കബിന്റെ പുത്രൻ തോമസ് മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശ്ശീശാ സ്ഥാനം നൽകി (കായംകുളം പള്ളിക്കുവേണ്ടി).

4. ഫെബ്രുവരി 2 (ഫെബ്രുവരി 15) - കുഴിമറ്റം പട്ടശ്ശേരിൽ വാഴച്ചിറ മത്തായിയുടെ മകൻ കുറിയാക്കോസ് കോറൂയോയ്ക്ക് മ്ശംശോനോ സ്ഥാനം നൽകി.

5. മാർച്ച് 24 (ഏപ്രിൽ 6) - പഴഞ്ഞി ചീരൻ ഗീവർഗീസിന്റെ പുത്രൻ ഏബ്രഹാം എന്ന കുട്ടിക്കു കോറൂയോ സ്ഥാനം നൽകി.

6. മാർച്ച് 25 (ഏപ്രിൽ 7) - മുണ്ടക്കയം പുത്തൻപീടികയിൽ മത്തായിയുടെ മകൻ ഏബ്രഹാം മ്ശംശോനോയ്ക്കു പാമ്പാടി ദയറായിൽ വച്ച് കശീശ്ശാ സ്ഥാനം നൽകി (മുണ്ടക്കയം സെന്റ് തോമസ് പള്ളിക്കുവേണ്ടി).

7. നവംബർ 14 (നവംബർ 27) - നാലുന്നാക്കൽ കരിപ്പാൽ സ്കറിയായുടെ പുത്രൻ മാത്തു എന്ന കുട്ടിക്കു കോറൂയോ സ്ഥാനം നൽകി.

## 3. കൂദാശകൾ

1. 1929 ഫെബ്രുവരി 24 (മാർച്ച് 9) - കങ്ങഴ സെന്റ് തോമസ് പള്ളി കൂദാശ.

2. 1935 ജനുവരി 1 (ജനുവരി 14) - മാന്നാനം (?) സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി കൂദാശ.

3. 1940 ജനുവരി 8 (ജനുവരി 21) - വി. യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ ദേവാലയത്തിനു കല്ലിടീൽ ശുശ്രൂഷ നിർവഹിച്ചു.

4. 1944 ഏപ്രിൽ 10 (ഏപ്രിൽ 23) - കൊല്ലാട് സെന്റ് പോൾസ് പള്ളി കൂദാശ നിർവഹിച്ചു.

5. 1947 ജൂൺ 29 (ജൂലൈ 12) – കോത്തലയിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ നാമത്തിലുള്ള ദേവാലയത്തിനു കല്ലിടീൽ ശുശ്രൂഷ നിർവഹിച്ചു.

സമ്പാദകൻ: **ഡീക്കൻ ഇയ്യോബ് (ബഥനി ആശ്രമം)**
തയ്യാറാക്കിയത്: **ജോയ്സ് തോട്ടയ്ക്കാട്**



**പുത്തൻകാവ് മാർ പീലക്സീനോസ്, പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പ. പാമ്പാടി തിരുമേനി, മാർ സേവേറിയോസ് വാളക്കുഴി**

# കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പ. പാമ്പാടി തിരുമേനി) ബിബ്ലിയോഗ്രഫി

## പുസ്തകങ്ങൾ


1. പാമ്പാടിയിലെ യതിവര്യൻ, വിദ്വാൻ വി. റ്റി. ഐപ്പ്, 1930.

2. പാമ്പാടി തിരുമേനി: ഒരു ലഘു ജീവചരിത്രം, ഫാ. പി. പി. ഗീവർഗീസ്, പാമ്പാടി ദയറാ, മെയ് 4, 1965.

3. താബോറിലെ താപസവര്യൻ (ജീവചരിത്രം), കെ. വി. മാമ്മൻ കോട്ടയ്ക്കൽ, ഒന്നാം പതിപ്പ് ഏപ്രിൽ 1, 1966, ആറാം പതിപ്പ് ഒക്ടോബർ 2008, ഏഴാം പതിപ്പ്, ഒക്ടോബർ 2015.

4. പാമ്പാടി തിരുമേനി (ജീവചരിത്രം), പ്രൊഫ. കെ. എം. കുറിയാക്കോസ്, കോട്ടയം, 1991.

5. താബോർകുന്നിലെ ഏലിയാവും അതുല്യ ആത്മശക്തി ലഭിച്ച എലീശയും (പാമ്പാടി തിരുമേനിയുടെയും പി. സി. യോഹന്നാൻ റമ്പാന്റെയും ജീവചരിത്രം), കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, സെപ്റ്റംബർ 12, 2009.

6. പ. പാമ്പാടി തിരുമേനി ആധികാരിക പുസ്തകം (ജീവചരിത്രവും പഠനങ്ങളും), പാമ്പാടി ദയറാ, 2010.

7. The Holy Hermit of Tabore Hill, K. V. Mammen, Translation by Babu Zacharia, Kottackal Publishers, Manganam, April 2004.

8. The Saint of Pampady: An Authoritative Biography of Metropolitan Kuriakose Mar Gregorios, Mar Kuriakose Dayara, Pampady, 2010.

9. പാമ്പാടി തിരുമേനി: വിശുദ്ധിയുടെ വിരിക്കൂട്ടം (ജീവചരിത്രവും അനുസ്മരണങ്ങളും), എഡിറ്റർ: ഡോ. എം. കുര്യൻ തോമസ്, എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം, 2015.

10. പാമ്പാടി തിരുമേനി (കവിത), എം. കെ. കോര മുട്ടത്തുകര, കോട്ടയം, 2016.

11. പ്ലേഗ് ബാധയും അത്ഭുത സൗഖ്യവും, പ്രൊഫ. കെ. എം. കുറിയാക്കോസ്, രത്നം പബ്ലിക്കേഷൻസ്, വാകത്താനം, ഫെബ്രുവരി 2016.

12. പാമ്പാടിയിലെ മുനിശ്രേഷ്ഠൻ, എഡിറ്റർ: ജോയ്സ് തോട്ടയ്ക്കാട്, സോഫിയാ ബുക്സ്, കോട്ടയം, ഏപ്രിൽ 2016.

### ഇ ബുക്ക്

1. പ. പാമ്പാടി തിരുമേനിയുടെ തിരുമൊഴികൾ, സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്, സോഫിയാ ബുക്സ്, കോട്ടയം, ഫെബ്രുവരി 20, 2011.

### സുവനീർ

1. പാമ്പാടി തിരുമേനി ജന്മശതാബ്ദി സുവനീർ, ചീഫ് എഡിറ്റർ: കെ. എം. മാത്യു മനോരമ, പാമ്പാടി, ഏപ്രിൽ 7, 1985.

### ലേഖനങ്ങൾ

1. ആത്മീയ പ്രകാശം ചൊരിഞ്ഞ ഗോപുരം, മള്ളിയൂർ ശങ്കരൻ നമ്പൂതിരി.

2. ദൈവസ്നേഹിതനായ മഹാതാപസൻ, പ. മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ.

3. ദുഃസ്ഥിതിക്കാരുടെ ആശ്രയവും പരിസ്ഥിതിയുടെ പരിപാലകനും, ഫാ. ഡോ. റെജി മാത്യൂസ്.

4. ജീവിതം പ്രാർത്ഥനയാക്കിയ താബോറിലെ രാജർഷി, ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്.

5. കർമ്മം യജ്ഞമായി പ്രവർത്തിച്ച യോഗി, ഫാ. മാത്യു കെ. ജോൺ.

6. സഹജീവികളെ സ്നേഹിച്ച മഹാപരിശുദ്ധൻ, ഫാ. ജോസഫ് മാത്യു കിളിരൂപറമ്പിൽ.

7. ജനങ്ങൾ പരിശുദ്ധനായി പ്രഖ്യാപിച്ച പാമ്പാടി തിരുമേനി, സിജു കെ. ഐസക്ക്

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2011 ഏപ്രിൽ 8)

9. ദൈവത്തെ രുചിച്ചറിഞ്ഞ ഋഷിവര്യൻ, ഡോ. കെ. എസ്. രാധാകൃഷ്ണൻ.

10. സ്നേഹസന്ദേശം പകർന്ന ജീവിതം, ഉമ്മൻചാണ്ടി.

11. മദ്ധ്യസ്ഥതയുടെ മഹനീയ നിമിഷങ്ങൾ, പി. എ. ജോസഫ് പാറയ്ക്കൽ.

12. ഐഹിക ലോകത്ത് ജീവിച്ച ആത്മീയ പൗരൻ, ഫാ. മാത്യു കെ. ജോൺ.

13. ആടുകൾക്കുവേണ്ടി ജീവനെ വയ്ക്കുന്ന ഇടയൻ, ഡോ. ഗീവർഗീസ് റമ്പാൻ പുലിക്കോട്ടിൽ.

14. വിനയാന്വിതനായ തിരുമേനിയുടെ അഭിമാനം സഭ മാത്രം, ഫാ.

പി. പി. ഗീവർഗീസ്.

15. പ്രാർത്ഥന കൊണ്ട് ശുദ്ധീകരിച്ച നിമിഷങ്ങൽ, ഫാ. സഖറിയാ നൈനാൻ ചിറത്തലാട്ട്

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2010 ഏപ്രിൽ 4)

16. പാമ്പാടി തിരുമേനി ആത്മീയതയുടെ നിറകുടം, ഡോ. പി. സി. അലക്സാണ്ടർ.

17. സ്വർഗ്ഗീയ താലന്തുകൾ വാരി വിതറിയ ഇടയശ്രേഷ്ഠൻ, ഉമ്മൻചാണ്ടി.

18. പാമ്പാടിയുടെ ഹൃദയതാളം, അനീഷ് ആനിക്കാട്.

19. പൊത്തമ്പുറം: ദൈവതേജസ്സിന്റെ താബോർഗിരി, ആത്മജവർമ്മ തമ്പുരാൻ.

20. പാമ്പാടി തിരുമേനിയുടെ ജീവചരിത്ര ഫലകങ്ങൾ, കെ. കെ. വർഗീസ് ഇലഞ്ഞിമറ്റം.

21. പാമ്പാടി തിരുമേനി: ആർദ്രവും സൗമ്യവുമായ ഒരു സാന്നിധ്യം, ഫാ. ഡോ. കെ. എം. ജോർജ്ജ്.

22. പരിശുദ്ധതയുടെ നാമം, സാബു വടകര

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2006 ഏപ്രിൽ 7)

23. ചില നിർദ്ദേശങ്ങളും യാഥാർത്ഥ്യങ്ങളും, പി. സി. യോഹന്നാൻ റമ്പാൻ

(പാമ്പാടി ദയറാ ബുള്ളറ്റിൻ, ജനുവരി 2000)

24. വാൽമുനി ആകാഞ്ഞ മാമുനി അഥവാ പാമ്പാടി തിരുമേനി, ഫാ. ഡോ. ജേക്കബ് കുര്യൻ.

25. കനിവിന്റെ കടൽ, ഉമ്മൻചാണ്ടി.

26. പ. പാമ്പാടി തിരുമേനിയും കാരാപ്പുഴ ചാപ്പലും, ഗീവർഗീസ് മാർ ഈവാനിയോസ്.

27. പ്രാർത്ഥനയും സേവനവും സമന്വയിപ്പിച്ച മഹാമുനി, ഫാ. പി. പി. ഗീവർഗീസ്.

28. നന്മ നിറഞ്ഞ വിശുദ്ധിയുടെ ജീവിതരേഖകൾ, ഫാ. ഡോ. കെ. എം. ജോർജ്ജ്.

29. ശ്രേഷ്ഠ ഫലങ്ങളുടെ വിശിഷ്ട മുന്തിരിവള്ളി, ഫാ. വർഗീസ് വർഗീസ്.

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, ഏപ്രിൽ 12, 2009)

30. ഗുരുവും ശിഷ്യനും, ഫാ. ഡോ. ടി. ജെ. ജോഷ്വാ

(മലയാള മനോരമ, 2009 മാർച്ച് 28)

31. പ്രാർത്ഥനയിൽ അധിഷ്ഠിതമായ ഗുരുഭക്തി, ഫാ. ഡോ. ടി. ജെ. ജോഷ്വാ.

(മലയാള മനോരമ, പി. സി. യോഹന്നാൻ സ്മരണിക, 2008 ഒക്ടോബർ 11)

32. അജഗണങ്ങൾക്ക് പ്രിയങ്കരനായ ഇടയൻ, ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ്.

33. ദൈവദർശനത്തിന്റെ ദിവ്യദീപ്തി, ഫാ. ഡോ. ജേക്കബ് കുര്യൻ.

34. പ. പരുമല തിരുമേനിയിൽ നിന്നു പ. പാമ്പാടി തിരുമേനിയിലേക്ക്, ഫാ. സി. എ. വർഗീസ് ചാമക്കാല.

35. താബോർഗിരിയിലെ ദൈവതേജസ്സ്, ജേക്കബ് കുര്യൻ കിളിമല.

36. ഗുരുശ്രേഷ്ഠനായ മഠത്തിലാശാന്റെ വൽസല ശിഷ്യനായ പാമ്പാടി തിരുമേനി, കെ. കെ. വർഗീസ് ഇലഞ്ഞിമറ്റം.

37. പാമ്പാടി മാർ കുറിയാക്കോസ് ദയറാ ഇന്നു പുണ്യഭൂമി, ഉമ്മൻ ചാണ്ടി.

38. മഹാനായ മനുഷ്യസ്നേഹി, പൗലോസ് മാർ മിലിത്തിയോസ്.

39. പ. പാമ്പാടി തിരുമേനി: ഒരു അനുസ്മരണം, സ്കറിയാ തൊമ്മി പറപ്പള്ളിൽ

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2001 ഏപ്രിൽ 6)

40. താബോർഗിരിയിലെ ഋഷിവര്യൻ, ഫാ. ഡോ. വി. എം. ഏബ്രഹാം.

41. നിങ്ങളുടെ ഇടയിൽ പിണക്കം അരുതേ, ഫാ. സി. ജോൺ ചിറത്തലാട്ട്.

42. പാമ്പാടിയിലെ ജ്വലിക്കുന്ന താരം, എം. സി. ജേക്കബ് (ചെയർമാൻ അന്ന & കിറ്റക്സ് ഗ്രൂപ്പ്).

43. ഭാസുരശോഭയിൽ തിളങ്ങിയ താരം, ഫാ. പി. പി. ഗീവർഗീസ്.

44. നൽവരസമ്പന്നനായ പ്രധാനാചാര്യൻ, പി. എം. രാജു പെട്ടത്താനം.

45. "കടന്നുപോകുന്ന ഏവരുമായുള്ളോവേ ഇതു നിങ്ങൾക്ക് ഏതുമില്ലയോ?", പി. എ. കുര്യാക്കോസ്.

46. ലാളിത്യം നിറഞ്ഞ പുണ്യജീവിതം, ഉമ്മൻ ചാണ്ടി

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2008 ഏപ്രിൽ 4)

47. ഭാരതീയ സഭയ്ക്ക് മാതൃകാപുരുഷൻ, ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ.

48. ഹൃദയൈക്യത്തിന്റെ പ്രവാചകൻ, ജോൺ കക്കാട്.

49. ഭിന്നതയുടെ കാർമേഘമകറ്റി താപസന്റെ ഉപവാസം, ജേക്കബ് ഈപ്പൻ.

50. പാപത്തിന്റെയും ദുഃഖത്തിന്റെയും ലോകത്തു നിന്ന് ദൈവത്തിങ്കലേക്ക് കൈപിടിച്ചുയർത്തിയ ഇടയൻ, ജോൺ മുണ്ടക്കയം.

51. വെളിച്ചമേ നയിച്ചാലും, ഫാ. പി. പി. ഗീവർഗീസ്.

52. വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ, കെ. കെ. വർഗീസ് ഇലഞ്ഞിമറ്റം.

53. ജനഹൃദയങ്ങളിൽ പരിശുദ്ധനായി അംഗീകാരം നേടിയ പ. പാമ്പാടി തിരുമേനി, സാബു വടകര.

54. പാമ്പാടി തിരുമേനിയുടെ ജീവചരിത്ര ഫലകങ്ങൾ, ഫാ. സി. എ. വർഗീസ്.

55. പാമ്പാടി ദയറാ മതസൗഹാർദ്ദത്തിന്റെ മഹത്തായ പ്രതീകം, ജേക്കബ് കെ. കുര്യൻ കിളിമല.

56. ശ്രേഷ്ഠ മല്പാനായിരുന്ന പാമ്പാടി തിരുമേനി, ഫാ. ഡോ. ജോൺസ് ഏബ്രഹാം.

57. ആദ്ധ്യാത്മിക ജീവിതത്തെപ്പറ്റി ആധികാരികമായി ദർശനം നൽകിയ ഇടയൻ, എം. ജി. ജോർജ്ജ് മുത്തൂറ്റ്.

58. ദീനാനുകമ്പ തന്നെ ജീവിതം, ഉമ്മൻ ചാണ്ടി

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2007 ഏപ്രിൽ 8)

59. പ. പാമ്പാടി തിരുമേനി: മഹാതാപസ ശ്രേഷ്ഠൻ, പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ.

60. പാമ്പാടി തിരുമേനി നാടിന്റെ പുണ്യം, ഉമ്മൻ ചാണ്ടി.

61. ഓർമ്മയുടെ സുഗന്ധം, ഡോ. എം. ഇ. കുര്യാക്കോസ്.

62. പരിശുദ്ധനും മാതൃദേവാലയവും, ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്.

63. വെളിച്ചവും വഴികാട്ടിയുമായ നക്ഷത്രം, ജോൺ കക്കാട്.

64. സാധാരണക്കാരുടെ തിരുമേനി, കെ. കെ. വർഗീസ് ഇലഞ്ഞിമറ്റം.

65. പാമ്പാടി ദയറാ നൂറാം വർഷത്തിലേയ്ക്ക്, ഫാ. സി. എ. വർഗീസ്.

66. ദൈവം അയച്ച മാലാഖ, മേഘാ മറിയം കുര്യൻ.

67. അടുത്ത നാഴികയെക്കുറിച്ച് വ്യാകുലപ്പെടേണ്ട, ഫാ. മാത്യു കെ. ജോൺ

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2014 ഏപ്രിൽ 4)

68. താബോർ മലയിലെ മുനിശ്രേഷ്ഠൻ, പി. സി. യോഹന്നാൻ റമ്പാൻ

(പാമ്പാടി ദയറാ ബുള്ളറ്റിൻ, ഏപ്രിൽ 1991)

69. പ. പാമ്പാടി തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ എന്റെ കാൻസർ മാറിയെന്ന് ദൃഢമായി ഞാൻ വിശ്വസിക്കുന്നു, ഗീവറുഗീസ് മാർ ഈവാനിയോസ്.

70. പാമ്പാടി തിരുമേനിയുടെ ജീവചരിത്ര ഫലകങ്ങൾ.

71. പാമ്പാടി ദയറാ മതസൗഹാർദ്ദത്തിന്റെ മഹത്തായ പ്രതീകം.

72. ജീവിച്ചിരുന്നപ്പോൾ തന്നെ പുണ്യവാനെന്നു ഖ്യാതി നേടിയ പ. പാമ്പാടി തിരുമേനി.

(പാമ്പാടി പെരുന്നാൾ നോട്ടീസ്, 2008)

73. പ. പാമ്പാടി തിരുമേനി: ആർദ്രതയുടെ ആൾരൂപം, മാത്യൂസ് മാർ തേവോദോസ്യോസ്.

74. വിശുദ്ധിയുടെ പർവ്വം, ഡോ. ഏബ്രഹാം മാർ സെറാഫിം.

75. പ. പാമ്പാടി തിരുമേനി സ്വന്തമെന്നു കരുതിയ കാരാപ്പുഴ ചാപ്പൽ, ഷാജി ജേക്കബ്.

76. പാമ്പാടിയുടെ ആത്മീയ ചൈതന്യം, ഡോ. എം. ഇ. കുര്യാക്കോസ്.

77. കാരുണ്യവും സംരക്ഷണവും വിജ്ഞാനവും ഒഴുകുന്ന ആശ്രയകേന്ദ്രം, ഫാ. സി. എ. വർഗീസ്.

78. ഇല വാടാത്ത വൃക്ഷം, ഫാ. മാത്യു കെ. ജോൺ.

79. ഞാൻ കണ്ട പാമ്പാടി തിരുമേനി, ഇ. കെ. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ ഇഞ്ചക്കാട്ട്.

80. പരിശുദ്ധന്റെ കാലടികളെ നമുക്ക് പിന്തുടരാം, ഡോ. രാജു ഫിലിപ്പ് കാരയ്ക്കൽ.

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2015 ഏപ്രിൽ 5)

81. ആർഷഭാരത സംസ്ക്കാരവും ക്രിസ്തീയ സംസ്ക്കാരവും സമന്വയിപ്പിച്ച മാമുനി, ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ.

82. പാമ്പാടി തിരുമേനി: മനുഷ്യസ്നേഹത്തിന്റെ മരുപ്പച്ച, ഫാ. ഡോ. കെ. എം. ജോർജ്.

83. പൊത്തമ്പുറമെന്ന പുണ്യതീർത്ഥം, ഫാ. ഡോ. ജേക്കബ് കുര്യൻ.

84. പരിശുദ്ധന്മാരെ അവരുടെ ജീവിത വിശുദ്ധി കൊണ്ടും ദൈവിക നന്മകൾ കൊണ്ടും ജനം തിരിച്ചറിയുന്നു, ഉമ്മൻ ചാണ്ടി.

85. പ. പാമ്പാടി തിരുമേനി: ജീവചരിത്ര ഫലകങ്ങൾ, ഫാ. സി. എ. വർഗീസ്

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, ഏപ്രിൽ 4, 1999)

86. ആത്മവിശുദ്ധിയുടെ ആർജ്ജവം, ഡോ. സിറിയക് തോമസ് (മനോരമ, 2003 ഏപ്രിൽ 3).

87. വിശുദ്ധിയുടെ നറുമലർ, പ്രൊഫ. നൈനാൻ ഏബ്രഹാം.
88. മഴത്തുള്ളിയുടെ കുളിർമ പോലെ, ജോൺ കക്കാട്.
89. മാതൃകാ ജീവിതം നയിച്ച പുണ്യപിതാവ്, ഉമ്മൻ ചാണ്ടി

(മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2004 ഏപ്രിൽ 11)

90. പാമ്പാടി തിരുമേനി: ഒരു അനുസ്മരണം, ഫാ. പി. എ. കുറിയാക്കോസ് പേഴമറ്റം (മലങ്കരസഭ, മാർച്ച്-ഏപ്രിൽ 1966).

91. പാമ്പാടി തിരുമേനി: ജീവചരിത്രവും അന്ത്യ നിമിഷങ്ങളും, നെടുമാവ് റ്റി. വി. ജോർജ്ജ് ശെമ്മാശൻ (മലങ്കരസഭ, മെയ് 1965).

92. താബോർഗിരിയിലെ താപസശ്രേഷ്ഠൻ, ഫാ. കുറിയാക്കോസ് പാറയ്ക്കൽ (മലയാള മനോരമ, ഏപ്രിൽ 6, 1964).

93. വ്രതനിഷ്ഠനായ തിരുമേനി (മലയാള മനോരമ, ഏപ്രിൽ 6, 1964).

94. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി, ഫാ. റ്റി. സി. ജേക്കബ് തലക്കുളത്ത് (മലങ്കരസഭ, ഏപ്രിൽ 1965).

95. പാമ്പാടി തിരുമേനി (മനോരമ മുഖപ്രസംഗം, ഏപ്രിൽ 6, 1965).

96. സ്നേഹവാനായ പിതാവ്, ഫാ. പി. സി. യോഹന്നാൻ (മലങ്കരസഭ, ജൂലൈ 1965).

97. ഒരു നല്ല ഇടയൻ, ഫാ. ഡോ. കെ. എം. ജോർജ് (ഓർത്തഡോക്സ് യൂത്ത് മാസിക എഡിറ്റോറിയൽ, 1985).

98. നിഷ്ഠയുള്ള മഹാപുരോഹിതൻ, പി. സി. യോഹന്നാൻ റമ്പാൻ (പാമ്പാടി ദയറാ ബുള്ളറ്റിൻ, ഏപ്രിൽ 1, 1989, പുറം 19–23).

99. കണ്ണീരോടെ പ്രാർത്ഥിച്ചിരുന്ന നല്ല ഇടയൻ, കെ. കെ. കുരുവിള കിളിരൂപറമ്പിൽ (പാമ്പാടി ദയറാ ബുള്ളറ്റിൻ, ഏപ്രിൽ 1, 1989, പുറം 39–43).

100. പരിശുദ്ധിയുടെ ഗിരിദീപം, കുറിയന്നൂർ വി. എ. മാത്യു (പാമ്പാടി ദയറാ ബുള്ളറ്റിൻ, ഏപ്രിൽ 1, 1989, പുറം 45–49).

101. ഞാൻ അറിയുന്ന പാമ്പാടി തിരുമേനി, ജൂബിൻ സൂസൻ വർഗീസ് വളഞ്ഞവട്ടം (പാമ്പാടി ദയറാ ബുള്ളറ്റിൻ, ഏപ്രിൽ 1, 1989, പുറം 55–58).

102. എന്റെ പാമ്പാടി തിരുമേനി, രക്ഷിക്കണമേ, പി. സി. മാത്യു എറണാകുളം (പാമ്പാടി ദയറാ ബുള്ളറ്റിൻ, ഒക്ടോബർ 1, 1989, പുറം 7).

103. പ. പാമ്പാടി തിരുമേനിയും പടിഞ്ഞാറേക്കര കുടുംബവും, പി. സി. യോഹന്നാൻ റമ്പാൻ (പാമ്പാടി ദയറാ ബുള്ളറ്റിൻ, ഒക്ടോബർ 1, 1989, പുറം 8–9).

104. പാവങ്ങളെ സഹായിച്ചു സംതൃപ്തനായ തിരുമേനി, തോമസ്

പുന്നൻ വാഴക്കാല, വാകത്താനം (പാമ്പാടി ദയറാ ബുള്ളറ്റിൻ, ജൂലൈ 1, 1988, പുറം 11–13).

105. പ. പാമ്പാടി തിരുമേനിയുടെ വ്യക്തി മാഹാത്മ്യം, സൂസമ്മ പുന്നൂസ് പാത്താമുട്ടം (പാമ്പാടി ദയറാ ബുള്ളറ്റിൻ, ജൂലൈ 1, 1988, പുറം 18–19).

106. പാമ്പാടി തിരുമേനി: ആദ്ധ്യാത്മിക ചൈതന്യത്തിന്റെ പ്രതീകം, പി. സി. യോഹന്നാൻ റമ്പാൻ (മലങ്കരസഭ, ഏപ്രിൽ 1985).

107. പാമ്പാടി തിരുമേനി: അനശ്വരമായ ആത്മീയ ചൈതന്യം, ഗീവർഗീസ് മാർ ഈവാനിയോസ് (മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, ഏപ്രിൽ 7, 1989, പുറം 1).

108. ഒരു ശിഷ്യന്റെ ഓർമ്മകൾ, പി. സി. യോഹന്നാൻ റമ്പാൻ (മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, ഏപ്രിൽ 7, 1989, പുറം 3).

109. സ്നേഹം നിറഞ്ഞ ശാസന, കുര്യാക്കോസ് പേഴമറ്റം (മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, ഏപ്രിൽ 7, 1989, പുറം 2).

110. പൊത്തമ്പുറത്തേയ്ക്ക്, ഉലഹന്നൻ വർഗീസ് വടകര (മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, ഏപ്രിൽ 7, 1989, പുറം 4).

111. ഈ ചെറിയവരിൽ ആർക്കെങ്കിലും, പി. സി. ഐപ്പ് (മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, ഏപ്രിൽ 7, 1989, പുറം 5).

112. വിശക്കുന്ന ക്രിസ്തുവിനെ തേടി, വർഗീസ് കക്കാട് (മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, ഏപ്രിൽ 7, 1989, പുറം 6).

113. പാമ്പാടി തിരുമേനിയും വാകത്താനത്തു ദയറായും (മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, ഡിസംബർ 15, 1989, പുറം 2).

114. വിശ്വാസത്തിന്റെ കുളിർമഴ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ (മലങ്കരസഭ, ഏപ്രിൽ 2015).

115. പ. പാമ്പാടി തിരുമേനി: വിരിക്കൂട്ടം പോലൊരു ജീവിതം. ഡോ. എം. കുര്യൻ തോമസ് (ബഥേൽ പത്രിക, ഏപ്രിൽ 2015)

116. വ്രതനിഷ്ഠയുടെ ഉദാത്തത, ഫാ. എബ്രഹാം കോശി കുന്നുംപുറത്ത് (ബഥേൽ പത്രിക, ഏപ്രിൽ 2015).

117. ലളിതം – ആ ജീവിതവും വചനവും, ഫാ. ജോസഫ് പി. കുറിയാക്കോസ് പാമ്പാടിക്കണ്ടത്തിൽ (ബഥേൽ പത്രിക, ഏപ്രിൽ 2015).

118. പ. പാമ്പാടി തിരുമേനിയും മാർ കുറിയാക്കോസ് ദയറായും, പി. സി. യോഹന്നാൻ റമ്പാൻ (കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് സെന്റർ കൂദാശാ സ്മരണിക, മെയ് 2002, പുറം 81).

119. പാമ്പാടി തിരുമേനി എന്റെ ഓർമ്മയിൽ, കെ. എം. മാത്യു മനോരമ (കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് സെന്റർ കൂദാശാ സ്മരണിക, മെയ് 2002, പുറം 79).

120. പാമ്പാടി പള്ളിയും പാമ്പാടി തിരുമേനിയും, പി. സി. യോഹന്നാൻ റമ്പാൻ (പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ പുനർ നിർമ്മാണ സ്മരണിക, 1997, പുറം 71–79).

121. പാമ്പാടി പള്ളിയുടെ പ്രിയ പുത്രൻ പ. പാമ്പാടി തിരുമേനി, പി. സി. ചാക്കോ (പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ പുനർ നിർമ്മാണ സ്മരണിക, 1997, പുറം 189–195).

## കവിതകൾ

1. താബോറിലെ താപസൻ, മഹാകവി പുത്തൻകാവ് മാത്തൻ തരകൻ (താബോറിലെ താപസവര്യൻ, കെ. വി. മാമ്മൻ, മൂന്നാം പതിപ്പ്, പുറം 48–52).

2. പാമ്പാടിയിലെ പനിനീർപൂവ്, സഭാകവി സി. പി. ചാണ്ടി (ഓർത്തഡോക്സ് യൂത്ത്, 1965 മെയ്).

3. അന്നുമിന്നും ദാനസമ്പന്നൻ, ഫാ. പി. പി. ഗീവർഗീസ് ഐക്കരപ്പടവിൽ (മനോരമ പാമ്പാടി പെരുന്നാൾ സപ്ലിമെന്റ്, 2001 ഏപ്രിൽ 6, പുറം 3; കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് സെന്റർ കൂദാശാ സ്മരണിക, മെയ് 2002, പുറം 185).

4. മാമുനി, രാജു പൊത്തമ്പുറം (പാമ്പാടി ദയറാ ബുള്ളറ്റിൻ, ജൂലൈ 1, 1988, പുറം 15).

5. താബോർമലയിലെ താപസശ്രേഷ്ഠൻ, സി. ജെ. മണ്ണുമ്മൂട് (കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് സെന്റർ കൂദാശാ സ്മരണിക, മെയ് 2002, പുറം 185).

## ഓഡിയോ കാസറ്റ്, ഓഡിയോ സിഡി, വീഡിയോ സിഡി

1. താബോറിലെ താപസശ്രേഷ്ഠൻ (ഓഡിയോ കാസറ്റ്), 1989. നിർമ്മാണം: ബാബു ചക്കംചിറ, ജോയ്സ് തോട്ടയ്ക്കാട്. രചന: ഏബ്രഹാം വർഗീസ് പടിഞ്ഞാറ്റുകര. സംഗീതം: ബാബു പുതുപ്പള്ളി.

2. പ. പാമ്പാടി തിരുമേനി (ഓഡിയോ കാസറ്റ്), 2004. നിർമ്മാണം: പാമ്പാടി ദയറ.

3. താബോറിലെ താപസവര്യൻ (വീഡിയോ സിഡി), 2007. സംവിധാനം: ഡോ. എം. കുര്യൻ തോമസ്, നിർമ്മാണം: പാമ്പാടി ദയറ.

4. പവിത്ര സ്മൃതി (ഓഡിയോ സിഡി). നിർമ്മാണം: പാമ്പാടി ദയറ. പാടിയത്: ദയറാ ഗായകസംഘം.


5. പ്രകാശിതൻ (ഓഡിയോ സിഡി), 2010. നിർമ്മാണം: പാമ്പാടി ദയറ. രചന, സംഗീതം: ഡീക്കൻ കുറിയാക്കോസ് മാണി.

6. താബോറിലെ മണിനാദം (ഓഡിയോ സിഡി), 2014. നിർമ്മാണം: സ്പൈസ് ഓഡിയോസ്.

7. സുവർണ്ണ പരിമളം (ഓഡിയോ സിഡി), 2015. നിർമ്മാണം: പാമ്പാടി ദയറാ. പാടിയത്: ദയറാ ഗായകസംഘം.

8. പുണ്യദർശനം, 2016. നിർമ്മാണം: പാമ്പാടി ദയറ.

സമ്പാദകൻ: **ജോയ്സ് തോട്ടയ്ക്കാട്**



**പ. പാമ്പാടി തിരുമേനി സ്ഥാപിച്ച പാമ്പാടി ദയറാ ചാപ്പൽ.**



## ദളം 8

# താബോർ ദയറ
# വിശുദ്ധിയുടെ ഒരു നൂറ്റാണ്ട്

# അൻപതു വർഷം പിന്നിട്ട പാമ്പാടി ദയറാ

## ഫാ. പി. സി. യോഹന്നാൻ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മഹാപുരോഹിത ശ്രേഷ്ഠനായ കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ആസ്ഥാനമാണു പാമ്പാടി ദയറാ. അതിനു താബോർ ദയറാ എന്നു നാമകരണം ചെയ്തെങ്കിലും മാർ കുര്യാക്കോസ് ദയറാ എന്ന പേരിലാണ് അധികവും അറിയപ്പെടുന്നത്. പാമ്പാടി ദയറാ സ്ഥിതിചെയ്യുന്നതു വേമ്പനാട്ടു കായലിന്റെയും സഹ്യാദ്രിയുടെയും മനോഹരമായ പ്രകൃതിദൃശ്യങ്ങൾ പ്രദാനം ചെയ്യുന്ന പൊത്തമ്പുറം കുന്നിന്റെ നെറുകയിലാണ്. വാർദ്ധക്യവും അനാരോഗ്യവും മൂലം വളരെയധികം ഓർമ്മക്കുറവോടെയാണെങ്കിലും പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകി പരിശുദ്ധനായ തിരുമേനി ഇന്ന് ഈ ദയറായിൽ വിശ്രമിക്കുകയാണ്.

അഭിവന്ദ്യ തിരുമേനിയുടെ ഇടവക പാമ്പാടി വലിയപള്ളിയാണ്. അദ്ദേഹം വലിയപള്ളിയിൽ സുദീർഘകാലം റമ്പാനായി താമസിച്ചു. സ്വന്തമായി ഒരു ദയറാ സ്ഥാപിക്കുവാൻ അന്നുതന്നെ അദ്ദേഹം ആഗ്രഹിച്ചിരുന്നു. അഗമ്യമായ ഒരു വനപ്രദേശമായിരുന്നു, അന്ന് പൊത്തമ്പുറം കുന്ന്. ആ വനാന്തർഭാഗം തന്നെ ദയറായ്ക്കായി അദ്ദേഹം തെരഞ്ഞെടുത്തു. തിരുമനസ്സിലെ വന്ദ്യ ഗുരുഭൂതനായ മഠത്തിലാശാൻ എന്ന ഹൈന്ദവ പ്രമാണിയായിരുന്നു, ദയറായ്ക്കുള്ള സ്ഥലം തിരുമേനിക്കു നൽകിയത്. 1913 ഓഗസ്റ്റ് 30-നു ദയറായ്ക്കുള്ള സ്ഥലം എഴുതി വാങ്ങിച്ചു. മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയുടെ ആലോചന അനുസരിച്ച് 1089-ാമാണ്ട് കർക്കടകം 15-നു ദയറായുടെ ശിലാസ്ഥാപനം നടത്തി. സമീപസ്ഥരും വിദൂരസ്ഥരുമായ നാനാജാതിമതസ്ഥരായ ആരാധകരുടെ നിർലോഭമായ സഹായസഹകരണങ്ങൾ മൂലം അതിവേഗം ദയറായുടെ പണികൾ പൂർത്തിയായി. ശെമ്മാശന്മാരെ സുറിയാനി പഠിപ്പിച്ചുകൊണ്ടു റമ്പാനായി ദീർഘകാലം ദയറായിൽ തിരുമേനി താമസിച്ചു. ദയറാക്കാരുടെ തലവനായ മാർ അന്തോനിയോസിനെപ്പോലെ ദയറാ ജീവിതത്തിന്റെ ഉത്തമമാതൃക അദ്ദേഹം സഭയ്ക്കു നൽകി.

### അദ്ഭുത നക്ഷത്രം

ഇപ്പോൾ കാണുന്ന ദയറാ പള്ളിയുടെ ശിലാസ്ഥാപനം 1920 മെയ് 28-നു കണ്ടനാട് ഇടവകയുടെ യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിർവഹിക്കുകയുണ്ടായി. തുടർന്നു 3

വർഷക്കാലം പള്ളി പണി നടന്നു. ഈ മൂന്നു വർഷക്കാലവും അഭിവന്ദ്യ തിരുമേനി എല്ലാ ദിവസങ്ങളിലും സന്ധ്യവരെ ഉപവസിച്ചിരുന്നു. പള്ളിയുടെ കഴുക്കോൽ പിടിപ്പിച്ച ദിവസം മദ്ധ്യാഹ്നത്തിൽ ഒരു നക്ഷത്രം ആകാശത്തിൽ പ്രത്യക്ഷപ്പെട്ടതു കണ്ട അനേകർ ഇന്നും ജീവിച്ചിരിപ്പുണ്ട്. 1098 മകരം 7-നു മലങ്കരയുടെ മാർ ദീവന്നാസ്യോസ്, വാകത്താനത്തു മാർ പീലക്സിനോസ് എന്നീ തിരുമേനിമാർ ചേർന്ന് പള്ളികൂദാശ നടത്തി.

വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റു പലരുടെയും നിർബന്ധം മൂലം 1929 ഫെബ്രുവരി 14-നു പാമ്പാടി തിരുമേനി മെത്രാൻ സ്ഥാനത്ത് ഉയർത്തപ്പെട്ടു. തുടർന്നു 30 വർഷക്കാലം കോട്ടയം ഭദ്രാസനത്തിന്റെ ഭരണം സ്തുത്യർഹമായി അദ്ദേഹം നിർവഹിച്ചു. തിരുമേനി ഒരു വാക്കു മാത്രം കല്പിച്ചാൽ ചൂടേറിയ ഏത് ഇടവകപ്രശ്നവും ഞൊടിയിടയിൽ പരിഹൃതമാകുമായിരുന്നു.

1948 ഡിസംബർ 16-നു ദയറാപ്പള്ളിയോടു ചേർന്നുള്ള വരാന്തകളുടെ പണി ആരംഭിച്ചു. വരാന്തപണിയുടെ ചെലവു മുഴുവൻ വഹിച്ചതു പുതുപ്പള്ളി കന്നുകുഴിയിൽ പരേതനായ ശ്രീ. കെ. കെ. മാണിയുടെ കുടുംബവും കോട്ടയത്തെ ഹോട്ടൽ അംബാസഡർ ഉടമസ്ഥർ ശ്രീ. എ. സി. ജേക്കബ് ആൻഡ് ബ്രദേഴ്സുമായിരുന്നു. വടക്കുവശത്തെ വരാന്തയുടെ കിഴക്കരികിലായി തിരുമനസ്സുകൊണ്ടു തന്റെ അന്ത്യവിശ്രമസ്ഥാനമായി, ഒരു കബർ മുറിയും പണികഴിപ്പിച്ചിട്ടുണ്ട്. ഇന്നും കൂടെക്കൂടെ ആ കബർ മുറിയിൽ പോയിരുന്നു ധ്യാനിക്കുന്നതിൽ അദ്ദേഹം താൽപര്യം പ്രദർശിപ്പിച്ചിരുന്നു. മരണത്തെപ്പറ്റിയും മരണാനന്തരാവസ്ഥയെപ്പറ്റിയുമുള്ള തിരുമേനിയുടെ പ്രഭാഷണം ആരുടേയും ഹൃദയത്തെ സ്പർശിക്കുന്നതാണ്.

ദയറായെയും പള്ളിയെയും മോടിപിടിപ്പിക്കുന്നതിൽ കുന്നംകുളത്തുള്ള സുറിയാനിക്കാർ നിർവഹിച്ചിട്ടുള്ള പങ്കു പ്രത്യേകം പ്രസ്താവ്യമാണ്. ഇന്നും ആ സേവനം തുടർന്നുകൊണ്ടിരിക്കുന്നു. പ്രാർത്ഥന മൂലം പ്ലേഗ് ബാധയിൽനിന്നു കുന്നംകുളം ദേശത്തെ രക്ഷിച്ച പാമ്പാടി തിരുമേനിയെ പരുമല തിരുമേനിയുടെ പിൻഗാമിയായി അവർ കരുതിപ്പോരുന്നു. പാമ്പാടി ദയറായുടെ ജൂബിലി ജൂലൈ 15-നു ആഘോഷിക്കുകയാണ്.

(മനോരമ, 1964 ജൂലൈ 12)

# പാമ്പാടി ദയറ നൂറാം വർഷത്തിലേക്ക്

## ഫാ. സി. എ. വർഗീസ്
### (ദയറാ അസി. മാനേജർ)

പാമ്പാടി സെന്റ് ജോൺസ് വലിയപള്ളി വികാരിയായും കോട്ടയം പഴയസെമിനാരിയിൽ സുറിയാനി മല്പാനായും പ്രവർത്തിക്കുന്ന കാലഘട്ടത്തിലാണ് വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചൻ (പരിശുദ്ധ പാമ്പാടി തിരുമേനി) സ്വസ്ഥമായി ദൈവസംസർഗ്ഗത്തിൽ കഴിയുന്നതിന് പറ്റിയ സ്ഥലമായ പൊത്തൻപുറംകുന്ന് കയറുന്നത്. തന്റെ ഗുരുവും വഴികാട്ടിയുമായിരുന്ന മഠത്തിലാശാനിൽനിന്നും 1913 ഓഗസ്റ്റ് 30-ന് നാമമാത്രമായ വിലയ്ക്ക് ലഭിച്ച 12 ഏക്കർ വനപ്രദേശത്തേക്ക് കാടുംപടലും വെട്ടിത്തെളിച്ച് നടപ്പാത ഉണ്ടാക്കിയാണ് റമ്പാച്ചനും സ്നേഹിതന്മാരും ആദ്യമായി കടന്നുവന്നത്.

1914 ജൂലൈ 30-ന് (1089 കർക്കടകം 15) മാർ കുറിയാക്കോസ് സഹദായുടെ പെരുന്നാൾ ദിവസം ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാരെക്കൊണ്ട് ദയറായുടെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുകയും ചെയ്തു.

ദയറായുടെ പണി വേഗത്തിൽ പൂർത്തീകരിക്കുകയും മാർ കുറിയാക്കോസ് ദയറാ എന്നു നാമകരണം ചെയ്യുകയും ചെയ്തു. മൂന്നു ദിവസത്തെ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ശേഷമാണ് റമ്പാച്ചനും ശിഷ്യന്മാരും ദയറായിൽ താമസം ആരംഭിച്ചത്. ഈ കാലഘട്ടത്തിലാണ്, റമ്പാച്ചനെ ജീവനുതുല്യം സ്നേഹിക്കുകയും ജീവിതാന്ത്യംവരെ വിശ്വസ്ത സേവകരായി ശുശ്രൂഷിക്കുകയും ചെയ്തിരുന്ന പൊട്ടൻ വല്യപ്പൻ എന്നു വിളിച്ചിരുന്ന ഉപ്പൂട്ടിൽ തോമസും പടിഞ്ഞാറേക്കര മത്തായിച്ചേട്ടനും ദയറായിൽ തങ്ങളുടെ സേവനം ആരംഭിച്ചത്. തുടർന്ന് ആരാധനയ്ക്കായി ഒരു താൽക്കാലിക ദേവാലയം നിർമ്മിക്കുകയും 1090 മകരം 15-ന് കൂദാശ നടത്തി വി. കുർബാന അർപ്പിക്കുകയും ചെയ്തു. അന്നുമുതൽ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ഇവിടെ നടക്കുന്ന ആരാധനയിൽ സംബന്ധിക്കുകയും ആശ്വാസവും അനുഗ്രഹവും പ്രാപിക്കുകയും ചെയ്തു. 1920 മെയ് 28-ന് കണ്ടനാട് ഭദ്രാസനാധിപനായിരുന്ന യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്താ രണ്ടാമത്തെ ദയറാപള്ളിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. പള്ളിപണി തുടങ്ങിയ അന്നുമുതൽ തീരുന്നതുവരെ മൂന്നു വർഷം റമ്പാച്ചൻ രാവിലെ മുതൽ സന്ധ്യ വരെ

ഉപവസിച്ചു. പൂർത്തീകരിക്കപ്പെട്ട ദേവാലയത്തിന്റെ കൂദാശ 1923 ജനുവരി 20-ന് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും വാകത്താനത്ത് മാർ പീലക്സിനോസ് തിരുമേനിയും (രണ്ടാം കാതോലിക്കാ ബാവാ) ചേർന്ന് നിർവഹിച്ചു.

1911-ൽ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തെങ്കിലും അതിനു വിസമ്മതിച്ച റമ്പാച്ചനെ 1929-ൽ കൂടിയ മലങ്കര അസോസിയേഷൻ വീണ്ടും മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റു പിതാക്കന്മാരുടെയും നിർബന്ധത്തിനു വഴങ്ങി 1929 ഫെബ്രുവരി 16-ന് കോട്ടയം ഭദ്രാസനത്തിനുവേണ്ടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനം സ്വീകരിക്കുകയും ചെയ്തു. 36 വർഷക്കാലം താൻ സ്ഥാപിച്ച ദയറായിൽ താമസിച്ചുകൊണ്ട് ഭദ്രാസന ഭരണം നിർവഹിച്ചു.

വന്ദ്യ തിരുമേനിക്ക് ധാരാളം ശിഷ്യന്മാർ ഉണ്ടായിരുന്നു എങ്കിലും തന്റെ സന്തത സഹചാരികളായി ജീവിതാന്ത്യംവരെ തന്നോടൊപ്പം ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിൻപ്രകാരം പ്രവർത്തിക്കുകയും ചെയ്തവരാണ് വന്ദ്യ പി. സി. യോഹന്നാൻ റമ്പാച്ചനും പല്ലാട്ട് പി. സി. ഐപ്പ് ആശാനും ചാമക്കാലായിൽ സി. എ. ഏബ്രഹാമും. ഒരു ബാലനായി ദയറായിൽ കടന്നുവന്ന പി. സി. യോഹന്നാൻ റമ്പാച്ചൻ, തിരുമേനിയുടെ ആഗ്രഹപ്രകാരം സെക്രട്ടറിയായും തിരുമേനിയുടെ കാലശേഷം ദയറായുടെ പ്രധാന ചുമതലക്കാരനായും പ്രവർത്തിച്ചു. പരിശുദ്ധ പാമ്പാടി തിരുമേനി 1965 ഏപ്രിൽ 5-ന് കാലം ചെയ്തതിനെ തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനി ദയറായിൽ താമസിച്ച് ഭദ്രാസന ഭരണം നടത്തിപ്പോന്നു. വന്ദ്യ തിരുമേനിയാണ് പരിശുദ്ധ പാമ്പാടി തിരുമേനി ആഗ്രഹിച്ച് കൽപിച്ചിരുന്ന എം.ജി.എം. അഭയഭവന്റെയും മാർ ഈവാനിയോസ് ഐ.ടി.സി. യുടെയും ആരംഭം കുറിച്ചത്. ഈ കാലഘട്ടങ്ങളിലാണ് ജോസഫ് മാർ പക്കോമിയോസ് തിരുമേനിയും യൂഹാനോൻ മാർ അത്താനാസിയോസ് തിരുമേനിയും കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്താമാരായി പ്രവർത്തിച്ചത്.

1980 ഓഗസ്റ്റ് 31-ന് പാറേട്ട് മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്യുകയും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ കോട്ടയം മെത്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുകയും മാത്യൂസ് മാർ ബർണബാസ് തിരുമേനിയെ സഹായ മെത്രാപ്പോലീത്തായായി നിയമിക്കുകയും തുടർന്ന് അദ്ദേഹം ദയറായിൽ താമസിച്ച് ചുമതലകൾ നിർവഹിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ 1981-ൽ പാമ്പാടി കെ. ജി. കോളജും 1983-ൽ ബി.എം.എം. ഇംഗ്ലീഷ്

മീഡിയം സ്കൂളും 1985-ൽ പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ജന്മ ശതാബ്ദി സ്മാരകമായി മാർ ഗ്രീഗോറിയോസ് ബാലഭവനും ആരംഭിച്ചു.

1985 മെയ് 15-ന് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായായി പാമ്പാടി ദയറായിൽ താമസം ആരം ഭിച്ചു. ഈ കാലഘട്ടങ്ങളിൽ ദയറാ ചാപ്പൽ പൊളിച്ച് മനോഹരമായി പുതിയ ദേവാലയം 1991-ൽ നിർമ്മിക്കുകയും അഭയഭവൻ കെട്ടിടങ്ങൾ നവീകരിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം മേൽപ്പ റഞ്ഞ പ്രസ്ഥാനങ്ങൾക്കെല്ലാം സജീവമായ നേതൃത്വം നൽകിയത് വന്ദ്യ പി. സി. യോഹന്നാൻ റമ്പാച്ചനാണ്.

2012-ൽ സെന്റ് മക്രീനാ ബാലികാഭവനും മഠവും ആരംഭിച്ചു. 2005-ൽ വന്ദ്യ യോഹന്നാൻ റമ്പാച്ചൻ ആരംഭിച്ച ആശാകിരൺ പ്രസ്ഥാനം ഇന്ന് ആശാകിരൺ പാലിയേറ്റീവ് കെയർ യൂണിറ്റായി പ്രവർത്തിച്ചുകൊണ്ടി രിക്കുന്നു. വിദ്യാർത്ഥിയായിരുന്ന കാലം മുതൽ 2008 വരെ വന്ദ്യ യോഹ ന്നാൻ റമ്പാനോടൊപ്പവും റമ്പാച്ചന്റെ വേർപാടിനുശേഷം ദയറാ മാനേ ജരായി വന്ന ഫാ. മാത്യു കെ. ജോണിനോടൊപ്പവും ഈ ലേഖകൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നൂറു വർഷങ്ങൾ പിന്നിടുന്ന പാമ്പാടി ദയറായും വിശ്വാസിസമൂഹവും പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പരിശുദ്ധ പദവി പ്രഖ്യാപനത്തിനായി പ്രാർത്ഥനാപൂർവ്വം കാതോർത്തിരിക്കുകയാണ്.

(മലയാള മനോരമ, ഏപ്രിൽ 4, 2014)



**പ. പാമ്പാടി തിരുമേനി താമസിച്ചിരുന്ന ദയറാ കെട്ടിടം.**

## അനുബന്ധം 1

# പ. വട്ടശ്ശേരിൽ തിരുമേനി, പ. പാമ്പാടി തിരുമേനിക്ക് അയച്ച കത്തുകൾ

നമ്പർ 567. കുറിയാക്കോസ് റമ്പാച്ചന്. ദയറായ്ക്കു കല്ലിടുന്നതിനു ഈവാനിയോസു മെത്രാച്ചൻ അവിടെ വരുന്നതിനു ശട്ടംകെട്ടിയിട്ടു ണ്ടെന്നും മണ്ണൂക്കടുപ്പിൽ ശെമ്മാശനു പട്ടം കൊടുക്കുന്നതിനു അയാ ളുടെ പഠിത്വത്തെ സംബന്ധിച്ച് റമ്പാച്ചന്റെ ഒരു സാക്ഷിപത്രം ഉണ്ടായി രിക്കണമെന്നും ശെമ്മാശൻ ക്രമങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ നല്ലതു പോലെ പഠിച്ചു കഴിഞ്ഞതിന്റെ ശേഷം പട്ടം കൊടുത്താൽ നന്നായിരി ക്കുമെന്നും മറ്റും. 1095-ാമാണ്ട് ഇടവ മാസം 14-നു കോട്ടയം സിമ്മനാരി യിൽ നിന്നും.

നമ്പർ 845. കുറിയാക്കോസ് റമ്പാച്ചന്. ഇടയ്ക്കാട്ടുകുന്നേൽ പുത്തൻ പള്ളിയിൽ ഈ മാസം 25-നു യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ തൽക്കാല കൂദാശ ചെയ്തു സ്ലീബാ പ്രതിഷ്ഠിച്ചു വി. കുർബ്ബാന അനു ഷ്ഠിക്കണമെന്നും മറ്റും. എന്ന് 1920-നു 1096 ചിങ്ങം 5-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

നമ്പർ 550. കുറിയാക്കോസ് റമ്പാച്ചന്നു. പാമ്പാടി തെക്കുംഭാഗം പുത്തൻപള്ളിയിലെ കണക്കുകൾ കേട്ടു മേൽനടപടി ശെരിപ്പെടുത്തി നമ്മുടെപേർക്ക് റിപ്പോർട്ട് ചെയ്യണമെന്നും മറ്റും. 1094 ധനു 19-നു കോട്ട യത്തു സിമ്മനാരിയിൽ നിന്നും.

നമ്പർ 663. കുറിയാക്കോസ് റമ്പാച്ചന്. തോട്ടയ്ക്കാട്ടു പള്ളിയിൽ പോയി അവിടുത്തെ വികാരി അച്ചനും ഇടവകക്കാരൻ ശെമ്മാശുമായുള്ള തർക്കം കേട്ടു തീരുമാനിച്ചു 11-നു നമ്മെ അറിയിക്കണമെന്നും മറ്റും. 95 മീനം 6 പരുമല സിമ്മനാരിയിൽ നിന്നും.

നമ്പർ 865. കുറിയാക്കോസ് റമ്പാച്ചന്. ഇത്രടം വന്നു പോകണമെന്നും മറ്റും. 95 ഇടവം 3. കോട്ടയം മാർ ഏലിയാ ചാപ്പലിൽ നിന്നും.

നമ്പർ 209. കുറിയാക്കോസ് റമ്പാച്ചന്. ഇത്രടം വരണമെന്നു. 1100 മേടം 12-നു പരുമല സെമിനാരിയിൽ നിന്നും.

(പ. വട്ടശ്ശേരിൽ തിരുമേനിയുടെ കല്പനബുക്കിൽ നിന്നും.)

## അനുബന്ധം 2

## പ. ഗീവർഗീസ് രണ്ടാമൻ ബാവാ, പ. പാമ്പാടി തിരുമേനിക്ക് അയച്ച കല്പനകളും കത്തുകളും

### 1

പ്രിയരെ, ലോകസമാധാനത്തിനുവേണ്ടിയും നമ്മുടെ സഭയുടെ യോജിപ്പിനുവേണ്ടിയും ഇടയന്മാരുടെ നടത്തിപ്പിനുവേണ്ടിയും ഭവനങ്ങളിൽവച്ച് പ്രാർത്ഥനാസമയത്തും പള്ളികളിൽവച്ചു വി. കുർബാന സമയത്തും നിങ്ങൾ മുട്ടിപ്പായി അപേക്ഷിക്കുന്നവരായിരിക്കണമെന്നു കൂടെ നിങ്ങളുടെ സ്നേഹത്തോടു നാം ഓർമ്മപ്പെടുത്തികൊള്ളുന്നു.

നാം ഇപ്പോൾ പരുമലയ്ക്കു പോകുന്നു. അവിടെനിന്നു കൊല്ലം ഭദ്രാസന ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനു കുണ്ടറയ്ക്കു നാളെ പോകണം. അതിനാൽ നാം വരുന്നതുവരെ മെത്രാച്ചൻ നമ്മുടെ സിമ്മനാരിയിൽ വന്നു താമസിക്കണം. ഉടനെ അവിടെനിന്നു ഇവിടെ എത്തുമല്ലോ.

എന്ന്, 1935-ന് കൊല്ലം 1110 മിഥുനം 17-ന് കോട്ടയം പഴയസിമ്മനാരിയിൽ നിന്നും.

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 187)

### 2

കുന്നംകുളത്തുകാരനച്ചനും മറ്റും അങ്ങോട്ടു വരുന്നു. അവരുടെ കൂടെ പോകേണ്ടകാര്യം അത്യാവശ്യമാണ്. നാം ഇവിടെ ഇപ്പോൾ എണ്ണ സേവിച്ചിരിയ്ക്കയാണ്. അതുകൊണ്ട് ഒരിടത്തേക്കും പോകുന്നതിനു നിവൃത്തിയില്ല. ഒരു വലിയ ഇടവക കുഴപ്പത്തിലാകുന്നതു സങ്കടമാണല്ലോ. അതിനാൽ മെത്രാച്ചൻ തന്നെ പോകണം. ചാക്കോ സൂപ്രണ്ടും മറ്റും അവിടെ ഉണ്ടല്ലോ.

എന്ന്, 1935-നു കൊല്ലം 1110 കർക്കടകം 10-നു കോട്ടയം സിമ്മനാരിയിൽ നിന്നും

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 175)

### 3

നാം ഈ ശനിയാഴ്ച ഇവിടെ നിന്നും തെക്കോട്ടു പോകുന്നതായിരിക്കും. കുറിയാക്കോസു കത്തനാർക്കു കന്നിമാസം 14-ന് സ്ലീബാ പെരു

നാളിനു റമ്പാൻ സ്ഥാനം കൊടുക്കാമെന്നാണല്ലോ പറഞ്ഞിരിക്കുന്നത്. അന്നുതന്നെ മെത്രാച്ചൻ അയാൾക്കു റമ്പാൻസ്ഥാനം കൊടുത്തുകൊള്ളണം. ശേഷം പിന്നാലെ.

എന്നു 1936-ന് കൊല്ലം 112 ചിങ്ങം 19-ന് കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 175)

## 4

44/20-5-110

പാമ്പാടി മെത്രാച്ചന്,

ഈ എഴുത്തുംകൊണ്ടുവരുന്ന മാട്ടേൽ ഇട്ടിയവിരാ അബ്രാമ്മിന്റെ കൈവശം ഇപ്പോൾ ഇരിക്കുന്ന കോത......പുരയിടം സിമ്മനാരിയിൽ നിന്നും ലേലത്തിൽ പിടിച്ച വിവരവും ആ വസ്തു ഇവർക്ക് തന്നെ പാട്ടത്തിനു കൊടുക്കാമെന്നു സമ്മതിച്ചിട്ടുള്ള വിവരവും അറിയാമല്ലോ. ഈ വസ്തു ഉടൻ നടത്തി വാങ്ങിക്കുന്നതാണ്. മുൻ കരാറനുസരിച്ച് ഇവരോടു ഉടനെതന്നെ പാട്ടചീട്ടു വാങ്ങിക്കണം. അതിനാൽ ആ വസ്തുവിന് ഇപ്പോൾ എന്തു പാട്ടം കിട്ടുമെന്നുള്ള വിവരം തക്കതായ ഒരാളിനെ അയച്ചു തിട്ടപ്പെടുത്തി അറിയിക്കണം. നമുക്കു 2000 രൂപായ്ക്കുമേൽ വിധിപ്രകാരം ഇവരുടെ പക്കൽ നിന്നും കിട്ടാനുണ്ടെന്നുള്ള സംഗതിയെക്കുറിച്ച് ആലോചിച്ചു രണ്ടു കൂട്ടർക്കും നഷ്ടമില്ലാത്തവിധത്തിൽ പാട്ടചീട്ടെഴുതി കാര്യം അവസാനിപ്പിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്തു ഇവനെ അയയ്ക്കണം. പാട്ടചീട്ടു ഇപ്പോൾ എഴുതാനുദ്ദേശിക്കുന്നതു മാട്ടേൽ അബ്രാമും തെക്കേക്കര പീലിപ്പോസും കുഴിയാത്ത് ഇവരിൽ നിന്നും പാട്ടസംഖ്യ ഈടാക്കുന്നതിനു പ്രയാസം നേരിടുമോ എന്നുള്ള സംഗതിയും കൂടി അറിയിക്കണം. ശേഷം പിന്നാലെ.

# പ. പാമ്പാടി തിരുമേനിയെക്കുറിച്ച് പരാമർശമുള്ള പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ കല്പന

173/22-12-110

നമ്മുടെ ആർത്താറ്റു കുന്നംകുളം പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, നിങ്ങളുടെ ഇടയിൽ ചില ഭിന്നതകൾ എല്ലാമുണ്ടെന്നു നാം പല വഴിക്കും അറിയുന്നതിൽ വ്യസനിക്കുന്നു. നാം തന്നെ അവിടെ വന്നു നിങ്ങളെല്ലാവരേയും കണ്ടു സന്തോഷത്തോടെ മടങ്ങിപ്പോരുന്നതിന് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും ഇപ്പോഴും നാം സുഖക്കേടിൽ മരുന്നു സേവിച്ചു പഥ്യത്തിൽ ഇരിക്കുന്നതുകൊണ്ട് നമുക്കു വരുവാൻ സാധിക്കായ്കകൊണ്ടു നമുക്കു പകരം ബഹുമാനപ്പെട്ട നമ്മുടെ ഗ്രീഗോറിയോസു മെത്രാച്ചനെ അങ്ങോട്ടയയ്ക്കുന്നു. അദ്ദേഹം നിങ്ങളോടു ആജ്ഞാപിക്കുകയും ഗുണദോഷിക്കുകയും ചെയ്യുന്ന എല്ലാ സംഗതികളിലും നിങ്ങൾ അദ്ദേഹത്തെ അനുസരിച്ച് സന്തോഷത്തോടും സമാധാനത്തോടും അദ്ദേഹത്തെ തിരിച്ചയയ്ക്കണം. സാത്താന്റെ എല്ലാ തന്ത്രങ്ങളോടും നിങ്ങൾ എതിർത്തു ദൈവയിഷ്ടം പൂർത്തിയാക്കണം. നിങ്ങളുടെ ജഡികബുദ്ധികളെ ഉപേക്ഷിച്ചു ദൈവത്തിന്റെ ഇഷ്ടത്തിനു കീഴ്പ്പെടണം. സമാധാനത്തോടെ എല്ലാവരും ഒത്തൊരുമിച്ചു നിൽക്കേണ്ട സമയവും കാലവും ആണിതെന്നുള്ളത് അറിയാമല്ലോ. ശേഷം കാര്യങ്ങൾ പിന്നാലെ എഴുതി അയയ്ക്കുന്നതാണ്.

(1934-ലെ കല്പനബുക്കിൽ നിന്നും)

## അനുബന്ധം 3

# താബോറിലെ താപസൻ

### മഹാകവി പുത്തൻകാവു മാത്തൻ തരകൻ

എന്തെന്തു മനോഹരം, എന്തെന്തു ശാന്തിപ്രദം
എന്തെന്തു ഭക്താദർശം സന്തതമിപ്രദേശം

ദുർമ്മദം പൊട്ടിക്കൊടും ഭ്രാന്തനായ് കുടിച്ചോടി-
ത്തന്മുമ്പിൽ കാണും കരിമ്പാറയെപ്പോലും കൊമ്പാൽ

കുത്തിക്കൂപംകുഴിക്കും കൂറ്റനാം കുംഭിപോലു-
മി "താബോർമല" തന്നിലെത്തിയാലക്ഷണം താൻ

"മോറിയാ" മഹീധരാധിത്യക തന്നിൽദിവ്യാ-
ചാര്യനാം പിതാവുതൻ യജ്ഞബാലകനായി

പേശലമൃദുഹാസച്ചന്ദ്രികതൂകിവാണോ-
"ദിസ്സഹാക്കി" നേപ്പോലെ സൗമ്യനായ് തീരും തീരും

ശാന്തിതൻ നികേതനമിതുതാനിവിടത്തിൽ
തേന്തുള്ളിതളിക്കുന്ന തെന്നലും ശാന്തം ശാന്തം

തൻഫലങ്ങളാം പുത്തൻ പവിഴങ്ങളെക്കൊണ്ടും
തോരണം തോല്ക്കാതേറ്റം ചാർത്തിയീപ്രദേശത്തെ

നാളെയൊ മറ്റെന്നാളൊ മുതൽക്കെങ്കിലും ശ്രീതൻ
കളനർത്തനത്തിനു തളമാക്കിത്തീർക്കുവാൻ

ഇളയമുളകിൻ പൂങ്കൊടികൾ തടവെന്യേ
തലകൾപൊക്കിപ്പിടിച്ച ക്ഷീണമനിശവും

മുടിതൊട്ടടിയോളം നാട്ടപ്പെട്ടുള്ള കൊച്ചു-
മരക്കാൽകളിൽ തത്തിപ്പിടിച്ചുകയറുന്നു,

പൊൻകുടങ്ങളെപ്പേറിക്കയ്യെത്തുമുയരത്തിൽ
പന്തിയായ് പൊന്തിനിൽക്കും കേരഭൂരുഹങ്ങളും

കാലമാറ്റങ്ങളേതുംചിന്തചെയ്തീടുതോമൽ-
കോകിലങ്ങളെ മാടിവിളിച്ചും ഫലം കായ്ച്ചും

പച്ചപ്പൂങ്കുടകളെപ്പോലെ വിസ്തൃതമായി
സ്വഛന്ദംവിളങ്ങുന്ന മാകന്ദവൃന്ദങ്ങളും

പത്രങ്ങളാകും കൊടിക്കൂറകൾ പൊക്കിപ്പിടി-
ച്ചശ്രമംനിൽക്കും കൊച്ചു റബറിൻ നിരകളും

ചൂളത്തിൽ ജഗദീശാരാധനാഗാനംപാടും
ചൂളത്തൈമരങ്ങളും പുതുപൂച്ചെടികളും

അമൃതപ്രവാഹത്തിലന്തിക സ്ഥരെമുക്കും
വിമലഫലപ്രദം ചാമ്പയും പനസവും

പുല്ലണിത്തറയായ വില്ലീസുപുതച്ചോരീ-
യുല്ലാസാൽ മഹാശൈലം കല്യാണമാക്കീടുന്നു.

താഴ്വരചൂഴും പല കൊച്ചുതൈമരങ്ങളിൽ
താഴ്മയോടിരുന്നോമൽപ്പൈങ്കിളിപ്പെൺകുഞ്ഞുങ്ങൾ

മാനസോല്ലാസപ്രദഗാനങ്ങളാലാപിപ്പൂ
വാനവർക്കധീശനെ സ്തുതിക്കയല്ലീയവ!

പരിശുദ്ധമാകുമീ ഭൂധരത്തിൻപാദത്തെ
പരിവർത്തനംചെയ്യുന്നുണ്ടു നൽക്കണ്ടങ്ങളും

പച്ചപ്പട്ടുടുപ്പിട്ട നെൽച്ചെടിക്കുഞ്ഞുങ്ങളാ-
സ്വഛതകലരുന്ന വിരിപ്പിൽ നിന്നും സദാ,

ചാരത്തുവളരുന്ന തേൻകരിമ്പിന്റെ നീണ്ട-
പത്രമർമ്മരാലാപംകേട്ടു നർത്തനംചെയ്വൂ,

ഓരോരോ യാമത്തിലുമോരോരോ വർണ്ണംചേരും
വാരിദോഷ്ണീഷങ്ങളെ മാറിമാറിധരിച്ചും

സന്തതം പച്ചവില്ലീസ് "യൂണിഫോറ"ങ്ങളിട്ടും
ശാന്തഗംഭീരഭാവസംയുതം നിരാമയം

പന്തിക്കു പത്മവ്യൂഹം ചമച്ചിപ്പുണ്യാശ്രമം
ചന്തമോടെന്നും കാത്തുകൊള്ളുന്നു ശൈലസൈന്യം

പാപിഷ്ഠർ ജനങ്ങൾതൻ വായിൽനിന്നുൽഗളിച്ചു
പാരെങ്ങും ചുറ്റും കെട്ടശ്വാസത്തെവഹിക്കുന്ന

കാറ്റിനെപ്പോലുമവരീ ദിവ്യഭൂവിലേക്കു
ചെറ്റുമേ കടത്തിവിട്ടീടുകില്ലെന്തായാലും

സഭയെമുടിക്കുന്ന വിപ്ലവക്കൊടുംഭൂതം
സത്വരം നടുങ്ങീടുമിപ്രദേശത്തെക്കണ്ടാൽ

വാരിളംവെയിലെന്നും പൊൻമുടിയണിയിക്കു
മാരമ്യഗിരിയിതിന്നുന്നതമുടിതന്നിൽ

സ്വർല്ലോകാധീശനാകും ക്രിസ്തുദേവനെക്കാണ്മാ-
നുല്ലസിച്ചിയങ്ങുന്ന മഞ്ജുളദേവാലയം

വാരൊളിച്ചന്ദ്രബിംബ തൂവെള്ളിമകുടവും
താരസഞ്ചയച്ചിത്രപ്പൂമ്പുള്ളിപ്പടലവും

അണിയുമാകാശമാം നീലനീരാള മഹാ-
മണിമണ്ഡപം താങ്ങിനിർത്തും തങ്കത്തൂണല്ലീ?

താതനാം ദൈവത്തിന്റെ ദക്ഷിണഭാഗംതന്നിൽ
പുത്രന്റെ കനകസിംഹാസനം വിളങ്ങുംപോൽ

പള്ളിതൻ വാമേതരഭാഗത്തായ് കാണാമൊരു
കൊച്ചുകൊട്ടാരം - അല്ല- പുല്ക്കുടിൽ - തപോവാടം.

ആരുതാനിവിടത്തിൽ പള്ളികൊണ്ടീടും മുനി
വീരൻ, അല്ലതിശാന്തൻ, പുണ്യവാൻ ഭക്തോത്തംസം

യോഗൈകനിരതന്മാർക്കിതുതാൻ പുണ്യാശ്രമം
ഭോഗിയെ യോഗിയാക്കും ശക്തിയുമിവിടെത്താൻ

"ഗ്രീഗോറിയോസാം" തിരുമേനിതാനല്ലോയിങ്ങു-
സാകൂതം തപംചെയ്യും താപസവര്യാധിപൻ

ഇപ്പുണ്യസ്വരൂപം കാണുകിൽ സിംഹംപോലു-
മപ്പൊഴെ തലതാഴ്ത്തിക്കുമ്പിടും പാദങ്ങളിൽ

ശാന്തതാവിലസിത സുന്ദരമുഖമതിൽ
സന്തതംവിളങ്ങുന്നു പുഞ്ചിരിമരീചികൾ

തന്നത്താൻ ത്യജിച്ചോരീജീവിതം ലോകത്തിലെ
മറ്റുള്ളാശ്രമങ്ങളിൽ കാണുവാൻ പണിയത്രെ.

"ക്രിസ്തുദേവന്റെ പരിത്യാഗശീല"മിന്നുള്ള
ക്രിസ്തുഭക്തന്മാരിൽ വച്ചിദ്ദേഹത്തിലേ കാൺമൂ.

കോടാനുകോടിപ്പവൻതേടിവച്ചഭിരാമ-
മേടയിൽകുടികൊള്ളും വൻധനാഢ്യനാകട്ടെ

പാളയും ചില്ലിക്കോലുംപേറി യാചിച്ചുവഴി-
നീളവെനടന്നീടുമിരപ്പാളിയാകട്ടെ

സിദ്ധനാമിദ്ദേഹത്തിനല്പവും ഭേദമില്ല
ബദ്ധകൗതുകം രണ്ടുപേരിലുമൊരേഭാവം

ആരെയും ശുശ്രൂഷിക്കുമാർക്കുമെന്തുംകൊടുക്കു-
മാരാലും ശുശ്രൂഷിക്കപ്പെടുവാൻ വിസമ്മതൻ

തന്നത്താൻ താഴ്ത്തുന്നവനുയർത്തപ്പെടുമെന്ന
സദ്വാക്യമിദ്ദേഹത്തിലത്യന്തമന്വർത്ഥം

മാനസം മേരീപുത്രദ്ധ്യാനധാരയിൽ സദാ
ലീനമെന്നാളുമതിന്നിളക്കം തെല്ലുമില്ല.

ഇത്തരം ഭക്തസിംഹമിതിന്നുമുന്നംവഞ്ചി

ധാത്രിതൻ ശൈലങ്ങളിലെങ്ങുമേ വന്നിട്ടില്ല.

ദിവ്യനാമിദ്ദേഹത്തെ പ്രസവിച്ചോരു ശ്രുത
ഭവ്യയാം സുറിയാനിസൽസഭാജനയിത്രീ

ഇത്തരം യതീന്ദ്രരെമാത്രമെയിനിമേലിൽ
ധാത്രിയിൽ ഞങ്ങൾക്കായി പ്രസവിക്കാവൂദേവീ

ക്ഷണഭംഗുരങ്ങളാം സൗഖ്യസംപ്രാപ്തിക്കായി
പ്പണിപ്പെട്ടുഴന്നീടും മാമകഭ്രാതാക്കളെ

വരുവിൻ! മടിക്കാതി പുണ്യഭൂസന്ദർശിച്ചു
വരങ്ങൾ വാങ്ങിക്കുവിൻ! യോഗിയെക്കൈകൂപ്പുവിൻ!

ആനന്ദമരാളങ്ങൾ നർത്തനംചെയ്തീടുന്ന
വാനവപുരത്തേക്കിദ്ദിവ്യാദ്രിയിൽനിന്നൊറ്റ

ചാണോളംദൂരംമാത്രം നോക്കിയാൽ കാണാം കാണാം
ചേണോലുമപ്പുരത്തിൻ രൂപലാവണ്യമെല്ലാം

ഇ"ത്താബോർ മലയിലെ സന്യാസിവര്യൻ" ചിരം
പാർത്തട്ടിൽ പള്ളികൊള്ളാൻ ദൈവമേ! കൈതൊഴുന്നേൻ.

(1930-ാമാണ്ടു (1105) കർക്കടകമാസം 11-നു ശനിയാഴ്ച കെ. റ്റി. ഗീവറുഗീസ് റമ്പാൻ എം.ഏ. ബി.ഡി. (പിന്നീട് പുത്തൻകാവു തിരുമേനി) യോടും ഏതാനും ശെമ്മാശന്മാരോടും കൂടി പാമ്പാടി ദയറാ സന്ദർശിച്ച മഹാകവി പുത്തൻകാവു മാത്തൻ തരകൻ പിന്നീട് എഴുതിയത്. കെ. വി. മാമ്മൻ രചിച്ച താബോറിലെ താപസവര്യൻ എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പിൽ നിന്നും, പുറം 48-52)



**പുത്തൻകാവ്**
**മാത്തൻ തരകൻ**

**അനുബന്ധം 4**

# പാമ്പാടിയിലെ പനിനീർപ്പൂവ്

## സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടി

വിമല മലങ്കരവൻകരതൻ
തലയാം താബോർ മാമലയിൽ
വിലസും പുതുമലർ വാടിയിലെ
പൊൻപനിനീർമലർ വാടിപ്പോയ്!

കുന്നിൽ കൂടിയ കുതുകത്താൽ
കൂത്താടിയ കുഞ്ഞാടുകളേ!
സുപ്രഭവീശി വിളങ്ങിയൊര-
പ്പൊൻ പനിനീർമലർ വാടിപ്പോയ്!

മധുരിമയേറും തേൻനുകരാൻ
പാറിവരും പൂമ്പാറ്റകളേ
പാമ്പാടിപ്പൂന്തോപ്പിലെ
പൊൻപനീർമലർ വാടിപ്പോയ്!

ശങ്കാഹീനം ശാഖകളിൽ
തത്തിയതങ്ക പ്രാവുകളെ!
താങ്ങും തണലും തന്നചെടി
പാടേ വാടിപ്പോയല്ലൊ!

വയലിലെ ലില്ലിപ്പൂക്കളുടെ
മഹിമയെ വാഴ്ത്തിയ ജഗദീശൻ
നിറവും മധുവും പരിമളവും
വടിവൊടു നിറപടിയായ് നൽകി


നിറമതു മങ്ങി; മധു വറ്റീ;
മണമറ്റു; പൂ തറപറ്റീ;
ആകാശം നെടുവീർപ്പിട്ടു!
കാർമേഘം കണ്ണീർതൂകി!

പൂപൊഴിയും നെന്മണിചീയും;
മുപ്പതുമറുപതുമായ് വിളയും
രാവൊഴിയും കതിരോനുയരും
ജീവനുദിക്കും മൃതിമറയും

*          *          *          *          *

പാമ്പാടിയിലെ പരിശുദ്ധാ!
ഗ്രീഗോറിയോസ് തിരുമേനീ!
ദിവ്യപിതാവേ! വാഴ്വുകളാൽ
നൽകുക മക്കൾക്കാശ്വാസം

(ഓർത്തഡോക്സ് യൂത്ത്, 1965 മെയ്)



**സഭാകവി വെണ്ണിക്കുളം**
**സി. പി. ചാണ്ടി**



## അനുബന്ധം 5

# അന്നദാന മഹോത്സവം

### ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പാമ്പാടി ദയറായിലെ കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വാക്കുകൾക്ക് പ്രവാചക ദർശനമായിരുന്നു.

പാമ്പാടി തിരുമേനിയുടെ നിർദേശപ്രകാരം കൊടും വരൾച്ചയിൽ മീനടം ഗ്രാമത്തിലെ ജനങ്ങൾ ജാതിഭേദം മറന്ന് പ്രാർത്ഥിച്ചപ്പോൾ വിശ്വാസത്തിന്റെ കുളിർമഴ പെയ്തു. കഞ്ഞികുടിച്ചു തീരും മുമ്പ് ഇടിയോടു കൂടി ഭയങ്കര മഴ പെയ്തിറങ്ങി.

ഗ്രാമവും തോടും നിറഞ്ഞു കവിഞ്ഞ് ഒഴുകത്തക്കവിധം ഒന്നര മണിക്കൂറോളം മഴ പെയ്തു. പാമ്പാടി തിരുമേനിയോടുള്ള ഭക്തിയും ആദരവും നാനാജാതിമതസ്ഥർക്ക് വർദ്ധിക്കുവാൻ ഇത് ഇടയാക്കി. ജീവിക്കുന്ന വിശുദ്ധനായി പാമ്പാടി തിരുമേനി ജനഹൃദയങ്ങളിൽ സ്ഥാനം നേടി.

മീനമാസത്തിലെ കൊടുംവേനലിൽ കിണറും തോടും വറ്റി, ദാഹജലം പോലും ലഭ്യമാകാതിരുന്നപ്പോൾ നാട്ടുകാർക്കുള്ള ഏക പോംവഴി പരമസാത്വികനായ പാമ്പാടി തിരുമേനിയെ കണ്ട് മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കണമേയെന്ന് അപേക്ഷിക്കുക മാത്രമായിരുന്നു. പ്രാർത്ഥന, ധ്യാനം, മനനം, മൗനം എന്നിവയിൽ ആദ്ധ്യാത്മികതയുടെ നിറശോഭ പകർന്ന പാമ്പാടി തിരുമേനി പറഞ്ഞു: "മഴയ്ക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കാം. നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണം. ഗ്രാമനിവാസികൾ എല്ലാവരും ഒന്നിച്ചു ഒരിടത്തു കൂടി മഴ പെയ്യിപ്പിക്കുവാൻ ദൈവത്തോട് കരഞ്ഞു പ്രാർത്ഥിക്കണം. വിശ്വാസത്തോടെ ഒന്നിച്ചു പ്രാർത്ഥിച്ചാൽ മഴ ലഭിക്കും."

പാമ്പാടി തിരുമേനിയുടെ വാക്കുകളിൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്ന ജനങ്ങൾ ഒന്നിച്ചുകൂടി. ജാതിമതഭേദമെന്യേ പ്രദേശവാസികൾ മുഴുവൻ ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു. പ്രാർത്ഥന തീരും മുമ്പ് വലിയ മഴ പെയ്തു. തുടർച്ചയായി പെയ്ത മഴ ഗ്രാമത്തെ കുളിരണിയിച്ചു.

72 വർഷം മുമ്പ് നടന്ന ഈ സംഭവം 84 വയസ്സുള്ള റ്റി. വി. സഖറിയ തെക്കേതിൽ ഓർക്കുന്നു: "1942 കാലത്ത് മീനടം കിഴക്കു ഭാഗത്ത് മീനം, മേടം മാസങ്ങളിൽ മഴ പെയ്തില്ല. നാട്ടിലെ മുഴുവൻ തോടുകളും കിണറുകളും വറ്റി. വെള്ളമില്ലാതെ മനുഷ്യരും മൃഗങ്ങളും തളർന്നു. വിവിധതരം രോഗങ്ങൾക്ക് അടിമകളായി. ജനങ്ങൾ അക്ഷരാർത്ഥത്തിൽ

അവശരായി. വെള്ളം ഇല്ലാതെ എങ്ങനെ ജീവിക്കുവാൻ കഴിയും. എത്ര ആലോചിച്ചിട്ടും പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഇനി വരൾച്ച വർദ്ധിച്ചാൽ മനുഷ്യരും മൃഗങ്ങളും ചത്തൊടുങ്ങും. ഗ്രാമങ്ങൾ തന്നെ തകർന്നടിയും. ഇത്തരം പ്രതിസന്ധിയിൽ അക്കാലത്തെ നേതാക്കളായ പല്ലാട്ട് അപ്പച്ചൻ, തെക്കേൽ ചെറിയാൻ, വർക്കി ആശാൻ, മുണ്ടപ്ലാക്കൽ കുഞ്ഞ് എന്നിവർ ചേർന്ന് പൊത്തമ്പുറത്തെ തിരുമേനിയോട് (പാമ്പാടി തിരുമേനി) മഴയില്ലാത്തതിന്റെ സങ്കടം പറഞ്ഞു. കഞ്ഞി നടത്തി ദൈവത്തോടു പ്രാർത്ഥിച്ചാൽ മഴ കിട്ടുമെന്ന് തിരുമേനി പറഞ്ഞു. മീനടത്തേക്ക് വരാമെന്ന് പറയുകയും ചെയ്തു. പാമ്പാടി തിരുമേനിയുടെ നിർദേശപ്രകാരമാണ് പ്രാർത്ഥനയും കഞ്ഞിയും നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തത്.

നെടുംപൊയ്ക മുതൽ കിഴക്കോട്ട് കുറിയന്നൂർ പുത്തൻപുര വരെയുള്ള വീടുകളിൽ നിന്ന് അരിയും സാധനങ്ങളും ശേഖരിച്ച് റോഡിൽ കുഴി കുത്തി ഇലയിട്ട് കഞ്ഞി നടത്തി. കഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വലിയ ഇടി വെട്ടി. അതിനോടൊപ്പം ഭയങ്കര മഴയും പെയ്തു. കഞ്ഞി മുഴുവൻ കുടിച്ചു തീരുന്നതിനു മുമ്പേ മഴയിൽ ജനങ്ങൾ കുതിർന്നു നിന്നത് ഇപ്പോഴും ഓർക്കുന്നു. അന്നെനിക്ക് 12 വയസ്സ് മാത്രം.''

പാമ്പാടി തിരുമേനിയുടെ നിർദേശപ്രകാരം 1942-ൽ ആരംഭിച്ച കഞ്ഞി നേർച്ചയാണ് ഒരിക്കൽപോലും മുടങ്ങാതെ മീനടം ഭാഗത്ത് മാർച്ച് 25-ന് നടന്നു വരുന്നത്. ആദ്യകാലത്ത് 'വഴിക്കഞ്ഞി', 'കഞ്ഞിവീഴ്ത്തൽ', 'അന്നദാനം' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. രണ്ട് പതിറ്റാണ്ടായി 'അന്നദാന മഹോത്സവം' എന്ന പേരിലാണ് ഇത് അറിയപ്പെടുന്നതെന്ന് 90 വയസ്സുള്ള സ്റ്റീഫൻ കുട്ടിയും 80 വയസ്സുള്ള വർഗീസ് ചാമക്കാലയും ഷാജി കെ. തോമസും, ഐപ്പ് എബ്രഹാമും പറഞ്ഞു.

മീനടം പ്രദേശത്ത് സർവ്വ ജനങ്ങളും ഒന്നിച്ച് എത്തിയാണ് 'അന്നദാന മഹോത്സവം' നടത്തുന്നത്. ആദ്യകാലത്ത് ഇത് മെയ് മാസത്തിൽ ആയിരുന്നു. പിന്നീടാണ് മാർച്ച് 25 അന്നദാന മഹോത്സവമായി ആഘോഷിക്കുവാൻ തുടങ്ങിയത്. നാനാജാതി മതസ്ഥർ 72 വർഷമായി നടത്തുന്ന 'അന്നദാന മഹോത്സവം' ഇപ്പോൾ മീനടം സെന്റ് ജോർജ് പള്ളി പരിസരത്താണ് നടത്തുന്നത്. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയുടെയും അപേക്ഷയുടെയും ഫലമായി മീനടം കിഴക്കൻ പ്രദേശത്തിന് ലഭിച്ച ദൈവിക കൃപയെ നന്ദിയോടെ സ്മരിക്കുന്നതിനാണ് ഇന്നും അന്നദാനം ഭംഗിയായി നടത്തുന്നതെന്ന് വികാരി ഫാ. കെ. എം. സഖറിയ കൂടത്തിങ്കൽ പറഞ്ഞു.

"72 വർഷങ്ങൾക്കു മുമ്പ് കഞ്ഞി നേർച്ച നടത്തുന്ന വിവരം പോസ്റ്ററിൽ എഴുതി പാമ്പാടി തിരുമേനിയുടെ നിർദേശപ്രകാരം കവലകളിൽ ഒട്ടിച്ചിരുന്നു. വീടുകൾ കയറി ഇറങ്ങി ഭക്ഷണസാധനങ്ങൾ സമാഹരിച്ചാണ് കഞ്ഞി നേർച്ച നടത്തിയത്. 12 മണിയോടെ പ്രാർത്ഥനകൾ ആരംഭിച്ചു." 83 കാരനായ ടി. വി. സ്ക്കറിയ ഓർക്കുന്നു: "ദേശം വറ്റി വരണ്ട് ഉണങ്ങിയപ്പോൾ ജനം അക്ഷരാർത്ഥത്തിൽ തളർന്നുപോയി. അന്ന് കണ്ണീരോടെയാണ് വിശ്വാസികൾ ജാതിഭേദമെന്യേ പ്രാർത്ഥനയിൽ പങ്കുചേർന്നത്."

മീനടം പ്രദേശത്തെ പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയാൽ കഠിനമായ ചൂടിൽ നിന്നും വരൾച്ചയിൽ നിന്നും സംരക്ഷിച്ച മഹാസംഭവത്തെയാണ് അന്നദാന മഹോത്സവത്തിലൂടെ ഇന്നും സ്മരിക്കുന്നത്. ഈ പുണ്യ സ്മരണയിൽ ജാതിഭേദമെന്യേ അനേകർ പങ്കുചേരുന്നു. മതത്തിന്റെയും പാർട്ടിയുടെയും വേർതിരിവുകളില്ലാതെ ദേശവാസികൾ വിശ്വാസത്തിന്റെ കുളിർമഴയായി നടത്തുന്നതാണ് 'അന്നദാന മഹോത്സവം.'

(മലങ്കരസഭ മാസിക, ഏപ്രിൽ 2015)



**മീനടം കിഴക്ക് കഞ്ഞിവീഴ്ത്തലിന്**
**1942-ൽ നേതൃത്വം നൽകിയവർ ഒത്തുകൂടിയപ്പോൾ**

**കവർ ചിത്രം**: പ. പാമ്പാടി തിരുമേനിയോടൊപ്പം വിശ്വസ്ത ഭൃത്യൻ വെള്ളൂർ ഉപ്പൂട്ടിൽ തോമസ്.

**കവർ രണ്ടാം പേജ്**: ഫാ. ഡോ. കെ. എം. ജോർജ് ക്ഷണിച്ചതനുസരിച്ച് കേരളത്തിലെത്തിയ ഇന്തോനേഷ്യൻ ചിത്രകാരനായ ബോറിസ് സത്യവാൻ 2001-ൽ വരച്ച ഐക്കൺ. ആശയം: ഫാ. ഡോ. കെ. എം. ജോർജ്. തിരുമേനിയുടെ വാത്സല്യം അനുഭവിച്ചിരുന്ന അലഞ്ഞുനടക്കുന്ന പെൺപട്ടി തന്റെ കുഞ്ഞുങ്ങളെ തിരുമേനി ആവശ്യപ്പെട്ടപ്രകാരം കൊണ്ടുവന്നു കാണിക്കുന്നതാണ് രംഗം. ഒരു പട്ടിക്കുഞ്ഞിനെ വാത്സല്യപൂർവ്വം തിരുമേനി കൈകളിലേന്തിയിരിക്കുന്നു. പശ്ചാത്തലത്തിൽ പാമ്പാടി ദയറാ ചാപ്പൽ. തിരുമേനി വിളിച്ചാലുടൻ പറന്നെത്തുമായിരുന്ന പ്രാവുകളിൽ ഒന്ന് ദേഹത്തിരിക്കുന്നു. എം. ജി. എം. അഭയഭവൻ ആരംഭിക്കുന്നതിനു മുമ്പ് ദയറായിൽ താമസിച്ചിരുന്ന അശരണയായ വല്യമ്മച്ചിയെ തിരുമേനി ആശ്വസിപ്പിക്കുന്നു. ദയറാ മുറ്റത്തു നിന്ന പ്ലാവാണ് ഫലസമൃദ്ധിയോടെ ചിത്രത്തിൽ കാണുന്നത്.

**കവർ മൂന്നാം പേജ്**: പ. പാമ്പാടി തിരുമേനി പി. സി. യോഹന്നാൻ കത്തനാരോടൊപ്പം.

**കവർ നാലാം പേജ്**: പ. പാമ്പാടി തിരുമേനി തോട്ടയ്ക്കാട് മാർ അപ്രേം ദേവാലയ അങ്കണത്തിൽ വൈദികരോടൊപ്പം. ഇടത്തു നിന്നും: തിരുമേനിയുടെ ഭൃത്യൻ മീനടം പടിഞ്ഞാറേക്കര മത്തായി, പി. സി. യോഹന്നാൻ ശെമ്മാശൻ (പിന്നീട് റമ്പാൻ), പരേതരായ പുത്തേട്ടുകടുപ്പിൽ ഫീലിപ്പോസ് കത്തനാർ (തിരുമേനിയുടെ പുറകിൽ), വടക്കുംപാടത്ത് വി. ടി. ഏബ്രഹാം കത്തനാർ (പിന്നീട് കോറെപ്പിസ്കോപ്പാ), മീനടം മണ്ണൂക്കടുപ്പിൽ കത്തനാർ, പ്ലാപ്പറമ്പിൽ കെ. കെ. ജോർജ് കത്തനാർ, കൈതളാവിൽ കെ. എം. ജേക്കബ് കത്തനാർ.